2023
- ജനുവരി 1
- പുസ്തകം 2
- ലക്കം 1

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

അറിയേണ്ട അന്തർജനം
**ആര്യാപള്ളത്തിന്റെ മകൾ**

ഈ ഇല്ലത്ത് ഏഷ്യയിലെ ഏറ്റവും വലിയ
**ആനേണ്ടാർന്നു**

പ്രത്യേക അഭിമുഖം
**പ്രഭാവർമ്മ**

നാസയ്ക്കു വേണ്ടിയാണ്
**ഗവേഷണം**

ഇല്ലപ്പെരുമയിൽ
**കരിക്കാട്ടെ തമ്പ്രാക്കൾ**



അന്തർജനങ്ങൾ നടത്തിയ
**സംസ്കാരം**






നേവിയിൽ കമ്മീഷൻഡ് ഓഫീസറായ
**ബ്രാഹ്മണയുവതി**

സംസ്ഥാന പ്രസിഡണ്ടായി ചുമതലയേറ്റ
അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാടുമായി അഭിമുഖം

## സഭയുടെ പ്രയോറിറ്റി മാറുന്നു

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


ഓട്ടിസത്തെ മറികടക്കാം .... ഒരുമിച്ച്
Based on GUT – BRAIN THEORY
Helpline 7034 300 200
ഓട്ടിസം ഉണ്ടാവാനുള്ള കാരണവും
കാരണത്തിനുള്ള പരിഹാരവും
വിശദമായി അറിയുവാൻ
Dr. SP Moosath MD (Ayu)
(Autism Specialist)
എല്ലാ മാസവും ഡോക്ടറുടെ സേവനം ലഭിക്കുന്ന സ്ഥലങ്ങൾ
തിരുവനന്തപുരം, ആലപ്പുഴ, ചങ്ങനാശ്ശേരി, എറണാകുളം, ഗുരുവായൂർ, കോഴിക്കോട്,
ചെന്നൈ, ഹൈദരാബാദ്, ബാംഗ്ലൂർ
ഇല്ലം
illom
COUNSELING AND CHILD DEVELOPMENT CENTER
HO : തണ്ണീർമുക്കം
HO : തണ്ണീർമുക്കം
ബ്രാഞ്ചുകൾ
എറണാകുളം | ചങ്ങനാശ്ശേരി
ഗുരുവായൂർ | കോഴിക്കോട്
ബ്രാഞ്ച്
കോഴിക്കോട്

യോഗക്ഷേമസഭ
# സ്വസ്തി
ത്രൈമാസിക

2023 ജനുവരി

**January**
**Kozhikode**
**Volume No: 2**
**Issue No: 1**



**Email: swasthitrimonthly@gmail.com**
യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5124 പൗഷം
കൊല്ലവർഷം 1198 മകരം
ഹേമന്ത ഋതു

**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക് പരമേശ്വരൻ
മൊബൈൽ: 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471

**ധനകാര്യം:**
നാറണിയാട് ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ:**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി:**
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9447136571
ജില്ലാ സെക്രട്ടറി: താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ കോഴിക്കോട് -673631, മൊബൈൽ: 9847907630, 7356641674

# സ്വാഗതാർഹമായ വിധി

ഇത്ര നീതിപൂർവകമായ ഒരു വിധി അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല. സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാബെഞ്ച് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിനാണ് സാമ്പത്തിക സംവരണം ശരിവെച്ചത്. പരമോന്നത നീതിപീഠത്തിന്റെ ഈ വിധിയെ നമുക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യാം.

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് തൊഴിൽ, വിദ്യാഭ്യാസ മേഖലയിൽ പത്ത് ശതമാനം സാമ്പത്തിക സംവരണം ഏർപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ഭരണഘടനാ ഭേദഗതി കൊണ്ടു വന്നിരുന്നു. സാമ്പത്തിക സംവരണം ഭരണഘടനാ വിരുദ്ധമാണെന്ന് ആരോപിച്ച് നൽകിയ ഹർജിയിന്മേലാണ് സുപ്രീം കോടതി നിർണായക വിധി പറഞ്ഞത്.

ഇതുവരെയും ഒരു വിധ സംവരണവും ലഭിക്കാതെ മാറ്റിനിർത്തപ്പെട്ടിരുന്ന വലിയൊരു വിഭാഗത്തിന് തെല്ലെങ്കിലും ആശ്വാസകരമാണ് ഈ വിധി. ബ്രാഹ്മണവിഭാഗങ്ങളിലെ ദുർബലരായ കുറയെയേറെപ്പേർക്ക് ഇത് ഗുണം ചെയ്യും. കൈവശത്തിലിരിക്കുന്ന ഭൂമിയുടെ അളവ്, ഭവനത്തിന്റെ വിസ്തീർണ്ണം തുടങ്ങി നിരവധി കടമ്പകൾ കടന്നാലേ ആനുകൂല്യത്തിന് അർഹരാവൂ എന്നുണ്ടെങ്കിലും സംവരണത്തിൽ ഒരു പങ്കിന് നമ്മളും അർഹരാണെന്ന് വന്നിരിക്കുന്നു.


ഇതിന്റെ വിശദാംശങ്ങളും മാനദണ്ഡങ്ങളും സഭാംഗങ്ങൾ അറിയേണ്ടതുണ്ട്. അംഗങ്ങളെ ബോധവത്കരിക്കേണ്ടതുമുണ്ട്. ഏതൊക്കെ സാഹചര്യങ്ങളിൽ ഇത് ലഭിക്കാതെ പോവും എന്നറിയിക്കേണ്ടതുണ്ട്. കൃത്യസമയത്ത് അപേക്ഷകൾ നൽകി ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നോ തഹസിൽദാരിൽ നിന്നോ സർട്ടിഫിക്കറ്റ് വാങ്ങി വയ്ക്കേണ്ടതുണ്ട്. അല്ലെങ്കിൽ ആവശ്യമായ സമയത്ത് ലഭിച്ചെന്നു വരില്ല. ഓരോ വർഷവും അത്തരം സർട്ടിഫിക്കറ്റുകൾ പുതുക്കേണ്ടതുമുണ്ടാവും. ഇത്തരം കാര്യങ്ങളിൽ അറിവുള്ളവരിൽ നിന്നും അനുഭവസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് യഥാസമയം അപേക്ഷനൽകിയാൽ ലഭ്യമല്ലെന്ന് കരുതിപ്പോന്ന പല ഇടങ്ങളിലും നമുക്കും അവസരമുണ്ടാവും.

ഉദാഹരണത്തിന് മെഡിക്കൽ അഡ്മിഷൻ. ഇ.ഡബ്ല്യു.എസ് ക്വാട്ടയിലെങ്കിൽ ഒ.ബി.സി കാറ്റഗറിയേക്കാൾ കുറഞ്ഞ റാങ്കിലാണ് കട്ട് ഓഫ്. അതുപോലെ തന്നെയാണ് ഐ.ഐ.ടി പോലുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും. പി.എസ്.സി പരീക്ഷകളിലും ഇനി അല്പം കൂടി എളുപ്പത്തിൽ കടന്നു കൂടാനാവും.

എന്നാൽ മറ്റൊന്ന് പറയാതെ വയ്യ. സംവരണം എന്ന എളുപ്പവഴി അന്വേഷിക്കുകയല്ല വേണ്ടത്. മത്സരിക്കാവുന്ന എല്ലാ ഇടങ്ങളിലും മികവുകൊണ്ട് കീഴടക്കാനാവണം ശ്രമം. അങ്ങനെ നേടുന്നതിന്റെ മാധുര്യം ഒന്നു വേറെത്തന്നെയാണ്. ലോകത്തെ മികച്ച തൊഴിലുകളെല്ലാം ഓപ്പൺ മെറിറ്റിൽ കീഴ്പ്പെടുത്താനുള്ളതാണെന്നും ഇ.ഡബ്ല്യു.എസ് സർട്ടിഫിക്കറ്റിന്റെ ബലത്തിൽ കിട്ടുന്നതല്ലെന്നും കൂടി അറിയേണ്ടതുണ്ട്. എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ.

പത്രാധിപർ

Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
Vol No:2 Issue No: 1 For private circulation only.



# സ്മരണാഞ്ജലി

## മാന്തിട്ട ശാസ്ത്രശർമ്മൻ നമ്പൂതിരി

(1877 – 1959)

മഹാനായ സംസ്കൃത പണ്ഡിതനും മാതൃകാ അദ്ധ്യാപകനുമായിരുന്ന കൊച്ചി മഹാരാജാവ് 'താർക്കികതിലകൻ' ബഹുമതിയും തൃപ്പൂണിത്തുറ വിദ്വൽ സദസ്സ് 'പണ്ഡിതരാജൻ' ബഹുമതിയും കാശി മഹാരാജാവ് പാണ്ഡിത്യത്തിനുള്ള അംഗീകാരമായി പട്ടും വളയും നൽകി ആദരിക്കുകയും ചെയ്തിട്ടുള്ള നചരത്നമാലിക, ഗംഗാതരംഗിണി, ചാതകസന്ദേശം എന്നീ സംസ്കൃത ഗ്രന്ഥങ്ങളുടെ രചയിതാവുമായ ഞങ്ങളുടെ വല്ല്യമുത്തപ്ഫന്റെ, വിദ്വാൻ മാന്തിട്ടയുടെ, മാന്തിട്ട കുഞ്ചുനമ്പൂതിരിയുടെ ദീപ്തമായ സ്മരണകളിൽ...

**സാദര പ്രണാമങ്ങളോടെ**

ഗൗരി, അനിത, വിഷ്ണു
മാന്തിട്ട മന, വെങ്കിടങ്ങ്,
തൃശൂർ ജില്ല, 8714839298.

# ആരൊക്കെ / എന്തൊക്കെ



**അഭിമുഖം**
അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട് 06


**യാത്രാവിവരണം**
അശോക് കൗതുകപ്പിള്ളി 14




**വയലാർ അവാർഡ് വിവാദം**
എം.വി.സുബ്രഹ്മണ്യൻ നമ്പൂതിരി 21


**കഥകളീയം**
മൂത്തേടത്തു പാലിശ്ശേരി ശങ്കരൻ നമ്പൂതിരി 24


**സെലബ്രിറ്റി ഗസ്റ്റ്**
അച്ഛനെപ്പറ്റി പ്രഭാവർമ്മ 26


**സുപ്രീം കോടതിയിലെ ജേതാവ്**
കടക്ക വട്ടം രവി നമ്പൂതിരി 32


**സേനയിൽ സബ് ലഫ്റ്റനന്റ്**
പന്നിവിഴ ഹരിശ്രീ മഠത്തിൽ ദേവിക 36


മകൾ

അമ്മ

**അറിയേണ്ട അന്തർജനം**
അന്തർജനങ്ങളിലെ
വിപ്ലവകാരിയായിരുന്ന
ആര്യാപള്ളത്തിന്റെ മകൾ
ഇതാ ഇവിടെയുണ്ട് 44

**ആരായിരുന്നു ആര്യാ പള്ളം**
സരള മധുസൂദനൻ എഴുതുന്നു 50


**ഇല്ലപ്പെരുമയിൽ**
മഞ്ചേരി കരിക്കാട്ടെ കിടങ്ങഴി മന 64


**അന്തർജന സാരഥി**
ആര്യ നന്ദകുമാർ 87


**നാസയ്ക്കു വേണ്ടി ഗവേഷണം**
ഗോകുൽ പുതുമന 88


**അറിയേണ്ട നമ്പൂതിരി**
ഇ.എം.എസിനെ മുട്ടുകുത്തിച്ച നമ്പൂതിരി 92


72
**മൂത്ത കാരണവർ**
ഗാന്ധിജിയെ അങ്ങോട്ടു
ചെന്നു തൊട്ടു
സച്ചിൻ ടെണ്ടുൽക്കർ
ഇങ്ങോട്ടു വന്നും തൊട്ടു
**106 വർഷം ഒറ്റയാനായി**


**അപൂർവമായ സംഭവം**


38
സംസ്കാരം നടത്തിയ
അന്തർജനങ്ങൾ

പെൺകുട്ടികൾ ചുരിദാർ ധരിച്ചു കുളിച്ച് വന്ന് ക്രിയക്കിരുന്നു. ദേഹം ചിതയിൽ കയറ്റി കിടത്തി. കുംഭവുമേന്തി അപ്രദക്ഷിണമായി ചിതയ്ക്ക് ചുറ്റും. ഒടുവിൽ അഗ്നി പകരലും. എല്ലാം എല്ലാവരും ചേർന്നു ചെയ്തു.

**കഥ / കവിത/ ലേഖനം**

12 ❑യന്ത്രക്കൂട്
അനിയൻ തലയാറ്റും പിള്ളി
20 ❑പട്ടിയുമപ്ഫൻമാരും
രാമപ്രസാദ് നരിക്കാട്ടിരി
22 ❑പൂണൂലിട്ട സംവിധായകൻ
സനൽ വി ദേവൻ
40 ❑ചില ഡിജിറ്റൽ ദ്വൈതങ്ങൾ
അനിയൻ മാങ്ങോട്ട്രി
54 ❑ശിലാധ്വജസ്തംഭം
ജിതേഷ് പനയ്ക്കാട്ട്
82 ❑സന്താപമില്ലെങ്കിൽ
ടി.ഐ.വി. നമ്പൂതിരി
84 ❑ശ്രീ പാർവതിയുടെ ഉണ്ണാവ്രതം
രാധ കെ നമ്പൂതിരി
107 ❑കുടിവെപ്പ്
ഉദയൻ നമ്പൂതിരിപ്പാട്


19

❑ഉണ്ടപ്ഫൻ
ഒളപ്പമണ്ണ
സുബ്രഹ്മണ്യൻ
നമ്പൂതിരി


**അനുസ്മരണങ്ങൾ**
60 ❑ഊമമ്പിള്ളി
നാരായണൻ
78 ❑ബാണത്തൂർ
കൃഷ്ണൻ നമ്പൂതിരിപ്പാട്
100 ❑മാടമ്പ്
ജാതവേദൻ നമ്പൂതിരി
102 ❑ചെറുവക്കര
കൃഷ്ണൻ നമ്പൂതിരി

56 **പ്രത്യേക ഫീച്ചർ**
ചെങ്ങല്ലൂർ മനയിൽ
**ഏറ്റവും വലിയ**
**ആനേണ്ടാർന്നു**


**കുട്ടിക്കൂട്ടത്തിൽ**
116 ❑പാർവതി പാലാഞ്ചേരി
117 ❑ആര്യകൃഷ്ണ പി
118 ❑ദൃശ്യ പുതിയില്ലം
118 ❑വർഷ വരശാല ഇല്ലം
119 ❑തന്മയ മാലതി തെഞ്ചീരി
120 ❑സൂരജ് ദിവാകരൻ പുത്തില്ലം
121 ❑ശ്രീലക്ഷ്മി അരീക്കര
122 ❑ആര്യൻ ചൂരക്കാട്


വായനക്കാരുടെ പ്രതികരണങ്ങൾ ❑ യോഗക്ഷേമസഭാ വാർത്തകൾ ❑
വിഷ്ണുപാദം പൂകിയവർ ❑ അനുമോദനങ്ങൾ ❑ തുടങ്ങി സ്ഥിരം പംക്തികളും



കാലത്തിനനുസരിച്ച് യോഗക്ഷേമസഭയിൽ വരേണ്ട മാറ്റങ്ങളെക്കുറിച്ച് സംസ്ഥാന പ്രസിഡണ്ടായി ചുമതലയേറ്റ **അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട്** സ്വസ്തി അസോസിയേറ്റ് എഡിറ്റർ **പാനാട് പദ്മനാഭൻ നമ്പൂതിരിയുമായി** നടത്തിയ ദീർഘ സംഭാഷണം



> വി.ടി.ഭട്ടതിരിപ്പാടിന്റെ കാലത്ത് സമുദായം നേരിട്ടിരുന്ന മിക്ക വിഷയങ്ങളും ഇപ്പോഴില്ല. പരിവേദനം, അധിവേദനം, വിധവാ വിവാഹം, സ്ത്രീവിദ്യാഭ്യാസം, സംബന്ധം തുടങ്ങി മിക്ക പ്രശ്നങ്ങളും ഇക്കാലത്തെ വിഷയമല്ലാതായി. എന്നാൽ അതിഗുരുതരമായ പല പ്രയാസങ്ങളും ഇപ്പോൾ നേരിടുന്നുമുണ്ട്. അതിനാൽ...

## യോഗക്ഷേമസഭയുടെ പ്രയോറിട്ടിയിൽ

# മാറ്റം വരും

സമുദായ സംഘടന എന്ന നിലയിൽ യോഗക്ഷേമസഭയുടെ പ്രയോറിട്ടിയിൽ കാലോചിതമായ മാറ്റം വരുത്തുമെന്ന് സഭയുടെ പുതിയ പ്രസിഡന്റായി ചുമതലയേറ്റ അക്കീരമൻ കാളിദാസഭട്ടതിരിപ്പാട് പറഞ്ഞു.

വി.ടി.ഭട്ടതിരിപ്പാടിന്റെ കാലത്ത് സമുദായം നേരിട്ടിരുന്ന മിക്ക വിഷയങ്ങളും ഇപ്പോഴില്ല. പരിവേദനം, അധിവേദനം, വിധവാ വിവാഹം, സ്ത്രീവിദ്യാഭ്യാസം, സംബന്ധം തുടങ്ങി മിക്ക പ്രശ്നങ്ങളും ഇക്കാലത്തെ വിഷയമല്ലാതായി. എന്നാൽ അതിഗുരുതരമായ പല പ്രയാസങ്ങളും ഇപ്പോൾ നേരിടുന്നുമുണ്ട്. അതിനാൽ സംഘടനയെന്ന നിലയിൽ ചെയ്യേണ്ട കാര്യങ്ങൾക്ക് ഒരു വർക്ക് പ്ളാൻ ഉണ്ടാക്കി മുൻഗണനകൾ നിശ്ചയിച്ച് പ്രവർത്തിക്കും. നിലവിലുള്ള ഭരണസമിതിയുടെ കാലാവധി മൂന്നു വർഷമാണ്. അതിനുള്ളിൽ സഭയ്ക്കുള്ളിൽ കാതലായ മാറ്റങ്ങൾ കൊണ്ടു വരും.

ദീർഘമായ ഒരു അഭിമുഖത്തിലൂടെ പുതിയ നേതൃത്വത്തിന്റെ വിഷനും മിഷനും സ്വസ്തിയുമായി പങ്കുവയ്ക്കുകയായിരുന്നു അക്കീരമൻ.

● അപ്പോൾ സഭയുടെ പ്രയോറിട്ടി എന്താണ്.

❑ഇപ്പോൾ 35000 ത്തോളം മെമ്പർമാരാണ് സഭയിലുള്ളത്. അത് ആറു മാസം കൊണ്ട് 50000 ആക്കണം.



## രാഷ്ട്രീയത്തിലിറങ്ങിയതും തിരുവല്ലയിലെ മത്സരവും

അസംബ്ളി തിരഞ്ഞെടുപ്പിൽ ബി.ഡി.ജെ.എസ് സ്ഥാനാർത്ഥിയായി തിരുവല്ലയിൽ മത്സരിച്ചതിനെപ്പറ്റി

എനിക്കു ബോദ്ധ്യപ്പെട്ടത് കാര്യമായി വർക്ക് ചെയ്തിരുന്നുവെങ്കിൽ കൂടുതൽ നേട്ടം ഉണ്ടാക്കാൻ പറ്റുമായിരുന്നു എന്നാണ്. നമുക്ക് വലിയ സ്കോപ്പുണ്ട്. സമുദായത്തെപ്പറ്റി പൊതുസമൂഹത്തിന് വലിയ മതിപ്പാണ്. നമ്മൾ അതിനനുസരിച്ച് ഉയർന്നു പ്രവർത്തിക്കുക കൂടി ചെയ്താൽ ജനസംഖ്യയിലെ എണ്ണം വിഷയമല്ല. നമ്മുടെ ക്വാളിറ്റിയാണ് ഉയർത്തേണ്ടത്. എണ്ണമല്ല. ക്വാളിറ്റിയുള്ളവരുടെ വാക്കുകൾ ഏവരും വില മതിക്കും. അവരെ പിന്തുണയ്ക്കും, അവരുടെ നേതൃത്വത്തെ അംഗീകരിക്കും.

പുതുരക്തങ്ങൾ സഭയിലെത്തുമ്പോൾ പുതിയ ആശയങ്ങളും ഉയർന്നു വരും. പ്രത്യേകിച്ച് യുവാക്കളുടെ അംഗത്വം. അതുപോലെ പിന്നിൽ നിന്ന് പ്രവർത്തിക്കുന്ന ''അന്തർ'' ജനങ്ങളെ മുൻനിരയിൽ പ്രവർത്തിക്കുന്ന ബഹിർ ജനങ്ങളാക്കുക.

● ഒന്നര ലക്ഷം പേരെയെങ്കിലും അംഗങ്ങളാക്കാൻ കഴിയേണ്ടതല്ലേ?

❑തീർച്ചയായും. മെമ്പർഷിപ്പ് കാമ്പെയിൻ നടത്തുന്നത് ആദ്യപരിഗണനയിലുള്ള വിഷയമാണ്.

● കേരളത്തിനു പുറത്തും നമ്പൂതിരിമാരുണ്ട്. അവരുടെ കാര്യമോ?

❑അവരെയും അംഗങ്ങളാക്കുകയോ അവരുടെ സംഘടനകളെ സഭയിൽ അഫിലിയേറ്റ് ചെയ്യിക്കുകയോ ആവാം.

● ആ തരത്തിൽ പരിഗണിക്കുന്നവ ഏതെല്ലാമാണ്.?

❑ദുബായിൽ അഗ്നിയുണ്ട്. ഡൽഹിയിൽ ഗായത്രിയുണ്ട്. മുംബയ്, ബെംഗളൂരു, ചെന്നൈ തുടങ്ങി മിക്ക മെട്രോ സിറ്റികളിലും നമ്പൂതിരി സംഘടനകളുണ്ട്. ചിലരുമായി ഇതിനകം തന്നെ സംസാരിച്ചു കഴിഞ്ഞു.

### അടിയന്തരമായി വേണ്ടത്

- ❑ മെമ്പർഷിപ്പ് കാമ്പെയിൻ
- ❑ മീഡിയ സെൽ രൂപീകരണം
- ❑ ഡാറ്റാ ബേസ് ഉണ്ടാക്കൽ
- ❑ ഡിജിറ്റലൈസേഷൻ
- ❑ വർക്ക്ആക്ഷൻ പ്ലാൻ

● അതായത് ഗ്ളോബലി പൂണൂൽ ധാരികളുടെ ഒരു കോ ഓർഡിനേഷൻ?

അതേ. ഇതര ബ്രാഹ്മണ സംഘടനകളുമായും യോജിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. തമിഴ് ബ്രാഹ്മണർ, തുളു ബ്രാഹ്മണർ ആന്ധ്രാബ്രാഹ്മണർ തുടങ്ങി പലരുമുണ്ട്. അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത്തരം സംഘടനകളുടെ ഒരു കോ ഓർഡിനേഷൻ ആവശ്യമാണ്. ബ്രാഹ്മണരുടെ ഒരു ദേശീയ വേദി. പുതിയ കാലത്തെ വെല്ലുവിളികളെ നേരിടാൻ മെമ്പർമാരുടെ എണ്ണം ഒരു വിഷയമാണ്.

● ജനസംഖ്യയിൽ കഷ്ടിച്ച് ഒരു ശതമാനമേ വരൂ നമ്പൂതിരിമാർ. അതല്ലേ നമ്മുടെ ഏറ്റവും വലിയ ദൗർബല്യം?

❑പക്ഷേ, ആ ഒരു ശതമാനത്തെ ശക്തിപ്പെടുത്തിയാൽ പലതും ചെയ്യാനാവും.

● സുബ്രഹ്മണ്യം സ്വാമി സ്ഥിരമായി ഉദാഹരിക്കാറുള്ളത് ഇസ്രായേലിന്റെ കാര്യമാണ്. ഏറ്റവും കുറഞ്ഞ ജനസംഖ്യയായിട്ടും അവർ ലോകത്ത് മികവ് കാണിക്കുന്നു. ശക്തി പ്രകടിപ്പിക്കുന്നു.

❑അതേ, ആർക്കെങ്കിലും എതിരെയല്ല ശക്തിപ്പെടേണ്ടത്. അവനവൻ ശക്തിപ്പെടുക, ശക്തരായ വ്യക്തികളുടെ ശക്തമായ കൂട്ടായ്മ. ഒരു ലക്ഷം പേർ മതി അതിന്.

● വി.ടി യുടെ കാലത്തെ സഭയും അവനവന്റെ ശാക്തീകരണത്തിനായിരുന്നു മുൻഗണന കൊടുത്തത്. സമുദായാംഗങ്ങളെ ശക്തരാക്കുക. അനാചാരങ്ങളിൽ നിന്നും അജ്ഞതയിൽ നിന്നും അവരെ മോചിപ്പിക്കുക. അങ്ങനെ അംഗങ്ങൾ ശക്തരായപ്പോൾ സമുദായവും ശക്തിപ്പെട്ടു. സമുദായത്തിൽ നിന്ന് മുഖ്യമന്ത്രിപോലുമുണ്ടായി. ഈ നിരീക്ഷണത്തെ എങ്ങനെ കാണുന്നു?

❑ശരിയാണ്. സ്വാധീനശക്തിയുള്ള സമുദായാംഗങ്ങളെ സഭയിൽ കൊണ്ടുവരണം. ഇപ്പോൾ അത്തരം വ്യക്തികൾ അവരവരുടെ വ്യക്തിപരമായ കാര്യങ്ങളുമായി കഴിഞ്ഞുപോവുകയാണ്. അത്തരക്കാരെക്കൂടി സഭയിൽ കൊണ്ടു വരുമ്പോൾ പുതിയൊരു ദിശാബോധം ഉണ്ടാവും.

● വേറെ ചിലരുടെ കാര്യം പറയാം. നമ്മുടെ ഡാറ്റകളിലൊന്നും വന്നിട്ടില്ലാത്ത ബ്രാഹ്മണർ ലോകത്തിന്റെ നാനാ ഭാഗത്തുമുണ്ട്. അവർ നാലഞ്ചു കൊല്ലം കൂടുമ്പോൾ ഓണത്തിനോ മറ്റോ വന്നു പോവുന്നവരാണ്. വാസ്തവത്തിൽ അവർക്ക് അവിടെയിരുന്നു കൊണ്ട് തന്നെ സഭയെ സഹായിക്കാൻ പറ്റും. ശക്തിപ്പെടുത്താനും. അമേരിക്കയിൽ കൗൺസിലറായ ഒരു നമ്പൂതിരി സ്വസ്തിയോട് പറഞ്ഞത് നല്ല എന്തെങ്കിലും പ്രൊജക്ടുമായി സമീപിക്കാനാണ്. അതിസമ്പന്നരായ നിരവധി വ്യക്തികൾ വിദേശങ്ങളിലുണ്ട്. സമുദായത്തിനു വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യുന്നതിൽ സന്തോഷമുള്ളവർ. അത്തരക്കാരെ എങ്ങനെ സമീപിക്കാനാവും.?

❑അത് സഭയുടെ ഒരു ലക്ഷ്യമാണ്. നേരത്തെ പറഞ്ഞില്ലേ, ദുബായിലെ അഗ്നിയെപ്പറ്റി. ഇങ്ങനെ ലോകത്തെ എല്ലായിടത്തെയും സമാന സംഘടനകളും വ്യക്തികളുമായി സമ്പർക്കം



*സഹധർമ്മശ്ചര്യതാം: സ്ലോവാക്യയിൽ നിന്ന് മലയാളക്കരയിലേക്ക്*

# മകൻ സിനിമയിൽ മരുമകൾ സ്ലോവാക്യയിൽ നിന്ന്

ചെന്നൈയിൽ നിന്ന് ഫിലിം ഡയറക്ഷനും എഡിറ്റിംഗും പഠിച്ച മകൻ അഗ്നിശർമ്മൻ ഭട്ടതിരിപ്പാട് സിനിമാ മേഖലയിലാണ് പ്രവർത്തിക്കുന്നത്. സിനിമയെക്കുറിച്ച് പഠിക്കാൻ ഹംഗറിയിലെത്തിയപ്പോഴാണ് ഇന്ത്യൻ സിനിമയെ പ്രണയിക്കുന്ന സിമോണയെ പരിചയമാവുന്നത്. ചെന്നൈയിലെ ശിവാശിഗണേശൻ ഫിലിം ഇൻസ്റ്റിട്ട്യൂട്ടിലായിരുന്നു ആദ്യം. പിന്നീട് ഹംഗറിയിലെ ബുഡാപെസ്റ്റ് ഫിലിം അക്കാഡമിയിൽ.

ലോകത്തെ ഫിലിം ഇൻസ്റ്റിട്ട്യൂട്ടുകൾ തമ്മിൽ ലിങ്കുണ്ട്. അവിടത്തെ വിദ്യാർത്ഥികൾ തമ്മിലും. ഇന്റർനെറ്റ് വഴിയുള്ള ആശയവിനിമയത്തിൽ അവർ തമ്മിൽ ഐക്യമുള്ളതായി തിരിച്ചറിഞ്ഞു.ഇന്ത്യൻ സിനിമ മാത്രമല്ല സംസ്കാരവും സിമോണയെ വല്ലാതെ ആകർഷിച്ചു.

താന്ത്രികാചാര പ്രകാരം സിമോണയെ ഒരു നമ്പൂതിരി കുടുംബത്തിലേക്ക് ദത്തെടുത്ത ശേഷമായിരുന്നു ആചാരപ്രകാരമുള്ള വേളി. കുഴിക്കാട്ടില്ലക്കാരുടെ ബന്ധുകൂടിയായ കുമാരനെല്ലൂർ വടക്കും മ്യാൽ ഇല്ലത്തെ മണിക്കുട്ടൻ നമ്പൂതിരിയും ഭാര്യ ഗംഗയും സിമോണയെ മകളായി ദത്തെടുത്തു. തുളസിയെന്ന പുതുജന്മത്തിലേക്ക്. ബ്രഹ്മസ്വം മഠം വഴിയാണ് ആ ചടങ്ങ് നിർവഹിച്ചത്. ശുദ്ധവെജിറ്റേറിയൻ ആണ് സിമോണയെന്ന തുളസി. 2018 ലെ പ്രളയസമയത്തായിരുന്നു വേളി. ഇപ്പോൾ ചെന്നൈയിലാണ് താമസം.

ഉണ്ടാക്കാൻ പരിപാടിയുണ്ട്. അതു വഴി സഭ ഇൻഫ്ള്യുവൻഷ്യൽ ആവണം. അംഗങ്ങളുടെ എണ്ണമല്ല അവരുടെ സ്വാധീനശക്തിയാണ് പ്രധാനം. ഉള്ളവർ ഒന്നിച്ചു നിന്നാൽ തന്നെ ബാർഗെയിനിംഗ് പവർ കിട്ടും.

● വി.ടി.യുടെ കാലത്തെ വിഷയങ്ങളല്ല ഇപ്പോഴുള്ളത് എന്നു പറഞ്ഞു. അതു പോലെത്തന്നെ അക്കാലത്തെ രീതിയുമല്ലല്ലോ സഭാ പ്രവർത്തനത്തിന്. ഇത് ഡിജിറ്റൽ യുഗമല്ലേ?

❑തീർച്ചയായും. ആധുനിക കാലത്തെ സാങ്കേതികമികവുകൾ സഭയുടെ പ്രവർത്തനത്തിന് പ്രയോജനപ്പെടുത്തും. സഭയുടെ പൂർണ്ണമായ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കും. നൂറു ശതമാം ഡിജിറ്റൽ ലിറ്ററസി വേണ്ട കാലത്താണ് ഇപ്പോൾ ജീവിക്കുന്നത്. വിദഗ്ദ്ധരുമായി ചേർന്ന് ആലോചിച്ച് സഭയെ പ്രൊഫഷണൽ ആക്കും.

● ശാന്തിക്ഷേമ യൂണിയൻ എന്ന രീതിയിൽ വളരെ ചെറിയ ലക്ഷ്യവുമായി പ്രവർത്തിക്കുന്ന ഒരു ലോ പ്രൊഫൈൽ സംഘടനയാണ് സഭ എന്ന തോന്നലാണ് യുവാക്കൾക്ക് ഉള്ളത്. അതുകൊണ്ടാണ് പുതുതലമുറ സഭാ പ്രവർത്തനത്തിൽ സജീവമാവാത്തത് എന്ന നിരീക്ഷണത്തെഎങ്ങനെ കാണുന്നു?

❑ഒരു പരിധി വരെ അത് ശരിയെന്ന് പറയേണ്ടി വരും. എന്നാൽ അതിനെ മറി കടക്കാനാണ് എല്ലാവിഭാഗത്തേയും സഭയിൽ കൊണ്ടു വരുമെന്ന് പറഞ്ഞത്. പ്രൊഫഷണലുകൾ,

> പ്രൊഫഷണലുകൾ, ബിസിനസ് ജയന്റ്സ്, പൊളിറ്റിക്കൽ ലീഡേഴ്സ്, ശാസ്ത്രജ്ഞന്മാർ, ഉന്നത ഉദ്യോഗസ്ഥർ, അങ്ങനെയങ്ങനെ....അവരെല്ലാം സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതോടെ സഭക്ക് ഒരു നവീന മുഖമുണ്ടാവും.

ബിസിനസ് ജയന്റ്സ്, പൊളിറ്റിക്കൽ ലീഡേഴ്സ്, ശാസ്ത്രജ്ഞന്മാർ, ഉന്നത ഉദ്യോഗസ്ഥർ, അങ്ങനെയങ്ങനെ....അവരെല്ലാം സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതോടെ സഭക്ക് ഒരു നവീന മുഖമുണ്ടാവും.

● വേറൊരു ആശയം പറയാം. ഐ.ഐ.ടി പോലുള്ള മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വലിയശക്തികളിലൊന്ന് അവരുടെ പൂർവവിദ്യാർത്ഥികളാണ്. സട്രോംഗ് അലുമിനി. എത്ര വേണമെങ്കിലും ഫണ്ടു ചെയ്യാനും മെന്ററിംഗിനും തയ്യാറുള്ളവരുടെ ഒരു ആഗോളസംഘം. അത്തരമൊരു അലുമിനി സഭയ്ക്കും സാധ്യമാവില്ലേ. സഭയിലൂടെ പിച്ചവെച്ചു വന്ന കുട്ടികൾ വളർന്നു വലുതാവുമ്പോൾ അവർക്ക് സഭ വേണ്ടാത്ത അവസ്ഥയാവുന്നു. സഭയും വേണ്ട സമുദായവും വേണ്ട എന്ന ചിന്ത. ഇത്തരക്കാരെ അലുമിനി പോലെ പ്രയോജനപ്പെടുത്താൻ കഴിയില്ലേ?

❑കഴിയും. ആ വഴിക്കുള്ള ചുവടുകളാണ് യുവാക്കളിലൂടെ നടത്താൻ ഉദ്ദേശിക്കുന്നത്. കരിയർ അഡ്വാൻസ്മെന്റ് കോഴ്സുകൾ, പ്ളേയ്സ്മെന്റ് കാര്യങ്ങൾ, സിവിൽ സർവീസ് കോച്ചിംഗ്, സ്റ്റാർട്ട് അപ്പ്, എന്റർപ്രണർഷിപ്പ് പ്രോഗ്രാമുകൾ, അങ്ങനെയങ്ങനെ അവരുടെ ആശയാഭിലാഷങ്ങൾ മുഖ്യവിഷയമാക്കിക്കൊണ്ട് ചിലത് ചെയ്യാൻ തുടങ്ങുന്നതോടെ അത്തരക്കാർ സഭയിൽ ആകൃഷ്ടരാവും. മാത്രമല്ല അവർ തന്നെ ലീഡ് റോളിലേക്ക് ഉയരുകയും ചെയ്യും. ഇപ്പോൾ രംഗത്തു വരാതെ മാറി നിൽക്കുന്നവർക്ക് പ്രവർത്തിക്കാൻ വേദിയുണ്ടാവും. സഭയുടെ പ്രവർത്തനം കൂടുതൽ ചെറുപ്പക്കാരിലേക്ക് ഇറങ്ങും.

● വി.ടിയുടെ കാലത്ത് സഭയുടെ സാരഥികൾ തന്നെ ചെറുപ്പക്കാരായിരുന്നു. ഇപ്പോൾ അറുപത് കഴിഞ്ഞവരാണ് സഭാസാരഥികൾ. പെൻഷനേഴ്സ് ക്ളബ് പോലെ ഒന്ന്.

❑ഞാൻ അറുപതിലെത്തിയിട്ടില്ല. ബിലോ സിക്സ്റ്റിയാണ്.

● അതല്ല പറഞ്ഞത്, പൊതുവിൽ ചെറുപ്പക്കാരുടെ വിഷൻ സഭക്ക് കുറവാണ് എന്നു സൂചിപ്പിച്ചതാണ്.വാസ്തവത്തിൽ ഇപ്പോഴത്തെ ചെറുപ്പക്കാർക്ക് സമുദായ സംഘടനയുടെ ആവശ്യമുണ്ടോ? അവർ സ്വന്തം നിലയിൽ പരിശ്രമിച്ച് നേടുകയല്ലേ ചെയ്യുന്നത്.?

❑സമുദായം എന്ന നിലയിൽ അവർ എന്തെങ്കിലും പ്രശ്നം അഭിമുഖീകരിക്കുന്നുണ്ടെങ്കിൽ സംഘട

## ലക്ഷ്യം കൃത്യമാവണം

**1.** നിശ്ചിത ടാർജറ്റ് വച്ച് സഭയെ ശക്തിപ്പെടുത്തൽ.
**2.** സംസ്ഥാനതലത്തിലും ദേശീയ തലത്തിലും ആഗോള തലത്തിലും ബ്രാഹ്മണ കൂട്ടായ്മകളുടെ കോ ഓർഡിനേഷൻ.
**3.** സഭയെ ഇൻഫ്ളുവൻഷ്യൽ ആയ സമൂഹമാക്കി മാറ്റുക.



നയ്ക്കു പ്രസക്തിയുണ്ട്. അതാണ് അഡ്രസ് ചെയ്യേണ്ടത്. അതാണ് നേരത്തെ പറഞ്ഞത്. വി.ടിയുടെ കാലത്തെ പ്രശ്നങ്ങളല്ല ഇപ്പോഴത്തെ വിഷയങ്ങളെന്ന്. ഇപ്പോഴത്തെ യുവാക്കൾ സമുദായം എന്ന നിലയിൽ നേരിടുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കുമ്പോൾ തീർച്ചയായും ധാരാളം പേർ സഹകരിക്കും.

● സാമ്പത്തിക സംവരണം പോലുള്ളതിൽ വെള്ളം ചേർക്കാൻ ശ്രമം നടക്കുന്നു. അത് നമ്മുടെ യുവാക്കളെ ബാധിക്കുന്ന വിഷയമല്ലേ?

❑തീർച്ചയായും. അത്തരം വിഷയങ്ങൾ സഭ ഏറ്റെടുക്കുകതന്നെ ചെയ്യും. അവ ഏറ്റെടുക്കുമ്പോൾ കൂടുതൽ പിന്തുണ ലഭിക്കാൻ സമാന സംഘടനകളുടെ ഒരു കോ ഓർഡിനേഷൻ ഉണ്ടാവുന്നത് നന്നായിരിക്കും. അതാണ് നേരത്തെ ചൂണ്ടിക്കാട്ടിയ ശാക്തീകരണം. ആഗോളാടിസ്ഥാനത്തിൽ സമുദായാംഗങ്ങളുടെ ശാക്തീകരണം. സ്വാധീനശക്തിയുള്ളവരെ മുഴുവൻ സഭയിൽ അണിനിരത്തൽ. എണ്ണമില്ലായ്മയെ മറികടക്കാനാവശ്യമായ ഐക്യപ്പെടൽ. അങ്ങനെ വരുമ്പോൾ ഒന്നര ശതമാനം എന്ന കണക്ക് അഞ്ചുശതമാനത്തിന് മുകളിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

● സ്വാധീനശക്തി നഷ്ടമാവുന്നതിന്റെ ഒരു ഉദാഹരണം പറയാം. നമുക്കിടയിലെ ഏറ്റവും ഉന്നത പരിഗണന ലഭിക്കേണ്ട തൃശൂരിലെയോ തൃക്കൈക്കാട്ടേയോ സന്യാസിമാർ സമാധിയാവുമ്പോൾ പൊതുസമൂഹം അത് അറിയുന്നു പോലുമില്ല. പത്രങ്ങളിൽ ഒരു സിംഗിൾ കോളം വാർത്തയിലൊതുങ്ങും. എന്നാൽ ഇതര സമൂഹങ്ങളിലെ മേലധ്യക്ഷന്മാർക്ക് ഒന്നാം പേജിൽ ഇടം കിട്ടുന്ന മുഖ്യമന്ത്രിയും മന്ത്രിമാരും അനുശോചിക്കുന്നു. പൊതുസമൂഹത്തിൽ സഭ കുറേക്കൂടി സാന്നിദ്ധ്യമുണ്ടാക്കേണ്ടതില്ലേ?

❑സഭയുടെ 1921 ലെ ഒരു പ്രമേയം സമാന സമുദായങ്ങളുമായി യോജിച്ച് പ്രവർത്തിക്കണം എന്നതാണ്. ആ ആശയത്തിന് അന്നത്തേക്കാൾ പ്രസക്തിയുണ്ട് ഇന്ന്.

● സഭയെ പൊതുസമൂഹം വേണ്ട രീതിയിൽ തിരിച്ചറിയുന്നുണ്ടോ? സംസ്ഥാന സമ്മേളനങ്ങളിൽപ്പോലും മുഖ്യമന്ത്രിയുടെയോ പ്രതിപക്ഷ നേതാവിന്റെയോ സാന്നിദ്ധ്യം ഉറപ്പിക്കാൻ സഭയ്ക്ക് കഴിയുന്നുണ്ടോ?

❑നേരത്തെ മുഖ്യമന്ത്രിയെ പങ്കെടുപ്പിച്ചിട്ടുണ്ട്.

● സ്ഥിരമായി അങ്ങനെ ചെയ്യാൻ കഴിയാത്ത കാര്യമാണ് ചൂണ്ടിക്കാട്ടിയത്. നാലായിരത്തിൽ താഴെ അംഗങ്ങളുള്ള ചില സംഘടനകൾക്ക് പോലും ഉദ്ഘാടനത്തിന് മുഖ്യമന്ത്രിയെ ലഭിക്കുന്നു.

❑അതാണ് നേരത്തെ പറഞ്ഞത് നമ്മുടെ സ്വാധീനശക്തി വർദ്ധിപ്പിക്കണമെന്ന്. സ്വാധീനശക്തിയുള്ള വ്യക്തികൾ കൂടുതലായി സംഘടനയിൽ വന്നാൽ പലതും ചെയ്യാനും നേടാനുമാവും.

● എൻ. എസ്. എസിന്റെയും എസ് എൻ ഡി പി യോഗത്തിന്റെയും വാർഷികബജറ്റുകൾ പല പത്രങ്ങളിലും ഒന്നാം പേജിൽ നൽകാറുണ്ട്. സഭയുടെ വാർഷികബജറ്റിന്റെ തുക പോലും വരാറില്ല. എങ്ങനെ കാണുന്നു ഇതിനെ?

❑സഭയുടെ ബജറ്റ് അത്ര വലുതല്ലാത്തതിനാൽ.


● ഇരുപതോ നാല്പതോ ലക്ഷത്തിൽ നിന്ന് ഇരുപതോ ഇരുനൂറോ കോടിയിലേക്ക് സഭയുടെ ബജറ്റ് എത്തിക്കാനാവില്ലേ.? നല്ല പദ്ധതികളുമായി സമുദായാംഗങ്ങളെ സമീപിച്ചാൽ കോടികൾ ലഭിക്കാൻ പ്രയാസമുണ്ടോ?

❑അത്തരം കാര്യങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഒരു വർക്ക് പ്ളാൻ സഭയുടെ അടുത്ത മീറ്റിംഗിലുണ്ടാവും.

● വെറും നൂറ്റി എട്ടു പേർക്കാണ് പെൻഷൻ നൽകാനായത്. അത് ആയിരം പേർക്കെങ്കിലും ആക്കാൻ കഴിയില്ലേ? സംഭാവന നൽകാൻ ശേഷിയുള്ള ആയിരക്കണക്കിന് ആളുകൾ നമുക്കിടയിലുണ്ടല്ലൊ

❑തീർച്ചയായും. പെൻഷൻ തുകയും ഇപ്പോൾ നൽകുന്നതിനേക്കാൾ ഉയർത്തേണ്ടതുണ്ട്.

● കാൽ നൂറ്റാണ്ടിനു മുമ്പ് ഇരു



*വെജിറ്റേറിയനിലേക്കുള്ള യൂറോപ്പിലെ മാറ്റങ്ങളെക്കുറിച്ച് സിമോണയെന്ന തുളസിയുടെ അഭിപ്രായം. വനിതയിൽ പ്രസിദ്ധീകരിച്ചത്. ഇപ്പോഴത്തെ ബ്രിട്ടീഷ് പ്രധാമന്ത്രി ഋഷി സുനകും വെജിറ്റേറിയൻ ആണ്.*

പത്തഞ്ചു വയസ്സിനു താഴെയുള്ള നമ്പൂതിരി യുവാവിന്റെ മുഖ്യവരുമാന മാർഗ്ഗം ശാന്തിയായിരുന്നു. ഇന്ന് ആ പ്രായത്തിലുള്ള വളരെ കുറച്ച് ശാന്തിക്കാരേയുള്ളൂ. ഇതൊരു മുന്നറിപ്പായി കാണുന്നുണ്ടോ?

❑അതാണ് കാലം മാറിയെന്ന് ആദ്യമേ പറഞ്ഞത്. പ്ലസ് ടു വരെ പഠിക്കുന്ന ഒരാൾക്ക് പോലും ഇന്ന് എന്തെങ്കിലുമൊരു ജോലി കിട്ടുന്ന തരത്തിൽ ലോകക്രമം മാറി. ഐ.ടി മേഖലയും സ്വകാര്യതൊഴിൽ മേഖലയും വിപുലമായി. ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിലേക്ക് ശാന്തിക്കാരുടെ 200 ഒഴിവുണ്ടായപ്പോൾ അപേക്ഷ നൽകിയത് 40 ബ്രാഹ്മണർ മാത്രമാണ്. ഇത് സഭ തിരിച്ചറിയുന്നുണ്ട്.

● ശാന്തിക്കാരാവാൻ വേണ്ടി ജനിച്ചവർ എന്ന ലേബലിൽ നിന്ന് പുതുതലമുറ പുറത്തു കടന്നു എന്നർത്ഥം. സഭയും അതിനനുസരിച്ച് മാറുന്നുണ്ടോ?

❑അതുകൊണ്ടാണല്ലൊ പുതിയ പ്രശ്നങ്ങളും വിഷയങ്ങളും ചൂണ്ടിക്കാട്ടിയത്. അവ അഡ്രസ് ചെയ്യാൻ സഭ മുന്നിൽ നിൽക്കുകയാണെങ്കിൽ തീർച്ചയായും സഭയ്ക്ക് വലിയ സ്കോപ്പുണ്ട്. അത് ചെയ്യുന്നത് നമ്മുടെ തനിമ നിലനിർത്തിക്കൊണ്ടാവണമെന്നു മാത്രം.

● യുവാക്കളോട് തനിമ നിലനിർത്തണമെന്ന് ആഹ്വാനം ചെയ്താൽ നടക്കുമെന്ന് തോന്നുന്നുണ്ടോ?

❑ഒരു ഉദാഹരണത്തിലൂടെ ഇത് പറയാം. ഫിസിക്സ്, കെമിസ്ട്രി തുടങ്ങിയവയെല്ലാം പഠിക്കുന്നതു പോലെത്തന്നെയാണ് പുതിയ കുട്ടികൾ ടെമ്പിൾ ടെക്നോളജിയും പഠിക്കുന്നത്. അവരോട് ആ ഭാഷയിൽ വേണം സംസാരിക്കാൻ. വിശ്വാസികളായ ഭക്തന്മാർക്ക് പോലും ക്ഷേത്രകാര്യങ്ങളിലെ അറിവ് കുറവാണ്. തൊണ്ണൂറുശതമാനം പേർക്കും ഒന്നുമറിയില്ല. അങ്ങനെ വരുമ്പോൾ അവർ ക്രമത്തിൽ ക്ഷേത്രകാര്യങ്ങളിൽ നിന്ന് അകന്നു പോവും. ഇക്കാര്യം നമ്മുടെ യുവജനങ്ങൾക്കും ബാധകമാണ്. സമുദായകാര്യങ്ങളിലെ അറിവില്ലായ്മയാണ് സമുദായത്തിൽ നിന്ന് അവരെ അകറ്റുന്നത്.

● അതിന് എന്താണ് പരിഹാരം?

❑ബോധവത്കരിക്കുക തന്നെ. എല്ലാ ജില്ലകളിലും ശ്രീശങ്കര പഠന കേന്ദ്രം സ്ഥാപിക്കും. നമ്മളെക്കുറിച്ച് അറിയാൻ പുതുതലമുറയ്ക്ക് വഴിയൊരുക്കും. വി.ടി. ഭട്ടതിരിപ്പാട് അവസാന കാലത്ത് പറഞ്ഞ മനുഷ്യനെ നമ്പൂതിരിയാക്കുക എന്ന ആശയമുണ്ടല്ലൊ. അത് നമ്പൂതിരിക്കും ബാധകമാണ്. പൂണൂൽ ധാരികളായാൽ മാത്രം പോരാ. നമ്പൂതിരി ബ്രാഹ്മണൻ ആവുക തന്നെ വേണം. അതിൽ അറിവിന് വലിയ പങ്കുണ്ട്. നമ്മളെപ്പറ്റിയുള്ള അവെയർനെസ്സ്. അതും മുഖ്യമാണ്.

● ദേഹത്തെ നൂലും പേരിലെ വാലും നമ്മുടെ ഐഡി കാർഡ് ആയിരുന്നു. പുതുതലമുറയിൽ ഇതു രണ്ടും ഇല്ലാതായി വരുന്നു. മിക്കവാറും പേർ മനുഷ്യരായി. വെജിറ്റേറിയൻ നിഷ്ഠയും കുറഞ്ഞു വരുന്നു. എങ്ങനെ കാണുന്നു ഈ വിഷയത്തെ?




*പത്നി ആശ, മകൻ അഗ്നിശർമ്മൻ, മകന്റെ പത്നി തുളസി, മകൾ സാവിത്രി എന്നിവർക്കൊപ്പം*

## എണ്ണൂറിലേറെ ക്ഷേത്രങ്ങളുടെ തന്ത്രി

ശ്രീവല്ലഭന്റെയും ആറന്മുള ഭഗവാന്റെയും പന്തളം കൊട്ടാരത്തിലെ ശബരിമല മൂലസ്ഥാനം ക്ഷേത്രത്തിന്റെയും ഉൾപ്പെടെ കോട്ടയം മുതൽ തിരുവനന്തപുരം വരെ എണ്ണൂറിലേറെ ക്ഷേത്രങ്ങളിൽ തന്ത്രി. തളിപ്പറമ്പിലാണ് ശരിക്കുള്ള ആരൂഢം. വളരെ മുമ്പു തന്നെ അവിടെ നിന്ന് കോഴിക്കോട് നരിക്കുനിയിലെത്തി. നരിക്കുനിയിൽ ഇപ്പോഴും കുഴിക്കാട്ടു പറമ്പ് എന്ന സ്ഥലമുണ്ട്. പിന്നീട് ഇരിങ്ങാലക്കുട. അവിടെ നിന്നാണ് ഇപ്പോൾ താമസിക്കുന്ന തുകലശ്ശേരിയിലെത്തിയത്. 2004ൽ സഭയുടെ പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ആയിരുന്നു. 2007 മുതൽ 2015 വരെ സംസ്ഥാന പ്രസിഡന്റും. ഇപ്പോൾ വീണ്ടും പ്രസിഡന്റായി. തൃശൂർ ചിന്മയാ മിഷൻ കോളേജിൽ നിന്ന് ബികോം പാസായി. ശബരിമല അയ്യപ്പ സേവാസമാജം, തന്ത്രിസമാജം, സമന്വയ, തന്ത്രവിദ്യാപീഠം, ആചാര്യസഭ തുടങ്ങി നിരവധി സംഘടനകളിൽ നേതൃപരമായ പങ്കാളിത്തം.

ഭാര്യ ആശ കാളിദാസൻ. പോസ്റ്റു ഗ്രാജുവേഷന് ശേഷം സ്വന്തമായ പ്ളാസ്റ്റിക് ഇൻഡസ്ട്രി മാനേജ് ചെയ്യുന്നു. മകൻ അഗ്നിശർമ്മൻ ഭട്ടതിരിപ്പാട്. ചെന്നൈ എസ്.ആർ.എം യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിലിം ഡയറക്ഷൻ ആൻഡ് എഡിറ്റിംഗ് പഠിച്ച ശേഷം ഫിലിം മേഖലയിൽ ജോലി ചെയ്യുന്നു. മകന്റെ പത്നി തുളസിയും ഫിലിം മേഖലയിൽ ജോലി ചെയ്യുന്നു. മകൾ സാവിത്രി കെ ഭട്ടതിരിപ്പാട് എം.എസ്.സി ക്ളിനിക്കൽ സൈക്കോളജിക്കു ശേഷം ഹൈദരാബാദിലെ ഒരു കോളേജിൽ ഓൺലൈൻ ഗസ്റ്റ് ലക്ചറർ.

കാളിദാസൻ ഭട്ടതിരിപ്പാടിന് മൂന്ന് സഹോദരങ്ങൾ മൂത്ത ഏട്ടൻ മഹേശ്വരൻ ഭട്ടതിരിപ്പാട് സെയിൽസ് ടാക്സിലായിരുന്നു; റിട്ടയർ ചെയ്തു. തൃശൂരിൽ താമസം. രണ്ടാമത്തെ ഏട്ടൻ നാരായണൻ ഭട്ടതിരിപ്പാട് വ്യവസായ കേന്ദ്രം ജനറൽ മാനേജറായി വിരമിച്ചു. മൂന്നാമത്തെ സഹോദരൻ അഗ്നിശർമ്മൻ ഭട്ടതിരിപ്പാട് ദേവസ്വം ബോർഡിൽ മരാമത്ത് വകുപ്പിൽ എൻജിനീയറായിരുന്നു.കല്ലൂപ്പാറ പാതിരവേലിൽ ഇല്ലത്ത് പി.എൻ പ്രഹ്ളാദന്റെ (റിട്ട.ഇന്ത്യൻ ബാങ്ക് മാനേജർ) ഭാര്യ ശ്രീദേവീ പ്രഹ്ളാദനും കോട്ടയം വടക്കുംമ്യാൽ ഇല്ലത്ത് വി.എൻ വാസുദേവന്റെ (റിട്ട. ബി.ഡി.ഒ) ഭാര്യ രാധികാ വാസുദേവനും സഹോദരിമാരാണ്.



## തന്ത്രിയുടെ പത്നി വ്യവസായി

ബാങ്കിൽ നിന്ന് വായ്പയെടുത്ത് ഇല്ലത്തെ കോമ്പൗണ്ടിൽ തന്നെ ഒരു പ്ളാസ്റ്റിക് ഇൻഡസ്ട്രി നടത്തുകയാണ്പത്നി ആശ. എസ്.എസ് പോളിമേഴ്സ് ആൻഡ് പാക്കേജിംഗ്സ്. എം.എസ്.സി കഴിഞ്ഞ ആളാണ്. വേണമെങ്കിൽ കോളേജിൽ ലക്ചറർ ആവാം. എന്നാൽ ഭർത്താവ് താന്ത്രിക മേഖലയിലായതിനാൽ അധികവും പുറത്തു പോവേണ്ട അവസ്ഥയായും. അതിനാൽ ഇല്ലത്തിരുന്ന് ചെയ്യാവുന്ന ജോലി എന്ന നിലയിലാണ് സ്വയം സംരംഭകയായത്. 1992 ലാണ് വേളി കഴിഞ്ഞ് എത്തിയത്. 95 മുതൽ വ്യവസായ രംഗത്തുണ്ട്. അരവണപ്പായസവും മറ്റും നിറയ്ക്കാവുന്ന പ്ളാസ്റ്റിക് ടിന്നുകളാണ് ഉല്പാദിപ്പിക്കുന്നത്. ഇതിനായി കിറ്റ്കോയിൽ നിന്ന് ടെക്നിക്കൽ പരിശീലനവും നേടി. കോട്ടയം കുമാരനല്ലൂരിലെ ചൂരക്കാട്ടാണ് ഇവരുടെ ഇല്ലം. അച്ഛൻ നാരായണൻ നമ്പൂതിരിയും സഹോദരന്മാരുമെല്ലാം ബിസിനസുകാരാണ്.

❑ബ്രിട്ടനിൽ പ്രധാനമന്ത്രി വെജിറ്റേറിയൻ ആണ്. അദ്ദേഹം ഹിന്ദു ധർമ്മം പുലർത്തുന്നു. ഗോമാതാവിനെ ആദരിക്കുന്നു. മൂന്നു തലമുറക്കപ്പുറം ഇന്ത്യയിൽ വേരുണ്ടായിരുന്നു എന്നതു കൊണ്ടു മാത്രമാണ് ഇത്. ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്.

● ഒരു കാലത്ത് പൂണൂൽ പൊട്ടിച്ചവർ മക്കളുടെ ഉപനയനം നടത്തിയതിന്റെ ധാരാളം ഉദാഹരണങ്ങൾ ഇവിടെത്തന്നെയുണ്ട്. അതുപോലെ വാലും നൂലുമെല്ലാം തിരിച്ചു വരുമെന്നാണോ?

❑അറിവില്ലാത്തതു കൊണ്ട് ചിലർ കാണിക്കുന്ന അബദ്ധങ്ങൾ അറിവു വയ്ക്കുമ്പോൾ തിരുത്തുന്നുണ്ട്.

● താങ്കളുടെ മക്കളുടെ പേരിൽ വാലുണ്ടോ?

❑ഉണ്ട്, അഗ്നിശർമ്മൻ ഭട്ടതിരിപ്പാട്.

● ഇതര സമുദായ സംഘടനകൾ എന്തു ചെയ്യുന്നു എന്നതു കൂടി പുതു തലമുറ കാണുന്നുണ്ട്. ഇത് നമ്മുടെ പ്രവർത്തനത്തെ എങ്ങനെ സ്വാധീനിക്കും?

❑പൊതുസമൂഹത്തിലെ മിക്ക കാര്യങ്ങളും നമ്മളെയും സ്വാധീനിക്കും. ഗുണകരമായതു മാത്രമല്ല മോശമായ കാര്യങ്ങളും സ്വാധീനിക്കും. നമ്മുടെ മീറ്റിംഗുകളിൽപ്പോലുമുണ്ട് നിലവാരത്തകർച്ച.

● അതിന് എന്താണ് പരിഹാരം?

❑സംഘടനാ പ്രവർത്തകർക്ക് അത്തരം കാര്യങ്ങളിൽ ക്ളാസ് വേണ്ടതുണ്ട്.

● സഭാംഗങ്ങൾക്ക് പൊതുവിൽ ഇത്തരം ക്ളാസുകൾ വച്ചു കൂടെ. ഐ. എ എസുകാരും ഹൈക്കോടതി ജഡ്ജിമാരും ഉന്നത ഉദ്യോഗസ്ഥരുമൊക്കെ നമുക്കിടയിലുണ്ട്. ദൈനംദിന സഭാ പരവർത്തനത്തിന് അവരെ കിട്ടില്ലെങ്കിലും വല്ലപ്പോഴുമുള്ള ഇന്ററാക്ഷനുകൾക്ക് വേദി ഒരുക്കിക്കൂടേ

❑അത്തരം പല കാര്യങ്ങളും ആലോചനയിലുണ്ട്. വലിയ മാറ്റങ്ങളുടെ പാതയിലാണ് സഭ. മെമ്പർഷിപ്പ് കാമ്പെയിൻ കഴിയുന്നതോടെ ധാരാളം പുതുമുഖങ്ങൾ എത്തും. പുതിയ ആശയങ്ങളും.

● മുമ്പ് ബി.ഡി.ജെ.എസ് എന്ന സംഘടനയുമായി താങ്കൾ ഐക്യപ്പെട്ടത് പുതിയ ആശയമായിരുന്നു. അത് വിവാദങ്ങളാണ് ഉണ്ടാക്കിയ്.

❑ഹിന്ദുക്കളുടെ ഐക്യമായിരുന്നു ലക്ഷ്യം. പൊളിറ്റിക്കൽ ലക്ഷ്യമല്ല. ഒന്നര വർഷത്തോളം അതിന്റെ ഉപാദ്ധ്യക്ഷനുമായി. എന്നാൽ പിന്നീട് അതിന്റെ കാഴ്ചപ്പാടിൽ മാറ്റമുണ്ടായപ്പോൾ അതിൽ നിന്ന് മാറി നിൽക്കുകയും ചെയ്തു. രാഷ്ട്രീയം ലക്ഷ്യമാവുമ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാവുന്നത്.

● ഹിന്ദു പല ജാതികളും തട്ടുകളുമായി നില നിൽക്കുമ്പോൾ ഈ ഐക്യപ്പെടൽ അസാധ്യമല്ലേ?

❑അങ്ങനെയല്ല അതിനെ കാണേണ്ടത്. പല ജാതികളായി നിൽക്കുമ്പോഴും ഒന്നിച്ചു പ്രവർത്തിക്കാവുന്ന മേഖലകളുണ്ടാവും. ഒന്നിക്കേണ്ടതിന്റെ ആവശ്യകതയും. സാമൂഹികമാണ് ആ ആവശ്യം. ഇപ്പോൾ ചിദാനന്ദപുരി അദ്ധ്യക്ഷനായി പ്രവർത്തിക്കുന്ന ആചാര്യസഭയും ഇത്തരമൊരു ലക്ഷ്യം നിർവഹിക്കാനുള്ളതാണ്.

● ആചാര്യസഭയിൽ താങ്കളുണ്ടോ?

❑ഞാൻ മാത്രമല്ല മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയും അതിലുണ്ട്.

● എല്ലാവരെയും ബ്രാഹ്മണരാക്കുക എന്ന ലക്ഷ്യമാണോ അതിന്.

❑അങ്ങനെ പറഞ്ഞാൽ പല തെറ്റായ വ്യാഖ്യാനങ്ങളുമാണ് ഉണ്ടാവുക. ഇങ്ങനെ പറയാം. ഹിന്ദു സമൂഹത്തിന് കുറെയേറെ മേഖലകളിൽ ഒരേ പോലുള്ള ആചാരക്രമങ്ങൾ ഉണ്ടായാൽ നല്ലതല്ലേ? കാലഹരണപ്പെട്ട ചിലതെല്ലാം പരിഷ്കരിക്കുന്നത് നല്ലതല്ലേ? ഹിന്ദുവിന് ഒരു മിനിമം കോമൺ പ്ളാറ്റ്ഫോം. നേരത്തെ പറഞ്ഞ നമ്പൂരി മുതൽ നായാടി വരെ പാലിക്കാവുന്ന പാലിക്കേണ്ട ചില തത്വങ്ങൾ. അത് ബ്രാഹ്മണന്റെ ഉന്നത നിലവാരത്തിലുള്ളതായാലോ. അപ്പോൾ മനുഷ്യർ ബ്രാഹ്മണരാവുന്ന അവസ്ഥയായി.

● രാഷ്ട്രീയം കലർത്താതെയുള്ള ഹിന്ദുവിന്റെ ഐക്യപ്പെടൽ?

❑അതേ, അതിൽ സമുദായത്തിനും സഭക്കും പലതും ചെയ്യാനുണ്ട്. സഭ കൂടുതൽ ശക്തിപ്പെടേണ്ടതുണ്ട്.

● താങ്കൾക്ക് സഭയെ ശക്തിപ്പെടുത്താനാവട്ടെ. സ്വസ്തിയുടെ പ്രാർത്ഥനകൾ കൂടെയുണ്ടാവും.

❑സന്തോഷം , നന്ദി ●

അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട്, കുഴിക്കാട്ട് ഇല്ലം,
തുകലശ്ശേരി, പി.ഒ:തിരുവല്ല,
പത്തനംതിട്ട ജില്ല
മൊബൈൽ: 9447375368

# യന്ത്രക്കൂട്



**മിനിക്കഥ**

**അനിയൻ തലയാറ്റുംപിള്ളി**



‘ഉണ്ണീ എനിയ്ക്ക് കടയിൽ ഒന്നു പോകണം. കുറച്ച് സാധനങ്ങൾ വാങ്ങാനുണ്ട് ’

‘എന്തിനാ അച്ഛൻ പോകുന്നത്.ആ ലിസ്റ്റ് ഇങ്ങോട്ടു തരൂ ഓൺലൈനിൽ വരുത്തിത്തരാം’

‘മുപ്പതാം തിയതി ആയി .പെൻഷ്യൻ വാങ്ങാൻ ട്രഷറിയിൽ ഒന്നു പോകണം’

‘പെൻഷ്യൻ അച്ഛന്റെ അക്കൗണ്ടിൽ വരില്ലേ? കാർഡുമുണ്ട്. എന്തു കാര്യവും അതുകൊണ്ട് നടക്കും’

‘അതല്ല പഴയ കൂട്ടുകാരെ ഒക്കെ ഒന്നു കാണാമായിരുന്നു.’

‘അതിനു വഴിയുണ്ട്. അവരുടെ എല്ലാം ഒരു ഗൂഗിൾ മീററ് സംഘടിപ്പിക്കാം. എല്ലാവരേയും കണ്ടുകൊണ്ട് എത്ര സമയം വേണമെങ്കിലും അച്ഛന്റെ കസേരയിൽ ഇരുന്ന് സംസാരിക്കാം.’

‘ഇവിടെ ഇരുന്നു മടുത്തു ഒരു എക്സർസൈസുമില്ല.എന്നും വൈകിട്ട് ഒന്നു നടക്കാൻ പോയാലോ?’

‘അച്ഛാ ഇവിടെ ത്രഡ്മിൽ വാങ്ങിയിട്ടില്ലേ? അതിൽ നമുക്ക് ഇഷ്ടമുള്ള സമയത്ത് ഇഷ്ട്ടമുള്ള സ്പീഡിൽ എത്ര സമയം വേണമെങ്കിലും നടക്കാമല്ലോ?’

‘എന്റെ ബി പി യും ഷുഗറും എല്ലാം ടെസ്റ്റു ചെയ്യാറായി. ടെസ്റ്റ് ചെയ്യാൻ കൊടുത്ത് ഉടനെ വരാം.’

‘ഇതെല്ലാം ടെസ്റ്റു ചെയ്യാൻ ഇവിടെ മിഷ്യനുണ്ട്.ഇസിജി. പൾസ് എല്ലാം അളക്കുന്ന വാച്ച് വാങ്ങിത്തന്നിട്ടില്ലേ? ഡോക്ട്ടറെ നമുക്ക് ഓൺലൈനിൽ കിട്ടും. ഉടനടി മരുന്ന് ഇവിടെ കിട്ടാനും സംവിധാനം ഉണ്ട്’

‘എനിയ്ക്ക് തലമുടി ഒന്നു വെട്ടണം. ഞാൻ വൈകിട്ട് ഒന്നു നടന്നു പോയി വരാം.’

‘വേണ്ട അച്ഛാ എവിടെ എങ്കിലും വീണാൽ.! പിന്നെ പട്ടികളുടെ ശല്യവും. നല്ല ട്രിമ്മർ വാങ്ങിയിട്ടുണ്ടല്ലോ? അല്ലങ്കിൽ ആള് ഇവിടെ വരും. അച്ഛന്റെ ഇഷ്ട്ടം പോലെ വെട്ടാം’.

‘അമ്പലക്കുളത്തിൽ ഒന്നു പോയി മുങ്ങിക്കളിച്ചിട്ട് കുറച്ചു കാലമായി ’

‘അച്ഛന്റെ ബഡ്റൂമിനോട് ചേർന്ന് അച്ഛന് വേണ്ടിത്തന്നെ ഒരു കുളം ഉണ്ടാക്കിയിട്ടില്ലേ നല്ല വെള്ളവും ആണ്.’

അടുത്ത ദിവസം ഉണ്ണി അച്ഛനെ അച്ഛന്റെ മുറിയിൽക്കണ്ടില്ല. മേശപ്പുറത്ത് ഒരു കുറിപ്പ്

‘അച്ഛൻ കാശിയ്ക്ക് പോവുകയാണ്. ഒരു തീർത്ഥാടനം: അനവധി ആൾക്കാരെക്കാണാം. പുണ്യസ്ഥലങ്ങൾ സന്ദർശിക്കാം’ അതിന് പകരമായി നിനക്ക് പുതിയ യന്ത്രങ്ങൾ ഒന്നുമില്ലല്ലോ ..? ഇനി ഈ യന്ത്രക്കൂട്ടിലേയ്ക്ക് എന്നു തിരിച്ചു വരും എന്നു പറയാൻ പറ്റില്ല. ●

അനിയൻ തലയാറ്റുംപിള്ളി, പി.ഒ: കുറിച്ചിത്താനം
കോട്ടയം, പിൻ: 686634, മൊബൈൽ: 9447138644



## വേർപാടിന്റെ 38 വർഷം

# പാനാട്ട് ശ്രീധരൻ നമ്പൂതിരി

(മേടം/ഉത്രാടം) **25.4.1924 / 11.3.1985** (കുംഭം/വിശാഖം)

**പാനാട്ട് ഇല്ലം, പി.ഒ: വിളയിൽ വഴി: കുഴിമണ്ണ മലപ്പുറം: ജില്ല**

## ശ്രദ്ധാഞ്ജലിയോടെ

**സഹധർമ്മിണി:** സാവിത്രി അന്തർജനം
**മക്കൾ:** ശ്രീദേവി, പദ്മനാഭൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി,
സുധ, കൃഷ്ണൻ നമ്പൂതിരി.
**മരുമക്കൾ:** എൻ.ടി.കൃഷ്ണൻ നമ്പൂതിരി. (നല്ലൂർ തെഞ്ചീരി ഫറോക്ക്)
കെ.സി.ലളിത (കൊയ്യത്ത് ചെപ്പന്നൂർ,തളിപ്പറമ്പ്) ഇ.എം.ശോഭ (കരുമകൻ കാവ്
മുല്ലപ്പള്ളി, ഫാറൂഖ് കോളേജ്) കെ.എം സുകുമാരൻ (കൈപ്പറമ്പ് കുറൂർ)
സുജ (കരിയന്നൂർ, പുലാമന്തോൾ കൊപ്പം)
**പേരമക്കൾ:** ബിന്ദു തിരുവാലൂർ, സവിത തത്തനാരി, ഹരിനാരായണൻ,
ശ്രീധരൻ,ശ്രീദത്ത്, ശ്രീരാഗ്, ശരണ്യ, ശരത്, അമൃത കൂടലാറ്റുപുറം,
അർജുൻ കുറൂർ, സാവിത്രി, പാർവതി, ആര്യ

# നാട്യങ്ങളില്ലാത്ത നടൻ

വിടി ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് പ്രൊഫഷണൽ നാടകങ്ങളായ രംഗചേതനയുടെ നിങ്ങളാരേ കമ്മ്യൂണിസ്റ്റാക്കി, സ്റ്റേജ് ഇന്ത്യയുടെ സ്യമന്തകം, ഭാഗ്യരേഖ, മഞ്ചേരി ദൃശ്യയുടെ അഗ്നിശലഭങ്ങൾ, തുടങ്ങിയ നാടകങ്ങൾ നിരവധി സ്റ്റേജുകളിലൂടെ പി എൻ രാജനെ പ്രശസ്തനാക്കി. 1995ൽ മികച്ച നാടക നടനുള്ള അവാർഡും, മികച്ച നാടകത്തിനുള്ള അവാർഡും രാജനെയും കരിക്കാട് കലാസമിതിയെയും തേടിയെത്തി.

പി എൻ രാജൻ മലപ്പുറം ജില്ലയിൽ മഞ്ചേരിക്കടുത്ത് കരിക്കാട് പുളിക്കത്തൊടി മനയിൽ നാരായണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകനായി ജനിച്ചു. സ്കൂൾ കാലഘട്ടത്തിൽ നാടകത്തിൽ താല്പര്യം കാണിച്ച രാജൻ കലോത്സവങ്ങളിലൂടെ അരങ്ങേറ്റം കുറിച്ച് കൊണ്ട് അമേച്വർ, പ്രൊഫഷണൽ നാടകങ്ങളിലൂടെ പ്രതിഭ തെളിയിച്ചു.

സ്കൂൾ കാലഘട്ടത്തിന് ശേഷം മഞ്ചേരി പ്രീതി മ്യൂസിക് ക്ലബ്ബിന് കീഴിൽ ഗുരുവായ ശ്രീ പി എസ് മാഷുടെ ശിഷ്യത്വത്തിൽ സുബൈബ മുതൽ ഏശ വരെ, ശ്വേതാശ്വങ്ങൾ തുടങ്ങിയ നാടകങ്ങളിലൂടെ അമേച്വർ രംഗത്തെത്തി. കരിക്കാട് കലാസമിതിയുടെ ഒട്ടേറെ നാടകങ്ങളിൽ പി എൻ രാജൻ എന്ന നടന്റെ പേര് എറനാട്ടിൽ അറിയപ്പെട്ടു തുടങ്ങി. പികെ ദേവൻ, അഡ്വക്കേറ്റ് വിനോദ് എന്നിവരുടെ കൂട്ടായ്മയിൽ പിറന്ന നാടകങ്ങളിൽ പ്രജാപതി, സംഘവൃത്തം, അമ്മ കരയരുത് തുടങ്ങി ഒട്ടേറെ നാടകങ്ങൾ കരിക്കാട് കലാസമിതിയോടൊപ്പം ചേർന്ന് അഭിനയിച്ചു. ഇതിൽ 'അമ്മ കരയരുത് 'എന്ന നാടകത്തിനു 1995ൽ മികച്ച നാടക നടനുള്ള അവാർഡും, മികച്ച നാടകത്തിനുള്ള അവാർഡും പി എൻ രാജനെയും കരിക്കാട് കലാസമിതിയെയും തേടിയെത്തി. ആ വർഷം നായരമ്പലം നാടകശാല നടത്തിയ മത്സരത്തിലും മികച്ച നാടക നടനും അവതരണത്തിനും ഉള്ള അവാർഡ് കരിക്കാട്ടുകാർ സ്വന്തമാക്കി.



ഭാവ വൈവിദ്ധ്യങ്ങൾക്ക് അവസരം ലഭിക്കുന്ന വൃദ്ധ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിൽ പി എൻ രാജനു സമശീർഷനായി മറ്റൊരു നടനെ കണ്ടെത്തുക സാധ്യമല്ല. വി ടി ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക' തുടങ്ങി പ്രൊഫഷണൽ നാടകങ്ങളായ രംഗചേതനയുടെ 'നിങ്ങളാരേ കമ്മ്യൂണിസ്റ്റാക്കി',സ്റ്റേജ് ഇന്ത്യയുടെ സ്യമന്തകം, ഭാഗ്യരേഖ, മഞ്ചേരി ദൃശ്യയുടെ അഗ്നിശലഭങ്ങൾ, തുടങ്ങിയ നാടകങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം നിരവധി സ്റ്റേജുകളിലൂടെ പി എൻ രാജൻ എന്ന നടനെ പ്രശസ്തനാക്കി.

2012 ൽ നടന്ന കുടുംബ സംഗമത്തിൽ സൗന്ദര്യലഹരി എന്ന നാടകത്തിലെ രാജഗുരുവായി രാജൻ ജീവിക്കുകയായിരുന്നു. തന്റെ കഥാപാത്രങ്ങളിലെ ഏറ്റവും മികച്ചതും വെല്ലുവിളി നിറഞ്ഞതുമായതായിരുന്നു രാജഗുരു എന്ന് അദ്ദേഹം പറയുന്നു.

നാടകത്തിനു വേണ്ടി ജന്മമെടുക്കുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത അപൂർവ പ്രതിഭകളിൽ ഒരാളാണ് ഈ കരിക്കാട്ടുകാരൻ. ഇതോടൊപ്പം കൃഷിക്കാരനായും പൂജാരിയായും ജീവിച്ചു. അദ്ദേഹത്തിന്റെ സഹോദരങ്ങളിൽ ഒരാളാണ് പ്രശസ്ത എഴുത്തുകാരനായ പി.എൻ വിജയൻ. നടനെന്ന നിലയിൽ ഇനിയും നല്ല കഥാപാത്രങ്ങൾക്കുള്ള ബാല്യം തന്നിലുണ്ടെന്ന് എഴുപതാം പിറന്നാൾ ആഘോഷിക്കുന്ന വേളയിലും പി എൻ രാജൻ പറയുന്നു.

പൂർണ്ണപിന്തുണയുമായി പത്നി പി കെ രമണി മക്കൾ രമ്യ, രാഗേഷ് , മരുമക്കൾ സുരേഷ്,കാർത്തിക, എന്നിവർ കൂടെയുണ്ട്. പേരക്കുട്ടികളായ അശ്വിൻ, ആകാശ് സാവൻരാഗ്, നയൻ രാഗ് എന്നിവരിൽ ആരെങ്കിലും ഒരാൾ അഭിനയത്തിൽ താല്പര്യം കാണിക്കുമെന്ന് രാജന് പ്രതീക്ഷയുണ്ട്. അഭിനയജീവിതത്തിന് പ്രായം ഒരു പ്രശ്നമല്ലാത്തതിനാൽ കരിക്കാട്ട്, തറവാടിനു ചേർന്നുള്ള വസതിയിൽ അടുത്ത കഥാപാത്രത്തെ കാത്തിരിക്കുകയാണ് രാജൻ.

ഈ വരുന്ന ഫിബ്രവരി 12ാം തീയതി സപ്തതിയിലെത്തുന്ന ശ്രീ. പി. എൻ. രാജന് ആശംസകളോടെ, അഭിനന്ദനങ്ങളോടെ, കുടുംബാംഗങ്ങൾ, സ്നേഹിതർ, നാട്ടുകാർ.

പി എൻ രാജൻ,
പുളിക്കത്തൊടി മന
പി. ഒ തൃക്കലങ്ങോട്,
കരിക്കാട്, മഞ്ചേരി.
മലപ്പുറം ജില്ല,
മൊബൈൽ
7306423971




## വീരപ്പന്റെ കാട്ടിലൂടെ കൊട്ടവഞ്ചിയിൽ

# ജീവൻ കയ്യിലെടുത്ത്

**ഹെലികോപ്റ്ററും സന്നാഹങ്ങളുമായി പട്ടാളം ശ്രമിച്ചിട്ടുപോലും വീരപ്പനെ കണ്ടെത്താനായിട്ടില്ല. പിന്നെയാണോ ആ കാട്ടിലെ കാവേരിയിൽ മുങ്ങി മരിക്കുന്ന ഒരാളെ. ഇനിയിപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. നിരവധി യാത്രകൾ നടത്തിയതാണെങ്കിലും ഇത്ര സാഹസികമായത് ആദ്യമാണ്. കഷ്ടിച്ച് രണ്ടാൾക്ക് മാത്രം ഇരിക്കാവുന്ന ഒരു കൊട്ട. തുഴയുന്നത് അപരിചിതനായ തമിഴൻ. കാട്ടിലെ കുത്തൊഴുക്കിലൂടെയുള്ള യാത്രയും.**

**അശോക് കൗതുകപ്പിള്ളി**



ഇടതൂർന്ന സത്യമംഗലം കാട്ടിലൂടെയാണ് യാത്ര. കുത്തിയൊഴുകുന്ന കാവേരിയിലൂടെ. അതും വെറുമൊരു കൊട്ടവഞ്ചിയിൽ. കാട്ടുകള്ളൻ വീരപ്പൻ അടക്കിവാണ കൊടുങ്കാടാണ്. ഇപ്പോൾ വീരപ്പനില്ലെങ്കിലും കാട്ടുമൃഗങ്ങളുണ്ട്. പേടി തോന്നിയെങ്കിലും വഞ്ചി നീങ്ങിത്തുടങ്ങിയപ്പോൾ ഉന്മേഷമായി. കുറച്ചു ചെന്നപ്പോൾ പുഴയുടെ മട്ടുമാറി. ശക്തമായ ഒഴുക്ക്. ഒഴുക്കിൽ കയറിയപ്പോൾ ശരംവിട്ട പോലെയാണ് വഞ്ചി പായുന്നത്. ഇടക്കിടെ ഉയർന്നു നിൽക്കുന്ന പാറക്കൂട്ടങ്ങൾ. അവയിൽ തട്ടാതെ വഞ്ചിക്കാരൻ പങ്കായം കൊണ്ട് കറക്കി മാറ്റിവിടുന്നു.

ഞാനാകട്ടെ വഞ്ചിയിൽ ആവുന്നത്ര മുറുക്കി പിടിച്ചു. വഞ്ചി പമ്പരം പോലെ കറങ്ങുകയാണ്. ചുറ്റും ഒരു വലയം മാത്രം. എന്റെ കാര്യം ഏകദേശം തീരുമാനമായി. രക്ഷപ്പെടില്ലന്നു ഉറപ്പ്. മരണം മുന്നിലെത്തിയ പ്രതീതി. ഹെലികോപ്റ്ററും സന്നാഹങ്ങളുമായി പട്ടാളം ശ്രമിച്ചിട്ടുപോലും വീരപ്പനെ കണ്ടെത്താനായിട്ടില്ല. പിന്നെയാണോ ആ കാട്ടിലെ കാവേരിയിൽ മുങ്ങി മരിക്കുന്ന ഒരാളെ. ഇനിയിപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. നിരവധി യാത്രകൾ നടത്തിയതാണെങ്കിലും ഇത്ര സാഹസികമായത് ആദ്യമാണ്. കഷ്ടിച്ച് രണ്ടാൾക്ക് മാത്രം ഇരിക്കാവുന്ന ഒരു കൊട്ട. തുഴയുന്നത് അപരിചിതനായ തമിഴൻ. കാട്ടിലെ കുത്തൊഴുക്കിലൂടെ ഈ യാത്രയും.

ഇന്ത്യയുടെ നയാഗ്ര. അതാണ് ഹൊഗനക്കൽ വെള്ളച്ചാട്ടം. ഒരു കാട്ടുഗ്രാമത്തിൽ ഒളിച്ചിരിക്കുന്ന കാഴ്ചവിസ്മയം. അങ്ങനെയെല്ലാം കേട്ടാണ് പാലക്കാട് നിന്ന് കോയമ്പ

മുറി പൂട്ടി റോഡിലിറങ്ങി യപ്പോൾ കൊട്ടവഞ്ചി കയറ്റിയ ഒരു ഓട്ടോ കിട ക്കുന്നു. അതിൽക്കയറി. ഓട്ടോ ഏതൊക്കെയോ വഴികളിലൂടെ കുറെ ഓ ടി. ഇടതൂർന്ന കാടാണ്. കുറെ ചെന്നപ്പോൾ വണ്ടി നിർത്തി. ഇനി നടക്കണം. ഓട്ടോ തിരികെപ്പോയി. കൂ ടെയുള്ള ആൾ വഞ്ചിയും തലയിലേറ്റി നടന്നു, പുറ കെ ഞാനും.



*കൊട്ടവഞ്ചിയുമായി കാട്ടുവഴികളിലൂടെ വഞ്ചിക്കാരനൊപ്പം*

ത്തൂർ, അവിനാഷി, ഈറോഡ്, മേട്ടൂർ വഴി ഹൊഗനക്കലിൽ എത്തിയത്. തമിഴ്നാട്ടിലെ ധർമ്മപുരി ജില്ലയിലാണ്. ധർമ്മപുരിയിൽനിന്ന് 50 കി മീ ദൂരം. ഗൂഗിൾ ഉള്ളതിനാൽ ആരോടും വഴി ചോദിക്കാതെ എത്തി.

ഒരു ഹോട്ടലിൽ കയറി. ചായകുടിച്ച് ഇറങ്ങിയപ്പോൾ ഒരു കൊച്ചു പയ്യൻ വന്നു തോണ്ടി. സർ എന്തെങ്കിലും തരണം. കണ്ടാൽ വളരെ ദയനീയമാണ്. എന്നാൽപ്പിന്നെ ഇവനോട് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാമെന്ന് വച്ച് വണ്ടിക്കടുത്തേക്ക് കൊണ്ടുപോയി.

മീൻപിടുത്തവും വഞ്ചിയാത്രയുമാണ് ഇവിടെ മിക്കവരുടെയും പണി. ടൂറിസ്റ്റുകളെ ആശ്രയിച്ച് കഴിയുന്നവർ. നദിയുടെ ഇരുകരകളും സത്യമഗലം കാടുകളാണ്. ഒരുകര കർണ്ണാടകവും മറുകര തമിഴ്നാടും. കാട്ടിലെ കൊട്ടവഞ്ചി യാത്ര രണ്ടുവിധത്തിലുണ്ട്. വണ്ടികൾ പാർക്ക് ചെയ്യുന്ന സ്ഥലത്തു നിന്നും വെള്ളച്ചാട്ടത്തിനടുത്തു കൂടി കറങ്ങി ഒന്ന് ചുറ്റിവരുവാൻ രണ്ടു പേർക്ക് 800 രൂപ. കാട്ടിലൂടെയുള്ള വഴിയിൽ 3കി മീ പോയി തിരിച്ചു നദിയിൽ കൂടി വഞ്ചിയിൽ വരുന്ന സവാരിക്ക് 2000 രൂപ. ഇതാണ് പാക്കേജ്. പയ്യൻ കാണിച്ചു തന്ന ഒരു മാതിരി കൊള്ളാവുന്ന ഒരു ലോഡ്ജിലാണ് മുറിയെടുത്തത്. അവൻ തന്നെയാണ് വഞ്ചിക്കാരനെ ഏർപ്പാടാക്കിയത്.

സർ; പറ്റുമെങ്കിൽ കുറച്ചു ദൂരം വണ്ടിയിൽ പോയി തിരികെ കൊട്ടവഞ്ചിയിൽ വരുന്ന യാത്രയാണ് നല്ലത്. അത് സാറിന് മറക്കാൻ പറ്റാത്ത യാത്രയയിരിക്കും. പ്രലോഭിപ്പിച്ചുകൊണ്ട് ആ പയ്യൻ പറഞ്ഞു.

മറക്കാൻ പറ്റാത്ത ആ യാത്രയാണ് ഇപ്പോൾ പാറക്കെട്ടിലിടിച്ച് ഇല്ലാതാവാൻ പോവുന്നത്.

രാവിലെ 6 മണിക്ക് അലാറം കേട്ടാണ് ഉണർന്നത്. പെട്ടന്നെ തയ്യാറായി മുറിക്ക് പുറത്തിറങ്ങിയപ്പോൾ ഒരാൾ വഞ്ചിയാത്രക്ക് ഒരുങ്ങി നിൽക്കുന്നു. പയ്യൻ പറഞ്ഞേൽപ്പിച്ച ആൾ. മുറി പൂട്ടി റോഡിലിറങ്ങിയപ്പോൾ കൊട്ടവഞ്ചി കയറ്റിയ ഒരു ഓട്ടോ കിടക്കുന്നു. അതിൽക്കയറി. ഓട്ടോ ഏതൊക്കെയോ വഴികളിലൂടെ കുറെ ഓടി. ഇടതൂർന്ന കാടാണ്. കുറെ ചെന്നപ്പോൾ വണ്ടിനിർത്തി. ഇനി നടക്കണം. ഓട്ടോ തിരികെപ്പോയി. കൂടെയുള്ള ആൾ വഞ്ചിയും തലയിലേറ്റി നടന്നു, പുറകെ ഞാനും. കാടിനുള്ളിൽകൂടി കുറച്ചു നടന്നപ്പോൾ നദിക്കരയിലെത്തി. വഞ്ചിക്കാരൻ കൊട്ടവഞ്ചി നദിയിലേക്കിട്ടു. ഈറ്റയും, പ്ലാസ്റ്റിക്ക് ചാക്കും, ടാറും, ഉപയോഗിച്ചാണ് നിർമ്മിച്ചത്. എന്റെ മുഖഭാവം കണ്ടാകണം ഒന്നും പേടിക്കണ്ടെന്നും 18 വർഷമായി കൊട്ടവഞ്ചി തുഴയലാണ് പണിയെന്നും വഞ്ചിക്കാരൻ പറഞ്ഞു. അങ്ങനെയാണ് വഞ്ചിയിൽ കയറിയത്. ഇപ്പോഴിതാ ജീവൻ കയ്യിലെടുത്ത് ഇരിക്കേണ്ട അവസ്ഥ.

വഞ്ചികയറും മുമ്പ് നദിക്കരയിലെ മരച്ചുവട്ടിൽ കണ്ട പ്രതിഷ്ഠയുടെ മുന്നിൽ ആത്മാർഥമായി തൊഴുതിരുന്നു. ഈ യാത്രയിൽ ആകെ പ്രതീക്ഷ ജഗദീശ്വരൻ മാത്രമാണ്. ഇത്ര പേടിയാണെങ്കിൽ പോകണ്ട എന്നുവച്ചു കൂടെ? ഇല്ല അത് പറ്റില്ല. അപ്പോൾ എന്നിലെ അഹംബോധം തോറ്റുപോകും. അതാണല്ലോ മനുഷ്യരുടെ കുഴപ്പം.

കാവേരി നല്ല വേഗത്തിൽ ഒഴുകുക



*ഒഴുക്കിൽ കാവേരി നദിയിൽ കുതിച്ചു പായുന്ന കൊട്ടവഞ്ചി. വഞ്ചിക്കാരനാണ് ചിത്രത്തിൽ*

വഞ്ചികയറും മുമ്പ് നദിക്കരയിലെ മരച്ചുവട്ടിൽ കണ്ട പ്രതിക്ഷ്ഠയുടെ മുന്നിൽ ആത്മാർഥമായി തൊഴുതിരുന്നു. ഈ യാത്രയിൽ ആകെ പ്രതീക്ഷ ജഗദീശ്വരൻ മാത്രമാണ്. ഇത്ര പേടിയാണെങ്കിൽ പോകണ്ട എന്നുവച്ചുകൂടെ? ഇല്ല അത് പറ്റില്ല. അപ്പോൾ എന്നിലെ അഹംബോധം തോറ്റുപോകും.



*കൊട്ടവഞ്ചിക്കാരെ കാത്തുരക്ഷിക്കുന്ന കാവേരിക്കരയിലെ കാനനദേവത.*

യാണ്. വഞ്ചിയും. കുറെയേറെ ചെന്നപ്പോൾ തടാകം പോലെയുള്ള സ്ഥലത്തെത്തി. അപ്പോളാണ് ശ്വാസം നേരെ വീണത്. വഞ്ചി കറങ്ങിത്തിരിഞ്ഞ് പോന്നതിനാൽ കുറച്ച് നേരത്തേക്കു എവിടെയാണെന്ന് മനസ്സിലാകാൻ കുറച്ചു സമയമെടുത്തു. ഏതോ ലോകത്തിൽ നിന്നെന്നപോലെ ഒരു മുഴക്കം. ഇനി ഒഴുക്കുള്ള സ്ഥലമില്ല അതുകൊണ്ട് പേടിക്കണ്ട എന്ന് അയാൾ. ദൈവമേ! ഞങ്ങൾ രണ്ടും തീർന്ന് എങ്ങോട്ടോ ഉള്ള യാത്രയിൽ അയാൾ പറയുന്നത് പോലെയാണ് തോന്നിയത്. ഞാൻ നുള്ളിനോക്കി. വേദനിക്കുന്നു കുഴപ്പമില്ല. വഞ്ചിക്കാരൻ ഇരുന്ന് ചിരിക്കുന്നു. അയാൾ വേണമല്ലോ കരക്കെത്തിക്കാൻ എന്നത് കൊണ്ടു മാത്രം ആ ചിരി കണ്ടില്ലെന്നു വച്ചു. എന്തായാലും ജീവൻ തിരിച്ചു കിട്ടിയാലുണ്ടാകുന്ന സന്തോഷമുണ്ടല്ലോ അതൊന്നു വേറെതന്നെയാണ്.

വഞ്ചി പതുക്കെപ്പതുക്കെ മുന്നോട്ടു പോയി. പേടിമാറി. ചുറ്റുപാടും ശ്രദ്ധിച്ചപ്പോൾ അവിസ്മരണീയമായ കാഴ്ച. കുറച്ചു മുമ്പു കണ്ട സംഹാരരുദ്രയായ നദിയേ അല്ല. ഒഴുക്കില്ലാതെ ശാന്തമായ തടാകം പോലെ. കാടിനുള്ളിൽ പലതരം പക്ഷികളുടെ പാട്ട്, ബാഹ്യലോകവുമായി ഒരു ബന്ധവുമില്ലാതെ ഇങ്ങനെ ഒഴുകി നടക്കുക. ഈയൊരനുഭവം ജീവിതം മുഴുവൻ ഓർമ്മയിൽ നിൽക്കും. എവിടെ നോക്കിയാലും കാടിന്റെ പച്ചപ്പും, മരങ്ങൾക്കിടയിലൂടെയുള്ള പ്രഭാതകിരണങ്ങളുടെ ഭംഗിയും.

കട്ടാനക്കൂട്ടങ്ങളെപ്പോലെ അവിടവിടെ ഉയർന്നു നിൽക്കുന്ന പാറകൾ. ലോകത്തിലെ തന്നെ ഏറ്റവും പഴക്കമേറിയതാണ് ഇവിടത്തെ കാർബണേറ്റ് പാറകൾ. ഈ പുഴയും കാടുകളുമായിരുന്നു വീരപ്പന്റെ താവളം. ഈ കാട്ടിൽ വീരപ്പൻ എന്നല്ല ആരെയും പുറം ലോകത്തിനു കണ്ടുപിടിക്കാൻ പറ്റില്ല,തീർച്ച. വീണ്ടും ഒരു വെള്ളപ്പാച്ചിൽ ഇതത്ര സാരമില്ലാത്തതായിരുന്നു. പക്ഷേ ഒരു പാറക്കൂട്ടത്തെ വെട്ടിച്ച കൊട്ടവഞ്ചി മറ്റൊരു കൂർത്ത പാറയിൽ തട്ടി തുളവീണു. വെള്ളം ഉള്ളിലേക്കു ഇരച്ചു കയറാൻ തുടങ്ങി. വീണ്ടെടുത്ത ആശ്വാസം വീണ്ടും ഭയത്തിനു വഴിമാറി.

വീരപ്പനെ കണ്ടു വളർന്ന വഞ്ചിക്കാരനുണ്ടോ വല്ല കുലുക്കവും. ഇതോടെ ഒരുകാര്യം തീർച്ചയായി വഞ്ചിക്കാരനു വീടും കുടിയുമൊന്നുമില്ല, പിന്നെ പേടിക്കണ്ടല്ലോ. അയാൾ അടുത്തുകണ്ട ഒരു തിട്ടയിലേക്ക് വഞ്ചി അടുപ്പിച്ചു എന്നെ ഇറക്കി. തുളവീണ ഭാഗം അടയ്ക്കുവാൻ തുടങ്ങി. നമ്മുടെയൊക്കെ വാഹനങ്ങൾ കേടായാൽ എന്തെല്ലാം വേണം നന്നാക്കാൻ. ഇത് സിംപിൾ. ഒരു തീപ്പെട്ടി എടുത്ത് ചുള്ളിക്കമ്പിൽ ഉരച്ചു തീപിടിപ്പിക്കുക. വഞ്ചിയിൽ നിന്നു തന്നെ കുറച്ചു ടാർ ചുരണ്ടി എടുത്തു തീയിൽ കാണിച്ച് ഉരുക്കി തുളയിൽ ഒഴിക്കുക. അയാളുടെ തുപ്പലും കൂടിയായാൽ വഞ്ചി റെഡി. ഒരു തീപ്പെട്ടിക്കൊള്ളിയുടെ വില രണ്ടു ജീവൻ.

ഇതു മുഴുവൻ കണ്ടുകൊണ്ടു ഞാൻ അയാളോട് ചേർന്ന് നിന്നു. പേടികൊണ്ടാണ്. പുറകിൽ നല്ല കാട്. അവിടുന്ന് ചില ഇംഗ്ലീഷ് പടങ്ങളിലെ ബാക്ക്ഗ്രൗ



*മുളയും പ്ളാസ്റ്റിക് ഷീറ്റും ടാറും കൊണ്ട് നിർമ്മിച്ച കൊട്ടവഞ്ചി. ഇത്തരം വഞ്ചികളിൽ സഞ്ചാരികളെ വെള്ളച്ചാട്ടം കാണിക്കാൻ കൊണ്ടുപോവുന്നതാണ് ഇവരുടെ മുഖ്യവരുമാനം*

അടുത്തുകണ്ട ഒരു തിട്ടയി ലേക്ക് വഞ്ചി അടുപ്പിച്ചു. തുള അടയ്ക്കുവാൻ തുട ങ്ങി. ഒരു തീപ്പെട്ടി എടുത്ത് ചുള്ളിക്കമ്പിൽ ഉരച്ചു തീ പിടിപ്പിക്കുക. വഞ്ചിയിൽ നിന്നു തന്നെ കുറച്ചു ടാർ ചുരണ്ടി എടുത്തു തീയിൽ കാണിച്ച് ഉരുക്കി തുള യിൽ ഒഴിക്കുക. അയാളു ടെ തുപ്പലും കൂടിയായാൽ വഞ്ചി റെഡി.



*കല്ലിൽ ഇടിച്ച് തുളവീണ വഞ്ചി ടാർ ഉരുക്കിയൊഴിച്ച് റിപ്പയർ ചെയ്യുന്നു.*

ണ്ട് മ്യൂസിക് പോലുള്ള ശബ്ദങ്ങളും. കുറച്ചു മുമ്പാണെങ്കിൽ മുങ്ങിച്ചാകും എന്നായിരുന്നു ഭയമെങ്കിൽ ഇപ്പോൾ ആനയോ പുലിയോ അതോ കരടിയോ വന്നു പിടിക്കുമോ എന്നോർത്താണ്. എന്തായാലും അടിപൊളി. ഈ യാത്രയിൽ നിന്നും രക്ഷപ്പെട്ടാൽ പിന്നെ ജീവിതത്തിൽ പേടിക്കണ്ട. കാരണം ഇതിലും വലുതായൊന്നും ഇനി വരാനില്ല. വഞ്ചിക്കാരൻ പണികഴിഞ്ഞ് പപ്പടം മറിച്ചിടുന്ന പോലെ വഞ്ചിയെടുത്ത് മറിച്ചിട്ടു. ഇതിൽ കയറുകയല്ലാതെ വേറെ വഴിയില്ലല്ലോ ആ കാട്ടിൽ നിന്ന് പുറത്തു കടക്കാൻ.

കുറച്ചുകൂടി പോയപ്പോൾ വെള്ളച്ചാട്ടത്തിനടുത്തുള്ള കരഭാഗം കണ്ടു തുടങ്ങി. അത്യാവശ്യം ആളുകളെയും. മനുഷ്യർക്ക് ഇത്രയും ഭംഗിയുണ്ടെന്ന് ഇപ്പോളാണ് മനസ്സിലായത്. ഇനിയൊരു മനുഷ്യനെയും കാണാൻ പറ്റുമെന്ന് ഓർത്തിരുന്നില്ലല്ലോ. അങ്ങനെ വഞ്ചി വെള്ളച്ചാട്ടത്തിനടുത്ത് എത്തിയിരിക്കുന്നു. എന്താ ഒരു സുഖം! പേടിയെല്ലാം പോയിരിക്കുന്നു!! കാടിന്റെ അത്ഭുതപ്പെടുന്ന ആ ഒരു സൗന്ദര്യമുണ്ടല്ലോ അത് കണ്ട് തന്നെ അനുഭവിക്കണം!!!

നിരന്നു പരന്ന് ഒഴുകിയെത്തുന്ന കാവേരി പെട്ടെന്ന് അഗാധമായ ഗർത്തത്തിലേക്ക് പതിക്കുന്നു. പലവലിപ്പത്തിലുള്ള പാറകളും കുഴികളും കാരണം നിരവധി വെള്ളച്ചാട്ടങ്ങൾ. ചില സ്ഥലങ്ങളിൽ 69 അടി വരെ താഴ്ചയുണ്ട്. ശരിക്കും നയാഗ്ര പോലെ. വഞ്ചി കരയിലേക്ക് അടുപ്പിച്ചു. വെള്ളച്ചാട്ടം കാണുന്നതിനു ഒരു പ്ലാറ്റ്ഫോം കെട്ടിയിട്ടുണ്ട്. വെള്ളം പലവഴികളായി താഴേക്ക് പതിച്ച്, നുരയും പതയുമായി ഗർത്തത്തിൽ വീണ് ഒഴുകുന്ന അവിസ്മരണീയ കാഴ്ച. വീഴ്ച്ചയുടെ ശക്തിയാൽ ഉയരുന്ന ജലകണങ്ങൾ പുകപോലെ പൊങ്ങി അലയടിക്കുന്നു. ഇവയിൽ സൂര്യകിരണങ്ങൾ ഏഴഴകു വിടർത്തുന്ന മായാജാലം. അതാണ് ഹൊഗനക്കൽ വെള്ളച്ചാട്ടം.

ദൂരെനിന്നു നോക്കിയാൽ വെള്ളച്ചാട്ടം കാണില്ല. ഉയർന്നു പൊങ്ങുന്ന പുക മാത്രമേ കാണൂ. അതിനാൽ പുകവലിക്കുന്ന പാറകൾ എന്നാണ് ഇതിനെ പറയുന്നത്. ഹൊഗനക്കൽ എന്നാൽ കന്നടയിൽ പുകയുന്ന കല്ല് എന്നർത്ഥം. തമിഴർ ഇതിനെ മാരിക്കോട്ടയം എന്നും വിളിക്കുന്നു. ശുദ്ധമായ തമിഴ് പേര് ഉഗുനീർകൽ എന്നാണ്. സംഘസാഹിത്യത്തിൽ തലൈനീർ അരുവിയെന്നും പരാമർശിക്കുന്നു.

ഇവിടത്തെ പ്രധാന വിനോദം ഔഷധക്കുളിയാണ്. നാട്ടുവൈദ്യർ നദിക്കരയിലെ തുറസ്സായ പാറപ്പുറങ്ങളിൽ തൈലം പുരട്ടി ശരീരമാകെ ഉഴിയുന്നു. കുറച്ച് വിശ്രമിച്ചതിനു ശേഷം നദിയിൽ കുളിക്കുന്നു. കാവേരി ജലത്തിന് ഔഷധഗുണമുണ്ടത്രെ. എങ്കിൽ ഒന്നു കുളിക്കാം. വഞ്ചിക്കാരനെ പറഞ്ഞുവിട്ടു. തിരികെ കരയിലൂടെയുള്ള യാത്ര. റൂമിൽ ചെന്നു കെട്ടുമുറുക്കി. അടുത്ത കാഴ്ചകളിലേക്ക് കാറോടിക്കുമ്പോഴും കാവേരി നൽകിയ ഭയം കെട്ടടങ്ങിയിരുന്നില്ല. ആപത്തിൽപ്പെടാതെ രക്ഷിച്ച ആ വനദേവതയും ഉള്ളിലുണ്ടായിരുന്നു. ●


അശോക് എസ്.പി
ശ്രീവിലാസ്, പി.ഒ: കട്ടച്ചിറ
ഏറ്റുമാനൂർ, കോട്ടയം,പിൻ. 686572
മൊബൈൽ: 9446897194


## ട്രാമ്പ്ട്രാവലർ ഡോട്ട് കോം

കാണാത്ത നാടുകളിലേക്ക്, കാണാത്ത സൗഹൃദയങ്ങളിലേക്ക്, യാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു കാലങ്ങളോളം. അലഞ്ഞു തിരിയുന്നവർക്കായി, യാത്രാനുഭവങ്ങൾ, പ്രകൃതിദൃശ്യങ്ങൾ, സംസ്കാരങ്ങൾ, കലകൾ, ആചാരങ്ങൾ, ജൈവസമ്പത്തുകൾ, എന്നിവ മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാനൊരു വേദി. tramptraveller.com.

ചെറുപ്പത്തിലെ വായിക്കുമായിരുന്നു. കിട്ടുന്നതെന്തും വായിക്കും. അങ്ങനെ ഒരിക്കൽ ഒരു ബുക്ക് കിട്ടി. സഞ്ചാരസഹിത്യത്തിലെ മുടിചൂടാമന്നനായ എസ് കെ പൊറ്റക്കാടിന്റെ സഞ്ചാരസാഹിത്യം. അത് വായിച്ചു ഒന്നല്ല അനവധി തവണ. അങ്ങനെ ഞാനൊരു ഊരുതെണ്ടിയായി. ഒന്നുരണ്ടു വിദേശരാജ്യങ്ങൾ, ഇന്ത്യയുടെ പല സ്റ്റേറ്റുകളിലും ചുറ്റി തിരിഞ്ഞു. ഫോട്ടോഗ്രഫിയാണ് ഇഷ്ടമെങ്കിലും യാത്രകളുടെ കുറിപ്പുകൾ, വീഡിയോകൾ എന്നിവയും ഉണ്ട്. ഒരു ഇംഗ്ലീഷ് യുട്യൂബ് ചാനലും ഒരു വെബ്സൈറ്റും ഉണ്ട്. Tramptraveller യുട്യൂബ് ചാനലും, tramptraveller.com വെബ്സൈറ്റുമാണ്. ജോലി ബിസിനസ്സും ഷെയർമാർക്കറ്റും. ഭാര്യ: ദീപ ഇളംതുരുത്തിയില്ലം, മരങ്ങാട്ടുള്ളി, പാല. മക്കൾ: അപർണ്ണ, ആദിദേവ്.

**രണ്ടു തലമുറ മുമ്പ് ജീവിച്ചു മരിച്ച ഉണ്ടപ്ഫൻ എന്ന്**
**വിളിപ്പേരായ നരിക്കാട്ടിരി നീലകണ്ഠൻ നമ്പൂതിരിയെ കുറിച്ച്**
**മഹാകവി ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി**
**രചിച്ച ഈ കവിത അദ്ദേഹത്തിന്റെ സമാഹാരത്തിലുള്ളതാണ്.**
**വര: കൃഷ്ണൻ പാതിരിശ്ശേരി**

# ഉണ്ടപ്ഫൻ



ഉണ്ടപ്ഫനാരാണെന്നു പറയാം വട്ടം പിടി -
ച്ചെണ്ടപോൽ കുള്ളൻ കരിങ്കല്ലിന്റെ കരുത്തുള്ളോൻ
അന്തകൻ തീണ്ടിടായ്‌വാൻ വെണ്ണീറു പൂശി തല -
മണ്ട തൊട്ടദ്ദേഹം തൻ കാലടിയോളം മെയ്യിൽ.

കോണകം വേണ്ടാ കുളക്കടവിൽ തോരും വരെ
വേണമെന്നില്ലാമുണ്ട് പൂമുഖത്തിരിക്കുമ്പോൾ
അല്ലെങ്കിൽ വസ്ത്രങ്ങളാൽ പെട്ടകം നിറയാനീ
അപ്ഫൻമാർക്കാരിൽ നിന്നു കിട്ടുന്നു പശുദ്ദാനം?

ചെത്തുവാൻ ചതുരംഗ കരുവായണവടി -
വെട്ടുവാൻ പണിയിച്ച തോട്ടരക്കാരൻ കത്തി
നാലഞ്ചു പെറ്റെന്നാലും ഭംഗിയുള്ളോരു നാണി
നാണിയെ കുളിപ്പിച്ചു നിൽക്കുന്ന പുഴ വെള്ളം

അല്ലുകളുറങ്ങുന്ന കൂറ്റനാം കരിമ്പാറ -
ക്കല്ലുകളുരുട്ടുന്നു മണ്ണു മാന്തുന്നു വീണ്ടും
എന്തിനീ വയ്യാവേല ചോദിച്ചു ഞാൻ അന്നേര -
മുണ്ടപ്ഫൻ പറയുന്നു നാണിയ്ക്കു മുങ്ങാൻ വേണ്ടി

ഉണ്ടപ്ഫൻ മുപ്പത്തെട്ടാം വയസ്സിൽ സംബന്ധമൊ -
ന്നുണ്ടാവാൻ ഹൃദയത്തിലാഗ്രഹിച്ചിരുന്നപ്പോൾ
നാളു തെറ്റിയ നാണിയ്ക്കാവശ്യമായിത്തീർന്നു
നാഥനായൊരാളേവം ഉണ്ടപ്ഫൻ ഭർത്താവായി

ചത്തപോൽ കിടന്നു പോയദ്ദേഹമാരോമലാൾ
തൊട്ടപ്പോൾ ചാടീലല്ലീ പുരുഷൻ പെണ്ണിൻ ചാരെ
അല്ലിന് മുമ്പത്തേക്കാൾ കുറവായ് തോന്നീ നീളം
അല്ലെങ്കിൽ പകലിനു കൂടുതലായി നീളം

ഒക്കത്തൊരാൺകുഞ്ഞുമായ് നാണിവന്നോതീടുന്നു
ചെക്കനെന്തവിടുത്തെച്ഛായയാണെന്നോ കണ്ടാൽ
പിന്നൊരു പെൺകുഞ്ഞിനെ പെറ്റപ്പോളോതീ നാണി
പെണ്ണിനെന്തവിടുത്തെച്ഛായയാണെന്നോ കണ്ടാൽ

മുറുക്കാൻ ചെല്ലം മുണ്ടിൽ പൊതിഞ്ഞിട്ടിടം കക്ഷ -
ത്തിറുക്കി തുവർത്തൊന്നു വഡ്ഢിയ്ക്ക് മീതെചുറ്റി
തോട്ടരക്കാരൻ കത്തി കയ്യിലുമേവം വന്നു
കാറ്റുകൾ ഞായം വെയ്ക്കും പറമ്പിൽ തിരുമേനി

മങ്ങുന്നു നിലാവൊന്നു കൂടിയുമൊടിയനാ
മങ്ങലിൽ മാനംമുട്ടി വന്നു നിൽക്കുന്നു മുന്നിൽ
പാറുന്നു പനംപട്ട പോലവെ ചപ്രത്തല
പാറുന്നു പനംകുല പോലവെ താടീ മീശ

നമ്മളീ ഒടിയനു വഴിമാറുന്നു പക്ഷേ
നമ്പൂരിയ്ക്കൊടിയനും വഴി മാറുന്നു മുന്നിൽ
എന്നിട്ടീ ഉണ്ടപ്ഫന്റെ മുന്നിലീർമ്പനയായി
വന്നു നിന്നതു പാർക്കിലൊടിയനാപത്തല്ലോ

കണ്ണുകളിറുക്കനെ ചീമ്പിട്ടുണ്ടപ്ഫൻ പിന്നൊ-
ന്നുമേ ചിന്തിയ്ക്കാതാ തോട്ടരക്കാരൻ കത്തി
ചക്രമോ മറ്റോ വരഞ്ഞാഴ്ത്തുന്നു പന പോലെ
നിൽക്കുന്നാ ഒടിയന്റെ ദേഹത്തിൽ ധൈര്യത്തോടെ

രക്തത്തിൽ കുളിച്ചു കൊണ്ടൊടിയൻ നിൽപ്പുണ്ടാമെ-
ന്നദ്ദേഹമോർത്തും കൊണ്ടേ കാലത്ത് മടങ്ങുമ്പോൾ
കൂറ്റനാമൊരു പന നിൽപ്പതു കണ്ടു കത്തി
പൂഴ്ത്തിയ പാടോടേവം മോഷണം പോയീ കത്തി

ഉണ്ടപ്ഫൻ പനി പിടിച്ചില്ലത്തു കിടക്കുന്നു
മിണ്ടുവാൻ കുഴയുന്ന നാവിനാലരുതാതെ
അല്ലെങ്കിൽ ഗൃഹസ്ഥനായ് തീരുവാൻ ഭാഗ്യം ചെയ്തീ -
ട്ടില്ലാത്തൊരപ്ഫന്നുണ്ടാം അല്ലലാർ ചോദിയ്ക്കുന്നു

അകത്തില്ലുണ്ടപ്ഫന് കഷായം കാച്ചാനാരും
പുറത്തില്ലുണ്ടഫനെ പുതപ്പിയ്ക്കുവാനാരും
കരയും കണ്ണാൽ പാവം നോക്കുമ്പോൾ കഷ്ണിയ്ക്കാതെ
കഴിഞ്ഞാൽ നന്നായെന്നു ചൊല്ലുന്നു ചാരത്തുള്ളോർ

ഉണ്ടപ്ഫൻ മരിയ്ക്കുമ്പോൾ ഉണ്ടപ്ഫനല്ലാതില്ല -
ത്തുണ്ടായതില്ല കരയാനാരും തന്നെ കഷ്ടം
പക്ഷെയീ ഇല്ലങ്ങളിലാരാനും കരയുമോ
പട്ടിയുമപ്ഫൻമാരും ചത്തുപോകതു കാൺകെ ●

കവിതയിലെ അവസാന വരിയുടെ പഞ്ച് ശരിക്കും
അറിയാൻ വായിക്കുക അടുത്ത പേജിലെ കുറിപ്പ്



ഉണ്ടപ്ഫൻ ജീവിച്ചു മരിച്ച പഴയ നരിക്കാട്ടിരി തറവാട്

# പട്ടിയുമപ്ഫൻമാരും ചത്തുപോകതു കാൺകെ

**രാമപ്രസാദ് നരിക്കാട്ടിരി**



യുട്യൂബിൽ തിരഞ്ഞാൽ നിഴലാട്ടം എന്ന പേരിൽ ഒരു തട്ടിക്കൂട്ട് നാടകം കണ്ടെത്താം. രംഗസംവിധാനമോ, ലൈറ്റപ്പോ, മേയ്ക്കപ്പോ, അഭിനയമികവോ ഒന്നും ആ നാടകത്തിൽ കണ്ടെത്താനാവില്ല. എന്നാൽ ആ നാടകത്തിലെ ഒരു കവിതയും കഥാപാത്രമായ ഉണ്ടപ്ഫന്റെ മരണരംഗവും മനസ്സിൽ നിന്ന് മായണമെന്നില്ല.

കാരണം അത് വെറും നാടകമല്ല. എന്റെ ഇല്ലമായ നരിക്കാട്ടിരിയിൽ രണ്ടു തലമുറ മുമ്പ് ജീവിച്ചു മരിച്ച ഉണ്ടപ്ഫൻ എന്ന് വിളിപ്പേരായ നീലകണ്ഠൻ നമ്പൂതിരിയുടെ ജീവിതമാണ്. പുതിയ തലമുറക്കാർക്ക് ആ ഉണ്ടപ്ഫനെ പകർന്നു നൽകാൻ ശ്രമിച്ചതിന്റെ ഫലമാണ് ആ നാടകം. പൊതുവേ നാടകക്കമ്പക്കാരായ ഞങ്ങളുടെ ഇല്ലത്തെ കുടുംബസംഗമത്തിന് ഒരു നാടകം നിർബന്ധമാണ്. അങ്ങനെയാണ് 2016 ലെ കുടുംബസംഗമത്തിന് കുടുബചരിത്രം പശ്ചാത്തലമാക്കി നിഴലാട്ടം നാടകം തയ്യാറാക്കിയത്.

> അത് വെറും നാടകമല്ല. എന്റെ ഇല്ലമായ നരിക്കാട്ടിരിയിൽ രണ്ടു തലമുറ മുമ്പ് ജീവിച്ചു മരിച്ച ഉണ്ടപ്ഫൻ എന്ന് വിളിപ്പേരായ നീലകണ്ഠൻ നമ്പൂതിരിയുടെ ജീവിതമാണ്. പുതിയ തലമുറക്കാർക്ക് ആ ഉണ്ടപ്ഫനെ പകർന്നു നൽകാൻ ശ്രമിച്ചതിന്റെ ഫലമാണ് ആ നാടകം.

ചെറുപ്പം മുതൽ ഉണ്ടപ്ഫനെന്ന മുത്തപ്ഫന്റെ പല കഥകളും അപ്ഫൻമാരിൽ നിന്നും മുത്തശ്ശിമാരിൽ നിന്നും കുട്ടിക്കാലം മുതൽ കേട്ടതാണ്. അവ എനിക്കിഷ്ടമായിരുന്നു. അതുകൊണ്ടു തന്നെയാണ് ആ ഉണ്ടപ്ഫനെ മെയിൻ ക്യാരക്ടറാക്കി ഞാൻ ഒരു നാടകം തയ്യാറാക്കിയത്. മുത്തച്ഛന് ഏഴ് ആൺമക്കൾ. അതിൽ രണ്ടാമത്തെ മഹനാണ് എന്റെ അച്ഛൻ നാരായണൻ.

വെള്ളിനേഴിയിലെ കുറ്റാനശ്ശേരി എന്ന ഗ്രാമത്തിലെ നരിക്കാട്ടിരി മനയിലാണ് ഉണ്ടപ്ഫന്റെ ജനനം. 1870-1955 കാലഘട്ടത്തിലാണ് ഉണ്ടപ്ഫൻ ജീവിച്ചു മരിച്ചത്. ആയുസ്സിന്റെ പകുതിയായപ്പോഴേയ്ക്കും കാഴ്ച നഷ്ടപ്പെട്ടു. പൊതുവേ സംസാരപ്രിയനും രസികനും സദാ കർമ്മനിരതനുമായ അദ്ദേഹം പ്രായ- ജാതി -മത -ചിന്തകൾ നോക്കാതെ ഏതൊരാളുമായി പെട്ടെന്ന് സൗഹൃദം സ്ഥാപിച്ചിരുന്നു.

പണ്ടുമുതലേ വെള്ളിനേഴിയിലെ തന്നെ പ്രസിദ്ധമായ ഒളപ്പമണ്ണ മനയിലെ ആശ്രിതരായിരുന്നു നരിക്കാട്ടിരി മനക്കാർ. അത് ഇന്നും അങ്ങിനെ തന്നെയാണ്. അക്കാലത്ത് ഒളപ്പമണ്ണയിൽ വളർന്നു വന്ന യുവകവിയാണ് സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്. അദ്ദേഹവുമായി വളരെ അടുത്ത സുഹൃദ്





*2016 ൽ നിഴലാട്ടം നാടകത്തിൽ അഭിനയിച്ചവർ. നടുവിൽ ഇരിയ്ക്കുന്നവരാണ് ഉണ്ടപ്ഫനായി അഭിനയിച്ചവർ. നാടകത്തിൽ ഉണ്ടപ്ഫന്റെ യൗവ്വനകാലം അഭിനയിച്ച മേലേടം ഉണ്ണി നമ്പൂതിരിയും വാർധക്യകാലം അഭിനയിച്ച നരിക്കാട്ടിരി വാമനൻ നമ്പൂതിരിയും*

ബന്ധമായിരുന്നു ഉണ്ടപ്ഫന്. അതുകൊണ്ടു തന്നെയാവണം അദ്ദേഹത്തിന്റെ കവിതാ രചനയിലെവിടെയോ ഉണ്ടപ്ഫനും കയറി വന്നത്.

പിന്നീട് സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച ഒളപ്പമണ്ണയുടെ കവിതാ സമാഹാരത്തിൽ 'ഉണ്ടപ്ഫൻ' എന്ന കവിതയും ചേർത്തു. ബാല്യം ഉണ്ടപ്ഫനോടൊപ്പം ചെലവഴിച്ച് ഉണ്ടപ്ഫന്റെ മരണവേദന നേരിൽ കണ്ട എന്റെ അച്ഛന്റെയും അപ്ഫൻമാരുടെയും പഴംകഥകളിൽ കവിതയിലെ പൂർണ്ണതയില്ലാത്ത ചില വരികൾ ചെറുപ്പം മുതൽ ഞാനും കേട്ടിരുന്നു.

പണ്ട് ഇല്ലം മൺകട്ട ചുമരും ഓല മേഞ്ഞ മേൽക്കൂരയും ആയിരുന്നുവത്രെ. പിന്നീട് ഞങ്ങളുടെ മുത്തച്ഛന്റെ കാലത്താണ് അതായത് ഉണ്ടപ്ഫൻ മരിയ്ക്കുന്നതിനും ഏതാനും വർഷം മുമ്പാണ് തറവാട് പൊളിച്ച് വെട്ടുകൽ ചുമരും നടുമുറ്റവും നിലവറയും തട്ടും പുറവുമൊക്കെയായി ഓടു മേഞ്ഞ് സൗകര്യങ്ങളാക്കിയത്. ഏകദേശം 25 വർഷം മുമ്പ് ഭാഗം വെച്ചപ്പോൾ ആ തറവാടും പൊളിച്ചു മാറ്റപ്പെട്ടു.

അന്ന് മരാമത്തിന് വെട്ടുകല്ല് വെട്ടിയെടുത്ത കുഴി പിന്നീട് അത്യാവശ്യം കുളമായി ഉപയോഗിച്ചു പോന്നു. സൈരന്ധ്രിയിൽ നിന്ന് ഉത്ഭവിയ്ക്കുന്ന കുന്തിപ്പുഴ പലപേരുകളിൽ പല വഴി ഒഴുകി ഭാരതപുഴയിൽ ലയിയ്ക്കുന്നുണ്ട്. ഈ പുഴയുടെ ഓരത്താണ് (മുറിയംകണ്ണിപുഴ) നരിക്കാട്ടിരി ഇല്ലം. ഇല്ലത്തുള്ളവർക്ക് മുങ്ങിക്കുളിയ്ക്കാൻ മുതലമൂർഖൻ എന്ന പേരിൽ ഒരു കടവുണ്ടായിരുന്നു. ഉണ്ടപ്ഫൻ അതിരാവിലെ ഈ പുഴക്കടവിലെത്തി കൂറ്റൻ കരിങ്കല്ലുകൾ പുഴക്കി ഉച്ചയാവും വരെ പുഴക്കടവ് പടുക്കുമായിരുന്നത്രെ. പിന്നീട് കാഴ്ച്ച നഷ്ടപ്പെട്ട് ആരോഗ്യം ക്ഷയിച്ചപ്പോൾ മുങ്ങിക്കുളി ഇല്ലപ്പറമ്പിലെ കല്ല്വെട്ട് കുഴിയിലാക്കി.

**ഉണ്ടപ്ഫൻ എന്ന കവിത ഒളപ്പമണ്ണ എഴുതിയ് എന്റെ മുതുമുത്തപ്ഫനെക്കുറിച്ചാണ്. ഉണ്ടപ്ഫനെകുറിച്ച് പല കഥകളും കേട്ടാണ് ഞങ്ങളൊക്കെ വളർന്നത്. ഉണ്ടപ്ഫൻ അതിരാവിലെ പുഴക്കടവിലെത്തി കൂറ്റൻ കരിങ്കല്ലുകൾ പുഴക്കി ഉച്ചയാവും വരെ പുഴക്കടവ് പടുക്കുമായിരുന്നത്രെ. തീരെ കാഴ്ച്ച നഷ്ടപ്പെട്ട് ആരോഗ്യം ക്ഷയിച്ചപ്പോൾ മുങ്ങിക്കുളി ഇല്ലപ്പറമ്പിലെ കല്ല്വെട്ട് കുഴിയിലാക്കി. ആ കല്ല്വെട്ട് കുഴിയിൽ കാൽ വഴുതിവീണ് കിടപ്പിലാവുകയും അധികം താമസിയാതെ 85ാമത്തെ വയസിൽ മരിയ്ക്കുകയുമായിരുന്നു.**

ആ കല്ല്വെട്ട്കുഴിയിൽ കാൽ വഴുതി വീണ് കിടപ്പിലാവുകയും പിന്നീട് അധികം താമസിയാതെ 85ാമത്തെ വയസിൽ മരിയ്ക്കുകയുമായിരുന്നു.

കാഴ്ച്ച നഷ്ടപ്പെട്ടെങ്കിലും ഉണ്ടപ്ഫൻ എല്ലായ്പ്പോഴും കർമ്മനിരതനായിരുന്നു. ചതുരംഗം കളിയാണ് ഏറ്റവും കമ്പം. കൂട്ടിന് ആരെയും കിട്ടിയില്ലെങ്കിലും കരുക്കൾ നിരത്തി സ്വയം കളിക്കും. എതിരാളിയുടെ കളികൂടി ഉണ്ടപ്ഫൻ കളിക്കും. കുട്ടികളോടൊപ്പം എന്ത് കളികൾക്കും ഒപ്പം കൂടും. കുട്ടികളെന്നു വച്ചാൽ ജീവനാണ്. ചിതലും മാറാലയും കല്ലും കരടുകളുമെല്ലാം കൈകൊണ്ട് തപ്പി കണ്ടെത്തി അത് വൃത്തിയാക്കും. ഇല്ലത്ത് മരാമത്ത് സമയത്ത് നാലിറയത്തിലെ ഓരോ തൂണും തപ്പി നോക്കി മുത്തച്ഛനോട് പറയുമായിരുന്നത്രെ.

രാമാ.. ആരാ ആശാരി ....? ശങ്കരനാണോ? പണി അസ്സലായിട്ടുണ്ട്ട്ടോ.....

പിന്നീടൊരിയ്ക്കൽ വടക്കുഭാഗാത്തെ കോലായിൽ മഴ നനയാതെ കൂട്ടിയിരുന്ന മണലും ചില്ലിയുമൊക്കെ ഒരു ദിവസം ഉണ്ടപ്ഫൻ തട്ടി മുറ്റത്തേയ്ക്കിടുന്നത് മുത്തച്ഛൻ കണ്ടു.

'എന്താ ഉണ്ടപ്ഫൻ ഈ കാണിയ്ക്കണ്. ഞാൻ ശ്ശി കഷ്ടപ്പെട്ടാ കുറച്ച് മണലും ചല്ലിയും സംഘടിപ്പിച്ചത് ... അപ്ഫനതൊക്കെ ഇങ്ങനെ തട്ടി കളഞ്ഞാലെങ്ങനാ'

'അയ്യോ .....ന്നാ നീയ്യതെന്നോടൊന്ന് പറയാർന്നു ....ഞാൻ വൃത്തികേടാന്നാ കരുത്യേ ....' അങ്ങിനെ ചെറുപ്പത്തിൽ ത്തന്നെ ഉണ്ടപ്ഫനെകുറിച്ച് പല കഥകളും കേട്ടാണ് ഞങ്ങളൊക്കെ വളർന്നത് .

പിന്നീട് നാടകത്തിന്റെ ആവശ്യത്തിന് പലരോടുമായി അന്വേഷിച്ച് കവിത പൂർണ്ണമായി തപ്പിയെടുക്കുകയാണുണ്ടായത്. അന്ന് നാടകത്തിനു വേണ്ടി ഉണ്ടപ്ഫൻ എന്ന കവിത മനോഹരമായി ആലപിച്ചത് അക്ഷരശ്ലോകവിശാരദനും ഇപ്പോൾ വി.ടി.ബി കോളേജ് സ്റ്റാഫുമായ മാടമ്പി മനയ്ക്കൽ ശങ്കരനാണ്.

എന്റെ മുത്തച്ഛന്റെ അപ്ഫനും എന്റെ മുതുമുത്തപ്ഫനുമായ ഉണ്ടപ്ഫനെകുറിച്ചുള്ള ഒരു പിടി ഓർമ്മകൾ സ്വസ്തിയിലൂടെ പങ്കുവെയ്ക്കുമ്പോൾ എനിക്കറിയാം നിങ്ങളുടെ ഇല്ലങ്ങളിലും ഉണ്ടായിട്ടുണ്ടാവും ഇമ്മാതിരി ഉണ്ടപ്ഫന്മാരെന്ന്. എല്ലാ ഉണ്ടപ്ഫന്മാർക്കുമായി ഇതു സമർപ്പിക്കുന്നു. ●

രാമപ്രസാദ് നരിക്കാട്ടിരി
നരിക്കാട്ടിരി മന, മണ്ണാർക്കാട്
മൊബൈൽ 9496234515

സിനിമയിലെ നമ്പൂതിരി/ നരിക്കാട്ടിരി സനൽ വി ദേവൻ

# പൂണൂലിട്ട സംവിധായകൻ



*സനൽ വി ദേവൻ പത്നി സരയു മോഹനുമൊത്ത്*

പരസ്യങ്ങളും ഷോർട്ട് ഫിലിമുകളും ചെയ്തു കൊണ്ടായിരുന്നു തുടക്കം. പിന്നീട് ആ പരിചയം വെച്ച് സിനിമകളിൽ അസിസ്റ്റന്റ് ഡയറക്ടറായി. മോളി ആന്റി റോക്ക്സ്, പുണ്യാളൻ അഗർബത്തീസ്, വർഷം, ജിലേബി, ലൈഫ് ഓഫ് ജോസുകുട്ടി, ബ്ലാക്ക് ബെറി, എന്നിങ്ങനെ ഒരുപിടി നല്ല സിനിമകളിൽ അസിസ്റ്റന്റ് ഡയറക്ടറായും അസോസിയേറ്റ് ഡയറക്ടറായും വർക്ക് ചെയ്തു. അടുത്ത കാലത്തിറങ്ങിയ ഉല്ലാസം, കള്ളൻ ഡിസൂസ, കാവൽ എന്നീ സിനിമകൾക്ക് വേണ്ടി ചീഫ് അസോസിയേറ്റായും വർക്ക് ചെയ്തു.

ഇപ്പോൾ കുഞ്ഞമ്മിണീസ് ഹോസ്പിറ്റൽ എന്ന സിനിമയിലൂടെ സനൽ വി ദേവൻ സംവിധായകന്റെ കുപ്പായമണിഞ്ഞു. 2023 ആദ്യം റിലീസ് ചെയ്യാനാണ് പ്ലാൻ. ഇന്ദ്രജിത്ത്, പ്രകാശ് രാജ്, ബാബുരാജ് , നൈല ഉഷ, സരയുമോഹൻ, ഹരിശ്രീ അശോകൻ, മല്ലിക സുകുമാരൻ, ശാരി, ശരത്ദാസ്, ബിജു സോപാനം, തുടങ്ങി അനവധി താരങ്ങൾ അണിനിരക്കുന്നുണ്ട് ഈ സിനിമയിൽ.

കൂടുതൽ പുതുമകളുമായി അടുത്ത സിനിമ സംവിധാനം ചെയ്യാനുള്ള ഒരുക്കത്തിലാണിപ്പോൾ. ബി ടെക്ക് ബിരുദധാരിയായ ഇദ്ദേഹത്തിന്റെ പത്നി സിനിമാസീരിയൽ നടിയും നർത്തകിയുമായ സരയു മോഹനനാണ്.


സ്വദേശവും തറവാടും പാലക്കാട് ജില്ലയിലെ വെള്ളിനേഴി പഞ്ചായത്തിൽ കുറ്റാനശ്ശേരിയിലാണ്. അച്ഛൻ വാസുദേവൻ നമ്പൂതിരി 2001 ൽ മരിച്ചു. ചെറുപ്രായത്തിലേ സിനിമയോടുള്ള കമ്പവും, സ്വപ്രയത്നവും ഒന്നു കൊണ്ടു മാത്രമാണ് ഇന്ന് ഈ നിലയിലെത്തിയത്. അമ്മ രാജശ്രീയും ഇല്ലത്തുള്ള വലിയച്ഛൻമാരും ജ്യേഷ്ഠസഹോദരൻമാരും എന്നും എല്ലാത്തിനും സപ്പോർട്ടായി കൂടെ നിന്നു. സഹോദരി ആർദ്രയുടെ വിവാഹം കഴിഞ്ഞു. സനൽ വി ദേവനും പത്നി സരയുവും അവരുടെ മേഖലയുമായി എറണാകുളത്താണ് താമസം. അമ്മയും മറ്റൊരു സഹോദരി ആതിരയും അമ്മാത്തെ മുത്തശ്ശിയോടൊപ്പം ഇപ്പോൾ ചെർപ്പുളശ്ശേരിയിലുള്ള വീട്ടിലാണ് താമസിയ്ക്കുന്നത്


സനൽ വി ദേവൻ, നരിക്കാട്ടിരി മന,
പി.ഒ: കുറ്റാനശ്ശേരി പാലക്കാട്
പിൻ: 679514, ഫോൺ : 9747629934



ഹരി ഓം നാരായണ

## രാധാകൃഷ്ണരസായനം



കാവ്യകൗസ്തുഭം ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് രചിച്ച ഇന്ത്യൻ രാഷ്ട്രപതിയുടെ പുരസ്കാരത്തിന് അർഹമായ രാധാകൃഷ്ണരസായനം എന്ന മനോഹരമായ സംസ്കൃതകാവ്യം മലയാള വ്യാഖ്യാനസഹിതം അദ്ദേഹത്തിന്റെ അനുസ്മരണ ദിനത്തിൽ സംപൂജ്യസ്വാമി സന്മയാനന്ദസരസ്വതി പ്രകാശനം നിർവഹിച്ചത് ഇപ്പോൾ ഗുരുവായൂർ നാരായണാലയത്തിലും നല്ലേപ്പിള്ളി നാരായണാലയത്തിലും ലഭ്യമാണ്. തപാൽമാർഗ്ഗം ആവശ്യമുള്ളവർക്ക് നല്ലേപ്പിള്ളിയിൽനിന്നും ലഭിക്കുന്നതാണ്.(വില 200രൂപ മാത്രം). ആ സർഗധനനായ ഭക്തോത്തമന്റെ സംസ്കൃത കവിതാമാധുരി മലയാളത്തിൽ ആസ്വദിക്കാൻ കൈവന്ന ഈ സുവർണ്ണാവസരം വിനിയോഗിക്കാൻ എല്ലാ ഭക്തജനങ്ങളോടും അഭ്യർത്ഥിക്കുന്നു.ശ്രീ ഗുരുവായൂരപ്പൻ എല്ലാവരേയും അനുഗ്രഹിക്കട്ടെ. തപാലിൽ ആവശ്യമുള്ളവർക്ക് ബന്ധപ്പെടാവുന്ന വിലാസം:

ആലക്കൽ രാധാകൃഷ്ണൻ,ആരാമം,
പൂവത്തൂർ-680508 തൃശ്ശൂർ ജില്ല.
മൊബൈൽ: +91 85473 42121



WOW
WOW CINEMAS
PRESENTS
OPENING SOON
കുഞ്ഞമ്മിണീസ്
HOSPITAL
DIRECTOR SANAL V DEVAN
PRODUCER SANTHOSH THRIVIKRAMAN
WRITTEN BY ABAYAKUMAR K, ANIL KURIAN
LINE PRODUCER SHIBU JOB



മലപ്പുറം ജില്ല കരിക്കാട് മൂത്തേടത്തു
പാലശ്ശേരി ശങ്കരൻ നമ്പൂതിരി (എം പി എസ് )
പിതാവ്: നാരായണൻ നമ്പൂതിരി
മാതാവ്: ദേവസേന അന്തർജനം
സഹധർമ്മിണി: തൃശൂർ പടിഞ്ഞാറെ കുന്നത്ത് ലീല
മക്കൾ: അരുൺ, നാരായണൻ ,ശങ്കർ
പുസ്തകങ്ങൾ: കലാമണ്ഡലം സൂപ്രണ്ട് കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാടിന്റെ കൂടെ കഥകളിയുടെ രംഗപാഠ ചരിത്രം. വള്ളത്തോൾ വിദ്യാപീഠം പുറത്തിറക്കിയ പൗഹാന (ഈ അമേരിക്കൻ വാക്കിന് സമഗ്രമായ അവലോകനം എന്നർത്ഥം). ആത്മകഥാംശമുള്ള പുതിയ പുസ്തകം മഷിയിലെ തിളക്കങ്ങൾ കലാമണ്ഡലം ഉടൻ പ്രസിദ്ധീകരിക്കുകയാണ്. മറ്റൊന്ന് വൈകാതെ മാതൃഭൂമിയും പുറത്തിറക്കുന്നു.

അശീതി ആഘോഷിക്കുന്ന എം.പി.എസ്

# കഥകളീയം

പാരീസിലെ ലോകോത്തര വേദിയായ തിയേറ്റർ ഡി നാഷൻസിൽ ആയിരത്തി എഴുനൂറ്റമ്പതു സീറ്റുകൾ ഉണ്ടായിട്ടും ടിക്കറ്റ് കിട്ടാതെ ആസ്വാദകർ വിഷമിച്ചു. അന്ന് ഹൗസ് ഫുൾ ഹാളിൽ കഥകളി അവതരിപ്പിച്ച ടീമിന്റെ ഭാഗമാകാൻ കഴിഞ്ഞത് അവിസ്മരണീയമായ അനുഭവമായിരുന്നു.

കഥകളിയുടെ ഈ ജ്ഞാനതപസ്വി അശീതിയിലെത്തി. 2022 ഡിസംബർ 25 ന് കരിക്കാട് ക്ഷേത്ര ഹാളിൽ ബന്ധുമിത്രാദികളുടെ സംഗമം. പിറന്നാളാഘോഷത്തോടൊപ്പം കഥകളിയും.

● മോഹിച്ചെത്തിയതാണോ കഥകളിയിലേക്ക്?

❑താൽപ്പര്യമുണ്ടായിരുന്നു. കരിക്കാട്ടമ്പലത്തിലെ കഥകളിയാണ് നിമിത്തം. ഹൈസ്കൂളിൽ പഠിക്കുമ്പോൾ കളിയും ശീലിച്ചു. കുചേലവൃത്തത്തിലെ കൃഷ്ണനായി ഒന്നാടിയിട്ടുമുണ്ട്. പിന്നീടൊരിക്കൽ സാക്ഷാൽ വള്ളത്തോളിന് സ്കൂളിൽ സ്വീകരണം നൽകിയപ്പോൾ, മാഷന്മാർ പറഞ്ഞറിഞ്ഞ് കുചേലനായി ആടിയ എന്നെ മഹാകവി അന്ന് തോളിൽ തട്ടി അഭിനന്ദിച്ചത് നേരിയ ഓർമ്മയാണ്. കലാമണ്ഡലത്തിൽ ചേരുന്നത് പ്രീഡിഗ്രി കഴിഞ്ഞ ശേഷമാണ്.

● നടനത്തേക്കാൾ അധ്യാപകനായാണല്ലോ പ്രശസ്തനായത്? എന്തേ അങ്ങിനെ?

❑അരങ്ങിനെക്കാൾ ഇഷ്ടമാണ് അധ്യാപനം. ഒന്നും പഠിക്കാത്തവൻ കന്ന് പൂട്ടാൻ പോണമെന്നും അതിനും പറ്റാത്തവൻ കഥകളി പഠിക്കാൻ പോണമെന്നുമാണ് അന്നത്തെ നാട്ടുപരിഹാസം. പ്രീഡിഗ്രിയുള്ള ഞാനായിരുന്നു വലിയ വിദ്യാസമ്പന്നൻ. അതികേമന്മാർ ആടാനും പാടാനുമുള്ളപ്പോൾ അത് കണ്ട് പരിചയിക്കുന്നത് വലിയ അനുഭവമാണ്. അവരുടെയൊക്കെ സർഗ്ഗാത്മക ജീവിതത്തിന്റെ ഭാഗമാവാൻ കഴിഞ്ഞു.

● അക്കാദമിക് ആയതിന് മറ്റു കാരണങ്ങൾ?

❑സൂപ്രണ്ട് എന്ന് അറിയപ്പെട്ടിരുന്ന പണ്ഡിതവര്യൻ കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പ്രോത്സാഹനമായിരുന്നു നിമിത്തം. ( കലാമണ്ഡലം സൂപ്രണ്ടും ദേശാഭിമാനി പത്രാധിപസമിതി അംഗവുമായിരുന്നു നമ്പൂതിരിപ്പാട്.) അക്കാലം കഥകളിക്ക് ടെക്സ്റ്റ് ആട്ടക്കഥകൾ മാത്രം. അവയും നല്ല പ്രിന്റ് ഒന്നുമല്ല. മറ്റു പഠന പുസ്തകങ്ങൾ ഒന്നുമില്ല. ടീച്ചിംഗ് നോട്സ് എഴുതുന്ന ഏർപ്പാടേ ഇല്ല. സിദ്ധാന്തതലത്തിൽ സൂപ്രണ്ടും, പ്രയോഗതലത്തിൽ വ്യത്യസ്തരീതികളുമായി കുഞ്ചുനായരാശാനും പദ്മനാഭനാശാനും രാമൻകുട്ടി നായരാശാനും കഥകളിയെ ആഴത്തിൽ പരിഷ്ക്കരിച്ചവരാണ് .

● ഇപ്പോൾ മാറ്റങ്ങൾ വന്നോ? അതിന് നേതൃത്വം നൽകിയ ആൾക്ക് എന്ത് തോന്നുന്നു?

❑മാറ്റങ്ങൾ ഒരാളിൽ കൂടി മാത്രമല്ലല്ലോ. ലോകോത്തര കലയാണ്. നിരന്തരമായി നവീകരിക്കപ്പെട്ടേ തീരൂ. അത് കുറേശ്ശെയാണെങ്കിലും നടക്കുന്നു എന്നാണ് വിശ്വാസം. കലാകാരന്മാർക്കൊപ്പം സഹൃദയരായ ആസ്വാദകരുടെ സംഭാവനകളും ഇതിൽ പ്രധാനമാണ്.

● വിദേശപര്യടനങ്ങൾ ഗുണകരമായോ? അതിന്റെ തനിമ നഷ്ടമാവാൻ കാരണമായോ?

❑ഒട്ടും സംശംല്യ. ഗുണം തന്നെയായിരുന്നു.1967 ലും 1970 ലും ആയിരുന്നു ഒരു വിധം കേമന്മാർ എല്ലാം ഉൾപ്പെട്ട കലാമണ്ഡലത്തിന്റെ വിശ്വപര്യടനങ്ങൾ. നൂറിലധികം വേദികൾ. യൂറോപ്പിലും യു എസിലും കലയുടെ ലോകതലസ്ഥാനമായ പാരീസിലും അവതരണങ്ങൾ. പാരീസിലെ 'തിയറ്റർ ഡി നാഷൻസ് കലാലോകത്തിലെ ഗംഭീരവേദിയായാണ് അറിയപ്പെടുന്നത്. ശരിക്കും മറ്റൊരു ലെവൽ. ഒരു പൗരസ്ത്യ 'ഡാൻസ്' എന്നതിനപ്പുറം കഥകളി ഒരു ടോട്ടൽ തീയ്യേറ്റർ ആണെന്ന് ലോകം അറിയുന്നതും അംഗീകരിക്കുന്നതും ഇന്ത്യക്കു പുറത്തുള്ള അവതരണങ്ങൾക്കു ശേഷമാണ്. കലാകാരന്മാർക്ക് വരുമാനം കൂടി. ലോകത്തിൽ നടപ്പുള്ള തിയേറ്റർ ശൈ

?അന്നത്തെ പഠന രീതി? ഇന്നോർത്താൽ കഠിനം.1958ലാണ്. പുലർച്ചെ 2:45 ന് ബെല്ലടിക്കും. കണ്ണ് സാധകവും ഉഴിച്ചിലും ക്ലാസുകളുമായി രാത്രി 8.30 വരെ.11 മണിക്കൂർ വരെ പാഠ്യസമയം നീളാം. നല്ല ശിക്ഷയും. ഗുരുകുലവാസത്തിന്റെ സത്ത ഉൾക്കൊണ്ട രീതിയാണ്. കലാമണ്ഡലത്തിൽ താമസിക്കണം. എട്ടു കൊല്ലമാണ് അഭ്യാസം. കഥകളിയ്ക്കല്ലാതെ മറ്റൊന്നിനും സമയമുണ്ടാവില്ല. സമ്പൂർണമായ സമർപ്പണം.



നില്ക്കുന്നവർ ഇടത്തു നിന്നും വലത്തോട്ട്: ശങ്കർ, അമേയ, സുനയ, നാരായണൻ, അരുൺ, അർണവ്, നിഷ, മീര, ദീപ
ഇരിക്കുന്നവർ ഇടത്തു നിന്ന് വലത്തോട്ട്: എം.പി. എസ് നമ്പൂതിരി, ഗവ്യ, ആയുഷ്, ലീല പി കെ, ഗായത്രി

കലാമണ്ഡലം ഗോപിയാശാന്റെ ആദ്യ ബാച്ചിലെ ശിഷ്യൻ. വാഴേങ്കട കുഞ്ചു നായർ, രാമൻകുട്ടി നായർ ,കൃഷ്ണൻ നായർ തുടങ്ങിയ മഹാരഥന്മാരോടൊപ്പം പ്രവർത്തനം. കലാമണ്ഡലത്തിൽ 30 വർഷം അധ്യാപകൻ. 2 വർഷം പ്രിൻസിപ്പാൾ. റിട്ടയർമെന്റിനു ശേഷം കലാമണ്ഡലം കൽപിത സർവ്വകലാശാലയിൽ കഥകളി ഡീൻ. യൂനിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലും മാഡിസണിലെ യൂനിവേഴ്സിറ്റി ഓഫ് വിൻസ്കോൺസിലും വിസിറ്റിംഗ് പ്രൊഫസർ. കലാമണ്ഡലം ഗ്രൂപ്പിനൊപ്പവും സ്വന്തമായും പാരീസ്, യൂറോപ്പ്, യു എസ് തുടങ്ങി 32 രാജ്യങ്ങളിൽ പ്രയാണം. മാതൃഭൂമി ,ഭാഷാപോഷിണി എന്നിവയിൽ പഠന ലേഖനങ്ങൾ. അന്താരാഷ്ട്ര റിസർച്ച് ജേർണലുകളിൽ ആധികാരികമായ പ്രബന്ധങ്ങൾ, ധാരാളം സോദാഹാരണ പ്രഭാഷണങ്ങൾ, വർക്ക്ഷോപ്പുകൾ.

ലികളിൽ നമ്മൾക്കും എക്സ്പോഷർ ഉണ്ടായി.

● തനിമ നഷ്ടപ്പെട്ടു എന്ന വിമർശനം?

❑ഒരു രാജ്യത്തെ നിയമങ്ങൾ അനുസരിക്കുമ്പോൾ ചില ചിട്ടപ്പെടുത്തലുകൾ ഒക്കെ വേണ്ടി വരും. പാശ്ചാത്യ ലോകത്ത് പൊതുവെ രണ്ടര മണിക്കൂറിലധികം തിയേറ്റർ പെർഫോർമൻസ് പതിവില്ല. അതിനായി ചില കോംപ്രമൈസുകൾ വേണ്ടിവരുമല്ലോ. പ്രധാന മിഥോളജികളായ രാമായണവും മഹാഭാരതവും അടിസ്ഥാനമാക്കി, നിലവിലുള്ള കഥകളെ ഒന്നെഡിറ്റ് ചെയ്തു. രാമായണത്തിൽ പഞ്ചവടിയിലെ സീതാപഹരണം മുതൽ ശ്രീരാമ പട്ടാഭിഷേകം വരെ. ഭാരതത്തിൽ ടേണിഗ് പോയന്റ് ആയ ചൂതുകളി മുതൽ കീചകവധവും ദൂതും കഴിഞ്ഞ് ദുര്യോധനവധത്തിന്റെ സ്ക്രിപ്റ്റ് ഉപയോഗിച്ച് ദുശ്ശാസന വധം വരെ. ഇതായിരുന്നു ആടിയത്. കഥകളിക്ക് ആദ്യമായി റിഹേഴ്സൽ നടക്കുന്നതും ഇതിനു വേണ്ടിയായിരുന്നു. രാമൻകുട്ടി നായരും കൃഷ്ണൻ നായരാശാനും അടക്കമുള്ള വേഷക്കാരും വാസു നെടുങ്ങാടിയും കലാമണ്ഡലം കേശവനും പോലുള്ള വിഖ്യാതരായ പാട്ടുകാരും റിഹേഴ്സലിന് മുടക്കം കൂടാതെ എത്തി. ജൂനിയർ മോസ്റ്റ് ഞാനായിരുന്നു. ആടാൻ കാര്യമായി 'പുറപ്പാട് മാത്രം .

● വിദേശാനുഭവങ്ങൾ?

❑ധാരാളം ഉണ്ട്. നമുക്ക് നിലവിളക്കിന്റെ നറു വെളിച്ചത്തിലാണല്ലോ കളി. കലാമണ്ഡലത്തിലെ കേമൻ നിലവിളക്ക് ഫാക്ട് എം.കെ.കെ നായരുടെ

**കലാമണ്ഡലത്തിന്റെ മുകുന്ദരാജ അവാർഡും ഇന്ത്യൻ പ്രസിഡണ്ട് സമ്മാനിച്ച കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്ക്കാരവും ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ.**

ഉത്സാഹത്തിൽ യുഎസിലേക്ക് ഷിപ്പ് ചെയ്തിരുന്നു. പാരീസിലെ വേദിയിൽ എത്തിയപ്പോൾ അത്ഭുതമായി. നിലവിളക്കിന്റെ കാൻഡിൽ പവർ കണക്കാക്കി വേദിയിലും സദസ്സിലും പ്രത്യേക വെളിച്ചം വിതാനിച്ചിരുന്നു പാരീസുകാർ. വേദി ഗന്ധർവ്വസഭ പോലെ. 55 കൊല്ലങ്ങൾക്കു മുമ്പാണെന്നോർക്കണം. അതൊരു വല്ലാത്ത അനുഭവമായിരുന്നു. ഇന്നും നമ്മൾ അത്തരം അരങ്ങുകൾ വ്യാപകമായി ഒരുക്കിയിട്ടില്ല എന്നത് പരിമിതി തന്നെയല്ലേ? (കുഞ്ചുനായർ ട്രസ്റ്റിന്റെ പുതിയ അരങ്ങുകളും പട്ടാമ്പിയിൽ നരിപ്പറ്റ രാജുവിന്റെ ആംബർ ലൈറ്റ് പരീക്ഷണങ്ങളും മറക്കുന്നില്ല)

അതു പോലെ അവരുടെ അഭിനന്ദന രീതിയും സ്റ്റൈലൈസ്ഡ് ആണ്. പരിപാടി കഴിഞ്ഞാൽ കർട്ടൻ വീഴും (നമ്മുടെ തിരശ്ശീലയല്ല) . നന്നെങ്കിൽ അവർ കയ്യടിക്കും. അനവധി പ്രാവശ്യം. ഇഷ്ടായി എന്നാണതിന്റെ അർത്ഥം. അപ്പോൾ വീണ്ടും കർട്ടൻ പൊങ്ങും .'കർട്ടൻ കാൾ'എന്നാണതിന് പറയുക .നമ്മൾ വേഷം മാറാതെ രംഗത്ത് ഉണ്ടാവണം. അവർ വീണ്ടും ക്ലാപ് ചെയ്യും. രണ്ട് പ്രാവശ്യം അഭിവാദ്യം ചെയ്യുന്നതു പോലെ എന്ന് കൂട്ടിയാൽ മതി. സംഘാടനം കേമമായിരുന്നെങ്കിലും വെജിറ്റേറിയൻ ഭക്ഷണം കുറച്ചു കഷ്ടമായിരുന്നു. ചൈനീസ് റസ്റ്റാറന്റുകളിൽ നമ്മുടെ പെരട്ടിപ്പേരിയുടെ അത്രയും അളവിൽ കിട്ടുന്ന റൈസുമായി പലപ്പോഴും കഴിച്ചുകൂട്ടേണ്ടി വന്നു.

● അരങ്ങത്തെ പ്രധാന വേഷങ്ങൾ:

❑'ചുവന്ന താടിയും സ്ത്രീ വേഷങ്ങളും ഒഴിച്ചുള്ള മിക്കതുമുണ്ടായിട്ടുണ്ട്. കല്യാണസൗഗന്ധികം, തോരണയുദ്ധം, ലവണാസുരവധം എന്നിവയിലെ ഹനുമാൻ. നളചരിതത്തിലും കിരാതത്തിലും കാട്ടാളൻ.

● ഇഷ്ടവേഷം?

❑കഥകളി കളരിയിലെ അധ്യാപകൻ.

● ഏറ്റവും ഇഷ്ടപ്പെട്ട നടൻ?

❑ഒരാളല്ല നിരവധി കേമന്മാരുണ്ട്. കുഞ്ചുനായരാശാനും രാമൻകുട്ടിനായരാശാനും പട്ടിക്കാന്തൊടി രാവുണ്ണി മേനോനും ഗുരു കുഞ്ചുക്കുറുപ്പും മുതൽ .എന്നാൽ ഇന്ന് ജീവിച്ചിരിക്കുന്ന കഥകളി നടന്മാരിൽ ഒട്ടും സംശല്യ. ഗോപിയാശാനാണ്. രൂപഗുണത്തിലും കർമ്മത്തിലും ഇത്ര പരിപൂർണതയുള്ള മറ്റൊരാളീ ഭൂമിയിലിന്നില്ല.

● ഇഷ്ടപ്പെട്ട കഥകളിപ്പദം:

❑കോട്ടയം കഥകളിൽ മിക്കതും. ലക്ഷണമൊത്തതായി നളചരിതവും. കിർമ്മീരവധത്തിൽ കാംബോജി രാഗത്തിൽ ഒരു പദമുണ്ട്. ലളിത ചൊല്ലുന്നതാണ്.'കണ്ടാലതി മോദം' എന്നു തുടങ്ങുന്ന വരികൾ വളരെ ഇഷ്ടമാണ് .

● കഥകളിയിലെ നമ്പൂരി?

❑നമ്പൂതിരിയായതിന്റെ ഗുണം കഥകളി രംഗത്തുണ്ടായോ എന്നാണ് ചോദ്യമെങ്കിൽ ഉണ്ട് എന്ന് തന്നെ പറയണം. സാത്വികമായ ശൈലിയും ക്ഷമയും സഹായിച്ചിരിക്കാം. പ്രിൻസിപ്പാളൊക്കെ ആയ കാലത്ത് സമചിത്തതയോടെ തീരുമാനമെടുക്കാൻ പറ്റിയതൊക്കെ അതുകൊണ്ടു കൂടിയാവണം. സത്യത്തിൽ ജാതി അത്ര വിഷയമല്ല എന്നതാണ് സത്യം. മേഖല കഥകളിയാണെങ്കിൽ ഒരു 'കഥകളിത്തം' ഉണ്ടാകണം, ഉണ്ടാക്കണം.

● അറുപത്തഞ്ചു വർഷം നീണ്ട കഥകളി ജീവിതത്തിൽ തിരിഞ്ഞു നോക്കുമ്പോൾ?

❑തിരിഞ്ഞുനോക്കേണ്ട , ക്ഷീണമില്ലാതെ സോത്സാഹം പ്രവർത്തിക്കുക. പക്ഷേ ഒന്നു തിരഞ്ഞു നോക്കാം. കഥകളിയിലെ മഹാരഥന്മാരുടെ മുദ്രകളിലാണ് എന്റെ കലാ ജീവിതവും ചിട്ടപ്പെട്ടത്. ധന്യമായ അനുഭവങ്ങൾ തന്ന മഹത്തുക്കളെ എന്നും വന്ദിക്കാം ,മുജ്ജന്മസുകൃതത്തെ പ്രണമിക്കാം.കഥകളിയുടെ ഈ മഹാമനീഷി 80 കഴിഞ്ഞ് പുതുയൗവനത്തിലേക്ക് പ്രവേശിക്കുകയാണ് .സ്വസ്തിയുടെ പിറന്നാളാശംസകൾ. അജിതാഹരേ! ജയ ! ●

## സെലബ്രിറ്റി ഗസ്റ്റ് / പ്രഭാവർമ്മ

**വയലാർ അവാർഡും കേന്ദ്രസാഹിത്യ അക്കാദമി അവാർഡുമൊക്കെ വാങ്ങാൻ പോകുമ്പോൾ അച്ഛന്റെ ചിത്രത്തിന്റെ മുന്നിൽ ഞാൻ കണ്ണീരണിഞ്ഞ് നിന്നിട്ടുണ്ട്.**



**അമ്മയുടെ മടിയിൽ:** *അമ്മ കടപ്ര തുളിശാല കോയിക്കൽ പങ്കജാജാക്ഷി തമ്പുരാട്ടിയും പ്രഭാവർമ്മയും*

**അച്ഛൻ ബ്രാഹ്മണനാണ്. സാധാരണ ഗതിയിൽ ജാതിപരമായ വേർതിരിവ് വരേണ്ടതാണ്. പക്ഷേ ഇല്ലത്തെ ആളുകളിൽ നിന്ന് ഒരിക്കലും**

# ഒരു വേർതിരിവും ഉണ്ടായിട്ടില്ല

ശ്രീഭ നാറണിയാട്



ഞാൻ കണ്ട ഏറ്റവും സൗമ്യനും ശാന്തനുമായ വ്യക്തിയാണ് എന്റെ അച്ഛൻ. മാതൃകാ പുരുഷനെന്ന് ഞാൻ പറയും. എന്റെ അച്ഛനായതുകൊണ്ടല്ല. അച്ഛനെ പരിചയപ്പെട്ട എല്ലാവർക്കും ഇതേ അഭിപ്രായമാണ്. ഏറ്റവും സൗമ്യമായ ഭാഷയിലല്ലാതെ സംസാരിക്കില്ല. ശാന്തമായല്ലാതെ പെരുമാറില്ല. വലിയ പ്രകോപനങ്ങൾക്ക് മുമ്പിൽ പോലും 'ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ' എന്നു പറയുന്ന രീതിയിലുള്ള പെരുമാറ്റമേ ഉണ്ടാകാറുള്ളൂ.

**കണ്ണൂർ ചെറുതാഴം തെക്കിനേടത്ത് കുടൽവള്ളി ഇല്ലത്തെ നാരായണൻ നമ്പൂതിരിയെന്ന തന്റെ അച്ഛനെക്കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ് അഡ്വൈസറും കവിയുമായ പ്രഭാവർമ്മയുടെ ഓർമ്മക്കുറിപ്പ്**

അച്ഛന്റെ പേര് ടി.കെ.നാരായണൻ നമ്പൂതിരി. ചെറുതാഴത്താണ്. അവിടെ ഇല്ലങ്ങളുടെ ഒരു ക്ലസ്റ്റർ ഉണ്ട്. വാരണക്കോട് ഇല്ലം, ഭട്ടതിരി ഇല്ലം, തെക്കിനേടത്ത് കുടൽവള്ളി ഇല്ലം, ഇങ്ങനെ നാലഞ്ച് ഇല്ലങ്ങളുണ്ട്. അതിലൊന്നാണ് എന്റെ അച്ഛന്റെ ഇല്ലം. തെ

ക്കിനേടത്ത് കുടൽവള്ളി ഇല്ലം എന്ന് പറയും. അച്ഛന്റെ മകനായി പിറക്കാൻ കഴിഞ്ഞു എന്നതാണ് ഏറ്റവും അഭിമാനകരമായ കാര്യം.

അങ്ങനെ പറഞ്ഞാൽ പോരാ; പ്രഭാവർമ്മ എന്ന വ്യക്തി അദ്ദേഹത്തിന്റെ മകനാണ് എന്നതിനപ്പുറം പ്രഭാവർമ്മ എന്ന വ്യക്തിത്വം അദ്ദേഹത്തിന്റെ നിർമ്മിതിയാണ് എന്ന് കൂടി പറയേണ്ടിവരും. അദ്ദേഹവുമായി കുറച്ചു വർഷങ്ങൾ മാത്രമേ ഒരുമിച്ച് കഴിയാൻ അവസരം ഉണ്ടായുള്ളു. എനിക്ക് 16 വയസ്സായപ്പോഴേക്കും അച്ഛൻ മരിച്ചു. എങ്കിൽപ്പോലും ആ വർഷങ്ങളാണ് എന്റെ വ്യക്തിത്വത്തെ മോൾഡ് ചെയ്യുന്നതിൽ ഏറ്റവും നിർണ്ണായകമായ പങ്ക് വഹിച്ചത്. കവിതയിലേക്ക് എനിക്ക് ഒരു പാലം തുറന്ന് കിട്ടിയത് അച്ഛന്റെ ശ്ലോകോച്ചാരണങ്ങളിലൂടേയും മന്ത്രോച്ചാരണങ്ങളിലൂടേയും കാവ്യാലാപനത്തിലൂടേയും ഒക്കെയാണെന്ന് പറയണം.

● അച്ഛനിലൂടെ ലഭിച്ച ജീവിത പാഠങ്ങൾ?

❑ഒരുപാട് ഒരുപാട് കാര്യങ്ങൾ ഉണ്ടെന്നേ പറയാൻ പറ്റുകയുള്ളു'.

● അച്ഛൻ കാവ്യാനുശീലനത്തെ സ്വാധീനിച്ചതായി പറഞ്ഞല്ലോ.

❑അതേ. അച്ഛനിങ്ങനെ 'സിന്ദൂരാരുണവിഗ്രഹാം ത്രിനയനാം' എന്നൊക്കെ തുടർച്ചയായി ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ഭൂതാകർഷണം പോലെ മുന്നിൽ സ്തബ്ധനായി ഇരുന്നു പോയിട്ടുണ്ട്. അർത്ഥമൊന്നും അറിയില്ല. പക്ഷേ ഈ വാക്കുകളുടെ ഒരു മാജിക് ഉണ്ട് . ആ ഇന്ദ്രജാലം എന്റെ മനസ്സിനെ പിടിച്ചു നിർത്തിയിട്ടുണ്ട്. ആ ശ്ലോകത്തിൽ നിന്ന് അണുവിട അങ്ങോട്ടും ഇങ്ങോട്ടും ചലിക്കാൻ പറ്റാത്ത അവസ്ഥയിൽ ഇരുന്നിട്ടുണ്ട്.

അതേ പോലെ 'വിദംശം വിദം നിർമലം നിർവികല്പം' എന്ന ഭാഗങ്ങളൊക്കെ അച്ഛൻ ചൊല്ലുമ്പോൾ ഇതിന്റെ ഒരു ഭാവസന്നിവേശശേഷി എത്രയാണ് എന്നത് അനുഭവിച്ചിട്ടുണ്ട്. അതായത് ട്രാൻസെന്റിംഗ് ദ ബാര്യേഴ്സ് ഓഫ് ലാംഗ്വേജസ് പോലെ ഭാഷയുടെ അതിർവരമ്പുകളെ അതിലംഘിച്ചുകൊണ്ട് ഒരു ഭാവത്തേയും അർത്ഥത്തേയും സംവേദനം ചെയ്യുന്നതിനെ പദങ്ങളുടെ ഈ വിധത്തിലുള്ള ക്രമത്തിനും അതിന്റെ വിന്യാസരീതിക്കും വഹിക്കാൻ കഴിയുന്ന പങ്ക് എന്താണെന്ന് ഞാനിങ്ങനെ അത്ഭുതത്തോടെ കേട്ടിരുന്നിട്ടുണ്ട്.

അതേപോലെയാണ് വിഷ്ണു സഹസ്രനാമവും 'അപ്രമേയോ ഹൃഷീകേശഃ പദ്മനാഭഃ അമര പ്രഭുഃ' എന്നൊക്കെ ചൊല്ലിക്കേൾക്കുമ്പോഴും അതിന്റെ അർത്ഥം അറിഞ്ഞിട്ടല്ല. അത് എന്നെ അങ്ങനെ വശീകരിച്ച് നിർത്തുന്ന ഒരു നില ഉണ്ടായിട്ടുണ്ട്. അങ്ങനെയാണ് എനിക്ക് കാവ്യപരിചയം വരുന്നത്. ഞാൻ ഇപ്പോഴും ഇങ്ങനെ ശ്ലോകങ്ങൾ ചൊല്ലുന്നതൊന്നും പുസ്തകത്തിൽ നിന്നു പഠിച്ചതല്ല. അച്ഛൻ ചൊല്ലിക്കേട്ടതിൽ നിന്നും എന്നിലേക്ക് ഊർന്നു വന്നിട്ടുള്ളതാണ്. ആ വിധത്തിലാണ് കവിതയിലേക്ക് അച്ഛൻ എന്റെ മനസ്സ് തുറന്നു തന്നത്.

എന്നാൽ ഏറ്റവും നിർഭാഗ്യകരമായ മറ്റൊരു കാര്യമുണ്ട്. ഞാൻ കവിത എഴുതുമെന്ന് അച്ഛൻ അറിഞ്ഞിട്ടില്ല. അച്ഛന്റെ ഇല്ലത്ത് ഒരു ക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിന്റെ മണ്ഡപത്തിൽ ഇരുന്നു കൊണ്ട് ഒരിക്കൽ ഞാൻ കുറച്ച് വരികളൊക്കെ കുറിച്ചു. സരസ്വതീസ്തുതി ആയിരുന്നു എന്നാണ് ഓർമ്മ. അത് എഴുതിക്കൊണ്ടിരിക്കുമ്പോൾ അച്ഛനവിടെ വന്നു. എന്താണെഴുതുന്നത് എന്ന് ചോദിച്ചു. എന്നോട് അത് കാണിക്കാൻ പറയുകയും ചെയ്തു. ഞാനത് കാണിച്ചില്ല. കവിത എഴുതുന്നു എന്നൊക്കെ പറയാൻ തന്നെ ഒരു ഭയമായിരുന്നു.

സത്യത്തിൽ അച്ഛനെ ഭയക്കേണ്ടയതൊരാവശ്യവുമില്ല. അച്ഛൻ ഒരിക്കലും വഴക്ക് പറഞ്ഞിട്ടില്ല,അടിച്ചിട്ടില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ദേഷ്യപ്പെട്ട് സംസാരിച്ചിട്ടു പോലുമില്ല. ഞാൻ എഴുതിയതാണെന്ന് പറയാൻ വിഷമമൊന്നും തോന്നേണ്ടതില്ല. എന്നാലും എന്തോ ഒരു സങ്കോചം എന്നെ പിന്നോട്ട് വലിച്ചു. ഞാനത് കാണിച്ചില്ല. അച്ഛനത് കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്താണെഴുതിയത് എന്നറിയാൻ ആ കടലാസ് പിടിച്ചു വാങ്ങാൻ അല്പമൊന്ന് ബലം പ്രയോഗിക്കാൻ തന്നെ ശ്രമിച്ചു. പക്ഷേ അത് ഞാൻ കൊടുത്തില്ല. പിന്നെ അച്ഛനങ്ങ് പോകുകയും ചെയ്തു.

## പ്രഭാവർമ്മ

കണ്ണൂർ ചെറുതാഴം തെക്കിനേടത്ത് കൊടൽവള്ളി ഇല്ലത്ത് പരേതനായ ടി.കെ. നാരായണൻ നമ്പൂതിരിയുടെയും തിരുവല്ല കടപ്രതുളിശാല കോയിക്കൽ പരേതനായ പങ്കജാക്ഷി തമ്പുരാട്ടിയുടെയും മകൻ. കവിയും മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ് അഡ്വൈസറും. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെയും പ്രസ്സ് സെക്രട്ടറിയായിരുന്നു.

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ അവാർഡ്, വയലാർ അവാർഡ്, വള്ളത്തോൾ അവാർഡ്, ഉള്ളൂർ അവാർഡ് പത്മപ്രഭാ പുരസ്ക്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടി. പത്തോളം കവിതാസമാഹാരങ്ങൾ ,മൂന്ന് കാവ്യാഖ്യായികൾ.

ദേശാഭിമാനി ഡൽഹി ബ്യൂറോ ചീഫ്, കേന്ദ്ര സാഹിത്യ അക്കാദമിയുടെ നിർവാഹക സമിതിയംഗം,




കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട്, ദേശാഭിമാനി റസിഡന്റ് എഡിറ്റർ, കൈരളി-പീപ്പിൾ ടി.വി ന്യൂസ് ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: മനോരമ, മകൾ: ജ്യോത്സ്ന, മരുമകൻ: കേണൽ കെ.വി.മഹേന്ദ്ര, കൊച്ചുമക്കൾ: ജാൻവി, ജ്യോതിർ.

വയലാറിനും ഒ.എൻ.വിയ്ക്കും യൂസഫലി കേച്ചേരിക്കും ശേഷം മികച്ച ഗാനരചയിതാവിനുള്ള ദേശീയ പുരസ്കാരം നേടിയ മലയാളി. മികച്ച ഗാനരചയിതാവിനുള്ള സംസ്ഥാന പുരസ്കാരം മൂന്നു തവണയും ദേശീയ പുരസ്കാരം ഒരു തവണയും ലഭിച്ചു.

സഹോദരങ്ങൾ: അമ്മിണി ആർ. വർമ്മ, ശ്യാമള തമ്പുരാട്ടി, പരേതനായ മധുസൂദനൻ തമ്പുരാൻ.







*അച്ഛൻ  തെക്കിനേടത്ത് കൊടൽവള്ളി നാരായണൻ നമ്പൂതിരി, കുട്ടിക്കാലത്തെ പ്രഭാവർമ്മ, കണ്ണൂർ ചെറുതാഴം ഭട്ടതിരി ഇല്ലത്തെ പരദേവതാ സ്ഥാനം: ഈ മണ്ഡപത്തിൽ ഇരുന്നാണ് ആദ്യമായി ഒരു കവിത എഴുതിയത്*

**അച്ഛൻ ഒരിക്കലും വഴക്ക് പറഞ്ഞിട്ടില്ല, അടിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ എഴുതിയതാണെന്ന് പറയാൻ വിഷമം ഉണ്ടാവേണ്ടതില്ല. പക്ഷേ എന്തോ ഒരു സങ്കോചം. ഞാൻ അത് കാണിച്ചില്ല. ഒരു സരസ്വതി സ്തുതി ആയിരുന്നു എഴുതിയത്. എന്താണെന്ന് അറിയാൻ അല്പമൊന്ന് ബലം പ്രയോഗിക്കാൻ ശ്രമിച്ചു. പക്ഷേ ഞാൻ കൊടുത്തില്ല. പിന്നെ അച്ഛനങ്ങ് പോകുകയും ചെയ്തു. ഇപ്പോ എനിക്ക് തോന്നുന്നുണ്ട്. അത് അച്ഛനെ കാണിക്കേണ്ടതായിരുന്നു.**

ഇപ്പോൾ തോന്നുന്നു അത് അച്ഛനെ കാണിക്കേണ്ടതായിരുന്നെന്ന്. മകന് കവിതാവാസനയൊക്കെ ഉണ്ടല്ലോ എന്നതിന്റെ സന്തോഷം അച്ഛന് ഉണ്ടാകുമായിരുന്നു. പിന്നീട് ഞാൻ വയലാർ അവാർഡ് വാങ്ങാൻ പോയപ്പോഴും കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് വാങ്ങാൻ പോയപ്പോഴുമൊക്കെ അച്ഛന്റെ ചിത്രത്തിന്റെ മുന്നിൽ കണ്ണീരണിഞ്ഞ് നിന്നിട്ടുണ്ട്. അച്ഛനറിയാതെ പോയല്ലോ ഇങ്ങനെ കഴിവ് എനിക്കുണ്ടെന്നുള്ളത്. അറിഞ്ഞിരുന്നുവെങ്കിൽ എത്ര സന്തോഷമാകുമായിരുന്നു ? അറിയിക്കേണ്ടതായിരുന്നു എന്നുള്ള ഒരു ചിന്ത എന്റെ മനസ്സിലേക്ക് പിന്നീടെപ്പോഴും വന്നിട്ടുണ്ട്. ആ അച്ഛന്റെ മകനായിട്ടല്ല ജനിച്ചതെങ്കിൽ എനിക്ക് വലിയ കാവ്യപരിചയം ഒന്നുമുണ്ടാവില്ല. കാവ്യ പരിശീലനത്തിന്റെ ഒരു പശ്ചാത്തലമുണ്ടായിരിക്കാം. ഒരു പക്ഷേ കവിത എഴുതുമായിരിക്കാം. ആ കവിത മറ്റേതെങ്കിലും വിധത്തിൽ ഉള്ള കവിതയായി മാറുമായിരുന്നു.

● വൃത്തനിബദ്ധമായ കവിതകൾ ധാരാളം എഴുതിയിട്ടുണ്ടല്ലോ? ആ ക്രാഫ്റ്റ് അച്ഛനിൽ നിന്നു കിട്ടിയതാണല്ലേ?

❑വൃത്തനിബദ്ധമായി എഴുതുന്നത് മാത്രമല്ല കവിതയെക്കുറിച്ചുള്ള എന്റെ സങ്കൽപം തന്നെ അച്ഛൻ രൂപപ്പെടുത്തിയതാണ്. ജീവിത വീക്ഷണം രൂപപ്പെടുത്തുന്നതിലും വലിയ പങ്ക് വഹിച്ചിട്ടുണ്ട്

● വിദ്യാഭ്യാസം, ഭാഷാപ്രയോഗം ഇങ്ങനെയുള്ളതിൽ അച്ഛൻ ഇൻവോൾവ് ചെയ്തിട്ടുണ്ടോ?

❑പ്രകടമായി ഇൻവോൾവ് ചെയ്തിട്ടില്ല. സൗമ്യമായ രീതിയിലേ അച്ഛൻ സംസാരിക്കുമായിരുന്നുള്ളു. സംസ്കാരപൂർണ്ണമായ പദങ്ങളേ ഉപയോഗിക്കുമായിരുന്നുള്ളൂ. നല്ല പോളിഷ്ഡ് ആയിട്ടുള്ള ബിഹേവിയർ ആയിരുന്നു. അപ്പോൾ അതിനനുസൃതമായിട്ട് പെരുമാറാൻ കഴിയുന്ന ഒരാളായിട്ട് ഞാൻ രൂപപ്പെട്ടു. കാരണം എന്റെ മാതൃകാവ്യക്തിത്വം അച്ഛനാണ്. അച്ഛന് ഹിതമല്ലാത്ത രീതിയിലൊന്നും പെരുമാറിക്കൂടാ എന്ന കാര്യത്തിൽ എനിക്ക് നല്ല ബോധ്യമുണ്ടായിരുന്നു.

● അച്ഛന്റെ ഇല്ലത്ത് താമസിച്ചിട്ടുണ്ടോ?

❑എല്ലാ വെക്കേഷനിലും അവിടെ പോകും. അവധി ഘട്ടങ്ങളിലും. അവിടെ അച്ഛന്റെ ചേട്ടനുണ്ട്. ഈശ്വരൻ നമ്പൂതിരി എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം പഴയ രീതിയിൽ കുടുമയൊക്കെയുള്ള ആളാണ്. എന്നോട് വലിയ വാത്സല്യമായിരുന്നു. അദ്ദേഹവും ഒരുപാട് കഥകൾ പറഞ്ഞു തരുമായിരുന്നു. പുരാണകഥകൾ, ഇതിഹാസ കഥകൾ. അതെല്ലാം വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

● അക്കാലത്തെ ഇല്ലത്തെ വേഷവിധാനവും, ഭക്ഷണവും ആചാരാനുഷ്ഠാനങ്ങളും ഒക്കെ സാർ പരിചയിച്ചതിൽ നിന്നും വ്യത്യാസ്തമാകുമല്ലോ? അതിനെയൊക്കെ എങ്ങനെയായിരുന്നു കുട്ടിക്കാലത്ത് കണ്ടിരുന്നത്?

❑സാധാരണ ഗതിയിൽ ജാതിപരമായ ഒരു വേർതിരിവ് വരേണ്ടതാണ്. അച്ഛൻ ബ്രാഹ്മണനാണ്. പക്ഷേ ഇല്ലത്തെ ആളുകളിൽ നിന്ന് ഒരു വേർതിരിവും ഒരിക്കലും ഉണ്ടായിട്ടില്ല. എല്ലാവരും ഒന്നാണെന്ന രീതിയിലല്ലാതെ ഒരു പെരുമാറ്റവും ഒരിക്കലും ഉണ്ടായിട്ടില്ല. അതേ സമയത്ത് എന്റെ അമ്മയുടെ വീട്ടിൽ എനിക്ക് വ്യത്യസ്തമായ നില കാണേണ്ടി വന്നിട്ടുണ്ട്. ഒരു വലിയ മ്മാവനുണ്ടായിരുന്നു അവിടെ. അമ്മയുടെ അമ്മാവൻ. ആ വലിയമ്മാവൻ കല്യാണം കഴിച്ചിരുന്നത് ഒരു നായർ സ്ത്രീയെ ആയിരുന്നു. കോയിക്കൽ എന്നാണ് ഞങ്ങളുടെ കുടുംബത്തെ പറയുക. കോയിക്കൽ വന്നിരുന്ന് ഈ വലിയമ്മാവൻ പൂജയും തേവാരവും ചെയ്യുകയും മന്ത്രം ചൊല്ലുകയും ഒക്കെ ചെയ്യും. തൊട്ടു മുന്നിൽത്തന്നെ ഒരു ക്ഷേത്രമുണ്ട്. അവിടെ പോയിരുന്നു ജപിക്കും. അപ്പോഴെല്ലാം അദ്ദേഹത്തി




*ഭാര്യ മനോരമയും കൊച്ചുമകൻ ജ്യോതിർ മഹേന്ദ്രയുമൊത്ത്, വാരണക്കോട് സ്കൂൾ: ഇവിടെയാണ് അച്ഛൻ പഠിപ്പിച്ചിരുന്നത്*

ന്റെ മകൻ അവിടേക്കൊന്നും കയറാറില്ല. വലിയമ്മാവൻ തളത്തിൽ വന്നിരിക്കുന്ന സമയത്ത് മുറ്റത്ത് വന്നുനിന്ന് മകൻ സംസാരിക്കുന്നത് കണ്ടിട്ടുണ്ട്. ആ മകൻ അച്ഛൻ തമ്പുരാൻ എന്നേ വിളിക്കുമായിരുന്നുള്ളു. തളത്തിലേക്കൊന്നും കയറുമായിരുന്നില്ല. പുറത്ത് നിന്ന് അച്ഛൻ തമ്പുരാന്റെ ജപം കഴിഞ്ഞോ, അച്ഛൻ തമ്പുരാൻ അമ്പലത്തിൽ നിന്ന് ഇറങ്ങിയോ ഇത്തരം കാര്യങ്ങൾ അന്വേഷിക്കും. അവിടത്തെ വേർതിരിവ് ഒരു വശത്ത്. ഒരു വേർതിരിവുമില്ലാത്ത അച്ഛന്റെ ഇല്ലത്തെ പെരുമാറ്റം മറ്റൊരു തലത്തിൽ. അച്ഛൻ മേൽശാന്തിയായിരുന്നു, അയർക്കാട്ടുവയൽ ക്ഷേത്രത്തിലെ ശാന്തിക്കാരൻ.

● എല്ലാവരോടും അങ്ങനെയായിരുന്നോ ഇല്ലത്തെ പെരുമാറ്റം? ഒട്ടും ഒരു യാഥാസ്ഥിതികത വെച്ചു പുലർത്തിയിരുന്നില്ലേ അന്നത്തെ കാലത്ത്?

❑ഞങ്ങളുടെ കാര്യത്തിൽ ഉണ്ടായിരുന്നില്ല. അതേയുള്ളു. മറ്റുള്ളവരോട് എങ്ങനെയായിരുന്നുവെന്ന് എനിക്ക് തീർത്തു പറയാൻ പറ്റില്ല.

● അച്ഛനോട് വല്ലാതെ മതിപ്പ് തോന്നിയ ഏതെങ്കിലും ഒരു ഇൻസിഡന്റ് പറയാമോ?

❑എനിക്ക് സ്കൂളിൽ പഠിക്കുന്ന സമയത്ത് ഇംഗ്ലീഷ് പോലുള്ള വിഷയങ്ങളിൽ നൂറിൽ നൂറു മാർക്കും കിട്ടുമായിരുന്നു. കണക്കും സയൻസും ഒന്നും എനിക്ക് തീരെ വഴങ്ങുമായിരുന്നില്ല. കണക്കിൽ മൂന്നും നാലും മാർക്ക് കിട്ടിയ അവസരങ്ങളുണ്ടായിട്ടുണ്ട്. പ്രോഗ്രസ് റിപ്പോർട്ട് അച്ഛനെ കൊണ്ട് ഒപ്പിടീച്ചു വാങ്ങിക്കണം. അമ്മയാണെങ്കിൽ അത് കണ്ടു കഴിഞ്ഞാൽ വല്ലാതെ വഴക്കു പറയും. അമ്മയെ കാണിക്കാതെ ഞാൻ പ്രോഗ്രസ് റിപ്പോർട്ട് അച്ഛനെ കാ

**സാധാരണഗതിയിൽ ജാതിപരമായ ഒരു വേർതിരിവ് വരേണ്ടതാണ്. അച്ഛനാണെങ്കിൽ ബ്രാഹ്മണനാണ്.ഇല്ലത്തെ ആളുകളിൽ നിന്ന് ഒരു വേർതിരിവും ഒരിക്കലും ഉണ്ടായിട്ടില്ല. എല്ലാവരും ഒന്നാണെന്ന രീതിയിൽ അല്ലാതെ ഒരു പെരുമാറ്റവും ഒരിക്കലും ഉണ്ടായിട്ടില്ല.**

ണിക്കും. ഒപ്പിടുമ്പോൾ ഇങ്ങനെ മാർക്ക് കുറഞ്ഞാൽ എങ്ങനെയാ എന്ന് ചോദിക്കുമെന്നല്ലാതെ അത്തരം സന്ദർഭങ്ങളിൽ പോലും ദേഷ്യപ്പെട്ട് എന്നോട് സംസാരിച്ചിട്ടില്ല. മറ്റു വിഷയങ്ങൾക്കൊക്കെ മാർക്കുണ്ട്. പക്ഷേ കണക്കിലിങ്ങനെ മൂന്നും നാലും മാർക്കൊക്കെ വാങ്ങിയാൽ തോറ്റു പോവില്ലേ എന്നാണ് ചോദ്യം. ഒരിക്കലും ഒപ്പിടാൻ മടി കാണിച്ചിട്ടില്ല.

● അച്ഛൻ പോയതിൽപ്പിന്നെ അച്ഛന്റെ ഇല്ലത്ത് പോകാറുണ്ടോ?

❑പോകാറുണ്ട്. അച്ഛന്റെ ഏട്ടന്റെ മകനും കുടുംബവുമാണ് അവിടെ ഉള്ളത്. അവരുമായൊക്കെ വളരെ നല്ല ഗാഢമായ ബന്ധമാണുള്ളത്. ആ ബന്ധം ഏതെങ്കിലും ഭൗതികമായ കാര്യങ്ങളെ ആസ്പദമാക്കിയല്ല. ഏതെങ്കിലും രീതിയിൽ ഭിന്നതയൊന്നും അവിടെ ഉണ്ടായിട്ടേയില്ല. ബ്രാഹ്മണ കുടുംബങ്ങളിൽ മൂത്തയാളേ വേളി കഴിക്കൂ. ഇളയവർ ക്ഷത്രിയ സമുദായത്തിൽ നിന്നോ മറ്റോ കല്യാണം കഴിക്കും. അങ്ങനെയുള്ള ഇളയാൾക്ക് അവിടെ സ്വത്തിന് അവകാശം ഒന്നുമില്ല. ആ നിലക്ക് അച്ഛന്റേതായിട്ടുള്ള ഒരു പ്രോപ്പർട്ടിയും എനിക്കോ എന്റെ സഹോദരങ്ങൾക്കോ കിട്ടിയിട്ടില്ല. പക്ഷേ അത് ഒരിക്കലും ഞങ്ങൾക്കിടയിൽ ഒരു പാരുഷ്യവും ഉണ്ടാക്കിയിട്ടില്ല. അത് കിട്ടിയില്ലല്ലോ എന്ന ചിന്ത പോലും ഒരിക്കലും ഞങ്ങൾക്കിടയിൽ വന്നിട്ടില്ല. അത്രമേൽ സൗമ്യോദാരമായ രീതിയിലേ ആ ഇല്ലത്തുള്ളവർ ഞങ്ങളോട് പെരുമാറിയിട്ടുള്ളൂ. സ്വത്തിന്റെ ഒരു അംശം ഞങ്ങൾക്ക് അവകാശപ്പെട്ടതാണല്ലോ എന്ന് പറയാൻ തോന്നിപ്പിക്കാത്ത വിധത്തിലുള്ള സ്നേഹാശ്ലേഷത്തിൽ ചേർത്ത് നിർത്തിയിട്ടുണ്ട് അവർ.

● സാറിന്റെ കവിതകളെയൊക്കെ അവർ എങ്ങനെയാണ് ഉൾക്കൊള്ളാറുള്ളത് ? പ്രത്യേകിച്ച് ശ്യാമമാധവം പോലുള്ള വിവാദമായ കൃതികൾ. ഈശ്വരനെ ഒരു കുടുംബാംഗത്തെ പോലൊക്കെ കാണുന്ന രീതി നമ്പൂതിരിമാരുടെ ഇടയിൽ പണ്ടേ ഉണ്ടല്ലോ? ആരാധനാമൂർത്തി, തേവാരമൂർത്തിന്നൊക്കെ പറയുമ്പോൾ ഇല്ലത്തുള്ള ഒരാള് എന്ന രീതിയിലല്ലേ കാണുക. നമ്മൾ ഭക്ഷണം കൊടുത്തില്ലെങ്കിൽ അവര് പട്ടിണിയാകും. അങ്ങനെ കാണുന്ന ഒരു സങ്കല്പം ഇല്ലേ. അങ്ങനെ ഒരു ശീലം ഉള്ളത് കൊണ്ട് സാറിന്റെ ശ്യാമമാധവത്തിലെ അമാനുഷികത്വമില്ലാത്ത കൃഷ്ണനെ സ്വീകരിക്കാൻ വലിയ പ്രശ്നമുണ്ടായിരുന്നിരിക്കില്ലല്ലോ?

❑അമാനുഷികമില്ലാതെ കൃഷ്ണനെ ആദ്യമായിട്ട് അവതരിപ്പിച്ചത് ഞാനല്ലല്ലോ. അതു വരെ കൃഷ്ണനെക്കുറിച്ചെഴുതിയിട്ടുള്ളവരൊക്കെ ആ വിധത്തില

ല്ലേ എഴുതിയത് .

● ആനന്ദമൂർത്തിയല്ലാതെ കൃഷ്ണനെ അവതരിപ്പിച്ചത് സാറാണല്ലോ ?

❑അതേ. അവിടെയാണ് ശ്യാമമാധവം വ്യത്യസ്തമാകുന്നത്. വ്യത്യസ്തനായ കൃഷ്ണനെ ഞാൻ കണ്ടെടുക്കുകയോ ഉണ്ടാക്കിയെടുക്കുകയോ അല്ല ചെയ്തത്. ആ കൃഷ്ണൻ എന്റെ മനസ്സിൽ രൂപപ്പെട്ട് വന്നതാണ്. ഒരു ദിവസം ഞാനിങ്ങനെ മഹാഭാരതത്തിലെ ഗാന്ധാരീ വിലാപം വായിച്ചു പോരുകയായിരുന്നു. പല തവണ വായിച്ചിട്ടുള്ളതാണ്. പക്ഷേ വായന ഗാന്ധാരീ വിലാപത്തിലെത്തിയപ്പോൾ മനസ്സ് വളരെ പെട്ടെന്ന് അങ്ങനെ തട്ടി നിന്നു. 'കൊല്ലിക്കയത്രേ നിനക്കു രസമെടോ' എന്നൊക്കെ ഗാന്ധാരി പറയുന്നുണ്ടല്ലോ. ഇത് കഴിഞ്ഞിട്ട് ശപിക്കുന്നുമുണ്ട്. ആ ശാപവചനത്തിനു മുമ്പിലെ കൃഷ്ണന്റെ പ്രതികരണം ആണ് എന്നെ അത്ഭുതപ്പെടുത്തിയത്. അവിടെയാണ് ഞാൻ സ്തബ്ധനായി നിന്നു പോയത്. 'അങ്ങനെ തന്നെ വരേണമെന്നുള്ളതുണ്ടെന്നെനിക്കും മനക്കാമ്പിൽ' ഇതാണ് കൃഷ്ണന്റെ പ്രതികരണം. താനും തന്റെ കുലവും ഒടുങ്ങിപോകണം എന്നുള്ള ശാപം കേട്ടപ്പോൾ അങ്ങനെ തന്നെ വരണം എന്നാണ് എന്റെ മനസ്സും പറയുന്നത് എന്ന് ശ്രീകൃഷ്ണൻ പറയുന്നു.

● ആ ആംഗിളിൽ തന്നെ എല്ലാവരും അത് ഉൾക്കൊണ്ടോ എന്നതാണ്...

❑നല്ല നിലക്ക് സാഹിത്യബോധമുള്ള ആസ്വാദന ശേഷിയുള്ളവർ ഉൾക്കൊണ്ടിട്ടുണ്ട്. ലീലാവതി ടീച്ചർ വളരെ ബൃഹത്തായിട്ടുള്ള ഒരു പ്രബന്ധം തന്നെ എഴുതി. വീരേന്ദ്രകുമാർ എഴുതി, സാനു മാഷ് എഴുതി, ഇവരൊന്നും നിരീശ്വരവാദികൾ അല്ല. അത് പോലെ എത്രയോ പേർ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്യാമമാധവപഠനങ്ങൾ. അതിൽ പത്ത് നാല്പത് പേർ എഴുതിയിട്ടുണ്ട്. അതിൽ മഹാഭൂരിപക്ഷം പേരും ദൈവവിശ്വാസികളാണ്, അവർക്കാർക്കും കൃഷ്ണനിന്ദ ഉണ്ടെന്നൊന്നും തോന്നിയില്ല. കൃഷ്ണനെ നിന്ദിക്കുന്നതോ വാഴ്ത്തുന്നതോ ഒന്നും എന്റെ അജണ്ടയിൽപ്പെട്ട കാര്യമായിരുന്നില്ല, കൃഷ്ണനെ നിന്ദിച്ചിട്ടെന്ത് എനിക്ക് കിട്ടാനാണ്?. പക്ഷേ അതെന്റെ രാഷ്ട്രീയം എന്താണെന്ന് നോക്കുന്ന കണ്ണടയിലൂടെ ചിലർ വായിച്ചു. അങ്ങനെ ആണെങ്കിൽ അയാൾ എഴുതുന്നത് ഈ വിധത്തിലാവാനാണല്ലോ സാധ്യത എന്നുള്ള മട്ടിൽ



*അയർക്കാട്ടുവയൽ ശങ്കരനാരായണ സ്വാമി ക്ഷേത്രം – അച്ഛൻ ശാന്തിക്കാരനായിരുന്ന അമ്പലം*

അച്ഛന്റേതായിട്ടുള്ള ഒരു പ്രോപ്പർട്ടിയും എനിക്കോ എന്റെ സഹോദരങ്ങൾക്കോ കിട്ടിയിട്ടില്ല. അത് കിട്ടിയില്ലല്ലോ എന്ന ചിന്ത പോലും ഒരിക്കലും ഞങ്ങൾക്കിടയിൽ വന്നിട്ടില്ല. വളരെ സൗമ്യോദാരമായ രീതിയിലേ ആ ഇല്ലത്തുള്ളവർ ഞങ്ങളോട് പെരുമാറിയിട്ടുള്ളു.

അതിനെ സമീപിച്ചു. അവിടെയാണ് കുഴപ്പം പറ്റിയത്. കൃഷ്ണനെ വഴക്കു പറഞ്ഞും കളിയാക്കിയുമെല്ലാം വി.കെ.ജി.എഴുതിയിട്ടില്ലേ? വി.കെ.ജിയോടില്ലാത്ത വിരോധം എന്നോടുണ്ടാവേണ്ട കാര്യം എന്താ ?. ആ വിരോധം ഉണ്ടായതിനു പിന്നിൽ എന്റെ രാഷ്ട്രീയം ആണ്. അല്ലാതെ വേറൊന്നും അല്ല. സാഹിത്യം വായിക്കേണ്ടത് ആ ഒരു കണ്ണട വെച്ചല്ല എന്നേ എനിക്ക് പറയാനുള്ളു. കൃഷ്ണൻ നമ്മുടെ മനസ്സിനോടൊക്കെ ചേർന്നു നിൽക്കുന്ന ഒരു ബിംബമാണ്.

● കൃഷ്ണനെ അങ്ങനെ കാണാൻ സാധിച്ചത് ഞാൻ മുമ്പ് ചോദിച്ച പോലെ അമാനുഷികത്വമില്ലാത്ത ദൈവത്തെ കാണുന്ന നമ്പൂതിരി പശ്ചാത്തലം കൊണ്ടുമാവും അല്ലേ ?

❑ആയിരിക്കാം. അങ്ങനെയൊക്കെ കാണാൻ സാധിച്ചത് അതുകൊണ്ടായിരിക്കാം.

● ഇല്ലത്തെ ആചാരാനുഷ്ഠാനങ്ങളെയെല്ലാം എങ്ങനെയാണ് കാണുന്നത്.? സാർ എജ്യുക്കേറ്റഡ് ആയതിനുശേഷം തിരിഞ്ഞുനോക്കുമ്പോൾ പലതിലും ഒരു ലോജിക്കില്ല എന്നു തോന്നിയിട്ടുണ്ടോ? ചെയ്യുന്നതിലെന്തെങ്കിലും ഒരു കഴമ്പുള്ളതായിട്ട്, അർത്ഥമുള്ളതായിട്ട് തോന്നിയിട്ടുണ്ടോ?


❑എന്റെ കാര്യത്തിൽ അച്ഛനൊരു റിജിഡ് ആയിട്ടുള്ള മാനസികാവസ്ഥ ഉണ്ടായിരുന്നില്ല. ഈ ക്ഷത്രിയ സമുദായത്തിൽ പെട്ടവർക്ക് ഈ പൂണൂല് ഉണ്ടല്ലോ. അപ്പോൾ എന്റെ ചേട്ടനൊക്കെ ഉപനയനം കഴിഞ്ഞതാണ്. പൂണൂല് ഇട്ടതാണ്. പക്ഷെ എന്റെ കാര്യത്തിൽ അച്ഛൻ അങ്ങനെ ചെയ്തിട്ടില്ല. പൂണൂല് ഇട്ടിട്ടില്ല, ഉപനയനം കഴിഞ്ഞിട്ടില്ല. കാതു കുത്തിയിട്ടുപോലുമില്ല. അപ്പോൾ ഈ ആചാരത്തിന്റെ കാര്യത്തിലെന്തോ എന്റെ കാര്യം വന്നപ്പോഴേക്ക് അച്ഛന് അങ്ങനെ ഒരു നിഷ്കർഷ ഉണ്ടായിട്ടില്ല എന്ന് എനിക്ക് തോന്നി. ആ ഒരു നിർബന്ധം ഉണ്ടായിരുന്നിട്ടില്ല. അതേ പോലെ അച്ഛന്റെ ചേട്ടൻ കുടുമയൊക്കെ വച്ചു കൊണ്ട് നടക്കുന്ന സമയത്ത് അച്ഛൻ കുടുമ മുറിച്ചുതന്നെയാണ് നടന്നിരുന്നത്. അച്ഛൻ ക്ഷേത്രത്തിൽ പൂജാരിയായിരിക്കുന്ന സമയത്തും വി.ടി ഭട്ടതിരിപ്പാടിനെ കുറിച്ചും ഇ.എം.എസിനെ കുറിച്ചും ഒക്കെ വലിയ ബഹുമാനത്തോട് കൂടിയാണ് സംസാരിച്ചിരുന്നത്. അപ്പോൾ സാമുദായിക പരിഷ്കരണത്തിന്റെ ഭാഗത്തായിരുന്നു അച്ഛൻ അന്ന് നിലകൊണ്ടിരുന്നത് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.

● സാറിന് അക്കിത്തമായിട്ടും

നല്ലൊരു ആത്മബന്ധം ഉണ്ടായിരുന്നല്ലോ.

❑അക്കിത്തത്തിന്റെ വ്യക്തിത്വത്തെയും കവിതയെയും വേണ്ടപോലെ മനസ്സിലാക്കിയിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം എന്നു വെളിച്ചത്തെ എല്ലാം തല്ലി കെടുത്താൻ കവി ആവശ്യപ്പെടുന്നു എന്ന് പറയുന്നവരുണ്ട്. തമസ്സാണ് ഏറ്റവും നല്ലതെന്ന് അക്കിത്തം പറയുന്നു. അതുകൊണ്ട് പുരോഗമന വിരുദ്ധനാണ് ഈ കവി എന്ന രീതിയിൽ ആ കവിത വായിച്ച് പുരോഗമനപക്ഷക്കാർ പോലും പ്രതികരിച്ചിട്ടുണ്ട്. ആ പുരോഗമനം അല്ലായിരുന്നു ആവശ്യം. അതായത് ഇരുട്ട് കനക്കുമ്പോൾ മാത്രമേ നക്ഷത്രത്തിന്റെ തെളിച്ചം കൂടുതൽ ദൃഢമാകൂ എന്ന രീതിയിൽ ഉള്ള ഒരു പാരായണം ആണ് ആവശ്യമായിരുന്നത്.

അക്കിത്തം ശരിക്കും ആധുനികതയുടെ പ്രോദ്ഘാടകനാണ് മലയാളത്തിൽ. ചങ്ങമ്പുഴയുടെ കാല്പനികതയുടെ അതിപ്രസരം ഒക്കെ ഉണ്ടായിരുന്ന ഒരു ഘട്ടത്തിൽ. ആ ഘട്ടത്തിൽ ഇടിഞ്ഞ് പൊളിഞ്ഞ ലോകം എന്നുള്ള ഒരു കൺസെപ്റ്റ് അവതരിപ്പിക്കുന്നു അക്കിത്തം. ആ ഇടിഞ്ഞു പൊളിഞ്ഞ ലോകം എന്നുള്ളത് കൊണ്ട് കാവ്യപ്രതീകമായിട്ടോ കാവ്യഭാഷയിലുള്ള പദസമുച്ചയമായിട്ടോ കണക്കാക്കപ്പെടാതിരുന്ന ഒരു കാലത്താണ് അങ്ങനെയെല്ലാം അക്കിത്തം എഴുതിയത്. അന്നത്തെ കാവ്യഭാഷയിൽ നിന്നും മുഖം തിരിഞ്ഞു നിൽക്കലുണ്ട്. ആ വിധത്തിലുള്ള ഒരു സമീപനം അക്കിത്തത്തിനുണ്ടായിരുന്നു. അതിനെയും ആ വിധത്തിലല്ല കണ്ടത്. പുരോഗമനപക്ഷത്തിലൊക്കെ വലിയ ആഭിമുഖ്യം ഉണ്ടായിരുന്ന ആളാണ്. ഇ.എം.എസ്. പറഞ്ഞുകൊടുക്കുന്നത് എഴുതി എടുത്തിരുന്ന ആളാണ്. ഇല്ലത്ത് ഒളിവിൽ കഴിയുന്നവരെ പാർപ്പിച്ചിട്ടുള്ള ചരിത്രമുള്ള ആളാണ്. അതുപോലെ കമ്മ്യൂണിസ്റ്റ് സാഹിത്യം അവിടെ സൂക്ഷിച്ചതിന് പോലീസ് സ്റ്റേഷനിൽ പോയിട്ടുള്ള ആളാണ്. ആ പശ്ചാത്തലത്തെയൊക്കെ അങ്ങോട്ട് മറ്റെന്തോ കൊണ്ട് മറച്ചു വെക്കാനുള്ള വ്യഗ്രത ഉണ്ട് എന്ന് എനിക്ക് തോന്നുന്നുണ്ട്. അത് ഉണ്ടായിക്കൂടായിരുന്നു. ഈ ബ്ലാക്ക് ആൻഡ് വൈറ്റ് റിയാൽറ്റി അവതരിപ്പിച്ച ആളാണ് അക്കിത്തം. ആ നിലക്കുള്ള പുരോഗമന സ്വഭാവമാണ് അക്കിത്തത്തിനുള്ളത് എന്നുള്ളത് കാണാൻ പലർക്കും പറ്റിയിട്ടില്ല.



*അച്ഛന്റെ ഏട്ടൻ ഈശ്വരൻ നമ്പൂതിരി*

**അച്ഛൻ ഇല്ലാതായ ശേഷവും ഇല്ലത്ത് പോകാറുണ്ട്. അച്ഛന്റെ ഏട്ടന്റെ മകനും ഒക്കെയാണ് അവിടെ ഉള്ളത്.അവരുമായൊക്കെ വളരെ ഗാഢമായബന്ധമാണുള്ളത്. അത് ഏതെങ്കിലും ഭൗതികമായിട്ടുള്ള കാര്യങ്ങളെ ആസ്പദമാക്കിയല്ല.**

അതുപോലെ ഈ മരണമാണ് ശരിക്കും സാധാരണമായ സഹജമായ പ്രകൃതിയുടെ അവസ്ഥ. അതില്ലെങ്കിൽ കുമിള പോലെ വന്നാൽ മിന്നിത്തെളിയുന്ന ജീവിതാവസ്ഥ എന്ന കണ്ടെത്തലുകളുണ്ടല്ലോ അത്തരം കണ്ടെത്തലുകളിൽ നിന്നുണ്ടായിട്ടുള്ള എത്രയോ കവിതകളുണ്ടാക്കിയിട്ടുണ്ട് അദ്ദേഹം. അങ്ങനെയുള്ള രീതിയിൽ ഉള്ള ഒരു പാരായണം അക്കിത്തത്തിന്റെ നേർക്കുണ്ടായിട്ടില്ല എന്നു കരുതുന്ന ഒരാളാണ് ഞാൻ.

വിധവാ വിവാഹത്തിന് പോയതിന്റെ പേരിൽ ഭ്രഷ്ട് ചെയ്യപ്പെട്ട ആളാണ് അക്കിത്തം. അങ്ങനെയുള്ള ആ റാഡിക്കൽ മനോഭാവങ്ങളെയൊക്കെ അങ്ങ് തമസ്കരിച്ചു കളയേണ്ട ഒരു വ്യഗ്രത പുരോഗമനപക്ഷത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്. ഇത് ഒരു ഐഡന്റിറ്റി പൊളിറ്റിക്സിന്റെ ഭാഗത്ത് നിന്നാണെന്നാണ് ഞാൻ കരുതുന്നത്. ഈ ഐഡന്റിറ്റി പൊളിറ്റിക്സ് ശരിക്കും കമ്മ്യൂണിസ്റ്റ് പൊളിറ്റിക്സിന് വിരുദ്ധമാണ് ശരിക്കും. ആ സ്വത്വ രാഷ്ട്രീയം എന്നു പറയുന്നത് കണ്ണു കാണാതായ മാനസികാവസ്ഥ രൂപപ്പെട്ടു വന്നിട്ടാണ് അക്കിത്തത്തെ പോലെയുള്ളവരെ ശരിയായി മനസ്സിലാക്കാതെ പോയത്. അതു ഒന്ന് രണ്ട് പേർക്ക് വന്നിട്ടുള്ള അവസ്ഥയാണ്. അതു പക്ഷേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുവായ വ്യതിയാനമായിട്ട് കണക്കാക്കേണ്ട കാര്യമില്ലാന്നാണ് എനിക്ക് തോന്നുന്നത്.

● വയലാറിനെ പരിചയപ്പെടുത്തിയത് അച്ഛനാണോ

❑അച്ഛനല്ല പരിചയപ്പെടുത്തിയത്. ഞാൻ സ്വയം പോയി പരിചയപ്പെടുകയായിരുന്നു. ഞാൻ അന്ന് സ്കൂളിൽ പഠിക്കാണ് തോന്നുന്നു. ചങ്ങനാശ്ശേരി കോളേജിൽ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം വയലാറായിരുന്നു. വയലാറിനെ കാണാൻ പോയി. അവിടുന്ന് ഒരു പ്രൊഫസറെ കണ്ടു. എന്താ വന്നതെന്ന് ചോദിച്ചപ്പോൾ വയലാറിനെ കാണാനെന്നു പറഞ്ഞു. അപ്പോൾ വയലാറിരിക്കുന്ന ഭാഗത്തേക്ക് എന്നെ കൂട്ടിക്കൊണ്ട് പോയി. വയലാറിങ്ങനെ അടുത്ത് വിളിച്ചു. എന്തൊക്കെയാ വിശേഷം എന്നു ചോദിച്ചു. ആരാണ് എവിടുന്നാണ് എന്നൊക്കെ ചോദിച്ചു. ഇതിനെല്ലാം ഉത്തരം ഞാൻ നൽകി. അപ്പോ ഒരു വെള്ളക്കടലാസ് ഞാൻ നീട്ടി. അതിൽ അദ്ദേഹം രണ്ടു വരി എഴുതി.

'പണ്ടേ തുരുമ്പിച്ചതെന്നുടെ വാളുമായി തെണ്ടാതിരിക്കട്ടെ നാളെയീ ക്ഷത്രിയൻ'

ഈ രണ്ടു വരികളാ എഴുതിയത്. വയലാർ അവസാനമായി എഴുതിയ വരികൾ അതാണ്. പിന്നെ ആശുപത്രിയിലായി. പിന്നെ അദ്ദേഹം കവിതയെഴുതിയിട്ടില്ല. അവസാനമായി കവിതയെഴുതിയത് ഞാൻ നീട്ടിയ ആ വെള്ളക്കടലാസിലാണ് എന്നുള്ളത് എന്റെ വലിയൊരു സന്തോഷവും അതുപോലെതന്നെ സങ്കടവുമാണ്. വയലാർ അവാർഡ് വാങ്ങിയ സമയത്ത് പറഞ്ഞതായിരുന്നു ഈ അനുഭവം. അതേപോലെ ആണ് ഒളപ്പമണ്ണയും. ഒളപ്പമണ്ണക്കും എന്റെ കവിതയോടും എന്നോടും വളരെ സ്നേഹമായിരുന്നു. ●


മൊബൈൽ: 9447060108

ആർദ്രം 308A എ.കെ.ജി. നഗർ

പി ഒ പേരൂർക്കട,

തിരുവനന്തപുരം 695005

ശ്രീഭ നാറണിയാട്

മൊബൈൽ: 9447276760

**വാർത്തയിലെ നമ്പൂതിരി / കെ.കെ. രവി നമ്പൂതിരി**

# സുപ്രീം കോടതിയിലെ




ഇതേപ്പറ്റി വന്ന അഭിമുഖം ഈ ക്യു ആർ കോഡിൽ കേൾക്കാം

ജനപ്രതിനിധി സഭകളിൽ നമ്പൂതിരിമാർ പൊതുവേ കുറവാണ്. തൃശൂരിലെ അന്നമനട പഞ്ചായത്തിലെ അഞ്ചാം വാർഡിൽ നിന്ന് ഒരു നമ്പൂതിരി പഞ്ചായത്ത് മെമ്പറായത് ഒട്ടനവധി കടമ്പകൾ കടന്നാണ്. ജനങ്ങളുടെ വോട്ട് നേടി ജയിച്ചിട്ടും സുപ്രീം കോടതി വരെ പോയാണ് അംഗത്വം നില നിർത്തിയത്. ആ കഥയാണ് ഇത്. വെറും കഥയല്ല. പോരാട്ടത്തിന്റെ കഥ.

യോഗക്ഷേമസഭ അന്നമനട ഉപസഭ മെമ്പർ കൂടിയായ മാമ്പ്ര കടക്കവട്ടത്തില്ലത്തെ കെ.കെ. രവി നമ്പൂതിരിയുടെ വിജയത്തിന് ഒന്നൊന്നരയല്ല ആയിരം മടങ്ങ് തിളക്കമുണ്ട്.

2015 ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായിരുന്നു രവി നമ്പൂതിരി. എതിരാളി സി.പി. എം. ഇരുകൂട്ടർക്കും തുല്യവോട്ട് ലഭിച്ചു. നറുക്കെടുപ്പ് വേണ്ടി വന്നു. നറുക്കിൽ നമ്പൂതിരി ജയിച്ചു. അപ്പോൾ ഇരു മുന്നണികളും തുല്യശക്തരായി. ഭരണത്തിനു വേണ്ടി വീണ്ടും നറുക്ക്. അങ്ങനെ പഞ്ചായത്ത് ഭരണം യു.ഡി. എഫിന് ലഭിച്ചു. അതോടെ കേസിന്റെ വഴി തുറന്നു.

അത് ഇങ്ങനെയാണ്. 2006-ൽ അന്നമട ഗ്രാമ പഞ്ചായത്തിന് മുന്നിൽ രവി നമ്പൂതിരിയുടെ നേതൃത്വത്തിൽ കുടിൽകെട്ടി ധർണ നടത്തിയിരുന്നു. അതിന് കേരള പോലീസ് നിയമത്തിലെ 38, 52 വകുപ്പുകൾ പ്രകാരം 200 രൂപ പിഴയടക്കേണ്ടി വന്നു. പത്തു വർഷം കഴിഞ്ഞ് തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി. അപ്പോൾ നാമനിർദേശ പത്രികയുടെ ഫോം 2 എ- യിൽ ഇത് രേഖപ്പെടുത്തിയില്ല എന്ന് ചൂണ്ടിക്കാട്ടി എതിർ സ്ഥാനാർത്ഥി മജിസ്ട്രേറ്റ് കോടതിയിൽ കേസ് കൊടുത്തു. അതിൽ രവിക്ക് അനുകൂലമായിരുന്നു വിധി.

എന്നാൽ എതിർകക്ഷി ജില്ലാ കോടതിയിൽ അപ്പിൽ നൽകി. അതിൽ രവിക്ക് എതിരായ വിധിയുണ്ടായി. അതിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ഹൈക്കോടതിയിലും വിധി എതിരായിരുന്നു. അങ്ങനെയാണ് സുപ്രീം കോടതിയെ സമീപിച്ചത്. ആ കേസിലാണ് കഴിഞ്ഞ നവംബറിൽ പരമോന്നത കോടതിയിൽ നിന്ന് രവി നമ്പൂതിരിക്ക് അനുകൂലമായ വിധി ഉണ്ടായത്.

ഒരു ധർണയുടെ പേരിൽ കേരള പൊലീസ് നിയമപ്രകാരം 200 രൂപ പിഴ ചുമത്തിയത് വെളിപ്പെടുത്തിയില്ലെന്നത് തിരഞ്ഞെടുപ്പു റദ്ദാക്കാൻ തക്ക കുറ്റമല്ലെന്നാണ് സുപ്രീം കോടതി ജഡ്ജിമാരായ എസ്. അബ്ദുൽ നസീർ, വി രാമസുബ്രഹ്മണ്യൻ എന്നിവരുടെ ബെഞ്ച് വിധിച്ചത്. ഇത് വോട്ടവകാശം സ്വതന്ത്രമായി വിനിയോഗിക്കുന്നതിനെ സ്വാധീനിക്കുമെന്ന ഹൈക്കോടതിയുടെയും ജില്ലാ കോടതിയുടെയും വിലയിരുത്തൽ തെറ്റാണെന്നും

# ജയം



എന്നെപ്പോലെയുള്ള സാധാരണ ജനപ്രതിനിധിയ്ക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല വിധിയാണ് ഇത്. എനിക്ക് വളരെ ആഹ്ളാദം നൽകിയ വിധി. പോലീസ് ആക്റ്റ് ദുരുപയോഗം ചെയ്യുന്നതിനുള്ള താക്കീതാണ് ഇത്. ഞാൻ ശുഭാപ്തി വിശ്വാസക്കാരനാണ്. അന്തിമ വിധി അനുകൂലമാകും എന്ന് എനിക്ക് ഉറച്ച വിശ്വാസം ഉണ്ടായിരുന്നു.



Panchayat member hails SC order

OVERTURNING HIS DISQUALIFICATION

**വ്യക്തിവിശേഷം /കെ കെ. രവി നമ്പൂതിരി**

S/o കൃഷ്ണൻ നമ്പൂതിരി, മാതാവ്: തങ്കം അന്തർജ്ജനം, ഭാര്യ: സി സിത്താര, D/o ശങ്കരനാരായണൻ നമ്പൂതിരിപ്പാട് (late), ചാത്തനാട്ട് ഇല്ലം, കക്കോടി മുക്ക്, കോഴിക്കോട്, (അന്നമനട സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് ബ്രാഞ്ച് മാനേജർ) മക്കൾ: രോഹിത്ത് കൃഷ്ണൻ ആർ നമ്പൂതിരി (ബി.കോം. സി.എ ഇന്റർ) സാന്ദ്രാ കൃഷ്ണ(ബി.എസ്.സി മൂന്നാം സെമസ്റ്റർ, യു.സി കോളേജ് ആലുവ, വിലാസം: കടക്കവട്ടത്ത് മന, പി.ഒ: എരയാംകുടി, വഴി: കൊരട്ടി, തൃശ്ശൂർ, പിൻ:680308 മൊബൈൽ: 9447673111

## 200 രൂപ പിഴ മുതൽ സുപ്രീം കോടതി വരെ

അന്നമനട പഞ്ചായത്ത് ഓഫീസിനു മുന്നിൽ 2006 സെപ്റ്റംബർ 20നു ധർണ നടത്തിയതിനാണ് രവി നമ്പൂതിരിക്ക് 200 രൂപ പിഴ ശിക്ഷ ലഭിച്ചത്. ഇക്കാര്യം 2015 ൽ നാമനിർദേശ പ്രതിക നൽകിയപ്പോൾ വെളിപ്പെടുത്തിയില്ലെന്നതാണ് തിരഞ്ഞെടുപ്പു റദ്ദാക്കുന്നതിനു കാരണമായത്. 2015 നവംബർ 5നു നടന്ന തിരഞ്ഞെടുപ്പിൽ അന്നമനട പഞ്ചായത്തിലെ 5–ാം വാർഡിൽ നിന്ന് വിജയിച്ചു. തിരഞ്ഞടുപ്പു ചോദ്യം ചെയ്ത് എതിർ സ്ഥാനാർഥി സിപിഎമ്മിലെ കെ.എ.ബൈജു നൽകിയ ഹർജി മുൻസിഫ് കോടതി തള്ളി. അപ്പീൽ പരിഗണിച്ച അഡീഷ നൽ ജില്ലാ ജഡ്ജി, ക്രിമിനൽ കേസിൽ രവി നമ്പൂതിരി ശിക്ഷിക്കപ്പെട്ട കാര്യം മറച്ചുവച്ചത് ക്രമക്കേടാണെന്നു വിലയിരുത്തി തിരഞ്ഞെടുപ്പു റദ്ദാക്കി. അതിനെതിരെയുള്ള റിവിഷൻ ഹർജിയും പുനഃപരിശോധനാ ഹർജിയും ഹൈക്കോടതി തള്ളി. തുടർന്നാണ്, ഹർജിക്കാരൻ സുപ്രീം കോടതിയെ സമീപിച്ചത്.

സുപ്രീംകോടതി വിശദീകരിച്ചു.

നാമനിർദ്ദേശ പത്രിക നൽകുമ്പോൾ, ആ സമയത്ത് ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകളുടെ വിവരം സ്ഥാനാർഥി വെളിപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 52(1) വകുപ്പിൽ പറയുന്നുണ്ട്. അതിനു പരിഗണിക്കേണ്ടത് ഏതൊക്കെ കേസുകളാണെന്നും സുപ്രീം കോടതി വിശദീകരിച്ചു. അന്വേഷണമോ വിചാരണയോ നടക്കാനുള്ളതായ ക്രിമിനൽ കേസുകൾ, പ്രതിക നൽകുന്ന സമയത്ത് ശിക്ഷ പ്രാബല്യത്തിലുള്ള കേസുകൾ, ശിക്ഷയ്ക്കെതിരെ അപ്പീലോ റിവിഷൻ ഹരജിയോ നിലവിലുള്ള കേസുകൾ. കേരള പഞ്ചായത്ത് രാജ് ചട്ടത്തിലെ 6–ാം വകുപ്പും ഫോം 2എയും പ്രകാരം കേസുകളുടെ മാത്രമല്ല നേരത്തെ ശിക്ഷ ലഭിച്ചിട്ടുള്ളവയുടെയും വിവരങ്ങൾ സ്ഥാനാർഥി നൽകേണ്ടതുണ്ടെന്നു കോടതി വിശദീകരിച്ചു. നിയമത്തിലെ വ്യവസ്ഥയുടെ പരിധി കടന്നുള്ളതാണ് ചട്ടത്തിലെ വ്യവസ്ഥയെന്ന് ഹർജിക്കാരനുവേണ്ടി രാഗേന്ദ് ബസന്ത് ഉന്നയിച്ച വാദത്തോട് കോടതി യോജിച്ചു.

അതിഗംഭീരമായ ചില നിരീക്ഷണങ്ങളും സുപ്രീം കോടതി നടത്തി. പ്രതിഷേധമെന്നത് പൗരസമൂഹത്തിന്റെയും പൊലീസ് നടപടി ഭരണകൂടത്തിന്റെയും ആയുധമാണ്. തദ്ദേശീയ ജനതയുടെ ജനാധിപത്യ മോഹം അട്ടിമറിക്കാൻ ബ്രിട്ടിഷ് ഭരണ കാലത്തുണ്ടാക്കിയ ചില പൊലീസ് നിയമങ്ങളുടെ പിന്തുടർച്ചയാണ് കേരള പൊലീസ് നിയമം. ഇക്കാര്യം മനസ്സിലാക്കി വേണം അതു പ്രയോഗിക്കാൻ. അഴിമതി നിരോധന നിയമം, ആയുധ നിയമം എന്നിവ ചുമത്തപ്പെട്ട കേസുകളിൽ ശിക്ഷ ലഭിക്കുന്നവരെ പോലെ കേരള പോലീസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷിക്കപ്പെടുന്നവരെ കാണാൻ കഴിയില്ല. തൊഴിലാളികൾക്ക് പണിമുടക്കാനും ഫാക്ടറി ഉടമയ്ക്ക് ലോക് ഔട്ട് ചെയ്യാനും അവകാശമുള്ള പോലെ പൗരസമൂഹത്തിന്റെ ആയുധമാണ് പ്രതിഷേധിക്കാനുള്ള അവകാശമെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ●

## അഭിപ്രായങ്ങളും നിർദ്ദേശങ്ങളും



*മീശനോവലിന് വയലാർ അവാർഡ് നൽകിയ 2022 ഒക്ടോബർ 27ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ യോഗക്ഷേമസഭ വനിതാസഭ നടത്തിയ പ്രതിഷേധ യോഗം*

# ഈ അവാർഡ്ദാനം ആഭാസകരം

**എം.വി.സുബ്രഹ്മണ്യൻ നമ്പൂതിരി**

കലയും സാഹിത്യവും മനുഷ്യവികാസത്തിൽ ഏറെ പങ്കുവഹിച്ചിട്ടുണ്ട്. സാഹിത്യകാരന്മാർ നൂറ്റാണ്ടുകൾ കഴിഞ്ഞാലും സഹൃദയരിൽ തങ്ങുന്നത് സാഹിത്യകാരന്റെ മനനം വികാരങ്ങളും ചിന്തകളും, ചെയ്തെടുത്ത ലോകവീക്ഷണവും ഉള്ളതുകൊണ്ടുതന്നെയാണ്. കുഞ്ചൻ നമ്പ്യാരെ പോലുള്ള മഹത്തുക്കൾ ആക്ഷേപഹാസ്യം നടത്തിയിട്ടുണ്ട്. അവ സമൂഹത്തിലെ ദുഷിച്ച പ്രവണതകൾക്കെതിരായിരുന്നു. അത് മനുഷ്യസമൂഹത്തിന്റെ പൊതുവെയുള്ള സ്വാതന്ത്ര്യത്തെയോ മനസ്സിനേയോ ഹനിച്ചിരുന്നില്ല. ഇരുത്തി ചിന്തിപ്പിച്ച് ശുദ്ധീകരണത്തിനായിരുന്നു.

എന്നാൽ കഥാപാത്രങ്ങളെക്കൊണ്ട് സമൂഹത്തിന് ഹാനികരമാകുന്ന അഭിപ്രായങ്ങൾ പറയിപ്പിച്ച് തനിക്കും താൻ ഉൾക്കൊള്ളുന്ന വിഭാഗത്തിനും സന്തോഷം നേടുന്ന പ്രവണത ഇപ്പോൾ കണ്ടുവരുന്നു. സാഹിത്യത്തിലെ അഭിപ്രായ സ്വാതന്ത്ര്യം മറ്റുള്ളവരുടെ വിശ്വാസത്തെയും ചിന്തയെയും താല്പര്യങ്ങളെയും ഹനിക്കുന്നതാകരുത്. ദൈവത്തിന്റെ പേരിൽ നടക്കുന്ന ഹത്യകൾ പോലെ, ഇത്തരം പ്രവണതകളും തടയപ്പെടേണ്ടതാണ്.

2022 ഒക്ടോബർ 27 ന് മീശ എന്ന നോവലിന് വയലാർ അവാർഡ് നൽകി ആദരിച്ചു. ഒരു മഹത്തരമായ കൃതിക്ക് ഏതു പുരസ്കാരം ലഭിക്കുമ്പോഴും വായനയുടെ ലോകം സന്തോഷിക്കും. എന്നാൽ മീശയ്ക്ക് പുരസ്കാരം ലഭിച്ചപ്പോൾ എന്തുകൊണ്ട് ഹൈന്ദവ സമൂഹം നെറ്റി ചുളിക്കുന്നു? കഷ്ടമെന്ന് പറയുന്നു?

ഹരീഷ് എന്ന വ്യക്തിയെ അധിക്ഷേപിക്കുന്നില്ല. അതിലെ പല കഥാപാത്രങ്ങളെ കൊണ്ടും നിർബന്ധിച്ച് ചങ്ങലയ്ക്കിട്ട് പറയിപ്പിച്ച സംഭാഷണങ്ങൾ കേരളത്തിലെ ഹൈന്ദവസമൂഹത്തിന്റെ മനസ്സിൽ മുറിപ്പാടുകൾ ഉണ്ടാക്കി. സ്ത്രീത്വത്തെ ഇത്രമേൽ കൂട്ടമായി അപമാനിച്ച മറ്റൊരു സൃഷ്ടി ഉണ്ടാകില്ല. അറപ്പും വെറുപ്പും ഉളവാക്കുന്ന ഭാഷയിൽ കാമത്തിന്റെ പ്രതിമൂർത്തികളായി സ്ത്രീകളെ കണ്ടപ്പോൾ, പറയുമ്പോൾ, ക്ഷേത്രപൂജാരിമാർ ക്ഷേത്രദർശനത്തിനെത്തുന്ന സ്ത്രീകളുടെ ഇംഗിതം നടപ്പാക്കുന്നവരാണെന്ന് പറയിക്കുമ്പോൾ അങ്ങനെയാണല്ലോ എന്ന് വ്യാഖ്യാനം നൽകുമ്പോൾ സാഹിത്യകൃതിയിൽ കൂടി ഒരു സമൂഹത്തെ ഒന്നടങ്കം ആക്ഷേപിക്കുകയാണ് ചെയ്തത്.



> മീശയ്ക്ക് പുരസ്ക്കാരം ലഭിച്ചപ്പോൾ എന്തുകൊണ്ട് ഹൈന്ദവ സമൂഹം നെറ്റി ചുളിക്കുന്നു? വയലാർ അവാർഡ് കമ്മിറ്റിയും ജൂറിയും ഇത്രയേറെ തരം താഴരുതായിരുന്നു.

ഏറെ പ്രശസ്തനായ കവിയും, ഗാനരചയിതാവുമാണ് വയലാർ രാമവർമ്മ. വയലാറിന്റെ സ്മരണാർത്ഥം നൽകുന്ന പുരസ്ക്കാരമാണ് വയലാർ അവാർഡ്. എഴുത്തുകാരും, സാംസ്കാരിക നായകന്മാരും അടങ്ങുന്ന സമിതി നിർദ്ദേശിക്കുന്ന കൃതികളിൽ നിന്ന് തിരഞ്ഞെടുപ്പ് നടത്തിയാണ് അവാർഡ് നിശ്ചയിക്കുന്നത്.

ഈ അവാർഡ് 1977 മുതൽ നൽകി വരുന്നുണ്ട്. ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷിയ്ക്കാണ് ആദ്യപുരസ്ക്കാരം ലഭിച്ചത്. പിന്നീട് അക്കിത്തം, വിഷ്ണുനാരായണൻ നമ്പൂതിരി, സേതു, എം. ലീലാവതി, സുഗതകുമാരി, കെ. അയ്യപ്പപണിക്കർ, തിക്കോടിയൻ, ഒ.എൻ.വി,തകഴി, എം, മുകുന്ദൻ, എം.കെ സാനു സുകുമാർ അഴീക്കോട്, വൈലോപ്പിള്ളി, മലയാറ്റൂർ, എസ്സ്. ഗുപ്തൻ നായർ, എം.വി. വീരേന്ദ്രകുമാർ തുടങ്ങി 45 മഹാപ്രതിഭകൾക്ക് വയലാർ അവാർഡ് ലഭിച്ചിട്ടുണ്ട്.

നാല്പ്പത്തി ആറാമത് വയലാർ അവാർഡ് ഒരു പൈങ്കിളി സാഹിത്യത്തിന് നൽകുന്നതിലാണ് പ്രതിഷേധം. മലയാള ഭാഷയുടെ അധഃപതനമായി ഇതിനെ വിലയിരുത്തേണ്ടിയിരിക്കുന്നു. ഭാരതസംസ്ക്കാരത്തിന്റെ തനിമ നിലനിർത്താത്ത പൊതുസമൂഹത്തെ അംഗീകരിക്കാത്ത, സ്ത്രീത്വത്തെ അവമതിക്കുന്ന, സ്ത്രീകളെല്ലാം കാമവെറി പൂണ്ടവരാണെന്ന് വിളിച്ചോതുന്ന, ഒരു മീശ കണ്ടാൽ സകല നിയന്ത്രണവും നഷ്ടമാകുന്നവരാണ് സ്ത്രീകളെന്ന് കുറ്റപ്പെടുത്തുന്ന ഒരു പൈങ്കിളിസൃഷ്ടിക്ക് വയലാർ പുരസ്ക്കാരം നൽകിയത് ലജ്ജാവഹം തന്നെ. അവാർഡ് കമ്മിറ്റിയും ജൂറിയും ഇത്രയേറെ തരം താഴരുതായിരുന്നു.

(യോഗക്ഷേമസഭ മുൻ സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ എം.വി.സുബ്രഹ്മണ്യൻ നമ്പൂതിരി. മീത്തലെ വട്ടപ്പറമ്പ് ഇല്ലം, ദേവികൃപ, കോളിച്ചിറ റോഡ്,പി.ഒ.അഴൂർ വഴി.പെരുങ്ങുഴി തിരുവനന്തപുരം പിൻ: 695305 മൊബൈൽ 9562638209 )




# തവനൂരിൽ ബ്രഹ്മാവിന് ഒരു ക്ഷേത്രം

## സൃഷ്ടി വൈകല്യങ്ങൾ പരിഹരിക്കാൻ സ്രഷ്ടാവിന് വഴിപാട് നേരാം

ചരിത്രവും ഐതിഹ്യവും ഇഴചേർന്ന് ഭാരതപ്പുഴയുടെ തീരത്ത് തവനൂരിൽ ആദ്ധ്യാത്മിക ചൈതന്യം നിറഞ്ഞു നിൽക്കുന്ന ബ്രഹ്മ ക്ഷേത്രം കലികാല യാതനകളിൽ പെട്ട് വേദനിക്കുന്നവരുടെ സർവ്വൈശ്വര്യത്തിനും ക്ഷേമത്തിനും ഭക്തരുടെ അഭീഷ്ട സിദ്ധികൾക്കും അനുഗ്രഹം ചൊരിഞ്ഞ് നിൽക്കുന്ന 'സത്യയുഗത്തിലെ ചതുർമുഖ ബ്രഹ്മാവിന്റെ' ലോകത്തിലെ ഏക ക്ഷേത്രമാണ്. ഗോകർണം മുതൽ കന്യാകുമാരി വരെയുള്ള ഭാർഗവക്ഷേത്രത്തിന്റെ യശസ്സിനും ക്ഷേമത്തിനും സമ്പൽ സമൃദ്ധിക്കും വേണ്ടി പരശുരാമന്റെ അഭ്യർത്ഥന പ്രകാരം യാഗം ചെയ്ത യജമാനനായ ബ്രഹ്മാവ് ഇരുന്ന സ്ഥാനത്തിലാണ് ബ്രഹ്മ വിഗ്രഹം സ്ഥിതി ചെയ്യുന്നത്. ശ്രീകോവിലിന്റെ ചെമ്പോല പൊതിയൽ ആരംഭിക്കുകയാണ്. സരസ്വതീ മണ്ഡപം പണി കഴിക്കേണ്ടതായിട്ടുണ്ട്. ശ്രീകോവിലും നമസ്കാര മണ്ഡപവും മാത്രം ഉണ്ടായിരുന്ന ക്ഷേത്രം ഇപ്പോൾ ചുറ്റമ്പലം പണി കഴിഞ്ഞ് അവസാന ഘട്ട പണികളിലെത്തിയിരിക്കുകയാണ്. ചെമ്പോലയ്ക്കും രണ്ടാംഘട്ട പുനരുദ്ധാരണത്തിനും ആവശ്യമായ തുക ഭക്തരിൽ നിന്നും വഴിപാടായി സ്വീകരിക്കാൻ കമ്മറ്റി തീരുമാനിച്ചിരിക്കുന്നു. ആയതിലേക്കായി താങ്കളുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ബ്രഹ്മശ്രീ തവനൂർ**
**പരമേശ്വരൻ സോമയാജിപ്പാട്,**
പ്രസിഡണ്ട്, ബ്രഹ്മക്ഷേത്ര കമ്മറ്റി
Federal Bank Thavanur branch
Account No.11710100114009
IFSC code FDRL0001171
G pay no 9107995599
brahmatemplethavanur@gmail.com
Contact Numbers
9207645744, 9946641063, 9746452945

### പ്രധാന വഴിപാടുകൾ

**ക്ഷേമ ഐശ്വര്യങ്ങൾക്ക്**

| | |
|---|---|
| പുഷ്പാഞ്ജലി | 10 |
| ബ്രഹ്മസൂക്ത പുഷ്പാഞ്ജലി | 20 |
| സൂക്ത പുഷ്പാഞ്ജലികൾ | 20 |
| വിളക്ക് മാല | 20 |
| കുടുംബാർച്ചന | 50 |
| താമര മാല | 50 |
| ഗണപതി ഹോമം | 75 |
| സുകൃത ഹോമം | 100 |
| ഉദയാസ്തമന നെയ് വിളക്ക് | 100 |
| അഭിഷേകങ്ങൾ | 100 |
| ദിവസ പൂജ | 100 |
| ചന്ദനം ചാർത്തൽ ഒരു മുഖം | 250 |
| ചന്ദനം ചാർത്തൽ നാല് മുഖം | 1000 |
| നിറ വിളക്ക് | 500 |
| ത്രികാല പൂജ | 750 |
| ചുറ്റുവിളക്ക് | 1750 |

**പിതൃ തർപ്പണ വഴിപാടുകൾ**

| | |
|---|---|
| പിതൃസൂക്തം പുഷ്പാഞ്ജലി | 30 |
| പിതൃസായൂജ്യ പൂജ | 100 |

**ജാതക സംബന്ധമായ വഴിപാടുകൾ**

| | |
|---|---|
| ജാതക പൂജ | 100 |
| (നിവേദിക്കാനുള്ള ഫലങ്ങൾ, വെറ്റില, അടയ്ക്ക, വസ്ത്രം എന്നിവ കൊണ്ടു വരണം ) | |
| നക്ഷത്ര പൂജ | 100 |
| അക്ഷതപ്പറ | 100 |

**മറ്റ് വിശേഷ വഴി പാടുകൾ**

| | |
|---|---|
| സന്താനഗോപാല പൂജ | 100 |
| സരസ്വതി പൂജ | 100 |
| നവധാന്യപ്പറ | 500 |
| (ഭൂമി സംബന്ധമായ ദോഷങ്ങൾക്ക്) | |

### ക്ഷേത്രത്തിലെ ബ്രഹ്മ പ്രതിഷ്ഠ

അനന്തശായിയായ മഹാവിഷ്ണുവിന്റെ നാഭിയിൽ നിന്ന് വിരിഞ്ഞ താമരയിൽ ഇരിയ്ക്കുന്ന ബ്രഹ്മാവിന്റേതാണ്. അതുകൊണ്ട് പീഠം മഹാവിഷ്ണുവാണ് എന്നാണ് സങ്കൽപം. അതിനാൽ പ്രധാന വഴിപാടായ ചുറ്റുവിളക്ക് ജൻമ നക്ഷത്രത്തിൽ നടത്തുന്നത് ദ്വിമൂർത്തികളുടെയും അനുഗ്രഹത്തിനും സർവ്വൈശ്വര്യത്തിനും ക്ഷേമത്തിനും അഭീഷ്ടസിദ്ധികൾക്കും ഉത്തമമാണ്.



നമുക്കിടയിലെ പ്രതിഭ



മുത്തശ്ശൻ കരസേനയിൽ! അച്ഛൻ വ്യോമസേനയിൽ!! മകൾ നാവികസേനയിലും!!! നാവികസേനയിൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ലഫ്റ്റനന്റ് ആയി ചേർന്ന ദേവിക ആഴക്കടലിലെ പരിശീലനത്തിനായി വിശാഖപട്ടണത്ത് നിന്ന് കപ്പൽകയറിക്കഴിഞ്ഞു. ഈ പദവിയിലെത്തുന്ന കേരളത്തിലെ ആദ്യ ബ്രാഹ്മണ യുവതിയാണ് ദേവിക.

*ദേവിക നാവികസേനയിൽ പ്രവേശനം കിട്ടുന്നതിനു മുമ്പും ഔദ്യോഗിക യൂണിഫോമിലും*

# കമ്മീഷൻഡ് ഓഫീസർ

## നേട്ടം ഇരുപത്തൊന്നാം വയസ്സിൽ ആദ്യപരിശ്രമത്തിൽത്തന്നെ

അച്ഛൻ 16 തവണ ശ്രമിച്ചിട്ടും നേടാനാവാത്തത് മകൾ ആദ്യതവണയിൽത്തന്നെ നേടി! എയർഫോഴ്സിൽ കമ്മീഷൻഡ് ഓഫീസറാവാനുള്ള എസ് എസ് ബി ഇന്റർവ്യൂയിൽ അച്ഛൻ 16 തവണ പങ്കെടുത്തെങ്കിലും തിരഞ്ഞെടുക്കപ്പെട്ടില്ല. ഒടുവിൽ 23 വർഷത്തെ സേവനം പൂർത്തിയായപ്പോൾ വളണ്ടറി റിട്ടയർമെന്റ് എടുത്തു.

എയർഫോഴ്സിൽ ജൂനിയർ കമ്മീഷൻഡ് ഓഫീസറായിരുന്നു ഹരികുമാർ നമ്പൂതിരി. അതും 21 വർഷത്തെ സർവീസിനൊടുവിൽ പ്രൊമോഷൻ എന്ന നിയലിൽ ലഭിച്ചത്. എന്നാൽ അതിനും മുകളിലെ കമ്മീഷൻഡ് ഓഫീസറാവാൻ പതിനാറു വട്ടം ശ്രമിച്ചിട്ടും നടന്നില്ല.

എന്നാൽ ഇതേ ആളുടെ മകൾ ദേവിക തന്റെ 21 ാം വയസ്സിൽ ആദ്യ അഭിമുഖ്യത്തിൽത്തന്നെ ആ നേട്ടം കൈവരിച്ചിരിക്കുന്നു. ഇന്ത്യൻ നേവിയിൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ (ഇൻഫോർമേഷൻ ടെക്നോളജി) കമ്മീഷൻഡ് പദവിയിൽ എത്തിയിരിക്കുകയാണ് ഈ പെൺകുട്ടി.

> ഈ വിജയത്തിന് ഏറെ പ്രത്യേകതകൾ ഉണ്ട്. ദേവിക മാത്രമാണ് ഈ ബാച്ചിൽ കേരളത്തിൽ നിന്നുള്ള ഒരേ ഒരാൾ. കൂടാതെ 21ാം വയസ്സിൽ കേരളത്തിൽ നിന്നു ഈ പദവിയിലെത്തുന്ന ആദ്യത്തെ വനിത. ഇതിലെല്ലാമുപരി ഈ പദവിയിൽ ചുമതല ഏൽക്കുന്ന കേരളത്തിൽ നിന്നുള്ള ആദ്യത്തെ ബ്രാഹ്മണ യുവതി.

ഈ വിജയത്തിന് ഏറെ പ്രത്യേകതകൾ ഉണ്ട്. ദേവിക മാത്രമാണ് ഈ ബാച്ചിൽ കേരളത്തിൽ നിന്നുള്ള ഒരേ ഒരാൾ. കൂടാതെ 21ാം വയസ്സിൽ കേരളത്തിൽ നിന്നും ഈ പദവിയിലെത്തുന്ന ആദ്യത്തെ വനിത. ഇതിലെല്ലാമുപരി ഈ പദവിയിൽ ചുമതല ഏൽക്കുന്ന കേരളത്തിൽ നിന്നുള്ള ആദ്യത്തെ ബ്രാഹ്മണ യുവതി.

നമ്മുടെ പെൺകുട്ടികൾക്ക് ഏറെ അഭിമാനം പകർന്നിരിക്കുകയാണ് ദേവിക. ഇന്ത്യൻ നേവൽ അക്കാദമിയിൽ നിന്നും കഴിഞ്ഞ ദിവസം സബ് ലഫ്ടനന്റ് പദവിയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ബുദ്ധിപരമായും കായികമായുമുള്ള നിരവധി പരീക്ഷകളും പരീക്ഷണങ്ങളും അതിജീവിച്ചാലേ ഈ പദവിയിലെത്താനാവൂ. അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന ആ പരീക്ഷകളാണ് നിഷ്പ്രയാസം ദേവിക മറികടന്നത്.

സേനയിൽ വൈമാനിക ആകാനുള്ള സ്വപ്നവും കുട്ടിക്കാലം മുതലേ ഉണ്ടായിരുന്നു. തന്റെ ജന്മാഭിലാഷമായ പൈലറ്റ് ആകാനുള്ള സാധ്യതകൾ ഉള്ളതിനാൽ

ഇനി അതിലേക്കുള്ള പ്രയാണത്തിലാണ് ഈ ഓഫീസർ.

വേറെയുമുണ്ട് ചില പ്രത്യേകതകൾ. ദേവികയുടെ മുത്തശ്ശൻ കരസേനയിലായിരുന്നു. അച്ഛൻ വ്യോമസേനയിൽ. മകൾ നാവികസേനയിലും. ഇതും അപൂർവമായി മാത്രം സംഭവിക്കുന്ന ഒന്നാണ്.

അടൂർ പന്നിവിഴ ഹരിശ്രീ മഠത്തിൽ കെ. ഹരികുമാർ നമ്പൂതിരിയുടെയും കവിതാ ദേവിയുടെയും മകളാണ് ദേവിക. രാമപുരത്ത് കാരിക്കോട്ടില്ലത്തെ കെ.എൻ. കൃഷ്ണൻ നമ്പൂതിരിയുടെ പേരക്കുട്ടി. അച്ഛൻ ഹരികുമാർ നമ്പൂതിരി എയർഫോഴ്സ് മുൻ വാറന്റ് ഓഫീസറായിരുന്നു. സേനയിൽ നിന്ന് വളണ്ടറി റിട്ടയർമെന്റ് എടുത്ത ശേഷം ഇപ്പോൾ കോട്ടയം ജില്ലാ കോടതിയിൽ മാനേജറായി പ്രവർത്തിക്കുന്നു. പത്തനംതിട്ട മലയാലപ്പുഴ ഐക്കരേത്ത് ഇല്ലം എൻ. വിജയശർമ്മയുടെ മകളാണ് അമ്മ കവിതാ ദേവി. വിജയശർമ്മയാണ് കരസേനയിൽ ഉണ്ടായിരുന്നത്.

അച്ഛനൊപ്പം ഗാസിയാബാദ്, ഡെൽഹി, ഘരഗ്പൂർ, വെസ്റ്റ് ബംഗാൾ, ആക്കുളം തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലുള്ള എയർഫോഴ്സ് സ്റ്റേഷനുകളിൽ താമസിച്ച് കേന്ദ്ര വിദ്യാലയത്തിലാണ് ദേവിക പഠിച്ചിരുന്നത്.



*അച്ഛൻ ഹരികുമാർ നമ്പൂതിരി അമ്മ കവിതാ ദേവി സഹോദരൻ ശ്രീശങ്കർ എന്നിവർക്കൊപ്പം ദേവിക*

ഡിഫൻസിനോട് താത്പര്യമുണ്ടാകാനുള്ള മുഖ്യ കാരണം ഇതു തന്നെയാണ് . എപ്ലസോടെ 10 ാം ക്ലാസ്സും 12 ാം ക്ലാസ്സും വിജയിച്ച് തിരുവനന്തപുരം ബാർട്ടൻഹിൽ എൻജിനീയറിംഗ് കോളേജിൽ നിന്നും ബിടെക് (ഓണേഴ്സ് ) 9.15 സി.ജി.പി.എ. യോടു കൂടി വിജയിച്ചു. ഖോഖോ, അത്‌ലറ്റിക്സ്, വോളീബോൾ തുടങ്ങിയ കായിക മേഖലകളിലും നിരവധി മെഡലുകൾ നേടിയിട്ടുണ്ട്. കൂടാതെ 8 ാം ക്ലാസ്സ് മുതൽ 6 വർഷം എൻ.സി.സിയിൽ പ്രവർത്തിച്ചു. റിപ്പബ്ലിക്ദിന പരേഡ്, ജോദ്പൂരിലെ വായു സൈനിക് ക്യാമ്പ് തുടങ്ങിയവകളിൽ പങ്കെടുക്കുകയും സി സർട്ടിഫിക്കറ്റ് പരീക്ഷയിൽ എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു. കൂടാതെ സിനിമാറ്റിക് ഡാൻസിലും സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

സൈനിക സേവനത്തിനു ശേഷമാണ് ഹരികുമാർ നമ്പൂതിരി കോട്ടയം ജില്ലാ കോടതി മാനേജർ നിയമനം നേടിയത്. എയർഫോഴ്സ് സേവന സമയത്ത് നിരവധി മെഡലുകൾ ചീഫ് ഓഫ് എയർ സ്റ്റാഫ് കമന്റേഷൻ, സതേൺ എയർ കമാൻഡ് എയർഓഫീസർ ഇൻ ചാർജിന്റെ കമന്റേഷൻ, യുനൈറ്റഡ് നേഷൻസ് ഫോഴ്സ് കാമൻഡർ അപ്രീസിയേഷൻ തുടങ്ങിയവ കിട്ടിയിട്ടുണ്ട്. ഒരു വർഷത്തെ ഐക്യരാഷ്ട്രസഭ (സുഡാൻ, അഫ്രിക്ക ) സേവനവും (പീസ് മിഷൻ സേവനവും) നടത്തിയിട്ടുണ്ട്. ആക്കുളം കേന്ദ്രീയ വിദ്യാലയ 12 ാം ക്ലാസ്സ് വിദ്യാർത്ഥിയാണ് ദേവികയുടെ ഏക സഹോദരൻ ശ്രീശങ്കർ. വിശാഖപട്ടത്ത് എത്തി സേനയിൽ ചേർന്ന ദേവിക ആഴക്കടലിലെ പരിശീലനത്തിനായി കപ്പൽ കയറിക്കഴിഞ്ഞു. പഠനത്തിന്റെ ആവശ്യത്തിനായി താല്കാലികമായി തിരുവനന്തപുരത്താണ് ഈ കുടുംബം കഴിയുന്നത്. ●

ഹരിശ്രീ മഠം, കരിക്കോട്ടില്ലം
രാമപുരം, പന്നിവിഴ, അടൂർ,
പത്തനംതിട്ട ജില്ല,പിൻ: 691525
മൊബൈൽ :9497106392

## മറികടന്ന കടമ്പകൾ

പത്തിലും പന്ത്രണ്ടിലും ഫുൾ എ പ്ലസും പത്തിൽ ഒമ്പത് മറികടന്ന ബിടെക്കിലെ ഗ്രേഡ് പോയിന്റും ഉണ്ടായിട്ടും അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന അതി കഠിനമായ പരീക്ഷകൾക്കൊടുവിലാണ് ദേവിക കടന്നു കൂടിയത്.

ആദ്യം സൈക്കോളജിക്കൽ ടെസ്റ്റ്. ഇന്റലിജൻസ് ടെസ്റ്റ്, വേഡ് അസോസിയേഷൻ ടെസ്റ്റ്, സിറ്റുവേഷൻ റിയാക്ഷൻ ടെസ്റ്റ്, തീമാറ്റിക് അപ്രിസിയേഷൻ ടെസ്റ്റ്, സെൽഫ് ഡിസ്ക്രിപ്ഷൻ, മറ്റുള്ളവർ നിങ്ങളെക്കുറിച്ച് എങ്ങനെ ചിന്തിക്കുന്നു (അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, മിത്രം, ശത്രു, ടീച്ചർ, എംപ്ലോയർ എന്നിവർ ) നിങ്ങളുടെ പ്ലസ് പോയിന്റുകളും മൈനസ് പോയിന്റുകളും, നിങ്ങൾ മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്ന ഗുണങ്ങൾ ഇങ്ങനെ വിവരണാത്മകമായ വലിയൊരു എഴുത്തു പരീക്ഷ.

അതിൽ ജയിച്ചാൽ കായികക്ഷമതാ പരീക്ഷകൾ. റോപ് ക്ലൈമ്പിംഗ്, മങ്കി ക്രോളിംഗ്, ടാർസൻ ജമ്പ്, ബർമ ബ്രിഡ്ജ് നടത്തം, ഹൈജമ്പ്, ലോംഗ് ജമ്പ്, വോൾ ജമ്പിംഗ്, അങ്ങനെയങ്ങനെ ഒട്ടേറെ.

അവിടെയും തീർന്നില്ല. ഗ്രൂപ്പ് ഡിസ്കഷൻ, സ്പീച്ച് കമാൻഡ് ടാസ്ക്, ഗ്രൂപ്പ് ടാസ്ക്, മലിട്ടറി പ്ളാനിംഗ്, തുടങ്ങി ഔട്ട്ഡോർ ആക്ടിവിറ്റികൾ.

പിന്നെ ഓഫീസർ മുമ്പാകെ വ്യക്തിഗതമായ ഇന്റർവ്യൂ. അതു കഴിഞ്ഞ് ഗ്രൂപ്പ് ഇന്റർവ്യൂ. ചുരുക്കത്തിൽ ഒരാളുടെ മാനസികവും ശാരീരികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും മനസ്സിലാക്കുന്ന ഒന്നാണ് ബെംഗളൂരുവിലെ സർവീസ് സെലക്ഷൻ ബോർഡിനു കീഴിലെ അഞ്ചുദിവസത്തെ ഇന്റർവ്യൂ ജീവിതം. അച്ഛൻ നൽകിയ നിർദേശങ്ങളും ഡൽഹിയിലെ ഫ്ളെയർ അക്കാദമിയിൽ നിന്നുള്ള ഓൺലൈൻ പരിശീലനവും തിരുവനന്തപുരം കവലിയർ അക്കാദമിയിൽ നിന്നുള്ള ഓഫ്‌ലൈൻ പരിശീലനവുമെല്ലാം ഇതിന് ഉപകരിച്ചു. സൈനിക കുടുംബത്തിൽ പിറന്നതിനാൽ കുട്ടിക്കാലം മുതൽ അതിനോട് ആഭിമുഖ്യവും ഉണ്ടായിരുന്നു ●



## ജെൻഡർ ഇക്വാലിറ്റിയല്ല, നവോത്ഥാനവുമല്ല; ഇത് മുത്തശ്ശിക്കു വേണ്ടിയുള്ള തിലോദകം

# അന്തർജ്ജനങ്ങൾ നടത്തിയ സംസ്കാരം

**പരിയാനമ്പറ്റ നാരായണൻ നമ്പൂതിരി**



രാത്രി 11 മണിക്ക് ശേഷമുള്ള ആനാമ്പറമ്പ് രാമേട്ടന്റെ ഫോൺ.

'ചോർളി അമ്മ മരിച്ചൂട്ട്വോ' . ഉടൻ തന്നെ ആശുപത്രിയിലെത്തി. അവിടുത്തെ നടപടികൾക്ക് ശേഷം വെളുപ്പിന് 2 മണിയോടെ ദേഹത്തോടൊപ്പം രാമേട്ടന്റെ ഇല്ലത്തേക്കും. കാണാറായപ്പോൾ ഇല്ലത്തേക്ക് പോന്നു.

ഉച്ചക്ക് പന്ത്രണ്ട് മണിയോടെയാണ് സംസ്ക്കാരം. ഐവർമഠം കൃഷ്ണപ്രസാദ് വാര്യരുടെ ഒരു ശാഖ ഇല്ലത്ത് അടുത്ത് തന്നെയുണ്ട്. അവിടെപ്പോയി സംസ്ക്കാരത്തിന് അവരെ ഏൽപിച്ചു. കുളിയും പ്രതലും കഴിഞ്ഞ് വീണ്ടും 9 മണിയോടെ ആനാമ്പറമ്പിലെത്തി.

കണ്ടയുടനെ രാമേട്ടൻ:

'സംസ്ക്കാരത്തിന്റെ കാര്യം ന്താപ്പോ വേണ്ടത് നിശ്ചംല്യാ. ചോർളിമാര് എത്തീട്ടില്ല്യാ. ഇനീപ്പോ എത്തീച്ചാലും അവർക്ക് പറ്റ്വോ ആവോ. എല്ലാവർക്കും ഒരൂട്ടം വയ്യായയൊക്കെ ണ്ട് '

മരിച്ച ചോർളി പാർവ്വതി അന്തർജ്ജനത്തിന് ഒരു മകനും നാല് പെൺകുട്ടികളും ആണ് ഉണ്ടായിരുന്നത്.

ചില ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്ന മകൻ നന്ദകുമാർ 5 കൊല്ലം മുമ്പെ മരിച്ചു. അറുപതിനടുത്ത് പ്രായമുണ്ടാവുമായിരുന്ന ഈ മകൻ ഇപ്പോൾ ഉണ്ടായിരുന്നെങ്കിൽ രാമേട്ടന് ഈ പരിഭ്രമം വേണ്ടായിരുന്നു.

തന്റെ ഇല്ലത്തെ 4 മക്കളിൽ മൂത്ത മകനായ രാമേട്ടൻ വേളി കഴിച്ചത് തൃപ്രയാറിനടുത്ത് അന്തിക്കാട് ദേശത്ത് കൊളങ്ങാത്ത് ചോർളി രാമൻ നമ്പൂതിരിയുടെയും പാർവ്വതി അന്തർജ്ജനത്തിന്റെയും മൂത്ത മകളായ വനജയെ. അക്കാലത്ത് ഇവരുടെ താഴെ കോളേജിൽ പഠനം തുടങ്ങിയ രണ്ട് പെൺമക്കൾ ശ്യാമളയും സുമയും, ഇതിൽ താഴെ ഹൈസ്കൂളിൽ പഠിക്കുന്ന നന്ദകുമാർ.ഏറ്റവും താഴെ യു പി ക്ലാസ്സിൽ പഠിക്കുന്ന സുധയും.

പ്രാഥമിക വിദ്യഭ്യാസം മാത്രമുള്ള വളരെ സാധു പ്രകൃതക്കാരനാണ് ചോർളി രാമൻ നമ്പൂതിരി.

നാട്ടിൻ പുറത്തെ സ്വകാര്യ ക്ഷേത്രത്തിലെ ഒരു ശാന്തിക്കാരൻ. കുട്ടികളുടെ വിദ്യഭ്യാസ സൌകര്യത്തിനായി പിന്നീട് തൃശൂർ ടൌണിലുള്ള അമ്പലത്തിലേക്ക് മാറി. ടൌണിൽ റെയിൽവേ സ്റ്റേഷന് കുറച്ച് പടിഞ്ഞാറ് ഭാഗത്ത് പൂത്തോളിൽ സ്ഥലം വാങ്ങി സകുടുംബം താമസം

തുടങ്ങി. എൺപത് വയസിനടുത്ത് വരെയും അദ്ദേഹം ശാന്തിക്കാരനായി ജോലി ചെയ്തു. പെൺമക്കൾ എല്ലാവരുടെയും വിവാഹം കഴിഞ്ഞു .

മക്കളുടെ വിദ്യഭ്യാസത്തിന് അദ്ദേഹം നൽകിയ പ്രാധാന്യമാണ് രണ്ട് പെൺമക്കളെ ടീച്ചർമാരും ഒരാളെ സബ് രജിസ്ട്രാർ ആക്കിയതും.

പ്രായമേറിയതോടെ രാമൻ നമ്പൂതിരിക്കും പാർവ്വതി അന്തർജ്ജനത്തിനും ചികിത്സയുള്ള മകന്റെ രക്ഷക്കും ആരെങ്കിലും സഹായം ഉണ്ടായാൽ നല്ലതാണെന്ന നിലയിലെത്തി. ഇത് മനസിലാക്കിയ രാമേട്ടൻ പൂത്തോളിലെ സ്ഥലം വില്പന നടത്തിച്ചു. മണ്ണുത്തിയിലുള്ള തന്റെ ഇല്ലത്തിന് തൊട്ടടുത്തുള്ള സ്ഥലം വാങ്ങി. ഇല്ലം മരാമത്തും ചെയ്ത് ചോർളി കുടുംബത്തെ താമസിപ്പിച്ചു.

ചുരുക്കത്തിൽ രാമേട്ടൻ അവിടുത്തെയും മൂത്ത മഹനായി. ചോർളിക്കാർ ഞങ്ങളുടെ നാട്ടുകാരും കുട്ടനെല്ലൂർ ഉപസഭാംഗങ്ങളുമായി.

നമ്മുക്ക് വിഷയത്തിലേക്ക് വരാം.സംസ്ക്കാരത്തിന്റെ സമയം ഏതാണ്ട് അടുത്തപ്പോൾ രാമേട്ടൻ

'സംസ്ക്കാരം കഴിപ്പിക്കണം ട്ടോ, ചോർളി ഓയ്ക്കനെ കാക്കണ്ട , പകഴിയം മട്ടിൽ ആയാൽ നാരായണന് പറ്റൂലോ'

ഇരിങ്ങാലക്കുട ഗ്രാമക്കാരായ യജുർവ്വേദിയാണ് ചോർളി ഇല്ലക്കാർ. ബൌധായനൻ, സാക്ഷാൽ കൈമുക്ക് വൈദികനാണ് അവരുടെ ഓയ്ക്കൻ. സംസ്ക്കാരത്തിന് ഓയ്ക്കനെ കാക്കണ്ടാ , എത്രയും വേഗം ലഭ്യമായ ചരണത്തിൽ സംസ്ക്കാരം കഴിപ്പിക്കുക എന്നാണല്ലോ സ്മൃതി.

സ്വതവേ ഓയ്ക്കൻ സ്ഥാനമൊന്നുമില്ലാത്തവരാണ് പരിയാനമ്പറ്റക്കാർ.

അമ്മാത്തായ കേശവത്ത് ഇല്ലത്തേക്ക് വൈദ്യരത്നം ഔഷധശാല സ്ഥാപിച്ച് ഉജ്ജ്വലമായി നടത്തിക്കൊണ്ടിരിക്കുന്ന അഷ്ടവൈദ്യന്മാരായ എളേടത്ത് തൈക്കാട്ട് മൂസ്സിന്റെയും തൃശൂരിനടുത്ത് അഞ്ചേരി ചങ്കരമ്പാട്ട് എന്ന ക്ഷത്രിയ കുടുംബത്തെയും ഓയ്ക്കൻ സ്ഥാനമുണ്ട്.

കേശവത്ത് ഇല്ലം പുരുഷപ്രജകൾ ഇല്ലാത്തതിനാൽ മുത്തശ്ശൻ ഞങ്ങളെ ഒപ്പം താമസിപ്പിച്ചു.

മുഴുവൻ സ്വത്തുക്കളും മുത്തശ്ശൻ കാലശേഷം ഞങ്ങളുടെ അമ്മക്ക് നൽകി. 1985 കാലത്തോടെ കേശവത്തുള്ളവർ എല്ലാവരും മരിച്ചു, ആ തറവാട് കുറ്റിയറ്റു. സ്വത്തിന്റെ അവകാശി അമ്മയാകയാൽ അവിടെ ഞങ്ങൾ താമസക്കാരാണ് .

മുത്തശ്ശനോടുള്ള സ്നേഹാദരവുകളാൽ കേശവത്തെ മണ്ണിൽ താമസിക്കുന്നവർ തന്നെ തങ്ങളുടെ കുടുംബത്തെ വൈദിക ക്രിയകൾ കഴിപ്പിക്കണമെന്ന ചങ്കരമ്പാട്ട് ക്ഷത്രിയ കുടുംബത്തിന്റെ മോഹത്താൽ കുറെശ്ശെ ഇക്കാര്യങ്ങൾ കഴിപ്പിക്കേണ്ടി വരുന്നുണ്ട്.



കൊളങ്ങാത്ത് ചോർളി പരേതനായ രാമൻ നമ്പൂതിരിയുടെ പത്നിയും കല്ലേറ്റുംകര മുരിയാട് നകരണ് മഹളുമാണ് കെ.സി പാർവതി അന്തർജനം (95). തൃശൂരിലെ എലൈറ്റ് മിഷൻ ആശുപത്രിയിൽ വെച്ച് മരണം. മക്കൾ, വനജ, വിവേകോദയം ഗേൾസ് ഹൈസ്കൂളിലെ മുൻ പ്രധാന അദ്ധ്യാപിക. ശ്യാമള, ശ്രീകൃഷ്ണപുരം ഹൈസ്കൂളിലെ മുൻ സംഗീത അദ്ധ്യാപിക, സുമ, പരേതനായ നന്ദകുമാർ, സുധ, ഷൊറണൂരിലെ മുൻ സബ് രജിസ്ട്രാർ. മരുമക്കൾ. ആനാംപറമ്പ് രാമൻ നമ്പൂതിരി, തപാലാഫീസ് മുൻ ജീവനക്കാരൻ, ചൂരക്കോട് മേക്കാട് രവീന്ദ്രൻ, കെ. എസ് ആർ.ടി.സി മുൻ ജീവനക്കാരൻ. കോശ്ശേരി നാരായണൻ നമ്പൂതിരി, കൊച്ചി ദേവസ്വം ബോർഡ് മുൻ മേൽശാന്തി. പരേതനായ പരിയാനംപറ്റ അഷ്ടമൂർത്തി (കുഞ്ഞനിയൻ). സംസ്കാരം മൂത്ത മകളുടെ മണ്ണുത്തി പട്ടാളക്കുന്നിലുള്ള ഇല്ലപ്പറമ്പിൽ. ചോർളിയുടെ ഓയിയ്ക്കൻ വൈദികൻ കൈമുക്ക് ആണ്. ഇവിടെ ചടങ്ങ് നടത്തിയത് പരിയാനംപററ നാരായണൻ നമ്പൂതിരിപ്പാട്.

**പെൺകുട്ടികൾ ചുരിദാർ ധരിച്ചും, ഉണ്ണി സാധാരണ വേഷത്തിലും കുളിച്ച് വന്ന് ക്രിയക്കിരുന്നു. നിലത്തിറക്കിയ സ്ഥലത്ത് നിന്ന് മാറ്റിക്കിടത്തി. വീണ്ടും കുളിച്ച് വന്ന് കോണിമേൽ കയറ്റി ചിതയിങ്കലേക്ക്. ചിതയിൽ കയറ്റി കിടത്തലും, അപ്രദക്ഷിണമായുള്ള കുംഭപ്രദക്ഷിണവും, എല്ലാം എല്ലാവരും ചേർന്നു ചെയ്തു.**

ഓയ്ക്കനെ വളരെയധികം ബഹുമാനത്തോടെ കണ്ടിരുന്ന തൈക്കാട്ട് മൂസ്സും ഭാവിയിൽ ഓയ്ക്കൻ സ്ഥാനം ഞങ്ങൾ ഏറ്റെടുക്കണമെന്ന കാര്യം മുത്തശ്ശനോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ യാതൊരു പാണ്ഡിത്യവുമില്ലാത്തതിനാൽ ഒഴിവാക്കണമെന്ന് മൂസ്സും മുത്തശ്ശനും ചേർന്ന സദസ്സിൽ ഞങ്ങളുടെ അച്ഛൻ അപേക്ഷിച്ചു. അവർ രണ്ട് പേരും അംഗീകരിച്ചു. അതിനാൽ മൂസ്സിന്റെ ഇല്ലത്ത് ഈ ഉത്തരവാദിത്വമില്ല.

ചുരുക്കം പറഞ്ഞാൽ വൈദിക സമ്പ്രദായപ്രകാരവും പാണ്ഡിത്യമില്ലാത്തതിനാൽ യോഗ്യതയില്ലെങ്കിലും മാറ്റാവുന്നതല്ലല്ലോ വിധി എന്നതിനാൽ ഒരിടത്തെ ഓയ്ക്കൻ ആയി പ്രവർത്തിക്കുന്നുണ്ട് എന്നർത്ഥം. ഇപ്പറഞ്ഞതാണ് രാമേട്ടൻ സംസ്ക്കാരം കഴിപ്പിക്കാൻ 'നാരായണന് പറ്റൂലോ '' എന്ന് പറയാനുണ്ടായ കാരണം.



*ചോർളി ഇല്ലത്തെ മുത്തശ്ശിയുടെ സംസ്കാരം പെൺകുട്ടികളായ പേരക്കുട്ടികൾ ചേർന്ന് നിർവഹിക്കുന്നു*

## ഒട്ടും എളുപ്പമായിരുന്നില്ല അത്



ഞങ്ങൾ അഞ്ച് പെൺകുട്ടികളും ( ജ്യോതി, പ്രീതി, ദീപ, രശ്മി, അനഘ ) പിന്നെ പരിയാനംപറ്റ അഖിലും ആണ് അമ്മാത്തെ മുത്തശ്ശിയുടെ സംസ്കാര കർമ്മത്തിൽ ആദ്യന്തം പങ്കാളികളായത്. ഒട്ടും എളുപ്പമായിരുന്നില്ല ഇത്. ഭക്ഷണം വാരിത്തന്നതും ഒളിച്ചുകളിച്ചതും പൂരത്തിനു കൊണ്ടു പോയതും ആയ ഓർമകൾ മനസ്സിൽ തിക്കിത്തിരക്കി വരുമ്പോഴാണ് തലയോട്ടി കത്തുന്നത് കാണുന്നതും, നടുമുറിഞ്ഞു എന്ന് കേൾക്കുന്നതും എല്ലാം. ഒരു മരവിപ്പായിരുന്നു ആദ്യം. പിന്നെ മരണം അനിവാര്യമാണല്ലോ എന്ന് ആശ്വസിച്ചു.

തൊണ്ണൂറ്റാറാം വയസ്സിലാണ് മുത്തശ്ശി മരിച്ചത്. എന്തെല്ലാം അനുഭവിച്ചു എന്നൊന്നും ആരും പറയുന്നുണ്ടായിരുന്നില്ല. അമ്മാത്തുള്ള പലർക്കും പ്രായം അസുഖം തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് എന്റെ അച്ഛനാണ് ചോദിച്ചത് ‘നിങ്ങൾ കുട്ടികളെക്കൊണ്ട് പറ്റുമോ’ എന്ന്. പറ്റും എന്ന് പറയാൻ മടിയൊന്നും തോന്നിയില്ല. കർമ്മം ചെയ്യിച്ച പരിയാനംപറ്റ നാരായണനും സമ്മതം.

ആശുപത്രീന്ന് ശരീരം കൊണ്ടുവന്നപ്പോൾ തൊട്ട് കത്തി വെണ്ണീറാവുന്ന വരെ ഞങ്ങൾ ആറുപേരും മുത്തശ്ശിയുടെ കൂടെ നിന്നു. കത്തുന്ന ചിതയിലേക്ക് നോക്കി നിൽക്കുമ്പോൾ കണ്ണീരടക്കാൻ ഞങ്ങൾ ഓഫീസിലെ കാര്യങ്ങളും കുട്ടികളുടെ സ്കൂൾ വിശേഷങ്ങളും അനഘയുടെ കോളേജ് അഡ്മിഷനും ഒക്കെ ചർച്ച ചെയ്തു. കത്തുന്ന അസ്ഥിപ്പുറത്ത് സ്നേഹക്കടൽ കണ്ടു കൊണ്ട് ...

പണ്ട് ഇതൊക്കെ പുരുഷന്മാർക്ക് (ശാരീരികമായും ആചാരപരമായും) മാത്രം ചെയ്യാനാകുമായിരുന്ന കാര്യങ്ങൾ സ്ത്രീകൾ ചെയ്യുന്നതിൽ ആർക്കും നീരസം തോന്നിയില്ല എന്നത് മാറുന്ന കാലത്തിന്റെ സൂചനയായിക്കൂടി കാണാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ●

മൂത്ത പേരക്കുട്ടി ജ്യോതി
Jyothi A Raman, Flat no. 5A, block 3
Olive Cressida, Kazhakkoottam,Thiruvananthapuram
ആനാംപറമ്പു മന, മണ്ണുത്തി മൊബൈൽ: 7902476671

‘മരിച്ചൂന്ന് കേട്ടാൽ അവിടെ പെട്ടെന്ന് എത്തണം, പറ്റണത് ചെയ്യണം’ എന്ന വലിയൊരു ഉപദേശം അച്ഛനും അമ്മയും ഞങ്ങൾക്ക് കുട്ടിക്കാലം മുതൽക്കേ പലവട്ടം തന്നിട്ടുണ്ട്. അത് സാധ്യമായ മട്ടിൽ അനുസരിക്കാൻ ഇന്നും ശ്രമിക്കാറുണ്ട്. ഇതിന്റെ ഭാഗമായി അവിടെ പോയപ്പോഴും ഇത്തരമൊരു പങ്കാളിത്തം വേണ്ടിവരുമെന്ന് കരുതിയില്ല. രാമേട്ടൻ പറഞ്ഞാൽപ്പിന്നെ അനുസരിക്കാതിരിക്കാൻ ആർക്കുമാവില്ല , അതാണ് അദ്ദേഹത്തിന്റെ വ്യക്തിത്വം. ഗൗരവത്തിൽ പറയില്ല, ശാസനയില്ല, എല്ലാം ഒരു അപേക്ഷാ സ്വരത്തിൽ മാത്രം. ഈയുള്ളവനും അനുസരിക്കാമെന്ന് വച്ചു.

സംസ്ക്കാരത്തിനുള്ള വസ്ത്രവും ദർഭയും മുറിച്ച് തയ്യാറാക്കുമ്പോഴാണ് അടുത്ത് വന്ന് രാമേട്ടന്റെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ.

‘ക്രിയ പേരക്കുട്ട്യോള് ആയാലോ, പെൺകുട്ടികളെ കൂടെ കൂട്ടാൻ പറ്റ്വോ ’

ആദ്യം ഒന്ന് പരിഭ്രമിച്ചു. ആലോചിച്ചപ്പോൾ ഒന്നാണ് തോന്നിയത്. ആർക്കാണ് ആവശ്യം? ആരാണ് ആവശ്യപ്പെട്ടത്? ഈ ചോദ്യങ്ങൾക്ക് ഉത്തരമുണ്ട്. ആവശ്യമാണോ എന്നതിൽ സംശയമില്ല. മൃതദേഹം എത്രയും പെട്ടെന്ന് സംസ്ക്കരിക്കണം. ക്രിയ ആർക്കുമാവാം. ഏത് സമ്പ്രദായത്തിലുമാവാം.

പണ്ട് തിരുവനന്തപുരത്ത് മുറജപത്തിന് പോയ ഏതെങ്കിലും നമ്പൂരി അവിടെക്കിടന്ന് മരിച്ചിട്ടുണ്ടാവില്ലേ?

നാട്ടിൽ നിന്നും പിണ്ഡകർത്താക്കൾ വന്നിട്ടാവില്ല സംസ്ക്കാരം നടന്നിട്ടുണ്ടാവുക എന്നുറപ്പ്.

സാക്ഷാൽ ആഴ്വാഞ്ചേരി തമ്പ്രാക്കൾക്ക് പോലും അക്കാലത്ത് യാത്രക്ക് അഞ്ചാറ് ദിവസമെടുക്കുമെന്ന് കേട്ടിട്ടുണ്ട് , പിന്നെയുണ്ടോ ഒരു സാധാരണക്കാരന്റെ കാര്യം. സംസ്ക്കാരം അവിടെ കഴിയും. നാട്ടിൽ വിവരമറിയിക്കും .കണ്ടാൽ അയിത്തം കേട്ടാൽ പുല. എന്നാണല്ലോ പ്രമാണം. ഇത് പ്രകാരം പിതൃകർമ്മങ്ങൾ നടത്തും .

പെൺകുട്ടികൾ സംസ്ക്കാരത്തിന് കൂടുന്നു എന്നതാണ് അടുത്തത്. മരിച്ചയാളുടെ നിയമപരമായ അവകാശികളായ മക്കൾ എല്ലാവരുടെയും തീരുമാനമാണത്. മരിച്ച അമ്മക്ക് നിലവിൽ ആൺമക്കളില്ല, തറവാട്ടിലെ ആളുകളോ പുറത്തുള്ളവരോ ആരായാലും ആ അമ്മ പെറ്റവരല്ല ക്രിയ ചെയ്യുക. ആകെ എട്ട് പേരക്കുട്ടികൾ. ആറ് പെൺകുട്ടികളും രണ്ട് ആൺകുട്ടികളും .

ഇതിൽ ഒരാണും അഞ്ച് പെൺകുട്ടികളും ചേർന്നാണ് സംസ്ക്കാരം ചെയ്യുന്നത്. ആരും കുട്ടികളല്ല 24 മുതൽ 45 വരെ പ്രായമുള്ളവർ. സാധാരണയായി മൂത്തയാളാണല്ലോ ക്രിയകൾക്ക് മുന്നിൽ നിന്ന് ചെയ്യുക. ഇവരിൽ മൂത്തയാൾ പെൺകുട്ടിയാണ്. അങ്ങിനെയാണെങ്കിൽ ചില സംശയങ്ങൾ വരും .

പൂണൂല് വലത്തിടുക, എടത്തിടുക, നിവീതമായി (കഴുത്തിൽ മാലപോലെ) ഇടുക എന്നിങ്ങനെയുള്ളത് പെൺകുട്ടികളോടാവുമ്പോൾ എന്താ പറയേണ്ടത് ? ചെറുതാണെങ്കിലും ഒരു ഹോമവും ഉണ്ടല്ലോ ?

പെങ്കിടാങ്ങളും, സുമംഗലികളും പവിത്രം ഇടാറുമില്ല. ആൺകുട്ടി മുമ്പിലും, ബാക്കിള്ളോര് ഒപ്പം കൂടുന്ന വിധത്തിലും മതിയെങ്കിൽ ഇപ്പറഞ്ഞ സംശയങ്ങളൊന്നുമില്ല. അങ്ങിനെ നിശ്ചയിച്ച് ഈ ശങ്കയും രാമേട്ടൻ പരിഹരിച്ചു.

## സംസ്ക്കാരത്തിൽ പങ്കെടുത്ത പേരക്കുട്ടികൾ

ആനാമ്പറമ്പ് രാമൻ നമ്പൂതിരിയുടെയും വനജയുടെയും മക്കളായ ജ്യോതി എ രാമൻ: ടെക്നോ പാർക്ക് തിരുവനന്തപുരം(ആറ്റൂർ മണലാടി പെരുമാങ്ങാട്ടു മനയിൽ പ്രശാന്ത് പി ചിത്രന്റെ (സോഫ്റ്റ് വെയർ എഞ്ചിനീയർ) പത്നി.

പ്രീതി എ രാമൻ : സിറ്റി യൂണിയൻ ബാങ്ക്, തളിപ്പറമ്പ് മൂത്തേടത്ത് മല്ലിശ്ശേരി സന്തോഷിന്റെ (സോഫ്റ്റ് വെയർ എഞ്ചിനീയർ)പത്നി.

ദീപ മേക്കാട്: (എസ് ബി ഐ) ചൂരക്കോട് മേക്കാട്ട് ശ്യാമളാ രവീന്ദ്രൻ ദമ്പതികളുടെ മകളും പാണ്ടിക്കാട് എറിയാട്ട് മനയിൽ വാസുദേവന്റെ (ഫെഡറൽ ബാങ്ക്) പത്നിയും.

രശ്മി: (ആരോഗ്യ സർവ്വകലാശാല)തൃശൂർ കോശ്ശേരി സുമാ നാരായണൻ ദമ്പതികളുടെ മകൾ.

പരിയാനമ്പറ്റ സുധാ - പരേതനായ അഷ്ടമൂർത്തി ദമ്പതികളുടെ മക്കൾ

അഖിൽ അഷ്ടമൂർത്തി : (ഡെലോയിറ്റ് , ഹൈദരാബാദ്).

ഡോ. അനഘാ മൂർത്തി(എം ഡി എസ് വിദ്യാർത്ഥിനി).

ഇനിയിപ്പോ ഒന്നും ആലോചിക്കാനില്ല. കുളിച്ച് വരാം എന്ന് പറഞ്ഞപ്പോൾ പെൺകുട്ടികൾ ചുരിദാർ ധരിച്ചും, ഉണ്ണി സാധാരണ വേഷത്തിലും കുളിച്ച് വന്ന് ക്രിയക്കിരുന്നു. നിലത്തിറക്കിയ സ്ഥലത്ത് നിന്ന് മാറ്റിക്കിടത്തി. വീണ്ടും കുളിച്ച് വന്ന് കോണിമേൽ കയറ്റി ചിതയിങ്കലേക്ക്. ചിതയിൽ കയറ്റി കിടത്തലും, അപ്രദക്ഷിണമായുള്ള കുംഭപ്രദക്ഷിണവും, വെട്ടിക്കൂട്ടിയവരെയും ആയുധങ്ങളെയും പ്രദക്ഷിണം വച്ച് നമസ്ക്കരിക്കലും എല്ലാം എല്ലാവരും ചേർന്നു ചെയ്തു.

ചിത തളിക്കൽ, ഹോമം, ഉപസ്ഥാനം ഇതിനെല്ലാം ആൺകുട്ടി മാത്രമാണ് ഉണ്ടായിരുന്നത്. പെൺകുട്ടികളോട് അരുതെന്ന് പറഞ്ഞിട്ടല്ല , വേണ്ടെന്ന് അവരുടെ അമ്മമാരോ മറ്റോ പറഞ്ഞുവോ എന്നുമറിയില്ല. അതൊന്നും അന്വേഷിച്ചില്ല. അവർ പുറപ്പെട്ടില്ല എന്ന് മാത്രമേ പറയാനറിയൂ.

ഇവിടെയെല്ലാം ഇവരുടെ അമ്മമാർ നാല് പേരും സാക്ഷികളായി പൂർണ്ണ സമയവും ഉണ്ടായിരുന്നു. ●

പരിയാനമ്പറ്റ നാരായണൻ
പരിയാനമ്പറ്റ മന
പി.ഒ. കുട്ടനല്ലൂർ, തൃശൂർ 680 014
മൊബൈൽ: 9847668696

# പരപ്പനങ്ങാടിയിലുമുണ്ടായി പെൺമക്കൾ നടത്തിയ സംസ്കാരം

**കെ. എം പരമേശ്വരൻ**

ഈ സംസ്കാരവിവരം കേട്ടപ്പോൾ ആറു വർഷം മുമ്പ് 2016 നവംബർ 18 നു അന്തരിച്ച പരുത്തിപ്രവടക്കേപ്പാട്ടുമനയിലെ വാസുദേവൻ ഭട്ടതിരിപ്പാടിന്റെ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുത്തത് ഓർമ്മയിലെത്തി. അവിടെ നാലു പെൺമക്കളാണ് സംസ്കാരം നടത്തിയത്. ഇവിടെ പേരമക്കളാണെന്ന വ്യത്യാസം. പരപ്പനങ്ങാടി ചിറമംഗലത്തു മനയിൽ നിന്ന് വിവാഹം കഴിച്ചു അവിടെ സഹധർമ്മിണി ഗൗരി അന്തർജ്ജനത്തോടും മകൾ രമയോടും കുടുംബത്തോടുമൊപ്പം താമസിച്ചു വരുമ്പോൾ 87 ാം വയസിലായിരുന്നു മരണം. മക്കളായ ശോഭന (ശല്ലിമന), ലീല (പ്ലാവേലി മന), രമ (ചിറമംഗലത്തു മന), ഗിരിജ (ചേരിക്കാട് മന) എന്നിവരാണ് അച്ഛന്റെ സംസ്കാരത്തിന് നേതൃത്വം നൽകിയത്. ഇളയ മകൾ കവി വി.എം.ഗിരിജ അച്ഛന്റെ ചിതക്ക് അഗ്നി പകർന്നത് അതുവരെ യോഗക്ഷേമസമൂഹം കണ്ടിട്ടില്ലാത്ത കാഴ്ചയായിരുന്നു. മറ്റു ബന്ധുമിത്രാദികൾക്കൊപ്പം ഗിരിജയെ വേട്ട സി. ആർ. നീലകണ്ഠനും (ആക്ടിവിസ്റ്റ് ) അതിന് സാക്ഷിയായിരുന്നു.

ചോർളിയിലെ മുത്തശ്ശിയുടെ സംസ്കാരം നടത്തിയ പേരക്കുട്ടികളാരും ചോർളി മനയിലെ അംഗങ്ങളല്ല. അവരുടെ അമ്മാത്തെ മുത്തശ്ശിയാണ് മരിച്ചത്. ആ പേരക്കുട്ടികൾ ആനാംപറമ്പിലേ വനജ ടീച്ചറുടേയും ചൂരക്കോട് മേക്കാട്ടെ ശ്യാമള ടീച്ചറുടേയും കോശ്ശേരി സുമ അന്തർജ്ജനത്തിന്റേയും പരിയാനംപറ്റ സുധ എന്ന റിട്ടയേഡ് സബ്ബ് റജിസ്ട്രാറുടേയും ഒക്കെ മക്കളാണ്. പഠിപ്പൊക്കെ കഴിഞ്ഞ് ഉയർന്ന ഉദ്യോഗങ്ങൾ നോക്കുന്നവർ. ആനാം പറമ്പിലെ ജ്യോതിയും പ്രീതിയും യഥാക്രമം പെരാങ്ങാട്ടു മനയിലേക്കും തളിപ്പറമ്പിലെ മൂത്തേടത്തു മല്ലിശ്ശേരിയിലേക്കും വിവാഹം ചെയ്തയച്ചവരാണ്. ചൂരക്കോട്ട് മേക്കാട്ടു നിന്ന് ദീപയെ പാണ്ടിക്കാട്ടെ എറിയാട്ടേക്കാണ് വിവാഹം ചെയ്തിട്ടുള്ളത്.

സംസ്കാരത്തിൽ പങ്കെടുത്ത ഒരേയൊരു ആൺകുട്ടി പരിയാനംപറ്റ അഖിലാണ്. അഖിലിനെക്കൊണ്ട് വൈദിക മന്ത്രങ്ങളൊക്കൊ പറഞ്ഞുകൊടുത്ത് ചെയ്യിച്ച പരിയാനംപറ്റ നാരായണന്റെ ജ്യേഷ്ഠസഹോദരന്റെ പുത്രനാണ് അഖിൽ.

അന്തർജനങ്ങളിലെ രണ്ടു വിപ്ളവകാരികളെക്കൂടി ഈ സംഭവങ്ങൾക്കൊപ്പം ഓർക്കാം. ഒന്ന് പാർവ്വതി നെന്മിനിമംഗലം. അവരുടെ നാട്ടുകാരിയാണ് ചോർളിയിലെ മുത്തശ്ശിട. പേരക്കുട്ടികൾ നടത്തിയ ഈ സംസ്കാരം അവരുടെ നാട്ടിലാണ്. എടക്കുന്നിയിലെ സഭാ സമ്മേളനത്തിൽ വെച്ച് 1929ൽ ഘോഷ ബഹിഷ്ക്കരിച്ച് കോഴിക്കോട് കടലുണ്ടിയിലെ മനേഴി പാർവ്വതി അന്തർജ്ജനത്തിന്റെ പരപ്പനാട്ടിലായിരുന്നു 2016 ൽ സംസ്കാരം നടന്നത്. ഒരച്ഛന്റെ നാലു പെൺമക്കൾ അനുഷ്ഠിച്ചത്. ജെൻഡർ ഇക്വാലിറ്റി വലിയൊരു പുരോഗമന ആശയമാണ്. ഈ അന്ത്യോപചാരവും സമുദായത്തിന്റെ പുരോഗമന യാത്രയിലെ നാഴികക്കല്ലുകൾ ആണ്. ●



കവിത / അനിയൻ മാങ്ങോട്ട്രി

# ചില 'ഡിജിറ്റൽ' ദ്വൈതങ്ങൾ

Aniyan Mangotri
MRA-139,Ashramam Road
Mannamoola,Perurkada
Trivandrum-5,Phone:9496080045

തൂണിലും കാവ്യം പൊട്ടിവിടർന്ന കൊടുങ്ങല്ലൂർ
നാട്ടിലെയങ്ങാടിയിലന്നൊരു സന്ധ്യാനേരം.
കോമരമുറച്ചിലിൻ സ്മരണയയവിറ-
ക്കുന്നതാം വൃക്ഷങ്ങൾ തൻ ചുവടാം വഴിയോരം.
പാവമാമൊരാൾ ഭിക്ഷാംദേഹിയായ് നടക്കുന്നു.
ആദരാലയാളെയങ്ങൊരുവൾ വിളിക്കുന്നു.
മുന്നിൽ നാം കാണുന്നതാമിക്കാലദൃശ്യങ്ങളെ-
യൊന്നുമേ വിശ്വാസത്തിലെടുക്കാൻ പറ്റില്ലെന്നോ!?
കാണുന്ന നക്ഷത്രങ്ങളൊന്നുമേ ഇപ്പോഴില്ലെ-
ന്നുള്ളതാം സിദ്ധാന്തം പോലാകുമോ ഇനിയെല്ലാം!

'നേതി'തൻ പ്രതീകംപോൽ നീങ്ങുന്നോൻ കാണ്മൂ,പെണ്ണാൾ
തൻനേർക്കും പിന്നെ ദൂരത്തേയ്ക്കുമായ് നോക്കീടുന്നു.
'വെരി ഗുഡ് വരൂ വരൂ'എന്നൊക്കെ ഘോഷിക്കുന്നു-
ണ്ടിതുപോൽ പെൺകുട്ടികളിന്നത്തെ നാരീശക്തി.
മുന്നിലായ് നില്ക്കും നേരം 'വളരെ സന്തോഷമാ'-
യെന്നതും കേട്ടു പാവം സന്യാസിയുത്സാഹിയായ്.
നേരവും പോകെപ്പോകെ മുഖത്തു നോക്കീട്ടവ-
ളാചാരവാക്യം ചൊല്ലിത്തുടർന്നൂ സ്നേഹാദരം.
എന്നാലും ചിലനേരമവൾതൻ കണ്ണെങ്ങോട്ടോ
തെന്നുന്നു വീണ്ടും തന്റെ മുഖത്ത് തറയ്ക്കുന്നു!
'വെയ്ക്കട്ടേ നേരിൽക്കാണാം' എന്നൊരു വാക്യത്തിന്റെ-
യന്ത്യത്തിൻ മറിമായം, ക്രുദ്ധയായവൾ നില്പൂ!

'ഒന്നുമില്ലല്ലോ തരാൻ ചില്ലറയായിട്ടിപ്പോൾ'
എന്നുകേട്ടതും സ്വാമി വല്ലാതെ ഞെട്ടിപ്പോയീ.
എന്തിന് വിളിച്ചൂ നീ? അതുകൊണ്ടല്ലേ വന്നൂ
എന്നൊക്കെ പിറുപിറുത്തദ്ദേഹം നിന്നൂ ശാന്തം.
'നിങ്ങളെ വിളിച്ചോ ഞാൻ?! 'കോളി'ലായിരുന്നല്ലോ!
കാശില്ല സത്യം എല്ലാം 'കാർഡി'ലും 'ജീപ്പേ'യിലും'
പെട്ടെന്നു ചിരിക്കുന്നൂ ചെവിയിലെന്തോ തട്ടി-
ത്തുള്ളുന്നുവല്ലോ'ഹല്ലോ..!'ബാധകേറിയമട്ടിൽ!

വഴിയോരത്തിന്നതിരപ്പുറം ക്ഷേത്രം; പൊട്ടീ-
വെടികളപ്പോൾ ബാധയൊഴിക്കാനുതകിയോ?
വേടുകളൂന്നി സ്ഥിതിയുറച്ച വൃക്ഷങ്ങൾക്കു-
മോളിലായ് സന്ധ്യാംബരം കോമരനിടിലം പോൽ.
കാവിലുണ്ടമ്മ, എല്ലാം കാണുന്നോൾ പരാശക്തി-
യെന്നല്ലോ, ജനത്തിന് തീണ്ടാനും പറ്റുന്നോള്.

മുന്തിയോ'രോൺലൈ'നിലു,മടിയോ'രോഫ് ലൈ'നിലു-
മെന്നൊക്കെയായിത്തീർന്നോ ഇന്നത്തെ പതിത്വങ്ങൾ?
ചിത്തത്തെ ബന്ധിക്കുന്ന വലയിൽ കുടുങ്ങാത്തോ-
രൊന്നിനും കൊള്ളാത്തോരായ് മാറുന്ന ലോകക്രമം.
ബസ്റ്റാൻന്റിൽ,റോഡിൽ, പാർക്കി,ലേർപോർട്ടിൽ, വീട്ടിൽ,റൂമിൽ
കുട്ടികൾ മുതിർന്നവരെല്ലാരും 'ചാറ്റിൽ' ബദ്ധർ.
അന്നവും പ്രാണൻ, മനോ,വിജ്ഞാന,മാനന്ദവു-
മെന്നപോൽ 'സൈബർ' കോശക്കണ്ണികൾ സൂക്ഷ്മം,ശക്തം.

എന്തൊരു മണ്ടത്തമീ ഭൗതിക,മായക്കാഴ്ച!
എന്നൊരദ്വൈതി ചൊന്ന സത്യമേ നമസ്കാരം.
എന്നേവം നിരൂപിച്ചു കാഷായധാരി നില്ക്കേ
മറ്റൊരു വിദ്വാനതാ വരുന്നൂ, ചിരിക്കുന്നൂ!

പോയവൾ 'ഫോൺകാളി'ന്റെ ബാധയിൽ റോഡിൻ മദ്ധ്യേ!
പോയല്ലോ ചീറിപ്പാഞ്ഞിട്ടൊരുവൻ ബൈക്കിൽ വേഗം.
തീർന്നുവോ, പരിക്കേറ്റോ? ബ്രേക്കിട്ടോ, രക്ഷപ്പെട്ടോ?
നോക്കുവാൻ ജനം ചുറ്റും തടിച്ചു കൂടീടുന്നു.
പാതയോരത്തെത്തൂണിൽ ദൃശ്യങ്ങളിഴ ചേർത്ത്,
നാളത്തെ കാവ്യം ചമച്ചങ്ങിരിപ്പൂ 'സീസീട്ടീവി' ●

# വേർപാടിന്റെ ഒരു വർഷം

(രവി മൂസത്, കിഴക്കേ ഇല്ലം,
മൂവാറ്റുപുഴ, റിട്ടയേഡ് ശാന്തി)



## ശിവപാദം പൂകിയ അപ്പൂപ്പന് നിത്യവും സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട്

നവ്നീത് കൃഷ്ണ (കണ്ണൻ)
താന്നിമൂട് മഠം, എരൂർ, തൃപ്പൂണിത്തുറ,
മൊബൈൽ: 9447921212

## അറിയേണ്ട അന്തർജനം / അഭയത്തിലെ നായിക

# ആര്യാപള്ളത്തിന്റെ മകൾ




**ആര്യാപള്ളത്തിന്റെ മകളുടെ പേര് മുരളിയെന്നാണ്.! പുരുഷന്മാരുടെ പേരുള്ള സ്ത്രീ!! അല്ലെങ്കിൽ ജെൻഡർ ഈക്വാലിറ്റിയുള്ള ഒരു പേര്!!! അവരും വിപ്ളവത്തിന്റെ വഴിയിലാണ്. താമസിക്കുന്നത് ഒരു കമ്മ്യൂണിലാണ്. വി.ടി ഭട്ടതിരിപ്പാട് വിഭാവനം ചെയ്തപോലൊരു കൂട്ടുകുടുംബത്തിൽ. അവിടെ ജാതിയില്ല, മതമില്ല, മനുഷ്യരേയുള്ളൂ. അഭയമെന്ന കൂട്ടുകുടുംബം. ആ കുടുംബത്തിൽ പള്ളം എന്ന ഇല്ലത്തെ നമ്പൂതിരിമാരും അന്തർജനങ്ങളും മാത്രമല്ല, എല്ലാ വിഭാഗം മനുഷ്യരുമുണ്ട്. അനാഥർക്ക് അഭയമാവുന്ന ഒരില്ലം. അതിന്റെ ചെയർ പേഴ്സൺ ആണ് മുരളിയെന്ന തൊണ്ണൂറുകാരി.**

**കെ. എം. പരമേശ്വരൻ**



ആര്യാപള്ളം എന്ന പേര് കേൾക്കാത്ത അന്തർജനങ്ങൾ പഴയ തലമുറയിലുണ്ടാവില്ല. പാർവതി നെന്മിനിമംഗലം, ദേവകി നരിക്കാട്ടിരി തുടങ്ങിയ പേരുകളും അങ്ങനെത്തന്നെ. വി.ടി.ഭട്ടതിരിപ്പാട്, ഇ.എം.എസ് നമ്പൂതിരിപ്പാട്, എം. ആർ.ബി തുടങ്ങിയ നമ്പൂതിരിമാരുടെ പേരുപോലെ അന്തർജനങ്ങൾക്കിടയിലെ തീപ്പൊരികളായിരുന്നു അവർ.

അവരിൽ ആര്യാപള്ളത്തിന്റെ മകൾ മുരളിയുടെ നവതി കഴിഞ്ഞ ആഗസ്റ്റ് എട്ടിന് ആയിരുന്നു. അതേ മുരളിയുടെ. പുരുഷന്മാരുടെ പേരുള്ള സ്ത്രീ!! അല്ലെങ്കിൽ ജെൻഡർ ഈക്വാലിറ്റിയുള്ള ഒരു പേര്!!! ജെൻഡർ ഈക്വാലിറ്റിയൊന്നും



*അഭയത്തിലെ ആരോഗ്യകേന്ദ്രം*

ചർച്ച ചെയ്തിട്ടില്ലാത്ത തൊണ്ണൂറു വർഷം മുമ്പ് പെൺകുട്ടിക്ക് മുരളി യെന്ന് പേരിടണമെങ്കിൽ അവിടെ പേരിടൽവിപ്ളവം നടന്നിരിക്കണം.

അതൊരു വിപ്ളവം തന്നെയായി രുന്നു. അല്ലെങ്കിൽ അടുത്ത പെൺ കുട്ടിക്ക് പുലരിയെന്ന് പേരിടുമോ. ആര്യ എന്ന് അവകാശപ്പേര് ഇടേണ്ട പെൺകുഞ്ഞിനെയാണ് മുരളിയാക്കി യത്. പിന്നെയോ അടുത്ത കുട്ടിക്ക് മെഹർ. തൊണ്ണൂറ് കൊല്ലം മുമ്പ് ഇമ്മാതിരി പേരുകൾ പരീക്ഷിക്കാൻ താൻപോരിമ കാട്ടിയ ആ അന്തർജ നം ആര്യാപള്ളമാണ്.

പെൺകുട്ടികൾക്ക് പേരിടുന്ന തിൽ മാത്രം ഒതുങ്ങിയില്ല ആര്യാ പള്ളത്തിന്റെ വിപ്ളവം. ഇ. എം എസിനും ഐ.സി.പിക്കുമൊപ്പം കമ്മ്യൂണിസ്റ്റു പ്രവർത്തകയായി രുന്നല്ലൊ ആര്യയും. മൂത്ത മകൾ ദേവകിയെ വിവാഹം ചെയ്തത് ഒരു വാര്യർ. മൃണാളിനിയെ വിവാഹം ചെയ്തത് പി.വി കുഞ്ഞിക്കണ്ണൻ. ഈ കുഞ്ഞിക്കണ്ണനെ കേരളം അറി യും. എൺപതുകളിൽ ഇടതു മുന്ന ണിയുടെ കൺവീനറായിരുന്നു അദ്ദേ ഹം. പുലരിയെ വിവാഹം ചെയ്തത് മൂസത്. മെഹറിനെ കല്യാണം കഴി ച്ചതും ഒരു കമ്മ്യൂണിസ്റ്റുകാരൻ. ജാതിയോ ജാതകമോ നോക്കാതെ

**ആര്യ എന്ന അവകാശ പ്പേരിടാതെ ആ പെൺ കുട്ടിക്ക് 'മുരളി' എന്ന് പേരിട്ടു. അടുത്ത പെൺ കിടാവ് പുലരി. പിന്നത്തെ പെൺകുട്ടിക്ക് 'മെഹർ ' എന്നും പേരിട്ടപ്പോൾ തൊണ്ണൂറു വർഷം മുമ്പ് നടത്തിയ പേരിടൽ വിപ്ലവമായി അത്.**

യായിരുന്നു എല്ലാ വിവാഹവും. ചട ങ്ങുകളില്ല, സ്ത്രീധനമില്ല പക്കാ കമ്മ്യൂണിസ്റ്റു കല്യാണങ്ങൾ.

ആര്യാപള്ളത്തിന്റെ ആ മകൾ മുരളിയും വിപ്ളവത്തിന്റെ വഴി യിലാണ്. താമസിക്കുന്നത് ഒരു `കമ്മ്യൂണി'ലാണ്. വി.ടി ഭട്ടതിരി പ്പാട് വിഭാവനം ചെയ്തപോലൊരു കൂട്ടുകുടുംബത്തിൽ. അവിടെ ജാ തിയില്ല, മതമില്ല, മനുഷ്യരേയുള്ളൂ. അദ്ധ്വാനിച്ച് ജീവിക്കുന്ന മനുഷ്യർ. അഭയമെന്ന കൂട്ടുകുടുംബം. ആ കു ടുംബത്തിൽ പള്ളം എന്ന ഇല്ലത്തെ നമ്പൂതിരിമാരും അന്തർജനങ്ങളും മാത്രമല്ല, എല്ലാ വിഭാഗം മനുഷ്യരു മുണ്ട്. അനാഥർക്ക് അഭയമാവുന്ന ഒരില്ലം. അങ്ങനെ കണ്ടാൽ മതി. അതിന്റെ ചെയർപേഴ്സൺ ആണ് മുരളിയെന്ന തൊണ്ണൂറുകാരി.

അദ്ധ്യാപികയായിരുന്നു അവർ. അവരുടെ തൊണ്ണൂറാം പിറന്നാ ളാഘോഷം ആഗസ്റ്റ് എട്ടാം തിയ്യ തി പട്ടാമ്പി കൊപ്പത്തെ 'അഭയ' ത്തിൽ നടക്കുമ്പോഴാണ് ആദ്യമാ യി കണ്ടത്. സ്വസ്തിയുടെ ഓണപ്പ തിപ്പ് സമ്മാനിക്കുകയും ചെയ്തു. എന്നാൽ അവരോടു വർത്തമാന ങ്ങൾ ചോദിച്ചറിയാൻ വീണ്ടും അഭ യത്തിൽ പോയി. അനുജൻ പരമേ ശ്വരൻ കാറൽമണ്ണയിൽ നിന്നും കൊപ്പത്തെത്തിയ ശേഷം ഞങ്ങൾ ഒരുമിച്ചാണ് അഭയത്തിലെത്തിയത്.

അഭയത്തിലെ വൃദ്ധസദനത്തോ ടു ചേർന്നുള്ള അഭയം ട്രസ്റ്റ് ചെ യർപേഴ്സൺന്റെ താമസമുറിയിലേ ക്ക് അവിടത്തെ അന്തേവാസികൾ കൂട്ടിക്കൊണ്ടുപോയി. സ്വയം പരി ചയപ്പെടുത്തി. സ്വസ്തിയുടെ 2020 മുതലുള്ള നാലഞ്ചു ലക്കങ്ങൾ കൂ ടി നൽകി. അപ്പോഴാണ് പിറന്നാൾ ദിവസം ഞാനായിരുന്നു സ്വസ്തി

നൽകി നമസ്ക്കരിച്ചത് എന്ന കാ ര്യം അവരോർത്തത്.

എന്റെ അമ്മാത്ത് മുരളി ടീച്ചറു ടെ ഇല്ലമായ പള്ളത്തു മനയിൽ നിന്ന് ഏറെ ദൂരെയല്ല. അതുപോലെ എന്റെ ഇല്ലമായ കൊയ്ത്തടിയിൽ നിന്ന് രണ്ടു കിലോമീറ്റർ വടക്കു മാറിയായിരുന്നു മുരളി ടീച്ചറുടെ അമ്മാത്തായ മാധവശ്ശേരി മന ( ആര്യാപള്ളത്തിന്റെ ഇല്ലം) ഉണ്ടാ യിരുന്നത്. ഇന്ന് അവിടെയുള്ളത് മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗവർമ്മെണ്ട് ഹൈസ്ക്കൂളാണ്.

1920കളിൽ17 വയസ്സുള്ള പയ്യനായി രുന്നു പള്ളത്തെ കൃഷ്ണൻ നമ്പൂതി രി. മാധവശ്ശേരി ആര്യക്ക് 13 വയസ്സും. ഒരു നൂറ്റാണ്ടു മുമ്പ് അതായിരുന്നു വിവാഹപ്രായം. ആചാരപ്രകാരം കൃ ഷ്ണൻ ആര്യയെ വേട്ടു. അവർക്ക് ഏഴു മക്കൾ. ദേവകിയും ദാമോദര നും (പതിനാലാം വയസിൽ മരിച്ചു) പരമേശ്വരനും മൃണാളിനും മുരളി യും പുലരിയും മെഹറും. ആദ്യത്തെ മൂന്നു പേർ കഴിഞ്ഞാൽ ആർക്കും പരമ്പരാഗത അവകാശപ്പേരുകൾ ഇട്ടില്ല. മാധവശ്ശേരിയിലെ മുത്തശ്ശി യുടെ പേരിടേണ്ട പെൺകിടാവിന് മൃണാളിനി എന്ന് പേരിട്ട് അമ്മിണി എന്ന് വിളിതുടങ്ങി. അഞ്ചാമത്തെ പെൺകിടാവുണ്ടായപ്പോൾ അമ്മയു ടെ പേര് ആര്യ എന്നിടാതെ 'മുരളി' എന്നിട്ടത് കടന്ന കൈ ആയെന്ന് യാഥാസ്ഥിതികർ വിധിയെഴുതി. ശ്രീകൃഷ്ണ ഭഗവാന്റെ പ്രിയ സം ഗീതോപകരണമായ ഓടക്കുഴലിന്റെ പേരാണല്ലോ ഇട്ടതെന്ന് ചിലർ കരു തി. എന്നാൽ അതിനു താഴെ ആറാ മതുണ്ടായ പെൺകിടാവിന് പുലരി എന്നും പുലരിയുടെ താഴെയുണ്ടായ പെൺകുട്ടിക്ക് 'മെഹർ ' എന്നും ഇട്ടപ്പോഴാണ് നാമകരണവിപ്ലവ മാണ് അന്നു അരങ്ങേറിയതെന്ന് ചിലർക്കെങ്കിലും മനസിലായത്. അവരുടെയെല്ലാം കല്യാണങ്ങൾ കമ്മ്യൂണിസ്റ്റ് ആചാരത്തിലുമായി.

നമ്പൂതിരി സമുദായത്തിൽ പലവിധ വിപ്ളവങ്ങളുടെയും കാ ലമായിരുന്നു അത്. അക്കാലത്ത് തൃശ്ശൂർ എടക്കുന്നിദേശത്തു യോ ഗക്ഷേമസഭാ വാർഷികയോഗവേദി യിൽ കോഴിക്കോട് കടലുണ്ടി മനേഴി ഇല്ലത്തെ പാർവ്വതി അന്തർജ്ജനം ഘോഷയും മറക്കുടയും ഉപേക്ഷിച്ച് ആദ്യമായി പൊതുവേദിയിൽ സാരി ധരിച്ച് അരങ്ങേറ്റം നടത്തിയ വിപ്ല



*അഭയത്തിന്റെ നടത്തിപ്പുകാരനായ കൃഷ്ണനുമൊത്ത് ലേഖകൻ കെ. എം പരമേശ്വരൻ*

**മുപ്പതു ഏക്കർ ഭൂമിയും ധാരാളം കെട്ടിടങ്ങളും അഭയത്തിന്റെ ആവശ്യത്തിനായി ഹിതകാംക്ഷികൾ സമർപ്പിച്ചതായി അഭയം ഡയറക്ടർ കൂടിയായ കൃഷ്ണൻ പറഞ്ഞു.**

വം ഞെട്ടിച്ചു. വി.ടി. ഭട്ടതിരിപ്പാട് രചിച്ച വിഖ്യാതനാടകം അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ആദ്യമായി രംഗത്തെത്തിയ അതേ ദിവസം. അതിനു ശേഷം യോഗക്ഷേമസഭാ പ്രവർത്തനങ്ങൾക്ക് വീടും നാടും വിട്ട് യുവപ്രവർത്തകർ മുന്നോട്ടു വരാൻ തുടങ്ങി. നവോത്ഥാന സാഹിത്യങ്ങൾ ഏറെയുണ്ടായി. പള്ളത്തുമനയിൽ നിന്ന് സകുടുംബം സഹധർമ്മശ്ചര്യതാം എന്ന വിവാഹപ്രതിജ്ഞയെടുത്തവർ മുന്നിട്ടിറങ്ങി.

1932ൽ കർക്കിടകത്തിലെ തിരുവോണം നാളിലാണ് മുരളിയുടെ ജനനം. ആ വർഷമാണ് നമ്പൂതിരി യോഗക്ഷേമസഭ കാറൽമണ്ണയിൽ വെച്ച് അതിന്റെ ഇരുപത്തഞ്ചാം വാർഷികം ആഘോഷിച്ചതും. ആ ജൂബിലിയാഘോഷത്തിൽ നൂറോളം അന്തർജ്ജനങ്ങൾക്കിടയിൽ ആര്യാപള്ളത്തിന്റെയും സാന്നിദ്ധ്യം ഉണ്ടായിരുന്നല്ലൊ.കൈക്കുഞ്ഞായ മുരളിയേയും എടുത്തു കൊണ്ടോ അല്ലെങ്കിൽ ഗർഭത്തിൽ ചുമന്നുകൊണ്ടോ ആയിരിക്കണം ആര്യാപള്ളം പങ്കെടുത്തത് എന്നു വിശ്വസിക്കാനാണ് തോന്നുന്നത്.

1944 ലെ പ്രസിദ്ധമായ ഓങ്ങല്ലൂർ സമ്മേളനത്തിന്റെ സമയത്ത് ഇ.എം.എസ് നമ്പൂതിരിപ്പാടായിരുന്നല്ലൊ യോഗക്ഷേമസഭയുടെ പ്രസിഡന്റ്. അന്ന് കമ്മ്യൂണിസ്റ്റ് പ്രവർത്തനവും സഭാ പ്രവർത്തനവും എല്ലാം കെട്ടുപിണഞ്ഞകാലമായിരുന്നു. ആര്യാപള്ളവും സഭയിലും പാർട്ടിയിലും ഒന്നിച്ചു പ്രവർത്തിച്ചു. പാർട്ടി നിരോധിച്ചിരുന്ന അക്കാലത്ത് പലരും ഒളിവിലായിരുന്നു. അത്തരക്കാർക്കും സമുദായത്തിൽ നിന്ന് പുറത്താക്കപ്പെട്ട ഭ്രഷ്ടർക്കുമെല്ലാം അഭയകേന്ദ്രമായി ആര്യാപള്ളത്തിന്റെ ഭവനം. കൃഷ്ണൻ പള്ളമാകട്ടെ വസൂരിരോഗ ശുശ്രൂഷകനുമായിരുന്നു. അദ്ദേഹത്തിന് നേരത്തെ വസൂരി വന്ന് രക്ഷപ്പെട്ടതാണ്. അതിനാൽ വസൂരിക്കേസുകൾ നാട്ടിൽ ഉണ്ടാവുമ്പോൾ കൃഷ്ണൻ പള്ളമാണ് പരിചാരിക്കാൻ പോയിരുന്നത്.




## മുരളിയെന്ന് പേരിട്ടത് പ്രേംജിയും എം.ആർ.ബിയും

സ്വസ്തി: ടീച്ചർക്ക് മുരളി എന്ന് പേരിടാൻ ആരാണ് നിർദ്ദേശിച്ചത്?

മുരളിടീച്ചർ: അമ്മിണിയേടത്തിക്ക് മൃണാളിനി എന്നും എനിക്ക് മുരളി എന്നും പേരിടാൻ പറഞ്ഞത് പ്രേംജിയും എം.ആർ.ബിയും കൂടിയാണെന്നാണ് പറഞ്ഞു കേട്ടിട്ടുള്ളത്. അതുപോലെ അനുജത്തിമാരുടേതും അവരുടെ കണ്ടെത്തൽ തന്നെയാവണം.

മുരളി ടീച്ചറുടെ അനുജത്തി പുലരി പട്ടാമ്പിക്കടുത്ത് കാക്കരാത്തുപടിയിൽ കിഴക്കേപ്പാട്ട് കെ.ജി.മൂസ്സിന്റെ സഹധർമ്മിണിയാണ്. ഇല്ലത്ത് ഇപ്പോൾ താമസമുണ്ട്. ഭർത്താവ് ഇപ്പോഴില്ല. മൂന്നു കുട്ടികളും അവർക്കുണ്ടായി. മുരളി ടീച്ചർക്ക് കുട്ടികളില്ല

ജെൻഡർ ഇക്വാളിറ്റിയൊന്നും ചർച്ചക്കു വരാതിരുന്ന കാലത്തെ നാമധേയ വിപ്ലവത്തിന്റെ ആൾ രൂപമായി മുരളി ടീച്ചർ വേറിട്ടു നിൽക്കുന്നു. മുരളിക്കുട്ടി, മുരളിയേടത്തി, മുരളിയോപ്പോൾ, മുരളി ടീച്ചർ, മുരളിച്ചെറിയമ്മ, മുരളിവലിയമ്മ, മുരളിമുത്തശ്ശി, മുരളി സഖാവ് എന്നിങ്ങനെ പലപല മുരളീരവങ്ങളും ഈ ഒമ്പതു പതിറ്റാണ്ടിനിടയിൽ ഉണ്ടായി. ബന്ധുമിത്രാദികൾക്കും പൊതുജനങ്ങൾക്കും മുരളി ചേർത്ത് സ്നേഹപൂർവ്വം വിളിക്കാൻ എന്തെങ്കിലുമൊരു അടുപ്പം കാണും.●



## സംരംഭങ്ങൾ രണ്ടു ഡസനിലേറെ

അനാഥരും നിരാലംബരുമായ വൃദ്ധജനങ്ങൾക്കായുള്ള □ഭദ്രം□ സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള ഓൾഡ് ഏജ് ഹോം ആണ്. അഗതികളായ സ്ത്രീകൾക്കായി ഒരു ഡെസ്റ്റിറ്റ്യൂട്ട് ഹോം, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ കേന്ദ്രം (MPLAD പദ്ധതി പ്രകാരം), പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് വികസന പദ്ധതി പ്രകാരമുള്ള സ്പെഷൽ സ്കൂൾ, താമസഭക്ഷണ ചെലവുവഹിച്ചുള്ള പെയ്ഡ് ഹോം, നെല്ല്, വാഴ, കിഴങ്ങുകൾ ജൈവ കൃഷി രീതിയിൽ വിളയിക്കുന്ന ഉല്പന്ന നിർമ്മാണകേന്ദ്രം, നാടൻ പശു, ആട്, താറാവ്, കോഴി വളർത്തൽ, കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ഫാം സ്കൂൾ, പരിസ്ഥിതി ക്ലബ്ബ്, പള്ളിശ്ശേരി സ്മൃതി വനം, ശാന്തിസ്ഥൽ, പള്ളം സ്മാരക വായനശാല, നെഹ്റു യുവകേന്ദ്രയുടെ യുവജന വികസന കേന്ദ്രം, ആരോഗ്യ കേന്ദ്രം, പ്രകൃതി ചികിത്സ, പ്രകൃതിജീവനം, യോഗ, ധ്യാന പരിശീലനം, സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ്ങ് സെന്റർ, അഭയം ഹോളിഡേ സ്കൂൾ, വള്ളുവനാട് റിപ്പോർട്ടർ എന്ന ഓൺലൈൻ മാസിക, പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ സ്നേഹവീട്, വൃദ്ധർക്കുള്ള പകൽ വീട്, ഇങ്ങനെ അഭയം ഏറ്റെടുത്തിട്ടുള്ള സംരംഭങ്ങൾ രണ്ടു ഡസനിലേറെ വരും.

അങ്ങനെ അണ്ടർഗ്രൗണ്ടിൽ കഴിയുന്ന കമ്മ്യൂണിസ്റ്റ് യുജികൾ, ഭ്രഷ്ടരായ അന്തർജനങ്ങൾ, വസൂരി ബാധിച്ച രോഗികൾ .... ഏവർക്കും അഭയമായി ആര്യയും കൃഷ്ണനും. ഈയൊരു പാരമ്പര്യം തന്നെയാണ് മകൾ മുരളിയും പുതിയ അഭയം തുടങ്ങാൻ ഇടയാക്കിയത്. അതിലേക്ക് എത്തിയ സാഹചര്യം പറയാം.

ആമയൂർ സ്കൂളിലും തൃശ്ശിവപേരൂർ നമ്പൂതിരി വിദ്യാലയത്തിലും പട്ടാമ്പി സി.ഇ.നായർ ഹയർ സെക്കണ്ടറി സ്കൂളിലുമായിരുന്നു മുരളിയുടെ വിദ്യാഭ്യാസം. പേരൂർ ഗാന്ധി സേവാസദനം ബേസിക് ട്രയിനിങ് സ്കൂളിൽ നിന്നു അദ്ധ്യാപക പരിശീലനം നേടി. മായന്നൂരിൽ യശശ്ശരീരയായ കമലാനമ്പീശനും മറ്റും നടത്തിയിരുന്ന സർവ്വോദയ സ്കൂളിൽ അദ്ധ്യാപികയായി. അതിനു ശേഷം മലബാർ ഡിസ്ട്രിക്ട് ബോർഡ് ആരംഭിച്ച സ്കൂളുകളിലും കേരള സർക്കാർ വക സ്കൂളുകളിലും ദീർഘകാലം ടീച്ചറായി.

അമ്പതുകളിൽ പട്ടാമ്പി ഗവ. സ്കൂളിലായിരുന്നു. 1957 ലായിരുന്നു വിവാഹം. കേരളത്തിലെ ആദ്യ ഇ. എം. എസ് മന്ത്രിസഭയുടെ കാലത്ത്. അന്ന് ഇരുപത്തഞ്ച് വയസായിരുന്നു. പള്ളിശ്ശേരി മനയിൽ കൃഷണനും കമ്മ്യൂണിസ്റ്റുകാരൻ. കൃഷി വകുപ്പിൽ സർക്കാർ ജോലിക്കാരനായിരുന്നു. വിവാഹം ചെയ്തത്. അക്കാലത്ത് അദ്ധ്യാപകർക്ക് നാമമാത്രമായിരുന്നു വേതനം. അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ നയിച്ച സമരങ്ങളിലും മുരളി ടീച്ചർ നേതൃത്വം വഹിച്ചു. സംഘടനാ പ്രവർത്തനത്തിനായി സംസ്ഥാനത്തുടനീളം ഒറ്റക്കു യാത്ര ചെയ്ത് നേടിയത് ആത്മധൈര്യം. ആ ധൈര്യത്തിന് കൂട്ടായത് ഭർത്താവായ പള്ളിശ്ശേരി കൃഷ്ണൻ നമ്പൂതിരി. മേലേ പട്ടാമ്പിയിൽ സകുടുംബം ദീർഘകാലം താമസിച്ചു. അവർക്ക് മക്കളുണ്ടായില്ല. അമ്മ ആര്യാപള്ളവും പട്ടാമ്പിയിൽ അവർക്കൊപ്പമായിരുന്നു താമസം.

> നമ്പൂതിരിമാരുടെ യാചനായാത്രയിൽ പങ്കെടുക്കാൻ കഴിയാതിരുന്ന ആര്യാപള്ളം അന്തർജ്ജനങ്ങളുടെ ഒരു യാചനായാത്ര നടത്തിയതായി മിസ്സിസ് ഞാളൂർ (രണ്ടാമത്തെ വിധവാ വിവാഹത്തിലെ നായിക ) ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മുരളിയുടെ ഏട്ടനായ പരമേശ്വരൻ പള്ളത്തിന്റെ മകൻ കൃഷ്ണൻ 1975 ൽ പത്താം ക്ളാസ് കഴിഞ്ഞു. പട്ടാമ്പി കോളേജിൽ പ്രീഡിഗ്രിക്ക് ചേർന്നു. താമസം ആര്യാപള്ളത്തിനൊപ്പം. മുരളിക്ക് മക്കളില്ലാത്തതിനാൽ സ്വന്തം മകനെപ്പോലെത്തന്നെയായിരുന്നു കൃഷ്ണൻ. എം.എസ്.സി സുവോളജി കഴിഞ്ഞ് കനറാ ബാങ്കിൽ ചേർന്ന ഇദ്ദേഹമാണ് ഇപ്പോൾ ടീച്ചർക്കൊപ്പം അഭയത്തിൽ ഡയറക്ടറായി പ്രവർത്തിക്കുന്നത്. കനറാ ബാങ്കിന്റെ സോഷ്യൽ സർക്കിളിൽ ചേർന്ന് പ്രവർത്തിച്ച അനുഭവമാണ് അഭയം കെട്ടിപ്പടുക്കാൻ കൃഷ്ണന് തുണയായത്.

1979 ൽ ഭർത്താവ് കൃഷ്ണൻ പള്ളിശ്ശേരി മരിച്ചു. 1987 ൽ ആര്യാപള്ളവും. 1988 ൽ ടീച്ചർ റിട്ടയർ ചെയ്തു. എന്തു ചെയ്യണമെന്ന ആലോചനയിൽ നിന്നാണ് ഇങ്ങനെയൊരു സ്ഥാപനത്തിലെത്തിയത്. മൂത്ത സഹോദരി ദേവകി വാര്യരുടെ ഒരേക്കർ, മുരളി ടീച്ചറിന്റെ മൂന്നര ഏക്കർ, കൃഷ്ണനും മൂന്നു സഹോദരന്മാരും നൽകിയ മൂന്നര ഏക്കർ. അങ്ങനെ പള്ളത്ത് മനയിലെ എട്ടേക്കർ സ്ഥലത്താണ് അഭയം. ഇതിനു പുറമെ മറ്റു പലരും സൗജന്യമായി നൽകിയത് അടക്കം മുപ്പത് ഏക്കർ ഭൂമിയുണ്ട്. അതിൽ കൃഷിയുണ്ട്. പശുവുണ്ട്, കോഴിയുണ്ട്. അനാഥരുണ്ട്. അഗതികളുണ്ട്. എല്ലാവർക്കും തൊഴിലുണ്ട്.

ഭക്ഷണമുണ്ട്. കിടക്കാൻ ഇടമുണ്ട്. നോക്കാൻ ആളുണ്ട്. സഹായിക്കാൻ സുമനസുകളുണ്ട്.

2018 വരെ പട്ടാമ്പിയിൽ തന്നെ കഴിഞ്ഞ മുരളി ഇപ്പോൾ ഇവിടെ വൃദ്ധസദനത്തോടു ചേർന്ന് ഒരു മുറിയിലാണ്. ചെയർമാൻ കം അന്തേവാസി. വൃദ്ധരായ മുപ്പതോളം പേരുണ്ട്. ഉപേക്ഷിക്കപ്പെട്ടവരും അല്ലാത്തതുമായ കുട്ടികളുണ്ട്. മൊത്തം 65 പേർ. സ്പെഷ്യൽ സ്കൂളുണ്ട്.

കൃഷ്ണനോടൊപ്പം ബാങ്കിൽ ജോലി ചെയ്തിരുന്ന അങ്ങാടിപ്പുറത്തെ യതീന്ദ്രദാസ് എന്നയാൾ തന്റെ അമ്മയുടെ ശതാഭിഷേകത്തിന് അഭയത്തിൽ അന്നദാനം നടത്താമെന്ന് വച്ചു. പതിനായിരം രൂപ നൽകാനായിരുന്നു അയാൾ ഉദ്ദേശിച്ചത്. അതിനായി അഭയത്തിൽ ചെന്നു. കൃഷ്ണൻ ഉണ്ടായിരുന്നില്ല അപ്പോൾ. എല്ലാം ചുറ്റി നടന്നു കണ്ടു. അന്നദാനത്തേക്കാൾ ഉപകരിക്കുക ഒരു ചികിത്സാലയം ആണെന്ന് അദ്ദേഹത്തിനു തോന്നി. പതിനായിരത്തിനു പകരം ഒന്നര ലക്ഷം രൂപ നൽകിയാണ് അയാൾ മടങ്ങിയത്. ഇങ്ങനെ ഭക്ഷണവും സഹായങ്ങളുമായി നൂറുകണക്കിന് പേരാണ് അഭയത്തെ താങ്ങി നിർത്തുന്നത്. അതിന് ഒറ്റ കാരണമേയുള്ളൂ. ആര്യാപള്ളത്തിന്റെ മകൾ മുരളിയെന്ന മുത്തശ്ശിയുടെ നല്ല മനസ്സ്.

വി.ടിയും പാണ്ടവും മറ്റും നേതൃത്വം നൽകിയ നമ്പൂതിരി വിദ്യാലയത്തിനു വേണ്ടി ധനശേഖരണാർത്ഥം നടത്തിയ വിദ്യാർത്ഥി സംഘത്തിന്റെ യാചനായാത്രക്ക് തൃശ്ശിവപേരൂരിൽ നിന്ന് കാസർഗോഡ് വരെ നടക്കാൻ ആര്യാപള്ളം കൃഷ്ണൻ പള്ളത്തോട് 'എന്നേയും കൂടെ കൂട്ടണം' എന്ന് വാശി പിടിച്ചിട്ടുണ്ടത്രെ. വനവാസത്തിന് പുറപ്പെട്ട ശ്രീരാമനോട് സീത വാശി പിടിക്കുക മാത്രമല്ല ഒപ്പം പോവുകയുമുണ്ടായി. നാലു കുട്ടികളുള്ള ആര്യയെ യാചനാ യാത്രയിൽ ഒപ്പം കൂട്ടിയില്ല. മുരളിയുടെ ജ്യേഷ്ടത്തി മൃണാളിനിയെ ആര്യാപള്ളം പ്രസവിച്ച ശേഷമായിരുന്നു യാചനാ യാത്ര എന്നത് തീർച്ച. യാചനായാത്രയിൽ പങ്കെടുക്കാൻ കഴിയാതിരുന്ന ആര്യാപള്ളം ലക്കിടിയിൽ സ്ഥാപിച്ച തൊഴിൽ കേന്ദ്രത്തിന്റെ നടത്തിപ്പിനായി പരിമിതമായ നിലയിൽ അന്തർജ്ജനങ്ങളുടെ ഒരു യാചനായാത്ര നടത്തിയതായി മിസ്സി



വിധവാ വിവാഹത്തിന്റേയും പരിവേദനത്തിന്റേയും ഘോഷബഹിഷ്ക്കരണത്തിന്റേയും ഒക്കെ ഫലമായി നമ്പൂതിരി തറവാടുകളിൽ നിന്ന് ബഹിഷ്കൃതകളായവർക്ക് പള്ളം അന്നേ അഭയ കേന്ദ്രമായി.

സ് ഞാളൂർ (രണ്ടാമത്തെ വിധവാ വിവാഹത്തിലെ നായിക ) ആത്മകഥാ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അതു കൂടാതെ കാറൽമണ്ണയിൽ മാധവശ്ശേരിക്കു പോകുമ്പോഴോ മടക്കയാത്രയിലോ വാസുദേവൻ പാണ്ടം, ശങ്കരനാരായണൻ നരിപ്പറ്റ എന്നിവരുടെ സഹധർമ്മിണിമാരെ സന്ദർശിക്കാനും യോഗക്ഷേമസഭയുടെ പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കാനും കാറൽമണ്ണയിലെ കുന്നം, കൊയ്ത്തടി, പാവുട്ടി, തൃക്കടീരി, തെക്കുംപറമ്പ് , എടത്തടി, വീട്ടിക്കാട്, മേലേടം എന്നീ തറവാടുകളിലും ആര്യാപള്ളവും കൂട്ടുകാരികളും കയറിയിറങ്ങിയിട്ടുണ്ടാവും എന്ന് ഞാൻ വിശ്വസിക്കുന്നു.

കാറൽമണ്ണ തിരുമുല്ലപ്പള്ളി മഹാദേവ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലെ യോഗക്ഷേമസഭയുടെ ദാമോദരവിലാസം വായനശാല എന്ന കുറൂർ ഉണ്ണിനമ്പൂരി സ്മാരകമെങ്കിലും അവർ സന്ദർശിക്കാതിരിക്കില്ല. അങ്ങനെ എന്റെ ജനനത്തിനു മുമ്പ് ,ഭാരത സ്വാതന്ത്ര്യത്തിനു മുമ്പുണ്ടായിരുന്ന പൂർവ്വികതലമുറയുമായി സജീവ ബന്ധം പുലർത്തിയ ഒരമ്മയുടെ മകളുടെ സന്നിധിയിൽ കുറച്ചു നേരം ഇരിക്കാൻ കഴിഞ്ഞതിന്റെ കൃതാർത്ഥത ഞങ്ങൾക്കുണ്ടായി.

അതിനു ശേഷമാണ് അഭയത്തിലേക്ക് മാറിയത്. ആര്യാപള്ളത്തിന്റ പുത്രൻ പരമേശ്വരൻ പള്ളത്തിന്റെ മൂത്ത മകനായ കൃഷ്ണനാണ് അഭയത്തിന്റെ ഡയറക്ടർ. അദ്ദേഹത്തിന് കനറാ ബാങ്കിലായിരുന്നു ജോലി. സാമൂഹ്യസേവനത്തിന് അദ്ദേഹം ആരംഭിച്ച അഭയമെന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ ട്രസ്റ്റിയും ഇപ്പോൾ ചെയർപേഴ്സണുമാണ് ഈ മുത്തശ്ശി.

അഭയം പോലൊന്ന് തുടങ്ങുന്നത് പഴയ ജീവിതാനുഭവത്തിൽ നിന്നാണ്. 1934 സപ്തംബർ13ന് എം. ആർ.ബിയുടെ വിധവാവിവാഹ വിപ്ലവത്തിലും ആര്യാപള്ളം സജീവ സാന്നിധ്യമായിരുന്നു. വിധവാ വിവാഹത്തിന്റേയും പരിവേദനത്തിന്റേയും ഘോഷബഹിഷ്ക്കരണത്തിന്റേയും ഒക്കെ ഫലമായി നമ്പൂതിരി തറവാടുകളിൽ നിന്ന് ബഹിഷ്കൃതകളായവർക്ക് പള്ളം അന്നേ അഭയ കേന്ദ്രമായി.

ആര്യാപള്ളത്തിന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ച് പള്ളത്തു മനയിൽ അവിടത്തെ ഒരംഗത്തേപ്പോലെ കുറച്ചു കാലം മിസ്സിസ് ഞാളൂർ താമസിച്ചിട്ടുണ്ട്. വിവാഹിതയായ വിധവയെന്ന നിലയിൽ സമുദായം ഭ്രഷ്ടാക്കിയതിന്റെ ഒറ്റപ്പെടലിൽ നിന്ന് മിസിസ് ഞാളൂരിനെ കുറച്ചു കാലമെങ്കിലും സംരക്ഷിച്ചത് പള്ളത്തു മനയാണ്. ദേവകി നരിക്കാട്ടിരി, മിസ്സിസ് എം.ആർ.ബി (വിവാഹിതയായ ആദ്യ വിധവ ) തുടങ്ങിയ അക്കാലത്തെ വനിതാ സഭയുടെ ഹെഡ്ക്വാർട്ടേഴ്സ് ആയിരുന്നു പള്ളത്തു മന. മൂത്ത മകൾ ദേവകിയോടൊപ്പം പ്രായക്കാരിയായ ദേവകി എന്ന പെൺകിടാവ് കൊപ്പത്തെ എറയൂർ മനയിൽ ഉണ്ടായിരുന്നു. കുട്ടിക്കാലത്ത് കളിക്കൂട്ടുകാരികളായിത്തീർന്ന എളയൂരേയും പള്ളത്തേയും ദേവകിമാർ വിവാഹാനന്തരം ദേവകി നരിക്കാട്ടിരിയും, സഖാവ് ദേവകിവാര്യരുമായി.

മുരളി ടീച്ചർക്ക് ദേവകിനരിക്കാട്ടിരിയും മൂത്ത സഹോദരിയെപ്പോലെയായിരുന്നു. പള്ളത്തു മന സ്വന്തം ഇല്ലം പോലെയായിരുന്നു ദേവകി നരിക്കാട്ടിരിക്കും. ജീവിതത്തിൽ സമുദായ ഭ്രഷ്ടുകളും ജീവിത പങ്കാളികളുടെ ആകസ്മിക നിര്യാണങ്ങളും മൂലം ഒറ്റപ്പെട്ടു പോയ വനിതാ സഹോദരങ്ങളെ ആര്യാ

പള്ളം കൂടെ കൂട്ടി സുരക്ഷിത സംരക്ഷണം നൽകിയ സംഭവങ്ങൾ ധാരാളമുണ്ട്. അതിനാൽ 1989 ൽ അഭയം തുടങ്ങിയപ്പോൾ പള്ളം കൃഷ്ണന് അഭൂതപൂർവ്വമായ പിന്തുണ സ്വാഭാവികമായും പൊതുജനങ്ങളിൽ നിന്നും സ്വജനങ്ങളിൽ നിന്നും യഥേഷ്ടം ലഭിച്ചു.

മുപ്പതു ഏക്കർ ഭൂമിയും ധാരാളം കെട്ടിടങ്ങളും അഭയത്തിന്റെ ആവശ്യത്തിനായി ഹിതകാംക്ഷികൾ സമർപ്പിച്ചതായി അഭയം ഡയറക്ടർ കൂടിയായ അദ്ദേഹം പറഞ്ഞു. പതിനെട്ടോളം ഏക്കർ വയലിൽ ജൈവ നെൽക്കൃഷിയുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ആര്യൻ, തവളക്കണ്ണൻ തുടങ്ങിയ മൂപ്പേറിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. അവയുടെ വിത്തു ബാങ്കുകളുമുണ്ട്. രണ്ടു വർഷത്തെ ചെലവിനുള്ള നെല്ലും സൂക്ഷിക്കാറുണ്ട്.

ഇരുപതിലധികം സ്ഥാപനങ്ങൾ അഭയത്തിന് കീഴിലുണ്ട്. കോളേജു വിദ്യാഭ്യാസത്തിനു ശേഷം (ജന്തുശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം) കനറാ ബാങ്കിൽ ജോലിക്കു ചേർന്നപ്പോൾ ബാങ്കിന്റെ ഗ്രാമവികസന പദ്ധതികളുടെ നിർവ്വഹണ ചുമതലയാണ് കൃഷ്ണൻ പള്ളത്തിൽ വന്നു ചേർന്നത്. ബാലവാടി, അംഗനവാടി, വായനശാല എന്നിവ ഒരു വാടകക്കെട്ടിടത്തിൽ തുടങ്ങിക്കൊണ്ടായിരുന്നു സാമൂഹ്യ സേവനത്തിന്റെ തുടക്കം.

ഏറ്റെടുത്ത സംരംഭങ്ങൾ വിജയിപ്പിക്കാനാവശ്യമായ അറിവിനായി സോഷ്യോളജി, സൈക്കോളജി, പത്രപ്രവർത്തനം തുടങ്ങിയ വിഷയങ്ങളിലും കൃഷ്ണൻ പള്ളം പഠനങ്ങൾ നടത്തി. വി.ടി ഭട്ടതിരിപ്പാട് കൊടുമുണ്ടയിൽ ആരംഭിച്ച ഉദ്ബുദ്ധ കേരളം സ്വാശ്രയ കോളനിയും പത്രവും പ്രതിസന്ധികൾ തരണം ചെയ്യാനാകാതെ പാതിവഴിയിൽ നിർത്തേണ്ടി വന്ന കഥകളെല്ലാം കേട്ടിട്ടുള്ളതിനാൽ ആശ്രയിക്കാവുന്ന മനുഷ്യ ശക്തിയും സർക്കാരിതരമായ സന്മനോഭാവമുള്ള സജ്ജന സഹകരണവും സമർപ്പണവും ആണ് പ്രധാന അവലംബമായി അഭയം കാണുന്നത്.

അറുപത്തഞ്ച് അന്തേവാസികളുണ്ട് ഇവിടെ. അനാഥ ബാല്യങ്ങളും അനാഥ വാർദ്ധക്യങ്ങളും മാനസിക വെല്ലുവിളി നേരിടുന്നവരുമാണ്



*അഭയത്തിൽ നിന്നുള്ള ചില ദൃശ്യങ്ങൾ*

> ആര്യാപള്ളത്തിന്റെ കാലത്തു തന്നെ തറവാട്ടു സ്വത്ത് അഞ്ചു പെൺമക്കൾക്കായി നീക്കിവെച്ചിരുന്നുവത്രെ. ദേവകിയും മുരളിയും പള്ളം കൃഷ്ണനും അഭയം ട്രസ്റ്റിനായി സ്വന്തം ഷെയറുകൾ സമർപ്പിച്ചത് അഭയത്തിന്റെ ധാർമ്മിക ബലമായിത്തീർന്നു.

ബഹുഭൂരിപക്ഷവും. അവരിവിടെ വിശപ്പറിയാതെ കഴിയുന്നു. അവരുടെ സങ്കടങ്ങൾ കേൾക്കാനും ആശ്വസിപ്പിക്കാനും മുരളി മുത്തശ്ശിയും പള്ളം കൃഷ്ണേട്ടനും എപ്പോഴും സന്മനസ്സോടെ അഭയത്തിൽ തന്നെ താമസിക്കുന്നു. ഇവിടെ അനാഥത്വം ആർക്കും തോന്നില്ല.

പള്ളത്തെ തറവാട്ടു സ്വത്ത് ഭാഗിച്ചപ്പോൾ പകുതിയും ആര്യാപള്ളത്തിന്റെ കാലത്തു തന്നെ അഞ്ചു പെൺമക്കൾക്കായി നീക്കിവെച്ചിരുന്നുവത്രെ. ദേവകിയും മുരളിയും പള്ളം കൃഷ്ണനും അഭയം ട്രസ്റ്റിനായി സ്വന്തം ഷെയറുകൾ സമർപ്പിച്ച് മാതൃക സൃഷ്ടിച്ചത് അഭയത്തിന്റെ ധാർമ്മിക ബലമായിത്തീർന്നു. അവരുടെ മാതൃക പിന്തുടരാൻ ജാതി മതഭേദമെന്യേ സന്മനസ്സുള്ളവരുണ്ടായി.

പട്ടാമ്പി താലൂക്കിലെ പുലാശ്ശേരി കൊപ്പം ആസ്ഥാനമാക്കിയാണ് അഭയം പ്രവർത്തിക്കുന്നത്. അറുപത്തഞ്ചുപേർ ആബാലവൃദ്ധം താമസിക്കുന്ന വലിയ ഒരു കൂട്ടുകുടുംബം പോലെ അന്തേവാസികൾ ഇവിടെ ജീവിക്കുന്നു. പുലാശ്ശേരി പടിഞ്ഞാറ്റുംമുറിയിലെ ഒരു വാടക വീട്ടിൽ 1988 ൽ അഭയത്തിന് തുടക്കം കുറിച്ചത്. ചാരിറ്റബിൾ സൊസൈറ്റി നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടനയായി 1989ൽ റജിസ്റ്റർ ചെയ്തു. കൊപ്പം, വിളയൂർ, തിരുവേഗപ്പുറ, മുതുതല, കുലുക്കല്ലൂർ, മലമ്പുഴ, കുമരംപുത്തൂർ, ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി, എന്നീ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ആയി മുപ്പത് ഏക്കറോളം ഭൂമിയും കുറെ കെട്ടിടങ്ങളും അഭയത്തിന് ഉപയോഗിക്കാൻ ലഭിച്ചു.

പെരിന്തൽമണ്ണ - പട്ടാമ്പി റോഡും വളാഞ്ചേരി- ചെർപ്പുളശ്ശേരി റോഡും സന്ധിക്കുന്ന നാലും കൂടിയ ജംഗ്ഷനാണ് കൊപ്പം. ജംഗ്ഷനിൽ നിന്നും പട്ടാമ്പി റോഡിൽ 500 മീറ്റർ പോയാൽ വലത്തോട്ടുള്ള പോക്കറ്റു റോഡ് തുടങ്ങുന്നിടത്ത് മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലും അഭയം എന്നെഴുതിയ ഒരു ചെറിയ ബോർഡു കാണാം. ആ വഴിയിലൂടെ 200 മീറ്റർ കയറയാൽ അഭയത്തിന്റെ പടിക്കലെത്തും. അന്തേവാസികളിലാരെങ്കിലും അവിടെ സ്വീകരിച്ച് ഇരുത്തും. സന്ദർശക പുസ്തകത്തിൽ പേരും ഫോൺ നമ്പറും എഴുതി ആഗമനോദ്ദേശ്യം പറഞ്ഞാൽ ബന്ധപ്പെട്ടവർ വന്ന് നിവൃത്തിച്ച് തരും. നമ്പൂതിരിമാർ തീർച്ചയായും കാണേണ്ട ഒരു സ്ഥാപനമാണ് അഭയം. തൊഴുതു നമസ്കരിക്കേണ്ട വ്യക്തിയാണ് ആര്യാപള്ളത്തിന്റെ മകളായ നവതി പിന്നിട്ട ഈ മുത്തശ്ശി ●


കൂടുതൽ വിവരങ്ങൾക്ക്
പി.കൃഷ്ണൻ,
ഡയറക്ടർ അഭയം,
മൊബൈൽ: 9496717844
കെ. എം. പരമേശ്വരൻ
മൊബൈൽ: 9072383651

# ആരായിരുന്നു ആര്യാ പള്ളം

## അടുക്കളയിൽ നിന്ന് അടർക്കളത്തിലെത്തിയ പടനായിക



### ആര്യാപള്ളം
### 1908–1988

സ്ത്രീവിമോചന സമരങ്ങളുടെ മുന്നണിപ്പോരാളി. മിശ്രവിവാഹം, വിധവാവിവാഹം, പന്തിഭോജനം തുടങ്ങിയ പുരോഗമന ആശയങ്ങൾക്കു വേണ്ടി നിലകൊണ്ട ആര്യ മാറുമറയ്ക്കൽ സമരത്തിനും മറക്കുട ബഹിഷ്കരണത്തിനും നേതൃത്വം നൽകി. ഗുരുവായൂർ സത്യാഗ്രഹവേദിൽ കെ. കേളപ്പനുശേഷം താൻ തന്നെ നിരാഹാരം കിടക്കാമെന്ന് പ്രഖ്യാപിച്ചു. 1931 ഡിസംബറിൽ എല്ലാവർക്കും ക്ഷേത്രപ്രവേശനം അനുവദിക്കണമെന്ന് യോഗക്ഷേമസഭ പ്രമേയം പാസാക്കി. ആ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചത് ആര്യ പള്ളമായിരുന്നു. ജയിൽ വാസം, മാറുമറക്കൽ സമരജാഥ, ഹരിജനോദ്ധാരണ പ്രവർത്തനം, അന്തർജ്ജന സമാജം രൂപീകരണം, വളർത്തിയ കാതു മുറിച്ച് ചെറുതാക്കി കമ്മലിടൽ, ഓട്ടു വളകൾക്കു പകരം സ്വർണ്ണ വളകളിടൽ അങ്ങനെ സകല വിപ്ളവങ്ങൾക്കും നേതൃപരമായ പങ്കാളിത്തം. പെരുവഴിയിൽ ചെരിപ്പു ധരിച്ച ആദ്യ വനിതയും ആര്യാപള്ളമാണ്.

**എം. സരള മധുസൂദനൻ**



ആര്യാപള്ളം 1988 ഫിബ്രവരി 8 നാണ് ഈ ലോകത്തോട് വിട പറഞ്ഞത്. 34-ാം ചരമവാർഷിക ദിനം ഇക്കൊല്ലവും ആരുമറിയാതെ കടന്നുപോവും. ആരെങ്കിലുമൊക്കെ അടയാളപ്പെടുത്തിയില്ലെങ്കിൽ. അതുകൊണ്ടാണ് ഈ കുറിപ്പ്.

കുറച്ചു വർഷങ്ങളായി അന്തർജ്ജനങ്ങളുടെ കൂട്ടായ്മയിലോ യോഗക്ഷേമസഭയിലോ മറ്റേതെങ്കിലും സംഘടനകളിലോ അവരെ അനുസ്മരിച്ചതായി കേട്ടറിവില്ല. മറവിയുടെ താളുകളിലേക്കു തള്ളപ്പെടേണ്ടതല്ല അവരുടെ പേര്. ഇളം തലമുറക്കാർ സഞ്ചരിക്കുന്ന ഇന്നത്തെ അവരുടെ സ്വതന്ത്രമായ ജീവിതപ്പാത അനാചാരങ്ങളുടെയും അസ്വാതന്ത്ര്യത്തിന്റേയും കുരുക്കിൽ പ്പെട്ട് വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നെന്ന് എത്ര പേർക്കറിയാം. അവരുടെ അറിവിലേക്കായി കേട്ടറിഞ്ഞതും അനുഭവിച്ചതുമായ ചിലത് ഇവിടെ കുറിക്കുന്നു.

ആര്യ ജനിച്ചത് ആലിപ്പറമ്പിലെ മാധവശ്ശേരി ഇല്ലത്ത്. അന്നത്തെ കാലത്തെ കടുത്ത യാഥാസ്ഥിതികരായിരുന്നില്ല മാതാപിതാക്കൾ. അതുകൊണ്ടു തന്നെ എഴുത്തു പള്ളിക്കൂടത്തിൽ പോയി പഠിയ്ക്കാനുള്ള അവസരമുണ്ടായി. പതിമൂന്നാമത്തെ വയസ്സിൽ കൃഷ്ണൻ നമ്പൂതിരിയുടെ വധുവായി പള്ളത്തു മനയിൽ വന്നതോടെ അവർ ആര്യാപള്ളമായി.

ഭർത്താവിന്റെ അച്ഛൻ യാഥാസ്ഥിതികനും നിർബന്ധ ബുദ്ധിക്കാരനുമായിരുന്നു. അന്തർജ്ജനങ്ങൾ പുറത്തെങ്ങും പോകാതെ അകത്തളങ്ങളിൽ ഒതുങ്ങിക്കഴിയണം. അഥവാ പുറത്തു പോകണമെങ്കിൽ മറക്കുടയും ദാസിയും നിർബന്ധമായും കൂടെ വേണം. ഇങ്ങനെയുള്ള കർശന നിയമങ്ങളും ആജ്ഞയും അനുസരിയ്ക്കാൻ ആര്യയുടെ സ്വാതന്ത്ര്യബോധം അനുവദിച്ചില്ല. അതുകൊണ്ടുതന്നെ ഭർതൃപിതാവിന്റെ ഇംഗിതത്തിനെതിരായി അടുത്തൊരില്ലത്തേക്ക് അവർ പോവുകയും ചെയ്തു.


അതറിഞ്ഞ് കോപിഷ്ഠനായ അച്ഛൻ ഊണിന് കുടുക്കുനീർ വീഴ്ത്താൻ അനുവദിച്ചില്ല. അപ്പോൾ തന്നെ ആര്യ സ്വന്തം ഇല്ലത്തേക്കു മടങ്ങി.

നമ്പൂതിരിമാരുടെ വിദ്യാഭ്യാസത്തിനായി പണമുണ്ടാക്കാൻ യുവജന സംഘം പ്രവർത്തകർ വീടുകൾ തോറും കയറിഇറങ്ങിയിരുന്നു അക്കാലത്ത്. അതാണ് യാചനാ യാത്ര. സംഘം പ്രവർത്തകർ പള്ളത്തെത്തിയപ്പോൾ ആര്യയുടെ ഭർത്താവ് പള്ളം കൃഷ്ണൻ നമ്പൂതിരിയും ഒപ്പം കൂടി. അദ്ദേഹവും സാമുദായിക പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നു. ആര്യാപള്ളവും സാമുദായിക പരിഷ്കരണ പ്രസ്ഥാനത്തിൽ വ്യാപൃതയുമായി. ഏതുകാര്യത്തിനും ഭർത്താവിന്റെ സഹായ സഹകരണങ്ങൾ ഉണ്ടായിരുന്നത് പ്രചോദനവും ധൈര്യവുമായി. ഇതിനെ പരിഹസിച്ച് രചിച്ച ഒരു കവിത അന്ന് പ്രചാരത്തിലുണ്ടായിരുന്നു.

'ആര്യാ പള്ളമിതാ വരുന്നു,
വഴിമാറിക്കൊൾവിൻ,
പിന്നിൽ പെട്ടിയുമായി പള്ളവും'

എന്നിങ്ങനെ പോകുന്നു ആ വരികൾ.

സ്ത്രീകളുടെ മോചനത്തിന് അവർ തന്നെ മുന്നിട്ടിറങ്ങണമെന്ന അഭിപ്രായമായിരുന്നു ആര്യാപള്ളത്തിന്. വി.ടി.ഭട്ടതിരിപ്പാടിന്റെ ആഹ്വാനമനുസരിച്ച് ആര്യാപള്ളവും അവരുടെ നേതൃത്വത്തിൽ വേറെ ഏഴു അന്തർജ്ജനങ്ങളും മറക്കുട ഉപേക്ഷിയ്ക്കുവാനും ഘോഷ ബഹിഷ്കരിക്കുവാനും തയ്യാറായി. വി.ടി യുടെ വീട്ടിൽ വെച്ചു നടന്ന പൊതുയോഗത്തിൽ വെച്ച് മറക്കുട



വലിച്ചെറിഞ്ഞ്, പുതപ്പു വലിച്ചെറിഞ്ഞ് ബ്ലൗസ് ധരിച്ച് എല്ലാവരും പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടു. അത് അവിടെ കൂടിയിരുന്ന നൂറുകണക്കിന് ആളുകളെ അമ്പരിപ്പിയ്ക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തു.

എൻ.എസ്.എസും, എസ് എൻ ഡി പി യോഗവും, യോഗക്ഷേമ സഭയും അവരവരുടെ സമുദായങ്ങളിലെ അനീതിയ്ക്കെതിരെ പോരാടാനായാണ് രൂപീകൃതമായത്. താരതമ്യേന നമ്പൂതിരി സ്ത്രീകൾക്കാണ് കൂടുതൽ യാതനകൾ അനുഭവിയ്ക്കേണ്ടി വന്നത്. ഇതിനെതിരെ പോരാടാനായി ആര്യാപള്ളവും പാർവ്വതീ നെന്മിനിമംഗലവും ചേർന്ന് അന്തർജ്ജന സമാജം രൂപീകരിച്ചു. മനേഴി പാർവതി അന്തർജനം, ദേവകി നിലയങ്ങോട്ട്, പാർവതി നിലയങ്ങോട്ട്, ദേവകി നരിക്കാട്ടിരി തുടങ്ങിയവർ അതിലെ പ്രവർത്തകരായിരുന്നു. പഴയ മട്ടിലുള്ള വേഷവിധാനങ്ങൾ പരിഷ്കരിച്ച് മുണ്ടും ബ്ലൗസും ആക്കുക, തോളറ്റം വരെ നീട്ടി വളർത്തിയിരുന്ന കാതു മുറിച്ച് ചെറുതാക്കി കമ്മലിടുക, ഓട്ടു വളകൾക്കു പകരം സ്വർണ്ണ വളകളിടുക എന്നിങ്ങനെയുള്ള പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താനാണ് അവർ ശ്രമിച്ചത്. അതിനൊക്കെ ഒരളവ് വരെ ഫലം കാണുകയും ചെയ്തു.

എന്നാൽ ആര്യാപള്ളം ഒരു പടി കൂടി മുന്നോട്ടുപോയി. സ്വസമുദായത്തിലെ സ്ത്രീകളുടെ അവശതകൾക്ക് പരിഹാരം കണ്ടെത്തുവാൻ മാത്രമല്ല അവർ ശ്രമിച്ചത്. ഹരിജനോദ്ധാരണ പ്രവർത്തനങ്ങളും നടത്തി. ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തിനു 97 ദിവസം നീണ്ടുനിന്ന സമരത്തിന് നേതൃത്വം നൽകി. വള്ളുവനാട്ടിലെ മാറുമറക്കൽ സമരത്തിന്റെ ജാഥ നയിച്ചു. 1931 ൽ തൃശൂർ മുതൽ ചന്ദ്രഗിരി പുഴ വരെ

**പെൺകുട്ടികൾ ഇപ്പോൾ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ രുചി ശരിക്കും അറിയാൻ പാരതന്ത്ര്യത്തിന്റെ ഈ കയ്പുകൂടി അറിയണം**

ഏഴു മാസം നീണ്ടുനിന്ന യാചന യാത്രയിൽ പങ്കെടുത്തു. അവർക്കു സഞ്ചാരസ്വാതന്ത്ര്യത്തിനുള്ള സമരത്തിന്റെ ഭാഗമായി പാലിയം സത്യാഗ്രഹത്തിൽ പങ്കെടുത്ത് മർദ്ദനമേൽക്കുകയും ജയിലിൽ പോവുകയും ചെയ്തു. വിധവാ വിവാഹം, മിശ്രവിവാഹം ഇവ നടപ്പിൽ വരുത്താനും അധിവേദനം, വൃദ്ധവിവാഹം തുടങ്ങിയവ നിരോധിക്കാനുമുള്ള വി.ടി ഭട്ടതിരിപ്പാടിന്റെ ആഹ്വാനങ്ങൾ നടപ്പിൽ വരുത്താനായി മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു.

ഗുരുവായൂർ സത്യാഗ്രഹത്തിന്റെ മുന്നോടിയായി നടന്ന പൊതുയോഗത്തിൽ കേളപ്പനും അണികളും അവശരായാൽ ആരാണ് അത് തുടർന്നു കൊണ്ടുപോകാനുള്ളത് എന്ന ചോദ്യം ഉയർന്നപ്പോൾ ഞാൻ ഉണ്ടാകും എന്ന് പറയാനുള്ള ധൈര്യം കാണിച്ചത് ആര്യാപള്ളം മാത്രമായിരുന്നു. വള്ളുവനാട് താലൂക്കിലെ ബോർഡംഗമായപ്പോഴും മലബാർ ജില്ലാ ബോർഡിലേക്കുള്ള കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായപ്പോഴുമാണ് അവർ ആദ്യമായി പ്രസംഗിച്ചത് എന്ന് കേട്ടിട്ടുണ്ട്. അങ്ങനെ അന്നുമുതൽ അവർ നല്ലൊരു പ്രാസംഗികയായി.

സാമൂഹിക പ്രവർത്തനത്തിന്റെ ഭാഗമായി ആദ്യം കോൺഗ്രസിൽ ചേർന്നു. സോഷ്യലിസ്റ്റ് പാർട്ടിരൂപപ്പെട്ടപ്പോൾ ആ പാർട്ടിയുടെ ഭാഗമായി, പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി നിലവിൽ വന്നപ്പോൾ പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകയായി. പാർട്ടി പിളർന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടിയോടൊപ്പം നിന്നു.

വിപ്ലവകരമായ മാറ്റങ്ങളെ പറ്റി പ്രസംഗിക്കുക മാത്രമല്ല ചെയ്തത്. അവ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തു. ജാതി നോക്കാതെയായിരുന്നു മക്കളുടെ വിവാഹം. മൂത്ത മകൾ ദേവകി വിവാഹം ചെയ്തത് സുപ്രസിദ്ധ തൊറാസിക് സർജൻ ഡോക്ടർ പി.കെ.ആർ വാര്യരെ ആണ്. ഇടതുമുന്നണി കൺവീനറായിരുന്ന സഖാവ് പി.വി കുഞ്ഞിക്കണ്ണനാണ് രണ്ടാമത്തെ മകൾ മൃണാളിനി എന്ന അമ്മിണിയെ വിവാഹം ചെയ്തത്. പള്ളിശ്ശേരി കൃഷ്ണൻ നമ്പൂതിരിയുടെ വിധവയാണ് മകൾ മുരളി. മകൾ പുലരിയെ വിവാഹം കഴിച്ചത് കിഴക്കേപ്പാട്ട് ഉണ്ണിമൂസ്സാണ്. ഇളയമകൾ മെഹറിനെ വരിച്ചത് പാർട്ടി പ്രവർത്തകനായ ഭാസ്കരനും.

നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാ വിവാഹം നടന്നത് 1934 സെപ്റ്റംബർ 13നാണ്. എന്റെ അച്ഛനമ്മമാരുടേത്. വരൻ എം.ആർ.ബി.മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാട്. വധു ഇട്ടിയാംപറമ്പില്ലത്തെ എടമന വെളുത്തേടത്തെ നാരായണൻ നമ്പൂതിരിയുടെ യുവ വിധവ ഉമാ അന്തർജ്ജനം. സാമൂഹ്യപരിഷ്കർത്താവ് വി.ടി ഭട്ടതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ രസികസദനത്തിൽ വെച്ചു നടന്ന ഈ വിവാഹത്തിനുള്ള ക്ഷണക്കത്ത് പത്രദ്വാരായുള്ള ഒരറിയിപ്പായിരുന്നു. അന്തർജ്ജന സമാജ പ്രവർത്തകരായ പാർവ്വതി നെന്മിനിമംഗലത്തിന്റേയും ആര്യാപള്ളത്തിന്റേയും ലേഖനങ്ങളാണ് ക്ഷണക്കത്താക്കിയത്.

നവോത്ഥാന പ്രസ്ഥാനത്തിന്റെ പ്രവർത്തകരായ മന്നത്തു പത്മനാഭൻ, ഇ.എം.എസ്. നമ്പൂതിരിപ്പാട്, സഹോദരനയ്യപ്പൻ, പാർവ്വതി അയ്യപ്പൻ, കേളപ്പൻ, നാലപ്പാട്ടു നാരായണ മേനോൻ, എം.സി.ജോസഫ്, കെ.എ.ദാമോദര മേനോൻ, ലീലാ ദാമോദര മേനോൻ, നിലമ്പൂർ വലിയ രാജ തുടങ്ങിയവരെല്ലാം പങ്കെടുത്ത് ആ അസുലഭ മുഹൂർത്തത്തെ ധന്യമാക്കി. മഹാത്മാഗാന്ധി, മഹാകവി വള്ളത്തോൾ തുടങ്ങി ഒട്ടനവധി പേർ ആശംസകളയച്ച് വധൂവരന്മാരെ അനുമോദിയ്ക്കുകയും അനുഗ്രഹിക്കുകയും ചെയ്തു.

എന്നാൽ ഈ വിവാഹത്തിൽ എല്ലാവരുടെയും പ്രത്യേക ശ്രദ്ധ ആകർഷിച്ചത് ആര്യാപള്ളത്തിന്റെ സാന്നിദ്ധ്യമായിരുന്നു. കാരണം അവരുടെ മകൻ മരിച്ച് 15 ദിവസമേ ആയിരുന്നുള്ളൂ. അതുകൊണ്ട് അവർ വരുമെന്ന് ആരും കരുതിയില്ല. എന്നാൽ നമ്പൂതിരി യുവ വിധവകൾക്ക് പുതുജീവിതം നൽകുക, സമുദായത്തി

ലെ സ്ത്രീകളുടെ പരിതാപകരമായ അവസ്ഥകൾക്ക് പരിഹാരം കണ്ടെത്തുക, അവരെ അസ്വതന്ത്രതയുടെ കുരുക്കിൽ നിന്ന് രക്ഷപ്പെടുത്താനുള്ള മാർഗ്ഗം കണ്ടെത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി സ്വന്തം ജീവൻ കൂടി ബലി കഴിയ്ക്കാൻ തയ്യാറായ അവർക്ക് പുത്രന്റെ അകാല വിയോഗം ഒരു തടസ്സമായില്ല. ഈ വിധവാ വിവാഹത്തിലെ ദമ്പതിമാർക്ക് പിൽക്കാലത്ത് അഭയം നൽകിയതും അവരാണ്. വിവാഹത്തിൽ പങ്കെടുക്കുക മാത്രമല്ല അവർ ചെയ്തത്. എന്റെ കുട്ടിക്കാലത്തൊക്കെ അവർ ഞങ്ങളുടെ രക്ഷകയായിരുന്നു.

ഇത്തരം ത്യാഗവും ധീരതയും ചുരുക്കം പേരിലേ കാണാൻ കഴിയൂ. ആര്യാപള്ളത്തെപ്പോലുള്ള മഹത് വ്യക്തികളെ മനസാ സ്മരിക്കുകയെങ്കിലും ചെയ്താൽ അത് അവർക്കുള്ള ആദരം കൂടിയാകും. ഇപ്പോൾ പള്ളം കുടുംബത്തിന്റെ പാരമ്പര്യം നിലനിർത്തിപ്പോരുന്നത് പള്ളം ദമ്പതിമാരുടെ കൊച്ചുമകൻ പള്ളം കൃഷ്ണനാണ്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പള്ളത്ത് അഭയം എന്ന സ്ഥാപനം നടത്തുന്നു. വർഷങ്ങൾക്കുമുമ്പ് പള്ളം ദമ്പതിമാർ ഞാനുൾപ്പെടെ പലർക്കും അഭയം നൽകിയതിന്റെ ഒരു തുടർപ്രവർത്തനം തന്നെയാണ് കൊപ്പത്തെ ഈ അഭയ കേന്ദ്രം. എഴുപത്തഞ്ചോളം അന്തേവാസികൾ ഉണ്ട്. ഈ അഭയത്തിൽ വൃദ്ധന്മാരും വീട്ടുകാർ ഉപേക്ഷിച്ച് അനാഥരായവരും രോഗികളും ഒക്കെ അതിൽ ഉൾപ്പെടും. ബാങ്കിൽ ജോലി ചെയ്തിരുന്ന പള്ളം കൃഷ്ണൻ അതുപേക്ഷിച്ചാണ് കാരുണ്യ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങിയത്. ഒട്ടനവധി



*ആര്യാപള്ളം ഭർത്താവ് പള്ളത്തു മനയിൽ കൃഷ്ണൻ നമ്പൂതിരിയുമൊത്ത്*

നവോത്ഥാന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ആര്യാപള്ളത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും ഇങ്ങനെയേ ആകാൻ കഴിയൂ. ആര്യാപള്ളത്തിന്റെ സ്മരണയ്ക്കായി പള്ളം സ്മാരകമായിട്ടുള്ള വായനസാല അഭയം പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ നാടിനും നാട്ടാർക്കും വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന പള്ളം കൃഷ്ണന് നന്മ നേരുന്നതോടൊപ്പം അഭിനന്ദനത്തിന്റെ പൂച്ചെണ്ടും സസന്തോഷം നൽകുന്നു. ●

(നമ്പൂതിരി സമുദായത്തിൽ ആദ്യമായി വിധവാ വിവാഹം ചെയ്ത എം ആർ ബിയുടെ മകളാണ് ലേഖിക സരള മധുസൂദനൻ മൊബൈൽ 9746116990, Sarala Madhusudanan ,Flat no 7D,Golden heights, Behind Little flower church,Excel Lane, Elamkulam, Eranakulam 20)

**40 സെന്റ് പരമ്പരാഗത വസ്തു**

# വിൽപ്പനയ്ക്ക്

കണ്ണൂർ ജില്ല കണ്ണപുരം ചുണ്ടയിൽ 3 ഏക്കർ പറമ്പിലെ

- 40 സെന്റ് പരമ്പരാഗത വസ്തു.
- കുറുവക്കാവു ക്ഷേത്രത്തിനു സമീപം.
- റെയിൽവേ സ്റ്റേഷനിൽ നിന്ന് രണ്ടര കി.മി. ദൂരം.
- രണ്ട് കി.മി. ദൂരെ പ്രൈവറ്റ് ഹോസ്പിറ്റൽ.
- ബസ്സ്റ്റോപ്പിൽ നിന്ന് ഓട്ടോറിക്ഷയിൽ വരാം.
- പറമ്പിന്റെ തെക്കേ ഭാഗത്തു ടാറിട്ട വഴി (ലോറി പോകും).

**ഫോൺ/വാട്ട്സ് അപ്പ്: 9633879824, 0471 2727148**




ചൂലൂർ കോരമ്പറ്റ ഇല്ലത്ത് കെ. പി ഹരിദാസന്റെയും പ്രീതയുടെയും മകൻ **കെ. ശ്രീഹരിയും** തിരുവനന്തപുരം കുണ്ടൻകുഴി ഇല്ലം ശങ്കര ശർമ്മയുടെയും ജ്യോതിയുടെയും മകൾ **സംഗീതയും** 2022 നവംബർ 26 ന് അരീക്കുളങ്ങര ദേവീ ക്ഷേത്രം കല്യാണ മണ്ഡപത്തിൽ വച്ച് വിവാഹിതരായി.



2022 ഒക്ടോബർ 9 ന് അന്നപ്രാശനം കഴിഞ്ഞ താമരക്കുളം ലിനേഷിന്റേയും പൂർണ്ണിമയുടേയും മകൻ **ശ്രിയൻ നാരായണൻ** ആശംസകളോടെ ചേച്ചി അൻവിത ശ്രീദേവി.



ലോകറിക്കാർഡിലേക്ക് തിരഞ്ഞെടുക്കപ്പെട്ട

# ശിലാധ്വജസ്തംഭം

**ഒരു സ്വപ്നദർശനമാണ് ഇങ്ങനെ അപൂർവമായ ഒരു കൊടിമരമുണ്ടാക്കാൻ പട്ടമന ആനന്ദൻ നമ്പൂതിരിയെ പ്രേരിപ്പിച്ചത്. പണമില്ലാതെ നാല് ദശകങ്ങൾ കാത്തിരുന്നു. നിയോഗമെന്നേ പറയേണ്ടൂ. ഖത്തറിൽ വൻതുകയുടെ ലോട്ടറിയടിച്ച ഒരു ഭക്തൻ ചോദിച്ചു. പനയന്നൂരമ്മയ്ക്കു വേണ്ടി എന്തെങ്കിലും കാര്യം സാധിക്കാനുണ്ടോ എന്ന്. കൊടിമരത്തിന്റെ കാര്യം സൂചിപ്പിച്ചു. മുഴുവൻ ചെലവും ആ ഭക്തൻ തന്നെ ഏറ്റെടുക്കുകയും ചെയ്തു.**

**ജിതേഷ് പനയ്ക്കാട്ട്**



തിരുവല്ല റെയിൽവേ സ്റ്റേഷനിൽ നിന്നും പത്തുകിലോമീറ്റർ മാറി പമ്പയുടെ തീരത്തുള്ള തലവെടി ഗ്രാമത്തിലാണ് പട്ടമന ഇല്ലം. ഇല്ലപ്പറമ്പിൽ തന്നെ പട്ടമനയുടെ ഊരായ്മയിലുള്ള പനയന്നൂർ കാവ് ദേവി ക്ഷേത്രത്തിലാണ് ഈ കൃഷ്ണശിലാ ധ്വജസ്തംഭം.

ഒരു രാത്രി കൊടിമരത്തിന്റെ രൂപംസ്വപ്നം കണ്ടാണ് പട്ടമന ആനന്ദൻ നമ്പൂതിരി ഉണർന്നത്. ഉണർന്നപ്പോൾ ചെവിയിൽ ഒരു മണി നാദം മുഴങ്ങുന്നതായി അനുഭവപ്പെട്ടു. പിന്നീട് ചിന്തിച്ചപ്പോൾ പനയന്നൂരമ്മക്ക് വ്യത്യസ്ത രീതിയിലുള്ള ഒരു കൊടിമരമാണ് വേണ്ടതെന്ന് അദ്ദേഹത്തിന് ബോധ്യമായി. അങ്ങനെയാണ് കൃഷ്ണശിലയിൽ ഒരു കൊടിമരം എന്ന ആശയം ഉടലെടുത്തത്. സാധാരണയായി തേക്കാണ് കൊടിമരത്തിന് ഉപയോഗിക്കുന്നത്.

ആനന്ദൻ നമ്പൂതിരിക്ക് എല്ലാം ഒരു നിയോഗം പോലെ തോന്നി. നാല് ദശകങ്ങൾക്ക് ശേഷം 2022 ആഗസ്റ്റ് 17-ന് ആണ് ഈ സ്വപ്നം പൂർത്തീകരിക്കാൻ സാധിച്ചത്. അതും കേരളത്തിന് അഭിമാനിക്കാവുന്ന ലോക റെക്കോർഡ് നേടിക്കൊണ്ട്. കൃഷ്ണശിലയിൽ കേരളത്തിലെന്നല്ല ലോകത്തിലാദ്യമായി ഒരു കൊടിമരം പണിതു എന്നതാണ് അദ്ദേഹത്തിന്റെ പേരിലുള്ള റെക്കോർഡ്. കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂനിവേഴ്സൽ റെക്കോർഡ്സ് ഫോറം എന്ന സംഘടനയാണ് കൃഷ്ണശിലയിൽ



പണിത ഏറ്റവും ഉയരം കൂടിയ കൊടിമരം എന്ന അവാർഡ് പനയന്നൂർ കാവിനുനൽകി ആദരിച്ചത്.

എല്ലാ മഹത്തായ സംരംഭങ്ങൾക്കു പിന്നിലും അത്ഭുതകരമായ സംഭവങ്ങളുണ്ടാവുമല്ലോ. ലോട്ടറിയടിച്ച ഒരു ഭക്തനാണ് ഇതിന്റെ സകല ചെലവും വഹിച്ചത്. ആനന്ദൻ നമ്പൂതിരിയ്ക്ക് സ്വപ്ന ദർശനമുണ്ടായിട്ടും സാമ്പത്തികഭാരം കാരണം നിർമ്മാണം വൈകി. വർഷങ്ങൾക്കുശേഷം ഖത്തറിൽ ജോലി ചെയ്യുന്ന ദേവിഭക്തനായ ഒരാൾ ആനന്ദൻ നമ്പൂതിരിയോട് ചോദിച്ചു. പനയന്നൂരമ്മയ്ക്കുക്കുവേണ്ടി എന്തെങ്കിലും കാര്യം സാധിപ്പാനുണ്ടോ എന്ന്. അല്പം മടിയോടെ കൊടിമരത്തിന്റെ കാര്യം സൂചിപ്പിച്ചു. ലക്ഷങ്ങൾ മുതൽ മുടക്കുള്ള കൊടിമരത്തിനു വേണ്ട എല്ലാ ചെലവും ആ ദേവീഭക്തൻ സന്തോഷപൂർവ്വം ഏറ്റെടുത്തു. ഖത്തറിലെ ഒരു ലോട്ടറി നേടിയപ്പോൾ ലഭിച്ച ഒരു തുകയുടെ ഭാഗമാണ് ഇതിന്റെ നിർമ്മാണത്തിനായി നൽകിയത്.

നിർമ്മാണം വൈകിയതിനുള്ള മറ്റൊരു കാരണം കൃഷ്ണശിലയുടെ നാദപൂർത്തിക്കുവേണ്ടിയുള്ള അന്വേഷണമായിരുന്നു. നമ്പൂതിരിയുടെ ചെവിയിൽ മുഴങ്ങിയ നാദത്തിനുസമാനമായ നാദം ഉണ്ടാക്കുന്ന കൃഷ്ണശില കണ്ടെത്തണം. അങ്ങിനെയുള്ള കൃഷ്ണശില തന്നെ വേണമെന്ന് ദേവിക്ക് നിർബന്ധമുണ്ടെന്ന് നമ്പൂതിരിക്ക് തോന്നിയിരുന്നു. കൃഷ്ണശില അന്വേഷിച്ച് കുംഭകോണം മുതൽ ഹൈദരാബാദ് വരെയുള്ള തെക്കേഇന്ത്യയിലെ പലസ്ഥലങ്ങളിലും പോയി നിരാശയോടെ മടങ്ങി. ഒടുവിൽ പ്രതീക്ഷയെല്ലാം അസ്തമിച്ചപ്പോൾ ഏതോ ഒരാളുടെ പ്രേരണയാൽ മല്ലപ്പള്ളിക്കടുത്തുള്ള എഴുമറ്റൂർ എന്ന ദേശത്തെ ഒരു സാധാരണ കരിങ്കൽ ക്വാറിയിലെത്തി. വലിയ പള്ളയുള്ള ഒരു പാറ ക്വാറിയുടെ മുകളിലായി കണ്ടു. ഈ പാറയിൽ ചുറ്റിക കൊണ്ട് തട്ടിനോക്കിയപ്പോൾ അത്ഭുതം എന്നേ പറയേണ്ടൂ. സ്വപ്നത്തിൽ താൻ കേട്ട നാദത്തിനു തുല്യമായ സ്വരം; ഒടുവിൽ പണി പൂർത്തിയായ ദിവസം ദേവിക്ക് സംതൃപ്തിയായി എന്ന സൂചനയോടെ ഇടിവെട്ടി മഴയും പെയ്തു.

ആയിരക്കണക്കിന് വർഷം പഴക്കമുള്ള ഈ ക്ഷേത്രം ആന്ധ്രയിലെ മേധാചരത്തിൽനിന്ന് വന്ന ആറ്റൊരത്തുഭട്ടതിരിമാരുടെ കുലദേവതയാണെന്നാണ് വിശ്വാസം. പിൽക്കാലത്ത് ചെമ്പകശ്ശേരി നാടുവാഴികളുടെ സ്ഥാനപട്ടം കിട്ടിയപ്പോൾ പട്ടമനയായി ലോപിച്ചു. ത്രിപുരസുന്ദരിയായിട്ടാണ് ദേവി ഇവിടെ കുടികൊള്ളുന്നതെന്നാണ് വിശ്വാസം. എല്ലാ വർഷവും കുംഭഭരണിമുതൽ മീനഭരണി വരെ 28 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം നടത്തിപ്പോരുന്നു. ●


ജിതേഷ് പനയ്ക്കാട്ട് മന,
നെല്ലിപ്പത്താഴം ബസ് സ്റ്റോപ്പ്,
പാലാഴി എം.എൽ.എ റോഡ്,
പി.ഒ ചേവായൂർ, കോഴിക്കോട്
ജില്ല, മൊബൈൽ:9448364452
വിലാസം: ആനന്ദൻ നമ്പൂതിരി,
പട്ടമന ഇല്ലം,നടുവിലെ മുറി
പി. ഒ തലവെടി ആലപ്പുഴ ജില്ല
മൊബൈൽ: 9605148125





## കൊടിമരം: ചില വസ്തുതകൾ

ഒരു പാറയിൽ നിന്നുള്ള കല്ല്.ഉയരം44.25 അടി. മുഖ്യശില്പി തിരുവൻവണ്ടൂരിലെ ബാലകൃഷ്ണൻ ആചാരിയുടെ നേതൃത്വത്തിൽ ചെങ്ങന്നൂർ, ശിവകാശി, മധുര, മഹാബലിപുരം തുടങ്ങിയ ദേശങ്ങളിൽനിന്ന് 12 ഓളം കല്ലാശാരിമാർ വന്ന് നിർമാണത്തിനായി സഹകരിച്ചു. 88 ദിവസം നീണ്ട പണി തുടങ്ങിയത് 2021 ജനുവരിയിൽ. 600 കിലോ കുമ്മായവും, മണലും, ചില്ലികളും, പഞ്ചസാരയും ഉപയോഗിച്ചു. ആധാരശിലയ്ക്ക് 6 ടൺ ഭാരം,22 അടി നീളം. മൂലാധാരം ഒന്നര അടി വീതമുള്ള 4 പട്ടം ചേർന്നത്. ആധാരശിലയുടെ മദ്ധ്യത്തിൽ ഒന്നര അടി ആഴത്തിൽ ധ്വജം ഉറപ്പിക്കാനുള്ള കുഴി. 3 നീണ്ട കഷ്ണങ്ങൾക്ക് ബന്ധനം തീർത്താണ് മുകളിലേക്ക് ഉയർത്തിയത്. 8 ഇഞ്ച് വീതം വിട്ട് ചതുരം ഉണ്ടാക്കി അതിൽ മുറുകികിടക്കാനുള്ള നാളവും ഉണ്ടാക്കിയാണ് ബന്ധനം സൃഷ്ടിച്ചത്.മൂലാധാരത്തിനു മുകളിൽ ഒന്നേകാൽ അടി വീതമുള്ള 8 പട്ടം. അതിനുമുകളിൽ ഒരടി വീതമുള്ള 16 പട്ടം. അതിനുമുകളിൽ മുക്കാൽ അടിയിലുള്ള ഒരു ചെറിയ പട്ടം.കൊടിമരത്തിന്റെ മണ്ഡിപ്പലകയും വാഹനവും (വേതാളം) കൃഷ്ണശിലയിൽ തന്നെ ഇഷ്ടി (കൊടിക്കയ്യ്) ചെമ്പു പൊതിഞ്ഞു.




*മലയാള മനോരമയിൽ അഞ്ചുവർഷം മുമ്പ് രംഗനാഥന്റെ അസ്ഥികൂടത്തെക്കുറിച്ചു വന്ന വാർത്ത. തൃശൂർ മ്യൂസിയത്തിലെ രംഗനാഥന്റെ അസ്ഥികൂടം. രംഗനാഥൻ ചെങ്ങല്ലൂർ മനയിൽ (നൂറ്റി അഞ്ചു വർഷം പഴക്കമുള്ള ഫയൽ ഫോട്ടോ )*

## ചെങ്ങല്ലൂർ മനയിൽ ഏഷ്യയിലെ ഏറ്റവും വലിയ

# ആനേണ്ടാർന്നു

നൂറ്റി അഞ്ചു വർഷം മുമ്പ് ബ്രിട്ടീഷ് സായ്പന്മാരായ മദ്രാസിലെ മ്യൂസിയം ക്യൂറേറ്റർമാർ ഒരാനയുടെ സഞ്ചയനം നടത്തി.'ഹസ്തിനാപുരി ചക്രവർത്തി'യായ ചെങ്ങല്ലൂർ രംഗനാഥന്റെ.



**മാന്തിട്ട വിഷ്ണു**

തൃശ്ശൂർ മൃഗശാലയോട് ചേർന്ന മ്യൂസിയത്തിന്റെ പ്രവേശനഹാളിൽ ഒരു ആനയുടെ അസ്ഥികൂടമുണ്ട്. നൂറ്റഞ്ച് വർഷം മുമ്പ് ജീവിച്ചിരുന്ന 'ചെങ്ങല്ലൂർ രംഗനാഥ'ന്റേത്. നാട്ടാനകളുടെ കൂട്ടത്തിൽ ഏഷ്യയിലെ ഏറ്റവും ഉയരം കൂടിയ കൊമ്പൻ. ഉയരം11 അടി4 ഇഞ്ച്. തിടമ്പേറ്റിയാൽ കൂട്ടത്തിലെ ഏത് ആനയേക്കാളും ഒരടിയിലേറെ കൂടുതൽ പൊക്കം. അഴകേറിയ കൊമ്പുകൾ, നല്ല മുഖശ്രീ. അങ്ങനെ ഗജലക്ഷണങ്ങൾ നോക്കുമ്പോൾ ഒരു ചക്രവർത്തി തന്നെ.

1905 മുതൽ1917ൽ ചെരിയുന്നതുവരെ തൃശൂർ അന്തിക്കാടുള്ള ചെങ്ങല്ലൂർ മനയുടെ ഉടമസ്ഥതയിലായിരുന്നു. തൃശൂരെത്തും മുമ്പ് തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിക്കടുത്തുള്ള ശ്രീരംഗം ക്ഷേത്രത്തിലും. അവിടെ നിന്നാണ് തുടക്കം. സാക്ഷാൽ ഗജേന്ദ്രന് മോക്ഷം നൽകിയ ശ്രീരംഗശായിയുടെ സന്നിധിയിൽ നിന്ന്.

പശ്ചിമഘട്ടവനപ്രദേശത്തെ വാരിക്കുഴിയിൽ വീണ ഒരു കുട്ടിയാനയെ ചിലർ ശ്രീരംഗം ക്ഷേ

**തലപ്പൊക്കം കാരണം കവാടം വഴി ക്ഷേത്രത്തിലേയ്ക്ക് പ്രവേശിക്കാൻ കഴിയാതെയായപ്പോൾ ശ്രീരംഗം ക്ഷേത്രാധികാരികൾ രംഗനാഥനെ വിൽക്കാൻ പത്രത്തിൽ പരസ്യം കൊടുത്തു. അതു കണ്ട ചെങ്ങല്ലൂർ മനയിലെ പരമേശ്വരൻ നമ്പൂതിരി രംഗനാഥനെ 1500 രൂപയ്ക്ക് വാങ്ങുകയായിരുന്നു.**

ത്രത്തിലെത്തിച്ചു. ക്ഷേത്ര ആവശ്യങ്ങൾക്കായി കാവേരിയിൽ നിന്ന് വലിയ അണ്ടാവുകളിൽ വെള്ളം എത്തിക്കേണ്ട ചുമതല ഈ ആനക്കുട്ടിക്കായി. ശ്രീരംഗവുമായി ബന്ധപ്പെട്ട ഒരു പേരും കിട്ടി- രംഗനാഥൻ.

വലുതായപ്പോൾ അസാധാരണമായ പൊക്കം പ്രശ്നമാവാൻ തുടങ്ങി. ക്ഷേത്ര കവാടത്തിലൂടെ കടക്കാൻ കഴിയാത്ത അവസ്ഥ. എന്നാലും 'ഭയങ്കര ശിക്ഷ' പേടിച്ച് ക്ഷേത്ര കവാടത്തിലൂടെ ഞെരുങ്ങിക്കൊണ്ടു കയറിയിറങ്ങി. വാതിലിൽ ഉരഞ്ഞ് ശരീരത്തിൽ പലയിടങ്ങളിലും മുറിവുകളും വ്രണങ്ങളും രൂപംകൊണ്ടു. താമസിയാതെ കവാടം വഴി ക്ഷേത്രത്തിലേയ്ക്ക് പ്രവേശിക്കാനേ കഴിയാതെയായി.



*രംഗനാഥനെ വിലക്കു വാങ്ങിയ പരമേശ്വരൻ നമ്പൂതിരി. രംഗനാഥൻ ശ്രീരംഗം ക്ഷേത്രത്തിൽ ആയിരുന്നപ്പോൾ എടുത്ത ഫോട്ടൊ.*



ആ നാട്ടിലെ ക്ഷേത്രങ്ങളിൽ 'എഴുന്നെള്ളിപ്പുകൾ' പതിവില്ലാത്തതിനാൽ ശ്രീരംഗത്തുകാർക്ക് രംഗനാഥൻ ഒരു ബാദ്ധ്യതയായി. ഫലം പട്ടിണി തന്നെ. ഒട്ടിയ വയറ്, കുഴിയിലായ കണ്ണുകൾ, ആകെ ശോഷിച്ചു പരിതാപകരമായ നില. ഒടുവിൽ ക്ഷേത്രാധികാരികൾ ആനയെ വിൽക്കാൻ തീരുമാനിച്ചു. 'ദ ഹിന്ദു' പത്രത്തിൽ പരസ്യവും കൊടുത്തു.

അക്കാലത്ത് വലിയ പ്രമാണിമാരായിരുന്നു തൃശ്ശൂർ അന്തിക്കാട് ചെങ്ങല്ലൂർ മനക്കാർ. പരസ്യം കണ്ട് അവിടത്തെ പരമേശ്വരൻ നമ്പൂതിരി 1905 ൽ രംഗനാഥനെ 1500 രൂപയ്ക്ക് വാങ്ങി. അന്തിക്കാട്ട് പോഷകസമൃദ്ധമായ ഭക്ഷണവും നല്ല രീതിയിലുള്ള പരിചരണവുമായിരുന്നു. നല്ലെണ്ണയും മഞ്ഞൾപ്പൊടിയും ഉപ്പും ചേർത്ത ചോറ്. പനംപട്ട. എല്ലാം സമൃദ്ധമായിത്തന്നെ. കൂടാതെ ഭഗവതിക്ഷേത്രത്തിലേയും തേവാരപ്പുരയിലേയും ഗണപതിഹോമത്തിന്റെ നൈവേദ്യം, ച്യവനപ്രാശം ലേഹ്യം, മറ്റ് ആയുർവേദ ഔഷധങ്ങളും.

തടിച്ചുകൊഴുത്ത് രൂപമാറ്റം വന്നതോടെ നല്ലകാലവും തെളിഞ്ഞു. തൃശ്ശൂർ പൂരത്തിന് വർഷങ്ങളായി തിരുവമ്പാടിയുടെ തിടമ്പേറ്റുകാരനായിരുന്ന പൂമുള്ളി ശേഖരനെ പുറംതള്ളിക്കൊണ്ടായിരുന്നു രംഗനാഥന്റെ മലയാളനാട്ടിലെ അരങ്ങേറ്റം. അത് ഒട്ടും മോശമായില്ല. താമസിയാതെ രംഗനാഥന്റെ സാന്നിദ്ധ്യം പൂരപ്പറമ്പുകളിൽ മറ്റൊരാഘോഷമായി. മഹാകവി വള്ളത്തോൾ രംഗനാഥനെക്കുറിച്ച് 'ചെങ്ങല്ലൂരാന' എന്ന കവിതയെഴുതി. അക്കാലത്ത് 'ആന പ്രേമി സംഘമൊന്നും' രൂപപ്പെട്ടിരുന്നില്ലെങ്കിലും ചെങ്ങല്ലൂർ രംഗനാഥന് വളരെയേറെ ആരാധകരുണ്ടായിരുന്നു. രജിസ്റ്റർ ചെയ്യപ്പെടാത്ത ഒരു 'രംഗനാഥൻ ഫാൻസ് ക്ലബ് '.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും വളരെ ദാരുണമായിരുന്നു അന്ത്യം.1914 ൽ പ്രശസ്തമായ ആറാട്ടുപുഴ പൂരം എഴുന്നെള്ളിപ്പ് നടക്കുന്നു. ആറാട്ടുപുഴ ശ്രീശാസ്താവിന്റെ കോലവും വഹിച്ച് നിൽക്കുകയായിരുന്നു രംഗനാഥൻ. പെട്ടെന്ന് കൂട്ടാനയായ അകവൂർ ഗോവിന്ദന്റെ (പാലിയം ഗോവിന്ദൻ) കുത്തേറ്റ് രംഗനാഥൻ വീണുപോയി.



*പൂർണ്ണത്രയീശനിൽ രംഗനാഥനെ എഴുന്നള്ളിച്ചപ്പോൾ. മറ്റു ആനകളിൽ നിന്ന് വേറിട്ടു നിൽക്കുന്ന ഉയരം ശ്രദ്ധിക്കുക*

ആക്രമണത്തിൽ തളർന്നുവീണ രംഗനാഥനെ ഉടനെ അന്തിക്കാട്ടെ ചെങ്ങല്ലൂർ മനയിലെത്തിച്ചു. പല രീതിയിലുള്ള ചികിത്സകളും നടത്തിയെങ്കിലും ഒന്നും ഫലംകണ്ടില്ല. കുത്തേറ്റ രംഗനാഥന്റെ അവസ്ഥ മനസ്സിലാക്കിയ മദിരാശി മ്യൂസിയത്തിലെ ബ്രിട്ടീഷ് ക്യൂറേറ്റേഴ്സ് അന്തിക്കാട്ടെത്തി ചെങ്ങല്ലൂർ നമ്പൂതിരിയെ കണ്ടു. ഇത്രയും അഴകും തലയെടുപ്പുമുള്ള ഒരാനയെ മരിച്ചാലും വെറുതെയങ്ങ് കുഴിച്ചുമൂടിക്കളയാൻ അവർക്ക് മനസ്സുവന്നില്ല. ആന ചെരിഞ്ഞാൽ സ്കെൽട്ടൺ ലണ്ടൻ മ്യൂസിയത്തിൽ സൂക്ഷിക്കാനായി തങ്ങൾക്ക് ഡൊണേറ്റ് ചെയ്യണമെന്ന് അവർ നമ്പൂതിരിയോട് അപേക്ഷിച്ചു.

ഒടുവിൽ ആ ദുരന്തം സംഭവിച്ചു. ആനപ്രേമികളെയെല്ലാം ദു:ഖത്തിലാഴ്ത്തി1917 ൽ ചെങ്ങല്ലൂർ രംഗനാഥൻ ചെരിഞ്ഞു. അത് ചരിത്രത്തിലെ മറ്റൊരു അദ്ധ്യായമാവുകയായിരുന്നു. വിവരമറിഞ്ഞുവന്ന ക്യൂറേറ്റേഴ്സ് വലിയൊരു കുഴിയെടുത്ത് ആനയെ അതിൽ കിടത്താൻ നിർദ്ദേശിച്ചു. പിന്നെ കുറച്ച് ഡീക്കേയിങ് കെമിക്കൽസ് പ്രയോഗിച്ച് മണ്ണിട്ടു മൂടി. ആറുമാസം കഴിഞ്ഞ് കുഴിയിലെ മണ്ണെടുത്ത് നോക്കിയപ്പോൾ മാംസമെല്ലാം അഴുകി മണ്ണിനോട് ചേർന്നുകഴിഞ്ഞിരുന്നു. ഒരുകേടുപാടും കൂടാതെ എല്ലാ എല്ലുകളും അവശേഷിക്കുകയും ചെയ്തു.

ഒരാനയുടെ ശരീരത്തിൽ ഏകദേശം 327 മുതൽ 351 എല്ലുകൾ ഉണ്ടാകുമത്രേ. ക്യൂറേറ്റേഴ്സ് എല്ലാ



*ചെങ്ങല്ലൂർ മനയിലെ കുടുംബാംഗങ്ങൾ*

എല്ലുകൾക്കും നമ്പർ കൊടുത്ത് ശേഖരിച്ചു. പിന്നീട് അവ കൂട്ടിച്ചേർത്ത് ആനയുടെ സ്കെൽട്ടൺ പുനഃസൃഷ്ടിക്കുകയും ചെയ്തു. ഒരുപക്ഷേ, ഒരാനയുടെ ആദ്യത്തെ 'സഞ്ചയനക്രിയ'! ഓയ്ക്കന്മാരായി കുറച്ച് സായ്പ്പന്മാരും!!

ആയിടയ്ക്കു തൃശ്ശൂരിലൊരു മ്യൂസിയം സ്ഥാപിക്കാനുള്ള ശ്രമം തുടങ്ങിയിരുന്നു. മ്യൂസിയത്തിന്റെ ചുമതല വഹിച്ചിരുന്ന ക്യൂറേറ്റേഴ്സും മദിരാശിയിലെ ക്യൂറേറ്റേഴ്സും തമ്മിൽ ആശയ വിനിമയം നടത്തി രംഗനാഥന്റെ അസ്ഥികൂടം തൃശ്ശൂരിൽ സ്ഥാപിക്കാൻ തീരുമാനിച്ചു. അങ്ങനെ 1938 ൽ മ്യൂസിയം തുറന്നപ്പോൾ രംഗനാഥനെ മരണമില്ലാത്ത രീതിയിൽ പ്രവേശന ഹാളിൽത്തന്നെ പ്രതിഷ്ഠിച്ചു. ഓയ്ക്കന്മാരായ സായ്പ്പന്മാർ അങ്ങനെ തന്ത്രിമാരായി മാറുകയും ചെയ്തു. രംഗനാഥനെക്കുറിച്ചുള്ള ഓർമ്മകൾക്കൊരു പ്രാണപ്രതിഷ്ഠ.

രംഗനാഥനെ പൂട്ടിയിരുന്ന ആ വലിയ ചങ്ങല ചെങ്ങല്ലൂർ മനക്കാർ ഒരു നിധി പോലെ ഇപ്പോഴും സൂക്ഷിക്കുന്നു. ഗതകാല പ്രൗഢികളുടെ കിലുക്കവുമായി ഒരു ആനച്ചങ്ങല. രംഗനാഥന്റെ പ്രശസ്തിക്ക് കാരണമായിത്തീർന്ന ചെങ്ങല്ലൂർ മനയുടെ വിശേഷങ്ങൾ കൂടി പങ്കുവെയ്ക്കേണ്ടതാണല്ലോ. തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമത്തിലാണ് ചെങ്ങല്ലൂർ മന. 1905 ൽ ഇല്ലത്തെ പരമേശ്വരൻ നമ്പൂതിരി രംഗനാഥനെ വാങ്ങുന്നതോടെയാണ് ചെങ്ങല്ലൂർ ജന്മികുടുംബവും പ്രശസ്തിയിലേയ്ക്ക് ഉയർന്നത്.

അദ്ദേഹത്തിന്റെ പൗത്രനായ പരമേശ്വരൻ നമ്പൂതിരി II (1905 - 1990) ഇ.എം.എസ് നമ്പൂതിരിപ്പാട്, ഡി. ദാമോദരൻ പോറ്റി, പ്രേംജി തുടങ്ങി അക്കാലത്തെ പ്രമുഖരുമായി നല്ല അടുപ്പത്തിലായിരുന്നു. നിയമകാര്യങ്ങളിലും സാമ്പത്തിക രംഗത്തും നല്ല അറിവുണ്ടായിരുന്ന അദ്ദേഹം തൃപ്രയാർ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന, പിന്നീട് ധനലക്ഷ്മി ബാങ്കിൽ ലയിച്ച വ്യവസായ ബാങ്കിന്റെ ചെയർമാനുമായിരുന്നു. ഇല്ലത്തെ അമ്പതോളം വരുന്ന കുടികിടപ്പുകാർക്ക് പത്തുസെന്റിന് പകരം പന്ത്രണ്ടുസെന്റും വീടുവെയ്ക്കാൻ സഹായമായി 1500 രൂപയും നൽകുകയുണ്ടായി. അന്നത്തെ റവന്യൂമന്ത്രിയായിരുന്ന കെ ആർ ഗൗരിയമ്മ ഈ പ്രവൃത്തിയെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്.

പരമേശ്വരൻ നമ്പൂതിരി II ചേലൂർ ഇല്ലത്തുനിന്ന് ശ്രീദേവിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് ആണ്മക്കളും (മാധവൻ, പുരുഷോത്തമൻ, പരമേശ്വരൻ, നീലകണ്ഠൻ & മുരളീധരൻ) നാല് പെണ്മക്കളും (വിലാസിനി, ഗിരിജ,അന്നപൂർണ്ണ & സുജാത). പെണ്മക്കളെല്ലാവരും മക്കളും പേ



*1949 ൽ എടുത്ത കുടുംബ ഫോട്ടൊ. പരമേശ്വരൻ നമ്പൂതിരി രണ്ടാമൻ, ചേലൂർ പുരുഷോത്തമൻ നമ്പൂതിരി എന്നിവരെ കാണാം.*

രക്കുട്ടികളുമായി കുടുംബ ജീവിതം നയിക്കുന്നു. ആണ്മക്കളിൽ മുരളീധരൻ നമ്പൂതിരി മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു. കോർപ്പറേഷൻ ബാങ്കിലെ സീനിയർ മാനേജർ പോസ്റ്റിൽ നിന്ന് വളന്ററി റിട്ടയർമെന്റ് എടുത്ത അദ്ദേഹം പത്നീ സമേതം (ജയശ്രീ, പെരിങ്ങശ്ശേരി ഇല്ലം) തിരുവനന്തപുരത്ത് താമസിക്കുന്നു. രണ്ടുപെണ്മക്കളും വിവാഹിതരാണ്.

പരമേശ്വരൻ നമ്പൂതിരിയുടെ മൂത്ത മകനായ പ്രൊഫസ്സർ മാധവൻ നമ്പൂതിരി ഫിലോസഫിയിലും സംസ്കൃതത്തിലും പി.എച്ച്.ഡി ബിരുദം നേടിയിരുന്നു. ബനാറസ് ഹുന്ദു യൂണിവേഴ്സിറ്റിയിൽ ഫിലോസഫി & സംസ്കൃതം വിഭാഗത്തിലെ പ്രൊഫസ്സറും വകുപ്പുതലവനുമായിരുന്നു. പാഞ്ഞാൾ അതിരാത്രം വഴി അറിയപ്പെടാനിടയായ പ്രൊഫസർ ഫ്രിറ്റ്സ് സ്റ്റാൾ ബനാറസിൽ മാധവൻ നമ്പൂതിരിയുടെ സഹപാഠിയുമായിരുന്നു. അന്തിക്കാട്ടുള്ള പഴയ ഇല്ലം കാലപ്പഴക്കം കാരണം 2016 ൽ പൊളിച്ചുമാറ്റി. നീലകണ്ഠൻ നമ്പൂതിരിയുടെ പത്നി രമണി അന്തർജ്ജനം മകൻ മുകേഷിന്റെ ഒപ്പം പഴയ ഇല്ലത്തിന്നടുത്തൊരു ഇല്ലം പണികഴിപ്പിച്ച് അവിടെ താമസിക്കുന്നു.

ഈ കുറിപ്പ് തയ്യാറാക്കുന്നതിന് തൊട്ടുമുമ്പ് ഒരിക്കൽ കൂടി തൃശ്ശൂരിലെ മ്യൂസിയത്തിലെത്തി.പ്രദർശനഹാളിൽ സൂക്ഷിച്ചിട്ടുള്ള രംഗനാഥന്റെ സ്കെൽട്ടനു മുമ്പിൽ അല്പനേരം നിന്നു.

അപ്പോൾ മനസ്സിലൂടെ ചിലത് മിന്നിമറിഞ്ഞു. തമിഴ്നാട്ടിലെ വാരിക്കുഴിയിലെ വീഴ്ച. ശ്രീരംഗം ക്ഷേത്രത്തിലെ ക്ലേശങ്ങൾ. അവിടെനിന്ന് ചെങ്ങല്ലൂർ മനയിലെത്തിയത്. മനയിലെ വിദഗ്ധ ചികിത്സ, പരിചരണം. പിന്നെ ഉത്സവപ്പറമ്പുകളിൽ ശോഭിച്ചത്. ഒടുവിൽ ദാരുണമായ അന്ത്യം. ചരിത്രമായ അസ്ഥികൂടം. അങ്ങനെയങ്ങനെ...ഹൃദയസ്പർശിയായ മുഹൂർത്തങ്ങൾ.



*പ്രൊഫസർ സ്റ്റാൾ പ്രൊഫസർ മാധവൻ നമ്പൂതിരിയും പത്നി രാധയുമൊപ്പം*



സി.പി.മാധവൻ നമ്പൂതിരി

*ആനയെ വാങ്ങിയ പരമേശ്വരൻ നമ്പൂതിരിയുടെ പൗത്രൻ പ്രൊഫസർ മാധവൻ നമ്പൂതിരിയെക്കുറിച്ച് മലയാളം വാരികയിൽ വന്ന കുറിപ്പ്*



*രംഗനാഥനെ തളച്ചിരുന്ന ആനച്ചങ്ങല (ചെങ്ങല്ലൂർ മനയിലെ സൂക്ഷിപ്പിൽ നിന്ന്.)*

മ്യൂസിയത്തിന്റെ പടിയിറങ്ങുമ്പോൾ ഒരു രൂപമായിരുന്നു മനസ്സിൽ നിറഞ്ഞു നിന്നത്. ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു രൂപം. ഉത്സവച്ചടങ്ങുകളിൽ അലങ്കാരങ്ങളുമായി, ദേവന്റെ തിടമ്പുമേറ്റി ഐശ്വര്യത്തോടെ, ഇരുചെവികളുമാട്ടി, താളവട്ടങ്ങളിൽ ലയിച്ച്, തലയെടുപ്പുമായങ്ങനെ നിൽക്കുന്ന ഒരു ഗജശ്രേഷ്ഠന്റെ രൂപം. ചെങ്ങല്ലൂർ രംഗനാഥൻ എന്ന 'ഹസ്തിനാപുരി ചക്രവർത്തിയുടെ'ആഢ്യത്വം നിറഞ്ഞ സുന്ദരരൂപം. ●


മാന്തിട്ട വിഷ്ണു 8714839298

C.P.Muraleedharan Namboodiri,
Flat No G02,Auroville Apartments,
Elankom Gardens ,Vellayambalam
Trivandrum; 695010, Mob: 9387801639





## പ്രകൃതിയിലേക്ക്

*പത്തൊമ്പത് ഏക്കർ സ്ഥലത്ത് കാട് വളർത്തുന്ന പൂളമണ്ണ വാസുദേവൻ നമ്പൂതിരി. പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ പഞ്ചായത്തിൽ തൂതപ്പുഴയോരത്താണ് ഈ നമ്പൂതിരി വനം. വനം വകുപ്പിന്റെ പീച്ചിയിലെ ഗവേഷണ കേന്ദ്രത്തിൽ നിന്നും മറ്റുമായി ശേഖരിച്ച നിരവധി വൃക്ഷങ്ങൾ ഇവിടെയുണ്ട്. എൺപതു കഴിഞ്ഞ വാസുദേവൻ നമ്പൂതിരിപ്പാട് ചെറുപ്രായത്തിൽ തുടങ്ങിയതാണ് വൃക്ഷക്കമ്പം.*




# അസ്തമിച്ച സ്വർണ്ണനാളം

പി.എൻ. വിജയൻ



വരാനിരിക്കുന്ന മരണമെന്ന അനിവാര്യതയെക്കുറിച്ച് മുൻകൂട്ടി ത്തന്നെ കക്കാടും ഒളപ്പമണ്ണയും അക്കിത്തവും എഴുതിയിട്ടുണ്ട്. കവികൾ ദീർഘദർശികളാണ്. അവസാനകാലത്ത് യു എസ് നാരായണൻ ഇങ്ങനെ എഴുതി:

'പായുന്നൂ ഘടികാരസൂചി, പകലിൻ
തീത്താലമാഴിയ്ക്കു നേർ -
ചായുന്നൂ, രജനിയ്ക്കുവേണ്ടി വഴിമാ -
റുന്നൂ മണിപ്പൊൻവെയിൽ!
മായുന്നൂ നിറമൊക്കെയും, മിഴിയട -
യ്ക്കുന്നൂ വസന്തം, മനു -
ഷ്യായുസ്സിന്നപരാഹ്നമായ്, അകലെയായ്
ക്കാണുന്നു സന്ധ്യാംബരം! '

അതെന്തായാലും അസ്തമയം അല്പം നേരത്തെയായി. നട്ടുച്ചക്ക്, 52 ാം വയസ്സിൽ. അകലെക്കണ്ട സന്ധ്യാംബരം പെട്ടെന്ന് തന്നെ അടുത്തെത്തി. ഒരു നിമിഷം കൊണ്ട് എങ്ങും ഇരുട്ടായി. ഒരു പക്ഷേ, സ്വന്തം രോഗ വിവരം അദ്ദേഹ നേരത്തേ അറിഞ്ഞിരിക്കാം. കഴിഞ്ഞ ജൂലായ് മുതൽ നാരായണൻ നമുക്കൊപ്പമില്ല.

കവിയും അവതാരകനും ആലാപകനുമെല്ലാമായിരുന്നെങ്കിലും നാരായണന്റെ പ്രൊഫഷൻ എഞ്ചിനീയറിങ്ങായിരുന്നു. കവിതയിലെന്ന പോലെ അതിലും സമർത്ഥൻ. അദ്ദേഹത്തിന്റെ ഗൃഹനിർമ്മാണശൈലി പാരമ്പര്യവാദികളേയും ആധുനികരേയും ഒരേപോലെ തൃപ്തിപ്പെടുത്തി. നാലുകെട്ടുകളും എട്ടുകെട്ടുകളും പന്ത്രണ്ടുകെട്ടുകളും പൗരാണികത നിലനിർത്തിക്കൊണ്ട് തന്നെ അദ്ദേഹം നവീകരിച്ചു.

ഗൃഹനിർമ്മാണകലയിലെ ശ്രദ്ധയും വൈദഗ്ദ്ധ്യവും കാവ്യരചനയിലും ദീക്ഷിച്ചു. അല്ലെങ്കിൽ കവിതയിലെ കല വീടുനിർമ്മാണത്തിലും തെളിയിച്ചു. ചിലത് പുരാതനപാരമ്പര്യം പുലർത്തുന്ന ക്ലാസിക്കൽ കാവ്യങ്ങൾ പോലെ. മറ്റുചിലത് നവീനത മുറ്റിനിൽക്കുന്ന ഭാവഗാനങ്ങൾ പോലെ.

കെട്ടിട ഉടമകളിൽ മിക്കവരും അവയുടെ ശില്പി ഒരു കവിയാണെന്ന കാര്യം അറിഞ്ഞിരുന്നില്ല. അതുപോലെ ശ്ലോകാലാപനം ആസ്വദിച്ചിരുന്നവരിൽ പലർക്കും ആ ശബ്ദം ഒരു എഞ്ചിനീയറുടേത് ആണെന്നതും അജ്ഞാതമായിരുന്നു. ചുരുക്കത്തിൽ കല്ലിന്റെയും മരത്തിന്റെയും കണക്കു പരിശീലിച്ച ഒരാൾ വസന്തത്തിന് തിലകം ചാർത്തിയതും കോൺക്രീറ്റിന്റെയും ടൈൽസിന്റെയും വിന്യാസക്രമം തൊഴിലാക്കിയ ഒരാൾ ശാർദ്ദൂലങ്ങളെ കളിപ്പിച്ചതും അത്ഭുതം തന്നെ.

പഴയതാണ്, പൊളിച്ചാൽ പിന്നെ കിട്ടില്ല, ശ്രദ്ധിക്കണം എന്നൊക്കെ പലരും പറഞ്ഞ സ്വന്തം പന്ത്രണ്ടു കെട്ട് മനോഹരമായി പുതുക്കിപ്പണിതത് നാരായണൻ തന്നെ. അതു കണ്ട് ഒരു കാരണവർ പറഞ്ഞത് ഇങ്ങനെ: ' ഈ പഴയ പന്ത്രണ്ടുകെട്ട് ഇപ്പോൾ മുഴുവൻ നടന്നുകണ്ടാൽ



*പത്നി സംഗീത മക്കൾ മിഹിര, മിത്രവിന്ദ, മൻഹർ എന്നിവർക്കൊപ്പം*

ഒരു മഹാകാവ്യം വായിച്ച അനുഭവം'

അതേ, കല്ലിൽ കൊത്തി വച്ച കവിത!

ജീവിതവും കാവ്യമയമായിരുന്നു. ജീവിതസഖിയുമൊത്തുള്ള യാത്രയുടെ ഒരു ഘട്ടത്തിൽ ഫേസ് ബുക്കിൽ കുറിച്ചത് ഇങ്ങനെ:

ഒന്നിച്ചു പൊള്ളിത്തളർന്ന വെയിലുകൾ,
ഒന്നിച്ചലിഞ്ഞു നനഞ്ഞ പേമാരികൾ
ഒന്നിച്ചിരുന്നാശ്വസിച്ച തണലുകൾ!
ഒന്നിച്ചുകണ്ട കിനാവുകൾ, നാം തമ്മി-
ലൊന്നിച്ചിണങ്ങിപ്പിണങ്ങിയ മാത്രകൾ !
ഒന്നിച്ചു കൂടിക്കലങ്ങിത്തെളിഞ്ഞിന്നു
മൊന്നായൊഴുകുന്നു നമ്മളാമിപ്പുഴ!



ദാമ്പത്യത്തെ ഇത്ര അർത്ഥവത്തായി അധികമാരും രേഖപ്പെടുത്തിയിട്ടില്ല.

അകാലത്തിൽ പിരിഞ്ഞു പോയ സുഹൃത്തിന് സ്മരണാഞ്ജലി അർപ്പിക്കാൻ തൃശൂർ വൈലോപ്പിള്ളി ഹാളിൽ സുഹൃത്തുക്കൾ ഒത്തു ചേർന്നതിന് തലക്കുറിയായതും ആ കവിതയിലെ വരികൾ തന്നെ.

'എത്രയൂരിക്കളഞ്ഞാലുമക്ഷരം
അത്ര പിന്നെയും ബാക്കിയാം വാക്കുകൾ! '

നാരായണന്റെ വിയോഗമറിഞ്ഞപ്പോൾ വാട്ട്സാപ്പിലും മറ്റുമായി വൈറലായ ഒരു കവിതയുണ്ട്. മകളോട്. മലയാളി നെഞ്ചേറ്റിയ ആ കവിത ആയിരങ്ങളുടെ മനസ്സിലാണ് അന്ന് നൊമ്പരം തീർത്തത്.

സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ കവിയുടെ ലക്ഷണങ്ങൾ പ്രകടമായിരുന്നു. ചേർപ്പിൽ നിന്ന് യുവജനോത്സവ മത്സരങ്ങളിൽ പദ്യം ചൊല്ലലിന്നും അക്ഷരശ്ലോകത്തിന്നും സംസ്ഥാനതലംവരെ പോയവരിൽ ഒന്നാം സമ്മാനം നേടിയത് നാരായണനാണ്. പിൽക്കാലത്ത് ആ കുട്ടി പ്രാചീനകൃതികളുടെ ആരാധകനായി. അപൂർവ്വമായശ്ലോകങ്ങളുടെ സ്വർണ്ണഖനിയായി. ശ്ലോകാലാപനത്തിൽ വേറിട്ടൊരു മാതൃകയായി. ഇതെല്ലാം പലരും അറിഞ്ഞത് അദ്ദേഹം വിട്ടുപോയശേഷമാണ്.

കൈവെച്ച വിഷയങ്ങളിലൊക്കെ അഗാധമായ അർപ്പണബോധം. ഏറ്റെടുത്ത സംരഭങ്ങളിലൊക്കെ പരിപൂർണ്ണവിജയം. പ്രവർത്തിച്ച മണ്ഡലങ്ങളിലൊക്കെ സൗമ്യതയുടെയും സത്യസന്ധതയുടെയും പകൽവെളിച്ചം. ഇടപഴകിയ വഴികളിലൊക്കെ ഹൃദ്യമായവ്യക്തിമുദ്ര. കണ്ടുമുട്ടിയ വ്യക്തികളിലൊക്കെ സൗഹൃദത്തിന്റെ സ്വർണ്ണപ്രഭ... ഇങ്ങനെയൊരാളെയാണ് നഷ്ടമായത്.

## പുരസ്കാരങ്ങൾ

- ❑ തൃശ്ശൂർ പൂരം മത്സരങ്ങളിലെ സുവർണ്ണമുദ്ര
- ❑ തിരുവുള്ളക്കാവ് നവരാത്രിമത്സരം സുവർണ്ണമുദ്ര
- ❑ മറ്റനേകം അക്ഷരശ്ലോകമത്സരങ്ങളിലെ ഒന്നാംസ്ഥാനങ്ങൾ
- ❑ നാമംഗലം മാധവൻ സ്മാരക മുക്തകരചനാപുരസ്കാരം
- ❑ കണ്ണമ്മൂല വിദ്യാധിരാജ സമിതിയുടെ മുക്തക പുരസ്കാരം

മലയാളകവിതയിൽ മണിപ്രവാളകാലം മുതൽ ആധുനികകാലം വരെ ഏതുഘട്ടത്തേയും ഉൾക്കൊള്ളാനും ആഴ്ന്നിറങ്ങാനും ഇറങ്ങിത്തിരിച്ച അത്യുത്സാഹി. ചോദ്യകർത്താവായും പ്രശ്നപരിഹാരകനായും സഹപാഠികൾക്കിടയിലും സഹപ്രവർത്തകർക്കിടയിലും പ്രശംസ നേടാൻ സാധിച്ച പരിശ്രമശാലി. മലയാളകവിതയിലും ഒരളവുവരെ സംസ്കൃതസാഹിത്യത്തിലും ആരേയും അതിശയിപ്പിക്കുന്ന പരിചയവും പരിശീലനവും സിദ്ധിച്ച പ്രതിഭാസം. ബുദ്ധിശക്തിയും ഓർമ്മശക്തിയും വിശദീകരണപടുതയും ഒരുപോലെ അനുഗ്രഹിച്ച പ്രഭാഷകൻ.

കുട്ടിക്കാലത്ത് അച്ഛൻ നിർബ്ബന്ധിച്ചിട്ടാണ് ശ്ലോകം ചൊല്ലാൻ തുടങ്ങിയത്. ഹൈസ്കൂൾ ക്ലാസുകളിലെത്തിയപ്പോൾ അക്ഷരശ്ലോകമത്സരാർത്ഥിയായി. പിന്നെ പല വേദികളിലും വിജയിയും. അച്ഛന്റെ ശിക്ഷണമില്ലായിരുന്നെങ്കിൽ എഞ്ചിനീയർ മാത്രമാവുമായിരുന്നു. അച്ഛൻ യു.എൻ.എസ് നമ്പൂതിരിപ്പാട് സെന്റ് തോമസ് കോളേജിൽ മുണ്ടശ്ശേരിയുടെ അവസാന ബാച്ചിലെ വിദ്യാർത്ഥിയായിരുന്നു. പഠിക്കുന്ന കാലത്ത് കവിതയും പ്രസംഗവും ഒക്കെ പതിവായിരുന്നു.

മുത്തപ്ഫനാകട്ടെ വൈവിദ്ധ്യമാർന്നവിഷയങ്ങൾ പ്രതിപാദിക്കുന്ന വലിയൊരുഗ്രന്ഥശേഖരത്തിന്റെ ഉടമ. പ്രാചീനസാഹിത്യഗ്രന്ഥങ്ങൾ തേടിപ്പിടിച്ച് കൈയെഴുത്തു പ്രതികൾ തയ്യാറാക്കി സൂക്ഷിക്കുന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. ആ ഗ്രന്ഥങ്ങളുമായുള്ള പരിചയമാണ് നാരായണന്റെ കാവ്യശീലത്തിന്റെ അടിത്തറ.

ക്ലാസ്മുറികളിലും ശ്രദ്ധിക്കപ്പെട്ടിരുന്നു. ഒരിക്കൽ ദ്വിജൻ എന്ന പദത്തിന്റെ നാനാർത്ഥം വിഷയമായപ്പോൾ മലയാളഅദ്ധ്യാപകനെ അത്ഭുതപ്പെടുത്തിക്കൊണ്ട് നാരായണൻ പറഞ്ഞത് ഇങ്ങനെ:

'രണ്ട് ജന്മമുള്ളവൻ എന്ന അർത്ഥത്തിൽ ബ്രാഹ്മണൻ, പക്ഷി, പല്ല് എന്നതിന്നുപുറമെ, ഒരുകണ്ടത്തിൽ പാവു



## യൂ.എസ് നാരായണൻ

ജനനം 1970ൽ. തൃശ്ശൂർ ഊരകം കടലാശ്ശേരിയിലെ ഊമമ്പിള്ളി മനയിൽ. കൊട്ടാരക്കര ഗണപതിക്ഷേത്രമുൾപ്പടെ അനേകം ക്ഷേത്രങ്ങളുടെ ഊരാൺമയുള്ള കുടുംബം. അക്കിത്തം മനയാണ് അമ്മാത്ത്. മഹാകവിയുടെ



മരുമകൻ. കവിത്വം ഉണ്ടായതിൽ ഒട്ടുമില്ല അദ്ഭുതം. തൃപ്പൂണിത്തുറയ്ക്കടുത്ത് അമ്പാട്ടു മനയിലെ സംഗീതയാണ് ഭാര്യ. അവർ ഫാർമസിസ്റ്റാണ്. മക്കൾ: മിഹിര, മിത്രവിന്ദ, മൻഹർ. തൃശ്ശൂരിലുള്ള അനാർക്ക് എന്ന സ്ഥാപനത്തിൽ എഞ്ചിനീയറായി 2000 വരെ ജോലി ചെയ്തു. തുടർന്ന് സ്വതന്ത്രമായി കൺസൽട്ടേഷൻ തുടങ്ങി. 2010 മുതൽ തൃശ്ശൂരിൽത്തന്നെ പാർട്ട്ണർഷിപ്പോടുകൂടി ഒരു കൺസ്ട്രക്ഷൻ കമ്പനിയിൽ പ്രവർത്തിച്ചു വന്നിരുന്നു. പ്രസിദ്ധീകരിച്ച കൃതി: ത്രിസന്ധ്യ (കൂട്ടുകവിത)

കയും മറ്റൊരു കണ്ടത്തിലേയ്ക്ക് പറിച്ചുനടുകയും ചെയ്യുന്ന നെല്ലിനും ഇതു ബാധകമല്ലേ? '

മാഷ് എന്തു പറഞ്ഞു എന്നറിയില്ല. ആ ചോദ്യത്തിലുണ്ട് അതിനുള്ള ഉത്തരം. ദ്വിജന്റെ ബുദ്ധി വൈഭവം.

അക്ഷരശ്ലോകവേദിൽ അപൂർവ്വമായ മണിപ്രവാളശ്ലോകങ്ങളും വി.കെ.ജി, കെ.എൻ.ഡി ശ്ലോകങ്ങളും തെരഞ്ഞെടുത്ത് ഭാവാത്മകമായി അവതരിപ്പിക്കുന്നതിലെ മികവ് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ദ്രാവിഡവൃത്തവും സംസ്കൃതവൃത്തവും ഒരേ പോലെ വഴങ്ങും. ശ്ലോകസദസ്സുകളിൽ നിന്ന് സ്വർണ്ണമെഡൽ ഉൾപ്പെടെ ധാരാളം അംഗീകാരങ്ങളും നേടിയിട്ടുണ്ട്. സാഹിത്യത്തിൽ മാത്രമല്ല അതുമായി ഒരുബന്ധവുമില്ലാത്ത അന്തരീക്ഷ ശാസ്ത്രത്തിലും ക്ഷേത്രകാര്യങ്ങളിലും ചടങ്ങുകളിലും അദ്ദേഹം തല്പരനായിരുന്നു.

ശ്ലോകരചനയിലും കവിതയെഴുത്തിലും ഒതുങ്ങുന്നതായിരുന്നില്ല പ്രതിഭ. വിവർത്തനത്തിലും ആ സർഗാത്മകത കണ്ടു. ചെയ്ത ടാഗോറിന്റെ ഗീതാഞ്ജലിയുടെ

**പഴയതാണ്, പൊളിച്ചാൽ പിന്നെ കിട്ടില്ല, ശ്രദ്ധിക്കണം എന്നൊക്കെ പലരും പറഞ്ഞ സ്വന്തം പന്ത്രണ്ടുകെട്ട് മനോഹരമായി പുതുക്കിപ്പണിതപ്പോൾ**

ഒരുഭാഗം താഴെ:

'പാടുകയില്ലിനി പാട്ടുകളൊന്നും ഞാൻ
വേണ്ടെന്നു നീ പറഞ്ഞെങ്കിൽ!
നോക്കുകയില്ലിനി നിൻ മുഖത്തേയ്ക്കു ഞാൻ
നാണിച്ചു പോകും നീയെങ്കിൽ!
മാല കോർത്തീടുമ്പോൾ പൂക്കൾ കുറഞ്ഞുപോയ്
മൗനിയാകുന്നു നീയെങ്കിൽ,
പോകുകയില്ല ഞാനത്ര മനോഹര–
മായ നിന്നാരാമത്തിങ്കൽ! '

ഒരിക്കൽ നാരായണൻ ചൊല്ലിയ ശ്ലോകം കേട്ട് മതിവരാതെ, സദസ്സ് പിരിഞ്ഞശേഷം വിളിച്ചുകൊണ്ടുപോയി നാലഞ്ചുശ്ലോകങ്ങൾ ചൊല്ലിക്കേട്ട അനുഭവം അനിയൻ മാങ്ങോട്ടിരി പങ്കുവെയ്ക്കുന്നു.

'യു.എസ് നാരായണന്റെ ശൈലിയുടെ ലയം ഒന്നു വേറെത്തന്നെ. ശ്ലോകാലാപനത്തിൽ ആ ശൈലി ആർക്കും ആവിഷ്ക്കരിക്കാനാവുമെന്ന് തോന്നുന്നില്ല. സൗപർണ്ണികയുടെ ഒരു സദസ്സിൽ 'മൂളീടും ഭൃംഗപാളീ....' എന്നശ്ലോകം ചൊല്ലിയത് കേട്ടപ്പോൾ ഏതൊക്കെയോ അഭിജാതമായ ഔന്നത്യത്തിലെത്തിയ പ്രതീതി അനുഭവിച്ചു. പിന്നീട് ആ സൗഹൃദത്തിന്റെ ഊഷ്മളതയും സ്വാതന്ത്ര്യവും അനുഭവിച്ച് അദ്ദേഹത്തെക്കൊണ്ട് ഞാനത് വീണ്ടും ചൊല്ലിച്ചു. എന്റെ സുഹൃത്തേ താനെന്തിന് ഇങ്ങനെ അകാലത്തിൽ.... ബ്രഹ്മസ്വം മഠത്തിന്റെ അങ്കണത്തിൽ കണ്ടപ്പോൾ നമ്മൾ പങ്കിട്ട സൗഹൃദം, സൗപർണ്ണികാവേദിയിലെ ആ ദീപ്തസാന്നിദ്ധ്യം.... അങ്ങ് മനസ്സിൽ ഒരു കണ്ണീർ മഴയാവുന്നു.....തോളിൽ കയ്യിട്ട് ഒന്ന് ചേർത്ത് നിർത്താൻ ഇനിയാവില്ല. നമസ്കരിക്കട്ടെ....!!' ●


പി.എൻ. വിജയൻ, മൊബൈൽ: 9496304123
യു.എസ്. നാരായണന്റെ കുടുംബം:
സംഗീത, ഊമമ്പള്ളി മന, കടലാശ്ശേരി,
പി.ഒ. വല്ലച്ചിറ, പിൻ: 680562
തൃശൂർ ജില്ല, മൊബൈൽ: 9495637040

## സിദ്ധാർത്ഥ്
## അഞ്ജന
## Just Married

കോരമ്പറ്റ ശങ്കരൻ നമ്പൂതിരിയുടെയും പ്രീത കോരമ്പറ്റയുടെയും മകൻ **ലെഫ്റ്റനന്റ് സിദ്ധാർത്ഥും** ( കോരമ്പറ്റ ഇല്ലം, FHC ചൂലൂർ, നെച്ചൂളി NIT ചാത്തമംഗലം, കോഴിക്കോട് ) ആലപ്പുഴ കളർകോട് പാതിരവേലിൽ വെള്ളിയോട്ടില്ലത്ത് (വെള്ളിയോട്, കാര്യവട്ടം, തിരുവനന്തപുരം) കൃഷ്ണൻ നമ്പൂതിരിയുടെയും ശ്രീമതി ദേവകി അന്തർജ്ജനത്തിന്റെയും മകൾ **അഞ്ജനയും** ഒക്ടോബർ 30 ന് കോഴിക്കോട് കട്ടാങ്ങൽ ശ്രീ അരീക്കുളങ്ങര ദേവീക്ഷേത്ര കല്യാണ മണ്ഡപത്തിൽ വച്ച് വിവാഹിതരായി







# കരിക്കാട് ഗ്രാമത്തിന്റെ തന്ത്രാക്കൾ

വിനോദ് മങ്ങത്തായ



**നാടുവാഴികളായിരുന്നപ്പോൾ സ്വന്തം സൈന്യവും ആയുധാഭ്യാസങ്ങൾക്കുള്ള കളരികളും ഗുരുക്കന്മാരും കിടങ്ങഴി ഉണ്ടായിരുന്നു.**

മലപ്പുറം ജില്ലയിൽ മഞ്ചേരിക്കടുത്താണ് കരിക്കാട് .64 ഗ്രാമങ്ങളിൽ യജുർവേദികളായ നൂറോളം മനക്കാരുള്ള ദേശമായിരുന്നു ഇവിടം. ഇന്ന് നിലനിൽക്കുന്നത് ഇരുപത്തിഒന്ന് ഇല്ലങ്ങൾ മാത്രം .കരിക്കാട്ടമ്പലം എല്ലാ അർത്ഥത്തിലും മഹാക്ഷേത്രമാണ്. നാലായിരം വർഷങ്ങളുടെ പാരമ്പര്യവും കണക്കാക്കിയിട്ടുണ്ട്. മുഖ്യദേവന്മാർ മൂന്നാണ്. ബാലമുരുകൻ, സുബ്രഹ്മണ്യൻ, പിന്നെ അയ്യപ്പനും. സവിശേഷതകൾ ഇനിയുമുണ്ട്. മൂന്നു കൊടിമരങ്ങൾ ഉള്ള ക്ഷേത്രത്തിൽ വെവ്വേറെയായി മൂന്നുത്സവങ്ങളും നടക്കുന്നു.

കരിക്കാട് ഗ്രാമത്തിലെ എല്ലാ ഇല്ലക്കാരും ചേർന്നുള്ള ഊരാള യോഗമാണ് മഹാക്ഷേത്രത്തിന്റെ ഭരണം നിർവ്വഹിച്ചിരുന്നത്. എല്ലാ വർഷവും തുലാം 11ന് ഉത്സവക്കണക്കുകൾ ദേവന് സമർപ്പിക്കാനായി ഊരാളർ യോഗം ചേരും. അവരിൽ ഒരു മനക്കാർക്കു മാത്രം ഒരധികയോഗ്യത കൽപ്പിച്ചിട്ടുണ്ട്. ക്ഷേത്രത്തിലെ ഒന്നാം ഊരാള സ്ഥാനമുള്ള ഇവർക്ക് ഈ യോഗത്തിൽ 'പടീമ്മൽ പലക' ഇട്ടിരിക്കാം. 'പടിക്കൽ പന്തീരായിര'വും 'പടീമ്മൽ പലക' ഇട്ടിരിക്കലും പരസ്പരപൂരകമായ ഒരു ഗ്രേഡിംഗ് ആയിരുന്നു അനവധി കേമപ്പെട്ട ഇല്ലങ്ങൾ ഉള്ള കരിക്കാട് ഈ അവകാശം സിദ്ധിച്ച ഒരേ ഒരില്ലമാണ് കിടങ്ങഴി. കരിക്കാട് ദേശത്തെ തന്ത്രാക്കളുടെ സ്ഥാനവും കിടങ്ങഴി മനക്കാർക്കായിരുന്നു എന്നാണ് ചരിത്രം.

മഞ്ചേരി – അരീക്കോട് റോഡിൽ കിടങ്ങഴി എന്ന സ്ഥലമുണ്ട്.നാനൂറോളം കൊല്ലങ്ങൾക്കു മുമ്പ് കിടങ്ങഴിയിലും നറുകര, കരുവമ്പ്രം എന്നീ



കിടങ്ങഴി തറവാടും
പത്തായപ്പുരയും



*അഞ്ജന, നീനു, നിരുപമ, മൃദുല, ഇരിക്കുന്നവർ: നചികേത് ,നാരായണൻ, സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്, ഉമ, ഗീത, ഗൗരി, ഋഷി, രാകേഷ്, നിവേദ്, ഹരീഷ്*

സമീപപ്രദേശങ്ങളിലും കിടങ്ങഴി മനക്കാരുടെ താവഴികൾ ഉണ്ടായിരുന്നത്രെ. നാലുകെട്ടുകളും നൃത്തശാല, നാടകശാല, പത്തായപ്പുര എന്നീ എടുപ്പുകളും ചേർന്ന ഒരു ബിൽഡിംഗ് കോംപ്ളക്സ് ആയിരുന്നു അന്ന് മന. കരിക്കാട് ക്ഷേത്രേശ യോഗത്തിന്റെ സ്ഥിരാദ്ധ്യക്ഷ സ്ഥാനം കിടങ്ങഴി മനക്കാർക്കാണ്. പ്രാദേശിക നാടുവാഴികളായതിനാൽ അംഗരക്ഷകർ ഉൾപ്പെട്ട സ്വന്തം സൈന്യവും ഇവിടെ നിലനിന്നു. ദേശത്തെ സെന്യാധിപൻ ഒടുങ്ങാടന്മാരായിരുന്നു.  അവരുടെ വാസം കിടങ്ങഴി ഇല്ലക്കാർ പണിതു നൽകിയ വിശാലമായ കെട്ടിടത്തിലായിരുന്നത്രെ.  ഇരുപത്തഞ്ചേക്കർ സ്ഥലവും ഒടുങ്ങാടന്മാർക്ക് പതിച്ചു നൽകി. ടിപ്പുവിനോടും ഒരുവേള സാമൂതിരിയുടെ പടയാളികളോടും ഇവർ ഏറ്റുമുട്ടിയതായി പഴയ രേഖകളിൽ



*കന്യാകമാരിയിൽ സ്വ. വേണുഗോപാലുമൊത്ത് (കേസരി മുൻ പത്രാധിപരും മുതിർന്ന പ്രചാരകനും) കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാട് CA (ഇടത്ത്)*

ചില പരാമർശങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ടതാവണം, ചില വാളുകൾ മനയിൽ നിന്നും കണ്ടു കിട്ടിയിരുന്നു

ഭൂമിയുടെ അധിപന്മാർ എന്ന അർത്ഥത്തിൽ നാടുവാഴികളായ മനക്കാരെ മണ്ണഴി ഇല്ലങ്ങൾ എന്ന് വിശേഷിപ്പിച്ചിരുന്നു .രവിമംഗലം എന്ന പ്രദേശത്ത് അക്കാലം പത്ത് മണ്ണഴിക്കാർ ഉണ്ടായിരുന്നത്രെ .അതിൽ ഒരു മണ്ണഴിയുടെ ഇല്ലം കിടങ്ങഴി ആയി മാറി .കിടങ്ങഴി എന്ന സ്ഥലത്തു നിന്ന് മനക്കാർ രവിമംഗലത്തേക്ക് മാറാനുണ്ടായ കാരണം വ്യക്തമല്ല .ഏതെങ്കിലും ഇല്ലം ക്ഷയിച്ചപ്പോൾ സ്വത്തുവകകൾ സംരക്ഷിക്കാനായി അന്നത്തെ നാട്ടുനടപ്പനുസരിച്ച് കിടങ്ങഴി മനക്കാർ ഇങ്ങോട്ട് 'ഇരുന്നതാകാം'. സൈന്യവും പരിവാരങ്ങളുമായി  മനക്കാർ രവിമംഗലത്തേക്കു മാറുകയായിരുന്നു .ആരൂഢമായിരുന്ന കിടങ്ങഴി എന്ന സ്ഥലത്ത്  മനപ്പറമ്പും സ്വന്തം ക്ഷേത്രവും ഇന്നുമുണ്ട് .



കിടങ്ങഴി നാരായണൻ നമ്പൂതിരി



അടികളേടം ശ്രീദേവി അന്തർജനം

**കിടങ്ങഴിക്കാർ യജുർ വേദികളാണ്. ഇല്ലത്തെ നമ്പൂതിരിമാരെല്ലാം തന്നെ കേമന്മാരായ ഓത്ത ന്മാരായിരുന്നു. ദേശത്തെ ഉണ്ണി നമ്പൂതിരിമാർക്ക് ഓത്ത് നല്ലോണം തോ ന്നിക്കാൻ വേണ്ടി ഗുരു കുല മാതൃകയിൽ വേദാ ഭ്യാസം ഏർപ്പെടുത്താൻ അന്നത്തെ കിടങ്ങഴി നമ്പൂതിരിപ്പാട് പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു.**

സൈന്യത്തിന്റെ ചുമതല ഒടുങ്ങാടന്മാർക്കായിരുന്നു എന്നു പറഞ്ഞല്ലോ. ഇവരുടെ ആരാധനയുമായി ബന്ധപ്പെട്ടതാവണം മുണ്ട്യേൻ, ആയുധ ഭൈരവൻ, കരിങ്കുട്ടി എന്നീ മൂർത്തികളെയും കിടങ്ങഴി ഇല്ലത്ത് കുടിവെച്ചാരാധിക്കുന്നുണ്ട്. ഒടുങ്ങാടന്മാരുടെ കാലശേഷവും ഇതു തുടരുന്നു .കിടങ്ങഴി മനയുടെ നാടുവാഴിപ്പെരുമയും അംഗരക്ഷക സൈന്യത്തോട് പുലർത്തിയിരുന്ന ബന്ധങ്ങളുടെ ആഴവും വ്യക്തമാക്കുന്നതാണ് ഇതെല്ലാം .

നാടുവാഴികളായിരുന്നപ്പോൾ സ്വന്തം സൈന്യവും ആയുധാഭ്യാസങ്ങൾക്കുള്ള കളരികളും ഗുരുക്കന്മാരും കിടങ്ങഴി ഉണ്ടായിരുന്നു. വായ്മൊഴികൾക്കപ്പുറത്ത് എഴുതപ്പെട്ട ചരിത്രം ലഭ്യമാവുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങൾ മുതൽക്കു മാത്രമാണ് .കിടങ്ങഴിക്കാർ യജുർവേദികളാണ്. ഇല്ലത്തെ നമ്പൂതിരിമാരെല്ലാം തന്നെ കേമന്മാരായ ഓത്തന്മാരായിരുന്നു. ദേശത്തെ ഉണ്ണി നമ്പൂതിരിമാർക്ക് ഓത്ത് നല്ലോണം തോന്നിക്കാൻ വേണ്ടി ഗുരുകുല മാതൃകയിൽ വേദാഭ്യാസം ഏർപ്പെടുത്താൻ അന്നത്തെ കിടങ്ങഴി നമ്പൂതിരിപ്പാട് പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു .ഓത്തു ചൊല്ലലിനൊപ്പം തന്നെ ഉണ്ണി നമ്പൂതിരിമാരെ സംസ്കൃതത്തിലും



കിടങ്ങഴി മഹാവിഷ്ണു ക്ഷേത്രം (മുകളിൽ)
നറുകര ശ്രീ നറുമധുര ക്ഷേത്രം (താഴെ)



ജ്യോതിഷത്തിലും കേമന്മാരാക്കാനായി, ആ രംഗത്തെ വിശിഷ്ടരായ ആചാര്യന്മാരെ കിടങ്ങഴി താമസിപ്പിച്ചു വന്നു. സംസ്കൃതപണ്ഡിതരായ രാമൻ നമ്പീശനും വാസു നമ്പീശനും കിടങ്ങഴിയിലെ ഗുരുക്കന്മാരായിരുന്നു. ഗിവ് ആൻറ് ടേക്ക് എന്നൊക്കെ ഇപ്പോൾ വിശേഷിപ്പിക്കുന്ന സമ്പ്രദായത്തിന്റെ പ്രത്യക്ഷമായ ആപ്ളിക്കേഷനായിരുന്നു മനയിൽ നടന്നിരുന്നത്. കാളിദാസൻ, മാഘൻ തുടങ്ങിയ കവികളുടെ സംസ്കൃത ശ്ളോകങ്ങൾ ആചാര്യന്മാർ വിസ്തരിച്ച് തന്നെ പഠിപ്പിക്കുന്നു. പിറ്റേ ദിവസം ഇതെല്ലാം ശിഷ്യന്മാർ മലയാളത്തിലേക്ക് തർജ്ജമ ചെയ്തു വരുമായിരുന്നത്രെ. വിദ്യാഭ്യാസം ലക്ഷ്യത്തിലെത്തുന്നതിന്റെ അതിവേഗ മാതൃകകളായിരുന്നു ഇവയൊക്കെ.താളിയോലകളിൽ കെട്ടി മനയിലെ പത്തായപ്പുരയിൽ സൂക്ഷിച്ചിരുന്ന ഈ 'ഹോം വർക്ക്' പ്രൊഡക്ട്സിൽ കുറെയെല്ലാം, ദൗർഭാഗ്യമെന്നു പറയട്ടെ, നശിച്ചുപോയി.കിടങ്ങഴിയിൽ ഗുരുനാഥന്മാരും ശിഷ്യന്മാരും ചേർന്ന് നടത്തിയിരുന്ന ദ്രുതകവനവും ചില യുനീക് സരസ ശ്ളോകങ്ങളും കരിക്കാട്ട് ഗ്രാമത്തിലെ പഴമക്കാരുടെ നാവിൻ തുമ്പിൽ ഇന്നുമുണ്ട്. അക്കാലത്തെ പല പണ്ഡിതന്മാരും കിടങ്ങഴിയിലെ നിത്യരായിരുന്നത്രെ.

രവിമംഗലത്തെ കിടങ്ങഴി തറവാട് ഇന്നും നാലുകെട്ടുകളുടെ സമുച്ചയമാണ്. പണ്ട് കാര്യാലോചനകൾക്കായി നിർമ്മിച്ചതായിരിക്കണം, വലിയ പത്തായപ്പുരയാണ് ഇവിടെ. എല്ലാം ഒന്നാന്തരമായി പരിപാലിക്കുന്നുമുണ്ട്. വലിയ കുളങ്ങളും കിണറുകളുമായി വറ്റാത്ത ജലാശയങ്ങളാണ് ഇല്ലപ്പറമ്പിൽ. പടിക്കൽ പന്തീരായിരവും പടീമ്മൽ പലകയും മറ്റും ഗതകാല സ്മൃതികളാണെങ്കിലും ഇന്നും പടിക്കലെ പാടത്ത് മൂന്നു പൂലും കൃഷി ഇറക്കാൻ പറ്റും. ആവശ്യത്തിനു വേണ്ട അരി സ്വന്തമായി തന്നെ കൃഷി ചെയ്തുണ്ടാക്കുന്നു.



**കിടങ്ങഴി നാരായണൻ നമ്പൂതിരിപ്പാട് *(Late)* പനയൂർ മഹൾ ശ്രീദേവി അന്തർജനം**

പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലുള്ള അപൂർവ്വം നമ്പൂതിരിമാരിൽ ഒന്നാമനാണ് കിടങ്ങഴി ഹരീഷ്. റസൂൽ പൂക്കുട്ടിയെപ്പോലെ സിനിമയിലെ ശബ്ദനിയന്ത്രണ സംവിധാനത്തിലാണ് ഫോക്കസ്

മറ്റനവധി ഇല്ലക്കാരെ പോലെ കിടങ്ങഴിക്കാരും ഒരു സംസ്ക്കാരത്തിന്റെ സംരക്ഷകരായിരുന്നു. വിജ്ഞാനത്തിന്റെ പതാകാ വാഹകരായിരുന്നു. തൊള്ളായിരത്തമ്പതുകളിലാണ് വണ്ടൂരിൽ ഇപ്രദേശത്തെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനമായ വി എം സി സ്കൂൾ ഉണ്ടാകുന്നത്. വി എം സി അഥവാ വെള്ളയ്ക്കാട്ട് മന പട്ടേരിയായിരുന്നു സ്കൂളിന്റെ കറസ്പോണ്ടൻറ്. വിദ്യാലയത്തിനാവശ്യമായ ഭൂമി നൽകിയത് കിടങ്ങഴി മനക്കാരായിരുന്നു. സമൂഹത്തിന് ദാനം നൽകിയത് കുറച്ചൊന്നുമായിരുന്നില്ല. പത്തേക്കറിലധികം. സെൻറു കണക്കിൽ പറഞ്ഞാൽ ആയിരം സെന്റ്. സ്കൂൾ സ്ഥാപിക്കാൻ യോജിച്ചതായി കണ്ടെത്തിയ വലിയ പറമ്പ് എത്രയാണെന്നൊന്നും നോക്കാതെ എടുത്തോളാൻ പറയുകയായിരുന്നത്രെ കിടങ്ങഴിയിലെ അന്നത്തെ നമ്പൂതിരിപ്പാട്. ഇന്ന് ഹയർ സെക്കന്ററി സ്കൂൾ ആയ ഈ വിദ്യാലയത്തിൽ പഠിച്ചിറങ്ങിയത് ആയിരങ്ങളാണ്. അറിവിന്റെ മഹത്തായ സരസ്വതീ ക്ഷേത്രത്തിന് സ്ഥലമൊരുക്കിയ കിടങ്ങഴി നമ്പൂതിരിപ്പാടിനെ ഓർക്കാൻ പക്ഷേ പ്രസ്തുത വിദ്യാലയത്തിൽ ഒരു ഛായാചിത്രം പോലുമുണ്ടോ എന്ന് സംശയമാണ്. ശ്രേഷ്ഠമായ ഈ ദാനം സമൂഹം എന്നുമോർത്തേ തീരൂ. ഈ നാടിന്റെ ജ്ഞാനപ്പൊരുളാണ് കിടങ്ങഴി ഇല്ലം.

കരിക്കാട് ദേശ ക്ഷേത്രത്തിൽ ഊരാഴ്മ, ഒന്നാം ഊരാള സ്ഥാനവും സ്ഥിരം അധ്യക്ഷ പദവിയും. ഊരാഴ്മയിലും നേരിട്ടുള്ള ഉടമസ്ഥതയിലുമായി ആറു ക്ഷേത്രങ്ങൾ കിടങ്ങഴി ഇല്ലക്കാർക്കുണ്ട്. കിടങ്ങഴി വിഷ്ണു ക്ഷേത്രം ഏറെ പ്രധാനമാണ്. ഷാരി വനദുർഗാ ക്ഷേത്രം മന സ്വന്തം നടത്തുന്നു. മറ്റു ക്ഷേത്രങ്ങളിൽ ദൈനംദിന നടത്തിപ്പിന് ജനകീയ കമ്മിറ്റികളും സഹായിക്കുന്നുണ്ട്.

കിടങ്ങഴിക്കാർ കരിക്കാട്ട് ഇപ്പോൾ മൂന്നിടത്തായി, താമസിക്കുന്നു.

റിട്ടയേർഡ് മലയാളം പ്രഫസർ സു



**ഷാരിയിൽ വനദുർഗ ക്ഷേത്രം**

ബ്രഹ്മണ്യൻ നമ്പൂതിരിപ്പാടാണ് തറവാട്ടിൽ താമസിക്കുന്നത് .പ്രദേശത്തെ ആദ്യകാല ബിരുദാനന്തര ബിരുദധാരിയാണ് കിടങ്ങഴി സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്.

എറണാകുളം മഹാരാജാസിലായിരുന്നു BA പഠനം. സാനു മാഷും ലീലാവതി ടീച്ചറും അച്യുതൻ സാറും ഗുരുക്കന്മാർ. എം എ ക്ക് തൃശൂർ കേരളവർമ്മയിൽ കെ പി നാരായണ പിഷാരടിയുടെ ശിഷ്യത്വം. 1969 മുതൽ 1999 വരെ ഗുരുവായൂരപ്പൻ കോളേജിൽ മലയാളം പ്രഫസർ. 1 വർഷം പ്രിൻസിപ്പാളിന്റെ താൽക്കാലിക ചുമതലയും വഹിച്ചു. ഗുരുവായൂരപ്പനിൽ പി സി ഏട്ടനുണ്ണി രാജയായിരുന്നു മലയാളം വകുപ്പ് തലവൻ. അധ്യാപക സൗഹൃദങ്ങളിൽ ഇംഗ്ലീഷിലെ ഉണ്ണി സാറും കെമിസ്ട്രിയിലെ കെ എൻ സുബ്രഹ്മണ്യയ്യരും മലബാർ കൃസ്ത്യൻ കോളേജിലെ മലയാളം പ്രൊഫസറും കവിയുമായ ആർ രാമചന്ദ്രൻ മാഷും ഉൾപ്പെടുന്നു. കോഴിക്കോട് തിരുവണ്ണൂരിൽ വീടുണ്ടാക്കി അവിടെയായിരുന്നു പ്രൊഫസർ താമസിച്ചത്. പണ്ട് വൈലോപ്പിള്ളിയുടെ 'ചന്ദ്രന്റെ ചിരി' ക്ലാസുകളിൽ എടുക്കുമ്പോൾ അക്കവിതയും കവിതയിലെ കഥയും ഹൃദയത്തിലേക്കെടുത്ത വിദ്യാർത്ഥികൾ ആൺ പെൺ ഭേദമില്ലാതെ കണ്ണീരണിയുന്ന കാഴ്ച അധ്യാപന ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒന്നായി മാഷ് കാണുന്നു.

ഇ എം എസിന്റെ ഭാര്യാഗൃഹമായ തെക്കേടത്തു പട്ടേരിയുടെ ഇല്ലത്തു നിന്നാണ് നമ്പൂതിരിപ്പാട് വേളി കഴിച്ചത്. പത്നി ഗീത തടയണകളിലൂടെ പ്രശസ്തനായ വാട്ടർ എഞ്ചിനീയർ ടി എൻ എൻ ഭട്ടതിരിപ്പാടിന്റെ സോദരിയാണ്. മൂന്ന് പുത്രന്മാരാണ് ഈ ദമ്പതിമാർക്ക്. നാരായണനും രാകേഷും സോഫ്റ്റ് വെയർ എഞ്ചിനീയർമാർ. നാരായണന്റെ സഹധർമ്മിണി മരാട്ട് അഞ്ജന. മക്കൾ നിരുപമ, ഉമ. രാകേഷിന്റെ പത്നി ചെറിയതെന്നാട്ട് മൃദുല. മക്കൾ ഋഷി, ഗൗരി. മൂന്നാമനായ ഹരീഷ് പൂന ഫിലിം ഇൻസ്റ്റിട്യൂട്ടിൽ ശ്രാവ്യ വിഭാഗത്തിൽ പ്രഫസർ. ( ഇന്ന് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലുള്ള അപൂർവ്വം നമ്പൂതിരിമാരിൽ ഒരാൾ). പത്നി പയ്യപ്പിള്ളി നീനു. മക്കൾ നിവേദ്, നചികേത്.

കിടങ്ങഴിയിലെ രണ്ടാം ശാഖ സേതുമാധവൻ നമ്പൂതിരിപ്പാടിന്റേതാണ്. മലപ്പുറം ജില്ലയിലെ ആദ്യകാല ചാർട്ടേർഡ് എക്കൗണ്ടന്റുമാരിൽ പ്രധാനിയാണ് കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാട്. എറണാകുളത്ത് വർമ്മ & വർമ്മയിൽ പഠനവും പ്രവൃത്തി പരിചയവും. കഷ്ടപ്പെട്ടു തന്നെ സി എ വിജയകരമായി പൂർത്തിയാക്കി.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ വിനീതനായ പ്രവർത്തകനായി സ്വയം പരിചയപ്പെടുത്താനാണ് നമ്പൂതിരിപ്പാടിനിഷ്ടം. കോഴിക്കോട്ട് ആദ്യകാല ശാഖ തുടങ്ങിയ ആഴ്ചവട്ടത്ത്, സംഘചാലകനായ ഭരതേട്ടനുമായി വലിയ അടുപ്പമായിരുന്നു. ഗണഗീതം ആദ്യമായി കേട്ടപ്പോൾ മനസ്സിലുണ്ടായ സന്തോഷം അനിർവ്വചനീയമാണെന്ന് നമ്പൂതിരിപ്പാട്. ഇന്ത്യൻ നാഷനൽ കോൺഗ്രസ് അനുഭാവിയായിരുന്ന



**ഇന്നത്തെ ഗുരുവായൂർ മേൽശാന്തി കക്കാട് കിരൺ ആനന്ദ്**
**(കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാടിന്റെ സഹോദരീപുത്രൻ)**



സേതുമാധവൻ നമ്പൂതിരിപ്പാട്, സഹധർമ്മിണി മന്ത്രേടത്ത് മഹൾ ലീല
(കൈലാസയാത്രക്കിടെ നേപ്പാളിൽ വെച്ച് നിര്യാതയായി)

# പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സൗണ്ട് എഞ്ചിനീയറിംഗ് ഹെഡ്

ഹരീഷ്: പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സൗണ്ട് ഡിപ്പാർട്ടുമെന്റ് ഹെഡ്. ഇപ്പോഴുള്ള ഒരേ ഒരു നമ്പൂതിരി സാർ. ഗുരുവായൂരപ്പൻ കോളേജിൽ നിന്നും ബിരുദത്തിനു ശേഷം ഓഡിയോ വിഷൽ മേഖലയുമായി ബന്ധപ്പെട്ട പുതു കോഴ്സുകൾ പൂർത്തിയാക്കി. സ്വകാര്യ സ്ഥാപനത്തിൽ മീഡിയാ അധ്യാപകനായി ജോലി ചെയ്യുമ്പോഴാണ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള നോട്ടിഫിക്കേഷൻ കാണുന്നത്. അപേക്ഷിച്ചു. കടുപ്പമുള്ള ഇന്റർവ്യൂവും പെർഫോർമൻസ് പരിശോധനകളും. സെലക്ഷൻ നേടി, പൂന ഇൻസ്റ്റിസ്റ്റൂട്ടിൽ അധ്യാപകനായി.

തികച്ചും വ്യത്യസ്തമാണ് പൂന കാമ്പസ്. ക്രിയേറ്റിവിറ്റി അറ്റ് ഇറ്റ്സ് ബെസ്റ്റ് എന്ന രീതിയിൽ വർക്ക് ചെയ്യാൻ കഴിയും. സെന്റർ ഓഫ് എക്സലൻസ് ആയ സ്ഥാപനം.ഡയറക്ഷനും എഡിറ്റിംഗും മുതൽ വിവിധ വകുപ്പുകൾ. ടെലിവിഷൻ മീഡിയയും ഫിലിം ഡിവിഷനും പ്രത്യേകം.രാജ്യത്തെ ഏറ്റവും ആധുനികമായ സാങ്കേതിക സൗകര്യങ്ങൾ. ഓരോ രംഗത്തെയും പ്രതിഭകളുമായി ചേർന്ന് പ്രവർത്തിക്കാനുള്ള അവസരമാണ് ഇവിടെ. ഇന്ത്യയിലും പുറം രാജ്യങ്ങളിലുമായി ധാരാളം അന്തർദേശീയ കോൺഫറൻസുകളിൽ ഹരീഷ് പേപ്പറുകൾ പ്രസന്റ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട അന്താരാഷ്ട്ര മാഗസിനുകളിലും എഴുതുന്നു. 'ബാഹുബലി'യിലെ സൗണ്ട് എഞ്ചിനീയറും 'ഗംഗുഭായി'യിലെ ശബ്ദ വിദഗ്ധനും മുതൽ സുഹൃത്തുക്കളും ശിഷ്യന്മാരും നിരവധിയാണ്. ഈ രാഗത്ത് പ്രശസ്തരായ മലയാളികൾ ധാരാളമുണ്ടെന്ന് ഹരീഷ് പറഞ്ഞു. ഒ ടി ടി ഏർപ്പാടുകളും പ്രാദേശികമായ പരസ്യചിത്ര സാധ്യതകളും ഫിലിം മേക്കിംഗിനെ ബോളിവുഡിൽ നിന്നും കോളിവുഡിൽ നിന്നും നാട്ടുകവലകളിലേക്കു പറിച്ചു നട്ട ഇക്കാലത്ത് സൗണ്ട് എഞ്ചിനീയറിംഗിലൊക്കെ ധാരാളം അവസരങ്ങൾ ഉണ്ട്. ചെറുനഗരങ്ങളിലെ തുണിക്കടകൾക്കും ജ്വല്ലറികൾക്കും പ്രത്യേകം പരസ്യചിത്രങ്ങൾ ഇന്നുണ്ടല്ലോ. സാധ്യതകൾ വിപുലമാണെന്നർത്ഥം. ഓരോന്നിന്റെയും ഡീറ്റേയിലിംഗിലേക്ക് ,മർമരങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവ റീ പ്രൊഡ്യൂസ് ചെയ്യാൻ മന്ത്രതാളം ഉള്ളിലുള്ള ബ്രാഹ്മണ മനസ്സുകൾക്ക് എളുപ്പമാവുമെന്നും ഹരീഷ് നിരീക്ഷിക്കുന്നു.

കിടങ്ങഴി പരേതനായ നാരായണൻ നമ്പൂതിരിപ്പാടിന്റെയും അടുകളേടം ശ്രീദേവി അന്തർജനത്തിന്റെയും രണ്ടാമത്തെ പുത്രനാണ് സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്.കൂടത്തിങ്കൽ തെന്നാട്ട് ദാമോദരൻ നമ്പൂതിരിയുടെ സഹധർമ്മിണി ശ്രീദേവി അന്തർജനം (Late) ,കരുമാരപ്പൊറ്റ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി ഉമാദേവി അന്തർജനം, എന്നിവർ സഹോദരിമാരാണ്. കരുമാരപ്പൊറ്റ ഉമാദേവി അന്തർജനത്തിന്റെ നവതി ആഘോഷിച്ചത് അടുത്തിടെയാണ്. എഴുപത്തിമൂന്ന് വർഷങ്ങൾക്കു മുമ്പ് നടന്ന ഉമാദേവി അഥവാ ഉണ്ണിമായയുടെ കൊടുക്കക്ക് സമുദായത്തിലെ യാഥാസ്ഥിതികരും കുടുമ മുറിച്ച പരിഷ്കാരികളും തമ്മിൽ ചില ബഹളങ്ങളൊക്കെ ഉണ്ടായിരുന്നുവത്രെ.

ജ്യേഷ്ഠ സഹോദരനായ നാരായണൻ നമ്പൂതിരിപ്പാടിന്റെ (Late) സഹധർമ്മിണി പനയൂർ മന ശ്രീദേവി അന്തർജനം. ഈ ദമ്പതിമാർക്ക് മൂന്ന് പെൺ മക്കളാണ്. രാധ, ശ്രീദേവി, യമുന. യഥാക്രമം ചാങ്ങിലിയോട്ട് മാധവൻ നമ്പൂതിരി, തെക്കേടത്ത് ഹൃഷീകേശൻ ഭട്ടതിരിപ്പാട്, മംഗലത്തു മന കൃഷ്ണൻ നമ്പൂതിരി എന്നിവരാണ് ജീവിതപങ്കാളിമാർ.



*സേതുമാധവന്റെ അനിയത്തി, ദിവംഗതയായ അംബിക*

സേതു 1967 മുതൽ രാഷ്ട്രീയ സ്വയംസേവകനായി മാറി. പിന്നെ തിരിഞ്ഞു നോക്കിയിട്ടില്ല. കറകളഞ്ഞ പ്രഫഷനോടൊപ്പം സാമൂഹ്യ സേവനം, ഇഴപിരിയാത്ത സംഘ ബന്ധം. വർഷങ്ങളായി കാളികാവ് താലൂക്ക് സംഘചാലകൻ. ഇല്ലത്ത് നിത്യ തേവാരവും പൂജയും. സമൂഹത്തിന്റെ വിവിധ തുറകളിൽ ബന്ധങ്ങൾ. നിസ്വാർത്ഥനായ പൗരപ്രമുഖനായി വണ്ടൂരിലെ പൊതു സമൂഹം അംഗീകരിച്ച വ്യക്തിത്വമാണ് കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാട്. താമസം വണ്ടൂർ



**ചാർട്ടേർഡ് എക്കൗണ്ടന്റ് , കോസ്റ്റ് എക്കൗണ്ടൻറ്, കമ്പനി സെക്രട്ടറി ഈ കോഴ്സുകളിലൊന്നും തന്നെ ജാതിസംവരണം എന്ന ഏർപ്പാടില്ല. മെരിറ്റ് ഉള്ളവർ മാത്രം ഈ പരീക്ഷകൾ പാസാവുന്നു. കഴിവുള്ളവർക്കാണ് ഈ പ്രഫഷൻ. യോഗ്യതയുള്ളവർക്ക് മാത്രമേ സംവരണമുള്ളൂ. നമ്മുടെ ഉണ്ണികളും കുട്ടികളും കൂടുതലായി ഈ പ്രഫഷനിലേക്കു വരണം.**

- കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാട് CA





**സേതുമാധവൻ നമ്പൂതിരിപ്പാടിന്റെ വണ്ടൂരിലെ പുതിയ ഭവനവും അവിടത്തെ ചുമർ ചിത്രവും**



**സേതുമാധവൻ നമ്പൂതിരിപ്പാട് (ചാർട്ടേർഡ് എക്കൗണ്ടന്റ്), ലീല (കൊളത്താപ്പിള്ളി മഹൾ), മകൻ രോഹിത്**

ടൗണിലെ വിശാലമായ മനപ്പറമ്പിൽ പണിത പുതിയ ഗൃഹത്തിൽ. 3 വർഷം മുമ്പൊരു കൈലാസയാത്രയിൽ നേപ്പാളിൽ വെച്ച് സഹധർമ്മിണിയായ മന്ത്രേടത്തു മഹൾ ലീല വിഷ്ണുപദം പൂകിയത് തീരാനഷ്ടവും സങ്കടവുമായി. ഉന്നത തലത്തിലെ ബന്ധങ്ങളും, ഒരുപാട് സുമനസ്സുകളുടെ വലിയ സഹകരണവും പ്രതിസന്ധി ഘട്ടത്തിൽ തുണയായി. പ്രത്യേക വിമാനത്തിൽ ലീലാ അന്തർജനത്തിന്റെ ഭൗതിക ശരീരം ഇന്ത്യയിലെത്തിച്ച് അന്ത്യകർമ്മങ്ങൾ നടത്താനും സാധിച്ചു.

സമൂഹജീവിക്ക് ഒറ്റയാനായി നടപ്പ് സാധ്യമല്ലല്ലോ. കൊളത്താപ്പിള്ളി മഹൾ ലീലാ അന്തർജനത്തിന്റെ കൂടെ തുടർജീവിതം നയിക്കുകയാണ്



**ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്, കയ്പഞ്ചേരി അനിത അന്തർജനം മകൻ - മിഥുൻ കെ എം (കരിക്കാട് ശ്രീ ശാസ്താ കോളേജ്), മരുമകൾ കൃഷ്ണപ്രിയ പറപ്പൂക്കര (മോഹിനിയാട്ടം ആർട്ടിസ്റ്റ്, ടീച്ചർ)**

സേതുമാധവൻ നമ്പൂതിരിപ്പാട്.ലീലാ അന്തർജനത്തിന്റെ മകൻ രോഹിത്ത് മാനേജ്മെന്റ് വിദ്യാർത്ഥിയാണ്. മഞ്ചേരിയിലെ സ്വന്തം സ്ഥാപനമായ നമ്പൂതിരിപ്പാട് & അസോസിയേറ്റ്സിൽ രോഹിത്തും പ്രവർത്തിക്കുന്നു.

പരേതരായ വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും ചെറിയ തെന്നാട്ട് ഉണ്ണിമായ അന്തർജനത്തിന്റെയും ഏകപുത്രനായ സേതുമാധവൻ നമ്പൂതിരിപ്പാടിന് അഞ്ചു സഹോദരിമാരാണ്. രമ, ഉമാദേവി, ശാരദ, ശ്രീദേവി, പരേതയായ അംബിക. യഥാക്രമം എടക്രമഞ്ചേരി രാമൻ നമ്പൂതിരി, പാറയ്ക്കാട്ട് പദ്മനാഭൻ നമ്പൂതിരി, കക്കാട് ആനന്ദൻ നമ്പൂതിരി, മുന്നൂലം സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവർ സഹോദരിമാരെ വേളി കഴിച്ചു.

ഇപ്പോഴത്തെ ഗുരുവായൂർ മേൽശാന്തി ഡോക്ടർ കക്കാട് കിരൺ ആനന്ദ് സേതുമാധവൻ നമ്പൂതിരിപ്പാടിന്റെ സഹോദരീപുത്രനാണ്.

കിടങ്ങഴിയിലെ മൂന്നാമത്തെ ശാഖ വണ്ടൂരിന് 2 കിലോമീറ്റർ ദൂരമുള്ള ഷാരിയിൽ ആണ്. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിപ്പാടാണ് ഇവിടെ താമസിക്കുന്നത്. ഇരുപതു വർഷത്തിലധികം വണ്ടൂർ ഓറിയോൺ പാരലൽ കോളേജിൽ പ്രിൻസിപ്പാൾ ആയിരുന്നു. വണ്ടൂരും പരിസരത്തുമുള്ള നൂറുകണക്കിന് കുട്ടികൾ സമാന്തര വിദ്യാലയത്തിൽ നമ്പൂതിരിപ്പാടിന്റെ ശിഷ്യന്മാരും ശിഷ്യമാരുമായിരുന്നു. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഏജന്റ് ആയും പ്രവർത്തിച്ചു. കയ്പഞ്ചേരി മകൾ അനിതയാണ് സഹധർമ്മിണി. മക്കൾ മിഥുൻ (ശ്രീ ശാസ്താ കോളേജ് കരിക്കാട് ) മൃദുല. മരുമക്കൾ രാപ്പാൾ പർപ്പൂക്കര കൃഷ്ണപ്രിയ (മോഹിനിയാട്ടം ഒന്നാം

റാങ്കുകാരി, ആർട്ടിസ്റ്റ്), കുറുമാലി പടുതോൾ വൈശാഖ് (എഡിറ്റർ, അമൃതാ ടി.വി)

കിടങ്ങഴി ഇല്ലം കരിക്കാട് ഗ്രാമത്തിലെ പടീമ്മൽ പലകക്കാരായി ഇന്നും പരിലസിക്കുന്നു. കരിക്കാട്ടെ ത്രിമൂർത്തികളുടെ നിത്യാനുഗ്രഹം ഏറ്റുവാങ്ങുന്ന ഒന്നാം ഊരാളനുമാണ്. പാരമ്പര്യവും പ്രാധാന്യവും ഒത്തുചേർന്ന കിടങ്ങഴി പ്പെരുമ തലമുറകളിലൂടെ ഒളിമങ്ങാതെ പ്രകാശിക്കുന്നു.


കിടങ്ങഴി മന, വണ്ടൂർ
മലപ്പുറം
**പ്രൊഫ. സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്**
**(9495638820)**
**സേതുമാധവൻ നമ്പൂതിരിപ്പാട്, CA**
**(9447629839)**
**ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്**
**(9446251340)**




**വൈശാഖ് കൃഷ്ണൻ (കുറുമാലി പടുതോൾ മന, പുതുക്കാട് എഡിറ്റർ, അമൃതാ ടി വി), കിടങ്ങഴി മൃദുല, ജാതവേദ് കൃഷ്ണൻ**

# പടുതോൾ വൈശാഖ് @ അമൃതാ ടി വി

എം എസ് സി വിഷ്വൽ കമ്യൂണിക്കേഷനു ശേഷം അമൃതാ ടി.വിയിൽ വീഡിയോ എഡിറ്റർ. ഇപ്പോൾ അമൃതയുടെ തിരുവനന്തപുരം സ്റ്റുഡിയോയിൽ വർക്ക് ചെയ്യുന്നു. 'വ്യവസ്ഥയായി ജോലി ഏറ്റെടുത്ത് ചെയ്യാൻ നമ്മൾക്കാവും. അനവധി കാലത്തെ അധ്യാനം കൊണ്ട് സങ്കീർണമായ നവീകരണ കലശവും മറ്റും ക്ഷേത്രങ്ങളിൽ ഒരുക്കുന്ന വരല്ലേ നമ്പൂതിരിമാർ? ഭാവനാസമ്പന്നരായവർക്ക്, ഇന്നവേറ്റീവ് ആശയങ്ങൾ സാക്ഷാൽക്കരിക്കുന്നവർക്ക്, യോജിച്ച മേഖല തന്നെയാണ് മൾട്ടിമീഡിയകൾ. മറ്റാർക്കും കീഴ്പ്പെടാതെ സ്വന്തം ക്രിയേറ്റീവ് ആശയങ്ങളുപയോഗിച്ച് പ്രവർത്തിക്കാൻ നല്ല പ്ളാറ്റ്ഫോം ആണ് മീഡിയ. വീഡിയോ എഡിറ്റിംഗ് അതിലൊരു വിഭാഗം മാത്രം. ചാനലുകളും ഒപ്പം ഫ്രീലാൻസ് ആയി ചെയ്യാവുന്ന ആഡ് ഫിലിമുകളും എല്ലാം ഈ രംഗത്ത് വലിയ അവസരങ്ങൾ നൽകുന്നുണ്ട്. ആഡ് രംഗത്തെ പ്രൈസ് പാക്കേജ്കളും ആകർഷകമാണ്. മടി കൂടാതെ ഇറങ്ങണം. പിടിച്ചു നിൽക്കാനായി നമ്മുടെ ജീനിൽ തന്നെയുള്ള കഴിവുകൾ സഹായിക്കും' വൈശാഖ് വ്യക്തമാക്കി .

ചന്ദ്രിക ,ദേവകി ,വത്സല ,ഇന്ദിര എന്നിവർ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ സഹോദരിമാർ .യഥാക്രമം പുല്ലൂർ ദേവൻ (നാടകകൃത്ത്), കല്ലിൽ പരമേശ്വരൻ ,പുലിയന്നൂർ രവി നമ്പൂതിരിപ്പാട്, മട്ടന്നൂർ കൊളശ്ശേരി ഉണ്ണികൃഷ്ണൻ (BARC,ട്രോംബെ) എന്നിവർ മരുമക്കൾ.



**തറവാട്ടിലെ വിശാലമായ വയൽ**



**തറവാട്ടിലെ വിശാലമായ പത്തായം**



# മൂത്ത

ഗാഡിജിയെക്കണ്ട് ഒരു പതിനേഴുകാരന് കൗതുകമായി. ലോകം മുഴുവൻ വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന ഒരു അതിമാനുഷരൂപം ഇതാ തൊട്ടടുത്ത്. ആ പയ്യൻ മറ്റൊന്നുമാലോചിച്ചില്ല. പതുക്കെ ഗാന്ധിജിയുടെ അടുത്തെത്തി. ദേഹ ത്തൊന്നു തൊട്ടു.

## ഭക്തിയും ക്രിക്കറ്റും സിനിമയും യാത്രയുമായി 106 വർഷം ഒറ്റയാനായി ജീവിച്ച ജന്മം

പരമേശ്വരൻ മൂത്തത്
നെന്മനശ്ശേരി
പടിഞ്ഞാറെ ഇല്ലം
എറണാകുളം
ജനനം: 13. 01. 1917
മരണം: 01. 10. 2022

# കാരണവർ

**ഗാന്ധിജിയെ അങ്ങോട്ടു ചെന്നു തൊട്ടു സച്ചിൻ ടെണ്ടുൽക്കർ ഇങ്ങോട്ടു വന്നും തൊട്ടു**

**ഉമ ആനന്ദ്**



നൂറ്റി ആറു വയസ്സു വരെ ജീവിക്കുക! അതും ആരോഗ്യവാനായി !! മരിക്കുന്നതോ സ്വിച്ച് ഓഫാക്കിയ പോലെ അനായാസമായത്. ഇക്കഴിഞ്ഞ ഒക്ടോബർ ഒന്നിന് സ്വർഗ്ഗസ്ഥനായ പരമേശ്വരൻ മൂത്തതിനെ മരണം പോലും കരഞ്ഞു കൊണ്ടാണ് കൊണ്ടുപോയത്. അത്രമാത്രം പരിശുദ്ധനായിരുന്നു അദ്ദേഹം. രണ്ടു നൂറ്റാണ്ടിൽ ജീവിച്ചു. രണ്ടു തവണ ഗാന്ധിജിയെ തൊട്ടു. മൂന്ന് തവണ സബർമതി ആശ്രമം സന്ദർശിച്ചു. എന്നും ഖാദിയണിഞ്ഞു. എന്നും എറണാകുളത്തപ്പന്റെ തിടമ്പേറ്റാനുള്ള ഭാഗ്യവും ലഭിച്ചു.

എറണാകുളം നെൻമനശ്ശേരി ഇല്ലത്തെ പരമേശ്വരൻ മൂത്തതിന്റെയും സുഭദ്ര അന്തർജനത്തിന്റെയും ആറ് മക്കളിൽ ഒരാൾ. പത്താം ക്ളാസോടെ പഠനമവസാനിപ്പിച്ചു. മാസത്തിൽ പതിനഞ്ച് ദിവസത്തേക്കായിരുന്നു കഴകം. ബാക്കി പതിനഞ്ച് ദിവസങ്ങൾ നാട് ചുറ്റുക. അതായിരുന്നു ജീവിതം.

1934 ജനുവരി18. ഹരിജൻഫണ്ടു പിരിക്കാൻ ഗാന്ധിജി കൊച്ചിയിലെത്തി. രാജേന്ദ്രമൈതാനത്തായിരുന്നു പരിപാടി. ഗാന്ധിജിയെക്കണ്ട് ഒരു പതിനേഴുകാരന് കൗതുകമായി. ലോകം മുഴുവൻ വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന ഒരു അതിമാനുഷരൂപം ഇതാ തൊട്ടടുത്ത്. ആ പയ്യൻ മറ്റൊന്നുമാലോചിച്ചില്ല. പതുക്കെ ഗാന്ധിജിയുടെ അടുത്തെത്തി. ദേഹത്തൊന്നു തൊട്ടു.

നിറഞ്ഞ ചിരിയായിരുന്നു ഗാന്ധിജിയുടെ മറുപടി. കൃതാർത്ഥതയോടെ എസ്.ആർ.വി. സ്കൂളിലെ ആ വിദ്യാർത്ഥി പരിപാടി കണ്ടുകൊണ്ടു അവിടെത്തന്നെ നിന്നു. ഫണ്ടുശേഖരണം കഴിഞ്ഞ് ഗാന്ധിജി അടു ത്ത സ്ഥലത്തേക്കു പോകുവാൻ ബോട്ടുജെട്ടിയിലേക്കു നടന്നു. അപ്പോൾ ഗാന്ധിജിയെ ഒന്നുകൂടി തൊടണമെന്നു തോന്നി. അമാന്തിച്ചില്ല, ഓടിച്ചെന്ന് ബോട്ടുജെട്ടിയിലെത്തി. വീണ്ടും തൊടുകയും ചെയ്തു.

ഇതേ ആളെ പിൽക്കാലത്ത് ലോകം കണ്ട ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കർ ഇങ്ങോട്ടു വന്ന് തൊട്ടിട്ടുണ്ട്.

പ്രസിദ്ധമായ എറണാകുളം



*മൂത്തതിന് സച്ചിനയച്ച വീഡിയോ സന്ദേശം ഈ ക്യൂ ആർ കോഡിൽ കാണാം.*

## നൂറു വയസ്സുകാരന്റെ മാരത്തോൺ സച്ചിൻ ടെണ്ടുൽക്കറിന് ഇഷ്ടമായി

**2017** നവംബർ 12 നായിരുന്നു മൂത്തതും ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ച. സ്പൈസ് കോസ്റ്റ് നടത്തിയ മാരത്തോണിൽ നൂറു വയസ്സ് പിന്നിട്ട മൂത്തതും പങ്കെടുത്തിരുന്നു. മൂത്തത് അഞ്ച് കിലോമീറ്ററോളം നടന്നു. അതൊരു വിസ്മയമായി സച്ചിന് തോന്നി. പരിപാടി കഴിഞ്ഞ് ഭക്ഷണം കഴിക്കുന്ന സമയത്ത് സംഘാടകർ വന്ന് പറഞ്ഞു. മൂത്തതിനെ സച്ചിൻ ടെണ്ടുൽക്കറിന് ആദരിക്കണമത്രെ.

ഒറ്റ നടത്തം കൊണ്ട് മൂത്തത് സച്ചിന്റെ മനസ്സിലുടക്കി. അങ്ങനെ കൊച്ചി ഐലന്റിൽ വെച്ച് സച്ചിൻ മൂത്തതിനെ ആദരിച്ചു. 2018 ലും ഇത് ആവർത്തിച്ചു. അതോടെ സച്ചിന്റെ മനസ്സിൽ മായാത്ത രൂപമായി മാറി. 2021 ഡിസംബർ 21 നായിരുന്നു മൂത്തതിന്റെ 105 ാം പിറന്നാൾ. അന്ന് വരുന്നവർക്ക് സമ്മാനം നൽകാനായി വെള്ളി നാണയങ്ങൾ തയ്യാറാക്കിയിരുന്നു. അതിൽ ഒരെണ്ണം സച്ചിന് സ്പീഡ് പോസ്റ്റ് വഴി അയച്ചു കൊടുത്തു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അതാ സച്ചിന്റെ ആശംസ വീഡിയോ വരുന്നു. പിറന്നാൾ കഴിഞ്ഞാണ് വന്നതെങ്കിലും പിറന്നാൾ മധുരം തന്നെയായിരുന്നു അതും ●

ശിവക്ഷേത്രത്തിൽ എഴുപത്തിയഞ്ചു വർഷം കൈസ്ഥാനികനായിരുന്നു. ശിവക്ഷേത്രത്തിൽ പാരമ്പര്യമായി കഴകാധികാരമുള്ള കുടുംബം. രാവിലെ 3 മണിയോടെ തുടങ്ങും പ്രവൃത്തികൾ. ക്ഷേത്രത്തിലെ മൂന്നു ശീവേലിയ്ക്കും തിടമ്പ് എഴുന്നെള്ളിക്കാനുള്ള ഭാഗ്യം. ഈശ്വരസേവയ്ക്കിടയിൽ ഗാർഹസ്ഥ്യം അകന്നുപോയി. വിവാഹം മറന്നുപോയി. എറണാകുളം ശ്രീരാമവർമ സ്കൂകളിൽ പഠിക്കുമ്പോൾ തന്നെ ക്ഷേത്രകാര്യങ്ങളിൽ വ്യാപൃതനായിരുന്നു. അച്ഛന് പ്രായാധിക്യമായതോടെ കഴകജോലി ഏറ്റെടുത്തു. മറ്റു സഹോദരങ്ങളെപ്പോലെ ജോലി അന്വേഷിച്ചു നടക്കാനൊന്നും പോയതുമില്ല.

ഗാന്ധിജിയോടുള്ള അമിതപ്രേമം കാരണം സബർമതി ആശ്രമം മൂന്നു തവണ സന്ദർശിച്ചു. പത്താം ക്ലാസിൽവെച്ച് പഠനം അവസാനിച്ചുവെങ്കിലും യാത്രകളിലൂടെ നേടിയെടുത്തത് അക്കാദമി പഠനങ്ങളെ വെല്ലുന്ന അറിവും ആർജവവും. ഏതാണ്ട് ഭാരതത്തിലെ പുണ്യസ്ഥലികളിലെല്ലാം ദർശിച്ചു. ഓരോ സ്ഥലങ്ങളിലെത്തുമ്പോഴും അവിടുത്തെ ഭക്ഷണ രീതിയും പാചകവും ശ്രദ്ധിക്കും. ഇഷ്ടപ്പെട്ടതാണെങ്കിൽ പാചകം പഠിച്ചെടുക്കും. തിരിച്ച് ഇല്ലത്തെത്തിയാൽ കണ്ടറിഞ്ഞ വിഭവങ്ങൾ പാചകം ചെയ്ത് വീട്ടുകാരേയും സുഹൃത്തുക്കളേയും അമ്പരിപ്പിക്കും. സ്വപ്രയത്നംകൊണ്ട് മൂത്തത് നേടിയെടുത്തത് അതിരുകളില്ലാത്ത അറിവിന്റെ ലോകമാണ്. അവിടെ ഗാന്ധിജിയും നെഹ്റുവും സർ സിപിയും രവീന്ദ്രനാഥ ടാഗോറും ഈശ്വരചന്ദ്രവിദ്യാസാഗറും ഉള്ളൂരും ചങ്ങമ്പുഴയും സർ വാൾട്ടർ സ്കോട്ടും തുടങ്ങി വിവിധവിഷയങ്ങൾ ഇടതടവില്ലാതെ ഒഴുകിയെത്തും. കവിതകളും ഉദ്ധരണികളും ഒപ്പത്തിനൊപ്പം.

ഭക്തി കഴിഞ്ഞാൽ മറ്റൊരു അഭിനിവേശം സിനിമയായിരുന്നു. പടം റിലീസാകുന്ന ദിവസംതന്നെ കാണണം എന്നത് ആവേശവും. ഒരിക്കൽ പുതിയ പടമിറങ്ങിയപ്പോൾ കാണാൻ കാശില്ല. അമ്പലത്തിൽ അത്താഴ ശീവേലി കഴിഞ്ഞ് പുറത്തേക്കിറങ്ങുമ്പോൾ മനസ്സിൽ വല്ലാത്ത നിരാശ. അമ്പലത്തിന്റെ മതിലിൽ ചാരിനിന്ന് ശ്രീകോവിലിലേക്കു നോക്കിപ്പറഞ്ഞു:



*എറണാകുത്തളപ്പന്റെ തിടമ്പുമായി. കേൾക്കാം കാണാം ഈ ക്യു ആർ കോഡിൽ*

‘ഞാനിങ്ങനെ മൂന്നുനേരവും നിന്നേം സേവിച്ചു നടന്നിട്ടെന്തു കാര്യം? ഒരു സിനിമ കാണാൻ പോലും കൈയിൽ കാശില്ല. ഞാനെന്താണ് ചെയ്യേണ്ടത്?’

അൽപ്പനേരം കൂടി അവിടെ നിന്ന് ഇല്ലത്തേക്കു നടന്നു. അത്താഴം കഴിച്ച ശേഷവും മനസ്സിൽ സിനിമ തന്നെ. ഇരിക്കപ്പൊറുതിയില്ലാതെ റോഡിലേക്കിറങ്ങി. അലക്ഷ്യമായി മുന്നോട്ടു നടക്കുമ്പോൾ എതിരെ ഒരു ചങ്ങാതി നടന്നുവന്നു. അയാൾ ചോദിച്ചു:

‘നമുക്കൊരു സിനിമക്കു പോയാലോ? ’

ആ ചോദ്യംകേട്ട് മൂത്തത് അൽഭുത സ്തബ്ധനായി. പിന്നെ അമാന്തിച്ചില്ല. നേരെ സിനിമാശാലയിലേക്കു വെച്ചുപിടിച്ചു. പിറ്റേന്നു രാവിലെ അമ്പലത്തിലെത്തി ഭഗവാന്റെ മുന്നിൽച്ചെന്നു പറഞ്ഞു:

‘അറിവില്ലായ്മ കൊണ്ടാണ് ഇന്നലെ ഞാനങ്ങനെയൊക്കെ പറഞ്ഞത്. എന്റെ അപരാധം പൊറുക്കണം.’

പിന്നീടൊരിക്കലും മൂത്തതിന് എറണാകുളത്തപ്പനെ കുറ്റപ്പെടുത്തേണ്ടി വന്നിട്ടില്ല. എല്ലാം തരുന്നവനാണ് തന്റെ ദൈവം. ജീവിതത്തിൽ ഭക്തി രൂഢമൂലമായ അപൂർവാവസരമായിരുന്നു അത്.

ഗാന്ധിജിയോടുള്ള ആരാധനയാണ് മൂത്തതിനെ ഖാദിപ്രിയനാക്കിയത്. ഏതാണ്ട് എട്ടു പതിറ്റാണ്ടായി ഖാദിയല്ലാതെ ധരിച്ചിട്ടില്ല. സമുദായത്തിന്റെ വാർഷികയോഗങ്ങളിലെ നൂൽ നൂൽപ്പ് മത്സരങ്ങളിൽഎപ്പോഴും ഒന്നാം സ്ഥാനവും നേടി. ഉടുപ്പിലും നടപ്പിലും നോക്കിലും വാക്കിലും തനി സ്വദേശി. ശിവക്ഷേത്രത്തിലെ കഴകവൃത്തി ചെയ്യുമ്പോഴും ജാതിമതാതീതമായി മൂത്തതിനു വിശാലമായ സൗഹൃദവലയമാണുള്ളത്.

നൂറാം പിറന്നാളോടനുബന്ധിച്ച് ബന്ധുക്കളും വേണ്ടപ്പെട്ടവരും ചേർന്ന് ബാങ്കിൽ നിക്ഷേപിച്ച സംഖ്യ ജീവകാരുണ്യ സംരംഭത്തിന്റെ മൂലധനമാക്കുകയാണ് ചെയ്തത്. പ്രതിവർഷം ലഭിക്കുന്ന പലിശ കൊണ്ട് മാനസികമായും ശാരീരികമായും ബുദ്ധിമുട്ടനുഭവിക്കുന്നവരെ കണ്ടെത്തി സഹായിക്കണമെന്നാണ് വ്യവസ്ഥ ചെയ്തത്. സഹായത്തിന് ജാതിയും മതവും പരിഗണിക്കരുതെന്നു കൂടി ഉറപ്പു വരുത്തി. മരണം പ്രകൃതി നിയമമാണ്. എന്നാൽ അനായാസേന മരണം. അതിഭാഗ്യമുള്ളവർക്ക് മാത്രം കിട്ടുന്ന ഒന്നാണ്. ഒരില കൊഴിയുന്നത് പോലെ നിശ്ശബ്ദമായാണ് മൂത്തത് കർമകാണ്ഡം അവസാനിപ്പിച്ച് കാലയവനികക്കുള്ളിലേക്ക് മറഞ്ഞത്. ●

Uma Anand, Gita mandir
Kudakuthum parambil
T D Road North End,Ernakulam,
Pin 682035Mob 9847500594
umaanand2015@gmail.com
(സ്വതന്ത്ര മാധ്യമ പ്രവർത്തകയായ ഉമ ആനന്ദ് മീഡിയ ടൈമിന്റെ കൊച്ചി റിപ്പോർട്ടറാണ്.)

അനുസ്മരണം / പട്ടലൂർ ദേവകി അന്തർജ്ജനം

# അമ്മ പിന്നിലുള്ളതു പോലെ

ശ്രീജ പട്ടലൂർ



കഞ്ഞിയും കയ്പക്കാ ഉപ്പേരിയും ബാക്കിവെച്ച് കഴിഞ്ഞ ചൊവ്വാഴ്ചയാണ് അമ്മ പോയത്. ഇപ്പോ രാവിലെ എഴുന്നേറ്റാൽ മുതൽ ഓരോ ശ്വാസത്തിലും അമ്മയുടെ കരങ്ങൾ എന്റെ പിന്നിലുള്ളതു പോലെ. മോട്ടോർ ഓഫാക്കിയില്ലേ? ചുക്കുവെള്ളം തിളച്ചില്ലേ? ദിവാകരന് ചോറാക്കിയില്ലേ? അമ്മു വിളിച്ചില്ലേ? ഇന്ന് രാധ വരില്ലേ?.....

ചോദ്യങ്ങളുമായി അമ്മ എന്റെ പിന്നാലെ തന്നെയുണ്ട്. തന്റെ വേദനകളേക്കാൾ മറ്റുള്ളവരുടെ വേദന അറിയാനും ആശ്വസിപ്പിക്കാനും കഴിയുകയെന്നത് എല്ലാവർക്കും പറ്റുന്നതല്ല. പാണ്ഡവരുടെ സ്വർഗ്ഗാരോഹണം (മഹാപ്രസ്ഥാനം) പോലെ ഓരോരുത്തരും വീഴുമ്പോഴും ഓരോരോ കാരണങ്ങൾ ഉണ്ടായിരുന്നു. അമ്മയുടെ കാര്യത്തിൽ എനിക്ക് ഒരു കാരണവും കണ്ടെത്താൻ കഴിയുന്നില്ല. സ്വർഗ്ഗത്തിലങ്ങനെ വിരാജിക്കുന്നുണ്ടാവും ഞങ്ങളുടെ അമ്മ.

അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ. കുമാരനാശാന്റെ ഈ വരികൾ അന്വർത്ഥമാകും വിധമായിരുന്നു അമ്മയുടെ ജീവിതം. മരുമകളല്ല മകൾ തന്നെയായിരുന്നു അമ്മയ്ക്ക് ഞാൻ. ഒരുപാടൊരുപാട് ഞാനീ അമ്മയിൽ നിന്ന് പഠിച്ചു. ഒരപ്പം കൊണ്ട് അയ്യായിരത്തിൽപ്പരം ആളുകളുടെ വിശപ്പടക്കിയ യേശുവിനെപ്പോലെ ഒരു മാങ്ങയോ, ഒരാപ്പിളോ കിട്ടിയാൽ അമ്മ ഞങ്ങൾക്ക് വീതിച്ചു തന്നിരുന്നു.

അങ്ങനെ എത്രയെത്ര നല്ല ഓർമ്മകൾ. അമ്മ നോക്കിയ പോലെ ഒരു ഭാര്യക്കും സ്വന്തം ഭർത്താവിനെ നോക്കാൻ കഴിയില്ല. അച്ഛൻ ദിവസം ഒരായിരം തവണ 'ദേവകീ' എന്നു വിളിച്ചാലും അമ്മയ്ക്ക് പരിഭവമോ പരാതിയോ ഇല്ല. ഓടിയെത്തി ഒരു കുട്ടിക്കെന്നപോൽ എല്ലാ കാര്യങ്ങളും ചെയ്തു കൊടുക്കും. അമ്മ അച്ഛനെ നോക്കിയതിനെപ്പറ്റി ഒരു നോവലെഴുതാൻ മാത്രം കാര്യങ്ങളുണ്ട്.

എല്ലാവരേയും ഒരേ കണ്ണ് കൊണ്ട് കാണാൻ മാത്രമല്ല കൊടുക്കാനും കഴിയുന്ന അമ്മയ്ക്ക് സ്വന്തം മക്കൾ മാത്രമല്ല ബന്ധുക്കളും അയൽക്കാരും എല്ലാം ഒരു പോലെ തന്നെ. ഞങ്ങളുടെ അമ്മയ്ക്ക്, മക്കളുടെ മുത്തശ്ശിയ്ക്ക് അച്ഛന്റെ ദേവകിയ്ക്ക് കണ്ണീരിൽ കുതിർന്ന ഒരായിരം അന്ത്യാഞ്ജലികൾ.



പട്ടലൂർ ദേവകി അന്തർജ്ജനം (79)
പട്ട്ലകം മഹൾ,W/o Late വാസുദേവൻ നമ്പൂതിരി
(ഉമ നമ്പൂതിരി, മഞ്ചേരി )
**മരണം: 2022 സെപ്തംബർ 20**
മക്കൾ: ഉമാദേവി (പാടി ഇല്ലം) ദിവാകരൻ (ബിസിനസ്)
മധുസൂദനൻ (വെറൈറ്റി ഫാർമസ്യൂട്ടിക്കൽസ് കൊളപ്പുള്ളി)
മരുമക്കൾ: രാമൻകുട്ടി, ശ്രീജ, സ്മിത



# വക്കീൽ തിരക്കിലാണ്

എം. വി. ഗൗരി



അതേ... വെങ്കിടങ്ങുകാരുടെ അനിത വക്കീൽ... മാന്തിട്ട മനയിലെ അന്തർജ്ജന വക്കീൽ എന്റെ അമ്മ എപ്പോഴും തിരക്കിലാണ്. ഇല്ലത്തെ ഓഫീസ് മുറിയിലെ ഫയലുകൾക്കിടയിൽ... കക്ഷികളുടെ ഫോൺ വിളികൾക്കിടയിൽ... കോടതി മുറികളിൽ... യോഗക്ഷേമ സഭയുടെ പരിപാടികളിൽ... അതുമല്ലെങ്കിൽ അടുക്കളയിലെ പാചകത്തിരക്കിൽ... അങ്ങനെയങ്ങനെ.

ഇല്ലത്തെ പടിക്കൽ വെച്ചിട്ടുള്ള 'അഡ്വ. അനിത, എൽ എൽ ബി, നോട്ടറി' എന്ന ബോർഡ് സ്ഥലത്തെ ഒരു ലാൻഡ്മാർക്ക് ആണ്.

ഞങ്ങളുടെ നാട്ടിൽ നിന്ന് ധാരാളം പേർ വിദേശത്തുപോയി ജോലി നോക്കുന്നുണ്ട്. പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ. അവരിൽ ധാരാളം പേർ പാസ്പോർട്ട്, വിസ തുടങ്ങിയ കാര്യങ്ങളിൽ നിയമസഹായം തേടി അമ്മയുടെ ഓഫീസിൽ എത്താറുണ്ട്. ഈയിടെയായി ഞങ്ങളുടെ നാട്ടിൽ നിന്നും +2 വിദ്യാഭ്യാസം കഴിഞ്ഞശേഷം കുറേ കുട്ടികൾ തുടർപഠനത്തിനായി യു.കെ, കാനഡ, ജർമ്മനി, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് പോകുന്നുണ്ട്. അവരുടെ വിസ, എഡ്യുക്കേഷൻ ലോൺ എന്നിവ ശരിയാക്കിയെടുക്കാനുള്ള പേപ്പറുകളുമായി രക്ഷിതാക്കൾ അമ്മയെ സമീപിക്കാറുണ്ട്.

പിന്നെ സമീപത്തുള്ള മിക്കവാറും എല്ലാ ബാങ്കുകളുടേയും ലീഗൽ അഡ്വൈസറും അമ്മ തന്നെയാണ്. അതിനാൽ ലോൺ ശരിയാക്കിയെടുക്കുന്നതിന് ആവശ്യമായ രേഖകളുമായി ധാരാളം കക്ഷികൾ വരുന്നതുകാണാം.

ഇല്ലത്തോടു ചേർന്ന് ചെറിയൊരു ഗാർഡനും കുളപ്പുരയോടുകൂടിയ ഒരു കുളവുമുണ്ട്. കക്ഷികളിൽ പലരും കുടുംബസമേതം വാഹനങ്ങളിലാണ് വരാറ്. കക്ഷികൾ വക്കീലുമായി ചർച്ചകളിലേർപ്പെടുമ്പോൾ കുട്ടികൾ പൂന്തോട്ടത്തിലുള്ള ചെറിയൊരു ആമ്പൽ കുളത്തിനുചുറ്റും ഓടി നടന്ന് കളിക്കുന്നത് കൗതുകകരമായൊരു കാഴ്ചതന്നെ. കു

ളവും കുളപ്പുരയും തൊട്ടടുത്തുള്ള പാമ്പിൻ കാവുമെല്ലാം അവർക്കൊരു അദ്ഭുതക്കാഴ്ചതന്നെ. ചില കക്ഷികൾ അനുവാദം ചോദിച്ച് എല്ലാമൊന്ന് ചുറ്റി നടന്നുകാണും. അങ്ങനെ നിയമപ്രശ്നങ്ങൾക്കിടയിൽ ഒരു ഉല്ലാസ യാത്രയും.

ഇതുകാണുമ്പോൾ, കോളേജിൽ നിന്ന് രസതന്ത്ര അദ്ധ്യാപകനായി റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുന്ന അച്ഛൻ തമാശരൂപത്തിൽ ഒരു 'കമന്റ് പാസ്സാക്കും':

'ഒരു തോട്ടക്കാരന്റെ വേഷം കെട്ടി നിന്ന് ചെറിയൊരു പാർക്ക് ഫീ കളക്റ്റ് ചെയ്യാമെന്നുതോന്നുന്നു...'

ചിലപ്പോൾ അടുക്കളയിൽ പാചകം പുരോഗമിക്കുമ്പോഴായിരിക്കും അമ്മയെ കാണാൻ കക്ഷികൾ എത്തുക. ഓഫീസ് റൂമിലെത്തി അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്നിടയിൽ ഓൺ

ചെയ്തു വെച്ചിരിക്കുന്ന ഗ്യാസ് സ്റ്റൗവ്വിന്റെ കാര്യം അമ്മ മറന്നുപോയെന്നു വരും. അടുക്കളയിൽ നിന്ന്

കരിഞ്ഞ മണം വരുമ്പോൾ 'ഉപ്പേരി കരിക്കാട്ടേയ്ക്ക് പോയി' എന്നു തമാശരൂപത്തിൽ പറഞ്ഞ് അച്ഛൻ ഗ്യാസ് സ്റ്റൗ ഓഫ് ചെയ്തുവെയ്ക്കും.

അങ്ങനെ ചില രസകരമായ അനുഭവങ്ങൾ. അമ്മയുടെ അച്ഛൻ, മഞ്ചേരി ആറ്റുപുറത്തെ പുരുഷോത്തമൻ നമ്പൂതിരി തിരക്കുള്ളൊരു വക്കീലായിരുന്നു. മുത്തശ്ശന്റെ കീഴിലാണ് അമ്മ ആദ്യമായി പ്രാക്റ്റീസ് തുടങ്ങിയത്– മഞ്ചേരി കോടതിയിൽ. അമ്മ യോഗക്ഷേമസഭയിലെ ഒരു ആക്റ്റീവ് മെമ്പർ കൂടിയാണ് – തൃശ്ശൂർ ജില്ല വനിതാ വിഭാഗത്തിന്റെ ട്രഷറർ.

ഈ തിരക്കുകൾക്കിടയിലും എന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിൽ അമ്മ ഒരു അലംഭാവവും കാണിച്ചിട്ടില്ല. അതുകൊണ്ട് എസ്.എസ്.എൽ.സിയും +2 പഠനവും നല്ലരീതിയിൽത്തന്നെ പൂർത്തീകരിക്കാനായി. +2 കഴിഞ്ഞപ്പോൾ എഞ്ചിനീയറിങ്ങിന് നല്ലൊരു റാങ്കിൽത്തന്നെ അഡ്മിഷൻ കിട്ടിയെങ്കിലും മാത്സിൽ ഉപരിപഠനം നടത്താനാണ് ആഗ്രഹം എന്നുപറഞ്ഞപ്പോൾ ഒരു മടിയുംകൂടാതെ എട്ടിമടയിലെ അമൃത വിശ്വവിദ്യാപീഠത്തിൽ എം എസ് സി ഇന്റഗ്രേറ്റഡ് കോഴ്സിനു ചേർത്തു. അച്ഛനും അമ്മയും വേണ്ടരീതിയിൽ പ്രോത്സാഹനം നൽകിയതിനാൽ നല്ല രീതിയിൽ കോഴ്സ് പൂർത്തികരിക്കാനും കഴിഞ്ഞു. കാമ്പസ് സെലക്ഷനിൽ ഒരു ജോലിയിൽ പ്രവേശിച്ചെങ്കിലും തുടർന്നുപഠിക്കാൻ തന്നെയാണ് മോഹം. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ അതും നടന്നെന്നുവരാം.

തിരക്കുകൾക്കിടയിലും ഇടയ്ക്ക് ചെന്നൈയിൽ ഓടിയെത്തി അമ്മ വിവരങ്ങൾ അന്വേഷിച്ചു വരുന്നു.തീർച്ചയായും അമ്മതന്നെയാണ് ജീവിതയാത്രയിലെ എന്റെ മാതൃക. വസ്തു ഇടപാടുകളിൽ നാട്ടുകാരെ സഹായിച്ചുവരുന്ന, കുടുംബ സുഹൃത്തു കൂടിയായ ചന്ദ്രശേഖരൻ അങ്കിളിന്റെ അഭിപ്രായവുംകൂടി രേഖപ്പെടുത്തട്ടെ –

'നാട്ടുകാരുടെ നിയമപരമായ പ്രശ്നങ്ങളിലേയ്ക്കിറങ്ങിച്ചെന്ന് അവയ്ക്കൊരു പരിഹാരം കണ്ടെത്താൻ അനിതവക്കീൽ കാണിക്കുന്ന ശ്രദ്ധയും ആത്മാർത്ഥതയും പ്രശംസനീയം തന്നെയാണ്. ആധാരക്കെട്ടുകളിൽ ഒളിഞ്ഞിരിക്കുന്ന എത്രസങ്കീർണ്ണമായ പ്രശ്നങ്ങൾക്കും ഒരു പോംവഴി കണ്ടെത്താൻ മനയ്ക്കലെ ഈ അന്തർജ്ജന വക്കീൽ സമർത്ഥയാണ്.'

അച്ഛൻ ഇടയ്ക്ക് ചൊല്ലിക്കേൾക്കാറുള്ള ശങ്കരാചാര്യരുടെ മാതൃപഞ്ചകത്തിലെ ഒരു വരി കടമെടുത്ത് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ...

തസ്മൈ ജനന്യൈനമ:

അച്ഛനും അമ്മയ്ക്കും ആയുരാരോഗ്യ സൗഖ്യങ്ങൾ നേർന്നുകൊണ്ട്,●

എം വി ഗൗരി, മാന്തിട്ട മന,
വെങ്കിടങ്ങ്, 8714839298


യോഗക്ഷേമസഭ
സ്വസ്തി

യോഗക്ഷേമ സഭ
കോഴിക്കോട്
ജില്ലാകമ്മിറ്റി
പ്രസിദ്ധീകരണം

സ്വസ്തി കിട്ടുന്നവർ സ്ലിപ്പിലെ അഡ്രസ്സ്, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യത്യാസമുണ്ടെങ്കിലും 25-ാം തീയ്യതിക്കുള്ളിൽ സ്വസ്തി കിട്ടിയില്ലെങ്കിലും അറിയിക്കുക. എസ്.ടി.എം നമ്പർ കൂടി അറിയിക്കണം

**അറിയിക്കേണ്ട ഫോൺ നമ്പർ-9447332611**

ഗൂഗിൾ പേ /ബാങ്ക് ട്രാൻസ്ഫർ എന്നിവയിൽ എസ്.ടി.എം നമ്പർ കൂടി ചേർക്കുവാൻ ശ്രദ്ധിക്കുക. ചെക്ക് /ഡ്രാഫ്ട്, എം.ഒ. എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ അയക്കുക.

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,
ജില്ലാ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

പരസ്യനിരക്ക്

| | | | |
|---|---|---|---|
| ബാക്ക് കവർ കളർ | 15000 | വേളി പരസ്യം കളർ | 1500 |
| ഫ്രണ്ട് കവർ ഇന്നർ കളർ | 7500 | ഫുൾ പേജ് b/w | 3000 |
| ബാക്ക് കവർ ഇന്നർ കളർ | 7500 | ഹാഫ് പേജ് b/w | 1500 |
| ഫുൾ പേജ് കളർ | 5000 | ക്വാർട്ടർ പേജ് b/w | 750 |
| ഹാഫ് പേജ് കളർ | 2500 | സ്ട്രിപ്പ് b/w | 750 |
| ക്വാർട്ടർ പേജ് കളർ | 1500 | ജാതകങ്ങൾ | 500 |
| സ്ട്രിപ്പ് കളർ | 1000 | ആശംസകൾ | 1000 |

വാർഷിക
വരിസംഖ്യ
300
രൂപ

***മാനേജിംഗ് എഡിറ്റർ, 9895621493***

*An Exclusive Publication on Namboodiri Life &Life style*



## കിട്ടാനുള്ള പണത്തിന്റെ കണക്കെല്ലാം

# മറന്നു പോയ ഒരാൾ

### കഴിഞ്ഞ സെപ്തംബറിൽ നമ്മെ കടന്നു പോയ കോഴിക്കോട് നെല്ലിപ്പറ്റ ബാണത്തൂർ ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിപ്പാടിനെ മകൻ എൻ ബി കൃഷ്ണൻ നമ്പൂതിരിപ്പാട് അനുസ്മരിക്കുന്നു



ഒരിക്കൽ ബാങ്കിന്റെ ഒരു കേസിനു കോടതിയിൽ പോയപ്പോൾ, അച്ഛനുണ്ട് അവിടെ, കോടതി വരാന്തയിൽ.

അച്ഛൻ പറഞ്ഞു.

'എനിക്ക് അമ്പലത്തിന്റെ ഒരു കേസുണ്ട്.'

അപ്പോൾ വക്കീൽ ശിപായി വന്നു അച്ഛനോട് പറഞ്ഞു :

'ഒരു അഫിഡവിറ്റ് ഫയൽ ചെയ്യണം, സ്റ്റാമ്പ് വാങ്ങിക്കണം.'

കോടതി വരാന്തയിൽ ഇരിക്കുന്ന ഒരാളെ വിളിച്ചു അച്ഛൻ പത്ത് രൂപ കൊടുത്തു. സ്റ്റാമ്പ് വാങ്ങിക്കൊണ്ട് വരാൻ പറഞ്ഞു.അയാൾ തൊഴുതു, കാശും വാങ്ങിപ്പോയി.

'അതാരാ....?' ഞാൻ ചോദിച്ചു,

'അതോ,' അച്ഛൻ ചിരിച്ചു കൊണ്ട് പറഞ്ഞു...

'ഞാൻ അവനെതിരെയാ കേസ് കൊടുത്തത് '.

അപ്പോഴേക്കും പ്രതി, അവനെതിരെയുള്ള അഫിഡവിറ്റ് ഫയൽ ചെയ്യാനുള്ള സ്റ്റാമ്പുമായി വന്നു.സ്റ്റാമ്പും ബാക്കി പൈസയും അച്ഛന് കൊടുത്തു വണങ്ങി വിനീത വിധേയനായി മാറി നിന്നു.

അച്ഛൻ അഭിരമിച്ച മേഖലകളിൽ എല്ലാം ശോഭിച്ചു. പക്ഷേ അഭിരമിച്ചത് ക്ഷേത്രകാര്യങ്ങളിൽ മാത്രം....

പറ്റിക്കപ്പെട്ടതും ചൂഷണം ചെയ്യപ്പെട്ടതും ദാനത്തിന്റെ കണക്കിൽ വെച്ചു. സമാധാനപ്പെട്ടു കാണും.

മഹാത്മാക്കൾ അങ്ങനെയാണ്. വലിയ കാര്യങ്ങൾക്കിടയിൽ, മറന്നു പോകുന്ന ചെറിയ കാര്യങ്ങൾ.

തൻകാര്യവും കുടുംബകാര്യവും മാത്രം നോക്കി നടക്കുന്നതിനും മേലെയാണ് അവരുടെ ജീവിത വിന്യാസങ്ങൾ...

അവർ സംവദിക്കുന്നത്, ഹൃദയം കൊണ്ടാണ്.

അനായാസേന മരണം,

വിനാ ദൈന്യേന ജീവിതം.

അതാണ് ദൈവാനുഗ്രഹം ഉള്ളവരുടെ യോഗം.ഇഷ്ടമുള്ളത് മാത്രം ചെയ്തു, ഒരു നവതിവരെയുള്ള കാലം.കരുമലയിലെ ആറു പുരുഷാന്തരങ്ങൾ കണ്ട ജന്മം.

കനത്ത ഓർമശക്തി.

മറന്നത്, തന്നോട് മറ്റുള്ളവർ ചെയ്ത തെറ്റുകൾ. താൻ കൊടുത്ത പണത്തിന്റെ കണക്കും.വൈരം അന്യമായ വൈരമുത്ത്.

നടക്കുമ്പോൾ പതുക്കെയാണെന്ന്

തോന്നും. പക്ഷെ നല്ല വേഗം. ഇത്ര പതുത്ത കാലടി വെപ്പുകൾക്കെങ്ങനെ ഇത്ര വേഗം, എന്ന് ഞാൻ അത്ഭുതപ്പെട്ടു. കാലം പോലെ കടന്നു പോയയാൾ. കാലത്തെ പിടിച്ചു നിർത്താൻ ശ്രമിച്ചവരുടെ കൂടെ നിന്നയാൾ.

അച്ഛൻ എന്നും അകലെയായിരുന്നു. എന്നും, എപ്പോഴും അനുസരിക്കപ്പെടേണ്ടയാൾ, ഒന്നും ഒരിക്കലും ആവശ്യപ്പെടാൻ പാടില്ലാത്തയാൾ. അമ്മ ഉണ്ടാക്കിയ ധാരണയാവാം.

പെരും മഴയത്തു മുനിഞ്ഞു കത്തുന്ന റാന്തലിന്റെ വെളിച്ചത്തിൽ ചാരുകസേരയിൽ കിടക്കുന്ന അച്ഛനോട് കുഞ്ഞീഷ്ണൻ നായർ അങ്ങാടി വിശേഷങ്ങൾ, പെരുക്കി പറയും. പിന്നെ പഴയ കഥകളും.കയ്യാല കെട്ടുമ്പോൾ പന്നിയെ കൊന്ന കഥ, തൊഴുത്തിൽ നിന്നും പശുവിനെ കഴുത്തിനു കടിച്ചു തൂക്കി, മതില് ചാടിക്കടന്ന നരിയുടെ കഥ. അങ്ങനെയങ്ങനെ .......

അച്ഛൻ പൊട്ടിച്ചിരിക്കും. എന്നിട്ടെന്നോട് പറയും.

'ഓൻ പറേന്നത് ഒക്കെയൊന്നും കണക്കാക്കേണ്ട ??'

അച്ഛൻ പഴയ കഥകൾ, സൗമ്യമായ ശബ്ദത്തിൽ, നിർത്തി പറയും. പരന്ന വായനയും ഉണ്ടായിരുന്നു. നല്ല പുസ്തകങ്ങളുടെ ശേഖരവും. അക്കാലത്തെ ഒരു ലൈബ്രറിയോളം.

വെടി വെച്ചു കൊന്ന നരിയെ, മുളന്തണ്ടിൽ കെട്ടിത്തൂക്കി കൊണ്ടുവന്നത് അച്ഛന് ചെറിയ ഓർമയുണ്ട്. അന്ന് അച്ഛന് 7 വയസ്സ്. മുത്തശ്ശൻ തറവാട്ടിൽ നിന്ന് ഇറങ്ങുമ്പോൾ എടുത്തത് ഒരു തോക്ക് മാത്രം. നരി പിടിച്ച പശുവിന്റെ കൊമ്പ് ഇപ്പോഴുമുണ്ട് അലമാരയിൽ. പുലിയുടെ പല്ലും.

മുത്തശ്ശൻ മരിക്കുമ്പോൾ അച്ഛന് 16 വയസ്സ്. അധ്വാനത്തിന്റെ കായ്കൾ വിരിഞ്ഞു, പണം നിറഞ്ഞു,തലയണക്കടിയിൽ മാത്രം അന്നത്തെ ആയിരം രൂപ. മരണാനന്തര ചടങ്ങുകൾക്ക് അതിന്റ പകുതി വേണ്ട..

എന്നിട്ടോ..?

അത് കൊണ്ട് പിണ്ഡം വരെ പോയ്. ഉണ്ണിനായരോട് ഉണ്ടറുതിക്ക് ആയിരം രൂപ കടം വാങ്ങി. ജനിക്കുമ്പോൾ അനുഭവിക്കാത്ത വെള്ളിക്കിണ്ണങ്ങൾ അച്ഛന് അധികം വൈകാതെ അനുഭവിക്കാനായി.. പിന്നെ പരിചാരകരായി, ഉണ്ട് താമസിക്കുന്നവർ ഏറി. കാര്യസ്ഥമാരായി, കാറായി, ജീപ്പായി, ഗ്രാമഫോൺ, കറണ്ട്, എന്തിന്.... ആന വരെയായി.

ആഘോഷങ്ങളുടെ പൂക്കാലം..പൂവ് തേടി വന്നവർ വസന്തവുമായി മടങ്ങി.പൂക്കോയ തങ്ങളുടെ അറയ്ക്കൽ തറവാട്ടിലേക്ക്, പട്ടാളം ഇബ്രായിമാർ നുഴഞ്ഞു,



നെല്ലിപ്പറ്റ ബാണത്തൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് (92) പത്നി : പുതുശ്ശേരി ഉമാദേവി അന്തർജനം. മക്കൾ: എൻ.ബി. കൃഷ്ണൻ നമ്പൂതിരിപ്പാട്. (റിട്ട. എ.ജി.എം. കേരള ഗ്രാമീൺ ബാങ്ക് ), ലത, പരേതയായ അനിത, സുനിത. മരുമക്കൾ: ബീന മക്കാട്, കുറിയേടം ഉണ്ണിക്കൃഷ്ണൻ, കോക്കര പരമേശ്വരൻ, മേക്കാട് നാരായണൻ.

കയറി. അളവറ്റ ആസ്തിയും, കാർഷിക വരുമാനവും ഹോമിച്ചത് വാരിചൊരിഞ്ഞത്, അധികവും അപാത്രങ്ങളിൽ.

സ്വന്തമായി ആവശ്യങ്ങൾ, വളരെ തുച്ഛം. വഴിയെ പോകുന്ന കാക്കയോട് കൂടി, കുശലം പറയും.

ഒരിക്കൽ ഒരു കുട്ടി ചോദിച്ചു :

'ഞാൻ ങ്ങളെ ഒരു കല്ലെടുത്ത് ഏറിയട്ടെ?'

അച്ഛൻ പറഞ്ഞു,

'നീ ഒരു ചെറിയ കല്ലെടുത്ത്, പതുക്കെ എറിഞ്ഞോ.'

എല്ലാവർക്കും ഇഷ്ടം.. കാണുന്നവർക്കെല്ലാം എന്തേലും കൊടുക്കണം. ചോദിച്ചാൽ, കയ്യിൽ ഇല്ലേൽ കടം വാങ്ങി കൊടുക്കും.

എന്നോട് പറഞ്ഞു...

'എനിക്ക് കൊടുത്താ ശീലം. ഇനിയും കൊടുക്കും.'

ആചാരങ്ങളിലും അന്ധവിശ്വാസങ്ങളും, കുരിശും മുൾക്കിരീടവും പോലെ കൊണ്ടു നടന്നയാൾ,മനസ്സിൽ അതില്ലായിരുന്നു. ക്രിസ്തുവിനെ മറന്നു, കുരിശിനെ ആരാധിക്കുന്നവരെപ്പറ്റി ഒരിക്കൽ പറഞ്ഞു.സ്വതസിദ്ധമായ ചിരിയോടെ: കൊറേ മന്ദബുദ്ധികളും തീവ്രവാദികളും.

ഇല്ലത്തു ശാന്തിക്ക് വന്ന ഒരുണ്ണി, പിന്നേ പഠിച്ചു കേമനായി, പ്രശസ്തനായി..

ഒരിക്കൽ അച്ഛൻ പറഞ്ഞു, താൻ കാരണമാണ് അയാൾ ഉയരങ്ങളിൽ എത്തിയതെന്ന്.

'അതെങ്ങനെ? അച്ഛനാണോ പഠിപ്പിച്ചത് ?' ഞാൻ ചോദിച്ചു.

'അല്ല..'

'പിന്നെ.....'

'കോണകം ഉടുക്കാത്തത് കൊണ്ട് ഞാൻ ഓടിച്ചു വിട്ടു..ഇല്ലെങ്കിൽ ഒരു ശാന്തിക്കാരന്റെ വേഷം കെട്ടിയാടി കഴിഞ്ഞേനേ.'

ആറു സഹോദരങ്ങൾ, നാലുപേർ അകാലത്തിൽ പൊലിഞ്ഞു തീർന്നു..മുത്തശ്ശൻ നേരത്തെ പോയി, മുത്തശ്ശിയും.തിരിച്ചുപോക്കുകളില്ലാത്ത മഹാപ്രസ്ഥാനത്തിൽ, അച്ഛൻ ഒറ്റക്കായി.

അപ്പോഴേക്കും ദാർശനികമായ ഒരു നിസ്സംഗത അച്ഛനെ വലയം ചെയ്തിരുന്നു.പിന്നെ അമ്പലകാര്യങ്ങളിൽ മുഴുകി, അതൊരു ലഹരിയായി....

ആയുസ്സിന്റെ രഹസ്യം നടത്തവും, മിതഭക്ഷണവും. ഒരിക്കൽ പോലും ആശുപത്രിയിൽ കിടന്നിട്ടില്ല.

അച്ഛൻ തന്നെ ഒരു ഡയറിയിൽ എഴുതി വെച്ചു.......

ആരൊക്കെയോ എന്തൊക്കെയോ ചെയ്തു....ഒഴുക്കിൽ അങ്ങനെ ഒഴുകി.....അപ്പൂപ്പൻ താടി പോലെ,

ചിലരങ്ങനെയാ...ഓർക്കുമ്പോൾ കണ്ണുനിറയും...പിന്നെയത് ഒലിച്ചിറങ്ങുമ്പോൾ,ഒരു തേങ്ങലാവും..നെഞ്ചിൽ നിന്നെന്തോ, കനത്ത് തൂങ്ങും...

പിന്നെ...ചുട്ട് പൊള്ളുമ്പോൾ, ഒരു തണൽ തേടി അലയുമ്പോൾ, അവരെ കുറിച്ചുള്ള ഓർമ്മകൾ,

ഒരു കുളിർ കാറ്റായി നമ്മെ പൊതിയും. കട്ട പിടിച്ച ഇരുട്ടും, കനത്ത് തൂങ്ങുന്ന മൗനവും, നിറഞ്ഞ കാലത്തിന്റെ ഇടുങ്ങിയ വഴികളിൽ, പ്രകാശത്തിന്റെ ലോകത്തിലേക്കു നമ്മളെ പിടിച്ചുയർത്തും.ഒരു സ്നേഹസ്പർശമായി. ●


എൻ.ബി. കൃഷ്ണൻ നമ്പൂതിരിപ്പാട്.
റിട്ട.എ.ജി.എം., കേരള ഗ്രാമീൺ ബാങ്ക്,
ബാണത്തൂർ, 19/1477A, പി.ഒ ചാലപ്പുറം,
കോഴിക്കോട്, പിൻ: 673002
മൊബൈൽ: 9447338016





*വേദ സപ്താഹ*
*സമർപ്പണ സദസ്സ്*

# കോഴിക്കോട് സഭാ ആസ്ഥാനം വേദസപ്താഹത്തിന് വേദിയായി

യോഗക്ഷേമസഭകോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരത്തിൽ വെച്ച് 2022 നവമ്പർ 28 മുതൽ ഡിസമ്പർ 4 കൂടി യജുർവേദ സപ്താഹം നടന്നു. ഇതാദ്യമായാണ് ഇത്തരമൊന്ന് കേരളത്തിൽ സംഘടിപ്പിക്കപ്പെടുന്നത്. അപൂർവമായ ഈ സപ്താഹം പൂജനീയ തൃക്കക്കാട്ട് മഠം പരമേശ്വര ബ്രഹ്മാനന്ദതീർത്ഥ സ്വാമിയാരുടെ സാന്നിദ്ധ്യം കൊണ്ട് മഹത്തുമായി. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം പേർ സപ്താഹദിവസങ്ങളിൽ ആസ്ഥാന മന്ദിരത്തിലെത്തി. എല്ലാദിവസവും ഉച്ച ഭക്ഷണവും ഒരുക്കിയിരുന്നു.

കൃഷ്ണ യജുർവേദീയ തൈത്തിരീയ സംഹിത സ്വരത്തോടു കൂടി 7 ദിവസം കൊണ്ട് 10 വേദജ്ഞർ പാരായണം ചെയ്തു പൂർത്തിയാക്കുന്ന വേദസപ്താഹം തികച്ചും പുതിയതാണ്. പ്രശസ്ത ഓയ്ക്കനും വൈദികാചാര്യനുമായ മൂസാമ്പൂരി ശ്രീധരൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന തൈത്തിരീയ സംഹിതാസസുര പഠന സമിതിയിൽ വേദപഠനം പൂർത്തിയാക്കിയവാണ് വേദസപ്താഹത്തിൽ പങ്കെടുത്തത്.

മൂസാമ്പൂരി ശ്രീധരൻ നമ്പൂതിരി, കൊളങ്കര ശങ്കരൻ നമ്പൂതിരി, കൊളങ്കര നാരായണൻ നമ്പൂതിരി, പുല്ലൂർമണ്ണ് രാമൻ നമ്പൂതിരി, പുല്ലൂർ മണ്ണ് കൃഷ്ണൻ നമ്പൂതിരി, നടുവിലേടം ഗോവിന്ദൻ നമ്പൂതിരി, വയപ്പുറം നാരായണൻ നമ്പൂതിരി, കണ്ടമംഗലം വിനീത് നമ്പൂതിരി, കോരമ്പറ്റ ശങ്കരൻ നമ്പൂതിരി, പഴങ്ങാമ്പറമ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരി, ചേക്രക്കൽ ഉണ്ണികൃഷ്ണൻ നമ്പൂതിരി , കാഞ്ഞിരത്തോട്ടം ശങ്കരൻ നമ്പൂതിരി, കളം പ്രസാദ് നമ്പൂതിരി, പുല്ലങ്കോട് ഉണ്ണികൃഷ്ണൻ നമ്പൂതിരി, ആട്ടീരി വാസുദേവൻ നമ്പൂതിരി, വയപ്പുറം ശ്രീനാരായണൻ നമ്പൂതിരി, വടക്കേപ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരി, പൊയിലിൽ ദിവാകരൻ നമ്പൂതിരി എന്നീ വേദജ്ഞർ പാരായണത്തിൽ പങ്കെടുത്തു.

നവമ്പർ 27 ന് സംപൂജ്യ തൃക്കെക്കാട്ടു മഠം പരമേശ്വര ബ്രഹ്മാനന്ദ തീർത്ഥ സ്വാമിയാർ കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരം സന്ദർശിച്ച് അനുഗ്രഹിച്ചത് നല്ല തുടക്കമായി.

ദിവസവും രാവിലെ ബ്രഹ്മശ്രീ നടുവിലേടം ഗോവിന്ദൻ നമ്പൂതിരിയുടെ ഗണപതി ഹോമത്തോടെയാണ് തുടങ്ങിയത്.10 വേദജ്ഞർ രാവിലെ 7 മണി മുതൽ 9 മണി വരേയും 9.30 മുത ൽ 1 മണി വരേയും, 3 ദിവസങ്ങളിൽ ഉച്ചക്ക് ശേഷവും സ്വരത്തോടെ വേദപാരായണം നടത്തി.

ഡിസമ്പർ 2 വെള്ളിയാഴ്ച വൈകുന്നേരം തന്ത്രിവര്യൻ പാടേരി വാസുദേവൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 5 ബ്രാഹ്മണ ശ്രേഷ്ഠരുടെ പുഷ്പാഞ്ജലിയോടെ അന്തിനമസ്കാരം നടന്നു.ഡിസമ്പർ 4 ഞായറാഴ്ച രാവിലെ 9 മണിയോടുകൂടി പാരായണം പൂർത്തിയാക്കി പൂജനീയ തൃക്കക്കാട്ട് മഠം സ്വാമിയാരുടെ സാന്നിദ്ധ്യത്തിൽ വേദസപ്താഹ സമർപ്പണം നടന്നു. തുടർന്ന് പൂജനീയ സ്വാമിയാരേയും 12 വേദജ്ഞരേയും



*കാൽകഴുകിച്ചൂട്ടും സദ്യയും*

കാൽ കഴുകിച്ച്, ദ്വാദശനാമം കാൽ കഴുകിച്ചൂട്ട് നടത്തി.

10 മണി മുതൽ 11.30 വരെ സമാപന സദസ്സിൽ വെച്ച് സംപൂജ്യ സ്വാമിയാർ അനുഗ്രഹ പ്രഭാഷണം നടത്തി. വേദ പഠനത്തിന്റെ ആവശ്യകതയെക്കുറിച്ചും പൂർവ്വാശ്രമത്തിൽ തനിക്ക് അത് സാധ്യമാകാതിരുന്നതിനെപ്പറ്റിയും സംസാരിച്ചു. തുടർന്ന് വേദസപ്താഹത്തിൽ പങ്കെടുത്ത വേദജ്ഞരെ ഷാൾ അണിയിച്ച് ആദരിച്ചു. പങ്കെടുത്ത വേദജ്ഞർ അനുഭവങ്ങൾ പങ്കുവെച്ചു.

യോഗക്ഷേമ ജില്ലാ പ്രസിഡണ്ട് മധു അരീക്കരയുടെ അധ്യക്ഷതയിൽ താമരക്കുളം ദിവാകരൻ സ്വാഗതവും കൊല്ലോറ്റ കൃഷ്ണൻ നന്ദിയും പറഞ്ഞു.ശ്രീമതി ലത തലപ്പണയുടെ നേതൃത്വത്തിലുള്ള ചാത്തമംഗലം, കണ്ണിപറമ്പ് ഉപസഭകളിലെ വനിതാശ്രമ സംഘമാണ് സ്വാദിഷ്ടമായി ഭക്ഷണമൊരുക്കിയതും അതിഥി ദേവോ ഭവ: എന്ന രീതിയിൽ വിളമ്പിക്കൊടുത്തതും. സമാപന ദിവസം ഡിസമ്പർ 4 ന് ഗുരുവായൂർ ഏകാദശി ആയതിനാൽ പ്രാതലിനും ഉച്ചക്കുമെല്ലാം ഏകാദശി ഭക്ഷണമാണ് ഒരുക്കിയിരുന്നത്.

എല്ലാവർക്കും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും ഗർഭിണികൾക്കും അസുഖബാധിതർക്കും മുറജപനെയ്യ് വളരെ വിശേഷമാണ്. ആവശ്യക്കാർക്ക് 10 മുറ ജപിച്ച നെയ്യ് പ്രസാദമായി നൽകുന്നു. പോസ്റ്റൽ ആയി വേണ്ടവർ 240.00 രൂപതാമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337 (ജി പേ)/ തിരുമംഗലം കൃഷ്ണൻ നമ്പൂതിരി 9497651590 (ജി പേ) അടച്ച് അഡ്രസ് വാട്സ്അപ് ചെയ്യുക.

കൊയ്ത്തടി ചെറുമുക്ക് പരമേശ്വരൻ, തിരുമംഗലം കൃഷ്ണൻ നമ്പൂതിരി, താമരക്കുളം ദിവാകരൻ നമ്പൂതിരി, കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരി, മധു അരീക്കര എന്നിവരടങ്ങുന്ന സമിതിയാണ് വേദസപ്താഹത്തിന് നേതൃത്വം നൽകിയത്. ●



## ബാലജനസഭ ശിശുദിനാഘോഷം നടത്തി

കോഴിക്കോട് ജില്ലാ ബാലജനസഭയുടെ ശിശുദിനാഘോഷം നവമ്പർ 12 ശനിയാഴ്ച കോഴിക്കോട് ജില്ലാ ആസ്ഥാനമന്ദിരത്തിൽ വെച്ച് നടത്തി. പരിപാടികൾ നടത്തിയത് പൂർണമായും കുട്ടികൾ തന്നെയായിരുന്നു.

അഞ്ജന നടുവിലേടം പ്രാർത്ഥന, പ്രണതി പുതുക്കുളങ്ങര സ്വാഗതം, പ്രശസ്ത കുട്ടിക്കവയിത്രി സുവർണ മുല്ലപ്പള്ളി അധ്യക്ഷ, അറിയപ്പെടുന്ന കഥകളി സംഗീതജ്ഞ പുല്ലങ്കോട് ഭദ്ര ഉദ്ഘാടനം - എല്ലാം കുട്ടികൾ തന്നെ.പെരുമണ്ണ ഉപസഭയിൽ നിന്നും ശ്രീഹരി, പാർവ്വതി, ഗൌരി പാർവ്വതി, വൈഗ, വേദ, അഭിജിത്, രോഹിത്, ആദി കൃഷ്ണ എന്നീ 10 കുട്ടികൾ പങ്കെടുത്ത വന്ദേമാതര ഗാനത്തോടുകൂടിയ ടാബ്ലോ ഗംഭീരമായി.

അമേയ പാലശ്ശേരി, പ്രണതി പുതുക്കുളങ്ങര, ഭരദ്വാജ് എന്നിവർ പ്രസംഗിച്ചു. നവനീത്, അഞ്ജന നടുവിലേടം ഗാനം, സഞ്ജയ് മിത്ര കഥ, ദേവിക കണ്ടമംഗലം മലയാളം സംസ്കൃത ശ്ലോകങ്ങൾ, പാർവ്വണ മോണോ ആക്റ്റ്, ദേശഭക്തി ഗാനം, ഗോപിക വന്ദേമാതര നൃത്തം, ശർമ്മദ കല്ലം വള്ളി കരാട്ടേ എന്നിങ്ങിനെ വ്യത്യസ്ഥമായ പരിപാടികളെല്ലാം നല്ല നിലവാരം പുലർത്തി.

പങ്കെടുത്ത എല്ലാവർക്കും ജില്ലാപ്രസിഡ ണ്ട് മധു അരീക്കര, വനിതാപ്രസിഡണ്ട് ഹേമലതാദേവി, സെക്രട്ടറി ശ്രീജ അരീക്കര, ലത തലപ്പണ, ലത തായട എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. ജില്ലാ സെക്രടറി താമര ക്കുളം ദിവാകരൻ ആശംസകൾ നേർന്നു.

65 പേർ പരിപാടിയിൽ പങ്കെടുത്തു. ഭക്ഷണച്ചുമതല പെരുമണ്ണ ഉപസഭ ഏറ്റെടുത്തു ഭംഗിയാക്കി. ശർമ്മദ കല്ലംവള്ളി നന്ദിപ്രകടനം നടത്തി. ബാലസഭ കോ-ഓർഡിനേറ്റർ ശ്രീരേഖ മാടമന, കോഴിക്കോട് വനിതാ സഭ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ നേതൃപാടവത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. ●




*ബാലജനസഭയുടെ ശിശുദിനാഘോഷം സുവർണ്ണ മുല്ലപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു*

നമുക്ക് ഒരു പെൺകുട്ടിയുണ്ടാവും, അവൾക്ക് പാത്തൂട്ടിയെന്ന് ഞാൻ പേരിടും.

# ആർ ഉണ്ണിമാധവന്റെ പിതൃനാരസ്യൻ

## പുസ്തകപരിചയം



സ്വഭാവ് നാരസ്യൻ മരിച്ച് മുപ്പത് വർഷം പിന്നിട്ട ശേഷമാണ് മക്കൾക്കിടയിൽ അസാധാരണമായ ഒരു ശീതസമരം ഉടലെടുത്തത്. അയാളുടെ രണ്ടാം ഭാര്യയിലെ മകൻ ഈശാനൻ നാരസ്യന്റെ ജീവചരിത്രത്തിന്റെ ഏതാനും ഏടുകളുമായി ഒരു ഇടതുപക്ഷവാരികയിൽ പ്രത്യക്ഷപ്പെട്ടതോടെയാണ് തുടക്കം.

നോവലിന്റെ തുടക്കവും ഇതുതന്നെ. പഴയ നമ്പൂതിരി ഇല്ലങ്ങളിലെ പശ്ചാത്തലം. എന്നിട്ടും നവീന ഭാവുകത്വം പേറുന്ന ഭാഷ. പഴയനമ്പൂതിരിമാർക്കും ജാതിരഹിതരായ പുതിയ മനുഷ്യർക്കും ഈ നോവലിൽ നിന്ന് ചിലത് ലഭിക്കാനുണ്ട്.

സംസ്കാരവും ഉപനയനവും സപിണ്ഡിയും വേളിയും എന്നു വേണ്ട സേകം വരെയുള്ള പല ഷോഡശ ക്രിയകളും നോവലിലുണ്ട്. അതിന്റെ ആഖ്യാനത്തിലാണ് പുതുമ. നോവലിന്റെ അവസാനവാചകം പറഞ്ഞാൽ ഇത് ഏതാണ്ട് പിടികിട്ടും.

അനവധി അവസരങ്ങൾ ഉണ്ടായിട്ടും ആശുതോഷും ഇവാമെഹക്കും ശരീരരതിയുടെ വിശുദ്ധി വിവാഹരാത്രിയിലെ ശയനമുറിവരെ എത്തിച്ചത് ഇന്ദ്രിയപ്രാപ്തി കൊണ്ടുമാത്രമായിരുന്നില്ല. ഗാർഹപത്യത്തിലേക്കായി ശരീരത്തിന്റെ കെട്ടഴിച്ച് വിടുന്നതിനുമുമ്പേ ചില നിശ്ചയങ്ങൾ നിയോഗങ്ങളായി ബാക്കിയുണ്ട്. അന്തരാളത്തിൽനിന്ന് അഗ്നി ബഹിർഗമിക്കാൻ തുടങ്ങുന്നത് ഇരുവരും അറിഞ്ഞു.


ഇവാമെഹക്ക് : നമുക്ക് ഒരു ആൺകുട്ടിയുണ്ടാകും. അവനെ നാരസ്യനെന്ന് ഞാൻ വിളിക്കും.

ആശുതോഷ് : ഭാവിയിൽ നമുക്ക് ഒരു പെൺകുട്ടിയുണ്ടാവും. അവൾക്ക് പാത്തൂട്ടിയെന്ന് ഞാൻ പേരിടും. ഇരുവരും ഉഭയസമ്മതപ്രകാരം പാണിഗ്രഹണം ചെയ്ത് ഇച്ഛകളുടെ സേകം തുടങ്ങി.

ബ്രാഹ്മണജീവിത പശ്ചാത്തലത്തിൽ നിന്നും സോദരത്വ ജീവിതത്തിന്റെ സിരാപടലത്തിലേക്ക് പടരുന്ന ഈ നോവൽ വേറിട്ട അനുഭവമാണ്. പുതുഭാഷയുടെ ഒഴുക്കിൽ നവഭാവുകത്വത്തിന്റെ വശ്യത കലർന്ന പുസ്തകം. ഡി.സി ബുക്സ് ആണ് പ്രസിദ്ധീകരിച്ചത്. പേര് പിതൃനാരസ്യൻ. വില 250 രൂപ.

നോവലിസ്റ്റ് ആർ. ഉണ്ണിമാധവൻ. കണ്ണൂർ ജില്ലയിലെ ചെറുതാഴത്ത് ജനനം. നോവലിസ്റ്റ് മാത്രമല്ല അധ്യാപകനുമാണ്. സപിണ്ഡി, ശങ്കരമോഹനം, ശിരസി, തീപോതി എന്നീ നോവലുകളും പറയി എന്ന കഥാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അബുദാബി ശക്തി അവാർഡ്, കൈരളി അറ്റ്സ് അവാർഡ്, കടത്തനാട് ഉദയ വർമ്മ പുരസ്കാരം എന്നിവ ലഭിച്ചു. ഭാര്യ ഗീത. മക്കൾ: ഭാവന, വചന.

ആർ.ഉണ്ണിമാധവൻ. മൊ: 9447730398



ടി.ഐ.വി. നമ്പൂതിരി,
അമ്പാടി,പി.ഒ കീഴൽ
വടകര പിൻ 673104
മൊബൈൽ: 9400727172

# സന്താപമില്ലെങ്കിൽ...

**ടി.ഐ.വി. നമ്പൂതിരി**

സന്തോഷം തിരതല്ലിടുന്നൊരുവനിൽ സന്താപമില്ലെങ്കില-
സ്സന്തോഷം പരിപൂർണമല്ലതു സദാ സന്താപമാരായുമേ
സന്താപം നിറയും മനസ്സതിലഹോ സന്തോഷ ഭാവത്തിനേ
ക്കണ്ടെത്താൻ കഴിയേണമെങ്കിലതുതാനത്യന്തമോക്ഷപ്രദം.


സന്തോഷം തീണ്ടിടാതുള്ളൊരുവനുടെ മനോവീഥിതന്നിൽക്കിടക്കും
സന്തോഷം പൂർണമങ്ങല്ലൊരുതരികദനം ഹൃത്തിലില്ലെന്നു വന്നാൽ.
തിങ്ങിപ്പൊങ്ങുന്നദു:ഖം പലവുരുവലുതായ് രോദനംചെയ്തിടുമ്പോ
ഴല്ലേ പൊട്ടിച്ചിരിക്കും തരമൊരു വരമായ്ത്തീർന്നിടും ചിത്തതാരിൽ.

സന്തോഷം കളിയാടിടുന്ന സമയം ധാരാളമായ് കൂട്ടുകാ -
രുണ്ടാകും പലതും പറഞ്ഞു വഴിയേ കൂടീടുമെല്ലായ്പ്പോഴും.
ദു:ഖം കൊണ്ടുപിടച്ചിടുന്ന സമയത്താരുംവരാതങ്ങനേ
തത്വം ചൊല്ലി നടന്നിടും പലരുമായ് ചങ്ങാത്തമുണ്ടാക്കിടും.

കയ്പിൻ സ്വാദുരുചിച്ചവർക്കു മധുരം സ്വാദിഷ്ടമായ്ത്തീർന്നിടും
മറ്റുള്ളോർക്കമൃതാകിലെന്തു രുചിതൻ വ്യത്യാസമോർത്തീടുമോ
കഷ്ടപ്പാടു സഹിച്ചുയർന്നൊരുവനേ സൗഖ്യം മനോദർപ്പണേ
കണ്ടിട്ടങ്ങനെ ജീവിതത്തിലധികം സ്വപ്നം രചിപ്പൂ ദൃഢം.

**കേരളീയ ശൈലിയിലെ ഏറ്റവും മുതിർന്ന യജുർവേദ പണ്ഡിതനായ**

# വാച്ച വാദ്ധ്യാന് ആചാര്യ പുരസ്കാരം



വൈദിക സംസ്കൃതിക്ക് നൽകി വരുന്ന മികച്ച സംഭാവനകൾ പരിഗണിച്ച് നൽകുന്ന ആചാര്യ പുരസ്കാരം, പയ്യന്നൂരിലെ പ്രസിദ്ധ വൈദിക കുടുംബാംഗമായ വാച്ച വാദ്ധ്യാൻ ബ്രഹ്മശ്രീ മാധവൻ നമ്പൂതിരി അർഹനായി. കേരളീയ ശൈലിയിലെ ഏറ്റവും മുതിർന്ന യജുർവേദ പണ്ഡിതനായ മാധവൻ നമ്പൂതിരി, വേദത്തിലെ സംഹിതാപാഠം , പദം, ശാഖ എന്നിവയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. ഇന്ന് അന്യമായി ക്കൊണ്ടിരിക്കുന്ന ഘോഷം എന്ന വേദ പ്രയോഗത്തിൽ പ്രാഗത്ഭ്യം തെളിയിച്ച ഇദ്ദേഹത്തിന് ശൃംഗേരി ശങ്കരാചാര്യ സ്വാമികളിൽ നിന്ന് വൈദിക പുരസ്കാരം, ചെറുതാഴം രാഘവപുരം ക്ഷേത്രത്തിൽ വെച്ച് സമുദായാചാര്യ പുരസ്കാരം, കാലടി സംസ്കൃത സർവ്വകലാശാലയിൽ നിന്ന് സംസ്കൃത പണ്ഡിതനുള്ള അവാർഡ്, ശ്രീരാഘവപുരം സഭാ യോഗത്തിന്റെ ശ്രോത്രിയരത്നം പുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്.



## കെ.സി.നാരായണന് ലീലാ മേനോൻ പുരസ്കാരം

കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ സമിതി, പത്ര പ്രവർത്തനമേഖലക്ക് നൽകിയ സമഗ്ര സംഭാവനക്കു ഏർപ്പെടുത്തിയ 2022 ലെ ലീലാ മേനോൻ പുരസ്കാരത്തിന് അർഹനായ കെ.സി.നാരായണൻ. മാത്രഭൂമി, മലയാള മനോരമ, ഭാഷാപോഷിണി എന്നിവയുടെ എഡിറ്റർ ആയിരുന്ന ഇദ്ദേഹം പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം കിഴിയേടത്തു മന അംഗമാണ്.

# ഭഗവദ് സേവകർക്ക് സ്വസ്തിയുടെ അഭിനന്ദനങ്ങൾ



ജയരാമൻ നമ്പൂതിരി (ശബരിമല)



ഹരിഹരൻ നമ്പൂതിരി (മാളികപ്പുറം)



കിരൺ ആനന്ദ് (ഗുരുവായൂർ)



ശന്തനു (ആറ്റുകാൽ)

ശബരിമല മേൽശാന്തിയായി തിരഞ്ഞെടുക്കപ്പെട്ട തളിപ്പറമ്പ് മലപ്പട്ടം സ്വദേശിയായ കൊട്ടാരം ജയരാമൻ നമ്പൂതിരി. നേരത്തെ കണ്ണൂർ ചൊവ്വ ക്ഷേത്രത്തിലെ മേൽശാന്തിയായിരുന്നു.മാളികപ്പുറം മേൽശാന്തിയായി തിരഞ്ഞെടുക്കപ്പെട്ട വൈക്കത്തെ ഇണ്ടംതുരുത്തി മന ഹരിഹരൻ നമ്പൂതിരി.ഗുരുവായൂർ മേൽശാന്തിയായി തിരഞ്ഞെടുക്കപ്പെട്ട കക്കാട് മനയിലെ കിരൺ ആനന്ദ്. മോസ്കോയിൽ ആയുർവേദ ഡോക്ടറാണ്. ആറ്റുകാൽ ക്ഷേത്രത്തിൽ കീഴ്ശാന്തിയായി ചുമതലയേറ്റ ശന്തനു. യോഗക്ഷേമസഭ യുവജനസഭയുടെ മുൻ സംസ്ഥാന സെക്രട്ടറിയാണ്.



**യുവജനസഭ സംസ്ഥാന ഭാരവാഹികൾ:** പ്രസിഡന്റ്: ശ്രീജിത്ത് കെ.എൻ, കരവേലിൽ മഠം, പ്രമാടം, മല്ലശ്ശേരി പി.ഒ, പത്തനംതിട്ട, മൊബൈൽ:8848136970. വൈസ് പ്രസിഡന്റ്: ശ്രീഹരി.കെ, കുഴിക്കാട്ടു മന, അതിരംപുഴ, കോട്ടയം,മൊബൈൽ:8089745377. സെക്രട്ടറി: വിശാൽ എ.എൻ. അക്കരെ ചിറ്റൂർ മന, പെരുമ്പിള്ളിശ്ശേരി വെസ്റ്റ് ചേർപ്പ്, തൃശൂർ മൊബൈൽ:8281443840. ജോയിന്റ് സെക്രട്ടറി: കൈലാസ്.എം, കൈലാസ് ഭവൻ, കൊട്ടുകുന്നം പി ഒ,വാമനപുരം, തിരുവനന്തപുരം, ഫോൺ:9748950141. ട്രഷറർ: ശ്രീദർശൻ.എം, മേടത്തില്ലം, വിളയാംകോട് പി.ഒ, കണ്ണൂർ, ഫോൺ:9539551068. സംസ്ഥാനസമിതി അംഗം: അശ്വിൻ.കെ, ഗായത്രി, റ്റിസി–55/2822, എസ്കെആർഎ 41, തളിയിൽ, കരമന, തിരുവനന്തപുരം,മൊബൈൽ:7736639015

ആതിര വരുന്ന ആർദ്രമായ ധനുമാസരാവുകളുടെ കാലമാണ് ഇത്. ഈ തിരുവാതിരക്കാലത്ത് നമുക്കിടയിലെ ഒരു അന്തർജനം പരമശിവന്റെ കുടുംബവിശേഷം പങ്കു വയ്ക്കുന്നു. വീട്ടമ്മയായ പാർവതീ ദേവി ഉണ്ണാ വ്രതം അനുഷ്ഠിക്കുന്നതിന്റെ കാരണങ്ങളും.





# ശ്രീപാർവതിയുടെ ഉണ്ണാവ്രതം

രാധ കെ നമ്പൂതിരി

പാർവതി ദേവിയുണർന്നു ഭർതൃ
പാദങ്ങൾ തൊട്ടു തലയിൽ വച്ചു,
വന്ദിച്ചു വേഗത്തിലായ് പർവത
നന്ദിനി പോയി കുളി കഴിഞ്ഞ്,
പട്ടു പുടവയുടുത്തൊരുങ്ങി
പാലയ്ക്കാമാല കഴുത്തിലിട്ടു,
ശ്രീകൃഷ്ണനെ പൂജചെയ്തശേഷം
മൃത്യുഞ്ജയനെ സ്മരിച്ചു കൊണ്ട്,
പ്രാതലൊരുക്കുവാൻ ചെന്ന നേരം
വാതിൽക്കൽ വന്നിതു ശ്രീ ഗണേശൻ.

അപ്പോൾ പറഞ്ഞിതുമാദേവിയും
'ഇപ്പോൾ വിളമ്പിടാം പ്രാതലുണ്ണീ'.
'അമ്മേ എനിയ്ക്കിന്നു പ്രാതൽ വേണ്ട'
എന്നായി ഉണ്ണി ഗണപതിയും.
'ശ്രീ എടപ്പള്ളി തൻ ശ്രീലകത്ത്
കുന്നോളം അപ്പമുണ്ടിന്നെനിക്ക് '
എന്നു പറഞ്ഞു നടന്നു കൊമ്പൻ
'എന്നുമിതുതന്നെ'യെന്നമ്മയും.
(ശ്രീ എടപ്പള്ളിയിൽ വാഴുന്നതാം
ശ്രീ ഗണേശാ നിന്നെ വന്ദിയ്ക്കുന്നേൻ.)

പിന്നാലെ വന്നിതു സുബ്രഹ്മണ്യൻ
'ഉണ്ണീ! കുമാരാ നീ വന്നിരിയ്ക്കൂ
പ്രാതൽ കഴിയ്ക്കണ്ടേ എൻ മകനേ? '
'അമ്മേ, എനിയ്ക്കിന്നു പ്രാതൽ വേണ്ട
തേരോട്ടമാണ് പഴനിയിൽ, ഹാ!
പായസം പഞ്ചാമൃതവുമുണ്ട്.
ഇന്നെന്റെ പ്രാതലവിടെയാണ് '
എന്നു പറഞ്ഞു പറന്നു വേലൻ.
(ദേവാ! പഴനി മലയിൽ വാഴും
വേലായുധാ നിന്നെ കൈതൊഴുന്നേൻ.)

പിന്നാലേ വന്നിതു ഭദ്രകാളി
അന്നേരം അംബിക ചൊല്ലി: 'കുഞ്ഞേ,
നങ്ങയ്യപ്പെണ്ണേ ഇരിയ്ക്കു വേഗം. '
എന്നു പറഞ്ഞു പലകയിട്ടു.
അപ്പോൾ പറഞ്ഞിതു ഭദ്രകാളി:
'അമ്മേ എനിയ്ക്കിന്നു പ്രാതൽ വേണ്ട.'
'എന്താണു കാരണം ചൊല്ലൂ കുട്ടീ
എന്താ നിനക്കു വിശക്കുന്നില്ലേ? '

'പ്രാതലിനായിട്ടു പോകുന്നമ്മേ
പായസമുണ്ട് വടശ്ശേരിയിൽ,
ഞാനതു ഭക്ഷിക്കാൻ പോകയാണ്
വേറൊരു പ്രാതലുമിന്നു വേണ്ടാ.'
(ശ്രീ വടശ്ശേരി തൻ ശ്രീലകത്തെ
ശ്രീഭദ്രകാളിയെ കൈതൊഴുന്നേൻ.)

വേഗത്തിലംബികാ ദേവിയപ്പോൾ
നാഗങ്ങൾക്കന്നവുമൂട്ടി വന്നൂ,
കാളക്കുട്ടനൊരു കെട്ടു പുല്ല്
ആലക്കൽ വച്ചു കൊടുത്തു ദേവി.
ഗംഗാധരൻ തന്നരികൽ ചെന്ന്
സങ്കടം ചൊല്ലാനൊരുങ്ങിയപ്പോൾ
ചൊന്നിതു ദേവനുമിപ്രകാരം:
'ഇന്നലെ വൈക്കത്തു പത്തുധാര,
ഏറ്റുമാനൂരിലിരുപതെണ്ണം
തോറ്റൂ! തൃശൂരിലോ അമ്പതെണ്ണം!!
എത്ര കുടം വെള്ളമെൻ ശിരസ്സിൽ
ഇത്ര പനിയ്ക്കുമെന്നാരറിഞ്ഞൂ?.
ഇന്നിനി പ്രാതലു വേണ്ട ഗൌരീ
നല്ലപൊടിയരിക്കഞ്ഞി മതി.
ഒട്ടും വിശപ്പില്ല, പൊള്ളും പനി
കഷ്ടം! നിൻ പ്രാതലു പാഴിലായി.'

തിണ്ണയിൽ പോയിയിരുന്നു ഗൌരി
കണ്ണീരു കൊണ്ടവൾ ധാര ചെയ്തു.
സങ്കടം തീർക്കുവാനെന്തുപായം?
'എങ്കിലെനിക്കിന്നു തിങ്കൾ നോമ്പ് !
ഊണില്ലുറക്കം, വിശപ്പുമില്ലാ,
ഊട്ടുമ്പോളല്ലേ വിശപ്പുമാറൂ!!
ഉണ്ണാവ്രതം നോറ്റിടുന്നൂ ഞാനും
ഉണ്ണും വരെ നിങ്ങളെല്ലാവരും'
(ഇപ്പാട്ടു ചൊല്ലി സ്തുതിക്കുന്നോർക്ക്
എപ്പൊഴും  ദീർഘ സുമംഗലത്വം) ●

(ചെന്നൈയിൽ താമസിക്കുന്ന അരീക്കോട് ആറ്റുപുറത്ത് കേശവൻ നമ്പൂതിരിയുടെ പത്നിയാണ്. മേൽവിലാസം:
Villa1, Phase1, Chetinad Enclave,
Pallikaranai Chennai- 600100,
Mobile: 7200811844 )

## നാലാം വർഷത്തിലേക്ക്

ഇല്ലം ILLAM
TRADITIONAL FOOD

ഓരോ വിഭവവും രുചികരവും വിശ്വസനീയവും
**സ്വന്തം ഇല്ലത്തെപ്പോലെ**





കടുമാങ്ങ, നെല്ലിയ്ക്ക, നാരങ്ങ അച്ചാറുകൾ, തൈര് മുളക്, കൊണ്ടാട്ടങ്ങൾ, വിവിധ ഇനം പപ്പടങ്ങൾ, പാലക്കാടൻ അഗ്രഹാര ഉത്പന്നങ്ങൾ, ചട്ണിപ്പൊടി, ചമ്മന്തിപ്പൊടി, സാമ്പാർ പൊടി തുടങ്ങി കറിപ്പൊടികൾ, വറവുകൾ, പുളിയിഞ്ചി, കുറുക്കുകാളൻ, ചക്കവരട്ടി, പഴംവരട്ടി, മാമ്പഴം വരട്ടി, തുടങ്ങി നാടൻ വിഭവങ്ങളും വിവിധ ഇനം സ്പെഷ്യൽ ആന്ധ്രാ ബ്രാഹ്മിൺസ് അച്ചാറുകളും

**ഓർഡറനുസരിച്ച് ഇന്ത്യയിലെവിടെയും പാഴ്സലായി സാധനം എത്തിക്കുന്നു**

വിവാഹം, പിറന്നാൾ, ചോറൂൺ, ഉപനയനം, ഗൃഹപ്രവേശം തുടങ്ങി ആഘോഷസദ്യകൾക്ക് മാറ്റ് കൂട്ടാൻ
**ഇല്ലത്തേയ്ക്ക് വിളിച്ചോളൂ**
**മൊബൈൽ: 9496234515**
രാമപ്രസാദ്,
നരിക്കാട്ടിരി മന,
**മണ്ണാർക്കാട്**

നാവിനും മനസ്സിനും തൃപ്തി പകരുന്നതും കളറുകളോ കലർപ്പുകളോ ചേർക്കാതെ പരമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന നിരവധി ഹോം മെയ്ഡ് ഉത്പന്നങ്ങളുടെ കലവറയാണ് ഇല്ലം.
ഇല്ലം ട്രഡീഷണൽ ഫുഡ്, ജി.പി. റോഡ്, യൂണിവേഴ്സൽ കോളേജിനു സമീപം, പെരിമ്പടാരി, മണ്ണാർക്കാട്, പാലക്കാട് (ജില്ല).


ഒന്നാം ശ്രാദ്ധദിനം
2022 ഒക്ടോബർ 5



മക്കൾ:
നാരായണൻ
ശ്രീദേവി
സാവിത്രി
സുബ്രഹ്മണ്യൻ
മരുമക്കൾ:
സുധ
മദനൻ
അജയൻ
ശ്രീജ

അരിക്കത്ത് മന
പോസ്റ്റ് : മാന്നനൂർ
വഴി : കവളപ്പാറ
പാലക്കാട് ജില്ല

## ശ്രീദേവി അന്തർജ്ജനം

പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ പത്നി

നവംബർ 13നു
അന്നപ്രാശനം
കഴിഞ്ഞ
മലയമ്മ ഇല്ലം
കൃഷ്ണപ്രസാദിന്റെയും
ഗായത്രിയുടെയും
മകൾ

**ഗൗരി കൃഷ്ണയ്ക്കു**

ആശംസകൾ
മുത്തശ്ശൻ, മുത്തശ്ശി



Celebrated
40th
wedding
ANNIVERSARY
on 2nd May 2022

എം.പി വിജയകുമാർ
മുട്ടത്ത് ഇല്ലം (കോട്ടയം)
ലത, മഠത്തിൽ ഇല്ലം
(കോഴിക്കോട്)

ആശംസകളോടെ:

**മകൾ അമ്മു, ജീവൻ,**
**ഇഷാൻ മംഗലം.**

ഫ്ളാറ്റ് നമ്പർ: ജിഎഫ്,
ജി.ഐ.ഇ മജസ്റ്റിക്,
ആക്കുളം, ശ്രീകാര്യം,
തിരുവനന്തപുരം,
പിൻ: 695017
മൊബൈൽ: 9871496414



### അറിയേണ്ട അന്തർജനം

# ടീം ലീഡർ

വലിയൊരു വിദ്യാഭ്യാസ ശൃംഘലയുടെ സാരഥിയാണ് ആര്യ നന്ദകുമാർ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി 175 സ്കൂളുകളുള്ള ഭോപ്പാലിലെ മഹർഷി ശിക്ഷാ സൻസ്ഥാനിന്റെ ജോയിന്റ് ഡയറക്ടർ.




നമ്മുടെ സ്ത്രീകളിൽ പലരും ടീച്ചർമാരാണ്. ഒരു ക്ളാസിന്റെ ചുമതല കിട്ടിയാൽ വിയർക്കുന്നവരാണ് പലരും. ഹെഡ്ടീച്ചറുടെ ചുമതലയെങ്കിൽപ്പിന്നെ പറയുകയും വേണ്ട. എന്നാൽ വലിയൊരു വിദ്യാഭ്യാസ ശൃംഘലയുടെ സാരഥിയാണ് ആര്യ നന്ദകുമാർ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി 175 സ്കൂളുകളുള്ള ഭോപ്പാലിലെ മഹർഷി ശിക്ഷാ സൻസ്ഥാനിന്റെ ജോയിന്റ് ഡയറക്ടർ. എളുപ്പപ്പണിയല്ല അത്.

എന്നാൽ അതു മാത്രമല്ല ഈ എം ബിഎ ബിരുദധാരി ചെയ്യുന്നത്. വിവിധ മേഖലകളിലും വിവിധ തസ്തികകളിലുമായി 30 വർഷമായി പ്രവൃത്തിക്കുന്നു. എൻ ജി ഒകൾ, സമുദായ സംഘനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മനുഷ്യാവകാശ സംഘടനകൾ തുടങ്ങി നിരവധി പ്രസ്ഥാനങ്ങളിലെ നേതൃപരമായ പങ്കാളിത്തം. എല്ലായിടത്തും ലീഡ് റോളിൽ.

മഹർഷി വേൾഡ് പീസ് മൂവ്മെന്റിന്റെ ദേശീയ സെക്രട്ടറിയാണ്. അതിനു കീഴിൽ മഹർഷി വിജ്ഞാന ബോധവൽക്കരണ പരിപാടി, മഹർഷി കിഡ്സ് ഹോം തുടങ്ങിയ നിരവധി പദ്ധതികളുണ്ട്. നൈപുണ്യ വികസന ഇൻസ്റ്റിറ്റ്യൂട്ട്, മഹർഷി ദേശീയ യാഗം പ്രോഗ്രാം, മഹർഷി വേദിക് ഹെൽത്ത് ആൻഡ് മഹാ നേച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയവ വേറെയും.

സ്ത്രീകളുടെ ഉന്നമനത്തിനായുള്ള അന്താരാഷ്ട്ര സംഘടനയായ ഓൾ ലേഡീസ് ലീഗിന്റെ ഭോപ്പാൽ ചാപ്റ്ററിന്റെ ചെയർപേഴ്സണാണ്. ലോകമെമ്പാടുമുള്ള 100 വനിതാ നേതാക്കളുടെ ശാക്തീകരണ ഗ്രൂപ്പാണ് ജി100. ലിംഗതുല്യമായ ലോകക്രമത്തിനായി അന്താരാഷ്ട്രതലത്തിൽ സ്വാധീനം ചെലുത്തുന്ന ഒരു സംഘടന. നോബൽ സമ്മാന ജേതാക്കൾ, രാഷ്ട്രത്തലവന്മാർ, മന്ത്രിമാർ, ബിസിനസ്സുകാർ, സർവകലാശാലകൾ, മനുഷ്യസ്നേഹികൾ, നിക്ഷേപകർ, സംരംഭകർ, പ്രൊഫഷണലുകൾ, കോർപ്പറേറ്റ് കമ്മ്യൂണിറ്റി നേതാക്കൾ എന്നിവരുൾപ്പെടെയുള്ള പ്രമുഖർ ഉൾക്കൊള്ളുന്നതാണ് ഇത്.



*ആര്യ ഭർത്താവ് നന്ദകുമാറുമൊത്ത്*

ലിംഗസമത്വം ഇനി സ്ത്രീകളുടെ പ്രശ്നമോ ഒരു രാജ്യത്തിന്റെ പ്രശ്നമോ അല്ല, മറിച്ച് ഒരു ആഗോള വെല്ലുവിളിയാണ്. അതിനെ ചെറുക്കാനും മറികടക്കാനും എല്ലാവരുടെയും യോജിച്ച ശ്രമം ആവശ്യമാണ്. ജി100 സ്ത്രീകളുടെ സമത്വവും ശാക്തീകരണവും നേതൃത്വവും വർദ്ധിപ്പിക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യുന്നു. അവിടെയുമുണ്ട് ആര്യക്ക് നേതൃപരമായ പങ്കാളിത്തം.

ഇങ്ങനെ വലിയൊരു അന്താരാഷ്ട്ര സംഘടനയിൽ പ്രവർത്തിക്കുന്നതോടൊപ്പം തന്നെ ശ്രീ രാഘവപുരം സഭായോഗം അക്കാദമിയുടെ വൈസ് ചെയർമാനുമാണ്.

മധ്യപ്രദേശിലെ പാഞ്ചജന്യം ഭാരതം പ്രസിഡന്റായും പാഞ്ചജന്യം ഭാരതത്തിന്റെ വനിതാ വിഭാഗമായ മാതൃഭാരതിയുടെ ജോയിന്റ് സെക്രട്ടറിയായും നാമനിർദ്ദേശം ചെയ്യപ്പെട്ടു. യോഗക്ഷേമം ഭോപ്പാൽ ചാപ്റ്ററിന്റെ ജനറൽ സെക്രട്ടറിയുമാണ്. മധ്യപ്രദേശിലെ മനുഷ്യാവകാശ കമ്മീഷനിലേക്കും നിയമിതയായിട്ടുണ്ട്. നേതൃത്വശക്തി, ഭരണനൈപുണ്യം സൂക്ഷ്മമായ നിർവ്വഹണം, വ്യക്തിഗതമായ കഴിവുകൾ, തുടങ്ങി എല്ലാം ചേർന്ന ടീം ലീഡർ.

തൃശൂരിലെ തൊട്ടിപ്പാൾ എന്ന ഗ്രാമത്തിൽ കൈപ്പിള്ളി മനയിൽ ശ്രീകുമാരൻ നമ്പൂതിരിയുടെയും ആര്യ അന്തർജനത്തിന്റെയും മകളാണ്. തൃശൂർ എരവിമംഗലത്ത് മനയാണ് അമ്മാത്ത്. തിരുവനന്തപുരത്ത് കല്ലറ മഠം നന്ദകുമാർ ആണ് ഭർത്താവ്. അദ്ദേഹം ഭോപ്പാലിൽ റെയിൽവേ ഉദ്യോഗസ്ഥനാണ്. മകൾ അശ്വിനി വിവാഹം കഴിഞ്ഞ് ആസ്ത്രേലിയയിൽ . മകൻ നിഖിൽ വി.ഐ.ടി ഭോപ്പാലിൽ ബിടെകിന് പഠിക്കുന്നു. ●

Arya Nandkumar
Flat No 3/106, Soumya Evergreen
Near Mansarovar Dental College
Kolar RoadBhopal - 462042
Madhya Pradesh: Mob:9827433369



### അറിയേണ്ട നമ്പൂതിരി

# ബഹിരാകാശ റോബോട്ടിക്സിലെ ഗോകുൽ

**ലോകത്തെ ഏറ്റവും മികച്ച ബഹിരാകാശ ഗവേഷണ ഏജൻസിയാണ് അമേരിക്കയുടെ നാസ. ആ നാസയുടെ സ്കോളർഷിപ്പോടെ ഒരു അമേരിക്കൻ സർവകലാശാലയിൽ നേരിട്ട് പി.എച്ച്.ഡി പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ് ഒരു ഉണ്ണിനമ്പൂതിരി. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സ്വദേശിയായ ഗോകുൽ.**

നാസയെന്ന് കേൾക്കാത്തവരുണ്ടാവില്ല. ലോകത്തെ ഏറ്റവും മികച്ച ബഹിരാകാശ ഗവേഷണ ഏജൻസിയാണ് അമേരിക്കയുടെ നാസ. നാഷണൽ ഏയ്റോനോട്ടിക്സ് ആൻഡ് സ്പേയ്സ് അഡ്മിനിസ്ട്രേഷൻ. അതിന്റെ അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നത് അമേരിക്കൻ പ്രസിഡണ്ടാണ്. അതിന് ഫണ്ടിംഗ് ചെയ്യുന്നത് അമേരിക്കൻ ഗവർമ്മെന്റാണ്. ലോകത്തെങ്ങുമുള്ള എഞ്ചിനീയർമാരുടെ ഒരു ഡ്രീം ഡെസ്റ്റിനേഷനാണ് നാസ.

ആ നാസയുടെ സ്കോളർഷിപ്പോടെ ഒരു അമേരിക്കൻ സർവകലാശാലയിൽ നേരിട്ട് പി.എച്ച്.ഡി പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ് ഒരു ഉണ്ണിനമ്പൂതിരി. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സ്വദേശിയായ ഗോകുൽ.



*അമേരിക്കയിലെ ഇല്ലിനോയിസ് യൂണിവേഴ്സിറ്റി കാമ്പസ്. ഇവിടെയാണ് ഗോകുൽ റിസർച്ച് ചെയ്യുന്നത്*

കുറുവേലി പുതുമന ഇല്ലത്തെ ഗോപിയുടെയും അതിയേടം പരിപ്പായി ഇല്ലത്തെ ഷീബയുടെയും മകൻ. സ്കോളർഷിപ്പോടെയാണ് പഠനം.

ബഹിരാകാശത്തേക്ക് മനുഷ്യനെ കൊണ്ടുപോവുന്ന യാനങ്ങളെ ഭൂമിയിലിരുന്ന് നിയന്ത്രിക്കുന്ന സംവിധാനം സംബന്ധിച്ചാണ് ഗോകുലിന്റെ ഗവേഷണം. റോബോട്ടിക്സാണ് ഗവേഷണമേഖല. അത്രയ്ക്ക് കട്ടിംഗ് എഡ്ജ് ലെവലിലുള്ള ഗവേഷണം. മനുഷ്യനെ ആദ്യമായി ചന്ദ്രനിലെത്തിച്ച നാസ വെറുതെയല്ല ഈ ഗവേഷകന് ഫണ്ട് ചെയ്യുന്നത്. യൂണിവേഴ്സിറ്റികളിൽ നാസ ഫണ്ട് ചെയ്ത് നടത്തുന്ന ഗവേഷണങ്ങളും അവരുടെ നിലവാരത്തിലുള്ളതാവുമല്ലൊ.

യു.ഐ.യു.സി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന അതിപ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയ് അറബാന ഷാമ്പെയിനിലാണ് ഗോകുൽ റിസേർച്ച് ചെയ്യുന്നത്. ബിടെക്കുകാരനായ ഗോകുലിന് എങ്ങനെയാണ് ഒരു അമേരിക്കൻ സർവകലാശാലയിൽ നേരിട്ട് പി.എച്ച്.ഡി ചെയ്യാൻ സ്കോളർഷിപ്പ് ലഭിച്ചത്. സാധാരണ നിലയിൽ എം.എസ് പോലുള്ള പി.ജി കോഴ്സുകൾ കഴിഞ്ഞവർക്ക് മാത്രമേ നേരിട്ട് പി.എച്ച്.ഡിക്ക് അവസരം ലഭിക്കാറുള്ളൂ. ഗോകുലിന്റെ പ്രൊഫൈലിലെ മികവാണ് ഇങ്ങനെയൊരു അപൂർവ അവസരത്തിന് കാരണമായത്.

ഇല്ലിനോയിസ് യൂണിവേഴ്സിറ്റി ചില്ലറക്കാരല്ല. അവിടത്തെ ഫാക്കൽട്ടികളോ പൂർവവിദ്യാർത്ഥികളോ ആയി 23 പേരുണ്ട് നോബൽ പ്രൈസ് ജേതാക്കൾ! 26 പുലിറ്റ്സർ ജേതാക്കൾ!! അതേ പുലിയല്ല പുപ്പുലിയാണ് ആ സർവകലാശാല. അമേരിക്കയിലെ പബ്ളിക് യൂണിവേഴ്സിറ്റികളിൽ അതിഗംഭീരമായ ഒന്ന്. അവിടേക്കാണ് കഴിഞ്ഞ മാസം ഗോകുൽ കടന്നു ചെന്നത്.

**ഇല്ലിനോയിസ് യൂണിവേഴ്സിറ്റി ചില്ലറക്കാരല്ല. അവിടത്തെ ഫാക്കൽട്ടികളോ പൂർവവിദ്യാർത്ഥികളോ ആയി 23 പേരുണ്ട് നോബൽ പ്രൈസ് ജേതാക്കൾ! 26 പുലിറ്റ്സർ ജേതാക്കൾ!! അതേ പുലിയല്ല പുപ്പുലിയാണ് ആ സർവകലാശാല. അമേരിക്കയിലെ പബ്ളിക് യൂണിവേഴ്സിറ്റികളിൽ അതിഗംഭീരമായ ഒന്ന്. അവിടേക്കാണ് കഴിഞ്ഞ മാസം ഗോകുൽ കടന്നു ചെന്നത്.**
**വർഷത്തിൽ ഒന്നരക്കോടിയോളം രൂപയാണ് സ്കോളർഷിപ്പ്. അങ്ങനെ അഞ്ചുവർഷത്തേക്ക്.**

എന്താണ് ഗോകുലിന്റെ മികവ്. ഒറ്റ വാചകത്തിൽ പറഞ്ഞാൽ ലക്ഷ്യം കുറിച്ച് കഠിനാധ്വാനം ചെയ്യുക. അത്രയേ ഉള്ളൂ.

പത്താം ക്ളാസിൽ പഠിക്കുമ്പോഴാണ് ഒരിക്കൽ നാട്ടിൽ വന്നത്. ചെന്നൈയിലായിരുന്നുവല്ലൊ അന്ന് പഠിച്ചിരുന്നത്. അന്നത്തെ പത്രത്തിൽ അമേരിക്കയിലെ മാസച്ചുസെറ്റ്സ് ഇൻസ്റ്റിട്ട്യൂട്ടിൽ ഗവേഷണത്തിന് പ്രവേശനം ലഭിച്ച ഒരു നമ്പൂതിരി പയ്യനെക്കുറിച്ച് വാർത്ത വന്നിരുന്നു. വിദേശത്ത് പഠിക്കാൻ പോവുകയെന്ന ആഗ്രഹത്തിന് അന്നാണ് മുള പൊട്ടിയത്. ആ പത്രവാർത്ത ഇന്നും ഗോകുലിന്റെ അമ്മയുടെ സൂക്ഷിപ്പിലുണ്ട്.

ചെറിയ ക്ളാസുകൾ മുതൽ കണക്ക് പരീക്ഷയിൽ നൂറിൽ നൂറ് വാങ്ങുന്ന കുട്ടിയായിരുന്നു. മുത്തശ്ശൻ നാരായണൻ നമ്പൂതിരി സ്കൂളിൽ കണക്കു മാഷുമായിരുന്നു. അച്ഛൻ ഗോപി പുതുമനയും കണക്കിന്റെ ആൾ തന്നെ. അങ്ങനെ ഗോകുലും `കണക്ക്' നായി. അത് എഞ്ചിനീയറിംഗ് പഠനം എളുപ്പമാക്കി.

അച്ഛൻ ഹൈദരാബാദിൽ ആയിരുന്നതിനാൽ എട്ടാം ക്ളാസ് വരെ ഹൈദരാബാദിലെ തക്ഷശിലയിൽ പഠനം. ക്ളാസിലെ ആദ്യത്തെ മൂന്നുകുട്ടികളിൽ ഒരാൾ. അത്രയേ ഉണ്ടായിരുന്നുള്ളൂ പൊസിഷൻ. പിന്നെ ചെന്നൈയിലായി. ചിന്മയ വിദ്യാലയയിൽ. പത്താം ക്ളാസിൽ ഫുൾ എ പ്ളസ്. പഠിക്കുന്ന ഒരു കുട്ടിക്ക് സാധാരണനിലയിൽ ലഭിക്കുന്ന മാർക്ക്. പന്ത്രണ്ടാം ക്ളാസിൽ 96.4 ശതമാനം. സാമാന്യം നല്ല സ്കോർ. അബാക്കസും മാത്സ് ഒളിമ്പ്യാഡും എല്ലാം നല്ലൊരു ഓറിയന്റേഷനുണ്ടാവാൻ സഹായകമായി. ഫിറ്റ്ജിയിലായിരുന്നു എൻട്രൻസ് കോച്ചിംഗ്.

ഐ.ഐ.ടിയായിരുന്നു ലക്ഷ്യമെങ്കിലും ടോപ് റാങ്കിംഗ് ആയ ഐ.ഐ.ടികളിൽ ചേരാൻ വേണ്ട റാങ്ക് ലഭിച്ചില്ല. 17000 റേഞ്ചിലായിരുന്നു അഡ്വാൻസിലെ റാങ്ക്. ഐ.ഐ.ടിയെന്ന ലക്ഷ്യം




*അച്ഛൻ ഗോപി പുതുമന  അമ്മ ഷീബ അന്തർജനം അനിയത്തി നന്ദന എന്നിവർക്കൊപ്പം ഗോകുൽ*

**ടെക് ലാബിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് ടേണിംഗ് പോയിന്റാ യി. ഡ്രൈവർ ഇല്ലാത്ത ഒരു കാറുമായി ഗോകുലിന്റെ ടീം അമേരിക്കയിലെ മിഷിഗണിൽ പോയി. ലോകത്തിന്റെ പല ഭാഗത്തു നിന്നുമുള്ള കുട്ടികൾ മത്സരിച്ച അതിൽ ഗോകുലിന്റെ കാർ ഒന്നാം സ്ഥാനം നേടി. റോബോട്ടിക്സിലെ ആദ്യനേട്ടമായിരുന്നു അത്.**

നടന്നില്ലെങ്കിലും വേറെ ചിലത് നടന്നു. ചേർന്ന ഇൻസ്റ്റിട്ട്യൂഷനിൽ നിന്ന് മികവ് നേടുകയെന്ന ലക്ഷ്യം നിശ്ചയിച്ചു. അതിനു വേണ്ടി കഠിനാധ്വാനം ചെയ്യാനും ഉറപ്പിച്ചു. അങ്ങനെ ഇലക്ട്രോണിക്സിന് ബി ടെക്കിനു ചേർന്നു. മണിപ്പാൽ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ടെക്നോളജിയിൽ.

നന്നായി പഠിക്കാൻ സന്നദ്ധതയുള്ളവർക്ക് സാദാ ബിടെക്കിൽ നിന്ന് ഓണേഴ്സിലേക്ക് അപ്ഗ്രേഡ് ചെയ്യാൻ പറ്റും. ആദ്യം മികവു കാട്ടിയത് അതിലാണ്. ആദ്യവർഷം കഴിഞ്ഞപ്പോൾ ഓണേഴ്സിലേക്ക് അപ്ഗ്രേഡ് ചെയ്തു കിട്ടി. അത് കോൺഫിഡൻസ് വർദ്ധിപ്പിച്ചു. അതുപോലെത്തന്നെയായിരുന്നു അവിടത്തെ ടെക് ക്ളബായ പ്രൊജക്ട് മാനസിലെ അംഗത്വം. സ്ഥാപനത്തിലെ ആയിരത്തിലേറെ കുട്ടികൾ അപേക്ഷിക്കും. പത്തും പതിനഞ്ചും റൗണ്ട് ഇന്റർവ്യൂകൾ. പതിവു പഠനത്തിനു പുറമെ രാത്രികളിലും വർക്ക് ചെയ്യേണ്ടി വരും. അതിനെല്ലാമുള്ള സന്നദ്ധതയും അഭിരുചിയും അളക്കുന്നതാണ് ഇന്റർവ്യൂ. മൊത്തം കുട്ടികളിൽ നിന്ന് നാല്പത് പേർക്ക് മാത്രമാണ് അവസരം. അതിലും സെലക്ഷൻ കിട്ടി.

അങ്ങനെ ടെക് ലാബിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് ടേണിംഗ് പോയിന്റായി. ഡ്രൈവർ ഇല്ലാത്ത ഒരു കാറുമായി ഗോകുലിന്റെ ടീം അമേരിക്കയിലെ മിഷിഗണിൽ പോയി. ലോകത്തിന്റെ പല ഭാഗത്തു നിന്നുമുള്ള കുട്ടികൾ മത്സരിച്ച അതിൽ ഗോകുലിന്റെ കാർ ഒന്നാം സ്ഥാനം നേടി. റോബോട്ടിക്സിലെ ആദ്യനേട്ടമായിരുന്നു അത്. സെൻസറുകൾ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ച് ഡ്രൈവിംഗ് സീറ്റിൽ റോബോട്ട്. ലോകത്ത് ഒന്നാമതെത്തിയ ആ നേട്ടം കോൺഫിഡൻസ് പതിന്മടങ്ങ് വർദ്ധിപ്പിച്ചു.

സപ്ളിയടിച്ച് നടക്കുന്ന വെറുമൊരു ബിടെക്കുകാരനായല്ല ഗോകുൽ പുറത്തു വന്നത്. പേപ്പറുകൾ, കോൺഫറൻസുകൾ, അഡീഷണൽ പ്രൊജക്ടുകൾ, ഇന്റേൺഷിപ്പുകൾ, റോബോട്ടിക് ക്ളബുകൾ, പ്ളേയ്സ്മെന്റ് സെൽ വളണ്ടിയർ, അങ്ങനെയങ്ങനെ ഓണേഴ്സിനൊപ്പം പ്രൊഫൈൽ ഉയർത്തിയ നിരവധി നേട്ടങ്ങൾ. അതിന്റെയെല്ലാം ഫലമാണ് ഈ കാണുന്ന കോടികളുടെ സ്കോളർഷിപ്പ്.

ബി ടെക്കിനു പഠിക്കുമ്പോൾ പ്ളേയ്സ്മെന്റ് സെല്ലിൽ വളണ്ടിയറായിരുന്നു. മികച്ച ഇടങ്ങളിൽ പ്രവേശനം ലഭിക്കാൻ അധിക യോഗ്യതകൾ ഉണ്ടാ


**നവവത്സരാശംസകൾ 2023**

**തിരുപ്പതി കാളഹസ്തി തീർത്ഥയാത്ര**

**ജനുവരി 23 ന് വൈകിട്ട് പുറപ്പെട്ട്**
**27 ന് രാവിലെ തിരിച്ച് എത്തും.**

**ശ്രീ സദാശിവം ടൂർസ്  പയ്യന്നൂർ & പിലാത്തറ**
കണ്ണൂർ ജില്ല

2023 ൽ ജനു. 23 ന് തിരുപ്പതി, ഫെബ്രുവരി 12 ന് പഴനി, മധുര, രാമേശ്വരം, മാർച്ച് 5 ന് ആറ്റുകാൽ പൊങ്കാല യാത്ര , മാർച്ച് 20 ന് ശൃംഗേരി, മുകാംബിക, ഗോകർണ്ണം യാത്ര, വിഷു ദിവസം പുറപ്പെടുന്ന ശബരിമല യാത്ര .

കുടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:




എം ശ്രീധരൻ നമ്പൂതിരി
9447445401, 8075025775, 9495179697

ക്കേണ്ടതിന്റെ ആവശ്യം അപ്പോഴാണ് തിരിച്ചറിഞ്ഞത്. വെറും ഡിഗ്രിയല്ല പ്രൊഫൈലിൽ മാറ്റമുണ്ടാക്കുന്നത് ഡിഗ്രിക്കുമപ്പുറത്തുള്ള ചിലതാണെന്ന് മനസ്സിലായി. അതോടെ നിരവധി ഓൺലൈൻ കോഴ്സുകൾകൂടി ചെയ്യാൻ തുടങ്ങി. ഡയറക്ട് പി.എച്ച്.ഡി ചെയ്യാൻ അവസരമുണ്ടെന്നും അന്ന് മനസ്സിലായി.

ബെംഗളൂരുവിലെ വിമാറ, ഡെൽഹിയിലെ ഒരു കമ്പനി, കാർണഗി മെലൻ യൂണിവേഴ്സിറ്റി, ഭോപ്പാലിലെ ഐസർ, ഐ.ഐ.ഐ.ടി ഹൈദരാബാദ്, തുടങ്ങി നിരവധിയിടങ്ങളിൽ പേപ്പർ പബ്ളിക്കേഷനും ഇന്റേൺഷിപ്പും. പൂനെയിൽ ബജാജ് നടത്തിയ ഹാക്കത്തണിൽ അഖിലേന്ത്യാ തലത്തിൽ മൂന്നാം സ്ഥാനം. ഇതിനൊപ്പം സക്സസ് സ്റ്റോറികളും മോട്ടിവേഷണൽ പുസ്തകങ്ങളും വായിക്കുമായിരുന്നു. മുൻ രാഷ്ട്രപതി എ .പി.ജെ അബ്ദുൾ കലാമിന്റെ അഗ്നിച്ചിറകുകളും മറ്റു പുസ്തകങ്ങളും ഉയർന്ന ലക്ഷ്യത്തിലെത്താനുള്ള പ്രേരണയായി.

ഫലമോ. അമേരിക്കയിൽ ഒന്നല്ല, പല സർവകലാശാലകളിൽ പ്രവേശനത്തിന് അവസരം. ജോർജിയ ടെക്കും വാട്ടർലൂവും ഇല്ലിനോയിസും പോലെ മികച്ച സർവകലാശാലകൾ. അമേരിക്കൻ സർവകലാശാലകളിൽ അഡ്മിഷൻ കിട്ടാൻ ഇംഗ്ളീഷ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ജി.ആർ.ഇ എന്ന ടെസ്റ്റ് ഉണ്ടെന്നും മനസ്സിലാക്കി. അതിൽ ലഭിക്കുന്ന റാങ്കും പ്രധാനമാണ്. ഉയർന്ന റാങ്കോടെ അതും മറികടന്നു.

ഇനി ഗോകുലിനെപ്പറ്റി വേറെ ചിലത്. അമേരിക്കയിലെത്തിയിട്ടും പൂണൂൽ ഉപേക്ഷിച്ചിട്ടില്ല. ഗായത്രി മുടക്കിയിട്ടില്ല. അമേരിക്കയിലേക്ക് പോയപ്പോഴും ഭഗവാനെ കൂടെക്കൂട്ടാനുള്ള മനസ്സുണ്ട് ഗോകുലിന്. ഭഗവാന്റെ ഫോട്ടോയും നിലവിളക്കുമെല്ലാം കൂടെ കൊണ്ടുപോയിട്ടുണ്ട്. പുണ്യാഹവും ഭാഗ്യസൂക്തവും പുരുഷസൂക്തവുമൊക്കെ പഠിച്ച ഉണ്ണിനമ്പൂതിരിയാണ് ഗോകുൽ. ഇപ്പോഴും വിദ്യാമന്ത്രം ഉപാസിക്കുന്ന വിദ്യാർത്ഥി. പയ്യന്നൂരിലെ ഇല്ലത്ത് ഗണപതി ഹോമവും, ഭഗവദ്സേവയും തേവാരവും നാഗങ്ങളും തെയ്യവും എല്ലാമുണ്ട്.

അച്ഛൻ ഗോപി പുതുമന പാനാസോണിക് കമ്പനിയിലെ റോബോട്ടിക് ഡിവിഷനിൽ ജനറൽ മാനേജരാണ്. അമ്മ ഷീബ അന്തർജനം ബാങ്കിംഗ് ഫിനാൻസ് ആൻഡ് ഇൻഷൂറൻസ് സെക്ഷനിൽ കോർപറേറ്റ് ട്രെയിനർ ആണ്. അനിയത്തി നന്ദന ബെംഗളൂരു അതിപ്രശസ്തമായ ക്രൈസ്റ്റ് കോളേജിൽ സി.എ ഇന്റഗ്രേറ്റഡ് ആയ ബികോം ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് പഠിക്കുന്നു ●



**അമേരിക്കയിലെത്തിയിട്ടും പൂണൂൽ ഉപേക്ഷിച്ചിട്ടില്ല. ഗായത്രി മുടക്കിയിട്ടില്ല. അമേരിക്കയിലേക്ക് പോയപ്പോഴും ഭഗവാനെ കൂടെക്കൂട്ടാനുള്ള മനസ്സുണ്ട് ഗോകുലിന്. ഭഗവാന്റെ ഫോട്ടോയും നിലവിളക്കുമെല്ലാം കൂടെ കൊണ്ടുപോയിട്ടുണ്ട്.**

## ഡ്രൈവർ ഇല്ലാത്ത കാറുമായി അമേരിക്കയിലെ മിഷിഗണിൽ

ഡ്രൈവർ ഇല്ലാത്ത ഒരു കാറുമായി ഗോകുലിന്റെ ടീം അമേരിക്കയിലെ മിഷിഗണിൽ പോയി. ലോകത്തിന്റെ പല ഭാഗത്തു നിന്നുമുള്ള കുട്ടികൾ മത്സരിച്ച അതിൽ ഗോകുലിന്റെ കാർ ഒന്നാം സ്ഥാനം നേടി. റോബോട്ടിക്സിലെ ആദ്യനേട്ടമായിരുന്നു അത്. സെൻസറുകൾ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ച് ഡ്രൈവിംഗ് സീറ്റിൽ റോബോട്ട്. ലോകത്ത് ഒന്നാമതെത്തിയ ആ നേട്ടം കോൺഫിഡൻസ് പതിന്മടങ്ങ് വർദ്ധിപ്പിച്ചു.



Gokul P, M203, Sand P Living Space, Kamaraja Street, Ayanampakkam, Chennai 95
Mobile: 9840797134



### അറിയേണ്ട നമ്പൂതിരി


## ഇ. എം. എസിനെ സമരം ചെയ്ത് തോല്പിച്ച ആൾ

## ആകാശവാണി! വാർത്തകൾ, കേൾക്കുന്നത്:

# ഉണ്ണികൃഷ്ണൻ നമ്പൂതിരി

> ഒരു വേള പഴക്കേമറിയാൽ ഇരുളും മെല്ലെ വെളിച്ചമായിടും എന്ന് പറഞ്ഞിട്ടില്ലേ. അത് ശരിയാണ്. ശരിക്കു പറഞ്ഞാൽ എനിക്ക് വെളിച്ചമില്ലാന്നുള്ള ബോധമില്ല. അവിടെയും ഇവിടെയുമൊക്കെ തട്ടുകയും മുട്ടുകയുമൊക്കെ ചെയ്യും. എന്നാലും ഞാൻ തൃപ്തനാണ്.

**താമരക്കുളം ദിവാകരൻ നമ്പൂതിരി**



കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് നമ്പൂതിരിപ്പാടിനെ സമരത്തിലൂടെ മുട്ടുകുത്തിച്ച ആളാണ് എൺപത്തെട്ടുകാരനായ ഈ നമ്പൂതിരി. എൺപത് വർഷമായി ഇരുട്ടിലാണ്. ഏഴാം വയസ്സിൽ കാഴ്ച നഷ്ടപ്പെട്ടയാൾ. കഴിഞ്ഞ ആഗസ്റ്റ് 21ന് 88 വയസ്സായി. പയ്യന്നൂർ കാനായിയിലെ ചേറ്റൂരാണ് ഇല്ലം. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ സ്ഥാപക നേതാക്കളിലൊരാൾ. സംഘടനയുടെ സാരഥിയായ സമയത്താണ് ഇ.എം.എസുമായി മുട്ടിയത്. അതേപ്പറ്റി ഉണ്ണികൃഷ്ണൻ നമ്പൂതിരി ഇങ്ങനെ ഓർക്കുന്നു.

`1969ൽ കോളേജ് പഠനം കഴിഞ്ഞു. ഇ.എം.എസായിരുന്നു മുഖ്യമന്ത്രി. അതിനു മുമ്പ് മലബാർ മദ്രാസ് ഗവൺമെന്റിന്റെ ഭാഗമായിരുന്നപ്പോൾ ബ്ലൈൻഡ് സ്കൂളുകളിൽ അന്ധരായ അധ്യാപകർക്ക് 25 % സംവരണം ഉണ്ടായിരുന്നു. കേരളം രൂപീകരിച്ചതോടെ അത് ഇല്ലാതായി.''

ഞാൻ ഇ.എം.എസിനെ കണ്ടിട്ടു പറഞ്ഞു. ഞങ്ങൾക്ക് സംവരണം ഉണ്ടായിരുന്നു, അത് പുനഃസ്ഥാപിക്കണം. അതൊക്കെ ഡയറക്ടർ ചെയ്യേണ്ടതാണ് എന്നു പറഞ്ഞു ഇ.എം.എസ്. അക്കാര്യത്തിൽ പാർട്ടിക്കോ മുഖ്യമന്ത്രിക്കോ



*പത്നിയുമൊത്ത് പയ്യന്നൂർ കാനായിയിലെ ഇല്ലത്ത്*

**ഞാൻ ഇ.എം.എസിനെ കണ്ടിട്ടു സംവരണം പുനഃ സ്ഥാപിക്കണം എന്നു പറഞ്ഞു. അതൊക്കെ ഡയറക്ടർ ചെയ്യേണ്ടതാണ് എന്നു പറഞ്ഞു ഇ.എം.എ സ്. അക്കാര്യത്തിൽ പാർട്ടി ക്കോ മുഖ്യമന്ത്രിക്കോ ഇട പെടാലോ എന്ന് ഞാനും. അതൊന്നും താൻ പറയണ്ട എന്ന് ഇ.എം.എസും. എന്നാൽ ഞാൻ നാളെ മു തൽ നിരാഹാര സത്യാഗ്ര ഹം ഇരിക്കാൻ പോകയാ ണെന്ന് ഞാനും പറഞ്ഞു.**

ഇടപെടാലോ എന്ന് ഞാനും. അതൊന്നും താൻ പറയണ്ട എന്ന് ഇ.എം.എസ് പറഞ്ഞു. എന്നാൽ നാളെ മുതൽ നിരാഹാര സത്യാഗ്രഹം ഇരിക്കാൻ പോകയാണെന്ന് ഞാനും പറഞ്ഞു. തന്റെ ഇഷ്ടം പോലെ ചെയ്തോ എന്നായി അദ്ദേഹം.''

`അങ്ങനെ 1969 മെയ് 26 ാം തീയ്യതി തിരുവനന്തപുരത്ത് നിരാഹാര സത്യാഗ്രഹം തുടങ്ങി. ഞങ്ങൾ രണ്ട് പേർ. ഞാനും ഒരു രാമചന്ദ്രനും. രണ്ട് ദിവസം കഴിഞ്ഞപ്പോൾ രാമചന്ദ്രന് അസുഖമായി ആശുപത്രിയിലേക്ക് മാറ്റി. പിന്നെ ടി.പി.വാസു വന്നു. എം.എ കഴിഞ്ഞ ആളാണ്. അദ്ദേഹത്തെയും രണ്ട് മൂന്ന് ദിവസം കഴിഞ്ഞപ്പോഴേക്ക് ആശുപത്രിയിലേക്ക് മാറ്റി. പിന്നെ എന്റെ കൂടെ ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സ് വരെ പഠിച്ച കെ.രാജൻ ചേർന്നു. പത്തു ദിവസവും ഞാൻ പിടിച്ചു നിന്നു. രണ്ട് മൂന്ന് ആവശ്യങ്ങളേ ഉള്ളൂ. ബ്ലൈൻഡ് സ്കൂളുകളിൽ അന്ധരായ ടീച്ചേഴ്സിന് 25% സംവരണം,ഗവ. സർവ്വീസിൽ വികലാംഗർക്ക് 4% സംവരണം. പിന്നെ വികലാംഗർക്ക് കിട്ടുന്ന 15 രൂപ അലവൻസ് 100 രൂപയാക്കണം.''

`പത്രങ്ങൾ ആ സമരം ഏറ്റു പിടിച്ചു. ഇത്രേം കുറഞ്ഞ ആവശ്യം വെച്ചിട്ടുള്ള സമരം കേരളം കണ്ടിട്ടുണ്ടോ എന്ന് സംശയമാണ്. ഇത് അനുവദിച്ചുകൊടുക്കാൻ ഗവ. ഒരിക്കലും മടിക്കരുത് എന്ന് മാതൃഭൂമിയും മനോരമയുമൊക്കെ മുഖപ്രസംഗമെഴുതി. അങ്ങനെ സമരം പത്താമത്തെ ദിവസം ജൂൺ 4 ാം തീയ്യതി ചർച്ചക്ക് വിളിച്ചു.''

`അങ്ങനെ ബ്ലൈൻഡ് സ്കൂളിൽ മുമ്പ് മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് ടീച്ചേർസിനു ഉണ്ടായിരുന്ന 25% സംവരണം അനുവദിച്ചു. മറ്റെല്ലാം തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. അങ്ങനെ സമരം ജൂൺ 4 ാം തീയ്യതി 3 മണിക്ക് സമരം പിൻവലിച്ചു. ഒരു ഗ്ലാസ്സ് നാരങ്ങവെള്ളം തന്നിട്ട് ആശുപത്രിയിലേക്ക് കൊണ്ടുപോയി. അവിടെ നാലു ദിവസം കിടന്നു. അങ്ങനെ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടന ആ സമരത്തോട് കൂടി ആളുകൾ അറിയാൻ തുടങ്ങി. അതുവരെ കാര്യമായിട്ട് ഒരു പ്രവർത്തനവും ഉണ്ടായിരുന്നില്ല.''

ജന്മനാ അന്ധനായിരുന്നില്ല. ഏഴു വയസാവുമ്പോഴാണ് കാഴ്ച നഷ്ടപ്പെട്ടത് . അവിടെ ഒരു കുടിപ്പള്ളിക്കൂടത്തിൽ പഠിച്ചോണ്ടിരിക്കുമ്പോൾ. അപ്പോൾ ഓലയിൽ എഴുതിയതെല്ലാം വായിച്ച ഓർമ്മയുണ്ട്. ഒരു കണിയാൻ നടത്തുന്ന ഒരു എഴുത്തുപള്ളിക്കൂടം ആയിരുന്നു. അത്. ആറ് മാസം അവിടെ പോയി. പിന്നെ കാഴ്ച കുറഞ്ഞു തുടങ്ങി. പിന്നെ പോയില്ല. ആറ് പ്രാവശ്യം കണ്ണിന്റെ ഓപ്പറേഷൻ കഴിഞ്ഞു. മംഗലാപുരത്ത് പോയി ഓപ്പറേഷൻ കഴിച്ചപ്പോൾ ചെറിയ ഒരു ഗുണമുണ്ടായിരുന്നു. രണ്ട് മാസം കഴിഞ്ഞപ്പോൾ വീണ്ടും പഴയ പോലെ ആയി. മദ്രാസിൽ പോയി രണ്ടു പ്രാവശ്യം ഓപ്പറേഷൻ ചെയ്തു. ഞരമ്പിന്റെ കുഴപ്പമാണെന്ന് അവർ പറഞ്ഞു. അപ്പോഴും യാതൊരു വ്യത്യാസവുമുണ്ടായില്ല. പിന്നെയിവിടെ വന്നു. അപ്പോഴേക്കും പത്തു വയസ്സായി.

`ഉപനയനം കഴിഞ്ഞു. അപ്പോ കുറച്ച് വേദമൊക്ക പഠിച്ചു. സൂക്തങ്ങളൊക്ക പഠിച്ച് കഴിഞ്ഞു. അപ്പോഴാണ് കാസർഗോഡ് ഒരു ബ്ലൈൻഡ് സ്കൂൾ ഉള്ളത് അറിയുന്നത്. എങ്കിൽ അവിടെ പോവാമെന്നായി. അപ്പോഴേക്കും എനിക്ക് പതിനെട്ടു വയസ്സായിരുന്നു. അവർ പറഞ്ഞു പതിനാല് വയസ്സു വരെയെ ഇവിടെ കിട്ടുള്ളൂ.''

അഡ്മിഷൻ കിട്ടാൻ സ്പെഷ്യൽ ഓർഡർ വാങ്ങണം എന്നറിഞ്ഞു. 58 ൽ ഇ.എം.എസ് സർക്കാരിന്റെ കാലമായിരുന്നു. ഏട്ടന്റെ ഒരു കൂട്ടുകാരനായിരുന്നു ഇ.എം.എസ്. അവിടെ പോയി അവരോട് പറഞ്ഞു. ഒരു സ്പെഷ്യൽ ഓർഡർ വാങ്ങിക്കൊണ്ടുവന്നിട്ട് പതിനെട്ടാമത്തെ വയസ്സിൽ കാസർഗോട്ടെ അന്ധവിദ്യാലയത്തിൽ ചേർന്നു. അന്ന് അഞ്ചാം ക്ലാസ് വരെയുള്ളു അവിടെ. ഇപ്പോൾ ഏഴാം ക്ലാസ്സ് വരെയുണ്ടവിടെ. പിന്നെ കുന്ദംകുളത്തെ ഗവർമെന്റ് അന്ധവിദ്യാലയത്തിൽ ചേർന്നു. ആറും ഏഴും അവിടെ പഠിച്ചു. പിന്നെ അവിടെ തന്നെ അടുത്ത് കുന്ദംകുളം ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ്സിൽ ചേർന്നു.അന്ധരായ രണ്ടു പേർ കൂടെ ഒപ്പമുണ്ടായിരുന്നു.

`ബ്രെയിൽ പുസ്തകം പ്രിന്റ് ചെയ്തതൊന്നുമില്ല. ഒരു തുളസിദാസ് ഉണ്ടായിരുന്നു. അവൻ നന്നായി വായിക്കും. കാഴ്ചയുള്ളവർ വായിക്കുന്ന വേഗത്തിൽ. എനിക്ക് വായിക്കാനും എഴുതാനും ഒക്കെ വളരെ സ്പീഡ് കുറവായിരുന്നു. ഞാൻ കുറെ പ്രായമായിട്ടാണല്ലോ സ്കൂളിലൊക്കെ ചേർന്നത്. അപ്പോ രാജൻ എഴുതിത്തരും. തുളസി ദാസ് വായിച്ചു തരും. അങ്ങനെ ഞങ്ങൾ മൂന്നാളും കൂടി എസ്.എസ്.എൽ.സി പാസായി.''

`അന്ന് പരീക്ഷക്ക് സ്ക്രൈബ് സിസ്റ്റം ആയി. അതായത് അന്ധരായവർ എഴുതുന്നതോ പറയുന്നതോ മറ്റുള്ളവർ മാറ്റിയെഴുതി നൽകും. അല്ലെങ്കിൽ ഞാൻ പാസാവുക പോലുമില്ലായിരുന്നു. ബ്രെയിലിയിൽ എഴുതിയിട്ട് ബ്ലൈൻഡ് സ്കൂളിലെ മാഷുമാർ വായിച്ചു കൊടുക്കും. മറ്റുള്ളവർ അത് പകർത്തും. എനിക്ക് ഇംഗ്ലീഷ് കുറച്ച് മോശമായിരുന്നു. ഇംഗ്ലീഷിലെ ഗൈഡിൽ നോക്കിയിട്ട് അഞ്ച്പത്ത് ചോദ്യങ്ങൾ ബൈഹാർട്ട് പഠിച്ചിരുന്നു. അതുപോലെ ഒന്നോ രണ്ടോ പദ്യമേ ഞാൻ പഠിച്ചുള്ളു. അതിൽ ഒരു പദ്യം വന്നു. പിന്നെ ഡി.ഇ.ഒ ഇടക്കിടെ വന്നു നോക്കും. പരീക്ഷയിൽ കൃത്രിമം ചെയ്യുന്നുണ്ടോ എന്നറിയാൻ. അങ്ങനെ ഞങ്ങൾ മൂന്നാളും സ്ക്രൈബ് സിസ്റ്റത്തിൽ പരീക്ഷ എഴുതി. അവർക്ക് രണ്ടു പേർക്കും ക്ലാസ്സ് ഉണ്ടായിരുന്നു. എനിക്ക് 51% മാർക്കേ ഉണ്ടായിരുന്നുള്ളു. എന്നെ സംബന്ധിച്ചിടത്തോളം അതു



*മകൻ ഹരിയും കുടുംബവും.*

> 1967ൽ സെപ്റ്റംബറിൽ ഞാൻ എസ്.എസ്.എൽ.സിക്ക് പഠിക്കുമ്പോഴാണ് സംഘടന ആരംഭിച്ചത്. അപ്പോൾ എനിക്ക് 28 വയസ്സുണ്ട്. എനിക്ക് 51% മാർക്കേ ഉണ്ടായിരുന്നുള്ളു. അതുതന്നെ വലിയ അത്ഭുതമാണ്. പിന്നെ ശ്രീകൃഷ്ണ കോളേജിൽ ചേർന്നു. സ്കോളർഷിപ്പ് ഒന്നും കിട്ടിയില്ല. മാത്രമല്ല മറ്റുള്ളവരുടെ സഹായം ഇല്ലാണ്ട് പഠിക്കാൻ പറ്റാത്തോണ്ട് ഒരു കൊല്ലം കഴിഞ്ഞപ്പോ പഠിത്തം അവസാനിപ്പിച്ചു.

തന്നെ വലിയ അത്ഭുതമാണ്. അപ്പോൾ എനിക്ക് 28 വയസ്സുണ്ട് പ്രായം. പിന്നെ ശ്രീകൃഷ്ണ കോളേജിൽ ചേർന്നു. ഒരു കൊല്ലം അവിടെ പഠിച്ചു. സ്കോളർഷിപ്പ് ഒന്നും കിട്ടിയില്ല. മാത്രമല്ല മറ്റുള്ളവരുടെ സഹായം ഇല്ലാണ്ട് പഠിക്കാൻ പറ്റാത്തോണ്ട് ഒരു കൊല്ലം കഴിഞ്ഞപ്പോ പഠിത്തം അവസാനിപ്പിച്ചു.''

അക്കാലത്താണ് കാഴ്ച പരിമിതിയുള്ളവർക്ക് മാത്രമായി ഒരു സംഘടന വേണമെന്ന് അഭിപ്രായമുയരുന്നത്. ഇന്ത്യയിൽ നാഷണൽ അസോസിയേഷൻ ഫോർ ദ ബ്ലൈൻഡ് എന്ന ഒരു സംഘടനയുണ്ട്. ഇ.വി.ജോസഫ്, അദ്ദേഹം ബ്ലൈൻഡാണ്. ആദ്യമായി കേരളത്തിൽ എം.എ പാസ്സായ ബ്ലൈൻഡാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അഞ്ചെട്ടാളുകൾ കൂടി ഒരു കമ്മറ്റി കൂടി എന്നെ കൺവീനർ ആയി തിരഞ്ഞെടുത്തു. ഒരു കമ്മറ്റി രൂപീകരിച്ചു. കുന്ദംകുളത്ത് വച്ച് സമ്മേളനം കൂടിയിട്ട് സംഘടന രൂപീകരിക്കാൻ തീരുമാനിച്ചു.

1967ൽ സെപ്റ്റംബറിൽ ഞാൻ എസ്.എസ്.എൽ.സിക്ക് പഠിക്കുമ്പോൾ സെപ്റ്റംബർ13 നാണ് സംഘടന ആരംഭിച്ചത്. പുതിയ ഒരാൾ കൂടി വന്നു. ജോർജ്ജ് കുട്ടി കാരേപ്പറമ്പിൽ. അദ്ദേഹം ബ്ലൈൻഡ് സ്കൂളിൽ ഒന്നും പഠിച്ചിട്ടില്ല. അദ്ദേഹത്തിന് കാഴ്ചകുറവാണ്. കോളേജിൽ ഒക്കെ പഠിച്ച് ഡിഗ്രി കഴിഞ്ഞപ്പോഴാണ് അദ്ദേഹത്തിന് കാഴ്ച ശക്തി കുറഞ്ഞത്. എം.എ. ഫസ്റ്റ് ക്ലാസ്സ് ആയി പാസായ ഒരു പി.ഒ. വർഗ്ഗീസ്. അദ്ദേഹത്തിനെ സെക്രട്ടറിയായിട്ടും ഇ.വി.ജോസഫിനെ പ്രസിഡന്റായിട്ടും കാരേപ്പറമ്പിലിനെ ജോയിന്റ് സെക്രട്ടറിയായിട്ടും തിരഞ്ഞെടുത്തു. 72 വരെ അങ്ങനെ പോയി. ഞങ്ങളൊക്കെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർമാരും.

72 ആയപ്പോഴേക്ക് സെക്രട്ടറി സ്ഥാനത്തേക്ക് ജോർജ്ജുകുട്ടി കാരേപ്പറമ്പിൽ വന്നു. എന്നെ പ്രസിഡന്റായിട്ടും തിരഞ്ഞെടുത്തു. ഇങ്ങനെ 10 കൊല്ലം ഞങ്ങളൊരുമിച്ച് പ്രവർത്തനം നടത്തി. തിരുവനന്തപുരത്ത് സമരം നടത്തുമ്പോൾ എന്റെ അടുത്ത് ഇരിക്കാൻ വേണ്ടി ജോർജ്ജുകുട്ടിയെയാണ് ഏൽപ്പിച്ചിരുന്നത്. അദ്ദേഹത്തിന് കുറച്ച് കാഴ്ചയുണ്ടല്ലോ. അദ്ദേഹം ഈ പത്തു ദിവസം എന്നോട് ഓരോ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. അദ്ദേഹം എന്നോട് പറഞ്ഞു. ബ്ലൈൻഡ് സ്കൂളിൽ ഇരുന്ന് എനിക്ക് പരിചയമില്ല. എനിക്ക് എന്തേലും ചെയ്യണമെന്ന് ആഗ്രഹമുണ്ട്. ഉണ്ണികൃഷ്ണൻ എന്നെ സഹായിക്കുകയാണെങ്കിൽ ഞാൻ പ്രവർത്തിക്കാം. എന്നെ കൊണ്ടു കഴിയുന്ന പോലെ ഞാൻ സഹായിക്കാം.


ബ്ലൈൻഡ് സ്കൂളിൽ ഒക്കെ എനിക്ക് പരിചയമുണ്ട്. കുന്ദംകുളം, തിരുവനന്തപുരം, കാസർഗോഡ്, മങ്കട പള്ളിപ്പുറം. അവിടെയൊക്കെ പോയി അദ്ദേഹത്തെ എല്ലാവർക്കും പരിചയപ്പെടുത്തി. അദ്ദേഹത്തിന് കോളേജ് അദ്ധ്യാപകനാവാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരുന്നു. അതിനു പോവാതെ 30 കൊല്ലം ഈ സംഘടനക്ക് വേണ്ടി പ്രവർത്തിച്ചു. ഗവൺമെന്റിൽ നിന്ന് എല്ലാ ജില്ലയിലും10 ഉം 40 ഉം സെന്റ് സ്ഥലം സൗജന്യമായി കിട്ടി, അദ്ദേഹത്തിന്റെ പ്രവർത്തനം കൊണ്ട്. ഉമ്മൻചാണ്ടി ഒരിക്കൽ പറഞ്ഞിട്ടുണ്ട് ജോർജ്ജു കുട്ടി എന്റെ അടുത്ത് പല പ്രാവശ്യം വന്നിട്ടുണ്ട്. കാഴ്ചയില്ലാത്തവരുടെ കാര്യമല്ലാതെ അദ്ദേഹത്തിന്റെ ഒരു കാര്യവും എന്നോട് ഇതു വരെ പറഞ്ഞിട്ടില്ലെന്ന്. അങ്ങനെ കേരളാ ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് വളർന്നു വളർന്നു വന്നു.

കുന്ദംകുളത്ത് വെച്ച് സംഘടനാ രൂപീകരിക്കുമ്പോൾ അന്ന് 75 പേരുണ്ടായിരുന്നു. കേരളത്തിന്റെ നാനാ ഭാഗത്തു നിന്നു വന്നവർ. രണ്ട് ദിവസം അവിടെ ഗുരുവായൂരൊക്കെ പോയി 700 രൂപ പിരിച്ചു. അതിൽ 2 ദിവസത്തെ 75 പേരുടെ ഭക്ഷണചിലവെല്ലാം കഴിച്ച് 32 രൂപ ബാക്കിയുണ്ടായിരുന്നു, അത് അന്നത്തെ സെക്രട്ടറി പി.ഒ.വർഗ്ഗീസിനെ ഏൽപ്പിച്ചു. അതാണ് തുടക്കം.

ഇന്ത്യയിൽ പലേടത്തു സഞ്ചരിച്ചിട്ടുണ്ട് ഈ നമ്പൂതിരി.

ഡെറാഡൂണിൽ പോയി ട്രെയിനിംഗ് കഴിച്ചു. ബ്ലൈൻഡിന് ടീച്ചേർസ് ട്രെയിനിംഗിനായി ഒരു അറ്റാച്ച്മെന്റ് കോഴ്സ് ഉണ്ട് അവിടെ. 25 പേരെ ഇന്റർവ്യൂ നടത്തിയിട്ട് അതിൽ 5 പേരെ എടുത്തു. ഒന്ന് ഞാനായിരുന്നു. ഏജ് ഓവർ

ജനനം: 1935 ആഗസ്റ്റ് 21 ന്
റിട്ടയർ ചെയ്തത്: 1995ൽ
ഭാര്യ: ഗംഗാദേവി പെരിയാട് വെള്ളിയോട്ടില്ലം.
മകൻ: ഹരി മാതമംഗലം ജി.എച്ച്.എസിൽ.
മകന്റെ ഭാര്യ: സുഷമ നീലേശ്വരം യു.പി.സ്കൂളിൽ.
മകൾ: മുരിയിൽ മുണ്ടനാട് ബിന്ദു. ഭർത്താവ്: വാമനൻ ബാങ്കിൽ.



**മുഖ്യമന്ത്രി അച്ചുതമേനോനെ പല പ്രാവശ്യം പോയി കണ്ടിട്ടുണ്ട്. ഗവൺമെന്റിൽ നിന്ന് ഒരു ലക്ഷം രൂപ ഞാൻ തന്നെയാ വാങ്ങിയത്. അച്ചുതമേനോൻ ആണ് എന്റെ കയ്യിൽ ചെക്ക് തന്നത്. ഞാൻ ബ്ലൈൻഡിന്റെ പ്രസിഡന്റായിരുന്നു.**

ആവാൻ21 ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളു, എനിക്ക് ഫസ്റ്റ് റാങ്ക് കിട്ടി. അങ്ങനെ ഞാൻ , ടി.പി.അച്ച്യുതൻ, ലളിതാ ജയിൻ, ഗൗരിക്കുട്ടി, അങ്ങനെ 5 പേർക്ക് കിട്ടി. 2 കൊല്ലം ഞങ്ങൾ തിരുവനന്തപുരം അന്ധവിദ്യാലയത്തിൽ ട്രെയിനിംഗ് കഴിച്ചു. ഹസ്സൻ സാറായിരുന്നു അവിടുത്തെ ഹെഡ്മാഷ്. അദ്ദേഹം ക്ലാസ്സെടുക്കും. ഞങ്ങൾക്ക് വേണ്ടി ഒരു ടീച്ചറെ നിയമിച്ചു. ഈ കോഴ്സ് കഴിഞ്ഞു. കോഴ്സ് കഴിഞ്ഞപ്പോൾ ജേക്കബ് ചെറിയാൻ സാർ ആയിരുന്നു ഡയറക്ടർ. അദ്ദേഹത്തെ കുന്ദംകുളത്ത് പഠിക്കുമ്പോൾ തന്നെ പരിചയമുണ്ട്. അദ്ദേഹത്തിന് സംഘടനയോടും ഫെഡറേഷനോടും ഒക്കെ നല്ല അടുപ്പമാണ്. അദ്ദേഹം പറഞ്ഞു.

`ഏതായാലും ഗവൺമെന്റ് നിങ്ങൾ അഞ്ച് പേർക്കും ജോലി തരാൻ തീരുമാനിച്ചിട്ടുണ്ടല്ലോ, അത് കൊണ്ട് ഇനി പി.എസ്.സി.ക്കൊന്നും പോകേണ്ട ആവശ്യമില്ല, നിങ്ങൾ അഞ്ച് പേരും തൃപ്തികരമാണെന്ന് ഹെഡ്മാഷ് റിപ്പോർട്ട് തന്നാൽ ഞാൻ നിങ്ങളെ അഞ്ച് പേരെയും എവിടെയാ വേണ്ടതെന്ന് വച്ചാൽ പോസ്റ്റ് ചെയ്യാം.'

അങ്ങനെ ഹെഡ്മാഷ് തൃപ്തികരമാണെന്ന് റിപ്പോർട്ട് എഴുതികൊടുത്തു. ഞങ്ങൾ അഞ്ച് പേരും നന്നായിട്ട് ക്ലാസെടുക്കുകയൊക്കെ ചെയ്യുമായിരുന്നു. എവിടേക്കാ വേണ്ടത് എന്നു ചോദിച്ചു. ഞാൻ കാസർഗോഡ് പോയിക്കോളാം എന്ന് പറഞ്ഞു. ഞാൻ പഠിച്ച സ്ക്കൂൾ ആണ്. കാഴ്ചയുള്ളവരും ഇല്ലാത്തവരായാലും അവിടെ വന്നാൽ ജോയിൻ ചെയ്തിട്ട് ലീവ് എടുത്ത് പോകും. പിന്നെ മറ്റെവിടേക്കെങ്കിലും ട്രാൻസ്ഫർ വാങ്ങിപ്പോകും. അതാണ് പതിവ്. ഞാൻ പഠിച്ച സ്കൂളാണ്. എന്റെ നാടാണ്. ഞാൻ കാസർഗോഡ് പോയ്ക്കോളാമെന്ന് പറഞ്ഞു. എന്നെ കാസർഗോഡ് നിയമിച്ചു. ഇന്നിപ്പോൾ കാഴ്ചയില്ലാത്തവർ, ഞാൻ പഠിപ്പിച്ച കുട്ടികൾ തന്നെ പത്തിരുപത് പേർ ജോലി ചെയ്യുന്നുണ്ട്.

ഞാൻ മുഖ്യമന്ത്രി അച്ചുതമേനോനെയൊക്കെ പല പ്രാവശ്യം പോയി കണ്ടിട്ടുണ്ട്. അന്ധരുടെ ആവശ്യങ്ങൾ പറയാൻ. എന്നോട് സംസാരിക്കാൻ പറയും. ഞങ്ങൾക്ക് ബസിന് സൗജന്യം കിട്ടണം അതായിരുന്നു ഒരിക്കൽ ആവശ്യം. മറ്റു ചില വികലാംഗർ പറഞ്ഞു. ഇയാൾ ഇങ്ങനെ സംസാരിക്കയാണ്, വെറുതെ സമയം കളയാണ്, അപ്പോൾ അച്ചുതമേനോൻ പറഞ്ഞു. നിങ്ങൾക്ക് ഒന്നും പറയാനില്ലല്ലോ, അയാള് പറയട്ടെ.

അക്കാലത്ത് നമ്മുടെ കൂടെ ഒരാൾ പോവുകയാണെങ്കിൽ ട്രെയിനിൽ 2 പേർക്കും കൺസെഷൻ കിട്ടും. ഒരു ടിക്കറ്റിൽ രണ്ട് പേർക്ക് പോകാം. അത് രണ്ട് പേർക്ക് വൺ ഫോർത്താക്കി കുറച്ചു.

ഇപ്പോൾ പ്രിന്റഡ് പുസ്തകം ഉണ്ട്. ബ്രെയിൽ പ്രസ് ഉണ്ട്. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ ബ്രെയിലി പ്രസ് ഉണ്ട്. ഗവൺമെന്റിൽ നിന്ന് ഒരു ലക്ഷം രൂപ ഞാൻ തന്നെയാ വാങ്ങിയത്. അച്ചുതമേനോൻ ആണ് എന്റെ കയ്യിൽ ചെക്ക് തന്നത്. ഒരു ലക്ഷം രൂപയുടെ. ഞാൻ പ്രസിഡന്റായിരുന്നു അന്ന്. തിരുവനന്തപുരത്ത് വെച്ച് ഒരു മീറ്റിങ്ങിൽ വെച്ചിട്ട്. അങ്ങനെയാണ് ബ്രെയിൽ പ്രസ്സ് തുടങ്ങിയത്. ഇപ്പോൾ ബ്രെയിൽ പുസ്തകങ്ങളുണ്ട്.

1978 ൽ ഏപ്രിൽ1ന് കാസർഗോഡ് അന്ധവിദ്യാലയത്തിൽ അധ്യാപകനായി ചേർന്നു. അപ്പോഴേക്കും പ്രിന്റഡ് പുസ്തകം ഒക്കെ വന്നിരുന്നു. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ബ്രെയിൽ പാഠപുസ്തകങ്ങൾ അടിച്ചിറക്കി. ഞാൻ മലയാളം ആണ് എടുക്കുന്നത് അവിടെ കാസർഗോഡ്. എന്റെ കൂടെ ബ്ലൈൻഡ് ടീച്ചേർസും ഉണ്ടായിരുന്നു രണ്ടാം ക്ലാസുമുതൽ, അന്ന് പിന്നെ ഏഴാം ക്ലാസ്സ് വരെയായി.

നിത്യവും രണ്ട് ദിനപത്രങ്ങൾ വായിച്ചു കേൾക്കും. ഒരു സ്ഥിരം റേഡിയോ ശ്രോതാവ് കൂടിയാണ്.

ഞാൻ പുറത്തൊന്നും പോവാത്തതു കൊണ്ട് ലാന്റ് ലൈൻ മാത്രമേ ഉപയോഗിക്കാറുള്ളു. മൊബൈൽ ഉപയോഗിക്കാറില്ല. മൊബൈൽ ഉപയോഗിക്കാൻ വിഷമമൊന്നുമില്ല. അതിന്റെ ആവശ്യം എനിക്ക് തോന്നിയിട്ടില്ല. ഞാൻ പുറത്തൊന്നും പോവാറേ ഇല്ല. ഇപ്പോൾ ബ്രെയിൽ പുസ്തകങ്ങൾ ഒന്നും വായിക്കാറേയില്ല. നോവലൊന്നും ബ്രെയിലിൽ പ്രിന്റ് ചെയ്തു വന്നു തുടങ്ങിയിട്ടില്ല. പിന്നെ റേഡിയോയിൽ എല്ലാ വാർത്തകളും കേൾക്കും. മറ്റെല്ലാ പരിപാടികളും കേൾക്കും. റേഡിയോ മാത്രമായിട്ട് തൃപ്തിപ്പെടുകയാണ്. 5.50 ആകുമ്പോ റേഡിയോ തുറന്നു വെക്കും.

ചെവി കേൾക്കുന്നത് കുറച്ച് കുറവുണ്ട്. അടുത്തു വെച്ചാലേ കേൾക്കാൻ പറ്റൂ. റേഡിയോ അടുത്ത് വെച്ചിട്ട് കേൾക്കും. റേഡിയോവിന്റടുത്ത് മറ്റൊന്നും ആവില്ല. കാഴ്ചയുള്ളവർക്കും അതേ കാഴ്ചയില്ലാത്തവർക്കും അതേ. പിന്നെയിപ്പോൾ ടിവിയുണ്ട്. അത് എടുത്ത് നടക്കാൻ പറ്റ്വോ. കണ്ണൂരിൽ നിന്ന് ഓരോ മണിക്കൂറിനും രണ്ട് മിനിറ്റ് വാർത്തയുണ്ട്. അതും കേൾക്കും.

സംഘടനക്ക് വേണ്ടി ഇത്രയും കാര്യങ്ങൾ ചെയ്യാൻ പറ്റിയതിൽ സന്തോഷമുണ്ട്. ചാരിതാർത്ഥ്യമുണ്ട്. ആവശ്യപ്പെട്ടതെല്ലാം ഇന്ന് അനുഭവത്തിൽ വന്നിട്ടുമുണ്ട്. എത്രയോ ആൾക്ക് ജോലി, കോളേജിൽ ലക്ചേർസ് ഉണ്ട്. ഹൈസ്കൂളിൽ ടീച്ചേർസ് ഉണ്ട്. ബ്ലൈൻഡ് സ്കൂളിൽ ടീച്ചേർസ് ഉണ്ട്.

ഭാര്യയാണ് പുറംകണ്ണ്. കൃഷ്ണമണികളായി രണ്ടു മക്കളും. ഒരു വേള പഴക്കേമറിയാൽ ഇരുളും മെല്ലെ വെളിച്ചമായിടും എന്ന് പറഞ്ഞിട്ടില്ലേ. അത് ശരിയാണ്. ശരിക്കു പറഞ്ഞാൽ എനിക്ക് വെളിച്ചമില്ലാന്നുള്ള ബോധമില്ല. അവിടെയും ഇവിടെയുമൊക്കെ തട്ടുകയും മുട്ടുകയുമൊക്കെ ചെയ്യും. എന്നാലും ഞാൻ തൃപ്തനാണ്. ●

താമരക്കുളം ദിവാകരൻ നമ്പൂതിരി
മൊബൈൽ: 9447337337
ഉണ്ണികൃഷ്ണൻ നമ്പൂതിരി,
ചേറ്റൂർ ഇല്ലം, കാനായി.പി.ഒ,
പയ്യന്നൂർ 670307,
മൊബൈൽ: +91 4985277854



# വായനക്കാരുടെ പേജ്

പ്രതികരണങ്ങൾ
വാട്ട്സ്ആപ്പ് ചെയ്യൂ
9400992823

## സ്വർഗ്ഗത്തിൽ പോയ ദിവാൻ

സ്വസ്തിയിൽ വന്ന സ്വർഗ്ഗത്തിൽ വിളമ്പാൻ പോയ ദിവാൻ... (കെ. എം.ഉദയൻ നമ്പൂതിരിപ്പാട്) വായിച്ചു. ദിവാകരേട്ടനെ അറിയുന്നവർക്ക് വളരെ കുറച്ച് മാത്രമേ പറഞ്ഞുള്ളൂ എന്ന് തോന്നിയിരിക്കാം. പക്ഷേ പരിമിതികൾ ഉണ്ടല്ലോ.സ്വർഗ്ഗത്തിൽ ആദ്യവസാനക്കാരനാവാൻ പോയ ദിവാൻ എന്ന തലക്കെട്ടും യോജിക്കുമായിരുന്നു. ദിവാകരേട്ടനു പകരം ദിവാകരേട്ടൻ മാത്രം. നമിക്കുന്നു ആസ്മരണകൾക്ക് മുന്നിൽ. പലരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോവുമ്പോൾ ആലങ്കാരികമായി പറയാറുണ്ട്. നികത്താനാവാത്ത നഷ്ടമെന്ന്. ദിവാകരേട്ടനെക്കുറിച്ച് അത് നൂറു ശതമാനവും ശരിയാണ്. നമ്പൂതിരി സമുദായത്തിൽ ഒരുപാട് പ്രതിഭകൾ മൺമറഞ്ഞു പോയി. അവരുടെ പാണ്ഡിത്യം കഴിവുകൾ ആരും അറിഞ്ഞില്ല. ഈ സാഹചര്യത്തിൽ സ്വസ്തിയുടെ ഈദൃശ സംരംഭത്തിന് പ്രത്യേക നന്ദി. ലേഖനം എഴുതിയ ഉദയനും നന്ദി. സമുദായത്തിലെ അറിയപ്പെടാതെ പോയവരെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്ന സദുദ്യമം സ്വസ്തി ഇനിയുംതുടരണം.

ഹരിദാസ് എം പി
മഞ്ഞപ്പറ്റ മന, മേഴത്തൂർ പി ഒ
തൃത്താല, പാലക്കാട് ജില്ല
മൊബൈൽ:9447433001



## സ്വർഗത്തിൽ വിളമ്പാൻ പോയ ദിവാൻ

സ്വസ്തി ഒക്ടോബർ ലക്കം.ഒറിജിനാലിറ്റിയുള്ള പശ്ചാത്തലങ്ങളും വേറെ ഒന്നിന്റേയും സ്വാധീനമില്ലാത്ത ആവിഷ്കാരങ്ങളുമാണ് സ്വസ്തിയുടെ വ്യത്യസ്തത. സ്വർഗത്തിൽ വിളമ്പാൻ പോയ ദിവാൻ, നിത്യ ചാത്തക്കാരനായ ഉണ്ണി നമ്പൂതിരി എന്നീ രചനകളിൽ നിന്ന് ആവോളം ജീവിതം കോരിയെടുത്തു.

മുകുന്ദൻ മാങ്ങോട്ട്രി,
പി.ഒ: തൃക്കലങ്ങോട്
വഴി:കരുവമ്പ്രം, മഞ്ചേരി,
പിൻ:676123 മലപ്പുറം ജില്ല, മൊബൈൽ: 9567876329

മാസിക കിട്ടി. വായിക്കാൻ ധാരാളമുണ്ട്

എൻ. അജയകുമാർ
തേവാരത്തു മഠം
പി.ഓ. പുതുവേലി,
കൂത്താട്ടുകുളം പിൻ 686636
മൊബൈൽ 94478 48263

## മുസ്ലീം സുഹൃത്തിന്റെ സംശയം

'വായിച്ചു സാർ, അഭിമാനകരം. ആവേശകരം.അതിലെ സംസ്കൃത പദം മനസ്സിലായില്ല.' സ്വസ്തിയിലെ ചെറു ലേഖനം വായിച്ച് ഒരു മുസ്ലിം സുഹൃത്തിന്റെ സംശയം. എന്റെ മറുപടി താഴെ.
വൈദിക വിധിപ്രകാരമുള്ള യാഗങ്ങൾ,ഹോമങ്ങൾ എന്നീ ചടങ്ങുകൾ നടത്തുന്നത് ലോകത്തിന്റെ മൊത്തം അഭിവൃദ്ധിക്കുവേണ്ടിയാണ്. അതുകൊണ്ട് തന്നെ ഓരോമന്ത്രജപത്തിനും ഹോമത്തിനും ശേഷം അഗ്നയേ ഇദം ന മമ എന്നും ചൊല്ലും. അർത്ഥം അഗ്നിദേവാ ഇത് എനിക്ക് വേണ്ടിയല്ല. സ്വന്തം സ്വാർത്ഥലാഭത്തിനല്ല,ലോകത്തിന്റെ മൊത്തം ഗുണത്തിനാണ് എന്ന് സാരം. നമ്മൾ ചെയ്യുന്ന കർമ്മങ്ങളും അങ്ങനെയല്ലേ ഏലിയാസ്. അല്ലെങ്കിൽ അങ്ങനെയാവണ്ടേ.



കർമ്മം അത് ഏത് മേഖലയിലായിക്കോട്ടെ അത് തന്നെയല്ലേ ഏറ്റവും വലിയ യജ്ഞം,ഈശ്വരാരാധന. അപ്പോൾ ഏവരുടേയും ഉള്ളിൽ വേണ്ടതല്ലേ ഈ പ്രാർത്ഥന.

Aniyan Mangotri
MRA-139,Ashramam Road
Mannamoola,Perurkada
Trivandrum-5,Phone:9496080045

# വായനക്കാരുടെ പേജ്

## കുട്ടികളെക്കൊണ്ട് വായിപ്പിക്കേണ്ട ലേഖനം

ഈ ലക്കം സ്വസ്തിയിലെ ആര്യൻ തൃപ്പൂണിത്തുറയെക്കുറിച്ചുള്ള ലേഖനം എല്ലാ കുട്ടികളെക്കൊണ്ടും വായിപ്പിക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. ആയിരം ഉപദേശങ്ങൾ നൽകുന്നതേക്കാൾ ഇത് ഗുണം ചെയ്യും.

ഉണ്ണികൃഷ്ണൻ നമ്പൂതിരി. തോട്ടത്തിൽ ഇല്ലം,
ഓച്ചിറ, കൊല്ലം ജില്ല, മൊബൈൽ 7907931775



## പയ്യന്റെ സ്റ്റോറി അസ്സലായി

കണ്ടു, ഒന്നോടിച്ചു നോക്കി. ആ പയ്യന്റെ സ്റ്റോറി അസ്സലായി.കെട്ടിലും മട്ടിലും നന്നാകുന്നുണ്ട്...മെച്ചപ്പെടുന്നത് അറിയാനുണ്ട്.എല്ലാ പേജും കളർ ആക്കിക്കൂടെ ?

കൃഷ്ണൻ നമ്പൂതിരിപ്പാട്, ബാണത്തൂർ ഇല്ലം
കരുമല, കോഴിക്കോട് മൊബൈൽ: 94473 38016

## അമ്മാത്തായിട്ടും അറിയാൻ സ്വസ്തി വേണ്ടിവന്നു



കൊയ്ത്തടി പരമേശ്വരേട്ടന്റെ ലേഖനം (മുല്ലപ്പള്ളി ഈശനേട്ടനെ പറ്റി) വായിച്ചപ്പോൾ എന്റെ അമ്മാത്തായ കാവുങ്കൽ മനയെ കുറിച്ചും വലിയമ്മാമനെ പറ്റിയും അറിയാത്ത ഒരു പാട് വിവരങ്ങൾ അറിയാൻ കഴിഞ്ഞു. ഒന്ന് രണ്ട് കൊല്ലം മുൻപ് ഈശാനേട്ടനെ കണ്ടപ്പോൾ കുറേ കാര്യങ്ങൾ പറഞ്ഞു. എന്നാൽ അദ്ദേഹത്തിന്ന് കേൾവിക്ക് കുറവുണ്ടായത് കൊണ്ട് വിശദമായി പറഞ്ഞില്ല. സ്വസ്തിയിലെ ലേഖനം മൂലം എല്ലാ കാര്യങ്ങളും അറിയാൻ കഴിഞ്ഞു. സ്വസ്തിക്കും പരമേശ്വരേട്ടനും ഒരുപാട് നന്ദി.

രാമദാസ്.ടി.കെ, തിരുനാരായണപുരത്ത്
കിഴിയേടത്ത് മന, പി.ഒ തിരുവാഴിയോട്,പിൻ: 679514,പാലക്കാട്
ജില്ല,മൊബൈൽ: 9447962642

സ്വസ്തി എത്ര പുതിയ വിവരങ്ങളാണ് നൽകുന്നത് എന്നറിയില്ല. നമ്മുടെ സമുദായത്തിലെ പലരുടെയും നല്ല പ്രവർത്തനങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നു. പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ

സ്വപ്ന പി.കെ. പൈക്കാട്ടു മന, പി.ഒ. തുരുത്തി,
വഴി കുറുപ്പംപടി, പെരുമ്പാവൂർ മൊബൈൽ 9447573708

## അഭിമുഖം നന്നായി

ജോർജ് ഓണക്കൂറിന്റെ അഭിമുഖം നന്നായിട്ടുണ്ട്. അനുപമ നന്ദകുമാർ, കൊണവൂർ മന, പി.ഒ കിള്ളിമംഗലം, പാഞ്ഞാൾ, തൃശൂർ ജില്ല. 9495850532

## If you could make QR code or online link

Swsthi magazine looks good. If you could make QR code or online link under main stories, it will reach more people.
Suresh Nampoothiri , Chandramana Illom , Thiruvalla Mobile: 94462 69400

## Very nice Magazine.

You people are doing a great job.
K. Harikumar Namboothiri, Harisree Madom, Pannivizha, Anandapally P.O, Adoor, Pathanamthitta (Dist), Mobile: 94971 06392

## സ്വസ്തിയുടെ പിന്തുണയിൽ ചാരിതാർഥ്യം

ആര്യന്റെ അച്ഛനാണ് ഞാൻ, സന്ദീപ് നമ്പൂതിരി. സ്വസ്തി കഴിഞ്ഞ ലക്കത്തിൽ ആര്യനെക്കുറിച്ച് നൽകിയ വിശദമായ കവറേജിൽ സന്തോഷം. സ്വസ്തിയുടെ പിന്തുണയിൽ വലിയ ചാരിതാർഥ്യമുണ്ട്. നന്ദിയും.

സന്ദീപ് നമ്പൂതിരി,
നമ്പർ 5/സി,റോയൽ മുണ്ടോർകോട്ട് ഫ്ളാറ്റ്, പി.ഒ.
തൃപ്പൂണിത്തുറ, പിൻ : 682301
മൊബൈൽ: 94955 47479



## ഹൈക്കോടതി രജിസ്ട്രാർ

ആദ്യത്തെ ഹൈക്കോടതി രജിസ്ട്രാർ (ഒക്ടോബർ ലക്കം) എന്ന ഗിരീഷ് ഇളമണ്ണിന്റെ മുത്തച്ഛനെ കുറിച്ചുള്ള വിവരണം നന്നായിരിയ്ക്കുന്നു. ഗിരീഷിന്റെ മുത്തച്ഛന് ഒരു സഹോദരനും (കെ.എൻ. കുട്ടൻ നമ്പൂതിരി) രണ്ട് സഹോദരിമാരും ഉണ്ടായിരുന്നു ( ശ്രീദേവിയും, പാർവ്വതിയും ). അവരിൽ പാർവതിയെ എന്റെ അമ്മാവൻ പാലൂർ താമരശ്ശേരി വടക്കേടം ശങ്കരൻ ആറാമനാണ് വേട്ടത്,1090 ൽ. രണ്ടു വർഷം കഴിഞ്ഞപ്പോൾ അവർ അകാല ചരമം പ്രാപിച്ചു. എന്റെ മൂത്ത അച്ചോളെ ഗിരീഷിന്റെ മുത്തച്ഛന്റെ ജ്യേഷ്ഠൻ കെ. എൻ.കുട്ടൻ നമ്പൂതിരിയും രണ്ടാമത്തെ അച്ചോളെ പാലൂർ താമരശ്ശേരി വടക്കേടം ശങ്കരൻ ആറാമനും വേളി കഴിച്ചു. എന്റെ അച്ഛന്റെയും പാലൂർ താമരശ്ശേരി വടക്കേടം ആറാമന്റേയും മാറ്റവിവാഹമായിരുന്നു.

ജി. നാരായണൻ നമ്പൂതിരി
ഇടമന മന,പെരുന്ന, ചങ്ങനാശ്ശേരി
മൊബൈൽ: 9400563870

# വായനക്കാരുടെ പേജ്

## ഡോ. പ്രസന്ന ഇപ്പോഴും സർവീസിൽ തുടരുന്നു

സ്വസ്തി ഒക്ടോബർ ലക്കത്തിൽ വൈദ്യമഠത്തിന്റെ പന്തിരുകുലപ്പെരുമ എന്ന ഫീച്ചറിൽ വൈദ്യമഠത്തിലെ ഇന്നത്തെ കണ്ണികൾ എന്ന ഭാഗത്ത് ഒരു പിശക് വരാനിടയായി. ഡോ. പ്രസന്ന എടവെട്ടിക്കാടിനെക്കുറിച്ച് പരാമർശിക്കുന്ന ഭാഗത്ത് അദ്ധ്യാപികയായി വിരമിച്ചശേഷം വൈദ്യമഠത്തിന്റെ തൃശ്ശൂർ ഏജൻസി നടത്തുന്നു



എന്ന് തെറ്റായിട്ടാണ് കൊടുത്തിരിക്കുന്നത്. ഡോ.പ്രസന്ന ഇപ്പോഴും വൈദ്യരത്നം ആയുർവ്വേദ കോളേജിൽ പ്രസൂതിതന്ത്രം വിഭാഗത്തിൽ അദ്ധ്യാപികയായി പ്രവർത്തിച്ചുവരികയാണ്. തെറ്റായ പരാമർശം വരാനിടയായതിൽ ഖേദിക്കുന്നു.

വൈദ്യമഠം വൈദ്യശാലാ
മാനേജ്മെന്റ് &
പ്രസിദ്ധീകരണ വിഭാഗം.

## ആരും വായിക്കില്ല എന്നു വിചാരിച്ചതിന് സംഭവിച്ചത്

ഒരു ചെറിയ ഷോക്ക്. അത്രയേ ആ സ്വസ്തിക്കുറിപ്പിൽ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. പക്ഷേ ആര് വായിക്കാൻ, ഉൾക്കൊള്ളാൻ? എന്റെ കുറിപ്പിലെ ജന്മ: പ്രഭൃതി എന്ന പ്രസിദ്ധ പ്രയോഗം ജന്മനാ പ്രകൃതി എന്ന് മാറ്റിയതെന്തേ? (മാറ്റിയതല്ല, അച്ചടിപ്പിശാച് വന്നു കയറിയതാണ്. സ്വസ്തി പത്രാധിപർ )


വി. ടി വാസുദേവൻ
DEEPAKAM,Green gardens
Opposite to ground
P.O.Chittilappilly,Thrissur: 680551
Mobile: 9447837902


## അറിവും അനുഭവവും

വി ടി ഭട്ടതിരിപ്പാടിന്റെ മകൻ വി ടി വാസുദേവൻ മാഷ് എഴുതിയ ലേഖനമാണ് സ്വസ്തി കിട്ടിയ ഉടനെ വായിച്ചത്. 'ഒന്നല്ല രണ്ടു തവണ വായിച്ചു. രണ്ടു തവണ വായിച്ചതിനു പിന്നിൽ എന്റെ ജീവിതത്തിൽ ഈ അടുത്ത് ഉണ്ടായ ഒരു അനുഭവമാണ്. സെപ്റ്റംബർ ഇരുപതിന് രാവിലെ അമ്മയ്ക്ക് പെട്ടെന്ന് വയ്യാതായപ്പോഴും അമ്മ ഇനി ഇല്ല എന്ന സത്യം അറിഞ്ഞപ്പോഴും ഞങ്ങ




ളുടെ കൂടെ നിന്ന് ആശ്വസിപ്പിച്ച ഞങ്ങളുടെ അയൽക്കാരെ ഞാൻ സ്വന്തക്കാർ എന്നല്ലേ വിളിക്കേണ്ടത്.

'ടീച്ചറേ കരയല്ലേ സാരല്യ' എന്നു പറഞ്ഞ് എന്നെ സമാധാനിപ്പിക്കുന്ന അടുത്ത വീട്ടിലെ കാക്കയുടെ മുഖം ജീവനുള്ളിടത്തോളം എന്റെ ഓർമയിലുണ്ടാവും. ഇനിയത്തെ തലമുറയ്ക്ക് ഇങ്ങിനെ ഒരയൽക്കാരെ സ്വപ്നത്തിൽ പോലും കിട്ടില്ല. ഈ ലേഖനത്തിലെ ഓരോ വാചകങ്ങളും ഇന്നത്തെ യാഥാർത്ഥ്യങ്ങൾ തന്നെ. ഉൽകൃഷ്ടമായ സ്വപ്നങ്ങളും ഇച്ഛയും കാഴ്ചപ്പാടുകളും സ്വീകരിച്ച് അയൽക്കാരനോടൊപ്പം കണ്ണീർ വാർക്കാനുള്ള മാനസിക പരിപാകം ആർജ്ജിക്കാൻ ന്യൂ ജനറേഷനിലെ എത്ര പേർ തയ്യാറാവും? എത്ര സത്യം അല്ലേ? മനസ്സിൽ തട്ടിപ്പോയി ഇത്.'മനുഷ്യന്റെ വലിപ്പം അനുഭവിച്ച ദുഃഖങ്ങളുടെയും സംഘർഷങ്ങളുടെയും ഉയർത്തെഴുന്നേൽപ്പുകളുടെയും വലിപ്പമാണ്. പേരിനൊപ്പം പ്രദർശിപ്പിക്കുന്ന ജാതിമതവാലിന്റെ നീളമല്ല ' ഇങ്ങിനെ പോകുന്നു ഈ ലേഖനം. വായിച്ചതിനു ശേഷം അദ്ദേഹത്തെ വിളിക്കാനും സംസാരിക്കാനും കഴിഞ്ഞത് വലിയ ഭാഗ്യം. എന്റെ അച്ഛന്റെ സുഹൃത്തായ അദ്ദേഹത്തിന്റെ എഴുത്തുകൾ ഇനിയുമിനിയും വായിക്കാൻ എല്ലാവർക്കും കഴിയട്ടെ. ആ തൂലികയിൽ നിന്നും ഇനിയുമിനിയും മൊഴിമുത്തുകൾ ഉതിരട്ടെ.


ശ്രീജ പട്ടലൂർ, ഉമ, പട്ടലൂർ മന,
മഞ്ചേരി, മൊബൈൽ 9946188670


## മാളികപ്പുറം മേശാന്തിയ്ക്ക് സ്വസ്തി സമ്മാനിച്ചു

മാളികപ്പുറം മേശാന്തിയായി തെരഞ്ഞെടുത്ത വൈക്കം ഇണ്ടംതുരുത്തി മന വി ഹരിഹരൻ നമ്പൂതിരിക്ക് സ്വസ്തി വൈക്കം പ്രതിനിധി ജയൻ പുതുമന സ്വസ്തി ത്രൈമാസിക സമ്മാനിച്ചു. ഇദ്ദേഹത്തെ സ്വസ്തി മാസികയുടെ അംഗമാക്കുകയും ചെയ്തു.ടിവി പുരം തിരുമണി വെങ്കിടാപുരം ശ്രീരാമ ക്ഷേത്രത്തിൽ ശാന്തിക്കാരനായ ഹരിഹരൻ നമ്പൂതിരി പരേതനായ വാസുദേവൻ നമ്പൂതിരിയുടെയും മോനാട്ട് മനയിൽ പരേതയായ പാർവതി അന്തർജ്ജനത്തിന്റെയും മകനാണ്. മൂത്തേടത്തുകാവ് ഭഗവതി ക്ഷേത്രത്തിലെ ഊരാണ്മ അവകാശി കൂടിയാണ്. കേരള ബാങ്ക് ഉദ്യോഗസ്ഥയും ഇരിങ്ങാലക്കുട മരുതൂർമന കുടുംബാംഗവുമായ സംഗീതയാണ് ഭാര്യ. വിദ്യാർത്ഥികളായ വേദ ഹരി, വിവേക് ഹരി എന്നിവരാണ് മക്കൾ.



# വായനക്കാരുടെ പേജ്

## ഇല്ലപ്പെരുമയിലെ വാരിയങ്കുന്നൻ

സ്വസ്തി നല്ല നിലവാരം പുലർത്തുന്നുണ്ട്. ജെ. ഇ. ഇ പരീക്ഷയിൽ മികച്ച വിജയം നേടിയ ആര്യൻ എസ്. നമ്പൂതിരിയെ പോലെയുള്ളവരുടെ അഭിമുഖം, തീർച്ചയായും ഒരു പ്രചോദനമാണ്.

'ഇല്ലപ്പെരുമ' യിൽ 'മലബാർ കലാപം: വാരിയങ്കുന്നൻ മരാട്ടെ കുടിയാൻ' എന്ന ഭാഗം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വസ്തിയിൽ പ്രസിദ്ധീകരിച്ചതാണോ യഥാർത്ഥതിൽ സംഭവിച്ചത്. അതോ വേറെ രീതിയിൽ ആയിരുന്നുവോ എന്നൊരു സംശയം. സംശയം ദൂരീകരിക്കാൻ ആശ്രയിച്ചത് മറ്റൊരു നമ്പൂതിരിപ്പാട് എഴുതിയ 'ഖിലാഫത്ത് സ്മരണകൾ' (മാതൃഭൂമി ബുക്സ് 2010-ൽ പ്രസിദ്ധീകരിച്ചത്) എന്ന പുസ്തകം ആണ്.

സ്വസ്തിയിയിൽ പറയുന്നത്. 'കലാപത്തിൽ നിന്നും തന്റെ ജന്മിമാരായ മനക്കാരെ രക്ഷിക്കാനായിരുന്നു ഇവിടെ വാരിയങ്കുന്നൻ ശ്രമിച്ചത്. ഗണപതി ഭഗവാനടക്കം ഇല്ലത്തുള്ളവരെയും ആശ്രിതരെയും വിഭവങ്ങളെയും (സുമാർ 100 പേർ മനയിൽ നിന്നും 50 കിലോമീറ്റർ ദൂരമുള്ള തിരൂർ റെയിൽവേ സ്റ്റേഷനിൽ എത്തിക്കാൻ 30 കാളവണ്ടികളായിരുന്നു. എല്ലാം വിത്ത് ഡ്രൈവേസ് - വാരിയങ്കുന്നൻ ഏർപ്പാട് ചെയ്തത്.'

മോഴികുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് തന്റെ പുസ്തകത്തിൽ എഴുതുന്നത് മറ്റൊരു കഥയാണ്. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിനെ ലഹള തുടങ്ങിയ സമയത്ത് തന്നെ പോലീസ് പിടികൂടി ജയിലിൽ ആക്കിയിരുന്നു. ആയതുകൊണ്ടുതന്നെ അദ്ദേഹത്തിനു ലഹളയിൽ നടന്ന അതിക്രമങ്ങളെ കുറിച്ച് നേരിട്ടുള്ള വിവരങ്ങൾ ഇല്ല എന്ന് അദ്ദേഹം തുറന്നു സമ്മതിക്കുന്നുണ്ട്. അദ്ദേഹം ആശ്രയിച്ചത് മറ്റുള്ളവർ എഴുതിയ ലേഖനങ്ങൾ ആണ്. അതിൽ ഒന്ന് വൈലാശേരി മേലേടത്ത് വാസുദേവൻ നമ്പൂതിരി 'യോഗക്ഷേമ'ത്തിൽ (പുസ്തകം 3, ലക്കം 3) എഴുതിയ ലേഖനം ആണ്. അതിലെ പ്രസക്ത ഭാഗങ്ങൾ,

'ഇല്ലത്തെ വക കച്ചീട്ട് മുതലായ റിക്കാർഡുകളും പരദേവതയുടെ വിഗ്രഹവുമെടുത്ത് മരാട്ടു വന്നു. അവരും ഞങ്ങളോടു കൂടി പുറപ്പെട്ടു. ഇരുപത്തിരണ്ട് അന്തർജ്ജനങ്ങൾ, ഇരുപത്തിമൂന്ന് നമ്പൂതിരിമാർ, പന്ത്രണ്ട് കുട്ടികൾ, ഇരുനൂറോളം മറ്റുള്ള ഹിന്ദുസ്ത്രീകൾ. ഇങ്ങനെ ഒരു സംഘമായി പുറപ്പെട്ടു. ഇരുപത്തയ്യായിരം പറ നെല്ലു പിരിവുള്ള നമ്പൂതിരിയാണ് മരാട്ടുനമ്പൂരി. സകലരും സർവസ്വവും ഉപേക്ഷിച്ച് പോകയാണ്. യാതൊരുത്തർക്കും യാതൊരു സഹായവുമില്ല'

'ഞങ്ങള് പാണ്ടിക്കാട്ടുള്ള പട്ടാളത്തിന്റെ ക്യാമ്പില് വന്നു. ഞങ്ങളുടെ തോക്ക് ഡെപ്പോസിറ്റു വെക്കുവാൻ ആവശ്യപ്പെട്ടു. സായ്പ് (ഇംഗ്ലീഷുകാർ) ഞങ്ങളെയെല്ലാം വന്നു കണ്ടു. വളരെ അനുകമ്പാപൂർവം ഇന്ന് മൂന്നര മണിയാകയാല് നാളെയേ പോകുവാൻ പാടുള്ളൂ എന്നു പറഞ്ഞു. ഇന്നിന്ന വഴിക്കു പോകരുതെന്നും ഉപദേശിച്ചു. ഞങ്ങൾക്കു ഭക്ഷണ സൌകര്യവും ചെയ്തുതന്നു. പിറ്റേദിവസം രാവിലെ പത്തു നാഴിക നടന്ന് മഞ്ചേരി എത്തി. ഞങ്ങളുടെ കൂടെ ഇരുപത്തഞ്ച് റിസർവ്വ് പോലീസിനെ സായ്പ് അയച്ചു തന്നു.'

പിറ്റെ ദിവസം ഊണു കഴിച്ച് പുറപ്പെട്ടു. ബുധനാഴ്ച വൈകുന്നേരം കോട്ടയ്ക്കലെത്തി. ആദരപൂർവം കോട്ടയ്ക്കൽ കോവിലകത്തുനിന്ന് സകലസൗകര്യവും ചെയ്തു തന്നു. പിറ്റേ ദിവസം വ്യാഴാഴ്ച രാവിലെ അവിടെ നിന്നും തിരൂരെത്തി.

വൈലാശേരി മേലേടത്ത് വാസുദേവൻ നമ്പൂതിരിയുടെ അനുഭവകുറിപ്പിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചത്. വാരിയങ്കുന്നനോ, ചെമ്പ്രശ്ശേരി തങ്ങളോ മരനാട്ട് ഇല്ലക്കാർക്കോ, മറ്റു നമ്പൂതിരിമാർക്കോ, മറ്റു ഹൈന്ദവർക്കോ ഒഴിഞ്ഞു പോകാനായി ഒരു സൗകര്യവും ഒരുക്കിയിരുന്നില്ല എന്നാണ്. എന്നു മാത്രമല്ല, നമ്പൂതിരിമാർ കൂടി ഉൾപെടുന്ന ഹൈന്ദവർക്ക് ആശ്വാസം കൊടുത്തതും സംരക്ഷണം കൊടുത്തതും, അന്നത്തെ ഭരണകൂടവും, പോലീസ് സംവിധാനവും തന്നെയാണ്. അന്തർജനങ്ങൾക്ക് സഞ്ചരിക്കാൻ ആയി റെയിൽവേ ഒരു 'കമ്പാർട്ട്മെന്റ്' തന്നെ ഒരുക്കിയിരുന്നു എന്നും വൈലാശേരി നമ്പൂതിരി എഴുതിയിട്ടുണ്ട്. മരാട്ട് ഇല്ലക്കാരും, പുല്ലൂർ ഇല്ലക്കാരും ഇന്ന് തൃശ്ശൂർ ജില്ലയിൽ ഉള്ള (അന്ന് കൊച്ചി രാജ്യത്തിന്റെ ഭാഗം) വെള്ളാമ്പറമ്പ് മനയിൽ ആണ് താമസിച്ചിരുന്നത് എന്നും, വൈലാശേരി ഇല്ലക്കാർക്ക് താമസിക്കാൻ സൗകര്യം ഒരുക്കിയത് പഴയേടത്ത് ഇല്ലക്കാർ ആയിരുന്നു എന്നു കൂടി എഴുതിയിട്ടുണ്ട്.

ഇന്നത്തെ കാലത്ത് 'മതേതരത്വം' & 'പുരോഗമന ചിന്താഗതി' ഈ സമുദായത്തിനു ഉണ്ട് എന്ന് തെളിയിക്കാൻ വേണ്ടിയാണോ 1921-ൽ നടന്ന പോലെയുള്ള ഒരു വർഗ്ഗീയ ലഹളയേയും, അതിനു നേതൃത്വം കൊടുത്തവരേയും വെള്ള പൂശാൻ ശ്രമിക്കുന്നത് എന്ന് തോന്നി പോകുന്നു.സ്വസ്തിക്ക് ആശംസകൾ നേർന്നുകൊണ്ട് തന്നെ.


സച്ചിൻ പെരിന്തലക്കാട്.
MIG C-647, 12th Cross,
20th Main Surya City Phase 1,
Anekal Main Road, Chandapura,
Bangalore: 560081, Mob: 9901 961 838




ഞാൻ ജാഫർ ഈരാറ്റുപേട്ട. മരാട്ടു മനയുമായി ബന്ധപ്പെട്ട് എഴുതിയ ലേഖനം വായിച്ചിരുന്നു. വലിയ സന്തോഷം തോന്നി. ഈ കലുഷിതമായ കാലത്തും ഇത്തരം നന്മനിറഞ്ഞ ലേഖനങ്ങൾ വരുന്നതിൽ മനം നിറഞ്ഞു. സത്യങ്ങൾ മറകൂടാതെ അവതരിപ്പിച്ചിരിക്കുന്നു. ഈ ഫീച്ചർ വലിയ പ്രചാരമുള്ള പത്രമാധ്യമങ്ങളിൽ വരേണ്ട ഒന്നാണ് .സ്വസ്തി അനുവാദം തന്നാൽ ഞാൻ ശ്രമിക്കാം .എല്ലാവർക്കും ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.വാരിയങ്കുന്നന്റെ ബന്ധു പരമ്പരകളിൽപ്പെട്ട ഒരാളാണ് ഞാൻ. എഴുത്തുകാരനും റിട്ടയേർഡ് അധ്യാപകനുമാണ്. വാഗൺ ട്രാജഡിയെ പറ്റിയുള്ള ചില അറിയപ്പെടാത്ത കാര്യങ്ങൾ സ്വസ്തിയുടെ മുൻ ലക്കങ്ങളിലൊന്നിൽ (ഇല്ലപ്പെരുമ) പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നറിഞ്ഞു. വിരോധമില്ലെങ്കിൽ സോഫ്റ്റ് കോപ്പി നൽകാമോ?


ജാഫർ ഈരാറ്റുപേട്ട,
മൊബൈൽ:9400975003

# ഇനിയില്ല ശ്ലോകങ്ങൾ ശോകങ്ങൾ



**ഒക്ടോബറിൽ കഥാവശേഷനായ അക്ഷരശ്ളോകാചാര്യൻ മാടമ്പി ജാതവേദൻ നമ്പൂതിരിയെ ഓർക്കുമ്പോൾ**

**ശ്യാമ എം.എസ്**



> തനിക്ക് കിട്ടിയ വിലപ്പെട്ട മെഡലുകൾ കൊണ്ട് മുത്തശ്ശിക്ക് വളകൾ ഉണ്ടാക്കി കൊടുത്തു. ആ വളയിട്ട കൈകളെ പലപ്പോഴും താലോലിക്കുന്നത് കണ്ടിട്ടുണ്ട് ഞാൻ.

പശുവിനെ മേയ്ക്കുമ്പോൾ നാരായണീയത്തിലെ ശ്ലോകങ്ങൾ ഉരുവിട്ടു പഠിക്കുക. ഒഴിഞ്ഞ സിഗററ്റ് കൂടിനകത്തും, തുണ്ടു കടലാസിൽപ്പോലും ശ്ലോകങ്ങൾ കിട്ടുന്ന മുറക്ക് എഴുതി വയ്ക്കുകയും അവ അടുക്കി സൂക്ഷിയ്ക്കുകയും ചെയ്യുക. അതായിരുന്നു എന്റെ മുത്തശ്ശൻ. മാടമ്പി മനയ്ക്കൽ ജാതവേദൻ നമ്പൂതിരി. രണ്ടു വർഷം മുമ്പായിരുന്നു ശതാഭിഷേകം. ഇപ്പോഴിതാ ശ്ലോക്കങ്ങളും ശോകങ്ങളുമില്ലാത്ത വിഷ്ണുലോകത്തേക്ക് യാത്രയായിരിക്കുന്നു.

ഇനി അമ്മാത്തേക്കു പോകുമ്പോൾ കാത്തിരിക്കാൻ ഒഴിഞ്ഞ ചാരുകസേര മാത്രം. വരുന്നുണ്ടെന്നു പറഞ്ഞാൽ ഉമ്മറത്തുണ്ടാവും. ആദ്യമൊക്കെ റോഡിൽ വന്നു കാത്ത് നിൽക്കലായിരുന്നു, പിന്നെ മുറ്റത്തായി. പിന്നെ ഉമ്മറത്തെ കസേരയിലും. എത്ര വയ്യായ ഉണ്ടെങ്കിലും പടിക്കലേക്കു നോക്കിയുള്ള കാത്തിരിപ്പു ഒഴിവാക്കാറില്ല. ഇനിയില്ല ആ കാത്തിരിപ്പ്.

ഒരു പാട് മത്സര വേദികളിൽ നിന്ന് മറ്റുള്ളവരെ പിൻതള്ളി കൊണ്ട് ഒന്നാം സ്ഥാനക്കാരായി തിളങ്ങി. ഗുരുവായൂർ ഏകാദശിയോടനുബന്ധിച്ച് ഗുരുവായൂർ ക്ഷേത്രത്തിൽ നടത്തുന്ന അക്ഷരശ്ലോക വേദിയിൽ നിന്ന് ആദ്യ സുവർണ്ണ മെഡൽ നേടിയെടുത്തു. പിന്നീടങ്ങോട്ട് നാരായണീയം സുവർണ്ണ മുദ്ര ,ചാക്കോള സുവർണ മുദ്ര, കൊടുങ്ങലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സുവർണ്ണ മുദ്ര തുടങ്ങി നിരവധി പുരസ്കാരങ്ങൾ. അങ്ങിനെ ഒട്ടുമിക്ക വേദികളും പിടിച്ചെടുത്ത് പിന്നീട് മത്സരിയ്ക്കാൻ വേദികളില്ലാതായി ( ഒരു മത്സരത്തിൽ പങ്കെടുത്ത് സുവർണ്ണ മെഡൽ നേടിയാൽ പിന്നീട് ആ മത്സരത്തിൽ പങ്കെടുക്കാൻ കഴിയില്ല )

തനിച്ചു അമ്മാത്തു പോയി തിരിച്ചു വരുമ്പോൾ മുത്തശ്ശനും വരും കോങ്ങാട് വരെ. വേണ്ട ഞാൻ പൊക്കോളാം എന്നൊന്നും പറഞ്ഞാൽ കൂട്ടാക്കില്ല. ബസിൽ കേറ്റി കണ്ടക്ടറോട് പറയും, കുട്ടി തനിച്ചാണ് ശ്രദ്ധിക്കണം. ബസ് പോയിട്ടേ മുത്തശ്ശൻ പോകൂ.

കാക്കി ട്രൗസറും, വടിയും , കൊമ്പൻ മീശയും തൊപ്പിയുമായി നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു മുത്തശ്ശന് ... മുത്തശ്ശി പറഞ്ഞപ്പോൾ ഞാൻ ഒന്ന് സങ്കൽപ്പിച്ചു ആ ചിത്രം എന്റെ മനസ്സിൽ. എനിക്കത് ഇഷ്ട്ടായില്ല. എനിക്ക് മുത്തശ്ശൻ അങ്ങനെയല്ല. എല്ലാവരോടും സൗമ്യമായി ചിരിക്കുന്ന, എല്ലാവർക്കും നല്ലതു വരുത്തണേ എന്ന് പ്രാർത്ഥിച്ച് നാമം ജപിക്കുന്ന മുഖമാണ് എനിക്ക് മുത്തശ്ശൻ.

മുത്തശ്ശി പറയാറ്ണ്ട് മുത്തശ്ശനെപ്പോലെ ഒരാളെ കിട്ടാൻ ഭാഗ്യം ചെയ്യണംന്ന്. മുത്തശ്ശിയെ അങ്ങനെയാണ് കൊണ്ടു നടന്നിരുന്നത്. എപ്പോഴും പറയും 'എന്നെ പിടിക്കണ്ട മുത്തശ്ശിയെ പിടിക്ക്.' അതായിരുന്നു ആ കരുതൽ.

തനിക്ക് കിട്ടിയ വിലപ്പെട്ട മെഡലുകൾ കൊണ്ട് മുത്തശ്ശിക്ക് വളകൾ ഉണ്ടാക്കി കൊടുത്തു. ആ വളയിട്ട കൈകളെ പലപ്പോഴും താലോലിക്കുന്നത് കണ്ടിട്ടുണ്ട് ഞാൻ. ഇതിൽപ്പരം ഭാഗ്യം ചെയ്ത ആത്തേമ്മാരെ കാണാൻ സാധിച്ചെന്നു വരില്ല. അവസാന നിമിഷത്തിലും മുത്തശ്ശിക്ക് വേണ്ടത് ചെയ്ത് കൊടുത്തിട്ടാണ് മുത്തശ്ശൻ പോയത്. തലേ ദിവസം തൊടിയൊക്കെ പുല്ല് വെട്ടി വൃത്തിയാക്കിച്ചു. തന്റെ ചിതയൊരുക്കാനുള്ള സ്ഥലം ഉൾപ്പെടെ. മരിക്കണ ദിവസം കൂടി മുത്തശ്ശിക്ക് വെള്ളം ചൂടാക്കാനുള്ള വിറക്ക് ശരിയാക്കി കൊടുത്തു . എന്നിട്ട് പറഞ്ഞു :

'ദാ തനിക്ക് മൂന്നാല് ദിവസത്തിനുള്ള വിറക്ണ്ട്.' മുത്തശ്ശൻ മരിക്കുന്നതിന് ഒരാഴ്ച മുമ്പ് മുത്തപ്ഫൻ വന്നിരുന്നു. വീട് പണി കഴിഞ്ഞ് അധികായിട്ടില്ല. മുകളിലെല്ലാം കാണാൻ മോഹംണ്ട്, പക്ഷെ കോണി കേറാൻ വയ്യ.

വീഴോ പേടിണ്ട് ഏട്ടാ എന്ന് പറഞ്ഞപ്പോൾ, ഇല്യ നീ പേടിക്കണ്ട, വീഴില്ല. പതുക്കെ പിടിച്ച് കേറിക്കോ.പിന്നിൽ ഞാനുണ്ട് എന്ന് പറഞ്ഞ് അനിയനെ മുകളിൽ കയറ്റി കാണിച്ചു കൊടുത്തു.

മുത്തശ്ശന്റെ സൗഹൃദവും എന്തും ഏറ്റെടുത്ത് നടത്താനുള്ള കഴിവും കണ്ടിട്ടാവണം മുത്തച്ഛന്റെ വലിയച്ഛനായ മാടമ്പി അടീരി എന്തൊരാവശ്യം വന്നാലും 'അനിയൻ ഇത്രേടം വരെ ഒന്ന് വരണം ... ചില കാര്യങ്ങള് നടത്താനുണ്ട് ' എന്ന് പറഞ്ഞ് മുത്തച്ഛനെ വിളിപ്പിയ്ക്കാറാണ് പതിവ്.

ഒരു കാലത്ത് ചുറ്റുവട്ടത്തൊക്കെ രാത്രി കള്ളൻമാരുടെ കളവ് കാരണം ആരും നേരം ഇരുട്ടിയാൽ പുറത്തിറങ്ങാതെ പേടിച്ച് ഇരിയ്ക്കുമ്പോൾ രാത്രി അത്താഴം കഴിഞ്ഞാൽ വലിയ 5 കട്ട ബാറ്ററി ടോർച്ചും അരയിൽ ഒരു കഠാരിയും കയ്യിൽ വടിയുമായി മൂന്നുനാല് പരിചയക്കാരെയും കൂട്ടി കള്ളനെ പിടികൂടാൻ റോന്ത് ചുറ്റുമായിരുന്നെന്ന് കേട്ടിട്ടുണ്ട്. അതോടെ കള്ളൻമാരുടെ ശല്യവും ഒഴിവായി.

ബസ് കണ്ടക്ടറായി. എൽ ഐ സി ഏജൻന്റായി. കൃഷിയും പശുവളർത്തലും തടിക്കച്ചവടവും നോക്കി. മുപ്പത് വയസിന് ശേഷം ശ്ലോകസപര്യയും. അക്ഷരശ്ലോക മത്സരത്തിൽ അവതരണത്തിന്റെ ഭംഗിയ്ക്കു കൂടി മാർക്കിടാൻ തുടങ്ങിയത് മുത്തച്ഛന്റെ അവതരണ ശൈ

ലി കണ്ടിട്ടാണെന്ന് കേട്ടിട്ടുണ്ട്. അതുവരെ ശ്ലോകത്തിന് മാർക്കിടുന്ന രീതിയേ ഉണ്ടായിരുന്നുള്ളുവത്രെ. അക്ഷരശ്ലോക കലയ്ക്ക് ഇത്രയേറെ ആസ്വാദകരെ സൃഷ്ടിച്ച മറ്റൊരാളുണ്ടാവില്ല. മുത്തശ്ശൻ പോയി എന്നറിഞ്ഞു വിങ്ങി പൊട്ടിയ എന്നെ അനൂട്ടി സമാധാനിപ്പിച്ചപോലെ വേറെ ആരും പറഞ്ഞില്ല. 'അമ്മ കരയണ്ട വല്യേ മുത്തശ്ശൻ ഗുരുവായൂരപ്പന്റെ അടുത്തല്ലേ പോയെ, അവിടെ ഇരുന്നു എല്ലാവരെയും നോക്കും, ഞാൻ വികൃതി കാണിക്കുന്നുണ്ടോ ഓപ്പോളേ ദ്രോഹിക്കുന്നുണ്ടോ എന്നൊക്കെ നോക്കും. കരയണ്ടാട്ടോ'

ചിലപ്പോഴൊക്കെ ബാല്യം നമ്മളെക്കാൾ പക്വത കാട്ടും. മുത്തശ്ശൻ പുമുഖത്തില്ലാത്ത അമ്മാത്ത് സങ്കൽപ്പിക്കാനാവുന്നില്ല. ഒന്നുറപ്പ്, എന്നിലെയുപ്പായി എന്നിലെ ഞാനായി, പുതു തലമുറക്കൊരു പാഠമായി, എന്നിലെ നല്ല കഥയായി മുത്തശ്ശനുണ്ട് കൂടെ. ●

(ശ്യാമ എം.എസ്, മമ്മിളി ഇല്ലം, പി.ഒ പാലത്ത്, വഴി കക്കോടി, കോഴക്കോട്.ശ്യാമയുടെ അമ്മാത്തെ മുത്തശ്ശനാണ് മാടമ്പി. ശ്യാമയുടെ മൊബൈൽ :9846401869)

# ആകാശപ്പരപ്പിലൂടെ ആളില്ലാവിമാനം പറത്തി ഒന്നാം സ്ഥാനം

ആകാശപ്പരപ്പിലൂടെ ആളില്ലാവിമാനം (യു.എ.വി.) പറത്തി നാരായണൻ ചിറ്റൂർ. കോതമംഗലം മാർ അത്തനേഷ്യസ് എൻജിനീയറിങ് കോളേജിലെ അവസാനവർഷ മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർഥിയാണ്. ഓട്ടോമോട്ടിവ് എൻജിനീയേഴ്സ് സൊസൈറ്റി ചെന്നൈഎസ് ആർ എം യൂണിവേഴ്സിറ്റിയിൽ നടത്തിയ ഓൾ ഇന്ത്യ എയ്റോ ഡിസൈൻ ചലഞ്ച് മത്സരത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയ നാരായണന്റെ ടീം അഖിലേന്ത്യാതലത്തിൽ പതിനഞ്ചാം സ്ഥാനവും കരസ്ഥമാക്കി.

അഞ്ച് കിലോഗ്രാം ഭാരം ഉയർത്താൻ ശേഷിയുള്ളതും രണ്ടേകാൽ മീറ്റർ സ്പാൻ ഉള്ളതും നാന്നൂറടി ഉയരത്തിൽ ഇരുപത്തിയഞ്ച് മിനിറ്റ് തുടർച്ചയായി പറക്കാൻ കഴിയുന്നതുമായ ഫിക്സഡ് വിങ്സ് ആളില്ലാ വിമാനമാണ് നാരായണൻ ചിറ്റൂരിന്റെ നേതൃത്വത്തിൽ ഏഴ് വിദ്യാർഥികൾ അടങ്ങുന്ന ടീം നിർമ്മിച്ചത്.



ചെന്നൈ എസ് ആർ എം യൂണിവേഴ്സിറ്റി നടത്തിയ ഏയ്റോ ഡിസൈൻ ചാലഞ്ച് 2022 ൽ ആളില്ലാവിമാനം രൂപകല്പന ചെയ്ത് സംസ്ഥാനതലത്തിൽ ഒന്നാം റാങ്ക് നേടിയ കോതമംഗലം മാർ അതനേഷ്യസ് കോളേജിലെ ടീമിന്റെ ലീഡർ നാരായണൻ ചിറ്റൂർ. അയ്യന്തോൾ ചിറ്റൂർ മനയ്ക്കൽ രാജന്റെയും പനയ്ക്കാട് സന്ധ്യയുടെയും മകനാണ്. ●

മൊബൈൽ 82814 27648

# പാണിഗ്രഹണം

കൂടുതൽ പാണിഗ്രഹണങ്ങൾ
പേജ് 122 & 123

| | | | | | |
|---|---|---|---|---|---|
| | ഗു | | ബു | ശു കു | |
| | ര | ശു | ശി | | |
| ല മ | കു ബു മ | ഗ്രഹനില | | | സ |
| ശി | | | | മാ | |
| ര | ച | സ | ഗു | ല | |
| | | ച മാ | | | |

**ഭദ്ര ജി.** ജനനം: 3.4.1994. സമയം: 5.34 pm. ജനനസ്ഥലം: തിരുവനന്തപുരം. ഉയരം: 166 സെ.മീ. നക്ഷത്രം: പൂരാടം, വേദം: യജുർവേദം. ഗോത്രം: അംഗിരാസ്. വിദ്യാഭ്യാസം: ബി.ടെക്, ഇ.സി.ഇ. ജോലി: ടെക്നോളജി അനലിസ്റ്റ്, ഇൻഫോസിസ്. അച്ഛൻ: ജി.ഗണേശ്, റിട്ട. ഡി.ജി.എം, കാനറാ ബാങ്ക്. അമ്മ: ഡോ. എസ്.ജി.മഞ്ജു, ബി.എച്ച്.എം.എസ്. സഹോദരി: എം.ഇ. (സിവിൽ) പഠിക്കുന്നു. ഇല്ലം: മരങ്ങോട്ടില്ലം, കുടമാളൂർ. അമ്മാത്ത്: എടമന മഠം, അരുവിക്കര. വിലാസം: ദേവികൃപ, അമ്പാടി നഗർ, ശ്രീകാര്യം, തിരുവനന്തപുരം. മൊബൈൽ: 9447340411, 9447741373

| | | | | | |
|---|---|---|---|---|---|
| | | മ | മാ | | |
| | ര ബു ല | ശു | ച | കു | |
| ബു | | ഗ്രഹനില | | ഗു ശി | ച ശു ശി ല |
| സ | മ സ മാ | | | | |
| | | | | | |
| | | | കു | ര ഗു | |

**അശ്വിൻ കെ.പി.** ജനനം: 22.03.1991 (1166 മീനം 8). സമയം: 6.18 a.m. ജനനസ്ഥലം: തൃശൂർ. നക്ഷത്രം: രോഹിണി. ഉയരം: 152 സെ.മീ. വിദ്യാഭ്യാസം: എം.എ. മലയാളം, ബി.എഡ്, സെറ്റ്. ജോലി: യു.പി.എസ്.ടി. (എയ്ഡഡ് സ്കൂൾ). അച്ഛൻ: പരമേശ്വരൻ കെ.എൻ. (റിട്ട. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശ്രീകേരളവർമ്മ കോളേജ്, തൃശൂർ). അമ്മ: ഗീത വി.എച്ച്. സഹോദരങ്ങൾ ഇല്ല. വിലാസം: കുഴുപ്പിള്ളി മന, പേങ്ങാമുക്ക് പി.ഒ., കാട്ടകാമ്പാൽ വഴി, തൃശൂർ- 680544. മൊബൈൽ: 9447794640.

| | | | | | |
|---|---|---|---|---|---|
| | | ഗു | ച കു | ബു ശി | |
| | | ശു | ച ശി | ര ബു | |
| ല | മ | ഗ്രഹനില | | മാ | |
| | | | | കു | ഗു |
| | | ല രാ | | ഗു | |
| | ല | ര മ | | ശു മാ | |

**വിശാഖ് കെ. നമ്പൂതിരി.** ജനനം: 18.6.1993. സമയം: 6.08 pm. നക്ഷത്രം: രോഹിണി. ഉയരം: 180 സെ.മീ. വിദ്യാഭ്യാസം: എം.എസ്.സി. കെമിസ്ട്രി, ബി.എഡ്. ജോലി: അദ്ധ്യാപകൻ. ഇല്ലം: കണ്ടോത്തില്ലം. അച്ഛൻ: റിട്ട. ബാങ്ക് മാനേജർ. അമ്മ: റിട്ട. അദ്ധ്യാപിക. വിലാസം: കെ.കെ.നമ്പൂതിരി, കണ്ടോത്തില്ലം, കൃഷ്ണശ്രീ. ഇല്ലം മൂല, മട്ടന്നൂർ 670702, കണ്ണൂർ. മൊബൈൽ: 9495325566.

## ജന്മശതാബ്ദി വർഷത്തിൽ ഈ ദമ്പതിമാരെ ഓർക്കാം

# ഇവർ നടത്തിയത്

# ജാതിരഹിത വിപ്ളവം



*തൃശൂർ പാവറട്ടി ചെറുവക്കര മനയ്ക്കൽ പരേതരായ കൃഷ്ണൻ നമ്പൂതിരിയും പത്നി പാർവതി അന്തർജനവും*

ഒരു നിശ്ശബ്ദവിപ്ളവത്തെക്കുറിച്ചാണ് ഈ കുറിപ്പ്. നൂറുവർഷം മുമ്പ് ജനിച്ച ഒരു നമ്പൂതിരിയും അദ്ദേഹത്തിന്റെ അന്തർജനവും നടത്തിയത്. തൃശൂർ പാവറട്ടി ചെറുവക്കര മനയിൽ കൃഷ്ണൻ നമ്പൂതിരിയും പത്നി മലപ്പുറം വളാഞ്ചേരി ഇരുമ്പിളിയം ദേശത്ത് പട്ടാഴിമനയിൽ പാർവ്വതി അന്തർജ്ജനവുമാണ് കഥാപാത്രങ്ങൾ. എന്റെ അച്ഛനമ്മമാർ.

**അണിമംഗലം സാവിത്രി അന്തർജനം**



ആ വിപ്ളവത്തെപ്പറ്റി പറയാം. 1956 നവംബർ ഒന്ന് കേരളപ്പിറവി. അന്ന് പാവറട്ടിയിൽ ഒരു ഘോഷയാത്ര നടത്തി. വേലായുധൻ എന്ന ഹരിജൻ യുവാവിന്റെ നേതൃത്വത്തിലുള്ള പഞ്ചവാദ്യ സംഘമായിരുന്നു മുന്നിൽ. ജാതിവ്യവസ്ഥ ശക്തമായി നിലനിന്നിരുന്ന കാലം. ഹരിജൻ വിഭാഗത്തിന് പൊതുരംഗത്തു വേദികിട്ടുക ബുദ്ധിമുട്ടാണ്. എന്നാൽ അച്ഛൻ പുരോഗമന വാദിയായിരുന്നു, മാത്രമല്ല അതു നടപ്പാക്കാൻ അധികാരമുള്ള പഞ്ചായത്തു പ്രസഡന്റുമായിരുന്നു. അയ്യൻകാളിയുടെ വില്ലുവണ്ടി സമരം പോലൊന്നായി അത്.

അച്ഛൻ നടത്തിയ മറ്റൊരു ഇടപെടൽ പറയാം. എന്റെ ഏടത്തി തിരൂരിലെ ഒഴൂർ ഇടയൂർ മനയിലെ പാർവ്വതി ഒമ്പതാം ക്ലാസ്സിൽ പഠിയ്ക്കുമ്പോഴാണ്. സിനിമ കണ്ടാൽ കുട്ടികൾ ചീത്തയാകും. ഈ വാദത്തോട് യോജിയ്ക്കാത്തവർ എഴുന്നേറ്റു നിൽക്കാൻ മലയാളം ടീച്ചർ പറഞ്ഞു. മിക്കകുട്ടികളും എഴുന്നേറ്റു നിന്നു. ഒരാഴ്ചയോളം ഇങ്ങനെ തുടർന്നു. അവസാനം ഏടത്തിയൊഴികെ എല്ലാവരും ഇരുന്നു.

ഇല്ലത്തിനടുത്ത സിനിമാഹാളിൽ ഞങ്ങളെല്ലാവരും പോകാറുമുണ്ടായിരുന്നു. അങ്ങനെയെങ്കിൽ ഇല്ലത്തുള്ള എല്ലാവരും ചീത്തയാവണ്ടേ? ഏടത്തി തീരുമാനത്തിൽ ഉറച്ചു നിന്നു. അപ്പോഴേയ്ക്കും ആരോ പറഞ്ഞ് അച്ഛനും ഇതറിഞ്ഞു. അച്ഛൻ ഇതന്വേഷിയ്ക്കാൻ പോയാൽ ഏടത്തിയെ തോൽപ്പിയ്ക്കും എന്ന് പറഞ്ഞു. എങ്കിലും അച്ഛൻ എച്ച്.എമ്മിനെ പോയി കണ്ടു. മകൾ പറയുന്നതിൽ വാസ്തവമുണ്ടോ എന്നറിയാൻ.

'പഠിയ്ക്കാത്തതുകൊണ്ടാണ് മകളെ എഴുന്നേൽപ്പിച്ചു നിർത്തിയതെങ്കിൽ ഒരു വിരോധവുമില്ല. എന്നാൽ സിനിമയെ ഇങ്ങനെ കാണുന്നത് ശരിയല്ല. ഞങ്ങൾ കുടുംബമായി സിനിമ കാണാൻ പോകാറുണ്ട്. അതുകൊണ്ട് ഈ വാദം ശരിയല്ല എന്ന് ആ ടീച്ചറെ പറഞ്ഞു മനസ്സിലാക്കണം.'

അതും പറഞ്ഞു അച്ഛൻ സ്കൂളിൽ നിന്നു പോന്നു. പിറ്റേ ദിവസം ഏടത്തിയെ ക്ലാസ്സിലിരുത്തി. എന്നാൽ ആ വർഷം തോൽപ്പിച്ചു. അച്ഛൻ ടി.സി വാങ്ങി അടുത്തുള്ള ഗവ.സ്കൂളിൽ ചേർത്തു. അവിടന്ന് നല്ല മാർക്കോടെ പാസ്സായി പോളിടെക്നിക്കൽ കോളേജിൽ ചേർത്തു. വർക്ക് എക്സ്പീരിയൻസ് ടീച്ചറായി ജോലിയും കിട്ടി. മറ്റുള്ളവരുടെ വ്യക്തിത്വത്തെ ഹനിയ്ക്കാത്തതായിരുന്നു അച്ഛന്റെ വ്യക്തിത്വം.

അച്ഛൻ പാവറട്ടി പഞ്ചായത്തിന്റെ പ്രഥമ പ്രസഡന്റായതും ഒരു സംഭവമാണ്. എഴുപത് വർഷം മുമ്പാണ്,1952 ൽ. ഭൂരിഭാഗം നമ്പൂതിരിമാരും യാഥാസ്ഥിതിക ചിന്താഗതിക്കാർ. അന്യമതസ്ഥരോടും പൊതുസമൂഹത്തോടും അധികം സമ്പർക്കമില്ലാത്ത കാലം. ഒരു ദിവസം നാട്ടുപ്രമാണിമാരായ നാലു കൃസ്ത്യാനികൾ ഇല്ലത്തെത്തി. പഞ്ചായത്തു തിരഞ്ഞെടുപ്പിൽ അച്ഛൻ പ്രസിഡന്റു സ്ഥാനാർത്ഥിയാവണമത്രെ.

ഭക്ഷ്യക്ഷാമ കാലത്ത് പ്രദേശവാസികൾക്കെല്ലാം ഒരു മാസത്തെ അരി. സ്കൂളിൽ ഉച്ചക്കഞ്ഞി. വിദ്യാലയത്തിനാവശ്യമായ മരങ്ങൾ. ഇങ്ങനെ പലവിധ സഹായങ്ങളും ചെയ്തു പോന്ന ആൾ. ഇത്ര ജനസമ്മതിയുള്ളവർ അന്നാട്ടിലില്ല. ഇതിലെല്ലാം അവർ എണ്ണിപ്പറഞ്ഞു.അതിനാൽ സ്ഥാനാർഥിയാവണം. ഇതേ ആവശ്യം ഉന്നയിച്ച് മുസ്ലിം പ്രമാണിമാരും സമീപിച്ചു. അവരോടും താല്പര്യമില്ലെന്നു തന്നെ പറഞ്ഞു. പക്ഷേ, എല്ലാവരും സ്നേഹത്തോടെ നിർബന്ധിച്ചപ്പോൾ വഴങ്ങേണ്ടി വന്നു. ജനങ്ങൾ നേരിട്ട് പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്ന രീതിയായിരുന്നു. വലിയ ഭൂരിപക്ഷത്തോടെ അച്ഛൻ പ്രസിഡന്റായി.

പാവറട്ടിയിലെ പ്രധാന റോഡുകളെല്ലാം അക്കാലത്ത് നിർമ്മിച്ചതാണ്. പാവറട്ടി- കുണ്ടുവക്കടവ് റോഡ്, കോലുക്കപ്പാലം – പെരിങ്ങാട് റോഡ്, പാവറട്ടി – പുതുമനശ്ശേരി കാസ്മി റോഡ്, മനപ്പടി – വെന്മേനാട് അമ്പല നട റോഡ് അങ്ങനെയങ്ങനെ...കുണ്ടുവക്കടവ് പാലത്തിന്റെ ആദ്യ പ്രപ്പോസൽ സർക്കാരിനു സമർപ്പിച്ചതും അച്ഛനാണ്.

പാവറട്ടി ചെറുവക്കര മനയിൽ രവി നമ്പൂതിരിയുടേയും ദേവകി അന്തർജ്ജനത്തിന്റേയും മകനായി 1914 ഏപ്രിൽ 25നാണ് ജനനം. അച്ഛന് അഞ്ച് ഓപ്പോളുമാരും ഒരു ഏട്ടനും. ചെറുപ്പത്തിൽ ത്തന്നെ അച്ഛൻ മരിച്ചു. പ്രാഥമിക വിദ്യാഭ്യാസം ഇല്ലത്തു തന്നെ. പിന്നെ,

# ബാഡ്മിന്റൻ കോർട്ട് ഉണ്ടാക്കി അച്ഛനും മക്കളും ഒന്നിച്ച് കളിച്ചു

പാവറട്ടി സെൻറ്ജോസഫ്സ് ഹൈസ്ക്കൂളിൽ. 1938 ൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്നു ബി.എ ബിരുദവും നേടി. സാക്ഷാൽ മുണ്ടശ്ശേരിയുടെ ശിഷ്യൻ.

തികഞ്ഞ ഗാന്ധിയൻ. നൂൽ നൂൽക്കുന്നതിനായി ചർക്കയും മറ്റും ഇല്ലത്തും മറ്റു വീടുകളിലും ഒരുക്കി. ഗാന്ധി സ്മാരക മന്ദിരത്തിനോട് ചേർന്ന് തുടങ്ങിയ വളം നിർമ്മാണശാല ഗവർണ്ണറായിരുന്ന വി.വി.ഗിരിയാണ് ഉദ്ഘാടനം ചെയ്തത്. ഇല്ലത്തെ തെങ്ങിൻ പറമ്പിന്റെ ഒരു ഭാഗം കൃഷിവകുപ്പിന്റെ മാതൃകാ കൃഷിത്തോട്ടമാക്കി. വിത്തുതേങ്ങാ സംഭരണയൂണിറ്റ്.

പാവറട്ടി സഹകരണ ബാങ്കിന്റെ പ്രസിഡന്റ്, സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റേയും ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിന്റേയും പി.ടി.എ. പ്രസിഡന്റ്, റൂറൽ ഹൗസിംഗ് സൊസൈറ്റിയുടെ സ്ഥാപക പ്രമോട്ടർമാരിൽ ഒരാൾ, സാഹിത്യ ദീപിക സംസ്കൃത വിദ്യാപീഠം മാനേജിങ് കമ്മറ്റിയിലെ അംഗം അങ്ങനെ നിവവധി പ്രസ്ഥാനങ്ങളിൽ നേതൃത്വം.

നിഷ്ഠയായ പൂജയും തേവാരത്തോടുമൊപ്പം തന്നെ അമ്പലമുറ്റത്തെ ആൽച്ചുവട്ടിൽ ബാഡ്മിന്റൻ കോർട്ട് ഉണ്ടാക്കി അച്ഛനും മക്കളും ഒന്നിച്ച് കളിച്ചു. ബാഡ്മിന്റൻ മാത്രമല്ല അച്ഛനും മക്കളും ചേർന്ന് ശീട്ടുകളിയും പതിവുണ്ട്. വെക്കേഷനിൽ. കളിക്കിടയിൽ പണ്ടത്തെ പല സംഭവങ്ങളും കഥകളും വിവരിയ്ക്കും. അങ്ങനെ ഒരു സന്ദർഭത്തിലാണ് ശീട്ടുകളിയിലെ ഗുരു അച്ഛന്റെ ചെറിയമ്മയാണെന്നറിയുന്നത്. എല്ലാവർക്കും ആകാംക്ഷയായി. കുട്ടികളെ കുടുംബത്ത് പിടിച്ചിരുത്താനുള്ള വേലയായിരുന്നുവത്രേ അത്.

ഇനി അമ്മ നടത്തിയ വിപ്ളവം പറയാം. 1922 ഏപ്രിൽ ഒന്നാം തീയതിയാണ് അമ്മയുടെ ജനനം. മലപ്പുറം വളാഞ്ചേരി ഇരുമ്പിളിയം ദേശത്ത് പട്ടാഴി നാരായണൻ നമ്പൂതിരിയുടേയും തൃശ്ശൂർ ചേറ്റുപുഴ മാനമ്പിള്ളി പാർവ്വതി അന്തർജ്ജനത്തിന്റേയും മകൾ.

സംസ്കൃതവും ശ്രീരാമോദന്തവും ശീലാവതിയും മാത്രമായിരുന്നില്ല അമ്മയുടെ ലോകം. ഇല്ലത്തിരുന്ന് ഇംഗ്ലീഷ് സ്വയം എഴുതിപ്പഠിച്ച് വശമാക്കിയ അനുഭവ സമ്പത്തുണ്ടായിരുന്നു അമ്മക്ക്. പാനേങ്കളി - കഥകളി സംഗീജ്ഞനായിരുന്ന മുത്തശ്ശനിൽ നിന്നും സംഗീതം. സംസ്കൃത പണ്ഡിതനായിരുന്ന ശങ്കുണ്ണി വാരിയരുടെ കീഴിൽ സംസ്കൃതം. മുത്തശ്ശിയിൽ നിന്ന് പാചകം. ചെറിയമ്മയിൽ നിന്ന് സാഹിത്യം. ചുറ്റുപാടുകളിൽ നിന്ന് പൊതുവിജ്ഞാനവും.



*കൃഷ്ണൻ നമ്പൂതിരിയും പത്നി പാർവതി അന്തർജനവും*

**സാക്ഷാൽ മുണ്ടശ്ശേരിയുടെ ശിഷ്യൻ.**

**സിനിമ കണ്ടാൽ മക്കൾ ചീത്തയാവില്ലെന്ന് സ്കൂളിൽ പ്പോയി പറഞ്ഞ അച്ഛൻ**

**ഹരിജനങ്ങളുടെ പഞ്ചവാദ്യത്തിന് പൊതുവേദി നൽകിയ നമ്പൂതിരി**

**ഗവർണ്ണറെക്കൊണ്ട് വളം നിർമ്മാണശാല ഉദ്ഘാടനം ചെയ്യിച്ച പഞ്ചായത്ത് പ്രസിഡന്റ്**

**ഇല്ലത്തിരുന്ന് ഇംഗ്ളീഷ് പഠിച്ചെടുത്ത അന്തർജനം**

ഇല്ലത്തിനടുത്ത് വെന്മേനാട് ഗ്രാമത്തിൽ ആദ്യമായി മഹിളാസമാജം രൂപീകൃതമായപ്പോൾ അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതു അമ്മയായിരുന്നു. അതിന്റെ ആദ്യത്തെ പ്രസിഡന്റായും പ്രവർത്തിച്ചു മഹിളാസമാജവുമായുള്ള അടുപ്പം കൈകൊട്ടിക്കളി പരിശീലനത്തിനു വഴിയൊരുക്കി. അങ്ങനെയാണ് ആ നിശ്ശബ്ദ വിപ്ളവം. അക്കാലത്ത് ജനിച്ച ഒരന്തർജനം ഇതര സമുദായാംഗങ്ങളെ കൈകൊട്ടിക്കളി പഠിപ്പിക്കുമോ. ഹരിജൻ യുവാവിന് പഞ്ചവാദ്യത്തിന് അവസരം നൽകിയ നമ്പൂതിരിയുടെ ആത്തേമ്മാർക്കേ അതു കഴിയൂ. ഇതരസമുദായത്തിലെ സ്ത്രീകളെ കൈകൊട്ടിക്കളി പരിശീലിപ്പിക്കുകമാത്രമല്ല മത്സരവേദികളിൽ അവർക്കൊപ്പം പാടിക്കളിച്ച് സമ്മാനം നേടുകയും ചെയ്തിട്ടുണ്ട്. അതും 1970 കാലം മുതൽ.

1983 മുതൽ ആകാശവാണിയിൽ കൈകൊട്ടിക്കളിപ്പാട്ടുകൾ അവതരിപ്പിച്ചു. 1998 ൽ കൈകൊട്ടിക്കളിയെക്കുറിച്ച് ഡോക്യുമെൻട്രി ചെയ്തു. 2001 ൽ കൈതപ്രം ദാമോദരൻ നമ്പൂതിരി നടത്തുന്ന കോഴിക്കോട് സ്വാതി തിരുനാൾ ട്രസ്റ്റിന്റെ ബഹുമതി പത്രവും ലഭിച്ചു. 2003 ൽ ഇരിങ്ങാലക്കുട ഉപസഭ പ്രത്യേക പുരസ്കാരം നൽകി ആദരിയ്ക്കുകയുണ്ടായി. യോഗക്ഷേമസഭാ മത്സരങ്ങളിലും സജീവമായിരുന്നു.

ഗുരുവായൂർ, കൂടൽമാണിക്യം, പഴുവിൽ, തിരുവെങ്കിടം തുടങ്ങി അനേകം ക്ഷേത്രോൽസവങ്ങളിൽ പട്ടാഴി സഹോദരിമാർ എന്ന പേരിൽ പാർവ്വതി അന്തർജ്ജനത്തിന്റെ സഹോദരിമാരും സഹോദരീ പുത്രിമാരും ചേർന്നു കൈകൊട്ടിക്കളി അവതരിപ്പിച്ചിട്ടുണ്ട്. നിമിഷനേരം കൊണ്ട് ശ്ലോകങ്ങളെഴുതുമായിരുന്നു. ഏതാനും കൈകൊട്ടിക്കളിപ്പാട്ടുകളും രചിച്ചിട്ടുണ്ട്. അന്തർജ്ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ എന്ന ആധികാരികഗ്രന്ഥം രചിച്ച രചിച്ച ആദ്യത്തെ അന്തർജനം. പല ഇല്ലങ്ങളിലും ഈ പുസ്തകം നോക്കിയാണ് ചടങ്ങുകൾ ചെയ്തു പോരുന്നത്. ചെറുവക്കര എന്ന ഇല്ലപ്പേര് അറിയപ്പെടുന്നത് തന്നെ അമ്മയുടെത്തപുസ്തകം വഴിയാണ്.

മുന്നൂറോളം കൈകൊട്ടിക്കളിപ്പാട്ടുകൾ പിഴവു തീർത്ത് സംശോധകയുമായി. അങ്ങനെ പുരാവൃത്തം പദ്ധതി എന്ന പേരിൽ മുന്നൂറോളം വൃത്തഗീതങ്ങൾ ദൃശ്യാവിഷ്ക്കാരം ചെയ്യാനും അത് ദേശീയ തലത്തിൽ എത്തിയ്ക്കാനും സാധിച്ചു.

കൃഷ്ണൻ നമ്പൂതിരി, ദേവകി അന്തർജ്ജനം, നാരായണൻ നമ്പൂതിരി, പാർവ്വതി അന്തർജ്ജനം, പരമേശ്വരൻ നമ്പൂതിരി, രവി നമ്പൂതിരി, സാവിത്രി അന്തർജ്ജനം രാമചന്ദ്രൻ, ശ്രീകുമാരൻ എന്നിവർ മക്കൾ. ●

(സാവിത്രി അന്തർജനം,അണിമംഗലത്തു മന,ചെറുതൃക്ക് ക്ഷേത്രത്തിന് സമീപം, ഇരിങ്ങാലക്കുട, മൊബൈൽ: 97468 44921, ഇവരുടെ മകളും റിട്ട. സംഗീതാധ്യാപികയുമാണ് ലേഖിക. )

# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ

## ഉഷ കാളകാട്

W/o കാളകാട് നാരായണൻ
നമ്പൂതിരി, പയ്യന്നൂർ
D/o നടുവത്തോടത്തില്ലത്ത്
നാരായണൻ നമ്പൂതിരിപ്പാട്
& ശ്രീദേവി അന്തർജനം.


**ഷഷ്ട്യബ്ദപൂർത്തി:**
**2022 ഒക്ടോബർ 23**
**1198 തുലാം 6 /ഉത്രം നക്ഷത്രം**

മക്കൾ:
ദീപക് കാളകാട്
വിപിൻ കാളകാട്
വിവേക് കാളകാട്

മരുമക്കൾ:
അനില ദീപക്
ഗൗരി വിപിൻ
ആതിര വിവേക്

പേരക്കുട്ടികൾ:
ഭഗത്, രുദ്രഗംഗ, സമന്വിത








**പാണ്ടിക്കാട് കറുകമണ്ണ ഇല്ലത്ത്**
**ഡോ.ശരത്ത് ഗോവിന്ദ് ശ്യാമിനി**
**ദമ്പതികളുടെ മകൾ**
**സാൻവിക പാർവ്വതിയുടെ**
**ചോറൂണ് 06.11.22 ന്**
**ഞായറാഴ്ച ഇല്ലത്ത്**
**വെച്ച് നടത്തി.**

**ആശംസകളോടെ:**
**സാത്വിക് ശങ്കർ.കെ**

# സ്മരണാഞ്ജലികൾ









**ചെങ്ങല്ലൂർ പരമേശ്വരൻ നമ്പൂതിരി**
**(1850/ 1943)**
(സ്നേഹപൂർവം വിളിച്ചിരുന്നത്
മാങ്ങാട്ടുകര മുത്തശ്ശൻ)
ചെങ്ങല്ലൂർ മനയുടെ മുഖ്യ ശില്പി.
രംഗനാഥനെ കുടുംബാംഗമാക്കി
മാറ്റിക്കൊണ്ട് ചെങ്ങല്ലൂർ മനയുടെയും
രംഗനാഥന്റെയും ചരിത്രം തിരുത്തിയ
ദീർഘദർശിയും കാര്യശേഷിയുമുള്ള
ഊർജ്ജസ്വലമായ വ്യക്തിത്വം.

**സി. പരമേശ്വരൻ (1905/ 1990)**
പ്രചോദിപ്പിക്കുന്ന വ്യക്തിത്വം.
**ശ്രീദേവി (1917 /2000)**
D/o ചേലൂർ പുരുഷോത്തമൻ & ദേവകി.

ദീപ്ത സ്മരണയിൽ തൃശൂർ അന്തിക്കാട് ചെങ്ങല്ലൂർ മനയിലെ കുടുംബാംഗങ്ങൾ

# ൩൦ാം ചരമവാർഷികം



## ശങ്കരനാരായണൻ നമ്പൂതിരി (TSN)


റിട്ടയേർഡ് അധ്യാപകൻ, ഞാങ്ങാട്ടിരി എ യു പി സ്കൂൾ .പാലക്കാട് ജില്ല

**ജനനം: 1920, മരണം 1993**

സഹധർമ്മിണി: പരേതയായ ശ്രീകൃഷ്ണപുരം കിഴിയേടത്ത് ഉണിക്കാളി അന്തർജ്ജനം
മക്കൾ: സാവിത്രി, സതി, രവി, രാമചന്ദ്രൻ, നാരായണൻ, വാസന്തി, സജിത.
മരുമക്കൾ: പരേതനായ നാരയണൻ നമ്പൂതിരി (കൂട്ടപ്പിലാവ്-കണ്ടോത്തില്ലം), മാധവൻ നമ്പൂതിരി (വെങ്ങല്ലൂർ), രമ (കിഴക്കെ കുത്തുള്ളി), ഉഷ (ഇളംകുന്നപ്പുഴ കോവിലകം), ഗീത (പള്ളത്തേരി), വാസുദേവൻ (ആലയ്ക്കാട്), വിനോദ് (മങ്ങത്തായ)
പേരക്കുട്ടികൾ: ദിലീപൻ-ലേഖ, അജിത്-സുചിത്ര, ദീപ്തി-ജയനാരായണൻ, അഞ്ജലി-ദിലീപ്, അജയ്- ശിഖ, രാഹുൽ-ശ്രീദേവി, രോഹിത്ത്-അപർണ, അനഘ-സച്ചിൻ, ശരണ്യ-സജീവ്, സുജന്യ-ശ്രീകാന്ത്, ലാവണ്യ- ഋഷീകേശ്, രജത്, ശരത്, അപർണ, സുപർണ,അമിത് കേശവ്
പ്രപൗത്രർ: ഗീതിക, ഹർഷിത, പൂർണ്ണ പ്രജ്ഞൻ, ഹരിനാരായണൻ, സാവിത്രി, ശ്രീദേവി, ഋഷികേശ്, സാത്വിക്, ധനഞ്ജയ്, കശ്യപ്

രവി തെക്കേടം- 9867203567

കഥ



# കുടിവെപ്പ്

ഉദയൻ നമ്പൂതിരിപ്പാട്



മകളെ കാണാതായിട്ട് നാലു ദിവസമായി. അവൾ ആരോടൊപ്പം പോയി എന്നു പലരും പറഞ്ഞ് അറിയാൻ കഴിഞ്ഞു. എങ്ങോട്ടു പോയെന്നു ആർക്കുമറിയില്ല. വേണ്ടപ്പെട്ടവർ പലരും നിർബന്ധിച്ചപ്പോൾ മടിച്ചാണെങ്കിലും ഒരു പരാതി പോലീസിൽ കൊടുത്തു. അവർക്കും അവളെ കണ്ടെത്താനായിട്ടില്ല.

ആത്തേമാരുടെ കാര്യമാണ് കഷ്ടം. മകൾ വിട്ടു പോയപ്പോൾ തളർന്നു പോയതാണ്. നിൽക്കാത്ത നീരുറവ പോലെ കണ്ണീരൊഴുക്കി ഒരേ കിടപ്പ്. എന്തെങ്കിലും ചോദിച്ചാൽ നിസ്സഹായതയോടെയുള്ള ഒരു നോട്ടം മാത്രം. പാവം! മകളെപ്പറ്റി എന്തെല്ലാം സ്വപ്നം കണ്ടതാണ്. അവളുടെ ആയനിഊണ്, വിവാഹം, കുടിവെപ്പ്, പിന്നെ അവളുടെ ഉണ്ണിയുടെ ചോറൂണു വരെ.

വല്ലാത്തൊരു ബന്ധമായിരുന്നു അമ്മയും മകളും തമ്മിൽ. കണ്ടാൽ കൂടപ്പിറപ്പുകളോ കൂട്ടുകാരികളോ ആണെന്നു തോന്നും. എന്തിനും ഏതിനും അമ്മ ഒപ്പം വേണം. വലുതായിട്ടു കൂടി അമ്മ ഭക്ഷണം വാരി കൊടുക്കണം. ഏതു ഉടുപ്പു ധരിക്കണമെന്നു അമ്മ പറയണം. കടയിൽ പോയാൽ സ്വന്തം ആവശ്യത്തിനുള്ള സാധനങ്ങൾ പോലും അമ്മ തിരഞ്ഞെടുത്തു കൊടുത്താലെ തൃപ്തിയാവു.

അവളെ എം.ബി.എക്കു ചേർത്തപ്പോഴത്തെ കാര്യം ഓർത്തു. ഡിഗ്രി വരെ ഇല്ലത്തുനിന്നു പോയി വരികയായിരുന്നു. അവൾക്കിഷ്ടപ്പെട്ട വിഷയം അകലെയുള്ള കോളേജിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നും അവളുടെ ഇഷ്ടങ്ങൾക്കു എതിരു നിലക്കാത്തതിനാൽ മകളെ അവിടെ ചേർത്തു. താമസം ഹോസ്റ്റലിലാക്കി. അടുത്ത ദിവസം നോൺ വെജ് ഭക്ഷണം മറ്റു കുട്ടികൾ അടുത്തിരുന്നു കഴിക്കുന്നു എന്നു പറഞ്ഞ് ഓടിപ്പോന്നു. എന്തു പറഞ്ഞിട്ടും കോളേജിൽ പോകാൻ കൂട്ടാക്കിയില്ല. അമ്മയുണ്ടാക്കുന്ന ഭക്ഷണം മതി എന്നൊരൊറ്റ വാശി. പിന്നെ കോളേജിനടുത്ത ഒരു വീടെടുത്ത് അമ്മയും ഒപ്പം താമസമാക്കിയപ്പോഴാണു കോളേജിൽ പോകാൻ തുടങ്ങിയത്.

അല്ലെങ്കിലും എല്ലാവരുടേയും ഓമനയായിരുന്നു അവൾ. നല്ല സമ്പ്രദായമുള്ള മിടുക്കിയെന്നു കാണുന്നവരെല്ലാം പറയും. എന്നും നേരത്തേ ഉണരും. കുളിച്ച് ശ്രീലകത്തു കയറി വിളക്കുവെക്കലും ,നേദിക്കലും തന്നെത്താൻ ചെയ്യും. പിന്നെ അമ്മയോടൊപ്പം ക്ഷേത്രത്തിൽ പോകും. വിശേഷ ദിവസങ്ങളിൽ ക്ഷേത്രം അടക്കുന്നതു വരെ ക്ഷേത്രത്തിൽ തന്നെ. ചെറുപ്പത്തിലേ ഇത്ര ഭക്തിയോ എന്നു പലരും ചോദിച്ചിട്ടുണ്ട്. സഹസ്രനാമങ്ങളും കീർത്തനങ്ങളും ചൊല്ലുന്നതു കേട്ടാൽ ആരും കേട്ടു നിന്നു പോകും.

ഓണക്കാലത്ത് ഓടി നടന്നു പൂ പറിക്കാനും പൂക്കളമൊരുക്കാനും നാട്ടിലെ കുട്ടികളുടെ നേതാവായിരുന്നു. സ്കൂളിലും കോളേജിലും പഠനത്തിലും കലാമത്സരങ്ങളിലും ഒന്നാമത്. അവൾ വാങ്ങിയ സമ്മാനങ്ങൾ വെക്കാനായി തളത്തിലുള്ളതിനു പുറമെ കിടപ്പുമുറികളിലും ഷോകേസുകൾ ഉണ്ടാക്കേണ്ടി വന്നു. അവളെപ്പറ്റി എല്ലാവരും നല്ലതു പറയുമ്പോൾ അവളുടെ അച്ഛനായതിൽ അഭിമാനിച്ചിരുന്നു.

പിന്നെ എവിടേയാണു പിഴച്ചത്.

വളർത്തു ദോഷം എന്നു പലരും പറയുന്നുണ്ട്. അല്ലെങ്കിലും മക്കൾ നന്നായാലും ചീത്തയായാലും കേൾക്കേണ്ടതു അച്ഛനമ്മമാരാണല്ലോ. ഇപ്പോൾ കുററപ്പെടുത്തുന്നവർക്കെല്ലാം ഇന്നലെ വരെ മകളെപ്പറ്റി പറയാൻ നൂറു നാവായിരുന്നു. .

ഒളിച്ചോട്ടത്തിനു അവളെ പ്രേരിപ്പിച്ചത് അവളുടെ ഒരു കൂട്ടുകാരിയാണെന്നു കേൾക്കുന്നു. ആ കുട്ടി പലപ്പോഴും ഇല്ലത്തു വന്നിട്ടുണ്ട്. മകൾ അവളുടെ വീട്ടിലും പോകാറുണ്ട്. നന്നായി പെരുമാറുന്ന കുട്ടിയായിട്ടാണ് തോന്നിയിട്ടുള്ളത്. അവരുടെ കുടുബത്തിലെ പലരേയും കാലങ്ങളായി നേരിട്ടറിയാം. ആ കുട്ടിയുടെ ബന്ധുവായ ഒരു പയ്യനുമായി മകൾക്ക് അടുപ്പമുള്ളതായി കേട്ടിരുന്നു. തന്റെ ബിസിനസ്സ് സ്ഥാപനങ്ങളിൽ അജ്ഞാതരായ ചിലർ അന്വേഷണം നടത്തിയിരുന്നതായും കേട്ടിരുന്നു. പക്ഷേ അതു കാര്യമായി എടുത്തില്ല. ആരോടും പറഞ്ഞതുമില്ല. തന്റെ മനസ്സിൽ അതൊരു കനലായി കിടന്നപ്പോൾ അവളുടെ മനസ്സറിയാനായി തമാശ രൂപത്തിൽ ഒരു ദിവസം ചോദിച്ചു.

'ഇനി നിനക്കൊരു നമ്പൂതിരിയെ അന്വേഷിക്കാറായി. പലരും ചോദിച്ച് ഇങ്ങോട്ടു വരാൻ തുടങ്ങിയിരിക്കുന്നു. നമുക്കൊന്നു ശ്രമിച്ചാലോ ?

ഉടനെ മറുപടി വന്നു.

'എന്താ അച്ഛാ ഇത്ര ധൃതി. സ്വന്തം കാലിൽ നിൽക്കാനുള്ള ഒരു ജോലി കൂടി കിട്ടട്ടേ. അപ്പോ അച്ഛൻ ആരെ കൊണ്ടുവന്നാലും ഞാൻ റെഡി.

അതു കേട്ടപ്പോൾ കൂടുതലൊന്നും ചോദിക്കാനായില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ അവൾ അമ്മയോടെങ്കിലും തുറന്നു പറയും. ബുദ്ധിമതിയായ അവൾ ഇങ്ങനെ ഒരു കുഴിയിൽ ചാടില്ലെന്നും കരുതി. അവിടെയാണ് തെറ്റിയത്.

മക്കളെ ഒരുപാടു സ്നേഹിക്കുന്ന, അവർ പറയുന്നതെല്ലാം കണ്ണടച്ചു വിഴുങ്ങുന്ന മതാപിതാക്കൾക്കു പറ്റുന്ന വലിയ തെറ്റ്.

ഫോൺ ബെല്ലു കേട്ടപ്പോൾ വിചാരങ്ങളിൽ നിന്നുണർന്നു. സ്ഥലം എസ്.ഐ. ആയിരുന്നു ലൈനിൽ. വിചാരിച്ചപോലെ മകളുടെ വിവരം തന്നെ. അദ്ദേഹം പറഞ്ഞു .

'ഹലോ നമ്പൂതിരിയല്ലേ. താങ്കളുടെ മകളെ കണ്ടെത്തിയിട്ടുണ്ട്. പക്ഷേ അറിഞ്ഞ കാര്യങ്ങൾ പറയാൻ വല്ലാത്ത വിഷമം '.

ഞാൻ പറഞ്ഞു.'സാരമില്ല, പറഞ്ഞോളൂ എന്തും കേൾക്കാൻ മനസ്സിനെ പാകപ്പെടുത്തിയിരുന്നു.

'മകളിപ്പോൾ എവിടെയുണ്ട്. ?

'മകളുടെ വിവാഹം കഴിഞ്ഞു എന്നാണ് അറിഞ്ഞത് , കൂടാതെ മതം മാററവും നടത്തി എന്നു കേൾക്കുന്നു. നാളെ അവരോടു സ്റ്റേഷനിൽ ഹാജരാവാൻ പറഞ്ഞിട്ടുണ്ട്. നിങ്ങളും നാളെ വരണം.... നമുക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്നു നോക്കാം.

ഇതു പറഞ്ഞ് അദ്ദേഹം ഫോൺ കട്ടു ചെയ്തു. പേടിച്ചിരുന്നതു തന്നെ സംഭവിച്ചു. ഒരിക്കലും അങ്ങനെ ആവരുതേ എന്നു പ്രാർത്ഥിക്കുകയായിരുന്നു. ഇനി ഇപ്പോ ആർക്കെന്തു ചെയ്യാൻ പറ്റും.

മകൾ ഇല്ലം വിട്ടു ഇറങ്ങി പോയ ദിവസത്തെപ്പറ്റി ഓർത്തു. എന്നത്തേയും പോലുള്ള ഒരു ദിവസം . സീസണായതിനാൽ ബിസിനസ്സ് സ്ഥാപനങ്ങളിൽ തിരക്കായിരുന്നു. വൈകുന്നേരം കൂട്ടുകാരുമൊത്തുള്ള വെടിവട്ടവും കുറച്ചു നീണ്ടു. സമയം വൈകി എന്നു തോന്നിയ ഉടനെ ഇല്ലത്തേക്കു മടങ്ങി. ഗേറ്റ് കടന്നു കാറു നിർത്തിയപ്പോഴേക്കും എന്നത്തേയും പോലെ മകൾ ഓടി വന്നു. കയ്യിലുണ്ടായിരുന്ന കടല പൊതി വാങ്ങി. കുട്ടിയായിരുന്നപ്പോൾ തുടങ്ങിയ ശീലം. എന്നും അതു വാങ്ങി കയ്യിൽ വെക്കാൻ താനും അതിനു കാത്തിരിക്കാൻ അവളും മറക്കാറില്ല.

കുളി കഴിഞ്ഞ് ഒരുമിച്ചിരുന്നുള്ള ഭക്ഷണം, കളിതമാശകൾ, പരദൂഷണം പറയൽ എല്ലാം സാധാരണ പോലെ. പക്ഷേ അന്നു രാത്രി ആരും അറിയാതെ ഏതോ യാമത്തിൽ അവൾ ഇല്ലം വിട്ടു. ഇട്ടിരുന്ന വസ്ത്രങ്ങളല്ലാതെ അവളുടേതായ ഒന്നും എടുത്തില്ല. തലേന്നു അവൾ തന്നെ ആവശ്യപെട്ടു വാങ്ങി കൊടുത്ത ചെരിപ്പു കൂടി ഉമ്മറത്ത് അഴിച്ചു വെച്ചിരുന്നു.

അടുത്ത ദിവസം സ്റ്റേഷനിലേക്കു പോകുമ്പോൾ ഏട്ടനേയും കൂടെ കൂട്ടി. അവിടെ ചെന്നപ്പോൾ അവരെത്തിയിട്ടില്ല. ഇൻസ്പെക്ടർ ഇരിക്കാൻ പറഞ്ഞു. ഇങ്ങനെയൊരു രംഗം ജീവിതത്തിൽ നേരിടേണ്ടി വരുമെന്ന് വിചാരിച്ചിരുന്നില്ല. ജാള്യത കൊണ്ട് സ്വയം ചുരുങ്ങുന്നതു പോലെ, ഇന്നേവരെ ആരുടെ മുമ്പിലും തല കുനിക്കേണ്ടി വന്നിട്ടില്ല, ഒന്നും പറയാതെ ക്ലോക്കിലെ സൂചി ചലിക്കുന്നതും നോക്കിയിരുന്നു.

പുറത്തൊരു കാറു വന്നു. ഒരു പോലീസുകാരൻ മുറിയിൽ വന്നു അവർ വന്ന വിവരം പറഞ്ഞു. രണ്ടു പേർ അകത്തു കയറി ചില പേപ്പറുകൾ ഇൻസ്പക്ടറുടെ മുന്നിൽ വെച്ചു. വിവാഹ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, അവളുടെ സ്റ്റേറ്റുമെന്റുമായിരുന്നുവെന്ന് മനസ്സിലായി. അദ്ദേഹം അവരെ വിരട്ടി നോക്കാൻ ശ്രമിക്കുന്നതു കണ്ടു. പക്ഷേ അവർ തികച്ചും അക്ഷോഭ്യരായിരുന്നു. അവരോടു പുറത്തു പോകാൻ പറഞ്ഞ് മകളോടും കൂടെയുള്ള ചെറുപ്പക്കാരനോടും മാത്രമായി വരാൻ പറഞ്ഞു. അവർ കടന്നു വന്നു. രണ്ടു പേരും തന്നെ നോക്കിയതേയില്ല. മകളെ നോക്കി ഇൻസ്പക്ടർ ചോദിച്ചു.

'സ്വന്തം മകളെ വീട്ടിൽ നിന്നു കാണാതായി, ആരോ തട്ടി കൊണ്ടുപോയതായി സംശയിക്കുന്നു എന്നൊരു പരാതി കുട്ടിയുടെ അച്ഛനിൽ നിന്നു ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. കുട്ടിയുടെ അച്ഛൻ കൂട്ടി കൊണ്ടു പോകാൻ വന്ന


# നാരായണശ്രമസംഘം

15 വർഷത്തോളമായി അന്തർജ്ജനങ്ങൾ നടത്തി വരുന്നത്. സദ്യ ഏതായാലും ശ്രമം ഉത്തവാദിത്വത്തോടെ ഏറ്റെടുത്ത് നടത്തിക്കൊടുക്കുന്നതാണ്.

**മൊബൈൽ 9495420691 / 9847506035**



താണ്. അദ്ദേഹത്തിന്റെ ഒപ്പം പറഞ്ഞയക്കട്ടേ

അവൾ ഒരു നിമിഷം തന്റെ മുഖത്തു നോക്കി, ഏതോ ഒരു അപരിചിതനെ കാണും പോലെ. പിന്നെ മുഖം തിരിച്ച് ഇൻസ്പെക്ടറോടു പറഞ്ഞു.

'എന്നെ ആരും തട്ടി കൊണ്ടുപോയതല്ല. ഇഷ്ട പ്രകാരം എന്റെ ഭർത്താവിന്റെ കൂടെ പോയതാണ്.അതു കേട്ടു പറയാതിരിക്കാനായില്ല

'മോളേ നിന്റെ അമ്മ'

അവൾ തന്നെ നോക്കി. അവളുടെ വികാരരഹിതമായ മുഖവും കണ്ണുകളും കണ്ടപ്പോൾ താൻ പറയാൻ തുടങ്ങിയതു പകുതിയിൽ നിർത്തി. ഇനിയും ഇവിടെ ഇരിക്കാനാവില്ല. ഇരുന്നാൽ ഉരുകി ഇല്ലാതെയാകും. സമ്മതം ചോദിക്കാതെ പുറത്തുകടന്നു. നിറുത്തി ഇട്ടിരുന്ന കാറിന്റെ മറവിൽ പോയി സ്വയം ഒളിക്കാൻ ശ്രമിച്ചു. പിന്നാലെ വന്ന ഇൻസ്പെക്ടർ പറഞ്ഞു

'ഞങ്ങളോട് ക്ഷമിക്കണം. ഇനി ഒന്നും ചെയ്യാനില്ല. അങ്ങക്കറിയാമല്ലോ നിയമം അവരുടെ ഭാഗത്താണ് . എന്നാലും എന്റെ അധികാരം ഉപയോഗിച്ച് തല്ക്കാലം മകളെ കൂടെ അയക്കാം'

ഇനിയും ഈ രംഗം വലിച്ചു നീട്ടണമെന്നു തോന്നിയില്ല. ഉടനെ അവിടെ നിന്നു രക്ഷപ്പെടണമെന്നാണു തോന്നിയത്.

'വേണ്ട സാർ, എനിക്കിനി ഒരു പരാതിയുമില്ല.

അതു പറയുമ്പോൾ പൊട്ടിക്കരയാതിരിക്കാൻ പാടുപെട്ടു.

അല്പം കഴിഞ്ഞപ്പോൾ പോകാനായി അവർ കാറിനടുത്തേക്കു വരുന്നതു കണ്ടു. ഒരു നിമിഷം അവൾ തന്റെ കാറിനുനേരേ നോക്കി. തന്നെ കണ്ടിരിക്കണം. മുഖം തിരിച്ചു അവരുടെ കാറിനു നേരെ നടന്നു. അവളോടൊപ്പം വന്ന പോലീസുകാരി ആരോടെന്നില്ലാതെ പറഞ്ഞു...

'ഇവളൊരു വല്ലാത്ത പെണ്ണു തന്നെ, ഒളിച്ചോട്ടക്കേസുമായി വരുന്ന എത്ര കുട്ടികളെ കണ്ടിരിക്കുന്നു. കാര്യം എത്ര വലിയ പ്രേമമാണെങ്കിലും തന്തേം തള്ളേം ഉപേക്ഷിച്ചു പോകുമ്പോ കരച്ചിലും പിഴിച്ചിലുമാണു കാണാറുള്ളത്. ഈ കുട്ടിയുടെ കണ്ണിൽ ഒരു തുള്ളി കണ്ണീരു കൂടി പൊടിഞ്ഞിട്ടില്ല- അത് അവൾ കേട്ടോ - അറിയില്ല.

മനസ്സിലൂടെ അവളുടെ ആയനി ഊണും വേളിയും, ആർപ്പുവിളികളും എല്ലാം കടന്നുപോയി. അവളെ അനുഗ്രഹിക്കാനായി കൈകൾ താനെ ഉയർന്നു, അതിനായി അവൾ ഒന്നു തിരിഞ്ഞു നോക്കുമെന്നു പ്രതീക്ഷിച്ചു. ഇരുപത്തഞ്ചു വർഷം സ്നേഹിച്ചു ലാളിച്ചു വളർത്തിയ മകൾ പോകുമ്പോൾ 'ഞാൻ പോട്ടേ അച്ഛാ' എന്നൊരു വാക്കെങ്കിലും പറയുമെന്നു മോഹിച്ചു. പക്ഷേ അതുണ്ടായില്ല.

ഏട്ടൻ വന്നു കൈ പിടിച്ചപ്പോഴാണ് നിൽക്കുന്നത് വിവാഹ മണ്ഡപത്തിലല്ലെന്നു മനസ്സിലായത് . ഇടറുന്ന കാലടികളോടെ കാറിൽ കയറി. അപ്പോഴേക്കും അവൾ കയറിയ കാർ പൊടി പറത്തി ദൂരെ മറഞ്ഞിരുന്നു. ●

ഉദയൻ നമ്പൂതിരിപ്പാട്,
കിഴക്കേടത്തു മന, വയപ്പാറപ്പടി,
മഞ്ചേരി. മൊബൈൽ .8281926325.



വടക്കാഞ്ചേരി ഉപജില്ലാ യു.പി വിഭാഗം കലോത്സവത്തിൽ വന്ദേമാതരം (എ ഗ്രേഡ്) ലളിതഗാനം (ബി ഗ്രേഡ്)ദേശഭക്തിഗാനം (ബി ഗ്രേഡ്) എന്നിവ നേടിയ പൈങ്കുളം ജി യു പി സ്കൂളിലെ

**ഇ. എസ് നവമിക്ക്**

**അഭിനന്ദനങ്ങൾ**

Father: Sreejith /Mother:Deepa
Ezhikode Mana
P.O.Painkulam,Thrissur-679531
Mob:8078307656

## പി.എച്ച്.ഡി നേടി



കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് കോമേഴ്സിൽ പി.എച്ച്.ഡി നേടിയ പി. ആർ.പാർവതി. തിരുവനന്തപുരം സത്യസായി ആർട്സ് ആൻഡ് സയൻസ് കോളേജിലെ അസി. പ്രൊഫസറും. രമേശൻ പുൽപറമ്പിൽ ( റിട്ട. പ്രൊഫസർ ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്) എൻ എസ് സാവിത്രി ( സീനിയർ മാനേജർ ,കേരളാ ഗ്രാമീൺ ബാങ്ക്) ദമ്പതിമാരുടെ മകളുമാണ്.
















**അനുമോദനങ്ങൾ:** നീറ്റ് പരീക്ഷയിൽ ചെന്നൈ മെഡിക്കൽ കോളജിൽ എം.ബി.ബി.എസിന് അഡ്മിഷൻ ലഭിച്ച **വേദ.വി.നമ്പൂതിരി.** കോഴിക്കോട് താമരശ്ശേരി മുണ്ടോളി കളം ഇല്ലം വൈഷ്ണവത്തിൽ വിഷ്ണു നമ്പൂതിരിയുടേയും ( സബ് ഇൻസ്പെക്ടർ, സിബിസിഐഡി, ആലപ്പുഴ) മാവേലിക്കര മുട്ടം പെരിയ മന ഇല്ലത്ത് ഡോ. സിന്ധു അന്തർജ്ജനത്തിന്റെയും ( എസ് ഡി കോളജ് ആലപ്പുഴ) മകളാണ്. **ടി. ഗൗരി** തെഞ്ചീരി ഇല്ലത്ത് ഹരി രമ്യ ദമ്പതികളുടെ മകൾ (എൽ എസ് എസ്) **എം ജിഷ്ണു,** മൈത്ര കുന്നത്ത് കരിപ്പത്ത് മോഹനകൃഷ്ണൻ ഉമ ദമ്പതികളുടെ മകൻ (യു.എസ്.എസ്) **സിദ്ധാർത്ഥ് ശങ്കർ** മൈത്ര കുന്നത്ത് കരിപ്പത്ത് ശങ്കരൻ നമ്പൂതിരി സാവിത്രി ദമ്പതികളുടെ മകൻ (യു.എസ്.എസ്) **പാർവതി പി** പാനാട്ട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി സുജ ദമ്പതികളുടെ മകൾ (യു.എസ്.എസ്) എല്ലാവരും അരീക്കോട് ഉപസഭയിലെ അംഗങ്ങൾ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ




**ഉമാദേവി അന്തർജനം**

കൊയിലാണ്ടി: നെച്ചൂളി കണ്ടിലാട്ട് ഇല്ലത്ത് ഉമാദേവി അന്തർജ്ജനം(85) വിഷ്ണുപാദം പൂകി. മക്കൾ : സുബ്രഹ്മണ്യൻ നമ്പൂതിരി, ഭാസ്കരൻ നമ്പൂതിരി,പത്മനാഭൻ നമ്പൂതിരി ശങ്കരനാരായണൻ(ബാബൂട്ടൻ) നമ്പൂതിരി.



**നീലകണ്ഠൻ ഭട്ടതിരിപ്പാട്**

മട്ടന്നൂർ നീർവേലി ശ്രീ രാമസ്വാമിക്ഷേത്ര ഊരാളനും, ദീർഘകാലം മേൽശാന്തികൂടിയായിരുന്ന നീലകണ്ഠൻ ഭട്ടതിരിപ്പാട് ( 86 ) വിഷ്ണുപാദം പൂകി. പത്നി ലീല അന്തർജ്ജനം. മക്കൾ. ഉഷ. റോയ്. ജയന്തി.



**കുഞ്ഞികൃഷ്ണൻ നമ്പൂതിരി**

കണ്ണൂർ ജില്ല യോഗക്ഷേമസഭ പ്രസിഡന്റ് മധു മരങ്ങാടിന്റെ പിതാവ് ചിറ്റന്നൂർ താന്ത്രിക ആചാര്യൻ മരങ്ങാട്ടില്ലത്ത് കുഞ്ഞികൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി . മറ്റു മക്കൾ ഗൗരി അന്തർജ്ജനം, സാവിത്രി അന്തർജ്ജനം, ആശാലത അന്തർജ്ജനം.



**ശങ്കരൻ നമ്പൂതിരി**

മൂക്കുതല ഏർക്കര മനയ്ക്കൽ ആര്യൻ നമ്പൂതിരി മകൻ ശങ്കരൻ നമ്പൂതിരി (കുട്ടൻ നമ്പൂതിരി) (75) വിഷ്ണുപാദം പൂകി. ഭാര്യ ആര്യ അന്തർജ്ജനം. മക്കൾ: സജിത്ത്, ശ്രീജിത്ത്. മരുമക്കൾ: ഷൈമ, ധന്യ



**നാരായണൻ നമ്പൂതിരി**

പുത്തൻചിറ തെക്കെ താന്നിയിൽ മതിയത്ത് മന രാമൻ നമ്പൂതിരിയുടെ മകനും അവിട്ടത്തൂർ ക്ഷേത്രം മേൽശാന്തിയുമായ ടി.ആർ. നാരായണൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**സി.എൻ. നാരായണ ശർമ്മ**

മാന്നാർ പ്രശസ്ത മൃദംഗവിദ്വാനും കുട്ടംപേരൂർ കുന്നത്തൂർ യുപിഎസ് റിട്ട. അധ്യാപകനുമായ കുട്ടമ്പേരൂർ കാക്കനാട്ടു മഠം സി.എൻ. നാരായണ ശർമ്മ (80) വിഷ്ണുപാദംപൂകി. ശാസ്താംകോട്ട മുതുപിലാക്കാട് ചേന്ദമംഗലത്ത്മഠം കുടുംബാംഗമാണ്. ഭാര്യ: രാമപുരം കണ്ണാട്ടുകാവിൽ മഠം എസ്.രമണി. മക്കൾ: സി.എൻ. രഞ്ജിനി (അധ്യാപിക, ഗണപതി വിലാസം എച്ച്എസ്, കൂവപ്പടി), സി.എൻ.രാഗേഷ് ശർമ (ചീഫ് മാനേജർ, മുത്തൂറ്റ് എം സൈൻ). മരുമക്കൾ : സി.എൻ.വാസുദേവൻ (പട്ടികജാതി വികസന ഓഫീസർ, പാർവതി രാജേന്ദ്രൻ (കല്ലൂർക്കാട് പഞ്ചായത്ത്).



**ശ്രീകേശ് നമ്പൂതിരി**

കാസർകോട് ഗവ. പോളിടെക്നിക് കോളേജ് അധ്യാപകനായ കൈതപ്രം ശ്രീകേശ് നമ്പൂതിരി (32) എടാട്ട് ദേശീയപാതയിൽ ബൈക്കപകടത്തിൽ മരിച്ചു. പെരിയയിൽ നിന്ന് പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ തീവണ്ടി ഇറങ്ങി ബൈക്കിൽ മടങ്ങി വരവെ എതിരെവന്ന ലോറി യിടിക്കുകയായിരുന്നു. കൈതപ്രം എഞ്ചിനീയറിങ് കോളേജിലെ മുൻ അധ്യാപകനാണ്.മാതമംഗലം ദീപ ഹാർഡ്‌വെയർ ഉടമ കടവക്കാട് ഗണപതി നമ്പൂതിരിയുടെയും നിർമല അന്തർജ്ജനത്തിന്റെയും മകനാണ്. ഭാര്യ അമൃത അധ്യാപിക . മകൻ: ധാർമിക്. സഹോദരൻ : ഡോ. ശ്രീനാഥ് നമ്പൂതിരി (കോട്ടക്കൽ ആയുർവേദ ആശുപത്രി. ന്യൂ ഡെൽഹി)



**ഭാഗവതാചാര്യൻ തട്ടയൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്**

ഗുരുവായൂർ: ഭാഗവതാചാര്യൻ തട്ടയൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് (67) വിഷ്ണുപാദം പൂകി. വൈശാഖ കാലത്ത് നടക്കുന്ന മൂന്നാമത്തെ ഭാഗവത സപ്താഹത്തിന്റെ പ്രധാന ആചാര്യനായിരുന്നു. തട്ടയൂർ ഉണ്ണി നമ്പൂതിരിപ്പാടിന്റെ മകനാണ്. അശോക് ലെയ്‌ലൻഡ് കമ്പനിയിൽ സീനിയർ അക്കൗണ്ടന്റ് ആയിരുന്നു. ഭാര്യ: ചന്ദ്രിക കൃഷ്ണൻ. മക്കൾ: ടി.കെ. ശ്രുതി (ഡി.എച്ച്.എൽ എക്സ്പ്രസ്, ആസ്ട്രേലിയ),ടി.കെ.സ്മൃതി (കമ്യൂണിറ്റി ആൻഡ് ജസ്റ്റീസ് ഡിപ്പാർട്മെന്റ്, ആസ്ട്രേലിയ). മരുമക്കൾ: പ്രവീൺ ആറങ്ങോട്ട് (ആസ്ട്രേലിയ), രാഹുൽ ഇളമൺ (സെന്റ് ഗോബെയ്ൻ, ആസ്ട്രേലിയ).



**ദേവകി ദേവി അന്തർജ്ജനം**

ശബരിമല മുൻതന്ത്രി പരേതനായ കണ്ഠരരു മഹേശ്വരരുവിന്റെ സഹധർമ്മിണി ദേവകി ദേവിഅന്തർജ്ജനം (88) തിരുവനന്തപുരം പൗഡിക്കോണത്തു വച്ച് വിഷ്ണുപാദം പൂകി. ശബരിമല പ്രക്ഷോഭകാലത്ത് നാമജപയജ്ഞം നടത്തുകയും പൊലീസ് അറസ്റ്റ് ചെയ്യുകയുമുണ്ടായി.

മക്കൾ: ശബരിമല തന്ത്രി കണ്ഠരരു മോഹനരു, യോഗക്ഷേമസഭ വനിതാസഭാ സംസ്ഥാന പ്രസിഡന്റും തിരുവനന്തപുരം സിറ്റി ഉപസഭ സെക്രട്ടറിയുമായ മല്ലികാ നമ്പൂതിരി,ദേവികാ രവി.മരുമക്കൾ: ഈശ്വരൻ നമ്പൂതിരി, ആശാ മോഹനരു, രവി നമ്പൂതിരി

ചെറുമക്കൾ: ലക്ഷ്മി മോഹനരു, രാഹുൽ ഈശ്വർ, മഹേഷ് മോഹനരു.



**ഉമാദേവി അന്തർജനം**

മാവൂർ നായർകുഴി കരിപ്പാല ഇല്ലത്ത് ഉമാദേവി അന്തർജനം കണ്ണൂരിൽ മകളുടെ ഇല്ലത്ത് വെച്ച് വിഷ്ണുപാദം പൂകി. ഭർത്താവ് സുബ്രഹ്മണ്യൻ നമ്പൂതിരി. മകൾ സുവാസിനി



**ഗൗരി പത്തനാടി**

തെക്കിനിയേടത്ത് കുത്തുള്ളി ഗൗരി പത്തനാടി വിഷ്ണുപാദം പൂകി. ഗുരുവായൂർ മുൻ മേൽശാന്തി കേശവൻനമ്പൂതിരി, ശബരിമല ഗുരുവായൂർ മുൻ മേൽശാന്തി കൃഷ്ണൻ നമ്പൂതിരി എന്നിവർ മക്കളാണ്.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ജാതവേദൻ നമ്പൂതിരി**

ശ്രീകൃഷ്ണപുരം: അക്ഷരശ്ലോക കുലപതി മാടമ്പി ജാതവേദൻ നമ്പൂതിരി എന്ന അനിയേട്ടൻ (86) വിഷ്ണുപാദം പൂകി. വേദ/അക്ഷരശ്ലോക പണ്ഡിതനായ അന്തരിച്ച മാടമ്പി ശങ്കരൻ നമ്പൂതിരിയുടെ പുത്രനാണ്. പത്നി ഉമാദേവി അന്തർജനം (വയ്ക്കാക്കര മകൾ). മക്കൾ : ശങ്കരൻ (വി.ടി.ബി കോളേജ് സൂപ്രണ്ട്), ശ്രീദേവി, സുധ. മരുമക്കൾ : സിന്ധു (പറവട്ടം), സുബ്രഹ്മണ്യൻ (ആറ്റൂർ മുണ്ടയൂര് ), നാരായണൻ (പേരമന). കഥകളി സംഗീതാചാര്യൻ മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരി, അഷ്ടമൂർത്തി നമ്പൂതിരി (ബോംബെ) എന്നിവർ സഹോദരങ്ങളും, പരേതയായ ലീല അന്തർജനം (നരിക്കാട്ടിരി മന), പരേതയായ ശ്രീദേവി അന്തർജനം (മഴൂർ മന) എന്നിവർ സഹോദരിമാരുമാണ്. അക്ഷരശ്ലോക ആലാപനത്തിൽ ശ്രീ ഗുരുവായൂരപ്പൻ സുവർണ്ണ മുദ്ര, നാരായണീയം സുവർണ്ണ മുദ്ര, ചാക്കോളാ സുവർണ്ണ മുദ്ര, കമലാകര മേനോൻ സുവർണ്ണ മുദ്ര, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സുവർണ്ണ മുദ്ര, തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



**പൊൽപ്പാക്കര പരമേശ്വരൻ നമ്പൂതിരിപ്പാട്**

തൃശൂർ: മുൻ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ സഹോദരീ പുത്രനും ആദ്യകാല കമ്യൂണിസ്റ്റ് പ്രവർത്തകനുമായ പൊൽപ്പാക്കര മനയ്ക്കൽ പരമേശ്വരൻ നമ്പൂതിരിപ്പാട് (ഉണ്ണി 94) പറവട്ടാനി പ്രിയദർശിനി നഗറിലെ വസതിയിൽ വിഷ്ണുപാദം പൂകി. 1948–50 കാലത്ത് പ്രമുഖരായ കമ്യൂണി നേതാക്കൾക്കു ഒളിവിൽ പോകാൻ സൗകര്യമൊരുക്കുന്നതിന്റെ ചുമതലക്കാരനായിരുന്നു. എടപ്പാൾ മേഖലയിൽ കർഷക സംഘത്തിനും വായനശാല പ്രസ്ഥാനത്തിനും നേതൃത്വം നൽകി. പൊൽപ്പാക്കരയിൽ ഒരു വായനശാല തുടങ്ങാനും സാരഥ്യം വഹിച്ചു. എടപ്പാൾ പഞ്ചായത്ത് അംഗവുമാ യിരുന്നു. ഭാര്യ: കോട്ടയം എഴുമാവിൽ മനയ്ക്കൽ ഉമ അന്തർജനം. മക്കൾ: സോയ (റിട്ട. അധ്യാപിക, ഭാരതീയ വിദ്യാഭവൻ, പൂച്ചട്ടി ), അനിത (ഇടപ്പള്ളി), പൊൽപ്പാക്കര സുരേഷ് (എൻസിലിക്ക ഇന്ത്യ കമ്പനി ബെംഗളൂരു). മരുമക്കൾ: എം.സി. മോഹനൻ മുത്തിരിങ്ങോട്ടു മന (എംഡി, പോളി ക്ലിനിക്, തൃശൂർ), വി.കെ.ശങ്കരൻ വീമ്പൂർ കടലായിൽ മന ഇടപ്പള്ളി (റിട്ട. സെക്രട്ടറി നാളികേര വികസന ബോർഡ്), വിദ്യ അകവൂർ മന, ആലുവ



**ദേവകി അന്തർജനം**


മഞ്ചേരി: പട്ടലൂർ മന ദേവകി അന്തർജനം (79) വിഷ്ണുപാദം പൂകി. ഭർത്താവ്: ദേവി (ഉമ) ട്രേഡേഴ്സ് ഉടമ പരേതനായ പട്ടലൂർ വാസുദേവൻ നമ്പൂതിരി. മക്കൾ: ദിവാകരൻ (ദേവി ട്രേഡേഴ്സ്, മഞ്ചേരി, മധുസൂദനൻ (വെറൈറ്റി ഫാർമസ്യൂട്ടിക്കൽസ്, കൊളപ്പുള്ളി), ഉമാദേവി. മരുമക്കൾ: രാമൻകുട്ടി, ശ്രീജ (മഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ), സ്മിത (എളങ്കൂർ പിഎംഎസ്എ ഹയർ സെക്കൻഡറി സ്കൂൾ).



**ബലദേവൻ നമ്പൂതിരി**


തളിപ്പറമ്പ് മൂത്തേടത് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ ബലദേവൻ നമ്പൂതിരി (85) വിഷ്ണുപാദം പൂകി.

ഭാര്യ: പൂന്തോട്ടത്തിൽ കമല. മക്കൾ: സുജാത, ജയശങ്കർ, രാജശ്രീ, വിജയകുമാർ. മരുമക്കൾ: ദാമോദരൻ കുട്ടമശ്ശേരി ആലുവ, സരിത കിഴിത്രിൽ കൊട്ടാരത്തിൽ ഇല്ലം, മുരളി നിടുമ്പള്ളി ഇല്ലം ശ്രീകൃഷ്ണപുരം, ശുഭലക്ഷ്മി, നിരമംഗലത് ഇല്ലം പെരുമ്പാവൂർ.



**കൃഷ്ണൻ നമ്പൂതിരിപ്പാട്**

നെല്ലിപ്പറ്റ: ബാണത്തൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് (92) കോഴിക്കോട് ചാലപ്പുറത്ത് മകന്റെ വസതിയിൽ വിഷ്ണുപാദം പൂകി. ഭാര്യ : പുതുശ്ശേരി ഉമാദേവി അന്തർജനം. മക്കൾ: എൻ.ബി. കൃഷ്ണൻ നമ്പൂതിരിപ്പാട്. (റിട്ട. എ.ജി.എം. കേരള ഗ്രാമീൺ ബാങ്ക്), ലത, പരേതയായ അനിത, സുനിത. മരുമക്കൾ: ബീന മക്കാട്, കുറിയേടം ഉണ്ണിക്കൃഷ്ണൻ, കോക്കര പരമേശ്വരൻ, മേക്കാട് നാരായണൻ.



**കുഞ്ഞികൃഷ്ണൻ നമ്പൂതിരി**

തലശ്ശേരി വാകയാട്ടില്ലത്ത് കുഞ്ഞികൃഷ്ണൻ നമ്പൂതിരി (റിട്ട. ഹെഡ് മാസ്റ്റർ, കതിരൂർ ഈസ്റ്റ് എൽ.പി സ്കൂൾ ) 92 വയസ്സ് വിഷ്ണുപാദം പൂകി. ഭാര്യ പരേതയായ സാവിത്രി അന്തർജനം (റിട്ട. ഹെഡ് ടീച്ചർ പുല്ല്യോട് വെസ്റ്റ് എൽ.പി സ്കൂൾ ) മക്കൾ ദുർഗ്ഗ, ദയ, ദീപൻ, ദേവേഷ്. മരുമക്കൾ രാജീവൻ, കേശവൻ, സ്നേഹലത, ശുഭ.




**നീലിദേവി**

പ്രവിത്താനം: അളനാട് കുരുപ്പക്കാട്ടില്ലത്ത് നീലിദേവി (84) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ പുരുഷോത്തമൻ നമ്പൂതിരി. മക്കൾ: നാരായണൻ നമ്പൂതിരി, സുജാത (റിട്ട. അധ്യാപിക, തിരൂർ), രാമാനുജൻ (കെ.പി.രാമൻ നമ്പൂതിരി, , ഭാഷാപോഷിണി). മരുമക്കൾ: പ്രവദ, ഡോ. കെ.എം.മാധവൻ (റിട്ട. ആയുർവേദ മെഡിക്കൽ ഓഫിസർ, തിരൂർ), നിഷ (സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടയം).



**സുബ്രഹ്മണ്യൻ മൂസത്**

ആറന്മുള പാർഥസാരഥി ക്ഷേത്രം കൈസ്ഥാനി തെക്കേടത്ത് അഡ്വ: സുബ്രഹ്മണ്യൻ മൂസത് (89) വിഷ്ണുപാദം പൂകി. ഭാര്യ: തിരുമംഗലം തൃപ്രങ്ങോട് പരേതയായ ശാന്താദേവി. മക്കൾ: ജയശ്രീ, ശ്രീലത, ഉമാദേവി, ഗീതാദേവി, ശ്രീകല, ശ്രീവിദ്യ, ധന്യ, വിനീത്. മരുമക്കൾ: രവി , ടി.പി.രമേശൻ,സായിനാഥ്, പി.മണി ,സുബ്രഹ്മമണ്യ ശർമ, വി.എസ്.വാസുദേവൻ, ടി.സി.അനിൽകുമാർ, അഞ്ജന മൂത്തത്




**വിഷ്ണു നമ്പൂതിരി**

ചേലേമ്പ്ര: ശ്രീകണ്ഠപുരം കോട്ടൂർ കീഴാടത്ത് ഇല്ലത്ത് വിഷ്ണു നമ്പൂതിരി (83) ചേലേമ്പ്രയിലെ മകന്റെ വസതിയിൽ വിഷ്ണുപാദം പൂകി. ഭാര്യ: ദേവകി അന്തർജനം. മകൻ: ശ്രീകാന്ത് (ചേലേമ്പ്ര പുളിയശ്ശേരി മഹാവിഷ്ണു ക്ഷേത്രം മേൽശാന്തി). മരുമകൾ മിനി.



**കൃഷ്ണൻ നമ്പൂതിരി**

വാഴക്കാട് ചെറുവായൂർ കൊട്ടുംപുറം ചെറുവക്കാട്ട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ പാർവതി അന്തർജനം, മക്കൾ ശ്രീകല (പാറകുന്നം) ശ്രീകാന്ത് (തന്ത്രി), ശ്രീലജ (ചെറുമുക്ക്), മരുമക്കൾ രവി പാറകുന്നം, സുമംഗല, ഹരി ചെറുമുക്ക്.



**ദേവകി അന്തർജനം**

പട്ടാമ്പി:ഞാങ്ങാട്ടിരി മാട്ടായ അക്കൂരത്ത് മനയ്ക്കൽ പരേതനായ രാമൻ നമ്പൂതിരിയുടെ സഹധർമ്മിണി ദേവകി അന്തർജനം (94) വിഷ്ണുപാദം പൂകി. മക്കൾ പരേതനായ നാരായണൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, രാമൻനമ്പൂതിരി, നമ്പ്യാത്തൻ നമ്പൂതിരി, ശ്രീദേവി ഏർണൂർ, ദേവി മഞ്ഞപ്പറ്റ, സതി അക്കരക്കുർശ്ശി




**സുഭദ്രാമ്മ**

ശ്രീകണ്ഠപുരം: വടകര എടച്ചേരി ഊരാളിക്കണ്ടി ഇല്ലത്ത് സുഭദ്രാമ്മ (86) വിഷ്ണുപാദം പൂകി. മക്കൾ: യു.കെ.ചന്ദ്രൻ മൂസത് (ഇരിക്കൂർ മാമാനിക്കുന്ന് മഹാദേവീ ക്ഷേത്രമേൽശാന്തി), സാവിത്രി, കുഞ്ഞിനാരായണൻ മൂസത്. മരുമക്കൾ: ഉണ്ണികൃഷ്ണൻ മൂസത് ( ശ്രീകണ്ഠപുരം അമ്മകോട്ടം മഹാദേവി ക്ഷേത്രം ശാന്തി), സ്വർണം, പ്രിയ.



**കിഴക്കിനിയേത്ത് ശങ്കരനാരായണൻ നമ്പൂതിരിപ്പാട്**

തൃശൂർ: തൃശൂരിലെ സ്റ്റീൽ ഫർണിച്ചർ നിർമ്മാണ കമ്പനിയായ മെറ്റാൽഫറിന്റെ സ്ഥാപകൻ അയ്യന്തോൾ കിഴക്കിനിയേത്ത് മനയ്ക്കൽ ശങ്കരനാരായണൻ നമ്പൂതിരിപ്പാട് (83) അന്തരിച്ചു. ഭാര്യ: ശ്രീദേവി അന്തർജ്ജനം. മക്കൾ: സുനിത, അനിത. മരുമക്കൾ: ബാബു, കൃഷ്ണൻ നമ്പൂതിരി.



**കാളി അന്തർജനം**

ഷൊർണ്ണൂർ: കൂടലാറ്റുപുറത്ത് കാളി അന്തർജനം (93 ) വിഷ്ണുപാദം പൂകി. മുരിയത്ത് മന കുടുബാംഗമാണ്. ഭർത്താവ് പരേതനായ ചിത്രഭാനു നമ്പൂതിരിപ്പാട്. മക്കൾ പരേതനായ ചിത്രഭാനു നമ്പൂതിരിപ്പാട്, ദേവി, പരേതനായ പരമേശ്വരൻ, ആര്യ, കൃഷ്ണൻ നമ്പൂതിരിപ്പാട്, നാരായണൻ നമ്പൂതിരിപ്പാട്, ഭദ്ര. മരുമക്കൾ പ്രേമ, പാഴൂർ പെരുവ ഹരിദത്തൻ നമ്പൂതിരി, കരിപ്പാല നീലകണ്ഠൻ നമ്പൂതിരി, മേലേടം പരമേശ്വരൻ നമ്പൂതിരി, സ്മിത



**നീലകണ്ഠൻ പോറ്റി**

കൊല്ലം:സകൂൾ വിദ്യാഭ്യാസവകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന കൊല്ലം പുത്തൂർ ആദിശ്ശമംഗലത്തു മഠം നീലകണ്ഠൻ പോറ്റി (89) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ രാധമ്മ തമ്പാട്ടി. മകൾ: ആർ. ശ്രീകല (ജിവിഎച്ച്എസ്എസ്, കുറ്റിച്ചിറ, കോഴിക്കോട്), മരുമകൻ: പി.സി. ഹരിരാജാ ( പ്രധാനാധ്യാപകൻ, സാമൂതിരി ഹയർ സെക്കൻഡറി സ്കൂൾ, കോഴിക്കോട്)



**മുൻ ജില്ലാ ജഡ്ജി ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്**

പാലക്കാട്: മുൻ ജില്ലാജഡ്ജി കൂറ്റനാട് മേലേടത്ത് കൂടല്ലൂർ മനയ്ക്കൽ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് (91) വിഷ്ണുപാദം പൂകി. പയ്യോളി മുൻസിഫ് ആയി ജോലിയിൽ പ്രവേശിച്ച്മഞ്ചേരി എംഎസിടിയിൽ നിന്നു ജില്ലാജഡ്ജിയായി വിരമിച്ചു. ഭാര്യ: ഉമാദേവി അന്തർജനം. മക്കൾ: ഗായത്രി (റിട്ട. അധ്യാപിക), ജയശ്രീ, അഡ്വ.കൃഷ്ണൻ നമ്പൂതിരിപ്പാട്. മരുമക്കൾ: കെ ദിവാകരൻ നമ്പൂതിരിപ്പാട്, കെ. എൻ. ശങ്കർ നമ്പൂതിരിപ്പാട്, ഉമ



**ശാരദ**

തിരുവല്ല ആലംതുരുത്തി ഞാഴപ്പള്ളി ഇല്ലത്ത് ശ്രീകുമാറിന്റെ (പി.ഡബ്ലിയു.സി. സിങ്കപ്പൂർ) ഭാര്യ ശാരദ സുബ്രഹ്മണ്യൻ (33) നിര്യാതയായി. തിരുവനന്തപുരം മരുതൻകുഴി തൂമണ്ണിൽ ഇല്ലത്ത് സുബ്രഹ്മണ്യൻ മൂസ്സതിന്റെയും (റിട്ട. സീനിയർ സയന്റിസ്റ്റ്, ഇസ്രോ) ശ്യാമളാദേവി അന്തർജനത്തിന്റെയും (കേരള സർവ്വകലാശാല) മകൾ ആണ് ശാരദ. സഹോദരൻ: വിഷ്ണു പ്രവീൺ (എഞ്ചിനീയർ, യു. എസ്.എ.). സഹോദരപത്നി: ഗോപിക തിലക് (എഞ്ചിനീയർ, യു.എസ്.എ., കണ്ണൂർ കുഞ്ഞിമംഗലം മഞ്ചക്കൽ ഇല്ലം).



**സരസ്വതി അന്തർജനം**

ചാളക്കടവ് ഒറവിൽ ഇല്ലത്ത് പരേതനായ കേശവ കക്കോത്തായറുടെ പത്നി സരസ്വതി അന്തർജനം വിഷ്ണുപാദം പൂകി.



**ശ്രീധരൻ നമ്പൂതിരി**

കേരള കലാമണ്ഡലത്തിലെ മുൻ ശാസ്ത്രീയ സംഗീത അദ്ധ്യാപകനായ വേണാട് ശ്രീധരൻ നിര്യാതനായി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ




**ശുചീന്ദ്രം ക്ഷേത്രം മുൻ സ്ഥാനികൻ ഡോ.എൻ.പി.ശർമ്മ**

നാഗർകോവിൽ: ശുചീന്ദ്രം സ്ഥാണുമാലയക്ഷേത്രം മുൻ സ്ഥാനികനും ആയുർവേദ ഡോക്ടറുമായ വട്ടപ്പള്ളി മഠത്തിൽ ഡോ.എൻ.പരമേശ്വര ശർമ (82) വിഷ്ണുപാദം പൂകി. ചരിത്ര പണ്ഡിതനുമായിരുന്നു. തിരുവിതാംകൂർ കൊട്ടാരം വൈദ്യനും പണ്ഡിതനുമായിരുന്ന വൈക്കത്ത് പാച്ചു മൂത്തതിന്റെ നാലാം തലമുറക്കാരനാണ്. ശുചീന്ദ്രം വട്ടപ്പള്ളി മഠത്തിനു സമീപം ശർമ ആയുർവേദിക് ഹോസ്പിറ്റൽ നടത്തിയിരുന്നു. ശുചീന്ദ്രം എസ്എംഎസ്എം ഹയർ സെക്കൻഡറി സ്കൂൾ മാനേജിങ് ബോർഡ് പ്രസി ഡന്റാണ്. ഭാര്യ: പി.സ്വർണം ശർമ. മക്കൾ: പി.ശാന്തി, ഡോ.പി.ശിവപ്രസാദ്, പി.ശിവപ്രകാശ്. മരുമക്കൾ: അനിൽ കുമാർ, വി. ദീപ്തി, എൻ. പ്രീത.



**സരസ്വതി അന്തർജനം**

കൈതപ്രം: പുത്തില്ലം സരസ്വതി അന്തർജനം (85) വിഷ്ണു പാദം പൂകി. അരയാക്കിൽ പെരിക മന ഇല്ലത്ത് പരേതനായ മാധവൻ നമ്പൂതിരിയുടെ (റിട്ട. അധ്യാപകൻ) പത്നിയാണ്.മക്കൾ: സാവിത്രി (മുൻ അധ്യാപിക), ഗൗരി (മുൻ അധ്യാപിക) രാധ, ലീല (ഉദുമ പഞ്ചായത്ത് ജീവനക്കാരി), എ.പി.കേശവൻ (ലീഗൽ അസി. കാസർകോട്), ഉഷ (ആകാശവാണി, കാസർകോട്). മരുമക്കൾ: വാണിശ്രീ, ദാമോദരൻ നമ്പൂതിരി (പള്ളിക്കര), കേശവൻ നമ്പൂതിരി (മുൻ അധ്യാപകൻ), മാധവൻ നമ്പൂതിരി (മുൻ പ്രഥമാധ്യാപകൻ), വാസുദേവൻ നമ്പൂതിരി ( മാവൂർ ), വിനീത് നമ്പൂതിരി (പ്രഥമാധ്യാപകൻ, പാനൂർ സ്കൂൾ)



**വാസുദേവൻ നമ്പൂതിരി**

തളിപ്പറമ്പ്: വെള്ളാവിലെ പെരുംതട്ട കോക്കുന്നം വാസുദേവൻ നമ്പൂതിരി (81) നിര്യാതനായി. ടി.ടി.കെ. ദേവസ്വം മുൻ മാനേജിങ് കമ്മിറ്റി അംഗമായിരുന്നു. വെള്ളാവ് കാവ് ദക്ഷിണാമൂർത്തി ക്ഷേത്രം മുൻ ചെയർമാനും പനങ്ങാട്ടൂർ മഹാവിഷ്ണു ക്ഷേത്രംമാനേജിങ് ട്രസ്റ്റിയുമായിരുന്നു. ഭാര്യ: ഉമാദേവി അന്തർജനം (കൊട്ടോൽ ഇല്ലം). മക്കൾ: സുമ, സുജാത, ഹരികൃഷ്ണൻ, പരേതയായ രമ. മരുമക്കൾ: കേശവൻ (കോറമംഗലം), സുരേഷ് (പാലഞ്ചേരി), അനഘ (തൃശൂർ), പരേതനായ ഹരികൃഷ്ണൻ (മുഴക്കുന്ന്), സഹോദരങ്ങൾ: സാവിത്രി അന്തർജനം (കരിവെള്ളൂർ), ഗോവർധിനി അന്തർജനം (ചെറിയൂർ), സരസ്വതി അന്തർജനം (കാസർകോട്), പരേതരായ രാമൻ നമ്പൂതിരി, ആര്യ അന്തർജനം.



**ദേവകി അന്തർജനം**

തൃശൂർ: പുതുരുത്തി തെക്കേടത്ത് ദേവകി അന്തർജ്ജനം വിഷ്ണുപാദം പൂകി. കരോളിൽ മഹളാണ്. ഭർത്താവ് അഷ്ടമൂർത്തി. മക്കൾ സാവിത്രി, ഡോക്ടർ രവീന്ദ്രൻ (പ്രൊഫസർ, കാലടി ആദിശങ്കര സംസ്കൃത സർവ്വകലാശാല). മരുമക്കൾ. പടുതോൾ സുബ്രഹ്മണ്യൻ, കരുവാട്ട് ഷൈര.



**ശ്രീദേവി അന്തർജ്ജനം**

പുലിയന്നൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി ശ്രീദേവി അന്തർജ്ജനം വിഷ്ണു പാദം പൂകി



**ജയകൃഷ്ണൻ നമ്പൂതിരി**

നടുവണ്ണൂർ: കോട്ടൂർ വിഷ്ണുക്ഷേത്രം മേൽശാന്തി എടശ്ശേരി ഇല്ലത്ത് ജയകൃഷ്ണൻ നമ്പൂതിരി(63) വിഷ്ണു പാദം പൂകി. ഭാര്യ: പങ്കജം അന്തർജനം. മക്കൾ: സജിന അന്തർജനം, സന്തോഷ് നമ്പൂതിരി (മേൽശാന്തി തായാട്ട് അയ്യപ്പക്ഷേത്രം, കോഴിക്കോട്). മരുമക്കൾ: കൃഷ്ണൻ നമ്പൂതിരി കാഞ്ഞിരത്തോട്ടം ഇല്ലം, മാളവിക അന്തർജനം എടക്കഴിപ്പുറം ഇല്ലം. സഹോദരൻ: രവീന്ദ്രൻ നമ്പൂതിരി (മേൽശാന്തി, അത്തുനി ദേവി ക്ഷേത്രം).




**നാരായണൻ നമ്പൂതിരി**

ഷൊർണൂർ: വേദ പണ്ഡിതൻ ചെറുമുക്ക് നാരായണൻ നമ്പൂതിരി (97) മുംബൈ ബദലാപൂരിൽ മകൻ രവിയുടെ വസതിയിൽ വെച്ച് വിഷ്ണു പാദം പൂകി. പ്രയാഗ വേദ പണ്ഡിത പുരസ്കാരം, ഒളപ്പമണ്ണ പുരസ്കാരം, രേവതി പട്ടത്താനം ഉൾപ്പടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



**അനിൽകുമാർ**

മാങ്കാവ്: കല്ലൂരില്ലത്ത് അനിൽകുമാർ (52) വിഷ്ണുപാദം പൂകി. വാസുദേവൻ നമ്പൂതിരിയുടെയും പരേതയായ രാജേശ്വരി അന്തർജനത്തിന്റെയും മകനാണ്. സഹോദരൻ: അരുൺ നമ്പൂതിരി .



**മുരളീധരൻ പോറ്റി**

കൊട്ടാരക്കര: കുളക്കട കടുത്താനത്ത് മഠത്തിൽ മുരളീധരൻ പോറ്റി (60) വിഷ്ണു പാദം പൂകി. ഭാര്യ: എസ്.ഇന്ദു. മക്കൾ: ലക്ഷ്മി, പാർവ്വതി.



**ഉമാദേവി അന്തർജനം**


പെരുമ്പിലാവ്: ആൽത്തറ മുല്ലപ്പിള്ളി പടുതോൾ മന ഉമാദേവി അന്തർജനം (64) മുംബൈയിൽ വിഷ്ണു പാദം പൂകി. ഭർത്താവ്: നാരായണൻ നമ്പൂതിരി. മക്കൾ: ജയന്തൻ, ആര്യ. മരുമക്കൾ: സ്വാതി, സുനീഷ്.



**പ്രിയദത്ത അന്തർജനം**

പട്ടാമ്പി: പാലക്കാട് ജില്ലയിലെ ത്രാങ്ങാലി ചെറുമുക്ക് പ്രിയദത്ത അന്തർജനം (ചാലക്കുടി പടുതോൾ മന മഹൾ) വിഷ്ണുപാദം പൂകി.

## വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ




**ശ്രീധരൻ നമ്പൂതിരി**

എളവൂർ താന്നിപ്പിള്ളി മനയ്ക്കൽ ശ്രീധരൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാഗവത സപ്താഹ ആചാര്യനായിരുന്നു. ഭാര്യ: സതി അന്തർജനം. മക്കൾ: വിഷ്ണു നമ്പൂതിരി (തിരുവിതാംകൂർ ദേവസ്വം ബോർഡ്), ശ്രീ. മരുമക്കൾ: സജിത (ആരോഗ്യ വകുപ്പ്), മുരളീധരൻ നമ്പൂതിരി (ഹൈദരാബാദ് അയ്യപ്പസ്വാമി ക്ഷേത്രം മേൽശാന്തി).




**ദേവകി അന്തർജനം**

പയ്യോളി പെരുമാൾപുരം കിഴക്കേ ഊളയിൽ ദേവകി അന്തർജനം (85) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ദേവദാസ് (പയ്യോളി ശങ്കർ ടാക്കീസ് മുൻ മാനേജർ). മക്കൾ: കൃഷ്ണപ്രകാശ്, ജയറാം, രാധാകൃഷ്ണൻ ( കുവൈത്ത്), ജയശീല, കൃഷ്ണവേണി, അഡ്വ: രജനി. മരുമക്കൾ: ഗീതാഞ്ജലി, നിഷ, സോമൻ, രവീന്ദ്രൻ, ഷിനിത്ത്



**വാസുദേവൻ നമ്പൂതിരി**

നാറാത്ത്: മഹാവിഷ്ണുക്ഷേത്രത്തിന് സമീപം പടിഞ്ഞേറ്റാട്ടില്ലത്ത് വാസുദേവൻ നമ്പൂതിരി (85) നിര്യാതനായി. ഭാര്യ: നങ്ങേലി അന്തർജനം. മക്കൾ: സാവിത്രി, ആശ. മരുമക്കൾ: സദാനന്ദൻ നമ്പൂതിരി (മലപ്പുറം, വണ്ടൂർ), ഭാസ്കരൻ നമ്പൂതിരി (മട്ടന്നൂർ). സഹോദരങ്ങൾ: നാരായണൻ നമ്പൂതിരി, പരേതനായ കൃഷ്ണൻ നമ്പൂതിരി.



**നാരായണൻ നമ്പൂതിരി**

പാവറട്ടി: ചെറുവക്കര മനയ്ക്കൽ നാരായണൻ നമ്പൂതിരി (73) വിഷ്ണുപാദം പൂകി. ഭാര്യ: ചൊവ്വല്ലൂർ മനക്കൽ സാവിത്രി അന്തർജനം. സഹോദരങ്ങൾ: കൃഷ്ണൻ നമ്പൂതിരി, ദേവകി അന്തർജനം, പാർവ്വതി അന്തർജനം, പരമേശ്വരൻ നമ്പൂതിരി, രവി നമ്പൂതിരി, സാവിത്രി അന്തർജനം, അഡ്വ. രാമചന്ദ്രൻ നമ്പൂതിരി, ശ്രീകുമാരൻ നമ്പൂതിരി.



**ഗീതാകുമാരി അന്തർജനം**

അമുന്തുരുത്തിമഠം രാജശേഖരരുടെ പത്നി ഇരവിതായര്പണ്ടാരത്തി ഗീതാകുമാരി അന്തർജനം (82) വിഷ്ണുപാദം പൂകി. മക്കൾ -അജിതാ അന്തർജനം, ശ്രീലേഖ അന്തർജനം മരുമക്കൾ കല്ലൂർമഠം നീലകണ്ഠ ഭട്ടതിരി, മുരിയ മംഗലം ഉണ്ണികൃഷ്ണശർമ്മ ചെറുമക്കൾ അജികുമാർ , അഖിലപ്രദീപ്, നവനീത്, നന്ദകുമാർ.



**രുക്മിണി അന്തർജനം**

കുറുപ്പംപടി: തുരുത്തി പായ്ക്കാട്ടുമന രുക്മിണി അന്തർജനം (77) വിഷ്ണുപാദം പൂകി. ഭർത്താവ്: കൃഷ്ണൻ നമ്പൂതിരി. മക്കൾ: സ്വപ്ന (പട്ടം യു.പി.സ്കൂൾ, തുരുത്തി). സ്മിത, ശ്രീജ. മരുമക്കൾ: സുരേഷ്, ജാതവേദൻ, രഘുനാഥൻ (ആറ്റിങ്ങൽ).



**പാർവ്വതി അന്തർജ്ജനം**

പെരുമ്പാവൂർ: അകനാട് എടശ്ശേരി മനയിൽ പരേതനായ നാരായണൻ നമ്പൂതിരിയുടെ പത്നി പാർവ്വതി അന്തർജ്ജനം വിഷ്ണു പാദം പൂകി. മക്കൾ ശ്രീദേവി, ഹരി (ദേവസ്വം ബോർഡ്). മരുമക്കൾ പ്രകാശ്, (പച്ചംകുളം) ശ്രീവിദ്യ.



**ശങ്കരനാരായണൻ നമ്പൂതിരി**

ആലുവ:പ്രശസ്ത ഋഗ്വേദ പണ്ഡിതനും, ആലുവാ തന്ത്ര വിദ്യാപീഠത്തിലെ വേദാദ്ധ്യാപകനുമായ ബ്രഹ്മശ്രീ. ഉദിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരി (68) വിഷ്ണുപാദം പൂകി.



**പാർവതി അന്തർജനം**

തൈക്കാട്ടുശേരി: മൂർക്കന്നൂർ പാർവതി അന്തർജനം (89) വിഷ്ണുപാദം പൂകി. ഏനാമാവ് ഉള്ളന്നൂർ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കുഞ്ഞൻ നമ്പൂതിരി. മക്കൾ: രാധ, നാരായണൻ (മുംബൈ),സുമ,സുധ, മോഹനൻ നമ്പൂതിരി (മേൽശാന്തി, ത്രൈലോക്യമംഗലം ക്ഷേത്രം). മരുമക്കൾ: പട്ടാമ്പി കാരത്തഴിയത്ത് ശങ്കരനാരായണൻ, കിടങ്ങൂർ ഒണിയപുലത്ത് തുളസി, പുഞ്ചപ്പാടം താറങ്ങാട് കൃഷ്ണൻ, പൈങ്കുളം ഏഴിക്കോട് സിന്ധു, കടമറ്റം പരേതനായ പെരിങ്ങാട്ടുള്ളി സുബ്രഹ്മണ്യൻ നമ്പൂതിരി.



**അമ്മിണി അന്തർജനം**

പിറവം: കളമ്പൂർ കൊരമ്പു മനക്കൽ പരേതനായ കെ.എൻ.കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ അമ്മിണി അന്തർജനം (78) നിര്യാതയായി. മക്കൾ: ഗീത, പ്രിയ, ശ്രീത (ഡൽഹി). മരുമക്കൾ: ഹരിഗോവിന്ദൻ, ശക്തി കൃഷ്ണൻ, കെ.എസ്.നാരായണൻ.

**സ്വസ്തിയിൽ ചരമ വാർത്തകൾ നൽകാൻ വാട്സ് ആപ്പ് ചെയ്യുക**

**9400992823**



**മധുസൂദനൻ നമ്പൂതിരി**

പേരാമ്പ്ര റിട്ട. അദ്ധ്യാപകൻ ആവള ബാണത്തൂർ ഇല്ലത്ത് മധുസൂദനൻ നമ്പൂതിരി വിഷ്ണുപാദം പൂകി



**കൃഷ്ണൻ നമ്പൂതിരി**

കൂറ്റംപിള്ളി കൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**കൃഷ്ണൻ നമ്പൂതിരി**

നെടുമങ്ങാട്: വേട്ടമ്പള്ളി ഊർമ്മത്തിൽ കൃഷ്ണൻ നമ്പൂതിരി (80) വിഷ്ണുപാദം പൂകി.



കുട്ടിക്കൂട്ടം
കുട്ടിക്കൂട്ടത്തിലെ കുട്ടികൾക്ക്
വായിക്കാൻ നല്ലൊരു പുസ്തകം
"A King must not attack his neighbours and plunder the public for personal joy. I didn't want to take over your country but you forced me to do so. You don't deserve to rule any country. So you can be our guest for the rest of your life..."
THARUN: THE WARRIOR FOR PEACE!
"Don't worry blessed boy Bell Girl will be coming" Resounded from the sky
BY MALLIYOOR OMY
FICTIONAL STORY FOR CHILDREN DEPICTING THE WAR BETWEEN A GIFTED CHILD WARRIOR AND A TRAINED WITCH GIRL!
FIRST PUBLISHED WORK OF MALLIYOOR OMY, EX-SOLDIER, WHO LIKES TO RECITE POEMS AND STORIES IN MALAYALAM AND ENGLISH.
BUY NOW@
AMAZON | KINDLE | E-BOOK | FLIPKART | POTHI.COM
വായിച്ച ശേഷം പുസ്തകത്തെപ്പറ്റി
അഭിപ്രായങ്ങൾ സ്വസ്തിക്കൊപ്പം
ആമസോണിലും ഫ്ളിപ്പ്കാർട്ടിലും ഇടുമല്ലൊ




സ്വസ്തി വായനക്കാർക്ക് നാറണിയാട്ട്
കുട്ടിക്കൂട്ടത്തിന്റെ നവവത്സരാശംസകൾ
നാറണിയാട്ട് ഇല്ലം,
പി.ഒ. ഫാറൂഖ് കോളജ്,
കോഴിക്കോട്.

# കുട്ടിക്കൂട്ടം





**വായിച്ച പുസ്തകം, കണ്ട സിനിമ, നടത്തിയ വിനോദ യാത്ര, ലഭിച്ച സമ്മാനം, ഇഷ്ടപ്പെട്ട സ്ഥലം, അനുഭവിച്ച വേദന, പറ്റിയ അബദ്ധം, സഹായിച്ച സുഹൃത്ത്... അങ്ങനെ ജീവിതാനുഭവങ്ങളെ ചെറിയ കുറിപ്പുകളാക്കി അയച്ചു തരൂ. മികച്ച രചനകൾ സ്വസ്തിയിൽ പ്രസിദ്ധീകരിക്കും. കുട്ടിക്കൂട്ടത്തിലേക്ക് വാട്ട്സ് അപ്പിൽ അയക്കാം**

**നമ്പർ 9400992823**

**പാർവതി പി**

*പെരുമൺപുറ അങ്കണവാടിയിലെ വിദ്യാർത്ഥിയായ അഞ്ചുവയസുകാരി പാർവതി പാലാഞ്ചേരി ഇല്ലത്ത് നവീൻ ശങ്കർ നമ്പൂതിരിയുടെയും അമൃതയുടെയും മകളാണ്.പാലാഞ്ചേരി ഇല്ലം, പി ഒ പെരുമണ്ണ, പിൻ: 673019, കോഴിക്കോട് ജില്ല, മൊബൈൽ:8157032706*




**ആശംസകളോടെ:**
അച്ഛൻ ശ്യാം, അമ്മ ഗീതിക, അച്ഛോൾ ശ്രേയ, മുത്തശ്ശൻ ദേവൻ തിരുവാലൂർ, മുത്തശ്ശി ലത.
അമ്മാത്തെ മുത്തശ്ശൻ തോട്ടം ശിവകരൻ, മുത്തശ്ശി ശ്രീരേഖ, അമ്മാമൻ ഗാഥേയൻ.
മൊബൈൽ: 77365 83461

കേന്ദ്ര സർക്കാറിന്റെ മികച്ച റെസിഡൻഷ്യൽ സ്കൂളുകളാണ് നവോദയ വിദ്യാലയങ്ങൾ. പ്രവേശനപ്പരീക്ഷ എഴുതി മിടുക്കരെ തിരഞ്ഞെടുക്കുന്ന ഇടം. താമസവും ഭക്ഷണവും യൂണിഫോമും പുസ്തകവുമെല്ലാം സൗജന്യം. ഒരു രൂപ പോലും ചെലവഴിക്കാതെ മികച്ച വിദ്യഭ്യാസം ലഭ്യമാക്കുന്ന ഇടം. മലപ്പുറം നവോദയയിൽ അഡ്മിഷൻ ലഭിച്ച ആര്യകൃഷ്ണ അനുഭവങ്ങൾ പങ്കിടുന്നു. അവിടത്തെ ഏഴാം ക്ലാസ് വിദ്യാർത്ഥിയാണ്.

## നവോദയയാണിപ്പോൾ

# എന്റെ ഇല്ലം

**ആര്യകൃഷ്ണ പി.**




നവോദയ എന്റെ പുതിയ സ്കൂൾ. പുതിയ ലോകം. ഞാൻ താമസിക്കുന്ന പുതിയ ഇല്ലം. ഇല്ലത്തെപ്പോലെ തന്നെ നമ്മളെ നോക്കാൻ അച്ഛനും അമ്മയും ആയി ഹൗസ് മാസ്റ്റേഴ്സ് ഉണ്ടാകും. നവോദയക്ക് രണ്ട് വ്യത്യാസമുണ്ട്. താമസം ഹോസ്റ്റലിലാണ്. ഒരു രൂപ പോലും വീട്ടിൽ നിന്ന് മുടക്കേണ്ടതുമില്ല. താമസം, ഭക്ഷണം, യൂണിഫോം, പുസ്തകങ്ങൾ തുടങ്ങി എല്ലാം കേന്ദ്ര സർക്കാരിന്റെ ചെലവിലാണ്.

കേന്ദ്ര സർക്കാറിന്റെ റെസിഡൻഷ്യൽ സ്കൂളാണ്. ഞാൻ പഠിക്കുന്നത് മലപ്പുറത്തെ ജവഹർ നവോദയ വിദ്യാലയത്തിലാണ്. അവിടെ താമസിച്ച് തന്നെ പഠിക്കണം .കാര്യങ്ങളെല്ലാം തന്നെ സ്വയം ചെയ്യണം. അലക്കുന്നതും കുളിക്കുന്നതും ഭക്ഷണം കഴിച്ച പാത്രം കഴുകുന്നതും എല്ലാം. എല്ലാ കാര്യങ്ങളും സ്വന്തം ചെയ്യാൻ ശീലമാവും. ഇത്രയും കാലം അമ്മയോ അച്ഛനോ ചെയ്തു തന്നിരുന്ന കാര്യങ്ങൾ ഇവിടെ സ്വയം ചെയ്യണം.

ഒരുവർഷം ഒരു ജില്ലയിൽ നിന്നു 80 കുട്ടികൾക്കാണ് അഡ്മിഷൻ കിട്ടുക. ആറാം ക്ലാസിലേക്കാണ് അഡ്മിഷൻ. അതിന് എൻട്രൻസ് പരീക്ഷയാണ്. ലക്ഷക്കണക്കിന് കുട്ടികൾ പരീക്ഷ എഴുതും. മികച്ച 80 കുട്ടികളെ തിരഞ്ഞെടുക്കുകയാണ്. ഒരു ജില്ലയിൽ ഒരു നവോദയയാണ് ഉണ്ടാവുക. പഠനം സിബിഎസ്ഇ ലെവൽ ആണ്.

എന്നെ ഈ നവോദയിലേക്ക് വരാൻ പ്രേരിപ്പിച്ചത് ഇല്ലത്തെ കുട്ടേട്ടനാണ്. കുട്ടേട്ടനെ കാണാൻ ഒരു രണ്ടാം ശനിയാഴ്ച നവോദയയിൽ പോയതു മുതലാണ് എനിക്കും മോഹം തുടങ്ങിയത്. കുട്ടേട്ടൻ ഇപ്പോൾ ഉത്തർ പ്രദേശിലെ പ്രയാഗ് രാജിലാണ്. മുപ്പത് ശതമാനം കുട്ടികളെ ഇങ്ങനെ ഒമ്പതാം ക്ലാസ്സിൽ നിന്നും ജില്ലാകലക്ടർ സെലക്ട് ചെയ്യും. അതിൽ നമ്മൾ ഉൾപ്പെടുകയാണെങ്കിൽ ഇന്ത്യയിലെ തന്നെ മറ്റു സംസ്ഥാനങ്ങളിൽ പോയി ഒരു കൊല്ലം താമസിച്ചു പഠിക്കാം. യാത്രയുടെ ചെലവും ഗവൺമെൻറ് തന്നെ ഏറ്റെടുക്കും.


എൽ.കെ.ജിയും യു.കെ.ജിയും കാലിക്കറ്റ് എയർപോർട്ട് സ്കൂളിലാണ് പഠിച്ചത്. അന്ന് സ്കൂളിൽ ബസ്സിലായിരുന്നു പോയിരുന്നത്. പിന്നെ, ഒന്നാം ക്ലാസ് കിഴിശ്ശേരി ഗവൺമെൻറ് എൽപി സ്കൂളിൽ. ഇല്ലത്തിന്റെ അടുത്തായതുകൊണ്ട് അമ്മയുടെയും അച്ഛന്റെയും കൂടെ ആയിരുന്നു പോക്കുംവരവും. ആ സമയത്താണ് എനിക്ക് എൽ.എസ്.എസ് കിട്ടിയത്. 5ാം ക്ലാസിലെത്തിയപ്പോൾ എ.യു.പി ഗണപത് സ്കൂളിലായി. അപ്പോഴേക്കും കൊറോണക്കാലമായി. അവിടെ പഠിക്കുമ്പോഴാണ് നവോദയയുടെ ടെസ്റ്റ് എഴുതിയത്. ഇപ്പോൾ മലപ്പുറം നവോദയിൽ. ഇതെന്റെ നാലാമത്തെ സ്കൂളാണ്.

ഇപ്പോൾ എന്റെ താമസം സ്കൂളിലാണ്. ഇത്രയും കാലം ഇല്ലത്ത് അച്ഛനമ്മമാരോടൊപ്പം കഴിഞ്ഞിരുന്ന ഞാൻ ഊണും ഉറക്കവും എല്ലാം സ്കൂളിൽത്തന്നെ. പലയിടത്തുനിന്നും വന്നവർ. പല ശീലങ്ങളുള്ളവർ. അവരെല്ലാം ഒരുമിച്ച് ഉറങ്ങുന്നു, പഠിക്കുന്നു, കളിക്കുന്നു, കഴിക്കുന്നു. എന്റെ വലിയ ആഗ്രഹമായിരുന്നു ഈ സ്കൂളിൽ പഠിക്കണമെന്ന്. ഗൈഡ് വാങ്ങി പഠിച്ച് മഞ്ചേരി ഗേൾസ് ഹൈസ്കൂളിൽ ചെന്ന് പരീക്ഷയെഴുതി. കുറെ പ്രാർത്ഥിച്ചു കിട്ടണമെന്ന്. അവസാനം റിസൾട്ട് വന്നു ഫസ്റ്റ് റൗണ്ടിൽ തന്നെ കിട്ടി. സന്തോഷമായി.

കാത്തിരിപ്പായിരുന്നു പിന്നെ. സ്കൂൾ തുറക്കാൻ. പക്ഷേ കൊറോണ കാരണം ഓൺലൈൻ ക്ലാസ് ആയിരുന്നു. ആദ്യത്തെ ദിവസം ടീച്ചർമാർ പരിചയപ്പെടുത്തി. പ്രേം കുമാർ സാർ ആയിരുന്നു ഞങ്ങളുടെ ക്ലാസ് സാർ. കൊറോണക്കാലമായതിനാൽ ആറാം ക്ലാസ് മുഴുവനും ഓൺലൈനിൽ ആയിരുന്നു. മൈക്രോസോഫ്റ്റ് ടീംസ് എന്ന ആപ്പിൽ. പിന്നെ 2022 ജൂലൈ 20നാണ് നവോദയിലേക്ക് വന്നത്. വാട്സ്ആപ്പ് ഗ്രൂപ്പിൽ പരിചയപ്പെട്ട കൂട്ടുകാരെയെല്ലാം നേരിൽകണ്ടു. എല്ലാവരും വേറെ വേറെ മൂഡിലായിരുന്നു. ചിലർ പാരൻസിന്റെ കൂടെയായിരുന്നു. ചിലർ കരയുന്നു. ചിലർ എല്ലാവരുമൊത്ത് ഫോട്ടോ എടുക്കുന്നു. ചിലർ കൂട്ടുകാരോടു വാതോരാതെ സംസാരിക്കുന്നു. ഞാൻ ഫ്രണ്ട്സിന്റെ കൂടെ കുറെ ഫോട്ടോസ് എടുത്തു. എല്ലാവരും അവരവരുടെ സാധനങ്ങൾ ഹോസ്റ്റലിലേക്ക് മാറ്റി. എന്റെ സാധനങ്ങൾ എടുക്കാൻ ചേച്ചിമാർ സഹായിച്ചു. അരാവല്ലി ഗ്രൂപ്പിൽ ആയിരുന്നു ഞാൻ ചേർന്നത്. എല്ലാ വരും ഹാപ്പിയായിരുന്നു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഫ്രഷേഴ്സ് പാർട്ടി നടന്നു. പുതിയ കുട്ടികളെ ഒന്നിച്ച് പരിചയപ്പെടുത്തുന്ന ഒരു വേദി. പഴയ സ്കൂളുകളിലൊന്നും കാണാത്ത രസകരമായ ഒന്ന്. ഞാൻ കവിതചൊല്ലി. എല്ലാവരും കൈയടിച്ചു. സൗണ്ട് ഒക്കെ പോയിട്ടുണ്ടായിരുന്നു. കൂടാതെ ഞങ്ങൾക്കെല്ലാം ഒരു വെൽക്കം കാർഡ് കിട്ടി. ഇപ്പോൾ നവോദയിൽ താമസമാക്കിട്ട് അഞ്ചുമാസം കഴിഞ്ഞു. ഇപ്പോൾ നവോദയയാണ് എന്റെ ഇല്ലം. എല്ലാവരും പരസ്പരം സഹായിച്ചും സ്നേഹിച്ചും കഴിയുന്ന ഞങ്ങളുടെ ഇല്ലം●

(ഏഴാം ക്ലാസ് എ ജവഹർ നവോദയ വിദ്യാലയ മലപ്പുറം.
പഴങ്ങോട്ടുപൊറ്റ ഇല്ലത്ത് ജയന്റെയും ഉമയുടെയും മകളാണ്.
പഴങ്ങോട്ടുപൊറ്റ ഇല്ലം,പി. ഒ പുളിയക്കോട്, വഴി കുഴിമണ്ണ,
മലപ്പുറം ജില്ല, മൊബൈൽ: 8086721402)



# ആകാശമെന്ന അദ്ഭുതം !


**ആര്യൻ. സി**

രാത്രിയിൽ മിന്നും നക്ഷത്രങ്ങളെ
രാവിലെയായാൽ കാണില്ല,
രാവിലെ നമ്മൾ കാണും സൂര്യനെ
രാത്രിയിൽ കാണാനാവില്ല,
രാത്രിയിൽ നമ്മളെ നോക്കിക്കൊണ്ട്
അമ്പിളി മാമൻ നില്പുണ്ടേ,
പഞ്ഞിക്കെട്ടു കണക്കൊരു മേഘം
ആകാശത്തിൽ കാണാലോ,
മേഘക്കെട്ടിന്നിടയിൽ കാണാം
പലനിറമായി മഴവില്ലും,
അദ്ഭുതമാണവയെന്നുമെനിക്കിവർ
ആകാശത്തിൽ തെളിയുമ്പോൾ.




അച്ഛന്റെ പേര്:
വിവേക്.സി
അമ്മ: നന്ദിനി.പി
ചൂരക്കാട് ഇല്ലം,നന്മണ്ട മഠം
പി ഒ നന്മണ്ട ,പിൻ: 673613
കോഴിക്കോട്
ഫോൺ: 8137054297


# സ്വതന്ത്ര ഭാരത ചിന്ത



**ദൃശ്യ പുതിയില്ലം**

നമുക്കുയർത്താം ഒരൊറ്റ മനസ്സായ്
തേജസ്സാർന്ന പതാകകൾ നാം ,
സമത്വ സുന്ദര ഭാരത മണ്ണിൽ
നമുക്കിതൊന്നായ് മുന്നേറാം,
നമ്മിലുണർത്തിയ സ്വാതന്ത്ര്യത്താൽ
പുളകിതരായ് നാമിന്ത്യക്കാർ ,
നമുക്കിതോർക്കാം നവസ്വപ്നത്താൽ
പുതിയൊരുണർവ്വിൻ നാളങ്ങൾ,
എഴുപത്തഞ്ചു തികഞ്ഞൊരു നിറവിൽ
വന്ദേ മാതരമലയൊലികൾ,
നമുക്കു മുന്നേ വന്നവർ തന്നൊരു
സുരഭില സുന്ദര സൗഭാഗ്യം,
തുടർന്നിടേണം കളഞ്ഞിടാതെ
നിധിപോൽ നമ്മുടെ സ്വാതന്ത്ര്യം ●


എറണാകുളം ജില്ലയിലെ തൃക്കാക്കര ഉപസഭയിലെ പുതിയില്ലം ഗിരീഷിന്റെ പുത്രിയാണ്. ദൃശ്യ. പുതിയില്ലം, തുതിയൂർ, CSEZ PO, കാക്കനാട്, എറണാകുളം, പിൻ: 682037.മൊബൈൽ: 99467 99278


# സ്വസ്തിയിൽ നക്ഷത്രങ്ങൾ വിരിയട്ടെ

നാട്ടിൽനിന്ന് മുത്തശ്ശൻ വിളിച്ചപ്പോഴാണ് സ്വസ്തി എന്നൊരു മാസികയുണ്ടെന്നും അതിൽ കുട്ടികൾക്കൊരു പംക്തിയുണ്ടെന്നും അറിഞ്ഞത്. സ്വസ്തി സംസ്കൃത പദമാണെന്നും അതൊരു ആശംസാ സന്ദേശമാണെന്നും മുത്തശ്ശൻ പറഞ്ഞു. മാത്രമല്ല, സ്വസ്തി നമ്പൂതിരിമാരുടെ ഒരു സാഹിത്യസംസ്കാരികസംരംഭമാണെന്നും വിശദീകരിച്ചു. നമ്പൂതിരിമാർ നമ്പൂതിരിമാരെ പ്പറ്റിഎഴുതുന്നതും എന്നാൽ നമ്പൂതിരിമാരല്ലാത്തവർക്കും പ്രയോജനപ്പെടുന്നതും ആണെന്നും ബോദ്ധ്യമായത് സ്വസ്തിയുടെരണ്ടുമൂന്നു ലക്കങ്ങൾ കണ്ടപ്പോഴാണ്.

ഇപ്പോൾ ഈ മാസികയിൽ എഴുതാനുള്ള ഒരു അവസരം എനിക്കും വീണുകിട്ടിയിരിക്കുന്നു. മലയാളത്തിൽ എഴുതാൻ അറിയാത്ത ഞാൻ സ്പീച്ച് നോട്ട്സ് ഉപയോഗിച്ചാണ് ഇതെഴുതുന്നത്.

ഇനി ഞാൻ പറയുന്നത് സ്വസ്തി എന്ന മാസികയുടെ വളർച്ചക്ക് ഉപകരിക്കുന്ന ഒരു കാര്യമാണ്. സ്വസ്തിയുടെ ആഭിമുഖ്യത്തിൽ വർഷംതോറും കലാസാഹിത്യമത്സരങ്ങൾ നടത്തുക. സമ്മാനങ്ങൾ നേടുന്ന രചനകൾ പ്രസിദ്ധീകരിക്കുക. അങ്ങനെ സ്വസ്തിക്ക് ഒരു ബാലപംക്തി വളർത്തിയെടുക്കാൻ കഴിയട്ടെ. വലിയ പേജുകളിൽ വലിയവർ എഴുതുന്നതുപോലെ കുട്ടികൾക്കു നീക്കിവെച്ച പേജുകളിലെ മുക്കുകളിലും മൂലകളിലും നക്ഷത്രങ്ങൾ വിരിയട്ടെ.


വർഷ.വി, വരശാല ഇല്ലം
അഴീക്കോട്, കണ്ണൂർ.
(കോയമ്പത്തൂർ നിർമ്മല മാതാ കോൺവെന്റിലെ പന്ത്രണ്ടാം വർഷ വിദ്യാർത്ഥിയും എഴുത്തുകാരൻ പി. എൻ വിജയന്റെ പേരക്കുട്ടിയുമാണ്.)

**കുഞ്ഞു ചിന്തയിലെ വലിയ യുക്തി**

# മഴ കൊണ്ടാൽ പനി പിടിക്കില്ലാന്നൂല്യ ശ്രീകൃഷ്ണനെ കാണാനല്ലേ പോണത്

ബോട്ടിൽ കേറിയതും മഴയും പെയ്തു. മഴ കൊണ്ടാൽ പനി പിടിക്കുംന്ന് അമ്മ പറഞ്ഞോണ്ടിരുന്നു. നമ്മള് ശ്രീകൃഷ്ണനെ കാണാൻ പോവല്ലേ പിന്നെന്ത് പേടിക്കാൻ. മഴ കൊള്ളാൻ എനിക്കിഷ്ടാണ്. ഇല്ലത്തൂന്ന് അമ്മ തീരെ സമ്മതിക്കില്ല, ഇവിടുന്ന് അതും നടന്നു.

**തന്മയ മാലതി. കെ.ടി**





ആഗസ്റ്റ് 10-ാം തിയ്യതി രാവിലെയുള്ള തീവണ്ടിയ്ക്ക് ഞങ്ങൾ ദ്വാരകയിലേക്ക് പുറപ്പെട്ടു. ദ്വാരക ശ്രീകൃഷ്ണന്റെ നാടാണെന്ന് എനിക്കറിയാം. അതോണ്ടവിടെ പോകാൻ എനിക്ക് വല്യ ഇഷ്ടമായിരുന്നു. കൃഷ്ണൻ നടന്ന സ്ഥലമല്ലേ അത്! അവിടെക്കൂടി എനിക്കും നടക്കാലോ!!

എനിക്കേറ്റവും ഇഷ്ടം ട്രെയിനിൽ പോവാനാണ്. വിമാനത്തിൽ പോയാൽ പുറത്തെ കാഴ്ച്ചകൾ ഒന്നും കാണാൻ പറ്റില്ല. വേഗം ബോറടിക്കും. അമ്മയോട് ട്രെയിനിൽ തന്നെ പോയാ മതീന്ന് പറഞ്ഞിരുന്നു. അതും നടന്നു. പക്ഷേ ഈ ട്രെയിനിൽ ബാത്ത്റൂമിൽ പാട്ടപോലും ഇല്ലാതിരുന്നത് കഷ്ടമായിപ്പോയി. പിറ്റേ ദിവസം ഉച്ചയ്ക്കാണ് ദ്വാരകയിൽ എത്തീത്. ബറോഡ എന്ന സ്ഥലത്തു നിന്നു ദാദാജിയും വണ്ടിയിൽ കയറിയിരുന്നു. ദാദാജി വന്നാൽ പിന്നെ ഒന്നും പേടിക്കണ്ട, എല്ലാം ദാദാജിക്കറിയാം.

ദ്വാരകയിൽ നല്ല തിരക്കായിരുന്നു. റൂമൊന്നും കിട്ടാനില്ല, എന്നാലും അവസാനം ഒരു റൂം കിട്ടി. ശരിയ്ക്കുള്ള ദ്വാരക കടലിനടിയിലാണെന്നാണ് അമ്മ പറഞ്ഞത്. ഈ ദ്വാരകയ്ക്ക് ചുറ്റും കടല് തന്നെയാണ്. ഞങ്ങൾ ആദ്യം പോയത് ദ്വാരകാധീശ ക്ഷേത്രത്തിലേക്കാണ്. അവിടെ കൃഷ്ണൻ തന്നെയാണ്. ദ്വാരകയിൽ എവിടെ നോക്കിയാലും കൃഷ്ണൻ തന്നെ. ആ അമ്പലത്തിന് പിറകിൽ കടലാണ്.

വൈകുന്നേരം പോയപ്പം അവിടെ മുഴുവൻ വെള്ളമായിരുന്നു. രാവിലെ നോക്കിയപ്പോൾ നിറയെ മണൽ മാത്രം. അതെന്താണാവോ അങ്ങനെ? ചോദിച്ചപ്പം വേലിയേറ്റം, വേലിയിറക്കം എന്നൊക്കെ അമ്മ പറഞ്ഞു. എനിക്ക് ശരിക്കു മനസിലായില്ല. റൊട്ടിയും ധാലും ഒക്കെ എനിക്കിഷ്ടാണ്. അതോണ്ട് ഞാൻ അതൊക്കെയാ കഴിച്ചത്.


പിന്നെ ഞങ്ങൾ ബേഡ് ദ്വാരകയിലേക്ക് പോയി. കടലിലൂടെ കുറെ ദൂരം ബോട്ടിൽ പോവണം എന്നാലേ അവിടെയെത്തൂ. എനിക്കെന്ത് ഇഷ്ടായീന്നോ അത്. ബോട്ടിൽ കേറിയതും മഴയും പെയ്തു. മഴ കൊണ്ടാൽ പനി പിടിക്കുംന്ന് അമ്മ പറഞ്ഞോണ്ടിരുന്നു. നമ്മള് ശ്രീകൃഷ്ണനെ കാണാൻ പോവല്ലേ പിന്നെന്ത് പേടിക്കാൻ. മഴ കൊള്ളാൻ എനിക്കിഷ്ടാണ്. ഇല്ലത്തൂന്ന് അമ്മ തീരെ സമ്മതിക്കില്ല, ഇവിടുന്ന് അതും നടന്നു.

വലിയ അമ്പലമാണവിടെ. നിറയെ കാണാനുണ്ട്. കുറെ സ്ഥലത്ത് തൊഴാനുമുണ്ട്. ശ്രീകൃഷ്ണനും , രാധയും സുദാമാവുമൊക്കെണ്ട്. സുദാമാവ് ആരാന്ന് വച്ചാൽ കുചേലനാണ്. ശ്രീകൃഷ്ണന്റെ വല്യ ഫ്രണ്ടല്ലേ. പ്രസാദമൊക്കെ വാങ്ങി നടക്കുമ്പം അമ്മയും ചാച്ചു ചിറ്റയും ആച്ചിയമ്മയുമൊക്കെ കുറെ കഥകൾ പറഞ്ഞു തന്നു. അതോണ്ട് എനിക്കിപ്പം കുറെ കഥകൾ അറിയാം. എന്ത് രസമാണ് അവിടൊക്കെ കാണാൻ. ബോട്ടിൽ തന്നെ തിരിച്ച് പോന്നു. അപ്പഴും മഴ തന്നെ, എന്തായാലും എനിക്ക് സന്തോഷായി. തിരിച്ച് വേഗം റൂമിലെത്തി. ദ്വാരകയിലെ കാഴ്ച്ചകൾ എനിക്കെന്തായാലും ഒരുപാട് ഇഷ്ടായി. കുറെ നേരം കൃഷ്ണനോടൊപ്പം കളിച്ച പോലെ തോന്നി.

തന്മയ മാലതി. കെ.ടി
തെഞ്ചീരി ഇല്ലം അമ്പലക്കണ്ടി,
പി.ഒ വിളയിൽ
വഴി കുഴിമണ്ണ, മലപ്പുറം ജില്ല
മൊബൈൽ 8086319953
(കെ.ടി വാസുദേവൻ നമ്പൂതിരിയുടെയും കെ.അനഘയുടെയും മകളാണ്.)

# ALL BECAUSE OF A CONTRACT

short story



Suraj Divakaran
S/o: Divakaran P. M
Puthillam
Puthillath Mana
(P. O) Chembra,
Thiruvegappura,
Palakkad Dist.
Mobile : 99702 19061

I'd just finished another novel three days ago. It is about a boy--- No, I can't possibly tell you, I could break my contract with Mr. Charlie. He always likes to be called Mr. Charlie, as if he is a great, honorable man who gives a lot to charity. Who is going to read this? Who am I writing this for? What do I gain from expressing my heavy heart? Right now, I don't have the faintest idea.

I was a child of a woman called Lakshmi. She was a sweet, short-tempered mother and she took great care of me. After she'd divorced her husband, I became her sole belonging and companion. She was a smart woman, that lady. She always had something to read, to talk about, and to look out for. We were real adventurers, trudging through life. We made several voyages on our ship. She had acquainted me with Mr. Dostoevsky, Ms. Edith Wharton and many more. Unfortunately, the sails of the ship fell down one day when I lost her to a fire incident in her office at the tender age of seventeen. I lost a big part of me that day. A close uncle of mine invited me to live with his family, but I followed in my mother's footsteps. Fortunately, I had some books and some thoughts and ideas, which I put on paper efficiently. College was not a necessity, so I worked in a shop which sold antiques. Rarely did a soul show its' shadow there...but I had to dust every corner of the room and rearrange everything every day. The pay was miserable but the owner had pity on me and offered me food and shelter. One day, this stranger visited the shop, showed me a piece of paper which I recognized and asked," Did you write this?" I said, "Yes" He smiled and talked with me for a while.

He gave me two books to read. Supposedly, he had written them and they had been very popular among teenagers. I read both books in a day after my work. I read them, threw them on the nearest wall and then started laughing at those stupid stories like a hyena. I was astonished at what human race had come down to...The next day he came to visit again. Supposedly, he was the writer of these masterpieces. I commended him on his great work. Without wasting much time, he told me the well he had sunk into. His name was Mr. Charlie, he was a writer loved by his admirers. He was 5 years elder to me, had not written a book since 2 years and was worried about his reputation. He constantly excused his inability to write a book with a disease called 'writer's block'. He proposed a satisfying job. The job was to cook up and write a brilliant story that every person in the world would read and publish it in his name. I would receive a small part of his royalties for my service. Even if his name was honorable, he was the most cunning, young person I had ever met. His publisher's eyes had already glimpsed through my writings and they were twinkling with joy and desperation.

The first novel I wrote was celebrated as a revival of Mr. Charlie in the literary world. Readers and critics alike were impressed and asked him complex, meaningful questions. After his first interview, he always visited me to learn and rehearse explanations and theories. The second novel I wrote for him won `The Booker' prize. Readers immersed themselves in the settings and characters, while critics understood symbolisms and complexities of the novel. I wrote two more and Mr. Charlie was declared `The Great Entertainer' What an icon! He deserved it after signing so many copies of his books, my writings. The pay I was receiving was extreme, but not as extreme as Mr. Charlie.

However, my heart and mind is not at ease. It is filled with passionate anger and regret. If someone even pokes a useless, blunt needle they would be able to see a tremendous explosion of my longings. After 4 books, Mr. Charlie decided to take a break as his `artistic hold' over writing was fluctuating. He really needed some rest. As for me, I could have bought the whole antique shop with the money I had, but I was considerate of the owner and bought some antique items like chairs, tables and more. When he asked me how I was able to afford such things, I told him that I worked in the stock market. It was during this break that I contemplated....the lines that I wrote, the characters that I created; the sleepless nights and the sins of Mr. Charlie.

I'm just seeing an angel while I'm hearing the calm waters of the night. She sits, with her legs folded talking to another friend of hers. The streetlights shine on her. Her face has a few spots, which magically fade away as soon as she smiles. She's commanding the sea with her calm, genuine smile. She laughs and my whole being is freshened up, a laugh rich with strength and innocence. Oh how wonderful it would be to sit close to her like her friend- She glides her slender hand through the air; maybe she is trying to explain her beauty to the world. If I could just touch her hand or her face, that would lead to real contentment. Touching her soul would be an arduous task, would God mind if I tried my hand at it?

This is nothing but an excerpt from

Mr. Charlie's book. Has anyone ever wondered if someone else had written this for him? Has anyone wondered if this was my experience and my expression of it? How can people overlook that Mr. Charlie is evil and I am infatuated with the girl I saw before writing? Well, I've discovered that the answer is Mr. Charlie did everything! I had seen two kids on the street playing with whatever they had in their hands. It was such an endearing sight to see their joy even when they seemed like kids who have nothing. How grumbly we humans are for the smallest things! They played with an abandoned tyre, a torn scarf and small rocks. I described a bunch of kids in a book, similar to those two kids as 'children who discovered a new paradise everyday'. And as always, Mr. Charlie (the kangaroo) jumped in and took away the praises. A character who had red veins in his eyes was called 'a man who hunted for prey all night, specifically the prey to survive in life, money'. Argh... it is getting worse by the minute. My identity has been wiped off the face of this earth because of this farce we've been playing for almost 8 years.

WHEN WILL THESE LINES, THESE THOUGHTS, THESE CREATIONS, THESE STORIES BECOME MINE? WHEN WILL I REALLY THINK THAT MY MOTHER IS PROUD OF ME? WHY CAN'T I ESCAPE THIS BRUTAL MAN AND WRITE FOR MYSELF? ALL BECAUSE OF A CONTRACT- A contract signed by a foolish boy like me....I'm still bound for two more years. A big prison facility with robbers, murderers would never stand a chance against me. I am a prisoner...where I have put myself with that contract. No one knows who I am, no one knows my feelings and emotions towards things and it is the most disheartening of roads to drive through.

I am a sad man who neither has a name, nor relief and who is filled to the brim with grief. Can't God come around here or can't that angel give me a visit? Someone could hold my hand or take me in their arms to whisper that I've done well. I can only wait patiently for that day, but until then I would have to believe that the pay is good, more specifically tremendous because I am getting prosperous by the day.

### മറക്കാനാവാത്ത അനുഭവം



# മത്സ്യം കൊത്താൻ വന്നപ്പോൾ പേടിച്ചു പോയി



**ശ്രീലക്ഷ്മി അരീക്കര**

എന്റെ പേര് ശ്രീലക്ഷ്മി. ഞാൻ തിരുന്നാവായ മാണിയങ്കാട് എൽ പി സ്കൂളിൽ മൂന്നിലാണ് പഠിക്കുന്നത്. അച്ഛന്റെ പേര് ഗിരീഷ് നമ്പൂതിരി, അമ്മ അശ്വതി. കുറ്റിപ്പുറത്തിനടുത്ത് അരീക്കര മനയാണ് ഇല്ലം. എനിക്ക് ഒരേട്ടൻണ്ട്. ശ്രീഹരി നാരായണൻ ന്നാണ് പേര്.

കഴിഞ്ഞ മെയ് മാസത്തിൽ അച്ഛനും അമ്മയും ഞാനും ഏട്ടനും കൂടി മലേഷ്യയിൽ പോയി. ഞങ്ങൾ ട്രിച്ചീന്നാണ് വിമാനത്തിൽ പോയത്.

ഉച്ചക്ക് വിമാനത്തിൽ കേറിയ ഞങ്ങൾ നാല് മണിക്കൂറിനു ശേഷം മലേഷ്യയിൽ എത്തി.

പിറ്റേന്ന് തൊട്ട് ഞങ്ങൾ സ്ഥലങ്ങൾ കാണാൻ പോയി. ഒരുപാട് കാഴ്ചകൾ കണ്ടു ട്ടൊ. ന്നാലും നിക്ക് ഇഷ്ട്ടായത് ടിൻടവർ എന്ന സ്ഥലത്തെ വല്യേ അക്വേറിയാണ്. രണ്ടുഭാഗത്തും വെള്ളം. അതിൽ നിറയേ പലതരം മത്സ്യങ്ങളും. എത്രവല്യ മത്സ്യങ്ങളാണെന്നോ. കുഞ്ഞു മത്സ്യങ്ങൾ വേറെയും.

അതിനു നടുവിലൂടെ ആളുകൾക്ക് നടന്നു കാണാൻ വഴിയുണ്ട്. ഞാൻ മെല്ലെ ഗ്ലാസിൽ കൈവെച്ചു. അപ്പൊ ഒരു വല്യ മത്സ്യം അതിന് തിന്നാനുള്ള എന്തോ ആണെന്ന് വിചാരിച്ച് വായ തുറന്നു ഒറ്റ വരവ്. ഞാൻ പേടിച്ച് 'അയ്യോ അമ്മേ'.. ന്നു നിലവിളിച്ചു. ഇതുകണ്ട് എല്ലാവരും ചിരിച്ചു. എനിക്ക് ദേഷ്യോം സങ്കടോം ഒക്കെ വന്നു. പിന്നെയാണ് മനസ്സിലായത് അത് ചില്ലിന് അപ്പുറത്താണെന്നും എന്നെ തൊടാൻ അതിന് പറ്റില്ലെന്നും.

അപ്പോൾ അക്കിടി പറ്റിയ പോലെയായി. അച്ഛൻ എന്നെ സമാധാനിപ്പിച്ചു.

പിന്നെയും കുറെ സ്ഥലങ്ങൾ ഞങ്ങൾ കണ്ടു. യാത്രയും നല്ലരസമായിരുന്നു. ആ മത്സ്യത്തിനെ മറക്കാനാവില്ല

D/o ഗിരീഷ് നമ്പൂതിരി,
'ശ്രീഹരി' ,അരീക്കര മന, പോസ്റ്റ്:നടുവട്ടം,
കുറ്റിപ്പുറം, പിൻ:679571, മൊബൈൽ: 85939 72928

# പാണിഗ്രഹണം

ബു

| | | | |
|---|---|---|---|
| ര ശു മ ശി | ബു | മാ | |
| | ഗ്രഹനില | | ല |
| ച ഗു | | | കു |
| | | | സ |

സ ശു

ബു ല ച ഗു ശി മാ

ര കു മ

**ശില്പ.** ജനനം: 1997 ഏപ്രിൽ 3 (1172 മീനം 20) വ്യാഴാഴ്ച. സമയം: 1.15 pm. നക്ഷത്രം: തിരുവോണം. ഉയരം: 152 സെ.മീ. വിദ്യാഭ്യാസം: എം.എസ്.സി, ബി.എഡ്, ഫിസിക്സ്, അച്ഛൻ: റിട്ട. അദ്ധ്യാപകൻ, അമ്മ: റിട്ട. അദ്ധ്യാപിക. സഹോദരി: വിവാഹിത. ഇല്ലം: പുല്ലങ്കോട്ടില്ലം. അമ്മാത്ത്: ആലക്കാട്ട് പള്ളി. മുൻഗണന: ഗവ. ജീവനക്കാർ, അദ്ധ്യാപകർ, ബാങ്ക് ജീവനക്കാർ. സമീപ ജില്ലകൾക്ക് മുൻഗണന. ഫോൺ: 9497170165. ചന്ദ്രസ്യ ശിഷ്ടദശ.

ബു

| | | | |
|---|---|---|---|
| ര മാ മ ശി | ശു | | |
| കു ബു | ഗ്രഹനില | | |
| ച | | | ല |
| ഗു | | | സ |

ശി

ര ച മ സ

മാ ഗു ല ശു

**ഭദ്ര എം.വി.** ജനനം: 1996 മാർച്ച് 6 (1171 മീനം 3). സമയം: 5.37 pm. ജനനസ്ഥലം: എറണാകുളം. നക്ഷത്രം: തിരുവോണം (നാലാംപാദം). വിദ്യാഭ്യാസം: എം.എസ്.സി. (സ്റ്റെംസെൽ സയൻസ്). ഗോത്രം: കാശ്യപഗോത്രം. വിലാസം: എം.എസ്. വിഷ്ണു നമ്പൂതിരി, ആമേടമംഗലം, ഉദയം പേരൂർ. മൊബൈൽ: 9447821754. ശിഷ്ടദശ- ചന്ദ്രദശ- 0 വർഷം- 2 മാസം-14 ദിവസം.

സ ച ബു

കു മ മാ

| | | | |
|---|---|---|---|
| | | ര ബു ശു സ | |
| | ഗ്രഹനില | | മാ |
| | | | |
| ച ഗു | ശി | കു മ | ല |

ഗു

ശി ര ശു ല

**റിതേഷ് എം.ഡി.,** ജനനം: 14.6.1984 (1159 എടവം 32). നക്ഷത്രം: മൂലം. ഉയരം: 178 സെ.മീ. ഇല്ലം: മങ്ങത്തായ. ജോലി: ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (കേരള ആരോഗ്യ വകുപ്പ്). അച്ഛൻ: ദാമോദരൻ നമ്പൂതിരി. വിലാസം: പെരുമണ്ണ പി.ഒ., കോഴിക്കോട്-673019. ഫോൺ: 8129041955.

| | | | |
|---|---|---|---|
| ഗു സ | | മാ | |
| | രാശി | | |
| | | | ല |
| ച | മ | ര ബു ശു | ക ശി |

| | | | |
|---|---|---|---|
| ഗു ശി | ച | ല ശു | ക മാ |
| മ | നവാംശം | | |
| ബു | | | |
| ര | | | സ |

**അനു വി.പരമേശ്വരൻ.** വയസ്സ് 34, ജനനസമയം: 2 am, ജനനസ്ഥലം: പേരാമ്പ്ര. ഉയരം: 175 സെ.മീ. നക്ഷത്രം: മൂലം, വിദ്യാഭ്യാസം: ബി.കോം, എം.ബി.എ, ജോലി: അക്കൗണ്ട്സ് മാനേജർ (നന്ദി ടൊയോട്ട- ബാംഗ്ലൂർ), അച്ഛൻ: പരമേശ്വരൻ നമ്പൂതിരി (പൂജാരി), അമ്മ: പാർവതി അന്തർജനം, സഹോദരി: വിവാഹിത (ബാംഗ്ലൂരിൽ താമസം), വിലാസം: വീട്ടിയോട്ട് ഇല്ലം, മുതുവണ്ണാച്ച, കുറ്റ്യാടി, കോഴിക്കോട്. അമ്മാത്ത്: ബാണത്തൂര് ഇല്ലം, മൊബൈൽ: 9645005422, 9513398130 (വാട്സ്ആപ്പ്).

| | | | |
|---|---|---|---|
| മ ശി | ര ബു ഭ മ | | കു |
| | ഗ്രഹനില | | |
| ഗു | | | ല കു |
| | ച | | സ |

**ഗോകുൽ.** ജനനം: 26.4.1997 (1172 മേടം 13). നക്ഷത്രം: തൃക്കേട്ട. ഉയരം: 170 സെ.മീ. വിദ്യാഭ്യാസം: ബി.കോം. എയർപോർട്ട് മാനേജ്മെന്റ്. അച്ഛൻ: മോഹനൻ കെ., കുളങ്ങര ഇല്ലം. അമ്മ: രജനി ടി.എൻ. താഴെക്കുളം മന. സഹോദരൻ: രാഹുൽ കെ. (അദ്ധ്യാപകൻ). വിലാസം: വിളയിൽ, പരപ്പൂർ. ഫോൺ: 9744203647

ഗു കു സ ബു

| | | | |
|---|---|---|---|
| | ശി | | കു |
| മ | | | |
| മാ | | | ര |
| ല | ച | ഗു ശു സ | ബു |

ച മ, മാ, ശു (ഇടത്) — ര ശി, ല (താഴെ)

**സുജൻലാൽ ശർമ്മ എം.** ജനനം: 12.09.1994, സമയം: 2.20 pm. ജനനസ്ഥലം: തളിപ്പറമ്പ്. ഉയരം: 175 സെ.മീ., നക്ഷത്രം: തൃക്കേട്ട. വിദ്യാഭ്യാസം: ബി.ഇ. മെക്കാനിക്കൽ. ജോലി: പ്രൊഡക്ട് ഡവലപ്പ്മെന്റ് എൻജിനീയർ (ഡിസൈൻ) (ടി.ഇ. കണക്ടിവിറ്റി, ബാംഗ്ലൂർ), അച്ഛൻ: വാസുദേവൻ നമ്പൂതിരി എം. (റിട്ട. സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്), അമ്മ: പ്രസന്ന കുമാരി. അമ്മാത്ത്: പുതുശ്ശേരി ഇല്ലം, ചുഴലി. സഹോദരി: അക്ഷയ (വിവാഹിത). വിലാസം: മങ്ങാട്ടില്ലം, ആറളം, ഇരിട്ടി, കണ്ണൂർ. മൊബൈൽ: 9895566998, 9961990683

ശി ശു ഗു മ

| | | | |
|---|---|---|---|
| ശി | | മാ | |
| ല മ | | | |
| ച ശു | | | |
| ര കു ബു ഗു | | | സ |

ല മാ (ഇടത്) — ര, ച, സ (വലത്) — കു ബു (താഴെ)

**നിഖിൽ എൻ.** ജനനം: 1995 ഡിസംബർ 25 (1171 ധനു 9). ഉയരം: 175 സെ.മീ., നക്ഷത്രം: തിരുവോണം. വിദ്യാഭ്യാസം: ബി.ടെക് (മെക്കാനിക്കൽ), ജോലി: അസിസ്റ്റന്റ് മാനേജർ, യൂക്കോ ബാങ്ക് (കൂനൂർ, ഊട്ടി). അച്ഛൻ: വിനോദ് മൂസ്സത് എൻ, അമ്മ: സുധ ടി.കെ., സഹോദരി: ഭദ്രപ്രിയ (പ്ലസ് ടു വിദ്യാർത്ഥിനി), അമ്മാത്ത്: തത്തനാരി മന, ഗോത്രം വസിഷ്ഠ ഗോത്രം, വിലാസം: നെല്ലൂളി ഇല്ലം, പാവങ്ങാട്, കോഴിക്കോട്- 673021.

ശു

| | | | |
|---|---|---|---|
| കു | ര ബു | ശു ശി | ല മാ |
| a | | | |
| | | | |
| | ച സ | ഗു | |

ഗു മ മാ, ശി, ച (ഇടത്) — സ ബു, ര (വലത്) — കു ല (താഴെ)

**ഹരികൃഷ്ണൻ നാരായണൻ.** ജനനം: 28.04.1994, സമയം: 9.18 a.m., നക്ഷത്രം: തൃക്കേട്ട, ഉയരം: 170 സെ.മീ. വിദ്യാഭ്യാസം: ബി.ടെക് (കമ്പ്യൂട്ടർ സയൻസ്), അമൃത യൂണിവേഴ്സിറ്റി, കോയമ്പത്തൂർ, എം.എസ്. കമ്പ്യൂട്ടർ സയൻസ്, കാൾടൺ യൂണിവേഴ്സിറ്റി, ഒട്ടാവ, കാനഡ. ജോലി: മെഷീൻ ലേണിംഗ് ആന്റ് മോഡലിംഗ് എൻജിനീയർ, കാനഡ, അച്ഛൻ: നാരായണൻ നമ്പൂതിരി (റിട്ട. എസ്.ബി.ഐ), അമ്മ: രാധ (റിട്ട. പ്രൊഫസർ), വിലാസം:പട്ടാഴി മന, ഗുരുവായൂരപ്പൻ കോളേജ് പി.ഒ, കോഴിക്കോട്-673014. ഇല്ലം: പട്ടാഴി മന, വളാഞ്ചേരി, മലപ്പുറം ജില്ല, അമ്മാത്ത്: പുളിയശ്ശേരി ഇല്ലം, ചൂലൂർ, എൻ.ഐ.ടി, കോഴിക്കോട്. സഹോദരൻ: (വിവാഹിതൻ), മുൻഗണന: ബി.ടെക്, എം.ടെക്, എം.സി.എ. (പ്രൊഫഷണൽ വിദ്യാഭ്യാസയോഗ്യതയുള്ളവർ),മൊബൈൽ: 9495611126

ര ച സ മ

| | | | |
|---|---|---|---|
| കു | | ബു ഗു ശു | ര |
| ച സ | | | |
| | | | ശി |
| മ | മാ | | |

ഗു (ഇടത്) — ശു കു മാ ല (വലത്) — ശി ബു (താഴെ)

**ദേവൻ കെ.ടി.** ജനനം: 4.7.1988 (1163 മിഥുനം 20). നക്ഷത്രം: പൂരൂരുട്ടാതി, ജനനസമയം: 12 മണി 49 മിനുട്ട് pm, ഉയരം: 172 സെ.മീ. വിദ്യാഭ്യാസം: പ്ലസ് ടു, ഡിഗ്രി (പൂർത്തിയാക്കിയിട്ടില്ല). ജനനസ്ഥലം: തൃപ്പൂണിത്തുറ, അമ്മത്ത്: പാഴൂർ പടുതോൾമന, അച്ഛൻ: കെ.എം. വാസുദേവൻ നമ്പൂതിരി, അമ്മ: സാവിത്രി അന്തർജനം (വീട്ടമ്മ), ജോലി: ഓഫീസ് സ്റ്റാഫ് (എഫ്.ടി.എം.) -എയ്ഡഡ് സ്കൂൾ, സഹോദരൻ: നിഷാന്ത് കെ.വി. (അധ്യാപകൻ). വിലാസം: കെ.എം.വാസുദേവൻ നമ്പൂതിരി, കരിപ്പാല മന, നെടുമ്പുര പി.ഒ., ചെറുതുരുത്തി, തൃശൂർ 679531, മൊബൈൽ: 9961343228, 6238060026.

ഗു ശി മ കു

| | | | |
|---|---|---|---|
| ച | ശി | | |
| മ | | | |
| | | | |
| ശു കു | ര ബു ഗു | | മാ |

ബു മാ (ഇടത്) — ശു (വലത്) — ച ര സ (താഴെ)

**സൂര്യാ മോഹൻ.** ജനനം: 02.12.1995. 1171 വൃശ്ചികം 15. നക്ഷത്രം: ഉത്രട്ടാതി. സമയം: 01.20.00 am, ജനനസ്ഥലം: കോട്ടയം ജില്ല. വെളുത്ത നിറം. ഉയരം: 172 സെ.മീ. വിദ്യാഭ്യാസം: എം.എസ്.സി. സൈക്കോളജി, പിതാവ്: ഡോ. എം.ജെ.മോഹനൻ നമ്പൂതിരി, മാതാവ്: ഡോ. ജംനാ മോഹൻ. സഹോദരങ്ങൾ: രണ്ട് സഹോദരിമാർ. രണ്ടു പേരും വിവാഹിതർ. വിലാസം: മുരിയമംഗലത്തില്ലം, കടപ്പൂർ, വട്ടുകുളം പി.ഒ, കോട്ടയം ജില്ല. 686587. മൊബൈൽ: 9447053776, 9495234038. ഗോത്രം: വസിഷ്ഠ ഗോത്രം. ഗർഭശിഷ്ടശനിദശ- 00 വർഷം 04 മാസം, 28 ദിവസം.

| | | | |
|---|---|---|---|
| | ച | | ഗു |
| | | | ശി മാ |
| ശു സ | | | |
| ബു മ | ര കു | | ല |

ശു ഗു മാ ര ശി (ഇടത്) — ല ബു കു സ (വലത്) — ച, മ (താഴെ)

**മനു. എം.** ജനനം:11.12.89. നക്ഷത്രം: കാർത്തിക (വൃശ്ചികം). സമയം: 2.03. A.M. വെളുപ്പ്.നിറം :179 C.M.യോഗ്യത: എം.കോം. ഫിനാൻസ്&സിസ്റ്റം. (അമൃത യൂണിവേഴ്സിറ്റി). ജോലി: ക്വാളിറ്റി അഷുറൻസ് & ഇ-ഫയലിംഗ് അനലിസ്റ്റ്@തോംപ്സൺ റോയ്ട്ടേഴ്സ് ഇന്റർനാഷണൽ സർവിസസ്, ഹൈദരാബാദ്. അച്ഛൻ: ഓഫീസർ(റിട്ട.)പഞ്ചാബ് നാഷണൽ ബാങ്ക് . അമ്മ:ഹോം മേക്കർ.സഹോദരൻ:സഞ്ജയ് വിലാസം: മൂത്തിരിങ്ങോട്ടു മന,മനിശ്ശേരി, ഒറ്റപ്പാലം. അമ്മാത്ത്: വരിക്കാശ്ശേരി മന.ഗർഭശിഷ്ട സൂര്യദശ 4 വർഷം 8 മാസം7 ദിവസം30 നാഴിക **മൊബൈൽ: 7510855249/ 8157017185**

# SREE SANKARA TRUST



Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com

## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"



**അഭിനന്ദനങ്ങൾ**

എംജി സർവകലാശാലയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ **ശ്രീദേവി വി.എസ്.** കോട്ടയം കുമാരനെല്ലൂർ വടക്കുംമ്യാൽ ചന്ദ്രികാലയം പരേതനായ ശങ്കരരാമൻ ഗീതാദേവി ദമ്പതിമാരുടെ മകളും പട്ടാമ്പി കണ്ണന്നൂർ തെക്കേടത്ത് മന രാഹുലിന്റെ (റിസർവ് ബാങ്ക്, മുംബൈ) ഭാര്യയുമാണ്.

**പുതുവത്സരാശംസകളോടെ മാന്തിട്ട വിഷ്ണുഹരിയും കുടുംബവും**



പാർവതി അന്തർജനം
വിഷ്ണുഹരി എം.എസ്
ഷീജ എം.പി
ഹിരൺ എം.വി
ശ്രവൺ എം.വി
മാന്തിട്ട മന
വെങ്കിടങ്ങ്
തൃശ്ശൂർ ജില്ല
പിൻ: 680510
മൊബൈൽ:
8078586351



നവതിയാഘോഷിച്ച
**മൂത്തേടത്ത് പാലശ്ശേരി ദാമോദരൻ നമ്പൂതിരിക്ക്**
ആശംസകൾ

അനിൽ, അജിത്,
അഞ്ജലി (മക്കൾ)
മറ്റ് മൂത്തേടത്ത് പാലശ്ശേരി
കുടുംബാംഗങ്ങൾ



ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോടെക്നോളജിയിൽ പി.എച്ച്.ഡി നേടിയ **ഡോ. ഭവദാസ് എൻ ആത്രശ്ശേരി.** ആത്രശ്ശേരി നാരായണൻ നമ്പൂതിരിയുടേയും ഇടവഴിപ്പുറം മഹൾ പരേതയായ ലീലാ നാരായണന്റേയും മകനാണ്. പത്നി ചേലപ്പറമ്പ് മഹൾ കീർത്തി. പുത്രി നീഹാരിക ദാസ്

**ഡോക്ടറേറ്റ് നേടിയ അനിയമ്മാമന് / അനിയപ്ഫന്**

**അഭിനന്ദനങ്ങൾ**

അമ്മിണി (ആര്യ നാറണിയാട്)
കിങ്ങിണി (വൈണികി ആത്രശ്ശേരി)



**അഭിനന്ദനങ്ങൾ**

വിദ്യാരംഗം കലാസാഹിത്യവേദി തൃത്താല സബ്ജില്ലാ കാവ്യാലാപനത്തിൽ ഒന്നാം സ്ഥാനം നേടിയ ചാലിശ്ശേരി ഗവ. ഹൈസ്കൂളിലെ ഒൻപതാം ക്ലാസ്സ് വിദ്യാർഥി

**വി.ആർ. ഹരിഗോവിന്ദ്.**

വേണാട്ടില്ലത്ത് വി.ആർ. ഋഷഭദേവൻ കെ.വി വിദ്യ ദമ്പതികളുടെ മകനാണ്. വേണാട്ടുമന, പി.ഒ: പെരുമണ്ണൂർ, വഴി:ചാലിശ്ശേരി, പാലക്കാട് ജില്ല, മൊബൈൽ: 9447735255

# വിവിധ മേഖലകളിൽ മികവ് നേടിയവർക്ക് അനുമോദനങ്ങൾ



**വീണ നാരായണൻ**

തഞ്ചാവൂർ ശാസ്ത്ര യൂണിവേഴ്സിറ്റിയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ വീണ നാരായണൻ. കുറുമാലി പടുതോൾ നാരായണൻ നമ്പൂതിരിപ്പാടിന്റെയും വനജയുടെയും മകളും ശാസ്ത്ര യൂണിവേഴ്സിറ്റി സീനിയർ അസോസിയേറ്റ് പ്രൊഫസർ മാന്നാർ കുട്ടമ്പേരൂർ വടവാവേലൂരില്ലത്ത് വി. എം ഹരിയുടെ പത്നിയുമാണ്. ശാസ്ത്ര യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.



**വിഷ്ണു നാരായണൻ നമ്പൂതിരി**

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണത്തിന് കേന്ദ്ര സർക്കാർ നല്കുന്ന ഏറ്റവും മികച്ച സ്കോളർഷിപ്പ് ആയ പ്രൈം മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പിന് രസതന്ത്ര വിഭാഗത്തിൽ അർഹനായ എൻ.ഐ.ടി ട്രിച്ചിയിലെ വിഷ്ണു നാരായണൻ നമ്പൂതിരി പയ്യന്നൂർ കുന്നരു വടക്കേടത്ത് പാലക്കീഴില്ലം ഈശ്വര വാദ്ധ്യാൻ നമ്പൂതിരിയുടെയും ഗൗരി അന്തർജനത്തിന്റെയും മകനാണ്.



**കൃഷ്ണൻ നമ്പൂതിരി**

പ്രൈം മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് നേടിയ കൃഷ്ണൻ നമ്പൂതിരി കെ.കെ. ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ഗവേഷക വിദ്യാർത്ഥിയാണ്. ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് അനുബന്ധ വിഷയത്തിലാണ് ഫെല്ലോഷിപ്പ് ലഭിച്ചിരിക്കുന്നത്. കവിയും റിട്ട. ടി.ടി.ഐ പ്രിൻസിപ്പലും ആയ ഡോ. കാരക്കാട് കേശവൻ നമ്പൂതിരിയുടെയും പുറച്ചേരി ഗവ.സ്ക്കൂൾ അദ്ധ്യാപിക സരസ്വതീ ദേവിയുടെയും മകനാണ്.



**ജിഷ യു.സി**

റാന്നിയിലെ കേരള സാഹിത്യവേദിയുടെ 2021-2022 വർഷത്തെ മികച്ച ചെറുകഥക്കുള്ള പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ട ജിഷ യു.സി. പാപ്പാടി ഓ ആഹിലെ എന്ന കഥയാണ് പുരസ്കാരത്തിന് അർഹമായത്. മലപ്പുറം പോരൂരിൽ ഉപ്പിലാപ്പറ്റ ചെന്നല്ലേരി മനയിൽ ജനനം. ഭർത്താവ് വള്ളിക്കാപ്പറ്റ നാരായണമംഗലത്ത് മധുസൂദനൻ. മക്കൾ: ധീരജ് ശങ്കർ, ഭരത് നാരായണൻ.വിലാസം നാരായണമംഗലത്തു മന, വള്ളിക്കാപ്പറ്റ (പി.ഒ) മലപ്പുറം 679324 മൊബൈൽ: 9387827948




**ദേവനാരായണൻ ശർമ്മ**

ജപ്പാനിൽ എൻജിനീയറിംഗ് പഠനത്തിന് ജപ്പാൻ ഗവൺമെന്റിന്റെ സമ്പൂർണ്ണ സ്കോളർഷിപ്പ് ലഭിച്ച ദേവനാരായണൻ വി ശർമ്മ. മാവേലിക്കര അത്തിമൺ ഇല്ലത്തെ എൻ.എസ് വിനോദിന്റെയും ഇരിങ്ങാലക്കുട മാടമന ഇല്ലത്തെ രജനിയുടെയും മകനാണ്. തിരുവനന്തപുരത്ത് കരമന മയിലാണ് താമസം. മിനിസ്ട്രി ഓഫ് എഡ്യുക്കേഷൻ, കൾച്ചർ സ്പോർട്സ് സയൻസ് ആൻഡ് ടെക്നോളജി സ്കോളർഷിപ്പ് നൽകുന്നത്.



**ദാമോദരൻ നമ്പൂതിരി**

തിരുവുള്ളക്കാവിൽ വച്ച് നടന്ന മഴമംഗലം സ്മാരക അക്ഷരശ്ലോകമത്സരത്തിൽ ഒന്നാംസ്ഥാനവും സുവർണ്ണമുദ്രയും നേടിയ ഡോ:വെട്ടിക്കാട് ദാമോദരൻ നമ്പൂതിരി



**നാരായണൻനമ്പൂതിരി**

കേരള സംസ്കൃത അക്കാദമി ഏർപ്പെടുത്തിയ എൻഡോവ്മെൻറ് പുരസ്കാരത്തിന് അർഹനായ പ്രൊഫ. പി. നാരായണൻ നമ്പൂതിരി.



**എം.വി.ഗൗരി**

അമൃത വിശ്വവിദ്യാപീഠത്തിൽ നിന്നുംഗണിത ശാസ്ത്രത്തിൽ (എം എസ് സി, 5 വർഷ ഇന്റഗ്രേറ്റഡ് കോഴ്സ്) ഒന്നാം റാങ്ക് കരസ്ഥമാക്കിയ കുമാരി എം.വി.ഗൗരി. അന്തിക്കാട് ഉപസഭയിലെ മാന്തിട്ട മന പ്രൊഫസർ വിഷ്ണുവിന്റെയും അഡ്വ. അനിതയുടെയും (തൃശൂർ ജില്ലാ വനിതാ സഭ ട്രഷറർ) പുത്രിയാണ്.



**സി.ടി. ശരണ്യ**

കോയമ്പത്തൂർ അമൃതവിശ്വവിദ്യാപീഠത്തിൽ നിന്ന് എം.എസ്.സി കെമിസ്ട്രിയിൽ ഒന്നാം റാങ്കും സ്വർണ്ണ മെഡലും നേടിയ വണ്ടൂർ ചെറിയ തെന്നാട് ഗിരീശൻ നമ്പൂതിരിയുടെയും ശുഭയുടെയും മകൾ സി.ടി. ശരണ്യ. ഇപ്പോൾ അവിടെത്തന്നെ പി.എച്ച്.ഡി ചെയ്യുന്നു



**അനഘ**

പൂനെയിൽ വച്ചു നടന്ന റെയിൽവേ ദേശീയ അത്‌ലറ്റിക് മീറ്റിൽ 800 മീറ്ററിൽ വെള്ളി മെഡലും 1500 മീറ്ററിൽ വെങ്കലവും നേടിയ അനഘ. ആർ. വില്ല്യാപ്പള്ളി രയരോത്തില്ലത്തു നാരായണൻ നമ്പൂതിരിയുടെയും പാലാഞ്ചേരി സത്യഭാമ അന്തർജനത്തിന്റെയും മകളാണ്. മൊബൈൽ: 9497648360



**ഡോ. ഭവദാസ് എൻ. ആത്രശ്ശേരി**

ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോടെക്നോളജിയിൽ പി.എച്ച്.ഡി. നേടിയ ഡോ. ഭവദാസ് എൻ. ആത്രശ്ശേരി. ആത്രശ്ശേരി നാരായണൻ നമ്പൂതിരിയുടെയും ഇടവഴിപ്പുറം മഹൾ പരേതയായ ലീലാനാരായണന്റെയും മകനാണ്. പത്നി ചേലപ്പറമ്പ് മഹൾ കീർത്തി. പുത്രി നീഹാരിക ദാസ്.



**ദമ്പതികൾക്ക് പിഎച്ച്ഡി**

കോട്ടയം: ബെംഗളൂരുവിൽ ഐ. എസ്.ആർ.ഒയിൽ ശാസ്ത്രജ്ഞനായ ബാബു ഗോവിന്ദ് രാജ് ആന്ധ്ര യൂ ണിവേഴ്സിറ്റിയിൽ നിന്നും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ശാസ്ത്രജ്ഞയായ രമ്യ ദൻബാഗ് യൂണിവേഴ്സിറ്റിയിൽ നിന്നും ജിയോളജിയിൽ പിഎച്ച്ഡിപി.എച്ച്.ഡി നേടി.കാരാപ്പുഴ പെരിയമന കേശവൻ നമ്പൂതിരിയുടെയും ഡോ. ശ്രീദേവിയുടെയും മകനാണു ബാബു ഗോവിന്ദ് രാജ്. മൂവാറ്റുപുഴ കല്ലോലിമന നീലകണ്ഠൻ നമ്പൂതിരിയുടെയും പ്രഭയുടെയും മകളാണ് രമ്യ.



വടകര വൈക്കിലശ്ശേരി ആഴാട്ടില്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെയും ഉഷ അന്തർജനത്തിന്റെയും മകൻ ഉമേഷ് കുമാറും വടകര വില്യാപ്പള്ളി രയരമംഗലത്ത് ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും സുഭ അന്തർജനത്തിന്റെയും മകൾ ഗോപികയും 2022 സെപ്തംബർ 7 ന് വടകര കോട്ടക്കുളങ്ങര ശ്രീനാരായണ ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി മൊബൈൽ 9447404469



മലപ്പുറം ജില്ലയിലെ അരിയല്ലൂർ ആട്ടയൂർ ഇല്ലത്ത് വിജയന്റെയും ആര്യയുടെയും മകൻ ആനന്ദും കാസർഗോഡ് ജില്ലയിലെ വേങ്ങപ്പാറ എടയ്ക്കാനം ഇല്ലത്ത് മുരളിയുടെയും ശ്രീകലയുടെയും മകൾ ദേവികയും 2022 ജൂൺ 21ന് വിവാഹിതരായി.
മൊബൈൽ 9847435342/8547010217



കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ചേലോട്ടില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും ഉഷാകുമാരി അന്തർജനത്തിന്റെയും മകൻ അഭിഷേക് കൃഷ്ണയും കൊയിലാണ്ടി ആയമഠത്തില്ലത്ത് (മോളേരി) ശ്രീനിവാസൻ നമ്പൂതിരിയുടെയും രാജശ്രീ അന്തർജനത്തിന്റെയും മകൾ അഞ്ജലിയും ആഗസ്റ്റ് 21ന് ചേലോട്ടില്ലത്തു വച്ചു വിവാഹിതരായി.



ഓങ്ങല്ലൂരിലെ വെങ്ങല്ലൂർ മനയിൽ വാസുദേവൻ നമ്പൂതിരിയുടെയും കെ.കെ.ലതയുടെയും മകൾ ആർഷയും പള്ളിപ്പാട് ശങ്കരൻ നമ്പൂതിരിയുടെയും സതി ശങ്കരന്റെയും മകൻ രോഹിതും 2022 സെപ്തംബർ 11ന് (1198 ചിങ്ങം 26) ഞായറാഴ്ച തൃപ്രയാർ ശാന്തി പാലസിൽ വച്ച് വിവാഹിതരായി. മൊബൈൽ 9446077553



പറമ്പിടി പുതുശ്ശേരി ഇല്ലത്ത് നീലകണ്ഠൻ നമ്പൂതിരിയുടെയും ഗീതയുടെയും മകൻ നിഖിലും കരിവള്ളൂർ പയ്യളിക്ക ഇല്ലത്ത് ഗണേശൻ ഭട്ടതിരിയുടെയും സുജാതയുടെയും മകൾ ഗായത്രിയും വരന്റെ ഇല്ലത്ത് വച്ച് വിവാഹിതരായി. മൊബൈൽ: 97444 68023



കോഴിക്കോട് കരുമല എളമന ഇല്ലത്ത് പരേതനായ ഗോവിന്ദൻ നമ്പൂതിരിയുടെയും എൻ.ബി.ലീല അന്തർജ്ജനത്തിന്റെയും മകൻ കൃഷ്ണപ്രസാദും തൃശ്ശൂർ മിഥുനപ്പിള്ളി മനയ്ക്കൽ നാരായണൻ നമ്പൂതിരിയുടെയും രാധ അന്തർജ്ജനത്തിന്റെയും മകൾ സാവിത്രിയും 2022 മെയ് 03 ന് ചൊവ്വാഴ്ച തൃശൂർ ശ്രീശങ്കര ഹാളിൽ വച്ച് വിവാഹിതരായി.


ANNOUNCING NEW
BRIDE & GROOM
PHOTOGRAPHY & CINEMATOGRAPHY PACKAGES
(VELI / AYANOON / MUTHUKKUDI )
EVERY MARRIAGE IS AN EPIC.
AND, WE CAPTURE ITS TRUE ESSENCE...
300+ WEDDINGS COVERED
8+ YEARS OF EXPERIANCE
LADY PHOTOGRAPHER AVAILABLE
BOOKINGS NOW OPEN | RMN PHOTOGRAPHY
09496 809 385 | 09072 377 388